# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂൺ 23, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 156—നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2014 ജൂൺ 23, തിങ്കൾ*

*സ്പീക്കർ*

**ശ്രീ. ജി. കാർത്തികേയൻ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. എൻ. ശക്തൻ**

*സെക്രട്ടറി*

**ശ്രീ. പി. ഡി. ശാരംഗധരൻ**

*ചീഫ് എഡിറ്റർ*

**ശ്രീ. ബി. മഹേന്ദ്ര കുമാർ**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1313/2015


LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...56

II അടിയന്തരപ്രമേയം

റെയിൽവേ നിരക്കുവർദ്ധന —

(അവതരണാനുമതി നിഷേധിച്ചു) ...367

III ശ്രദ്ധ ക്ഷണിക്കൽ

1. അഴീക്കൽ തുറമുഖ വികസനം —

ശ്രീ. കെ. എം. ഷാജി ...376

2. സഹകരണമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ — ...380

ശ്രീ. എം. ഹംസ

IV സബ് മിഷൻ

1. കേസ്സുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ —

ശ്രീ. പി. കെ. ബഷീർ ...387

2. ആർ.ഡി.ഒ.യുടെ ദുരൂഹമരണം —

ശ്രീ. വി. ശിവൻകുട്ടി ...389

3. കർഷകർക്ക് നഷ്ടപരിഹാരം —

ശ്രീ. ഇ. ചന്ദ്രശേഖരൻ ...391


LIBRARY ARCHIVES Kerala Legislative Assembly

പേജ്

4. മൃതദേഹം വിട്ടുകിട്ടുന്നതിലെ തടസ്സം —

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ...393

5. കക്കോടി പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്തൽ —

ശ്രീ. എ. കെ. ശശീന്ദ്രൻ ...394

6. സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം —

ശ്രീ. അൻവർ സാദത്ത് ...395

7. രാത്രികാലങ്ങളിൽ ബസ് സർവ്വീസ് —

ശ്രീ. ബെന്നി ബെഹനാൻ ...396

8. ബോട്ട് സർവ്വീസ് പുനരാരംഭിക്കൽ —

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ...398

9. സരയു ടൂറിസം പദ്ധതി —

ശ്രീമതി ഗീതാ ഗോപി ...399

10. വൃദ്ധജനങ്ങളുടെ പുനരധിവാസം —

ശ്രീ. എം. പി. വിൻസെന്റ് ...400

11. ജാതി-സാമ്പത്തിക സർവ്വേ —

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ...403

12. നന്ദികേശ ശിൽപ്പഗ്രാമം —

ശ്രീ. ആർ. രാജേഷ് ...405

13. ഭവനനിർമ്മാണത്തിന് യോഗ്യമാക്കൽ —

ശ്രീ. ജോസഫ് വാഴക്കൻ ...406

14. കെട്ടിടനിർമ്മാണത്തിന് സ്ഥലം അനുവദിക്കൽ —

ശ്രീ. ജെയിംസ് മാത്യു ...407


LIBRARY ARCHIVES Kerala Legislative Assembly

പേജ്

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ ...408

**VI ധനകാര്യം**

2014 –2015 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XXXIV-വനം

ധനാഭ്യർത്ഥന നമ്പർ XLI-ഗതാഗതം

ധനാഭ്യർത്ഥന നമ്പർ XXXIX-വൈദ്യുത പദ്ധതികൾ ...409

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2014 ജൂൺ 23, തിങ്കൾ*

വാല്യം 156] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2014 ജൂൺ മാസം 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *301

### വനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണം

1 (*301) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. വർക്കല കഹാർ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് കർമ്മപരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വനം വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനുമുള്ള നടപടികൾ,

ദേശീയോദ്യാനങ്ങളുടെയും 17 വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷണവും പരിപാലനവും, ജനപങ്കാളിത്ത പരിപാലനം, വന്യജീവി സങ്കേതങ്ങളിൽനിന്ന് ആദിവാസികളുടെയും വനഗ്രാമങ്ങളുടെയും സ്വയം സന്നദ്ധ പുനരധിവാസം, ആനത്താരകളുടെ കൂട്ടിയിണക്കൽ, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പ്, ദേശീയോദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും പുറത്തുള്ള വന്യജീവി ആവാസ വ്യവസ്ഥയുടെ പുഷ്ടിപ്പെടുത്തൽ, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ, വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള വർദ്ധിച്ച തോതിലുള്ള നഷ്ടപരിഹാരം എന്നിങ്ങനെയുള്ള വിവിധ കർമ്മ പരിപാടികളാണ് വനം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നത്.

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്പ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി (CAMPA) ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി എന്നിവയുടെ സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ അതോറിറ്റി, പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നത്. ഭാവിയിൽ ലോകബാങ്ക്, യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (UNDP), ഗ്ലോബൽ എൻവിറോൺമെന്റ് ഫെസിലിറ്റി (GEF) എന്നീ അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായവും സഹകരണവും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കർമ്മ പരിപാടികൾ നടപ്പിലാക്കിവരികയാണ്. അതോടൊപ്പം മൂന്നാർ മേഖലയിൽ UNDP സഹായത്തോടെ Mountain Landscape Project നടപ്പിലാക്കുന്നതിനും അഗസ്ത്യമല ഭൂപ്രദേശത്ത് ലോകബാങ്ക്, GEF എന്നീ അന്തർദ്ദേശീയ സ്ഥാപനങ്ങളുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സംയുക്തസംരംഭമായി Biodiversity Conservation and Rural Livelihood Improvement Project നടപ്പിലാക്കുന്നതിനും വിഭാവനം ചെയ്ത് രൂപരേഖ തയ്യാറാക്കിവരുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കാട്ടുതീ, അതിവർഷം, അന്തരീക്ഷ മലിനീകരണം, കൃഷിക്കായി കാടുവെട്ടിതെളിക്കൽ തുടങ്ങി നിരവധി കാരണങ്ങൾകൊണ്ട് വന നശീകരണം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സാമൂഹിക വനവത്ക്കരണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. പക്ഷെ നട്ടുവളർത്തുന്ന മരങ്ങളെ സംബന്ധിച്ചും സംരക്ഷണത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുമൊക്കെ പല അഭിപ്രായങ്ങളുണ്ട്. അതുകൊണ്ട് വനാന്തരങ്ങളിൽ മൃഗങ്ങൾക്കും പൊതുസ്ഥലങ്ങളിൽ മനുഷ്യർക്കും ഉപകരിക്കുന്ന ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ ശരിയാണ്. അതിനകത്ത് രണ്ട് ചോദ്യങ്ങളുണ്ട്. കാട്ടിൽ ഒരു ഫയർ ലൈൻ സ്ഥാപിച്ചിട്ടുണ്ട്. അത് വേണ്ടവിധം സംരക്ഷിക്കുന്നതിനു വേണ്ടി ചില ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. രണ്ടാമത്തെ ചോദ്യം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനെക്കുറിച്ചാണ്. വനത്തിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചാലുള്ള ഗുണമെന്നുപറയുന്നത് ഭക്ഷ്യ ആവശ്യത്തിനുവേണ്ടി വന്യമൃഗങ്ങൾ പുറത്തോട്ടുവരുന്നതിന്റെ വേഗത കുറയ്ക്കാൻ സാധിക്കും. അതിനുള്ള നടപടികളും ഫലവത്തായി വനംവകുപ്പ് നടത്തും.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂരിൽ 336 ഏക്കർ വനഭൂമി പ്രയോജനപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സുവോളജിക്കൽ പാർക്ക് ആരംഭിക്കാനുള്ള അനുമതി ലഭിച്ചതായി പത്രവാർത്ത കണ്ടു. അതിന്റെ നടപടിക്രമങ്ങളെന്തായി?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ പ്രവർത്തനം ഭംഗിയായി നടത്തുന്നതിലേക്കുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ജൈവവൈവിധ്യം വനത്തിന്റെ ഒരു സ്വാഭാവികതയാണ്. അത് നമ്മൾ പ്രത്യേകമായി ചെയ്യേണ്ട ഒരു കാര്യമല്ല. എന്നാൽ പലപ്പോഴും ജൈവവൈവിധ്യം നഷ്ടപ്പെടുന്നത് വനനശീകരണത്തിലൂടെയും വനത്തിൽ മനുഷ്യർ ചെയ്യുന്ന മറ്റ് നാശപ്രവർത്തനങ്ങളിലൂടെയുമൊക്കെയാണ്. ഇവിടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് വനത്തിനെ നാശങ്ങളിൽനിന്ന് ഒഴിവാക്കുക എന്നതാണ് നമുക്ക് ചെയ്യാവുന്ന ഒരു കാര്യം. വനം വച്ചുപിടിപ്പിക്കുന്നതിന് വലിയൊരു തുക ചെലവുവരും. അത്തരം പ്രോജക്ടുകൾ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് ഉതകത്തക്ക രീതിയിൽ നിർമ്മിക്കുകയാണെങ്കിൽ അത് വളരെയധികം സഹായകരമാകും. ഇതുപോലെയുള്ള പ്രോജക്ടുകൾക്ക് കാർബൺ ക്രെഡിറ്റ് സംവിധാനം ഉപയോഗിച്ച് പണം ലഭിക്കാനുള്ള സാഹചര്യമുണ്ടോ; കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും പ്രോജക്ട് ഇക്കാര്യത്തിൽ ഇപ്പോൾ നിലവിലുണ്ടോ ? ഉണ്ടെങ്കിൽ അത് പ്രയോജനപ്പെടുത്തുന്നുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിൽ കേന്ദ്രഗവണ്മെന്റിന്റെ ചില പ്രോജക്ടുകളുണ്ട്. ആ പ്രോജക്ടുകളിലേക്ക് നമുക്ക് പോകാൻ കഴിയണം. അങ്ങ് പറഞ്ഞ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. ആവാസ വ്യവസ്ഥ സംരക്ഷിക്കണമെങ്കിൽ ജൈവ വൈവിധ്യം നിലനിന്നേമതിയാകൂ. ആ ജൈവവൈവിധ്യം നിലനിൽക്കത്തക്കവിധത്തിലുള്ള നടപടികളുണ്ടാകണം. അതിനനുകൂലമായ എൻവിറോൺമെന്റാണ് ആവശ്യം. അത് പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വരികയാണ്. ബയോഡൈവേഴ്സിറ്റി ബോർഡും ഈ നിലയിൽ ചിന്തിക്കുന്നുണ്ട്. തീർച്ചയായും ഇക്കാര്യത്തിൽ വനം വകുപ്പ് മുൻകയ്യെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ : സർ, കേരളത്തിന്റെ സവിശേഷമായ ജൈവ വൈവിധ്യത്തെക്കുറിച്ച് നമ്മുടെ പുതിയ തലമുറയ്ക്ക് അറിവില്ലാതെപോകുന്നു വെന്നത് ശ്രദ്ധേയമാണ്. സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് (സിഡിഎസ്)-ലെ ഡോ. ടി. പി. ശ്രീധരൻ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി പഞ്ചായത്തിൽ നടത്തിയ ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള പരിപാടി വളരെ വ്യക്തമായി പത്രങ്ങളിലൊക്കെ വന്നിട്ടുള്ളതാണ്. ഇതിന് പരിഹാരമായി സി.ഡി.എസ്. തന്നെ മുന്നോട്ടുവയ്ക്കുന്ന ഒരു കാര്യം Minimum Level of Diversity Knowledge (MLDK) പാഠ്യക്രമത്തിൽ ഉൾപ്പെടുത്തുക എന്നതാണ്. എന്നുവച്ചാൽ നമ്മുടെ ചുറ്റുമുള്ള സസ്യങ്ങളെക്കുറിച്ച്, വിവിധ ജന്തുവർഗ്ഗങ്ങളെക്കുറിച്ച്, പക്ഷികളെക്കുറിച്ചെല്ലാം കുട്ടികളിൽ അവബോധം ഉണ്ടാക്കുക എന്നതാണ്. അതുകൊണ്ട് വനംവകുപ്പ് ഇക്കാര്യം കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകമായ നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് വനം വകുപ്പ് മാത്രം വിചാരിച്ചാൽ കഴിയില്ല. കരിക്കുലം കമ്മിറ്റിയിൽ ഒരു തീരുമാനം ഉണ്ടാകണം. ഒരു അക്കാഡമിക് ലെവൽ ഡിസ്കഷൻ കഴിഞ്ഞതിനുശേഷമേ അതിനൊരു തീരുമാനമെടുക്കാൻ കഴിയൂ. പക്ഷെ അങ്ങ് പറഞ്ഞതുതന്നെയാണ് വനം പരിസ്ഥിതി വകുപ്പിന്റെ നിലപാട്. അതുകൂടി നമ്മുടെ പാഠ്യപദ്ധതിയുടെ ഭാഗമായി മാറിയാൽ വളർന്നുവരുന്ന തലമുറയിലേക്കെത്തിക്കാനുള്ള നടപടിയിലേക്ക് പോകാൻ കഴിയും.

ശ്രീ. ഹൈബി ഈഡൻ: സർ, ഒരുപാട് ജൈവ സവിശേഷതകളുള്ള ഒരു പ്രദേശമാണ് എന്റെ നിയോജക മണ്ഡലത്തിലെ മംഗളവനം. 51 ഇനം ചിലന്തികളെ അവിടെ റിക്കോർഡ് ചെയ്യപ്പെട്ടിട്ടുണ്ട്. അതുപോലെ 6000 - ത്തോളം പക്ഷികളുടെ റൂസ്റ്റിംഗ് അവിടെ നടന്നിട്ടുണ്ട്. ഇതെല്ലാം കണക്കുകളിലൂടെ വ്യക്തമാകുന്ന കാര്യങ്ങളാണ്. പക്ഷെ ആ ഫുഡ് ചെയിൻതന്നെ ഡിസ്റ്റർബ് ചെയ്യുന്ന രീതിയിലുള്ള പല ആക്ടിവിറ്റീസുമുണ്ട്. ഒരു കനാൽ അതിലേയ്ക്കൊഴുകുന്നതും അതുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നങ്ങളുമെല്ലാം പലതവണ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതുപോലെ ഇത് നിലനിൽപ്പ് ഭീഷണി നേരിടുന്നതുകൊണ്ട് ഇതിന്റെ പരിസരത്തുള്ള കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെയും റെയിൽവേയുടെയും ബി.പി.സി. എൽ-ന്റെയും പ്രോപ്പർട്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ബഫർ സോൺ എന്നൊരു പ്രൊപ്പോസൽ എറണാകുളത്തെ എല്ലാ എം.എൽ.എ.മാരുംകൂടി ഒപ്പിട്ട് വനംവകുപ്പിന് നൽകിയിരുന്നു. ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെ സന്ദർശിക്കാൻ തയ്യാറാകുമോ; അതോടൊപ്പം എക്കോ സെൻസിറ്റീവ് സോൺ എന്ന പ്രൊപ്പോസൽ അംഗീകരിക്കാൻ തയ്യാറാകുമോ? ഇതിന്റെ നിലനിൽപ്പിന് നേരിടുന്ന ഭീഷണികൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ നിർദ്ദേശത്തോട് ഞാൻ യോജിക്കുകയാണ്. മംഗളവന സംരക്ഷണം വേണമെന്നുള്ളത് എറണാകുളത്തെ ഒരു പൊതുവായ താൽപ്പര്യമാണ്. ഹൈക്കോടതിയും ഇതിനെക്കുറിച്ച് ചില ഒബ്സർവേഷൻസ് നടത്തിയിട്ടുണ്ട്.

ലീഫ് എന്നുപറയുന്ന ഒരു സംഘടന ഹൈക്കോടതിയുമായി ബന്ധപ്പെട്ട് അവിടത്തെ അഭിഭാഷക വിഭാഗമെല്ലാംകൂടിച്ചേർന്ന് ഒരു യോഗം നടത്തുകയുണ്ടായി. ഞാൻ ആ സംഘടനയുടെ യോഗത്തിന് പോയിരുന്നു. അവരും ചില നിർദ്ദേശങ്ങൾ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ശ്രീ. ഹൈബി ഈഡൻ നിർദ്ദേശിച്ചതനുസരിച്ച് അതിന്റെ അനന്തര നടപടികളെക്കുറിച്ച് ഉന്നതതല യോഗം നടത്തും. അതിന്റെയടിസ്ഥാനത്തിൽ ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വനം വകുപ്പ് ഏറ്റെടുത്ത ജൈവവൈവിധ്യമുള്ള തോട്ടങ്ങളിൽ ഏതെങ്കിലും തോട്ടം സ്വകാര്യ വ്യക്തിക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് മുൻ വനംവകുപ്പുമന്ത്രി ശ്രീ. ഗണേഷ്കുമാർ കഴിഞ്ഞ ദിവസം ഉന്നയിച്ചിട്ടുള്ള ഗുരുതരമായ ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് സംബന്ധിച്ച് എന്താണ് യഥാർത്ഥ വസ്തുത?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് കരുണ എസ്റ്റേറ്റിനെക്കുറിച്ചാണെന്ന് എനിക്ക് തോന്നുന്നു. ഒരു ചോദ്യത്തിന്റെ ഉത്തരമായി മാത്രം പറഞ്ഞ് അത് നിർത്താൻ കഴിയില്ല. അങ്ങയുടെകൂടി അഭിപ്രായം ഉണ്ടെങ്കിൽ ഇന്നത്തെ ഡിമാന്റ് ചർച്ചയിൽ ഒരു ചോദ്യം ചോദിച്ചാൽ മതി. വിശദവിവരം മുഴുവൻ അപ്പോൾ പറഞ്ഞുതരാം. കാരണം എന്റെ കയ്യിൽ അതിനെ സംബന്ധിച്ചുള്ള എല്ലാ ഡീറ്റെയിൽസും ഉണ്ട്. ഈ ഫയൽ മുഴുവൻ അതുമായി ബന്ധപ്പെട്ടതാണ്. പക്ഷെ ചോദ്യോത്തരത്തിന്റെ ഭാഗമായി അത് പറയാൻ തുടങ്ങിയാൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് സമയപരിധികൊണ്ട് നിയന്ത്രിക്കാതിരിക്കാൻ കഴിയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങയുടെ കയ്യിൽ മുഴുവൻ വിവരങ്ങളുമുണ്ടല്ലോ. അതുവച്ച് തോട്ടം വിട്ടുകൊടുത്തിട്ടുണ്ടോ ഇല്ലയോ എന്നുള്ള ഒരു ഉത്തരം പറഞ്ഞാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെ ഒറ്റ ഉത്തരത്തിൽ നിൽക്കുന്ന കാര്യമല്ല. അങ്ങ് ഉദ്ദേശിക്കുന്നത് Yes or No എന്ന ഒരു ഉത്തരമാണ്. ഒരു utter confusion-നിലേക്ക് മാത്രമേ ആ ഉത്തരം ചെന്നെത്തുകയുള്ളൂ. അതുകൊണ്ട് ഇന്നത്തെ ഡിമാന്റ് ചർച്ചയിൽ അങ്ങ് ഒരു ചോദ്യം ചോദിച്ചാൽ മതി. അപ്പോൾ കൃത്യമായ ഉത്തരം പറയാം.

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ ചോദിക്കാൻ പോകുന്നതും കരുണ എസ്റ്റേറ്റിനെക്കുറിച്ചുതന്നെയാണ്. ഒരു നൂറ്റാണ്ടുമുമ്പുള്ള നമ്മുടെ കാഴ്ചപ്പാട് വനങ്ങളെന്നുള്ളത് ജൈവവൈവിധ്യത്തിനല്ല മറിച്ച് പ്ലാന്റേഷൻ നടത്തി ലാഭമുണ്ടാക്കാനാണെന്നുള്ളതായിരുന്നു. ആ കാഴ്ചപ്പാട് ലോകം മുഴുവൻ മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സ്വകാര്യവ്യക്തികളുടെ കൈവശമുള്ള പാട്ടക്കരാർ ലംഘിച്ച സർക്കാരിന്റെ വനഭൂമി തിരിച്ചെടുത്ത് അവയെ സ്വാഭാവിക വനമായി മാറ്റി ജൈവവൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന്, ഈ ഒരു എസ്റ്റേറ്റിന്റെ കാര്യത്തിൽ മാത്രമല്ല, ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പാട്ടക്കരാർ കഴിഞ്ഞതും പാട്ടക്കരാർ ലംഘിച്ചിട്ടുള്ളതുമായ എസ്റ്റേറ്റുകളുടെ കാര്യത്തിൽ പൊതുതീരുമാനം ഗവൺമെന്റ് എടുക്കുമോ? അത്തരത്തിലുള്ള തീരുമാനം എടുക്കുമ്പോൾ വനംവകുപ്പ് ജാഗ്രത പുലർത്തുമോ; ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്ന് ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ രൂപത്തിൽ ഇവിടെ ഒരു തർക്കം വന്നു. അപ്പോൾ ഞാൻ രേഖ പരിശോധിച്ചു. രേഖയിൽ നിന്നും മനസ്സിലാകുന്നത് ഒരു എട്ടംഗ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിഗമനത്തിൽ വന്നതെന്നാണ്. കമ്മിറ്റിയിൽ പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുമുണ്ട്. ആ വകുപ്പുകൾക്ക് കിട്ടാവുന്ന മാക്സിമം ലീഗൽ ഒപ്പീനിയൻ എടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തി ലാണ് തീരുമാനം എടുത്തത്. എന്നാൽ തീരുമാനം വന്നപ്പോൾ വിമർശനം വന്നു. വിമർശനം വന്നപ്പോൾ പ്രധാനപ്പെട്ട മൂന്ന് പേരെ, വനം വകുപ്പു മേധാവി ശ്രീ. വി. ഗോപിനാഥ്, ശ്രീ. സുരേന്ദ്രനാഥ് അതോടൊപ്പം വനം വകുപ്പിലെ വിജിലൻസിന്റെ ചാർജുള്ള ഉദ്യോഗസ്ഥൻ എന്നിവരെ വച്ച് അന്വേഷിക്കുന്നതിന് ഞാൻ ചുമതലപ്പെടുത്തി. റിപ്പോർട്ട് എന്റെ കൈയിൽ കിട്ടിയിട്ടില്ലെങ്കിലും അവർ അന്വേഷണം നടത്തിയെന്ന് എനിക്കറിയാം. അതിനെ സംബന്ധിച്ച് പറയേണ്ട മുഴുവൻ കാര്യങ്ങളും എന്റെ കയ്യിലുണ്ട്.

ഗവൺമെന്റിന്റെ പൊതുനയത്തെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ഗവൺമെന്റ് തുടർന്നുവരുന്ന ഒരു നയം ഉണ്ട്. പാട്ടക്കരാർ കാലാവധി തീരുന്നവയെക്കുറിച്ച് ഗവൺമെന്റ് നേരത്തെ തന്നെ ഒരു തീരുമാനം എടുത്തി ട്ടുണ്ട്. പക്ഷെ കോടതിയുടെ തീരുമാനങ്ങൾക്ക് വിധേയമായി മാത്രമേ ചില കാര്യങ്ങളിൽ പോകാൻ കഴിയൂ. പല കേസുകളും ഹൈക്കോടതിയിലാണ്. അതിന്റെകൂടി ക്ലിയറൻസ് കിട്ടിയാലേ മറ്റ് നടപടികളുമായി മുന്നോട്ട് പോകാൻ കഴിയൂ.

ശ്രീ. സി. കെ. നാണു: സർ, വനത്തിന്റെയും വന്യജീവികളുടെയും സംരക്ഷണത്തിന് ദേശീയവും അന്തർദേശീയവുമായ സമീപനങ്ങളുടെ അടിസ്ഥാനത്തിൽ 2000-ൽ എൽ.ഡി.എഫ്-ന്റെ കാലത്ത് സംസ്ഥാന ഗവൺമെന്റ് പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രശ്നങ്ങൾ ഏറ്റെടുക്കുകയും യു.ഡി.എഫ്-ന്റെ കാലത്ത് അത് പരിശോധിക്കുന്നതിന് സെലക്ട് കമ്മിറ്റിയെ വയ്ക്കുകയും ചെയ്തു. അങ്ങനെ കമ്മിറ്റിയെ വച്ചശേഷം ഏറ്റെടുത്ത ഭൂമിയിൽ സുമാർ എത്ര ഹെക്ടർ പ്രാധാന്യമുള്ള പ്രദേശങ്ങൾ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചുവെന്നും ഏതെങ്കിലും കാരണത്താൽ അത് തിരിച്ചു കൊടുക്കുവാനുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടോ; അന്തർദ്ദേശീയമായി തന്നെ കേരളത്തിന് അഭിമാനകരമായ ഒരു നിലപാട് വനം-വന്യജീവി സംരക്ഷണത്തിനുവേണ്ടി നമ്മൾ സ്വീകരിച്ചതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റ് ഒരു പൊതു നയമാണ് തുടർന്നുവരുന്നത്. ഗവൺമെന്റുകൾ മാറിയശേഷവും ആ നയത്തിൽ നിന്ന് മാറ്റം വന്നിട്ടുള്ളതായി എനിക്ക് തോന്നിയിട്ടില്ല. നമുക്കുള്ള പ്രശ്നം കോടതിയിലുള്ള കേസുകളാണ്. നമ്മൾ ഒരു നടപടി എടുക്കുമ്പോൾ കോടതിയിൽ കേസ്സാകുകയും കോടതി ആ പ്രൊസീഡിംഗ്സിനെ നിർത്തി വയ്പ്പിക്കുകയും ചെയ്താൽ പിന്നീട് ക്ലിയറൻസ് കൂടി കിട്ടിയേ നമുക്ക് പോകാൻ കഴിയൂ. പൊതുനയത്തെ സംബന്ധിച്ച് ശ്രീ. വി. റ്റി. ബൽറാം ചോദിച്ചപ്പോൾ അതിനുത്തരമായി പറഞ്ഞിട്ടുണ്ട്. അതാണ് ഗവൺമെന്റ് എടുക്കുന്ന പൊതുനയം.

ശ്രീ. പി. സി. ജോർജ്: സർ, പരിസ്ഥിതി സംരക്ഷണം വളരെ അത്യന്താപേക്ഷിതമായ കാര്യമാണ് എന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ, ഇ.എഫ്.എൽ. നിയമം ഇന്ത്യയിൽ കേരളത്തിലല്ലാതെ മറ്റൊരിടത്തും ഇല്ല. അതുണ്ടാക്കിയ ബഹുമാനപ്പെട്ട വ്യക്തിയാണ് ഇത് ചോദിച്ചത്. വളരെ നിയമ വിരുദ്ധമായി നിയമസഭയിൽ ചർച്ച നടന്നപ്പോൾ ഉണ്ടായ ജനപ്രതിനിധികളുടെ വികാരങ്ങൾക്കും വിരുദ്ധമായി ആരുമായും ആലോചിക്കാതെ സൗകര്യംപോലെ അഞ്ച് ഏക്കർ ഭൂമിയുണ്ടെങ്കിൽ രണ്ടേക്കർ ഇ.എഫ്.എൽ. എന്ന രീതിയിൽ മനുഷ്യനെ ഉപദ്രവിക്കാൻവേണ്ടി ഈ നിയമം ഉപയോഗിച്ചു വെന്നതിന് വ്യക്തമായ തെളിവുണ്ട്. ആ നിലയ്ക്ക് ഇ.എഫ്.എൽ നിയമം ക്യാൻസൽ ചെയ്ത്, കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റ് പുതിയ നിയമങ്ങളുണ്ടാക്കി പരിസ്ഥിതി സംരക്ഷിക്കണമെന്ന അഭിപ്രായം വ്യാപകമാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ? ക്യാബിനറ്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ഗവൺമെന്റ് അതേപ്പറ്റി വിശദീകരിക്കുമോ; അതൊടൊപ്പം, വാഗമൺ പുൽത്തകിടി മുഴുവൻ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ടൂറിസത്തിന്റെ പേരിൽ അവിടെ കെട്ടിടം പണിയുകയാണ്. ആ മേഖല ഇ.എസ്.എ. ആയി പ്രഖ്യാപിച്ചുകൊണ്ട് കെട്ടിട നിർമ്മാണം തടഞ്ഞ് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇ.എഫ്.എൽ ആക്ട് വന്നത് 2000-ലാണ്. അതിനുശേഷം 2009-ൽ ഒരു അമെന്റ്മെന്റ്കൂടി വന്നു.

ശ്രീ. സി. കെ. നാണു: സർ, അത് സെലക്ട് കമ്മിറ്റിക്കു പോയി വന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ആർക്കുവേണ്ടി, ജനങ്ങൾക്കുവേണ്ട.

മി. സ്പീക്കർ: ശ്രീ. സി. കെ. നാണു, ശ്രീ. പി. സി. ജോർജ് പ്ലീസ്.... മന്ത്രി മറുപടി പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പിന്നീട് അധികാരത്തിൽ വന്ന ഗവൺമെന്റ് 2009-ൽ ആ നിയമത്തിൽ ചില അമെന്റ്മെന്റ്സ് കൂടി കൊണ്ടു വന്നു. അതനുസരിച്ച് രണ്ട് ഹെക്ടർ സ്ഥലം വരെ ഇ.എഫ്.എൽ-ൽ നിന്ന്

അവർക്ക് വിട്ടുകൊടുക്കാം എന്ന തീരുമാനം വന്നു. അതിൽ നിയമത്തിന്റെ രണ്ട് പ്രശ്നമുണ്ട്. (1) ഓർഡിനൻസ് മുഖാന്തിരം ഏറ്റെടുത്തിട്ടുള്ള ഇ.എഫ്.എൽ. (2) ആക്ട് പാസ്സായശേഷം ഏറ്റെടുത്തിട്ടുള്ള ഇ.എഫ്.എൽ. ഓർഡിനൻസ് മുഖാന്തിരം ഏറ്റെടുത്തിട്ടുള്ളത് അവർക്ക് ട്രിബ്യൂണലിൽ ചോദ്യം ചെയ്യാം. അതേസമയം ആക്ട് മുഖാന്തിരം ഏറ്റെടുത്തിട്ടുള്ളത് നിയമത്തിന്റെ പോരായ്മകൊണ്ട് കസ്റ്റോഡിയനാണ് അതിന്റെ തീരുമാനം എടുക്കേണ്ടത്. അതുകൊണ്ട് ഗവൺമെന്റ് നിയമത്തിൽ വരുത്തേണ്ട ചെറിയ മാറ്റത്തെക്കുറിച്ച് ആലോചിക്കുകയാണ്. കാരണം നിയമത്തിലാണെങ്കിലും ഓർഡിനൻസിലാണെങ്കിലും ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച് അപ്പീൽ കൊടുക്കുന്നതിനുള്ള പോസിബിലിറ്റി ഉണ്ടാക്കിയാണ് പോകുന്നത്. എന്റെ ഓർമ്മയിൽ നിന്ന് പറയുകയാണ്, ഇതു സംബന്ധിച്ച് ഏതാണ്ട് 467 കേസുകളാണ് കസ്റ്റോഡിയന്റെ കൈയിൽ പെൻഡിംഗുള്ളത്. ആ കേസ് കുറേക്കാലമായുള്ളതാണ്. അത്തരം കേസുകൾ വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിനുവേണ്ടിയുള്ള പ്രത്യേക സംവിധാനം ഞങ്ങൾ ഉണ്ടാക്കി. ഇതിനെ സംബന്ധിച്ച് ധാരാളം നിവേദനങ്ങളും കിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന യോഗത്തിൽ പ്രായോഗികമായ ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ റൂൾസിൽ ചില മാറ്റങ്ങൾ വരുത്തണമെന്ന് മനസ്സിലാക്കുന്നു. അതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട പി. സി. ജോർജുകൂടി മുൻകയ്യെടുത്താൽ വാഗമണ്ണിനെ വാഗമണ്ണായി നിലനിർത്താൻ ഗവൺമെന്റ് എല്ലാ സഹായവും ചെയ്യാം. വാഗമണ്ണിന്റെ ഒരു ഭാഗം ശ്രീമതി ഇ. എസ്. ബിജിമോളുടെ നിയോജകമണ്ഡലവും മറുഭാഗം ശ്രീ. പി. സി. ജോർജിന്റെ നിയോജകമണ്ഡലവുമാണ്. അവരുകൂടി ഇൻഷ്യേറ്റീവ് എടുത്താൽ വാഗമണ്ണിനെ സംരക്ഷിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, വനം വകുപ്പ് ഇരുതലമൂർച്ചയുള്ള ഒരു വകുപ്പാണ് എന്ന് താങ്കൾക്ക് അറിയാമല്ലോ? വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ അപകടം വരാൻ സാദ്ധ്യതയുണ്ടെന്നുള്ളതുകൊണ്ട് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പോബ്സൺ ഗ്രൂപ്പിന് കരുണ എസ്റ്റേറ്റ് വിട്ടുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞു. ആ പ്രശ്നം അതീവഗൗരവതരമായിരിക്കും. 10000 ഏക്കർ വനഭൂമിയാണ് 52 എസ്റ്റേറ്റുകളിലായുള്ളത്. ഇതുമായി ബന്ധപ്പെട്ട്, നെല്ലിയാമ്പതി വനഭൂമിയല്ലെന്ന തോട്ടം ഉടമകളുടെ വാദം 2004-ൽ സുപ്രീംകോടതി ഉന്നതാധികാര സമിതി തള്ളിയതാണ്. തോട്ടങ്ങളെല്ലാം സംരക്ഷിത വനമാണെന്ന് സുപ്രീം കോടതി പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥ ലംഘിച്ചതിനെത്തുടർന്ന് 23 എസ്റ്റേറ്റുകൾ സർക്കാരിന്റെ നിയന്ത്രണത്തിലാണ്. കാലാവധി കഴിഞ്ഞ് ഗവൺമെന്റിന്റെ കൈവശമുള്ള 4 എസ്റ്റേറ്റുകളുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയ 3 എസ്റ്റേറ്റുകളുണ്ട്, ലീസ് ടെർമിനേഷനു വേണ്ടി ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ച ചെറുനെല്ലി, രാജക്കാട്, മങ്കുഴുഡ് എസ്റ്റേറ്റുകൾ ഗവൺമെന്റിന്റെ കൈവശമുണ്ട്. പോബ്സണിന് കരുണ എസ്റ്റേറ്റ് വിട്ടുകൊടുത്തു കഴിഞ്ഞാൽ ബാക്കിയുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റേറ്റുകളെയും ബാധിക്കുമെന്നുള്ളത് മനസ്സിലാക്കി ബഹുമാനപ്പെട്ട ഗണേഷ് കുമാർ എം.എൽ.എ. ഇന്നലെ പറഞ്ഞ കാര്യവും, ഹരിത എം.എൽ.എ.മാർ എന്ന് പറഞ്ഞു നടക്കുന്നവർ ഇപ്പോൾ ഉന്നയിക്കുന്ന പ്രശ്നവും ഗൗരവമായി കണ്ടില്ലെങ്കിൽ ബഹുമാനപ്പെട്ട അങ്ങ് ആഭ്യന്തരവകുപ്പ് ഒഴിഞ്ഞ് ഈ വകുപ്പിലേക്ക് എത്തിയതെങ്ങനെയാണോ അതേപോലെ ഈ വകുപ്പിൽ നിന്ന് ഇന്നല്ലെങ്കിൽ നാളെ ഒഴിയേണ്ട ഗതികേട് താങ്കൾക്ക് വരരുത് എന്നുള്ള നല്ല വിശ്വാസത്തിലാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. സുപ്രീം കോടതിയിലുള്ള ഒരു കേസാണ് എന്ന് മനസ്സിലാക്കി, ഏതെങ്കിലും ഉദ്യോഗസ്ഥൻ നൽകുന്ന റിപ്പോർട്ടിന്റെ ഭാഗമായി നടപടി സ്വീകരിക്കരുത് എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. പോബ്സണുമായി ബന്ധപ്പെട്ടുകൊണ്ട് എന്ത് നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി എടുത്തത് എന്ന് ഈ സഭയിൽ വ്യക്തമാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്ക് മുമ്പിൽ തോട്ടത്തിന്റെ ഉടമ പ്രശ്നമേയല്ല, എന്റെ കാഴ്ചപ്പാട് എസ്റ്റേറ്റിന്റെ താല്പര്യമാണ്. ആ താല്പര്യത്തിനപ്പുറത്ത് പോകാൻ ആർക്കും അതോറിറ്റിയില്ല എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇക്കാര്യത്തിൽ കൃത്യമായി നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. അങ്ങിവിടെ സൂചിപ്പിച്ച കാര്യത്തിൽ, ഈ തീരുമാനത്തിൽ 6 വകുപ്പുകളിൽ നിന്നുള്ള 8 ഉദ്യോഗസ്ഥന്മാരെ നിയമിച്ച് അവർ ഒരുമിച്ചെടുത്ത തീരുമാനമാണ് പിന്നീട് എൻ.ഒ.സി. കൊടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശമായി വന്നതെന്ന് എനിക്കു തോന്നുന്നു. ഇപ്പോൾ കൈയിൽ കിട്ടിയിട്ടുള്ള രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം എടുക്കുന്നതെന്ന് അതിനകത്തുതന്നെ എഴുതിയിട്ടുണ്ട്. അതുമാത്രമല്ല, ഈ കമ്മിറ്റിയിൽപ്പെട്ട ആളുകളുമായും അഡ്വക്കേറ്റ് ജനറലുമായും ആലോചിച്ച് എടുത്ത നിയമപരമായ ഒരു നടപടിയെന്നാണ് എനിക്ക് കിട്ടിയ രേഖകളിൽ കാണുന്നത്. ഈ രേഖകളിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും ഒരു കാര്യം കണ്ടാൽ ഈ കൊടുത്ത എൻ.ഒ.സി. പിൻവലിക്കുമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ ഇതിന്റെ എല്ലാ വശങ്ങളും അന്വേഷിക്കണം. അതിനുവേണ്ടി വനം വകുപ്പിലെ ഏറ്റവും മികച്ച 3 ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കുകയാണ്, അവരുടെ വിശ്വാസ്യതയെക്കുറിച്ച് ഇന്നുവരെ ആരും ചോദ്യം ചെയ്തിട്ടില്ല. റിപ്പോർട്ട് വരട്ടെ. ഇരുതലമൂർച്ചയുള്ള വകുപ്പാണെന്ന് അങ്ങ് നൽകിയ മുന്നറിയിപ്പിന് നന്ദി. എനിക്ക് 'ഒരു തലയും' ഇല്ലാത്തതുകൊണ്ട് ഒരു കുഴപ്പവുമില്ല. വളരെ കൃത്യമായി പോകാൻ സാധിക്കും.

ശ്രീ. സി. മോയിൻ കുട്ടി: സർ, വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? ഇതിന്റെ അവകാശം ആർക്കൊക്കെയാണ്? ഏതൊക്കെ മാനദണ്ഡം വച്ചുകൊണ്ടാണ് ഇത് നൽകുന്നത്? വനത്തെ മാത്രം ആശ്രയിച്ചുകഴിയുന്ന വനമേഖലയിലെ ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ എന്നിവർക്ക് ഇക്കാര്യത്തിൽ പ്രത്യേക പരിഗണനയുണ്ടോ? വനവിഭവങ്ങൾ നഷ്ടപ്പെടുന്നതിന് വനസേന പ്രധാന



LIBRARY ARCHIVES Kerala Legislative Assembly

മായി പറയപ്പെടുന്ന ഒരു കാരണം ആവശ്യമായ വാഹനങ്ങളുടെ ദൗർലഭ്യമാണെന്നാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി റണ്ണിംഗ് കണ്ടീഷനിലുള്ള വാഹനങ്ങൾ ഈ മേഖലയിലേക്ക് നൽകുന്നതിനും വനവിഭവങ്ങൾ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനവിഭവ സംരക്ഷണത്തിനുവേണ്ടി കൂടുതൽ നടപടികൾ വകുപ്പ് എടുത്തിട്ടുണ്ട്. ഉപചോദ്യത്തിന്റെ ഉത്തരമായതുകൊണ്ട് എല്ലാ കാര്യങ്ങളും പറയുന്നില്ല. വനവിഭവങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വനവാസികളായ ട്രൈബ്യൂണലുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്, വനസംരക്ഷണസമിതിയും ഇ.ഡി.എസ്-ഉം ഉണ്ട്. അവരുടെ നേതൃത്വത്തിലാണ് വനവിഭവങ്ങൾ സംരക്ഷിക്കുന്നത്. അതെല്ലാം കൃത്യമായി തന്നെ നടക്കുന്നുണ്ട്.

മി. സ്പീക്കർ: പരിസ്ഥിതി ദിനത്തിൽ നിയമസഭയിൽ ഒരു പരിപാടിയുണ്ടായിരുന്നു. രണ്ടു മണിക്കൂർ കൊണ്ട് ഒരു ലക്ഷം രൂപയിലധികം വനവിഭവങ്ങളാണ് ജീവനക്കാർക്ക് വിറ്റത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇത് പറഞ്ഞതുകൊണ്ട് ഒരു കാര്യം പറയാം. 'ഒരു വ്യക്തിക്ക് ഒരു മരം' എന്നുള്ള നിലയിൽ പരിസ്ഥിതി ദിനത്തിൽ പത്ത് ലക്ഷം തൈകൾ നടാൻ ഉദ്ദേശിച്ചിരുന്നു. 19 ലക്ഷത്തിലധികം മരങ്ങളാണ് കേരളത്തിൽ നട്ടത്. അതിനുവേണ്ടി നേതൃത്വം നൽകിയ എല്ലാ ജനപ്രതിനിധികളെയും നന്ദി അറിയിക്കുകയാണ്.

മി. സ്പീക്കർ: സഭയുടെ അഭിനന്ദനം കൂടി അറിയിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണം റെക്കോർഡ് ചെയ്യപ്പെട്ടിട്ടില്ല. ഇതെല്ലാം വായ്മൊഴിയായി കടന്നുപോകുന്ന ഒരു സാഹചര്യമാണുള്ളത്. വനത്തിനുള്ളിലെ ആവാസ വ്യവസ്ഥയിൽ ഓരോ ജീവിക്കും ജീവിക്കാനാവശ്യമായിട്ടുള്ള സാഹചര്യമെന്താണ് എന്നുള്ളതിനെ സംബന്ധിച്ച് റെക്കോർഡഡ് ഡാറ്റായില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കടുവ, പുലി, കുരങ്ങ്, കരടി തുടങ്ങിയവയുടെ എണ്ണം വ്യാപകമായി വർദ്ധിക്കുകയും ഈ ആവാസ വ്യവസ്ഥയ്ക്കുള്ളിൽ അതിന് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായതിനെത്തുടർന്ന് ഈ ജീവികൾ മനുഷ്യൻ ജീവിക്കുന്ന ആവാസ വ്യവസ്ഥയിലേക്ക് കടന്നുവരികയും ചെയ്യുന്ന സാഹചര്യമുണ്ട്. അതുകൊണ്ടാണ് കടുവയും പുലിയും കരടിയും കുരങ്ങുമൊക്കെ, മനുഷ്യന്റെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട Man-Animal conflict -നെ സംബന്ധിച്ച് നിയമസഭതന്നെ പലപ്പോഴും ചർച്ച ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നതും അതുകൊണ്ട് മനുഷ്യന്റെ ആവാസ വ്യവസ്ഥയിലേക്ക് ഈ ജീവികൾ കടന്നുവരാതിരിക്കാനും അതോടൊപ്പം ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കഴിയണം. കടുവയെ സംബന്ധിച്ച്, ഒരു കടുവയ്ക്ക് 200 ഹെക്ടറിലുള്ള ആ പ്രദേശത്തിനകത്ത് വേറൊരു കടുവ വരാൻ പാടില്ല എന്നാണ്. കടുവയുടെ എണ്ണം കൂടുകയും വനത്തിന്റെ വിസ്തൃതി വർദ്ധിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യ

LIBRARY ARCHIVES Kerala Legislative Assembly

വുമുണ്ടായാൽ മനുഷ്യന്റെ ആവാസ വ്യവസ്ഥയിലേക്ക് കടന്നുവരുന്ന സാഹചര്യമുണ്ടാകും. ഈ കാര്യങ്ങളെ മുൻകൂട്ടി വിലയിരുത്തുന്നതിനും ഒരു പ്ലാനിംഗ് ഉണ്ടാക്കുന്നതിനും ഇതിന്റെ എണ്ണം സംബന്ധിച്ച കൃത്യമായ ഡേറ്റാ ശേഖരിച്ച് ഒരു മുൻകൂർ പദ്ധതി തയ്യാറാക്കുന്നതിനുള്ള പഠനം നടത്തുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു കാര്യം വളരെ കറക്ടാണ്. വന്യജീവികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. മനുഷ്യന്റെ ആവാസകേന്ദ്രത്തിലേക്ക് വന്യജീവികൾ വരുന്നുവെന്നല്ല, അവരുടെ ആവാസകേന്ദ്രം അതിക്രമിച്ച് കൈവശപ്പെടുത്തുമ്പോൾ അവർ ആ ആവാസകേന്ദ്രത്തിൽ നിന്ന് പുറത്തു വരാൻ നിർബന്ധിതരായി തീരുകയാണ്. ആ ജീവികൾക്കും വെള്ളം കുടിക്കണം, ഭക്ഷണം കഴിക്കണം, സ്വതന്ത്രമായി ജീവിക്കണം. ഇതൊക്കെ സംരക്ഷിക്കത്തക്കവിധത്തിലുള്ള നടപടികൾ നടത്തുമ്പോൾ അതിന്റെമേൽ കയ്യേറ്റം നടക്കുന്നുവെന്നുള്ളതുകൊണ്ട് വന്യമൃഗങ്ങൾ നേരെ പുറത്തേക്കു വരികയാണ്. അതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. ആവാസവ്യവസ്ഥ എന്നു പറയുന്നതിൽ വന്യജീവികളുണ്ട്, മനുഷ്യരുണ്ട്, പക്ഷി മൃഗാദികളുണ്ട്. ഇതിനെല്ലാം ഒരുമിച്ച് ജീവിക്കാൻ കഴിയുന്ന ഒരു ഗ്ലോബൽ ഇക്കോളജിയാണ് നമ്മൾ ആഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടിയിലേക്കാണ് പോകുന്നത്. നേരത്തെ പറഞ്ഞതുപോലെ കടുവകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 112 കടുവകൾ ഇപ്പോൾ വനങ്ങളിലുണ്ട്. ആനകളുടെ എണ്ണം പഴയതിനേക്കാൾ വർദ്ധിച്ചിട്ടുണ്ട്. 6177 ആനകളാണ് ഇപ്പോൾ വനങ്ങളിലുള്ളത്. അതിന്റേതായ പ്രശ്നങ്ങളുമുണ്ട്. ഏതായാലും വകുപ്പിന്റെ നടപടികൾ ഈ ആവാസവ്യവസ്ഥയുടെ ബാലൻസ് തെറ്റിക്കാതെ പോകുന്നതിനുവേണ്ടിയാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, മനുഷ്യനും മൃഗങ്ങളും തമ്മിൽ സഹസ്രാബ്ദങ്ങളായുള്ള ബന്ധത്തിൽ മൃഗങ്ങൾ ഇത്രമാത്രം സുരക്ഷിതമായ ഒരു കാലമുണ്ടായിട്ടില്ല, അത് നിയമത്തിന്റെ കാർക്കശ്യം കൊണ്ടാണ്. ജൈവവൈവിധ്യത്തിന്റെയും അപൂർവ്വ മരുന്നുകളുടെയും വലിയ കലവറയാണ് പശ്ചിമഘട്ടം. ആദിവാസികളുടെ ധാരാളം മരുന്നുകളെക്കുറിച്ചുള്ള അറിവ് നമുക്ക് നഷ്ടപ്പെട്ടു. ആയുർവ്വേദം ഇന്ന് വലിയ പ്രതിസന്ധിയിലാണ്. വനങ്ങളിലുള്ള ആയുർവ്വേദ മരുന്നുകളടക്കമുള്ള അമൂല്യ സസ്യസമ്പത്ത് സംരക്ഷിക്കാനും ഇതിനെക്കുറിച്ച് ഗവേഷണം നടത്താനും ഗവൺമെന്റിന് എന്തെങ്കിലും സംവിധാനമുണ്ടോ? ബഹുരാഷ്ട്ര കുത്തകകളടക്കം നമ്മുടെ സസ്യങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നു. ആരോഗ്യപച്ചയടക്കമുള്ള അപൂർവ്വമരുന്നുകളെക്കുറിച്ചുള്ള അവർക്കുള്ള താല്പര്യം നമുക്കുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചോദിച്ച ചോദ്യം വളരെ കറക്ടാണ്. ഔഷധമൂല്യങ്ങളുള്ള ചെടികൾ പലവിധത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ പലതിന്റെയും പേരുതന്നെ ഈ തലമുറയ്ക്ക് മറന്നുപോയിരിക്കുകയാണ്. ഇതിനായി വനം വകുപ്പ് ഒരു പുതിയ പദ്ധതി ആരംഭിച്ചിരിക്കുകയാണ്. നമ്മുടെ ലക്ഷണമൊത്ത 7 മരങ്ങളും ഔഷധ

LIBRARY ARCHIVES Kerala Legislative Assembly

മൂല്യങ്ങളുമുള്ള ഹെർബൽ ഗാർഡൻ പോലെയുള്ള ഒരു സംവിധാനം വീടുകളിൽത്തന്നെ നട്ടുവളർത്താൻ സാധിക്കും. അതിനെ ഒരു കുട്ടിവനം പദ്ധതിയായി എടുക്കുകയാണ്. ആ പദ്ധതിയനുസരിച്ച് വീടുകളിൽത്തന്നെ ഒരു ചെറിയ വനമുണ്ടാക്കാൻ സാധിക്കും. പണ്ട് കാവുകളും കുളങ്ങളും നമ്മുടെ സമൂഹത്തിലുണ്ടായിരുന്നു. ഇന്ന് അതെല്ലാം പതുക്കെ പതുക്കെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ പഴയതിലേക്കു കൊണ്ടുവരുന്നതിനുവേണ്ടി കുട്ടിവനം പദ്ധതിയെ വനം വകുപ്പ് ഉപയോഗിക്കുകയാണ്. കുട്ടിവനം പദ്ധതിയിൽ മിടുക്കരായി വരുന്ന ആളുകൾക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡുകളും സമ്മാനങ്ങളും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ കേരളത്തിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്.

### പരമ്പരാഗത മത്സ്യസംരക്ഷണ രീതികൾ

2 (*302) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യബന്ധനം ലാഭകരമാക്കാൻ പരമ്പരാഗതമായ അറിവുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) മത്സ്യസമ്പത്ത് നശിപ്പിക്കുന്ന രീതിയിൽ മത്സ്യക്കുഞ്ഞുങ്ങളെയും ഭക്ഷ്യയോഗ്യമല്ലാത്തതരം മത്സ്യങ്ങളെയും പിടിച്ചെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പ്രവണത തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) ഉണ്ട്. മത്സ്യബന്ധന മേഖലയെ ലാഭകരമാക്കുന്നതിന് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ ശേഖരിച്ച് ക്രോഡീകരിക്കുന്നതിന്റെ ഭാഗമായി 2014-ൽ കൊച്ചിയിൽ വച്ച് നടത്തിയ അന്താരാഷ്ട്ര അലങ്കാര മത്സ്യ പ്രദർശനത്തോടനുബന്ധിച്ച് കടലറിവുകൾ എന്ന വിഷയത്തെ അധികരിച്ച് ഒരു മത്സ്യത്തൊഴിലാളി സംഗമം ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യക്ഷേമനിധി ബോർഡ് എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുകയും സംഗമത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഫിഷറീസ് വകുപ്പ് "ഫിർമ" (ഫിഷറീസ്

LIBRARY ARCHIVES Kerala Legislative Assembly

റിസോഴ്സ് മാനേജ്മെന്റ് ഏജൻസി) യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) KMFR Act-ലെ 4-ാം വകുപ്പിലെ അധികാരം ഉപയോഗിച്ച് മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. KMFR Act-ലെ 17-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പെനാൽറ്റി ചുമത്തുന്നതിനും ഇതുവഴി അത് നിയന്ത്രിക്കുന്നതിനും കഴിയും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയുക എന്നതാണ് ഈ ചോദ്യം കൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനിക ഗവേഷണങ്ങളും അതിനടിസ്ഥാനമാക്കിയുള്ള ശാസ്ത്രീയ മത്സ്യബന്ധനവും തുടങ്ങിയിട്ട് അധികകാലമായില്ല. നൂറ്റാണ്ടുകളായി പരമ്പരാഗത അറിവുകളും പ്രായോഗിക പരിചയവും ശാരീരിക ശേഷിയുമായിരുന്നു മത്സ്യബന്ധന മേഖലയിലെ കൈമുതൽ. ഇത്തരം പരമ്പരാഗതമായ അറിവുകൾ മത്സ്യബന്ധന പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും പ്രത്യേകിച്ച്, മത്സ്യ പ്രചരണം, പോഷണം, മത്സ്യസമ്പത്തിന് നാശം വരുത്താതെയുള്ള മത്സ്യബന്ധനം, സുരക്ഷ തുടങ്ങിയ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. ബാബു: സർ, കടലുപോലെ പരന്നുകിടക്കുന്ന ഒരു ചോദ്യമാണ്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി വർഷകാല ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതിന്റെ ഫലമായി മത്സ്യസമ്പത്തിൽ വർദ്ധനവ് നേടാൻ സാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുപോലെ, ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി മത്സ്യസമൃദ്ധി പദ്ധതി നടപ്പാക്കിയതിന്റെ ഫലമായി മത്സ്യസമ്പത്ത് വർദ്ധിച്ചുവരുന്നുണ്ട്. മത്സ്യസമ്പത്ത് നശിപ്പിക്കുന്ന വിധത്തിലുള്ള അനിയന്ത്രിതമായ മത്സ്യബന്ധനം തടയുന്നതിന് കർശനമായ നടപടികൾ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് അനുസരിച്ച് സ്വീകരിച്ചുവരുന്നുണ്ട്. അതുസംബന്ധിച്ചുള്ള കൂടുതൽ നടപടികളെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തീരക്കടലിൽ മൺസൂൺ കാലങ്ങളിൽ രൂപം കൊണ്ടിരുന്ന ചാകര ഇപ്പോൾ അപൂർവ്വമായിരിക്കുകയാണ്. ഈ അപൂർവ്വ പ്രതിഭാസം മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉത്സവമായിരുന്നു. ഇന്ന് ചാകരയ്ക്ക് വന്നിട്ടുള്ള ദുർഗതിക്കുള്ള കാരണമെന്താണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബാബു: സർ, ചാകര രൂപപ്പെടുന്നതും ഇല്ലാതാകുന്നതും കാലാവസ്ഥയുമായി ബന്ധപ്പെട്ട സാഹചര്യങ്ങളാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, മൺസൂൺ ട്രോളിംഗ് നിരോധന സമയത്ത് നിയമം കർശനമായി പാലിച്ചുകൊണ്ട് നമ്മുടെ തൊഴിലാളികൾ കടലിൽ പോയി മത്സ്യം പിടിക്കാറില്ല. എന്നാൽ ഇതേ സമയത്ത് മറ്റ് രാജ്യങ്ങളിലേയും അന്യ സംസ്ഥാനങ്ങളിലേയും മത്സ്യത്തൊഴിലാളികൾ നിയമം ലംഘിച്ചുകൊണ്ട് മത്സ്യം പിടിക്കുന്നുണ്ട്. ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ബാബു: സർ, ട്രോളിംഗ് നിരോധന സമയത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെല്ലാം തിരിച്ചുപോകണമെന്നുള്ള കർശനമായ താക്കീത് തീരദേശ മേഖലകളിൽ മറൈൻ എൻഫോഴ്സ്മെന്റിന്റെയും ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും നേതൃത്വത്തിൽ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ, 12 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശങ്ങളാണ് നമ്മുടെ നിയന്ത്രണത്തിലുള്ളത്. അതിനപ്പുറത്തുള്ള കാര്യത്തിൽ പൂർണ്ണമായും നിയന്ത്രണമില്ല. അത് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാനേ സാധിക്കുകയുള്ളൂ. ഇതുപോലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ കേരളതീരത്തുണ്ടാകുന്നുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കോസ്റ്റൽ പോലീസിന്റെ സഹകരണത്തോടുകൂടി വളരെ ശക്തമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. യാനങ്ങൾ കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

ശ്രീ. പി. ഉബൈദുള്ള : സർ, കടൽ മത്സ്യങ്ങൾ ലഭിക്കുന്ന സംസ്ഥാനങ്ങളിൽ ഗുജറാത്തിന് ഒന്നാം സ്ഥാനവും കേരളത്തിന് രണ്ടാം സ്ഥാനവുമാണുള്ളത്. മൊത്തം മത്സ്യ ഉത്പാദനത്തിൽ കേരളത്തിന് നാലാം സ്ഥാനമാണുള്ളത്. എന്നാൽ കേരളത്തിന്റെ തദ്ദേശീയ മത്സ്യങ്ങൾ വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അതോടൊപ്പം മത്സ്യത്തൊഴിലാളികളിൽ ധാരാളം നാട്ടറിവുകളുണ്ട്. വർഷങ്ങളായി അവരുടെ നാട്ടറിവുകൾ പരീക്ഷിച്ച് വിജയിച്ചിട്ടുള്ളവയാണ്. ഈ നാട്ടറിവുകൾ സംരക്ഷിച്ച് ശാസ്ത്രീയമായി പരിശോധിച്ച് സൂക്ഷിക്കുന്നതിന് ഫിഷറീസ് സർവ്വകലാശാല ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതിനാവശ്യമായ ഫിഷറീസ് സർവ്വകലാശാല നിലവിലുണ്ട്. ഫിഷറീസ് സർവ്വകലാശാല ഈ മേഖലയിൽ മത്സ്യബന്ധന രീതികളും ക്രമാതീതമായി വർദ്ധിച്ചുവരുന്ന മത്സ്യബന്ധന സമ്മർദ്ദങ്ങളും മത്സ്യയിനങ്ങളുടെ നിരോധനത്തിനും മത്സ്യസമ്പത്തിന്റെ ശോഷണത്തിനും ഉളവാക്കിയിട്ടുള്ള കാരണങ്ങളും പഠിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ 210 ശുദ്ധജല മത്സ്യയിനങ്ങളും 60 ഓരുജല മത്സ്യയിനങ്ങളും 260 കടൽ മത്സ്യയിനങ്ങളും ഉണ്ടെന്നാണ് വിവിധ പഠനങ്ങൾ സ്ഥിരീകരിച്ചിട്ടുള്ളത്. ശുദ്ധജല മത്സ്യങ്ങളിൽ ഏകദേശം 20 മത്സ്യയിനങ്ങൾ ആശങ്കാജനകമാംവിധം വംശനാശ ഭീഷണി നേരിടുകയാണ്. ഇവയിൽ വാണിജ്യ പ്രാധാന്യമുള്ള ആറ്റുവാള, കാരി,

മുഷി, മഞ്ഞക്കൂരി, വരാൽ, കൂരൽ, കുഴിൽ തുടങ്ങിയ ഇരുപതിനം മത്സ്യയിനങ്ങൾ വംശനാശ ഭീഷണിയിലാണ്. കേരളത്തിലെ തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനാവശ്യമായ പഠനങ്ങൾക്കുവേണ്ടിയാണ് പ്രൊഫ. അലിക്കുഞ്ഞ് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല സ്ഥാപിച്ചത്. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന തദ്ദേശീയ മത്സ്യയിനങ്ങളുടെ സംരക്ഷണം, പരിപാലനം, തദ്ദേശീയ മത്സ്യകൃഷിക്കും അലങ്കാര മത്സ്യ വിപണിക്കും ഉപയോഗപ്പെടുത്താനുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ കേന്ദ്രം വിഭാവനം ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ശക്തിയേറിയ ട്രോളറുകൾ കടന്നു വരുന്നതിനാൽ പരമ്പരാഗതമായി മീൻപിടിക്കുന്ന ആളുകൾക്കിപ്പോൾ മീൻ പിടിക്കാൻ പറ്റാത്ത അവസ്ഥയാണ്. അതുകൊണ്ട് അവർക്ക് തൊഴിൽ സംരക്ഷണം നൽകേണ്ടത് അത്യാവശ്യമാണ്. അതിനായി പ്രത്യേക ഏരിയ തിരിച്ച് മത്സ്യബന്ധനം നടത്തുന്നതിനും അവർക്ക് സംരക്ഷണം നൽകുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? അതുപോലെ ഫിഷിംഗ് ബോട്ടുകളുടെ വലയിൽപ്പെടുന്ന വേസ്റ്റ് ഫിഷും ചെറിയ മീനുകളുമെല്ലാം സാധാരണഗതിയിൽ കടലിൽ ഉപേക്ഷിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ, ഇപ്പോൾ, അതെല്ലാം പിടിച്ച് വളത്തിനുവേണ്ടി തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്ന അവസ്ഥ നമ്മുടെ തീരപ്രദേശങ്ങളിൽ കാണുന്നുണ്ട്. വേസ്റ്റ് ഫിഷാണ് മറ്റ് മീനുകളെ മത്സ്യബന്ധന മേഖലയിലേക്ക് ആകർഷിക്കുന്നത്. CMFRI (Central Marine Fisheries Reserch Institute) യുടെ ഡയറക്ടർ ഡോ. ഗോപാലകൃഷ്ണൻ ഇത്തരം മീനുകൾ വംശനാശ ഭീഷണി നേരിടുന്നത് വളരെ ദോഷകരമായി ബാധിക്കുമെന്ന റിപ്പോർട്ട് സർക്കാരിന് നൽകിയിരുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബാബു: സർ, കൊല്ലങ്കോട് മുതൽ പരവൂർ വരെയുള്ള 72 കി.മീ തീരദേശത്ത് 30 മീറ്റർ വരെ ആഴമുള്ള പ്രദേശവും പരവൂർ പൊഴിക്കര മുതൽ മഞ്ചേശ്വരം വരെയുള്ള 512 കി.മീ. തീരദേശത്ത് 20 മീറ്റർ വരെ ആഴമുള്ള പ്രദേശങ്ങളും സ്പെസിഫൈഡ് ഏരിയയായി പ്രഖ്യാപിക്കുകയും പ്രസ്തുത പ്രദേശത്ത് പരമ്പരാഗത യാനങ്ങൾക്ക് മാത്രം മത്സ്യബന്ധനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതു പോലെ, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനും ജീവനോപാധി സംരക്ഷിക്കുന്നതിനുമായി 2007-ലെ കേരള വർഷകാല സമുദ്രോപരിതല മത്സ്യബന്ധന സംരക്ഷണ ആക്ട് ഇവിടെ നടപ്പിലാക്കിവരികയാണ്. ചെറിയ മത്സ്യങ്ങൾ പിടിച്ച് വളത്തിനും മറ്റാവശ്യങ്ങൾക്കുമായി ഇവിടെനിന്ന് കടത്തിക്കൊണ്ടുപോകുന്നതായി ആക്ഷേപമുണ്ട്. പ്രത്യേകിച്ച് എറണാകുളം ജില്ലയിലെ ചില ഹാർബറുകളിൽ ചെറിയ മത്സ്യങ്ങളെ ബോധപൂർവ്വം പിടിച്ചു കൊണ്ട് വളം, കൃത്രിമ തീറ്റ എന്നിവയുണ്ടാക്കുന്ന കമ്പനികൾക്ക് വിൽപ്പന നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇതിനെതിരായുള്ള കർശന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. റവന്യൂ, പോലീസ്, ഹെൽത്ത്, ഫിഷറീസ്,

LIBRARY ARCHIVES Kerala Legislative Assembly

മറൈൻ എൻഫോഴ്സ്മെന്റ്, കടലോര ജാഗ്രത സമിതി എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഇത്തരം ബോട്ടുകൾ കണ്ടുകെട്ടുന്നതിന് ആവശ്യമായ മറ്റ് നടപടികൾ സ്വീകരിച്ചുവരികയാണ്. കടൽ അറിവുകൾ, പരമ്പരാഗത അറിവുകൾ എന്നിവ ക്രോഡീകരിച്ചതിനുശേഷം അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ 12 നോട്ടിക്കൽ മൈൽ വരെ മാത്രമാണ് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താനുള്ള അവകാശമെന്ന് പറയുകയുണ്ടായി. അത് ശരിയായ ഒരു മറുപടിയല്ല. 12 നോട്ടിക്കൽ മൈലിന് അപ്പുറം contiguous zone എന്ന ഒരു സ്ഥലമുണ്ട്. അവിടെയാണ് ഇറ്റാലിയൻ കപ്പലിന്റെ നാവികരുടെ വെടിയേറ്റ് രണ്ട് മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെട്ടതെന്ന് നമ്മൾ വ്യാഖ്യാനിച്ചത്. അതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് നടന്നപ്പോൾ നിയമത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് സുപ്രീംകോടതിയോ ഹൈക്കോടതിയോ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള അവകാശം 12 നോട്ടിക്കൽ മൈലിനുള്ളിൽ മാത്രമാണെന്ന് എങ്ങും പറഞ്ഞിട്ടില്ല. സുപ്രീം കോടതിയിൽ കേസ് വന്നിട്ടും അപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് അവകാശമില്ല എന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചിട്ടില്ല. ആ നിലയ്ക്ക് കേരളത്തിലും രാജ്യത്തുമുള്ള മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്ന 60 നോട്ടിക്കൽ മൈൽ വരെ അവർക്ക് മത്സ്യബന്ധനം നടത്താനുള്ള അവകാശം സംരക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ 12 നോട്ടിക്കൽ മൈൽ ദൂരത്തിൽ മാത്രമേ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്താവൂ എന്ന് ഞാൻ പറഞ്ഞില്ല. 12 നോട്ടിക്കൽ മൈൽ വരെയാണ് നമ്മുടെ നിയന്ത്രണത്തിലുള്ളതെന്നാണ് ഞാൻ പറഞ്ഞത്. അതിനപ്പുറത്തേക്ക് മത്സ്യത്തൊഴിലാളികൾ പോകുന്നുണ്ട്. 100 നോട്ടിക്കൽ മൈൽ വരെ പോകുന്ന മത്സ്യത്തൊഴിലാളികൾ ഇന്ന് ധാരാളമുണ്ട്. അതുകൊണ്ടാണ് ആഴക്കടൽ മത്സ്യബന്ധനത്തിനിടയിൽ പല അപകടങ്ങളും സംഭവിച്ചതായിട്ടുള്ള വാർത്തകളും ഇടയ്ക്കിടക്ക് വന്നുകൊണ്ടിരിക്കുന്നത്. 12 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശമാണ് നമ്മുടെ നിയന്ത്രണത്തിലുള്ളത്. അതിനപ്പുറം നമ്മുടെ നിയന്ത്രണത്തിലല്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, മത്സ്യങ്ങൾ മുട്ടയിടുന്നതും പ്രസവിക്കുന്നതും വംശവർദ്ധനവുണ്ടാകുന്നതും മൺസൂൺ സമയത്താണ്. അതുകൊണ്ടാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇന്ന് ട്രോളിംഗ് നിരോധനം 45 ദിവസമാണ്. 45 ദിവസത്തെ ട്രോളിംഗ് നിരോധനം ശാസ്ത്രീയമായി തെറ്റാണെന്നും അതുകൊണ്ട് കുറച്ചുകൂടി കാലാവധി നീട്ടിക്കൊടുക്കണമെന്ന അഭിപ്രായവുമുണ്ടായിട്ടുണ്ട്. പരമ്പരാഗതമായ പല മത്സ്യങ്ങളും ഇപ്പോൾ കാണുന്നില്ലെന്ന പരാതി മത്സ്യത്തൊഴിലാളികൾക്കുണ്ട്. അതുകൊണ്ട്

ട്രോളിംഗ് നിരോധനത്തിന്റെ കാലാവധി നീട്ടുകയും ആ സമയത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉപജീവനത്തിനുവേണ്ടിയുള്ള സഹായം ചെയ്തുകൊടുക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബാബു: സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇപ്പോൾ 47 ദിവസത്തെ ട്രോളിംഗ് നിരോധനമാണ് നിലവിലുള്ളത്. ഇത് 25 വർഷമായി നിലനിൽക്കുന്ന ഒരു വ്യവസ്ഥയാണ്. 2009-ൽ അതായത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 25 വർഷത്തെ ട്രോളിംഗ് നിരോധനത്തിന്റെ ഇംപാക്ട് പഠിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ അത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ തൊഴിലാളി സംഘടനകളുമായി ഗവൺമെന്റ് ചർച്ച ചെയ്തപ്പോൾ മത്സ്യത്തൊഴിലാളി സംഘടനകളെല്ലാം ആ പഠന റിപ്പോർട്ടിനെ സംബന്ധിച്ച് ചില തർക്കങ്ങൾ ഉന്നയിച്ചു. ട്രോളിംഗ് നിരോധനത്തിന്റെ ഇംപാക്ട് വീണ്ടും പഠിക്കണമെന്നാവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 27-10-2012-ൽ വീണ്ടും ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചു. ആ കമ്മിറ്റിയുടെ 12 ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. അതിലെ ഏറ്റവും സുപ്രധാനമായ ഒരു ശുപാർശ 47 ദിവസം ട്രോളിംഗ് നിരോധനം എന്നുള്ളത് 60 ദിവസമായി ഉയർത്തണമെന്നുള്ളതാണ്. ഇപ്പോൾ തുടർച്ചയായി 47 ദിവസമാണ് ട്രോളിംഗ് നിരോധനമുള്ളത്. അത് 60 ദിവസമായി ഉയർത്തുമ്പോൾ ജൂൺ-ജൂലൈ മാസത്തിൽ 30 ദിവസവും ഒക്ടോബർ-നവംബർ മാസത്തിൽ 30 ദിവസവും വച്ച് രണ്ട് ഘട്ടമായി നടപ്പിലാക്കണമെന്നതാണ്. ഈ റിപ്പോർട്ടിനെ സംബന്ധിച്ച് വളരെയേറെ തർക്കങ്ങളുമുണ്ട്. ഇത് തീരദേശ മേഖലയിൽ വലിയ സംഘർഷങ്ങൾക്കും സമരങ്ങൾക്കും ഇടയാക്കുമെന്ന് ഗവൺമെന്റിന് മുൻകൂട്ടിത്തന്നെ ബോദ്ധ്യമുണ്ട്. അതുകൊണ്ട് ഈ പ്രശ്നം തൊഴിലാളി സംഘടനകളുമായി ഒരു പ്രാവശ്യം ചർച്ച ചെയ്തു. അവരുടെ അഭിപ്രായങ്ങൾ അറിയാൻവേണ്ടി ഇതിന്റെ പകർപ്പ് അവർക്ക് കൊടുത്തിരിക്കുകയാണ്. വീണ്ടും ഗവൺമെന്റ് ചർച്ച ചെയ്യും. അഭിപ്രായ സമന്വയത്തിലൂടെ മാത്രമേ ഇത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## ക്ലീൻക്യാമ്പസ് - സേഫ്ക്യാമ്പസ്

3 (*303) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. അച്ചുതൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. റ്റി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് - സേഫ്ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;



LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ സ്കൂൾ കോളേജ് ക്യാമ്പസുകളെ ലഹരിവിമുക്തമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയുമായി സഹകരിക്കുന്നത് ആരൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) സംസ്ഥാനത്ത് ക്ലീൻക്യാമ്പസ് - സേഫ്ക്യാമ്പസ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ആഭ്യന്തര-വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ സംയുക്തമായിട്ടാണ് ഈ പദ്ധതി വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. സ്കൂൾ -കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ ഇല്ലാതാക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗവും പ്രചരണവും ഇല്ലാതാക്കുക, ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ലഹരിരഹിതവും സുരക്ഷിതവുമായ ക്യാമ്പസ് അന്തരീക്ഷം സൃഷ്ടിക്കുക അതുവഴി ആരോഗ്യവും അച്ചടക്കവും രാജ്യസ്നേഹവും സാമൂഹ്യബോധവുമുള്ള ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്തെ സ്കൂൾ-കോളേജ് ക്യാമ്പസുകൾ ലഹരി വിമുക്തമാക്കാൻ കർശനമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. വിദ്യാലയ പരിസരങ്ങളിലുള്ള കടകളിൽ റെയിഡുകൾ നടത്തിയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സ്കൂൾ ജാഗ്രതാ സമിതികളുടെയും സഹായത്തോടെ ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനായി വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയും കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും ഫലപ്രദമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്.

(ഡി) ആഭ്യന്തര-വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളത്തിൽ ആഭ്യന്തര വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ക്ലീൻക്യാമ്പസ്-സേഫ് ക്യാമ്പസിന്റെ പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. സ്കൂൾ സമയങ്ങളിൽ യൂണിഫോമിൽ സിനിമാശാലകളിലും ടൗണുകളിലുമൊക്കെ കറങ്ങി നടക്കുന്ന വിദ്യാർത്ഥികളെ നിരീക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര റെയ്ഡുകളാണ് നടന്നിട്ടുള്ളത്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല: സർ, ക്ലാസ്സുകളിൽ ആബ്സന്റാകുന്ന കുട്ടികളെ കണ്ടെത്തി കൗൺസിലിംഗ് നടത്തി അവരെ തിരികെ സ്കൂളിൽ കൊണ്ടുവരാനുള്ള പദ്ധതിയും ഇതിന്റെ ഭാഗമായിട്ടുണ്ട്. ഈ പരിപാടിയുടെ ഭാഗമായി 9899 റെയ്ഡുകൾ നടക്കുകയും 1736 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 1652 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, മദ്യവും മയക്കുമരുന്നുകളും ഉപയോഗിക്കുന്നത് അപകടകരമാണെന്ന് എല്ലാവർക്കുമറിയാം. ഇതുമായി ബന്ധപ്പെട്ട് സ്കൂൾ - കോളേജ് ക്യാമ്പസുകളിൽ ഇതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്താൻ വിദ്യാഭ്യാസ-ആരോഗ്യ-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ 13-ാം തീയതി തിരുവനന്തപുരം സെന്റ് മേരീസ് സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. കേരളത്തിലെ ഏകദേശം പതിനായിരത്തോളം സ്കൂളുകളിലാണ് ആദ്യപടിയായി ഇത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. 55 ലക്ഷം വിദ്യാർത്ഥികളെ ഇതിൽ ഉൾപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഇതിൽ ആഭ്യന്തര-വിദ്യാഭ്യാസ-ആരോഗ്യവകുപ്പുകൾ, എക്സൈസ്-ട്രാൻസ്പോർട്ട്-ലോക്കൽ സെൽഫ് ഗവൺമെന്റ്, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, രക്ഷകർത്താക്കൾ-അദ്ധ്യാപകർ, കച്ചവടക്കാർ, ടാക്സി-ഓട്ടോ ഡ്രൈവർമാർ, റസിഡന്റ്സ് അസോസിയേഷൻ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയ നിരവധി ഘടകങ്ങളെക്കൂടി ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിന് മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ-സ്കൂളിലെ പ്രധാന അദ്ധ്യാപകൻ ചെയർമാനായിട്ടുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി, ജില്ലാതലത്തിൽ-ജില്ലാ കളക്ടർ മോണിറ്റർ ചെയ്തുകൊണ്ടുള്ള ജില്ലാതല കമ്മിറ്റി, സ്റ്റേറ്റ് തലത്തിൽ - അഡീഷണൽ ചീഫ് സെക്രട്ടറി, ഹോം ആന്റ് വിജിലൻസ് വകുപ്പ് ചെയർമാനായിട്ടുള്ള ഒരു സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി, പീരിയോഡിക്കലായി ഇത് വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തുകൊണ്ട് ഈ പദ്ധതി എഫക്ടീവാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. അച്ചുതനുവേണ്ടി (ശ്രീ ടി. എൻ. പ്രതാപൻ): സർ, ക്ലീൻ ക്യാമ്പസ്-സേഫ് ക്യാമ്പസ് നല്ല ആശയമാണ്. നമ്മുടെ ക്യാമ്പസുകളിലും കാമ്പസ്സിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും അതിനുപുറത്തുള്ള പല പെട്ടിക്കടകളിലെ സാധനങ്ങളിലും മദ്യത്തെക്കാൾ അപകടകരമായ മയക്കുമരുന്നുകൾ വിൽക്കുകയും നമ്മുടെ പുതിയ തലമുറ അതിന് അഡിക്റ്റായിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. പല കുടുംബങ്ങളും തകരുകയാണ്. പല മാതാപിതാക്കളെയും ആത്മഹത്യയിലേക്ക് നയിക്കുന്ന സാഹചര്യം ഉണ്ടാകുകയാണ്. ഇതിന്റെ ഭാഗമായി റെയ്ഡുകൾനടത്തി ആളുകളെ അറസ്റ്റ് ചെയ്ത് അവരുടെ പേരിൽ കേസെടുത്ത് ജാമ്യമില്ലാത്ത രീതിയിലേക്ക്

കൊണ്ടുപോകണം. ചില ആഡംബരഹോട്ടലുകളിൽ പകലും വൈകുന്നേരങ്ങളിലുമായി ഡ്രഗ് പാർട്ടികൾ നടത്തുന്നുണ്ട്. ഉദാഹരണം, കൊച്ചിയിലെയും വയനാട്ടിലെയും ചില ആഡംബരഹോട്ടലുകളിൽ ഡ്രഗ് പാർട്ടിക്കുവേണ്ടി വിദ്യാർത്ഥികളെ, പുതിയ തലമുറയെ മാത്രം ലക്ഷ്യം വച്ചുകൊണ്ട് പ്രത്യേക റൂമുകൾ തയ്യാറാക്കുകയാണ്. അങ്ങനെ ആഡംബരഹോട്ടലുകളിൽ ഡ്രഗ് പാർട്ടികൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പോലീസ് റെയ്ഡ് നടത്തുന്നില്ല. അവിടെ വിദ്യാർത്ഥികളാണ് ഏറ്റവും കൂടുതൽ; അതുകൊണ്ട് ഇത്തരം ഡ്രഗ് പാർട്ടികൾ നടത്തുന്ന ആഡംബരഹോട്ടലുകൾകൂടി റെയ്ഡ് ചെയ്യാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പോലീസിന്റെ നിരീക്ഷണത്തിലുള്ള കാര്യമാണ്. ഞാൻ കൂടുതൽ കാര്യങ്ങൾ വിശദമാക്കാൻ ആഗ്രഹിക്കുന്നില്ല. എൻ.ഡി.പി.എസ്. ആക്ട്, ഓപ്റ്റ് ആക്ട്, എം. വി. ആക്ട്, അബ്കാരി ആക്ട്, ജെ.ജെ. ആക്ട്, ഓസോ തുടങ്ങിയ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കേസ്സുകളെടുക്കുന്നത്. ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി (ശ്രീ. കെ. മുരളീധരൻ) : സർ, ലഹരിപോലെതന്നെ ഇന്ന് വിദ്യാർത്ഥികളെയും ചെറുപ്പക്കാരെയും വഴിതെറ്റിക്കുന്നത് ഫെയ്സ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയകളുടെ ദുരുപയോഗമാണ്. പല വിദ്യാർത്ഥികൾക്കും രാത്രി ഉറക്കംപോലും നഷ്ടപ്പെടുന്നു. ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും സമൂഹത്തെയും ഇത് സാരമായി ബാധിക്കുന്നു. ഈ സ്കീമിൽപ്പെടുത്തി ഇതിനെതിരായിട്ട് ഒരു ബോധവൽക്കരണം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. സോഷ്യൽ മീഡിയയുടെ ദുരുപയോഗത്തിനെതിരായ ഒരു അവബോധം കുട്ടികളിൽ സൃഷ്ടിക്കാൻവേണ്ടിയുള്ള നടപടികൾ ഇതിൽ സ്വീകരിക്കുന്നുണ്ട്. പലതരത്തിലുള്ള ക്രൈംസിനും മയക്കുമരുന്നുകളുടെ ഉപയോഗത്തിനുമൊക്കെ സോഷ്യൽ മീഡിയ അന്താരാഷ്ട്രതലത്തിൽ ഉപയോഗിക്കുന്ന ഏജൻസികൾ നിലവിലുണ്ട്. അവരാണ് ഇത് കുട്ടികളിലേക്കെത്തിക്കുന്നത്. അത് തടയാൻവേണ്ടിയിട്ടുള്ള ശക്തമായ ബോധവൽക്കരണം കൂടി ഇതോടൊപ്പം നടത്തുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, സോഷ്യൽ മീഡിയ അതുപോലെതന്നെ ഡ്രഗ്സ് ഇതെല്ലാം കുട്ടികളിൽ മാത്രമായിട്ട് കോൺസൻട്രേറ്റ് ചെയ്യേണ്ട. കഴിഞ്ഞ തലമുറകളിലുള്ളവരും ഇതിന്റെ ഭാഗമായിട്ടുണ്ട്. കുട്ടികളിലേക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ അവർ രക്ഷപ്പെടുകയാണ് ചെയ്യുന്നത്. സോഷ്യൽ മീഡിയ കുട്ടികൾ മാത്രമല്ല വളരെ റെസ്പെക്റ്റായിട്ടുള്ള ലൈഫ് നയിക്കുന്ന ആളുകളും മിസ്യൂസ് ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. റ്റി. ജോർജ്: സർ, സ്റ്റുഡന്റ്സ് പോലീസിന്റെ പ്രവർത്തനം നമ്മുടെ സ്കൂളുകളിലെ കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും അതുപോലെ തന്നെ മാനസിക സംഘർഷം ഒഴിവാക്കുന്നതിനുമൊക്കെ വളരെ സഹായകരമായിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആ പ്രവർത്തനങ്ങൾ കോളേജ് തലത്തിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; അതുപോലെതന്നെ സ്റ്റുഡന്റ്സ് പോലീസിൽ പ്രവർത്തിക്കുന്ന കുട്ടികൾക്ക് ആഭ്യന്തരവകുപ്പിന്റെ നിയമനങ്ങളിൽ ഒരു ഗ്രേസ് മാർക്ക് നൽകുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എപ്പോഴും ആകർഷകമായ ഒരു പദ്ധതിയാണ്. ഇപ്പോൾ ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും ഇത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിൽ ഗവൺമെന്റ് ചെലവിലും മാനേജ്മെന്റ്, ഐ.സി.എസ്.ഇ., സി.ബി.എസ്.ഇ. സ്കൂളുകളിൽ അവരുടെ ചെലവിലും പോലീസ് ഡിപ്പാർട്ട്മെന്റ് ഈ പദ്ധതി നടപ്പാക്കുകയും ചെയ്യുക എന്നുള്ളതാണുദ്ദേശിക്കുന്നത്. അതനുസരിച്ചുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

## ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്-കള്ള് വ്യവസായം

4 (*304) ശ്രീ. കെ. രാജു:
ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ കള്ള് വ്യവസായത്തെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) ഉണ്ട്.

1. കള്ള് വീര്യം കുറഞ്ഞ ലഹരി പാനീയമായതുകൊണ്ടും കള്ളിനോടൊപ്പം ആഹാരം ലഭ്യമാകുന്നതുകൊണ്ടും കായികമായ

അദ്ധ്യാനത്തിൽ കള്ളിന്റെ ഉപഭോഗം ദോഷകരമാകാൻ ഇടയില്ല എന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ, കള്ളുഷാപ്പുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2. കള്ള് ഷാപ്പുകൾക്ക് കള്ളുചെത്ത് ക്ഷേമനിധി ബോർഡിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചു നൽകുക, കള്ള് ഷാപ്പുകൾ 5 വർഷത്തേക്ക് നൽകുക എന്നീ ആവശ്യങ്ങൾ സർക്കാർ പരിഗണിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

3. നീര ഉത്പാദനം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ ഇത് നടപ്പിലാക്കാവുന്നതാണെന്നും, കള്ളുഷാപ്പുകളിൽ കൂടി മാത്രം നീര വിപണനം ചെയ്യണം എന്ന തൊഴിലാളികളുടെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും നീര അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്നും ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുള്ള മുൻകരുതലുകളോടെ ഒഴിവാക്കേണ്ടതാണെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

4. നിലവിലെ ഗ്രൂപ്പ് സമ്പ്രദായം തുടരുന്നത് അഭികാമ്യമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കള്ള് വ്യവസായ രംഗത്ത് നിലനിൽക്കുന്ന ബിനാമി സമ്പ്രദായം ഒരു പ്രശ്നമായി കാണേണ്ടതില്ലെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. മദ്യ ഉപയോഗം കുറയ്ക്കുകഎന്നത് പ്രാഥമിക ലക്ഷ്യമായി കാണുന്നതിനാൽ അടഞ്ഞ കള്ളുഷാപ്പുകൾ തുറക്കേണ്ടതില്ലെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

6. കള്ളുഷാപ്പുകളുടെ ദൂരപരിധി നിലവിലുള്ള 400 മീറ്ററിൽ നിന്ന് ഇപ്പോൾ വ്യത്യാസപ്പെടുത്തേണ്ടതില്ലെന്നും ആധുനിക രീതിയിൽ കള്ളുഷാപ്പുകൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ ദൂരം കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) സമഗ്ര മദ്യനയം പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് സർക്കാർ നിയോഗിച്ച ഏകാംഗ കമ്മീഷൻ റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രൻ 6-3-2014-ന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ 2-4-2014-ലെ മന്ത്രിസഭാ തീരുമാനമനുസരിച്ച് നികുതിവകുപ്പ് സെക്രട്ടറിയെ ടി ശുപാർശകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയും,

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പ് സെക്രട്ടറി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഈ മേഖലയിലെ തൊഴിലാളി സംഘടനകളുമായി വിശദമായി ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ശ്രീ. കെ. രാജു: സർ, നീരയുടെ വിപണനം വ്യാപകമാക്കാൻ ഉദ്ദേശിക്കുകയാണോ; കടകളിലൂടെ നീര കച്ചവടം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിൽ ആൽക്കഹോളിക് കണ്ടന്റ് എത്ര പെർസെന്റേജാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇത് മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്നതാണോ?

ശ്രീ. കെ. ബാബു: സർ, നീര മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്നില്ലെന്നുമാത്രമല്ല ആരോഗ്യത്തിന് നല്ലതാണെന്നുള്ള അഭിപ്രായങ്ങളും കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് പറയുന്നുണ്ട്. നീര സീറോ ആൽക്കഹോളിക് ആണ്. കേരളത്തിൽ അനവധികാലമായി നീര ചെത്താനനുവദിയ്ക്കണമെന്ന കേരകർഷകരുടെ ആവശ്യമുണ്ടായിരുന്നുവെങ്കിലും ഇപ്പോഴാണ് അത് പരിഹരിച്ചത്. 112 വർഷത്തിനുശേഷം അബ്കാരി ചട്ടങ്ങളിൽ മാറ്റം വരുത്തി നീര റൂൾസിനുകൂടി രൂപം നൽകിയിട്ടുണ്ട്. ആ നീര റൂൾസിന്റെ അടിസ്ഥാനത്തിലാണ് നീര ചെത്താൻ അനുവാദം കൊടുക്കുന്നത്. സംസ്ഥാനത്ത് ചെത്തുതൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുതന്നെ നീര ചെത്തുന്നതിനുള്ള അവസരം സൃഷ്ടിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ചെത്തുതൊഴിലാളികളുടെ ആശങ്കകളകറ്റിക്കൊണ്ട്; ചെത്തുതൊഴിലാളികൾ ലഭ്യമാണെങ്കിൽ അവരെ ഉപയോഗപ്പെടുത്തി നീര ചെത്താൻ ആദ്യം അവർക്ക് ചാൻസ് കൊടുക്കും. അവരില്ലാത്ത സ്ഥലങ്ങളിൽ മറ്റുള്ളവർക്ക് കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് പരിശീലനം നൽകിയ ടെക്നീഷ്യൻസ് നീര ചെത്താനുണ്ടാകും.

ശ്രീ. കെ. രാജു: സർ, ഇപ്പോൾ നീരയുടെ ഉല്പാദനം എവിടെയൊക്കെ ആരംഭിച്ചിട്ടുണ്ടെന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. കെ. ബാബു: സർ, നീര ചെത്തുന്നതിന് എക്സൈസ് ഡിപ്പാർട്ട്മെന്റ് ലൈസൻസ് കൊടുക്കുകയാണ്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 17 ഫെഡറേഷനുകളുടെ ലിസ്റ്റ് കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് തന്നു. അതിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ 1500 തെങ്ങുകൾ ഉള്ളതാണ് ഒരു ഫെഡറേഷൻ. ഇവിടെ കള്ള് വ്യവസായം ഇപ്പോൾ കാര്യമായിട്ട് നടക്കുന്നില്ല. അതുകൊണ്ട് ഇവിടെ രണ്ട് ഫെഡറേഷനുകൾക്ക് വീതവും മറ്റു ജില്ലകളിൽ ഓരോ ഫെഡറേഷനുകൾക്ക് വീതവുമാണ് പരീക്ഷണാടിസ്ഥാനത്തിൽ ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചത്. കൂടുതലായിട്ട് കൊടുക്കാനുള്ള ആവശ്യമുണ്ട്. കൂടുതലായി നീര

LIBRARY ARCHIVES Kerala Legislative Assembly

ചെത്താനുള്ള അനുവാദം കൊടുത്തു. ഇതൊരു പുതിയ സംരംഭമാണ്, അതുകൊണ്ട് പലയിടത്തും ഫാക്ടറികൾ രൂപംകൊണ്ടുവരുന്നുണ്ട്. കണ്ണൂരിൽ ഒരു ഫാക്ടറി അടുത്തകാലത്ത് ആരംഭിച്ചു. കൊല്ലത്ത് കരുനാഗപ്പള്ളിയിൽ ഒരു ഫാക്ടറിക്ക് ആരംഭം കുറിച്ചിട്ടുണ്ട്. അടുത്തകാലത്താണ് ഇതിന്റെ റൂൾസിന് മാറ്റം വരുത്തി നീര ചെത്താൻ അനുവാദം കൊടുക്കാൻ തീരുമാനിച്ചത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളത്തിലെ മദ്യവ്യാപാരവുമായി ബന്ധപ്പെട്ടുകൊണ്ടുണ്ടായിട്ടുള്ള ഉദയഭാനു കമ്മീഷൻ റിപ്പോർട്ടു മുതൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുവരെയുള്ള എല്ലാ റിപ്പോർട്ടുകളിലും മദ്യനിരോധനം എന്നതിനെപ്പറ്റിയല്ല മദ്യവർജ്ജനത്തെപ്പറ്റിയാണ് പറയുന്നത്. അതിലെല്ലാം ഊന്നിപ്പറയുന്ന ഒരു കാര്യം പരമ്പരാഗത വ്യവസായമായ കള്ള് വ്യവസായത്തെ സംരക്ഷിക്കണമെന്നുള്ളതാണ്. എന്നാൽ മാറിമാറി വന്ന ഗവൺമെന്റുകൾക്കൊന്നും കള്ള് വ്യവസായത്തെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി; ഒരു പ്രത്യേകമായ അപ്പെക്സ് ബോഡി രൂപീകരിച്ചുകൊണ്ട് അത് സംരക്ഷിക്കാനാവശ്യമായ; ഇന്ന് ആ മേഖലയിലുണ്ടായിരിക്കുന്ന തകർച്ചയിൽ നിന്ന് രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; 412 ബാറുകൾ അടച്ചുവെന്നത് സത്യമാണ്. പക്ഷെ, ആ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന കള്ള് വ്യവസായത്തെ സംരക്ഷിക്കാനാവശ്യമായ നടപടികൾ കാര്യക്ഷമമായിട്ട് നടത്തുന്നില്ലായെന്നതുകൊണ്ട് അതിന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ബാബു: സർ, കള്ള് വ്യവസായത്തിന് ഒരു തകർച്ച സ്വാഭാവികമായിട്ടുണ്ട്. എന്നാൽ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കള്ള് വ്യവസായത്തെ സംരക്ഷിക്കണമെന്നുള്ള നിലപാടാണ് എന്നും സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ ഉൾപ്പെടെയുള്ള എം.എൽ.എ. മാരും ഈ മേഖലയിലെ തൊഴിലാളിസംഘടനകളും മുന്നോട്ടുവച്ച എല്ലാ നിർദ്ദേശങ്ങളും ഗവൺമെന്റ് വളരെ പോസിറ്റീവായി അംഗീകരിച്ചിട്ടുണ്ട്. അത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കള്ള് വ്യവസായത്തിന്റെ കാര്യത്തിൽ ഇവിടെ സ്വീകരിച്ച നടപടികൾ സൂചിപ്പിക്കുകയുണ്ടായി. നീര അപ്പെക്സ് ബോഡിയുണ്ടാക്കിയതിനെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് ഇവിടെ ചോദിച്ചു. അതുപോലെതന്നെ നീരയുടെ കാര്യത്തിൽ തെങ്ങ്കയറ്റത്തിന് ആളെകിട്ടാത്ത സാഹചര്യത്തിൽ എന്താണ് വരാൻ പോകുന്നതെന്ന് പറയാമോ?

ശ്രീ. കെ. ബാബു: സർ, കള്ള് വ്യവസായം നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമിതാണ്. തെങ്ങ്കയറാൻ ആളെ കിട്ടുന്നില്ല. കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് ഇതിനുവേണ്ടിയൊരു ടെക്നോളജി ഡെവലപ്പ് ചെയ്തിട്ടുണ്ട്. അതുപയോഗിച്ചാണ് ആളുകളെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കടലാക്രമണ ഭീതി

5 (*305) ശ്രീ. എസ്. ശർമ്മ :
ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശനിവാസികൾ കടലാക്രമണംമൂലമുള്ള ദുരന്തത്തിന്റെ ആശങ്കയിൽ കഴിയുകയാണെന്നകാര്യം കണക്കിലെടുത്തിട്ടുണ്ടോ ;

(ബി) മഴക്കാലത്ത് കടലാക്രമണം ഉൾപ്പെടെയുള്ള ഭീഷണികൾ നേരിടേണ്ടിവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കാൻ ഫിഷറീസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) ഉണ്ട്.

(ബി) കടലാക്രമണ ഭീഷണികൾ നേരിടേണ്ടിവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കാനും മാറ്റിപ്പാർപ്പിക്കുന്നതിനുമുള്ള മുൻകരുതൽ നടപടികൾ ഫിഷറീസ് വകുപ്പ്, റവന്യൂ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് തുടങ്ങിയ വകുപ്പുകളുമായി യോജിച്ച് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്.

### വൃക്ഷത്തൈകൾ

6 (*306) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ ലോക പരിസ്ഥിതി ദിനത്തിൽ ഒട്ടാകെ എത്ര വൃക്ഷത്തൈകൾ നടാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) മുൻവർഷങ്ങളിൽ നട്ടുപിടിപ്പിച്ചവയിൽ ഗണ്യമായ ഭാഗവും തുടർപരിപാലനമില്ലാതെ നശിച്ചുപോയ സാഹചര്യം കണക്കിലെടുത്ത് ഉചിതമായ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,



LIBRARY ARCHIVES Kerala Legislative Assembly

(എ) ''ഹരിതശ്രീ'' പദ്ധതിയിലുൾപ്പെടുത്തി 2014-ലെ ലോക പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഹരിത സമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നടാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. " ഒരു മനുഷ്യന് ഒരു മരം" എന്ന പേരിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം വൃക്ഷത്തൈകൾ നടുവാനും, ആയത് ബന്ധപ്പെട്ട വ്യക്തികൾ/സംഘടനകൾ/സ്ഥാപനങ്ങൾ പരിപാലിച്ച് വളർത്തിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഹരിതശ്രീ പദ്ധതി. സൗജന്യമായി തൈകൾ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽനിന്നും വിതരണം ചെയ്യുവാൻ ഉദ്ദേശിച്ചുള്ള ടി പദ്ധതിയിൽ തുടർ പരിപാലനത്തിന് ആവശ്യമായ തുക വകയിരുത്തിയിരുന്നില്ല. ബന്ധപ്പെട്ട വ്യക്തികളുടെ/സ്ഥാപനങ്ങളുടെ കൈവശസ്ഥലത്ത് നട്ടുപിടിപ്പിക്കുന്ന ടി തൈകൾ നശിച്ചുപോകാതിരിക്കാൻ തുടർപരിപാലനം നടത്തേണ്ടത് ബന്ധപ്പെട്ട വ്യക്തിയുടെ/സ്ഥാപനത്തിന്റെ/സംഘടനയുടെ ചുമതലയാണ്. എന്നിരുന്നാലും, തുടർ പരിപാലനം കേന്ദ്രീകരിച്ചുകൊണ്ട് ടി തൈകൾ നശിച്ചു പോകാതെ അതിജീവിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ഓരോ വ്യക്തിയും തൈ നടുവാനും, അത് അതിജീവിക്കുന്നതുവരെ തുടർ പരിപാലനം ഉറപ്പുവരുത്തുവാനും അവരെ പ്രോത്സാഹിപ്പിക്കുന്നതിലേക്കുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

**ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ**

7 (*307) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനും തെളിയിക്കുവാനുമുള്ള കാര്യങ്ങൾ ആധുനികവൽക്കരണത്തിൽ ഉൾപ്പെടുത്തുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

സർ,

(എ&ബി) ക്രൈംബ്രാഞ്ച് വിഭാഗം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 124/2014/ ആഭ്യന്തരം, 17-6-2014 പ്രകാരം 19 പോലീസ് ജില്ലകളിലും നിലവിലുള്ള ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റിനെ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡി.സി.ബി) എന്നായി പുനർനാമകരണം ചെയ്യുകയും ഓരോ ജില്ലയിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രമാദമായ കേസ്സുകൾ അന്വേഷിക്കുന്നതിനും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആക്ഷേപങ്ങൾ ഉയരുന്ന സന്ദർഭത്തിലും അത്തരം കേസുകൾ അന്വേഷിക്കുന്നതിനുമായി അതാത് ജില്ലകളിലെ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിന് ചുമതല നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡി.സി.ബി.) ലേക്ക് ഉള്ള നിയമനത്തിൽ കുറ്റാന്വേഷണ കേസ്സുകളിൽ കഴിവ് തെളിയിച്ചിട്ടുള്ളതും പ്രൊഫഷണൽ മികവുള്ളതുമായ ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കുകയുള്ളൂ. കുട്ടികളും സ്ത്രീകളും ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ വനിതാ പോലീസുകാരുടെ മതിയായ പ്രാതിനിധ്യം ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സംസ്ഥാന ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിന് പുനർഘടന നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽനിന്നും സർക്കാരിന് ശുപാർശ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈംബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ, ക്യാമറ എന്നിവ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനുമായി ക്രൈംബ്രാഞ്ചിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൈബർ പോലീസ് സ്റ്റേഷനുകളിലേക്ക് ഒരു ഡിവൈ.എസ്.പി. യുടെയും 4 ഇൻസ്പെക്ടർ ഓഫ് പോലീസിന്റെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സൈബർ സെല്ലുകളിലേക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 'Password Cracker', മൊബൈൽ ഫോൺ എക്സ്ട്രാക്റ്റർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ് വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങളും കംപ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് ശക്തമാക്കൽ**

8 (*308) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഉപയോഗിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വകുപ്പിൽ എന്തെല്ലാം ശാക്തീകരണ പരിപാടികളും അടിസ്ഥാന സൗകര്യങ്ങളും ഇതിനായി ഒരുക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിനായി നിലവിലുണ്ടായിരുന്ന 17 മൊബൈൽ സ്ക്വാഡുകൾക്കും 4 ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ നിയന്ത്രണത്തിലുള്ള 4 എൻഫോഴ്സ്മെന്റ് ഫ്ളൈയിംഗ് സ്ക്വാഡുകൾക്കും ഗതാഗത കമ്മീഷണറുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ഒരു എൻഫോഴ്സ്മെന്റ് സ്ക്വാഡിനും പുറമെ പുതിയതായി 17 മൊബൈൽ സ്ക്വാഡുകൾ കൂടി രൂപീകരിക്കുകയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. എൻഫോഴ്സ്മെന്റ് നടപടികൾ ഏകോപിപ്പിക്കുന്നത് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആണ്.

(ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തിന് അത്യാധുനിക ഉപകരണങ്ങളായ സ്പീഡ് റഡാറുകൾ, ആൽക്കോ മീറ്ററുകൾ തുടങ്ങിയവ ഘടിപ്പിച്ച 7 ഇന്റർസെപ്റ്ററുകൾ നൽകിയിട്ടുണ്ട്. ഇത് കൂടാതെ 12 ഹാൻഡ് ഹെൽഡ് സ്പീഡ് റഡാറുകളും, രാത്രികാല ചെക്കിങ്ങിന് ബാറ്റനുകളും ജാക്കറ്റുകളും വാങ്ങി നൽകിയിട്ടുണ്ട്.

(സി) അമിത വേഗത്തിലും അശ്രദ്ധമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനായി ചേർത്തല മുതൽ മണ്ണുത്തിവരെ കേരള റോഡ് സേഫ്റ്റി

അതോറിറ്റിയുടെ സഹകരണത്തോടെ ക്യാമറ സ്ഥാപിച്ചുകഴിഞ്ഞു. രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കിയത്. ആദ്യഘട്ടത്തിൽ ചേർത്തല മുതൽ എറണാകുളം വരെയും രണ്ടാം ഘട്ടത്തിൽ എറണാകുളം മുതൽ മണ്ണുത്തി വരെയും. എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലാണ് ഇതിന്റെ കൺട്രോൾ റൂം സ്ഥാപിച്ചിട്ടുള്ളത്.

ഈ പ്രോജക്ടിന്റെ തുടർച്ചയായി മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ ക്യാമറ സ്ഥാപിക്കുന്നതിനുള്ള കരാർ കെൽട്രോണിനു നൽകിക്കഴിഞ്ഞു. ഇതിന്റെ ജോലികൾ അന്തിമഘട്ടത്തിലാണ്.

കൂടാതെ സംസ്ഥാനത്തെ 2013-14 വാർഷിക പദ്ധതി വിഹിതത്തിന്റെ ഭാഗമായി 73.28 ലക്ഷം രൂപ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി കൺട്രോൾ റൂമുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

കൂടാതെ ഓട്ടോമേഷൻ ഓഫ് എൻഫോഴ്സ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്തുള്ള 3 സ്ഥലങ്ങളിൽ (ടെക്നോ പാർക്ക് ജംഗ്ഷൻ, ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, കവടിയാർ ജംഗ്ഷൻ) ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരത്തുള്ള രണ്ട് സ്ഥലങ്ങളിലും കോഴിക്കോടും, എറണാകുളത്തും, 5 വീതം സ്ഥലങ്ങളിലും പദ്ധതി നടപ്പാക്കുന്നതിനുള്ള ജോലികൾ അവസാന ഘട്ടത്തിലാണ്.

(ഡി) സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് 2013-ലെ അപകടങ്ങളുടെ എണ്ണം 2012-ലേതിനേക്കാൾ കുറഞ്ഞിട്ടുണ്ട്. കൂടാതെ മരിച്ചവരുടെ എണ്ണത്തിലും കുറവു വന്നിട്ടുണ്ട്. മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുക, ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റു ചെയ്യുക, ലൈസൻസ് റദ്ദു ചെയ്യുക തുടങ്ങിയ നടപടികളിൽക്കൂടി നിയമ ലംഘനങ്ങൾ തടയുന്നതിനും വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരികയാണ്. എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ പ്രോജക്ട് ഇക്കാര്യത്തിൽ വളരെ പ്രയോജനകരമാണ്.

## കോൾഡ് ചെയിൻ പദ്ധതി

9 (*309) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പുവരുത്തുന്നതിന് കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള ശീതീകരണ ശൃംഖലാ സംവിധാനം ഏർപ്പെടുത്തുന്നതിനായി 75 ശതമാനം കേന്ദ്രസഹായത്തോടെ 360 ലക്ഷം രൂപ അടങ്കൽ തുക വരുന്ന "ഫ്രഷ് ഫിഷ് ടു ആൾ" പദ്ധതി നടപ്പിലാക്കിവരുന്നു. 15 ഇൻസുലേറ്റഡ് ട്രക്കുകൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ 200 ഇരുചക്ര വാഹനങ്ങൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടി 50 ഓട്ടോറിക്ഷകൾ എന്നിവ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 6 ഇൻസുലേറ്റഡ് ട്രക്കുകൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പദ്ധതി പ്രകാരമുള്ള ബാക്കി ഇൻസുലേറ്റഡ് ട്രക്കുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഇരുചക്ര വാഹനത്തിനായി 200 ഗുണഭോക്താക്കളെയും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഓട്ടോറിക്ഷയ്ക്കായി 50 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു കഴിഞ്ഞു. ഇതിൽ ഗുണഭോക്തൃവിഹിതം അടച്ച 130 പേർക്ക് ഇരുചക്രവാഹനവും 17 പേർക്ക് ഓട്ടോറിക്ഷയും വിതരണം ചെയ്തു കഴിഞ്ഞു. പദ്ധതി പ്രകാരം ബാക്കിയുള്ള ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള പച്ച മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കാൻ മത്സ്യഫെഡ് നിലവിൽ 7 മത്സ്യവിൽപ്പന ശാലകൾ നടത്തുന്നുണ്ട്.

(ബി) പിടിച്ചെടുത്ത മത്സ്യത്തെ കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള ശീതീകരണ ശൃംഖലാസംവിധാനം ഏർപ്പെടുത്തുകവഴി മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കോൾഡ് ചെയിൻ പദ്ധതി. ആയതിനായി 100 കോടി രൂപയുടെ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഫിഷ് ലാന്റിംഗ് സെന്ററുകളിലും ഹാർബറുകളിലും മാർക്കറ്റുകളിലും കോൾഡ് സ്റ്റോറേജുകളും ചിൽഡ് റൂം സംവിധാനവും ഐസ് പ്ലാന്റിന്റെ നിർമ്മാണവും

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ഇൻസുലേറ്റഡ് ട്രക്കുകളും ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച 200 ഇരുചക്ര വാഹനങ്ങളും 100 ഓട്ടോറിക്ഷയും പദ്ധതിയിലൂടെ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. അഴീക്കൽ മത്സ്യബന്ധന തുറമുഖത്ത് 40 ടൺ ബ്ലോക്ക് ഐസ് പ്ലാന്റ്, 40 ടൺ ഐസ് സ്റ്റോർ റൂം, 10 ടൺ ചില്ഡ് റൂം എന്നിവയ്ക്കായി 269.50 ലക്ഷം രൂപയുടെ ഭരണാനുമതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കാൻ കഴിയും.

(ഡി) പദ്ധതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**പെരിയാർ പറമ്പിക്കുളം ടൈഗർ റിസർവ്വുകളുടെ പരിപാലനം**

10 (*310) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വന്യജീവി സംരക്ഷണ മേഖലയിൽ 2014–15 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം ഈ മേഖലയിൽ പ്രത്യേകിച്ച് പെരിയാർ, പറമ്പിക്കുളം ടൈഗർ റിസർവ്വുകളുടെ പരിപാലനത്തിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ മേഖലയിൽ 13–ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം പ്ലാൻ ഇനത്തിൽ നീക്കിവച്ചിരുന്ന തുകയിൽ കുറവുവരികയുണ്ടായോ ; ഇത് എപ്രകാരമാണ് പരിഹരിക്കുക ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പെരിയാർ, പറമ്പിക്കുളം ടൈഗർ റിസർവ്വുകളുടെ ബൗണ്ടറി അവസാനമായി നിശ്ചയിച്ചത് ഏതു കാലയളവിലാണ് ; ഇത് പുനർനിശ്ചയിക്കുന്നതിന് പദ്ധതിയുണ്ടോ ; വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും, ടൈഗർ റിസർവ്വുകളുടെയും സംരക്ഷണത്തിനായി 50 ശതമാനം

കേന്ദ്ര സഹായ പദ്ധതികളും, 4 എലിഫന്റ് റിസർവ്വുകളുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് പദ്ധതിയും, നീലഗിരി അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വുകളുടെ പരിപാലനത്തിനായുള്ള പദ്ധതിയും 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്നു. കൂടാതെ ജൈവ വൈവിധ്യ സംരക്ഷണവും മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികളും സംസ്ഥാന പദ്ധതികളായും നടപ്പിലാക്കിവരുന്നു.

(ബി) 50 ശതമാനം കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 6875.95 ലക്ഷം രൂപയുടെയും വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി 10 കോടി രൂപയുടെ അധിക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും ടൈഗർ റിസർവ്വുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, വന്യജീവികളുടെ നിരീക്ഷണവും ഗവേഷണവും, പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാരപ്രവർത്തനങ്ങൾ, ആശ്രിത സമൂഹങ്ങളുടെ സംയോജിത വികസനം, പരിസ്ഥിതി വികസനം, പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ഇവയാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) തുകയിൽ കുറവു വന്നിട്ടില്ല.

(ഡി) പറമ്പിക്കുളം ടൈഗർ റിസർവ്വ് അവസാനമായി അതിർത്തി നിർണ്ണയിച്ച് ഉത്തരവായത് 16-12-2009-ലാണ്. ടൈഗർ റിസർവ്വിന്റെ നിലവിലുള്ള വിസ്തൃതി 390.890 ച.കി.മീറ്റർ. അത് ഉൾപ്പെടെ ആകെ വിസ്തൃതി 430.76 ച.കി. മീറ്ററായി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

പെരിയാർ ടൈഗർ റിസർവ്വിൽ അവസാനമായി അതിർത്തി നിർണ്ണയിച്ച് ഉത്തരവായത് 6-4-2011-നാണ്. ഗൂഡ്രിക്കൽ റെയിഞ്ചിൽ നിന്നും കൂട്ടിച്ചേർത്ത 148 ച.കി.മീറ്റർ പ്രദേശംകൂടി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.

**മത്സ്യത്തൊഴിലാളികൾക്ക് മൺസൂൺ പ്രത്യേക ആനുകൂല്യങ്ങൾ**

11 (*311) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളി മേഖലകളിൽ മൺസൂൺകാലത്ത് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനും ഇത്തരം മേഖലകളിൽ ആരോഗ്യ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം പ്രദേശങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മദ്യപാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽനിന്നും ഇവരെ മുക്തരാക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം ഗുണഭോക്തൃ വിഹിതവും കേന്ദ്ര സംസ്ഥാന വിഹിതവും ഉൾപ്പെടെ 1,800 രൂപ മൺസൂൺ കാലത്ത് വിതരണം ചെയ്തുവരുന്നു. കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും (ഉൾനാടൻ ഉൾപ്പെടെ) തണൽ പദ്ധതി പ്രകാരം 1,350 രൂപ ധനസഹായം നൽകുന്നുണ്ട്. ആരോഗ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രത്യേക പദ്ധതികളൊന്നും ഫിഷറീസ് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. ഉൾനാടൻ മേഖലയിലുള്ള മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കുന്നതിന് മത്സ്യഫെഡ്, ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് എന്നീ ഏജൻസികൾ മുഖേന സെമിനാറുകളും ബോധവത്ക്കരണ ക്യാമ്പുകളും നടത്തിവരുന്നു.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രത്യേകിച്ച് വേമ്പനാട് കായലിന്റെ തീരത്ത് വസിക്കുന്ന ഏതാണ്ട് 280 മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിനായി സാഫ് മുഖേന സ്നേഹതീരം പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. പദ്ധതിക്ക് 1.89 കോടി രൂപ ചെലവ് വരുന്നതാണ്. വനിതാ സ്വയംസഹായ സംഘങ്ങൾ നടത്തിവരുന്ന ചെറുകിട വ്യവസായങ്ങൾക്ക് വാണിജ്യ ബാങ്കുകൾ മുഖേന ക്രെഡിറ്റ് നൽകാനും സാങ്കേതിക സഹായം നൽകാനും ആവശ്യാനുസരണം തൊഴിൽ നൈപുണ്യത്തിനുള്ള പരിശീലനം, സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകാനുമാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. കൂടാതെ ഉൾനാടൻ സംഘങ്ങളിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മൈക്രോഫിനാൻസ് വഴിയുള്ള ലോണുകൾ മത്സ്യഫെഡ്വഴി വിതരണം നടത്തുന്നുണ്ട്. കൂടാതെ മദ്യപാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽനിന്നും മുക്തരാക്കുന്നതിന് വകുപ്പുവഴിയും ക്ഷേമനിധി ബോർഡ് വഴിയും നിരവധി ബോധവത്കരണ ക്യാമ്പുകൾ നടത്തിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

**പോലീസ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സംവിധാനം**

12 (*312) ശ്രീ. കെ. എം. ഷാജി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും, വിവരങ്ങൾ ഉന്നതാധികാരികൾക്ക് റിപ്പോർട്ട് ചെയ്യാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബ്ലേഡ്, ഗുണ്ടാമാഫിയയ്ക്ക് കൂട്ടുനിൽക്കുന്ന ഒരു വിഭാഗം പോലീസ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധപ്രവർത്തനങ്ങളെക്കുറിച്ച് നിരീക്ഷണ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിവുൾപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ നിയമം അനുശാസിക്കുന്ന കർശന നടപടി സ്വീകരിക്കുമോ ; അവരെക്കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) ഇല്ല.

(ബി&സി) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ നിയമവിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ ആ വിവരം നിരീക്ഷണ വിഭാഗം ബന്ധപ്പെട്ട അധികാരികൾക്ക് നൽകാറുണ്ട്. പ്രസ്തുത ഇന്റലിജൻസ് ഇൻപുട്ടുകൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. കുറ്റക്കാരാണെന്ന് അന്വേഷണത്തിൽ കണ്ടെത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യത**

13 (*313) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തുനിന്നും കൃത്യസമയത്ത് പെൻഷൻ കൊടുത്തു തീർക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പെൻഷൻ നല്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് നേരിട്ട് ഏറ്റെടുക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 78 കോടി രൂപയാണ്. കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് പെൻഷൻ വിതരണവുമായി ബന്ധപ്പെട്ടതാണ്. ഇത്തരത്തിൽ കോർപ്പറേഷന് പ്രതിവർഷം 480 കോടി രൂപ ചെലവഴിക്കേണ്ടതായുണ്ട്.

ഗുരുതരമായ സാമ്പത്തിക സ്ഥിതി പരിഗണിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് ഉചിതവും സാധ്യവുമായ സാമ്പത്തിക സഹായം സർക്കാർ നൽകിവരുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 59 കോടി രൂപയും വായ്പയിനത്തിൽ 125 കോടി രൂപയുമാണ് ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിരുന്നത്. ഈ തുക കൂടാതെ, അധിക സാമ്പത്തിക സഹായമായി 300 കോടി രൂപ (മുന്നൂറു കോടി രൂപ മാത്രം) കെ.എസ്.ആർ.ടി.സി.-ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ നൽകുകയുണ്ടായി.

2014-15 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച 150 കോടി രൂപയിൽനിന്നും 55 കോടി രൂപ ഇതിനകം തന്നെ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതു കൂടാതെ, 50 കോടി രൂപ പെൻഷൻ വിതരണത്തിനായി റിലീസ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. മേൽ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാധ്യത പൂർണ്ണമായും നേരിട്ട് ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിന് നടപ്പാക്കാൻ അനുമതി നൽകിയിട്ടുള്ള പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പെൻഷൻ വിതരണത്തിനായി തുക കണ്ടെത്തുന്നതിന്റെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നടപടി**

14 (*314) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കണമെന്ന് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണ് അത്തരം ഒരു നിർദ്ദേശം ലഭിക്കാനിടയായതെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത നിർദ്ദേശം എന്നാണ് ലഭിച്ചത് ; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) അതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര കേന്ദ്ര സംഘങ്ങൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് ; പ്രസ്തുത സംഘങ്ങളുടെ വിലയിരുത്തൽ എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ&ബി) സംസ്ഥാനത്തെ അനാഥാലയങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കണമെന്ന് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ നിർദ്ദേശം ആഭ്യന്തര വകുപ്പിലോ സാമൂഹ്യനീതി വകുപ്പിലോ ലഭിച്ചതായി കാണുന്നില്ല.

(സി) ബാധകമല്ല.

**ഭരണഭാഷ മാതൃഭാഷ**

15 (*315) ശ്രീ. റ്റി. എൻ. പ്രതാപൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. റ്റി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം നിർബന്ധമായും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടംഘട്ടമായി 73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഔദ്യോഗിക ഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്ത സെക്രട്ടേറിയറ്റ് വകുപ്പുകൾ സെക്രട്ടേറിയറ്റിതര വകുപ്പുകൾ സ്വയംഭരണ-പൊതുമേഖല-സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽക്കൂടി ഔദ്യോഗികഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സെക്രട്ടേറിയറ്റ്/സെക്രട്ടേറിയറ്റിതര വകുപ്പുകൾ, സ്വയംഭരണ-പൊതുമേഖല-സഹകരണ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

(സി&ഡി) ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ൽ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് നിലവിലുണ്ട്.

## എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

16 (*316) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) പരിശീലനത്തിനായി മൊഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(ബി) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ ബേസിക് ട്രെയിനിംഗും, എക്സൈസ് ഡ്രൈവർമാരുടെ പരിശീലനവും നടന്നുവരുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും അഞ്ച് ദിവസം വീതം ദൈർഘ്യമുള്ള ഇൻ-സർവ്വീസ് പരിശീലനം വിവിധ വിഷയങ്ങളിൽ നടത്തിവരുന്നുണ്ട്. ഇതോടൊപ്പം വകുപ്പിൽ പുതുതായി നിയമനം ലഭിച്ച വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് പ്രാഥമിക പരിശീലനം നൽകുന്നതിനുള്ള തയ്യാറെടുപ്പുകൾ ത്വരിതഗതിയിൽ നടത്തിവരികയാണ്. എക്സൈസ് അക്കാദമിയിൽ ആയുധപരിശീലനം നൽകുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമനം ലഭിക്കുന്ന) എന്നീ തസ്തികയിലുള്ളവരുടെ പ്രാഥമിക പരിശീലനം നടത്തിവരുന്നത് നിലവിൽ കേരള പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും വെച്ചാണ്.

(സി) പരിശീലനത്തിനായി മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 പ്രവൃത്തി ദിവസം നൽകുന്ന പരിശീലനത്തിൽ ഔട്ട്ഡോർ, ഇൻഡോർ വിഷയങ്ങൾക്ക് പുറമെ നീന്തൽ, കമ്പ്യൂട്ടർ, ജംഗിൾ ട്രെയിനിംഗ് എന്നിവയും ഉൾപ്പെടുന്നു. ഔട്ട്ഡോർ വിഷയത്തിന് നീക്കിവച്ചിട്ടുള്ള 540 പീരിയഡുകളിൽ പ്രധാനമായും ഫിസിക്കൽ ട്രെയിനിംഗിന് 68 പിരീഡും, ഡ്രിൽ വിത്തൗട്ട് ആംസിന് 178 പിരീഡും, ലാത്തി പരിശീലനത്തിന് 72 പിരീഡും, ക്രോസ് കൺട്രി റേയ്സിന് 6 പിരീഡും, ശ്രമദാനത്തിന് 28 പിരീഡും, റോഡ് വാക്ക് & റൺസിന്

LIBRARY ARCHIVES Kerala Legislative Assembly

7 പിരീഡും നീക്കിവച്ചിട്ടുള്ളതാണ്. ഡ്രൈവിംഗ്, നീന്തൽ പരിശീലനത്തിന് 30 പിരീഡുകൾ നീക്കിവച്ചിരിക്കുന്നു.

ഇൻഡോർ വിഷയങ്ങളിൽ ആകെയുള്ള 360 പിരീഡുകളിൽ അബ്കാരി, എൻ.ഡി.പി.എസ്., സംബന്ധമായ കേസുകൾ കണ്ടെത്തി അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിന് 82 പിരീഡും, അബ്കാരി ആക്ടിന് 64 പിരീഡും, എൻ.ഡി.പി.എസ്. ആക്ടിന് 12 പിരീഡും, എം.&റ്റി.പി. ആക്ടിന് 16 പിരീഡും, ബ്രുവറി റൂൾസ്, ഡിസ്റ്റിലറി & വെയർഹൗസ് റൂൾസ്, വൈനറി റൂൾസ്, ലിക്വർ ട്രാൻസിറ്റ് റൂൾസ്, റെക്ടിഫൈഡ് സ്പിരിറ്റ് റൂൾസ്, അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസ്, അബ്കാരി ഡിസ്പോസൽ ഓഫ് കോൺഫിസ്ക്കേറ്റഡ് ആർട്ടിക്കിൾസ് റൂൾസ്, ഫോറിൻ ലിക്വർ റൂൾസ്, കൊച്ചിൻ മാസ് വൈൻ റൂൾസ് മുതലായ നിയമങ്ങൾക്ക് 58 പിരീഡുകളും കൂടാതെ എക്സൈസ് മാനുവൽ, എക്സൈസ് ഇന്റലിജൻസ്, എക്സൈസ് റെയ്ഡ് എന്നീ വിഷയങ്ങളിൽ 20 പിരീഡുകളും നീക്കിവച്ചിരിക്കുന്നു. മേൽ വിഷയങ്ങൾ കൂടാതെ സി.ആർ.പി.സി., ഐ.പി.സി., എവിഡൻസ് ആക്ട്, വിവരാവകാശ നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം, വ്യക്തിത്വ വികസനം, പ്രാഥമിക ശുശ്രൂഷ, മനുഷ്യാവകാശ നിയമം, സ്ട്രെസ്സ് മാനേജ്മെന്റ്, ദേശീയഗാനം, ദേശീയ പതാക, കെ.എസ്.ആർ., ട്രഷറി കോഡ്, എം.ഒ.പി. മുതലായ വിഷയങ്ങളിലും പരിശീലനം നൽകിവരുന്നുണ്ട്.

എക്സൈസ് ഡ്രൈവർമാരുടെ 3 മാസ പരിശീലന കാലയളവിൽ എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ നിയമങ്ങളും ചട്ടങ്ങളും വകുപ്പു വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പരിപാലനം, ലോഗ്ബുക്ക്, ട്രിപ്പ്ഷീറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള പരിചയം, ട്രാഫിക് നിയമങ്ങൾ, റോഡ് സുരക്ഷ, ദേശീയ പതാക, മനുഷ്യാവകാശ നിയമം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ്‌വർക്ക് സിസ്റ്റം

17 (*317) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്, ദേശീയ പദ്ധതിയായ ക്രിമിനൽ ട്രാക്കിംഗ് ആൻഡ് നെറ്റ്‌വർക്ക് സിസ്റ്റം നിലവിൽ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കാമോ ;

(സി) സംസ്ഥാനത്ത് പ്രസ്തുത ദേശീയ പദ്ധതി എങ്ങനെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) സംസ്ഥാനത്ത് ക്രൈം ക്രിമിനൽ ട്രാക്കിംഗ്നെറ്റ് വർക്ക് സിസ്റ്റം (CCTNS) നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, എറണാകുളം റൂറൽ, മലപ്പുറം, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ 7 പോലീസ് ജില്ലകളിലെ 172 പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ജില്ലകളിൽ ഉടൻതന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്വർക്കിലൂടെ ബന്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതോടെ രാജ്യത്തെ വിവിധ പോലീസ് ഓഫീസുകൾക്ക് ഈ നെറ്റ് വർക്കിലൂടെ ബന്ധപ്പെട്ട് കേസുകളുടെ അന്വേഷണം വളരെ എളുപ്പത്തിൽ നടത്താൻ സാധിക്കും. സംസ്ഥാനാന്തര കുറ്റകൃത്യങ്ങൾ, മയക്കുമരുന്ന് മാഫിയ, മനുഷ്യകടത്ത് തുടങ്ങിയ കാര്യങ്ങളിൽ അന്യ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ ഇതിലൂടെ സാധിക്കും.

(സി) നിലവിൽ 7 പോലീസ് ജില്ലകളിലാണ് CCTNS നടപ്പിലാക്കിയിട്ടുള്ളത്. ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലേക്കും പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതിക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, യു.പി.എസ്., ഡിജിറ്റൽ ക്യാമറകൾ, ഇലക്ട്രോണിക് പെൻ, നെറ്റ് വർക്കിംഗ് സംബന്ധമായ ഉപകരണങ്ങൾ, ഡാറ്റാ സെന്റർ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, എയർ കണ്ടീഷനറുകൾ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ പഴയ എഫ്.ഐ.ആർ.കൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും ഈ പദ്ധതിക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. CCTNS ആപ്ലിക്കേഷനിൽ വിവിധ മോഡ്യൂളുകളുണ്ട്. ഇതിൽ ജനറൽ ഡയറി, എഫ്.ഐ.ആർ എന്നീ മോഡ്യൂളുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് മോഡ്യൂളുകളായ Investigation, Prosecution എന്നിവ ഉടൻ നടപ്പിൽ വരുത്തുന്നതാണ്.

(ഡി) രാജ്യത്തെ 14000-ൽപ്പരം പോലീസ് സ്റ്റേഷനുകളെയും, 6000-ൽപ്പരം മറ്റ് ഇതര പോലീസ് ഓഫീസുകളെയും സംസ്ഥാന തലത്തിലുള്ള ഡാറ്റാസെന്റർ, ദേശീയ ഡാറ്റാ സെന്റർ എന്നിവവഴി ബന്ധിപ്പിക്കുന്നതിന് വിഭാവനംചെയ്യുന്ന പദ്ധതിയാണ് CCTNS. കേരളത്തിന്റെ ഡാറ്റാസെന്റർ തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സാമൂഹ്യവിരുദ്ധ പ്രവർത്തന നിരോധന നിയമം

18 (*318) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുപ്രവർത്തകരെയും ജനകീയ സമരങ്ങളിൽ ഏർപ്പെടുന്നവരെയും പോലീസ് സാമൂഹ്യവിരുദ്ധ പ്രവർത്തന നിരോധന നിയമത്തിന്റെ പരിധിയിൽകൊണ്ടുവരുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമം ദുർവ്യാഖ്യാനിച്ച് പൊതുപ്രവർത്തകരെ പോലീസ് നാടുകടത്തിയതായി രേഖപ്പെടുത്തിക്കൊണ്ട് ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരമുള്ള ഏതെങ്കിലും ഉത്തരവ് കാപ്പ അഡ്വൈസറി ബോർഡിന് റദ്ദുചെയ്യേണ്ടിവന്നിട്ടുണ്ടോ ;

(ഡി) അഡ്വൈസറി ബോർഡിനോ കേരള ഹൈക്കോടതിക്കോ റദ്ദ് ചെയ്യേണ്ടിവന്നതായ, പോലീസ് അധികൃതർ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവുകൾ ഏതൊക്കെയാണ് ;

(ഇ) രാഷ്ട്രീയപ്രേരിതമായും വൈരാഗ്യപൂർവ്വമായും നിയമം ദുരുപയോഗം ചെയ്യുന്നുവെങ്കിൽ ആയത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) ഇത്തരം ചില ആക്ഷേപങ്ങൾ/പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 3 (1) പ്രകാരം കരുതൽ തടങ്കൽ ഉത്തരവും വകുപ്പ് 15(1) പ്രകാരം സഞ്ചാര നിയന്ത്രണ ഉത്തരവും പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കുമ്പോൾ ഭരണഘടനയിലെ രക്ഷാവ്യവസ്ഥകളും (safeguards) മറ്റ് സ്റ്റാറ്റ്യൂട്ടറി നടപടിക്രമങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ സർക്കാർ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്.

(സി&ഡി) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം അറിയപ്പെടുന്ന റൗഡി ആയോ അറിയപ്പെടുന്ന ഗുണ്ടയായോ കണക്കാക്കാവുന്ന ആളുകൾക്കെതിരെ നിയമാനുസൃതമായി മാത്രമാണ് കരുതൽ തടങ്കൽ, സഞ്ചാര നിയന്ത്രണ ഉത്തരവ് എന്നിവ പുറപ്പെടുവിക്കുന്നത്.

നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ നിയമം ദുർവ്യാഖ്യാനം ചെയ്തോ പൊതുപ്രവർത്തകർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ അത്തരം ഉത്തരവുകൾ റദ്ദ് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. കാലതാമസമുണ്ടായതിനാലും നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന കാരണത്താലും മറ്റുമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും അഡ്വൈസറി ബോർഡും ഉത്തരവുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടുള്ളത്.

(ഇ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നത് ടി നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടും ഭരണഘടനയിലെ രക്ഷാവ്യവസ്ഥകൾ പരിരക്ഷിച്ചുകൊണ്ടും ആയിരിക്കണമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ സർക്കാർ വിവിധ സമയങ്ങളിൽ ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയിട്ടുണ്ട്. മാത്രമല്ല ഈ നിയമത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, ഭരണഘടനാനുസൃതമായി രൂപീകൃതമായിട്ടുള്ളതും റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായുമുള്ള ഉപദേശക ബോർഡിന്റെ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാണ്. ഉത്തരവ് പുറപ്പെടുവിച്ചതിന് മതിയായ കാരണങ്ങളുണ്ടെന്ന് ഉപദേശക ബോർഡ് അഭിപ്രായപ്പെടുന്ന കേസ്സുകളിൽ മാത്രമാണ് ഉത്തരവ് സ്ഥിരീകരിക്കാൻ കഴിയുന്നത്. ആയതിനാൽ രാഷ്ട്രീയ പ്രേരിതമായും വൈരാഗ്യപൂർവ്വമായും നിയമം ദുരുപയോഗം ചെയ്യാനുള്ള സാധ്യതയില്ല.

## സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

16 (*316) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) കൗൺസിലിന്റെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇന്നൊവേഷൻ കൗൺസിലിന്റെ പ്രവർത്തനരീതി വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ് :

1. നവീനമായ ആശയങ്ങൾ വളർത്തിയെടുക്കുവാൻ സംസ്ഥാന സർക്കാരിനെ സഹായിക്കുക.

2. യുവപ്രതിഭകളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനും പ്രാദേശിക തലത്തിൽ കോളേജുകളും, യൂണിവേഴ്സിറ്റികളും



LIBRARY ARCHIVES Kerala Legislative Assembly

സമാഹരിക്കുന്നതിനും, ഇടത്തരം ചെറുകിട വ്യവസായങ്ങളും, ഗവേഷണ വികസന സമാപനങ്ങളും ആരംഭിക്കുന്നതിന് വേണ്ട പ്രോത്സാഹനവും നൽകുക.

3. നൂതന ആശയങ്ങളെ സംസ്ഥാനത്ത് നിലവിലുള്ള അവസരങ്ങളുമായി അനുബന്ധിപ്പിക്കുക.

4. നവീന ആശയങ്ങളും, സംരംഭങ്ങളും കണ്ടെത്തി അവ ആവിഷ്കരിച്ചവർക്ക് അർഹമായ പാരിതോഷികങ്ങൾ നൽകുകയും, അതു സംബന്ധിച്ച വിജയ ചരിത്രം പ്രചരിപ്പിക്കുകയും ചെയ്യുക.

5. നൂതന ആശയങ്ങൾക്കായി സെമിനാറുകൾ, പ്രഭാഷണങ്ങൾ, പരിശീലന കളരികൾ എന്നിവ സംഘടിപ്പിക്കുകയും പഠനത്തിനായി സ്റ്റേറ്റ് ഇന്നൊവേഷൻ പോർട്ടൽ സൃഷ്ടിക്കുകയും ചെയ്യുക.

6. നൂതനമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുവാൻ വേണ്ട സഹായം ചെയ്യുക.

7. അടുത്ത 10 വർഷ കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കാവുന്ന നൂതന ആശയങ്ങൾ സംബന്ധിച്ചും, സംരംഭങ്ങൾ സംബന്ധിച്ചുമുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും അതിലേക്കായി കരുതൽ മൂലധനം സംഘടിപ്പിക്കുകയും ചെയ്യുക.

(ബി) കേരളത്തിലെ മുൻ ചീഫ് സെക്രട്ടറി, ശ്രീ. കെ. ജോസ് സിറിയക് ചെയർമാനായി സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൗൺസിൽ അംഗങ്ങളെ നിയമിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) ഇന്നൊവേഷൻ കൗൺസിലിലേക്ക് ഉന്നത സർക്കാർ ഉദ്യോഗസ്ഥരേയും വ്യവസായ പ്രമുഖരേയും കൂടാതെ വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരെയും പ്രശസ്തി നേടിയിട്ടുള്ളവരെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഉത്പാദനം, വിദ്യാഭ്യാസം, വിവര സാങ്കേതികം, ടൂറിസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രമുഖരെ ഈ കൗൺസിലിൽ ഉൾപ്പെടുത്തി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

## കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുവാൻ കഴിഞ്ഞ പദ്ധതികൾ

20 (*320) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള പ്രമുഖ ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ സർക്കാർ വിജയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ഘട്ടങ്ങളിലായി ഉന്നയിച്ച ആവശ്യങ്ങളും കൈവരിച്ച നേട്ടങ്ങളും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സമർപ്പിച്ചിട്ടുള്ളതിൽ ഇപ്പോഴും പരിഗണിക്കപ്പെട്ടിട്ടില്ലാത്ത ആവശ്യങ്ങൾ എന്തെല്ലാമാണ് ;

(ഡി) അവ നേടിയെടുക്കാൻ പുതിയ കേന്ദ്രസർക്കാരിനെ സമീപിക്കുകയുണ്ടായോ ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണ് ; അവയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു ; വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ,

(എ-സി) സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നത്. സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവ പൂർണ്ണമായ സമീപനമാണ് മുൻ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. സംസ്ഥാനം ഉന്നയിച്ച പുതിയ പദ്ധതികൾ അടക്കമുള്ള എല്ലാ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കൊച്ചി മെട്രോ റെയിൽ പദ്ധതി, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻ കടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ.-മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായിച്ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd., SCL- ഉം SAIL മായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തുനിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർഫോഴ്സിന്റെ പഴയ വിമാനം അനുവദിക്കുന്നതിന് നടപടി, ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ പ്രഥമ കൂടിക്കാഴ്ചയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുവാൻ അവസരമുണ്ടായില്ലെങ്കിലും സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ പൂർണ്ണ സഹായം അഭ്യർത്ഥിക്കുകയുണ്ടായി. പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിന്റെ മുന്നോടിയായി 27-6-2014-ന് ചേരുന്ന കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ യോഗത്തിൽ ഉയർന്നുവരുന്ന അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ എത്രയുംവേഗം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) കേന്ദ്ര സർക്കാർ അനുവദിച്ച മിക്ക പദ്ധതികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചി-മെട്രോ റെയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണി തുടങ്ങുകയും കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവർ പ്ലാന്റ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും, KSIDC, GAIL-ഉമായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം 'KERALA GAIL Gas Limited Company' ഉണ്ടാക്കുകയും, ഗ്യാസ് പൈപ്പ്ലൈൻവഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ Pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്.

## ജയിലുകളിൽ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ വസ്തുക്കൾ

21 (*321) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളോടനുബന്ധിച്ചുള്ള ഭക്ഷ്യവസ്തുക്കളുടെ ഉത്പാദന യൂണിറ്റുകൾ നിർത്തലാക്കാൻ നടക്കുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിപണിയിൽ പ്രിയമായി മാറിയിരിക്കുന്ന ചപ്പാത്തി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം ശാസ്ത്രീയവും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സംരംഭങ്ങളിലൂടെയുള്ള ജയിലുകളുടെ വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ; ആദ്യവർഷത്തെ ലാഭം എത്ര കോടിയായിരുന്നു ; ഇപ്പോൾ എത്ര ; വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജയിലുകളിൽ നിർമ്മിച്ച് വില്പന നടത്തിവരുന്ന ചപ്പാത്തി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ നൂതന ഉപകരണങ്ങൾ ഉപയോഗിച്ചാണ് നിർമ്മിച്ചുവരുന്നത്.

(സി) ചപ്പാത്തി ഉൾപ്പെടെയുള്ള ഭക്ഷ്യ വിഭവങ്ങളിൽനിന്നുള്ള വരുമാനം വർഷംതിരിച്ച് ചുവടെ ചേർക്കുന്നു :

| വർഷം | ചപ്പാത്തി ഉൾപ്പെടെയുള്ള ഭക്ഷണ ഉത്പന്നങ്ങളിൽ നിന്നുള്ള ലാഭം (രൂപ) |
|---|---|
| 2011-12 | 38,49,874 |
| 2012-13 | 2,24,89,612 |
| 2013-14 | 4,56,93,594 |
| 2014-15, 2014 മെയ് 31 വരെ | 84,97,233 |

## സ്കൂൾ കുട്ടികളുടെ യാത്രാസുരക്ഷ

22 (* 322) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. എ. ബേബി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളുടെ വാഹനയാത്ര സുരക്ഷിതമാക്കാൻ നടപടി സ്വീകരിക്കുമോ ; അശ്രദ്ധമൂലമുണ്ടാകാവുന്ന അപകടഭീതി നിലനില്ക്കുന്നതായി അറിയാമോ ;

(ബി) സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം, സഞ്ചാരക്ഷമത, ഡ്രൈവർമാരുടെ കാര്യശേഷി തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(സി) നിയമലംഘനങ്ങളും അപകടങ്ങളും ആവർത്തിക്കാതിരിക്കാൻ സ്കൂൾ വർഷാരംഭത്തിൽതന്നെ ശക്തമായ നടപടി സ്വീകരിക്കാമോ ;

(ഡി) ആട്ടോറിക്ഷകളിലും ജീപ്പുകളിലും മറ്റ് സ്വകാര്യവാഹനങ്ങളിലും കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നതായ സ്ഥിതിവിശേഷം ഇപ്പോഴും നിലനില്ക്കുന്നതായി അറിയാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) സ്വീകരിച്ചിട്ടുണ്ട്; ഇല്ല.

(ബി) സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം, സഞ്ചാരക്ഷമത എന്നിവ വാർഷികമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുമ്പോൾ ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ ബസുകളുടെ ഡ്രൈവർമാർക്ക് കേരള മോട്ടോർ വാഹന ചട്ടം അനുശാസിക്കുന്ന യോഗ്യതകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

**സിവിൽ സർവ്വീസ് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി**

23 (* 323) ശ്രീ. ജി. സുധാകരൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ :
ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് രംഗത്ത് സ്വീകരിക്കാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഭരണ സംവിധാനത്തിലും പ്രവർത്തന രീതിയിലും വന്നു ചേർന്നിട്ടുള്ള ദൗർബല്യങ്ങളും വീഴ്ചകളും എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ ; ഇതിനിടയായ കാരണങ്ങളെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ ;

(സി) സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ നിർദ്ദേശം എന്തായിരുന്നു ; ഇവ അംഗീകരിച്ചിട്ടുണ്ടോ ; ഇതിന് മുൻപായി ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായോ ; വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 5-5-2014-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 107/14/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു സിവിൽ സർവ്വീസ് ബോർഡ് സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കുവേണ്ടി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാന സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണത്തിന്റെ സാധ്യതാ പഠനത്തിനായി ഒരു കമ്മിറ്റി 24-9-2013-ലെ സ.ഉ.(സാധാ.) നമ്പർ 7725/13/പൊ.ഭ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണസംവിധാനത്തിലും പ്രവർത്തന രീതിയിലും ദൗർബല്യങ്ങളും വീഴ്ചകളും വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച് നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. അതിൽ സർക്കാർ തീരുമാനമായിട്ടില്ല.

## എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ

24 (*324) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തെരഞ്ഞെടുത്ത ഇനങ്ങളിൽ പ്രതിഭയുള്ള കായികതാരങ്ങളെ രാജ്യാന്തര നിലവാരത്തിൽ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സെന്ററിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ഉണ്ട്. 2012-13 വർഷത്തിൽ ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള 14 വയസ്സിനു മുകളിൽ പ്രായമുള്ള കായികതാരങ്ങളെ ഉൾപ്പെടുത്തി എൽ.എൻ.സി.പി.ഇ.-യിൽ എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 100 മീറ്റർ, 200 മീറ്റർ, 400 മീറ്റർ, 800 മീറ്റർ, 1500 മീറ്റർ, ലോംഗ് ജമ്പ്, ട്രിപ്പിൾ ജമ്പ് എന്നീ ഇനങ്ങളിലാണ് കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നത്.

(ബി) കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ മത്സരങ്ങളിൽ മെഡൽ നേടുന്ന നിലവാരത്തിൽ വളർത്തിയെടുക്കുക എന്നതാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ടി സ്കീമിന്റെ ഭാഗമായി 11 കായികതാരങ്ങളെ തെരഞ്ഞെടുക്കുകയും, അവർക്ക് എൽ.എൻ.സി.പി.ഇ. കാര്യവട്ടം സെന്ററിൽ പരിശീലനം നൽകിവരികയും ചെയ്യുന്നു.

(സി) മികച്ച രീതിയിലുള്ള താമസം, ഭക്ഷണം, പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, ഇന്ത്യയിലെ ഏറ്റവും മികച്ച പരിശീലകന്റെ

സേവനം എന്നിവ ഉൾപ്പെടെ ഏറ്റവും ആധുനികമായതും അന്തർദ്ദേശീയ നിലവാരത്തിലുള്ളതുമായ കായിക സൗകര്യങ്ങളും, പരിശീലനവും ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും ഈ പദ്ധതിപ്രകാരം കായിക താരങ്ങൾക്ക് ലഭ്യമാകും.

(ഡി) എലൈറ്റ് അത്‍ലറ്റിക് ട്രെയിനിംഗ് സെന്റർ പദ്ധതി 2014-15 സാമ്പത്തികവർഷവും തുടരുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻ പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് അത്‍ലറ്റിക് ട്രെയിനിംഗ് പദ്ധതിയിലേക്ക് (EATC) കായികതാരങ്ങളെ തെരഞ്ഞെടുക്കുന്ന തിലേക്കായി ഏപ്രിൽ 24-ാം തീയതി തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽവച്ച് സെലക്ഷൻ ട്രയൽസ് നടത്തുകയും 9 കായികതാരങ്ങളെ പരിശീലനത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പരിശീലന പദ്ധതി ജൂൺ ആദ്യവാരം കാര്യവട്ടം എൽ.എൻ.സി.പി.ഇ സെന്ററിൽ ആരംഭിച്ചിട്ടുണ്ട്.

**ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ**

25 *(325) ശ്രീ. ജോസഫ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽനിന്ന് ജനങ്ങൾക്ക് എത്രയും വേഗം സേവനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) റിപ്പോർട്ടുകൾ താഴെത്തട്ടിൽനിന്ന് സെക്രട്ടേറിയറ്റിലും വകുപ്പുമേധാവികൾക്കും ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ കമ്പ്യൂട്ടറിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി എത്രയുംവേഗം റിപ്പോർട്ടുകൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രത്യേക അവാർഡുകളും പാരിതോഷികങ്ങളും നൽകുന്നത് പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ&ബി) സർക്കാർ ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് എത്രയും വേഗം, സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. പൊതു ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിലേക്ക് കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2012 നവംബർ ഒന്നാം തീയതി നിലവിൽവന്നു. സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം വഴി ഈ നിയമം നടപ്പിലാക്കിവരുന്നു. സർക്കാരിൽ നിന്നും എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യമോ ആശ്വാസമോ തേടുന്ന ജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ കേൾക്കപ്പെടുവാനുള്ള അവകാശം (റൈറ്റ് ടു ഹിയറിംഗ്) വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേരള സർവ്വീസ് റൂൾസ് പ്രകാരം സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് എൻട്രി, ഇൻസെന്റീവ് അവാർഡ്, അഡ്വാൻസ് ഇൻക്രിമെന്റ് കൂടാതെ ഭരണ ഭാഷാ പുരസ്കാരങ്ങൾ തുടങ്ങിയ അവാർഡുകളും പാരിതോഷികങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.

**മൈക്ക് ഉപയോഗിക്കുന്നതിന് നിയന്ത്രണം**

26 (*326) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുപരിപാടികൾക്ക് മൈക്ക് ഉപയോഗിക്കുന്നതിന് പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; നിയന്ത്രണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) മൈക്ക് പെർമിഷനുള്ള ഫീസ് നിരക്കിൽ എത്ര ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട് ;

(സി) പൊതുപരിപാടികളെ കടുത്ത വ്യവസ്ഥകളും കൂടിയ ഫീസും ചുമത്തിക്കൊണ്ട് നിയന്ത്രിക്കുന്നതിന്റെ പിന്നിലെ ഉദ്ദേശ്യമെന്താണെന്ന് വെളിപ്പെടുത്തുമോ ; ആരുടെ ശുപാർശയിന്മേലാണ് ഇത്തരമൊരു തീരുമാനം എടുത്തിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(ബി)

| ക്രമ നമ്പർ | ഇനം | പഴയ നിരക്ക് (രൂപ) | പുതിയ നിരക്ക് (രൂപ) | ശതമാനം |
|---|---|---|---|---|
| 1 | മൈക്ക് ലൈസൻസ് ഫീസ് (15 ദിവസം) | 55 | 300 | 445.45% |
| 2 | മൈക്ക് അനൗൺസ്മെന്റ് (15 ദിവസം) | 55 | 500 | 809.09% |
| 3 | മൈക്ക് അനൗൺസ്മെന്റ് (സംസ്ഥാനത്തൊട്ടാകെ ഒരു വാഹനത്തിന് 15 ദിവസം) | 220 | 3000 | 1263.63% |



LIBRARY ARCHIVES Kerala Legislative Assembly

(സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് 8 വർഷത്തോളമായി പുതുക്കാതിരുന്ന വിവിധ ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുള്ളത്.

## ടൂറിസ്റ്റ് ബോട്ട് സർവ്വീസ്

27 (*327) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പ്, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസ്റ്റ് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടോ ; എവിടെയൊക്കെയാണ് സർവ്വീസ് നടത്തുന്നത് ;

(ബി) എത്ര രൂപയാണ് ഓരോരുത്തരിൽനിന്നും ടിക്കറ്റ് ചാർജ്ജായി ഈടാക്കുന്നത് ; എന്തൊക്കെ സേവനങ്ങളാണ് യാത്രക്കാർക്ക് നൽകിവരുന്നത് ;

(സി) കൂടുതൽ സ്ഥലങ്ങളിൽ ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ നടത്താൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ഉണ്ട്. സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി അപ്പർ ഡെക്ക് സംവിധാനമുള്ള രണ്ട് ലക്ഷ്വറി ബോട്ടുകൾ ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. ഇതു കൂടാതെ 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് പാസഞ്ചർ-കം-ടൂറിസ്റ്റ് ഡബിൾ ഡക്കർ ബോട്ടുകൾ 'സീ-കുട്ടനാട്' എന്ന പേരിൽ ആലപ്പുഴ-കുട്ടനാട് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു.

(ബി) ആലപ്പുഴ-കൊല്ലം ടൂറിസ്റ്റ് ബോട്ടിൽ ആലപ്പുഴ മുതൽ കൊല്ലം വരെ 400 രൂപയും സീ-കുട്ടനാട് ടൂറിസ്റ്റ് ബോട്ടുകളിൽ ലോവർ ഡെക്കിൽ ആലപ്പുഴ മുതൽ കൈനകരി റോഡ് വരെ 15 രൂപയും, അപ്പർ ഡെക്കിൽ ആലപ്പുഴ മുതൽ കൈനകരി റോഡ് വരെ 40 രൂപയും ഈടാക്കിവരുന്നു. സഞ്ചാരികൾക്ക് കായൽ സൗന്ദര്യം ആസ്വദിക്കുവാനും ബോട്ടിൽ ഉല്ലാസയാത്ര നടത്തുവാനും ഉദ്ദേശിച്ചാണ് വകുപ്പ് ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ നടത്തുന്നത്. കൂടാതെ യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ ലഘു ഭക്ഷണ സാധനങ്ങൾ ലഭിക്കുന്നതിനുള്ള ക്രമീകരണം സീ-കുട്ടനാട് ബോട്ടുകളിൽ ഏർപ്പെടുത്തിവരുന്നു.

(സി) ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ കൂടുതൽ ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനായി സാധ്യതാ പഠനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം

28 (*328) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നല്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ സി.ആർ.പി.സി. പ്രകാരം എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദവിവരങ്ങൾ നല്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ&ബി) ഉണ്ട്. Cr.P.C (Amendment) Act, 2008 (No. 5 of 2009) പ്രകാരം 31-12-2009-ൽ പ്രാബല്യത്തിൽ വന്ന Cr. P.C. സെക്ഷൻ 357-A വിഭാവനം ചെയ്ത Victim Compensation Scheme-2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 24-2-2014 തീയതിയിലെ സ.ഉ.(കൈയെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.

ഒരു ക്ഷേമ പദ്ധതി എന്ന നിലയിലാണ് സർക്കാർ പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നത്. കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ ആശ്രിതർക്ക്, കുറ്റകൃത്യത്തിന്റെ പരിണിതഫലമായി നഷ്ടം/പരിക്ക് സംഭവിക്കുകയും, അവർക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായുള്ള ഫണ്ട് താഴെ കാണിച്ചിരിക്കുന്ന മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

1. വാർഷിക ബഡ്ജറ്റിൽ വകയിരുത്തപ്പെടുന്ന തുക
2. Cr. P.C സെക്ഷൻ 357 അനുസരിച്ച് പിഴ ഇനത്തിൽ ഈടാക്കുന്ന തുക
3. സംഘടനകളിൽനിന്നും, വ്യക്തികളിൽനിന്നും, ദേശീയവും അന്തർദ്ദേശീയവുമായ ചാരിറ്റബിൾ സൊസൈറ്റികളിൽനിന്നും ലഭിക്കുന്ന സംഭാവനകളും പിരിവുകളും.

LIBRARY ARCHIVES Kerala Legislative Assembly

ഈ സ്കീമിന്റെ നിയന്ത്രണവും ഭരണവും ഒപ്പം പുരോഗതി വിലയിരുത്തുന്നതിനുമായി ആഭ്യന്തര വകുപ്പിനെയാണ് 'Nodal Department' ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അനുമതി 'Member Secretary, Kerala State Legal Services Authority'യ്ക്കാണ് നൽകിയിരിക്കുന്നത്.

(സി) പ്രസ്തുത സ്കീമിലൂടെ നൽകാനുദ്ദേശിക്കുന്ന നഷ്ട പരിഹാര തുകയെ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ടി പദ്ധതിയുടെ നടത്തിപ്പിനായി തുക കണ്ടെത്തേണ്ടതിലേക്ക് 2014-15 വർഷത്തിലെ ഉപധനാഭ്യർത്ഥനയുടെ ഫസ്റ്റ് ബാച്ചിൽ ഒരു കോടി രൂപ അനുവദിച്ച് നൽകുന്നതിലേക്കുള്ള ശുപാർശ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിച്ചുവരുന്നു.

### സാമൂഹ്യ വനവൽക്കരണ പദ്ധതി

**29 (*329) ശ്രീ. എം. ഉമ്മർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവനവത്ക്കരണ മേഖലയിൽ ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വച്ചുപിടിപ്പിച്ച ചെടികളുടെ അതിജീവനം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവയ്ക്ക് പകരം പുതിയ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇത്തരം ചെടികളുടെ തുടർപരിപാലനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഇ) ഇത്തരം പദ്ധതികൾക്ക് കഴിഞ്ഞവർഷം ലഭിച്ച കേന്ദ്രസഹായം എത്രയാണ് ; അതിന്റെ വിനിയോഗം എത്രയാണ് ; വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) സാമൂഹ്യ വനവൽക്കരണ മേഖലയിൽ ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

(i) ഹരിതശ്രീ പദ്ധതി :

പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി (Participatory Environment Action Plan-PEAP) പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കൊല്ലം മുതൽ "ഹരിതശ്രീ" പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

"ഒരു മനുഷ്യന് ഒരു മരം" എന്ന സംരംഭം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ഓരോ വ്യക്തിയും ഒരു മരമെങ്കിലും നടുന്നതും, തുടർന്ന് അതിനെ പരിപാലിച്ച് അതിജീവനം ഉറപ്പുവരുത്തുന്നതും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇക്കൊല്ലത്തെ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് 10.30 മുതൽ 11.30 വരെയുള്ള ഹരിത സമയത്ത് 19.55 ലക്ഷം വൃക്ഷത്തൈകൾ നട്ടുകൊണ്ടുള്ള "ഹരിതശ്രീ" -2014 പദ്ധതി വമ്പിച്ച ജനശ്രദ്ധ നേടി. 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, ഇക്കാര്യത്തിൽ അഭൂതപൂർവ്വമായ ജനപിന്തുണ ലഭ്യമായതിനെത്തുടർന്ന്, ലക്ഷ്യമിട്ടതിന്റെ ഇരട്ടിയോളം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. "ഹരിതശ്രീ" എന്നതിനെ തുടർന്ന് സ്ഥാപനവൽക്കരിക്കുവാൻ സാമൂഹ്യവനവൽക്കരണ വിഭാഗം ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ ഹരിതാഭ വർദ്ധിപ്പിച്ചും, ജൈവവൈവിധ്യം പരിപോഷിപ്പിച്ചും, ആവാസ വ്യവസ്ഥ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്ത് അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന ഹരിതശ്രീ യൂണിറ്റുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്.

(ii) വനദീപ്തി പദ്ധതി:

നിലവിൽ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീ വിദേശീയ വൃക്ഷങ്ങളുള്ള തോട്ടങ്ങൾ മുറിച്ചുമാറ്റുമ്പോൾ ടി സ്ഥലത്ത് തദ്ദേശീയ ഫല-ഔഷധ-വിവിധയിനം വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതിയാണ് വനദീപ്തി പദ്ധതി. പുനലൂർ ഡിവിഷനിൽ പത്തുപറ എന്ന സ്ഥലത്തും, തിരുവനന്തപുരം ഡിവിഷനിൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്തും ഈ പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടുണ്ട്.

(iii) അർബൻ ഫോറസ്ട്രി:

"ഹരിതനഗരം" എന്ന പുതിയ പദ്ധതിയിലൂടെ വിവിധ ഏജൻസികളുടെ സഹായത്തോടെ തലസ്ഥാന നഗരത്തെ ഹരിതനഗരമാക്കുന്ന ഒരു പുതിയ പദ്ധതി 2014-ൽ ആരംഭിച്ചിട്ടുണ്ട്. നഗരത്തിലെ വിവിധ സ്ഥാപനങ്ങളിലും, തെരഞ്ഞെടുക്കപ്പെട്ട റോഡുകളിലും, സ്ഥല സൗകര്യമുള്ള എല്ലാ വീടുകളിലും വൃക്ഷം വച്ചുപിടിപ്പിച്ച് നഗരത്തെ ഹരിതാഭമാക്കുന്ന ഈ പദ്ധതി 2014 ജൂൺ മാസം മുതൽ തുടക്കം കുറിച്ചിട്ടുണ്ട്. ഇതുകൂടാതെ, തിരുവനന്തപുരം നഗരത്തിൽ ശാസ്തമംഗലം മുതൽ വെള്ളയമ്പലം വരെയും, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട റോഡുകളിലും നഗര വൃക്ഷവൽക്കരണ പരിപാടികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം-കോടിമത റോഡിൽ ഇതിനായുള്ള പ്രാരംഭനടപടികളും സ്വീകരിച്ചിട്ടുണ്ട്.

(iv) കർഷകർക്കുള്ള വൃക്ഷംവളർത്തൽ പ്രോത്സാഹന ധനസഹായ പദ്ധതി:

സംസ്ഥാനത്തെ തടിയുടെ ലഭ്യതയിൽ സ്വയംപര്യാപ്തമാക്കുക എന്നത് ലക്ഷ്യമിട്ട് കൈവശ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സ്വന്തം ഉടമകൾക്ക് ധനസഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 17-2-2012-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർറ്റി.) 99/2012/വനം, 29-9-2012-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർറ്റി.) 486/2012/വനം എന്നിവ പ്രകാരം ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായ പദ്ധതി. നിർദ്ദിഷ്ട പത്തിനം വൃക്ഷങ്ങൾ നട്ടുപരിപാലിക്കുന്ന കർഷകർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു വൃക്ഷത്തിന് 50 രൂപ കണക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ബി) മേൽപ്പറഞ്ഞവയിൽ ഹരിതശ്രീ, വനദീപ്തി, അർബൻ ഫോറസ്ട്രി എന്നീ 3 പദ്ധതികൾ മുഖേന മാത്രമേ തൈകൾ വച്ചുപിടിപ്പിക്കുന്നുള്ളൂ. ഹരിതശ്രീ പദ്ധതി ഈ മാസം നടപ്പിലാക്കി തുടങ്ങിയതേയുള്ളൂ. തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട ഹരിതനഗരം പദ്ധതിയും നടപ്പാക്കാനാരംഭിച്ചിട്ടേയുള്ളൂ. ഇവയുമായി ബന്ധപ്പെട്ട അതിജീവനം കണക്കാക്കുന്നതിലേക്കുള്ള പരിശോധന മൂന്നുമാസത്തോളം കഴിഞ്ഞാണ് നടത്തുവാനുദ്ദേശിക്കുന്നത്. മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ അർബൻ ഫോറസ്ട്രി പദ്ധതിയുടെയും അതിജീവനം കണക്കാക്കിയിട്ടുണ്ട്. വനദീപ്തി പദ്ധതിയിലുള്ള അതിജീവനം സംബന്ധിച്ച പരിശോധന വനം വകുപ്പ് നേരിട്ട് നടത്തിവരുന്നുണ്ട്.

(സി) മുൻ വർഷങ്ങളിൽ നടപ്പാക്കിയ അർബൻ ഫോറസ്ട്രി, വനദീപ്തി പദ്ധതി എന്നിവയിലെ നശിച്ചുപോയ തൈകൾക്ക് പകരം പോക്കു തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ മാസം നടപ്പാക്കാനാരംഭിച്ച ഹരിതനഗരം പദ്ധതിയിലെ പോക്കുതൈകൾക്കു പകരം തൈകൾ വച്ചുപിടിപ്പിക്കുവാൻ നടപടികളെടുക്കുന്നതാണ്. ഹരിതശ്രീ പദ്ധതിയിലെ പോക്കുതൈകൾ കണക്കെടുപ്പ് നടത്തിയശേഷം സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കൈവശത്തിൽ ലഭ്യമായ ബാക്കി തൈകളുടെ അടിസ്ഥാനത്തിൽ പകരം തൈകൾ വച്ചുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) ഹരിതശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി തൈകൾ നടുക മാത്രമല്ല, വൃക്ഷത്തൈകളുടെ തുടർ പരിപാലനവും അതിജീവനവും ഉറപ്പാക്കുന്നതിലേക്കായി ബന്ധപ്പെട്ട സ്കൂൾ അധികൃതർ, വിദ്യാർത്ഥികൾ, വിദ്യാർത്ഥി സംഘടനകൾ, കുടുംബശ്രീ മറ്റ് സന്നദ്ധ സംഘടനകൾ, മത സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, വ്യക്തികൾ, മറ്റ് ബന്ധപ്പെട്ടവർ എന്നിവരെ പ്രോത്സാഹിപ്പിച്ച് തൈകളുടെ അതിജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനദീപ്തി, ഹരിതനഗരം, അർബൻ ഫോറസ്ട്രി എന്നിങ്ങനെ വനം വകുപ്പ് നേരിട്ടു നടപ്പാക്കുന്ന പദ്ധതികളിൽ ചെടികളുടെ തുടർ പരിപാലനം വനം വകുപ്പ് നേരിട്ടുതന്നെ നടത്തിവരുന്നുണ്ട്.

(ഇ) കഴിഞ്ഞ വർഷം മേൽപ്പറഞ്ഞ പദ്ധതികൾക്കായി കേന്ദ്ര സഹായമൊന്നും ഉപയോഗപ്പെടുത്തിയിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## സൈബർ കുറ്റകൃത്യങ്ങൾ വിദ്യാർത്ഥി ബോധവൽക്കരണം

**30 (*330)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസുത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം :

(സി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ, ജനമൈത്രി പോലീസ് പദ്ധതി തുടങ്ങിയ വയിലൂടെ ഇക്കാര്യത്തിൽ സെമിനാറുകളും ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നത്.

(സി) മൊബൈൽ ഫോൺ ദുരുപയോഗം, വ്യാജ പ്രൊഫൈൽ ഉപയോഗം, ഇന്റർനെറ്റ് തട്ടിപ്പ്, എ.റ്റി.എം. തട്ടിപ്പ് തുടങ്ങിയ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലം സമൂഹത്തിലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചുമുള്ള ബോധവൽക്കരണ പരിപാടികളാണ് കുട്ടികൾക്കായി സംഘടിപ്പിച്ചിട്ടുള്ളത്. ഇതിനായി ജില്ലാതലങ്ങളിലും, സ്കൂൾ- കോളേജുകൾ കേന്ദ്രീകരിച്ചും സെമിനാറുകളും, ശിൽപ്പശാലകളും നടത്തുന്നുണ്ട്.

(ഡി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് പദ്ധതി എന്നിവയുടെ പ്രവർത്തനം വ്യാപിപ്പിച്ച് ശക്തിപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## (ii) നക്ഷത്രചിഹ്നമിടാത്തചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിസിൽ ബ്ലോവർ സംവിധാനം

1 (3290) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതികളെക്കുറിച്ച് മുഖ്യമന്ത്രിക്ക് ഓൺലൈനിൽ പരാതി നൽകുന്നതിനായി ഏർപ്പെടുത്തിയ 'വിസിൽ ബ്ലോവർ സംവിധാനം' എന്നാണ് ആരംഭിച്ചത് ;

(ബി) ഈ സംവിധാനം ആരംഭിച്ചതുമുതൽ ഇതുവരെയുള്ള ഓരോ വർഷവും ഇതുവഴി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പരാതികളിൽ അന്വേഷണം പൂർത്തിയായവ എത്ര ; ഇപ്പോഴും അന്വേഷണം നടക്കുന്നവ എത്ര ; യാതൊരു അന്വേഷണനടപടിയും സ്വീകരിക്കാത്തവ എത്ര ; വിശദമാക്കുമോ ;

(ഡി) അന്വേഷണം പൂർത്തിയായ എത്ര പരാതികളിൽ ഉന്നയിക്കപ്പെട്ട അഴിമതി നടന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഇ) നിലവിൽ ഈ സംവിധാനം പ്രവർത്തനക്ഷമമാണോ ; ഇതു സംബന്ധിച്ച സൂചനകളും ലിങ്കുകളും മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ ഇപ്പോഴും പ്രദർശിപ്പിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിസിൽ ബ്ലോവർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മുൻ ചീഫ് സെക്രട്ടറി ശ്രീ. മോഹൻകുമാർ ചെയർമാനായി സമിതി റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(ബി) പരാതി സ്വീകരിക്കുന്നതിനും മേൽ നടപടികൾ സ്വീകരിക്കുന്നതിനും വിപുലമായ സംവിധാനം ഒരുക്കേണ്ടതുണ്ട്. അത് നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷം മാത്രമേ ഈ സംവിധാനത്തിലൂടെ പരാതികൾ സ്വീകരിച്ചു തുടങ്ങുകയുള്ളൂ.

(സി-ഇ) ബാധകമല്ല.

### മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന വകുപ്പുകളിലെ ധനവിനിയോഗം

2 (3291) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട് 2013-14-ലെ ബജറ്റിൽ നിർദ്ദേശിച്ചിരുന്ന പരിപാടികൾക്കായി ഉൾക്കൊള്ളിച്ച തുക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തുക ഉപയോഗിച്ച് നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ട പരിപാടികൾ ഏതെല്ലാം ; അവ ഓരോന്നിനും വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

**പൊതുഭരണ വകുപ്പ്**

(എ&ബി) പൊതുഭരണ വകുപ്പിലെ വിവിധ സെക്ഷനുകൾക്കായി വകയിരുത്തിയിരുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്

2013-14 സാമ്പത്തിക വർഷത്തിൽ വിവിധ ശീർഷകങ്ങളിലായി നോൺ പ്ലാൻ ഇനത്തിൽ 9,78,57,000 രൂപയും പ്ലാൻ ഇനത്തിൽ 10 ലക്ഷം രൂപയും സൈനിക ക്ഷേമ വകുപ്പിനായി വകയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വിമുക്ത ഭടന്മാരുടെ പുനരധിവാസത്തിനും മറ്റുമുള്ള സ്പെഷ്യൽ സർവ്വീസ് ഫണ്ടിലേക്ക് അംശദാനമായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 30 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം (സ്കോളർഷിപ്പ്) നൽകുന്നതിനായി 2235-60-200-94 എന്ന ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 75 ലക്ഷം രൂപയിൽ 68,58,000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുവേണ്ടി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 1,34,93,000 രൂപയിൽ 1,17,25,250 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ജില്ലാ ഓഫീസുകളിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുവേണ്ടി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 4,17,73,000 രൂപയിൽ 4,21,60,974 രൂപ വിനിയോഗിച്ചിട്ടുണ്ട്.

സൈനിക കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി രാജ്യ സൈനിക ബോർഡിന് ധനസഹായം നൽകുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 30 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

അവശതയനുഭവിക്കുന്ന രണ്ടാം ലോകമഹായുദ്ധ സേനാനികൾക്ക് പ്രതിമാസം 1,500 രൂപ നിരക്കിലും അവരുടെ വിധവകൾക്ക് പ്രതിമാസം 750 രൂപ നിരക്കിലും ധനസഹായം നൽകുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ 2,50,00,000 രൂപ വകയിരുത്തിയിരുന്നെങ്കിലും 2,54,39,006 രൂപ വിനിയോഗിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രയ്ക്ക് അർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ്, മറ്റു ചെലവുകൾ എന്നിവ നൽകുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ 34,40,000 രൂപ വകയിരുത്തിയിരുന്നെങ്കിലും 70,53,525 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ടെറിട്ടോറിയൽ സേനയിൽ മെഡൽ/കീർത്തിമുദ്ര എന്നിവയ്ക്ക് അർഹരായ ടെറിട്ടോറിയൽ സേനാംഗങ്ങളുടെ ആശ്രിതർക്കുള്ള ക്യാഷ് അവാർഡ്, മറ്റ് ചെലവുകൾ എന്നിവ നൽകുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 1,50,000 രൂപയിൽ മതിയായ അപേക്ഷകരില്ലാത്തതിനാൽ 1,45,000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിൽ യുദ്ധ സ്മാരകം നിർമ്മിക്കുന്നതിനുള്ള ഗ്രാന്റിനായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 1,000 രൂപ ചെലവഴിച്ചിട്ടില്ല.

സർവ്വീസിലിരിക്കെ അംഗഭംഗം സംഭവിച്ച് പിരിച്ചുവിട്ട ഭടന്മാർക്കും സർവ്വീസിലിരിക്കെ മരണമടഞ്ഞ ഭടന്മാരുടെ ആശ്രിതർക്കും സ്വന്തമായി വീട് നിർമ്മിക്കുന്നതിന് 1 ലക്ഷം രൂപ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിക്കായി നോൺ പ്ലാൻ ഇനത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും 7,30,000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

വിമുക്ത ഭടന്മാർക്കും വിധവകൾക്കും വേണ്ടിയുള്ള പുനരധിവാസ പരിശീലനത്തിനായി പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

2. പൊതുഭരണ (സ്പെഷ്യൽ - എ) വകുപ്പ്

2013-14 ബഡ്ജറ്റിൽ '2070-00-003-99 ഐ.എ.എസ് പ്രൊബേഷണർമാരുടെ പരിശീലനം' എന്ന ശീർഷകത്തിൽ അനുവദിച്ച 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

3. പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ - ബി) വകുപ്പ്

2-10-2013 മുതൽ പ്രവർത്തിച്ചുവരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക കേന്ദ്രത്തിനായി '2013-00-800-99' കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് എന്ന ശീർഷകത്തിൽ 19,98,301 രൂപ ചെലവഴിച്ചിട്ടുണ്ട്.

4. പൊതുഭരണ (അക്കൗണ്ട്സ്- എ) വകുപ്പ്

ഈ വകുപ്പിനായി 2013-14 ബഡ്ജറ്റിൽ പരിപാടികൾക്കായി തുകയൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പൊതുഭരണ വകുപ്പിന് കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാന വിവരാവകാശ കമ്മീഷൻ

2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പദ്ധതിയേതര ഇനത്തിൽ 2052-00-092-88 എന്ന ശീർഷകത്തിൽ ആകെ 4,16,82,000 രൂപ അനുവദിച്ചിരുന്നു. ഇതിൽ 2,94,74,181 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ

2013-14 സാമ്പത്തിക വർഷത്തിൽ കേരളാ സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ ചുവടെ ചേർക്കുംപ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ മൂലധന നിക്ഷേപ സഹായമായി ലഭിച്ച 5 കോടി രൂപ ഒഴിച്ചുള്ള തുക വിനിയോഗിച്ചിട്ടുണ്ട്.

സ്കോളർഷിപ്പ് സ്കീം - 300 ലക്ഷം

കോച്ചിംഗ് സ്കീം - 100 ലക്ഷം

ഡാറ്റാബാങ്ക് രൂപീകരണം-50 ലക്ഷം

ഓപ്പറേഷൻ കോസ്റ്റ് - 50 ലക്ഷം

മൂലധന സഹായം - 500 ലക്ഷം

**ഇലക്ഷൻ വകുപ്പ്**

ഇലക്ഷൻ വകുപ്പിനെ സംബന്ധിച്ച് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രത്യേക പരിപാടികൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല.

**ആഭ്യന്തര (സി) വകുപ്പ്**

2013-14-ലെ ബഡ്ജറ്റ് നിർദ്ദേശം 379 ആയ ചങ്ങനാശ്ശേരി കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 1 കോടി രൂപ വകയിരുത്തിയിരുന്നു. ടി നിർമ്മാണ പ്രവർത്തനത്തിന് ഭരണാനുമതി നൽകുന്നതിനായുള്ള ശുപാർശ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

2013-14 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് "2075-00-800-40 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന (NP)" എന്ന ശീർഷകത്തിൽ 130 കോടി രൂപയാണ് അനുവദിച്ചത്. പ്രസ്തുത തുക പൂർണ്ണമായും ടി സാമ്പത്തിക വർഷംതന്നെ ധനസഹായ വിതരണത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ (ഇന്റർ സ്റ്റേറ്റ് വാട്ടർ സെൽ) വകുപ്പ്

കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജല കാര്യങ്ങളുമായി ബന്ധപ്പെട്ട് 2013-14-ൽ 2,76,94,000 രൂപ അനുവദിച്ചിരുന്നു. ഇതു കൂടാതെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്ന ഇന്റർ സ്റ്റേറ്റ് വാട്ടർ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 2052-00-090-88 എന്ന ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിലായി 30,04,000 രൂപ അനുവദിച്ചിട്ടുണ്ട്.

അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് അനുവദിച്ച 2,76,94,000 രൂപയിൽ കേസ്സുകൾ നടത്തുന്നതിനായി 1,82,40,500 രൂപയും ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി 94,53,500 രൂപയുമടക്കം മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്ന ഇന്റർ സ്റ്റേറ്റ് വാട്ടർ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 2052-00-090-88 എന്ന ശീർഷകത്തിൽ അനുവദിച്ച 30,04,000 രൂപയിൽ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിലായി 17,64,932 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശാസ്ത്ര സാങ്കേതിക വകുപ്പ്

2013-14 ബഡ്ജറ്റിൽ ഈ വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന പരിപാടികൾക്കായി 7,920 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇൻഫ്രാസ്ട്രക്ചർ സ്ട്രെങ്ത്തനിംഗ് ഓഫ് കെ.എസ്.സി.എസ്.ടി.ഇ., കെ.എസ്.സി.എസ്.ടി.ഇ.യുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ, സ്പെഷ്യൽ അസിസ്റ്റന്റ്സ് സി.ഡബ്ല്യു.ആർ.ഡി.എം ഫോർ കണ്ടക്ടിംഗ് ട്രെയിനിംഗ് പ്രോഗ്രാം സ്കീംസ് ആന്റ് പ്രോഗ്രാംസ് ഓഫ് കെ.എസ്.സി.ടി.ഇ., ഗ്രാന്റ് ഇൻ എയ്ഡ് സപ്പോർട്ട് ടു എസ്.ആന്റ് ടി ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ പരിപാടികൾക്കായി 4485.61 ലക്ഷം രൂപയും ബയോടെക്നോളജി ഡെവലപ്മെന്റിനായി 126 ലക്ഷം രൂപയും ടെക്നോളജി ട്രാൻസ്ഫർ റോഡ് മാപ്പ് പ്രിപ്പറേഷൻ ആന്റ് ഇംപ്ലിമെന്റേഷൻ സ്റ്റേറ്റ് ഷെയർ ആന്റ് വൺ ടൈം എ.സി.എ എന്ന പരിപാടിക്കായി 42 ലക്ഷം രൂപയും സയൻസ് സിറ്റിക്കായി 16.66 ലക്ഷം രൂപയും കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ടിനായി 466.66 ലക്ഷം രൂപയും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനു കീഴിലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനായി 2013-14 ബഡ്ജറ്റിൽ പരിപാടികളൊന്നും ഉൾക്കൊള്ളിച്ചിരുന്നില്ല. ഈ സാമ്പത്തിക വർഷം 4,92,74,000 രൂപ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്നെങ്കിലും പ്ലാൻ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

ഐ.എം.ജി. യുമായി ബന്ധപ്പെട്ട് 2013-14 സാമ്പത്തിക വർഷം പരിശീലനത്തിനായി 8 കോടി രൂപയും പദ്ധതിയിനത്തിൽ 3.5 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 4.3745 കോടി രൂപയും ഒറ്റത്തവണ എ.സി.എ ഇനത്തിൽ 11.5 കോടിരൂപയും ഉൾപ്പെടെ 27.3745 കോടി രൂപയും രൂപ ഉൾക്കൊള്ളിച്ചിരുന്നു. ഇതിൽ 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

## തലസ്ഥാനത്ത് പ്രധാനമന്ത്രിയുടെ ഓഫീസ്

3 (3292) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഓഫീസ് സംസ്ഥാന തലസ്ഥാനങ്ങളിൽ ആരംഭിക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിനോട് ഇത് സംബന്ധിച്ച അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(സി) തലസ്ഥാനത്ത് പ്രധാനമന്ത്രിയുടെ ഓഫീസ് തുറക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

## സംസ്ഥാനത്തെ പദ്ധതി നിർവ്വഹണ മികവ് ലോകരാഷ്ട്രങ്ങൾക്ക് മാതൃക

4 (3293) ശ്രീ. എം. എ. വാഹിദ്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണ മികവ് ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിനുവേണ്ടി നടത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) മറ്റ് രാജ്യങ്ങൾക്ക് മാതൃകയാക്കാൻ, ഇക്കാര്യത്തിലുള്ള സർക്കാരിന്റെ പ്രവർത്തന പരിപാടികളുടെ വിശദാംശങ്ങൾ കൈമാറണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ക്യാബിനറ്റ് സെക്രട്ടേറിയറ്റിന്റെ കീഴിലുള്ള പെർഫോമൻസ് മാനേജ്മെന്റ് ഡിവിഷന്റെ സഹായത്തോടെ റിസൽട്ട് ഫ്രെയിംവർക്ക് ഡോക്യുമെന്റ് (ആർ.എഫ്.ഡി) 2011-12 മുതൽ സംസ്ഥാനത്ത് നിയമം, ആഭ്യന്തരം, ലെജിസ്ലേച്ചർ എന്നീ വകുപ്പുകൾ ഒഴികെയുള്ള വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2013-14 മുതൽ പദ്ധതിയുമായി ബന്ധപ്പെടുത്തിയാണ് ആർ.എഫ്.ഡി. തയ്യാറാക്കുന്നത്. ഓരോ ഇനത്തിലും കൈവരിക്കാൻ കഴിയുന്ന പരമാവധി നേട്ടം മുൻകൂട്ടി നിശ്ചയിക്കുകയും ആയത് സമയബന്ധിതമായി നേടുക എന്ന ലക്ഷ്യത്തോടെ വകുപ്പ് അദ്ധ്യക്ഷന്മാർ തയ്യാറാക്കുന്ന ആർഎഫ്ഡി ക്യാബിനറ്റ് സെക്രട്ടറിയേറ്റിൽനിന്നും നിയുക്തരാകുന്ന അഡ്ഹോക്ക് ടാസ്ക് ഫോഴ്സ് (എ.റ്റി.എഫ്) അംഗങ്ങൾ പരിശോധിച്ച് അംഗീകരിക്കുകയും നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കാൻ വകുപ്പുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ഓരോ വർഷവും മാർച്ച് 31-നു ശേഷം വകുപ്പുകളുടെ പ്രവർത്തനം ആർ.എഫ്.ഡി.യിലെ നിർദ്ദിഷ്ട ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വകുപ്പുകളുടെ കോമ്പസിറ്റ് സ്കോർ കണക്കാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും സർക്കാർ ഇതര നിഷ്പക്ഷ മേഖലയിലുള്ള വിദഗ്ദ്ധർ പരിശോധിച്ച് വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു. കാര്യക്ഷമമായ അവലോകനം കൊണ്ട് പദ്ധതി നിർവ്വഹണത്തിലെ മികവ് കൈവരിക്കാൻ പറ്റുമെന്ന് കേരളം ലോക രാഷ്ട്രങ്ങൾക്ക് മാതൃക കാണിച്ചു.

(സി) മുഖ്യമന്ത്രി, മന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പുതലവൻമാർ എന്നിവർക്ക് പ്രയോജനമാകുംവിധം ഒരു ശിൽപ്പശാല 2011-ൽ നടത്തുകയുണ്ടായി. വകുപ്പിലെ എല്ലാ ജീവനക്കാരുടെയും, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി രേഖ അനുസരിച്ചും, അല്ലാതെയും വകുപ്പു കാഴ്ചവയ്ക്കുന്ന സേവനങ്ങളുടെ ലക്ഷ്യം നിശ്ചയിക്കുകയും (വർഷാരംഭത്തിൽ) വർഷാന്ത്യം അവ നടപ്പിലാക്കിയതിന്റെ വിലയിരുത്തൽ നടത്തുകയും ചെയ്തുവരുന്നു. ആർ.എഫ്.ഡി നടപ്പിലാക്കുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയുടെയും റിസോഴ്സ് പേഴ്സണിന്റെയും സഹായം മറ്റ് വകുപ്പുകൾക്ക് ലഭിക്കുന്നതിനുള്ള ക്രമീകരണവും നടത്തുകയുണ്ടായി. പ്രവർത്തന മികവിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഈ മാതൃക ഉന്നത നിലവാരത്തിലും, സമയബന്ധിതമായും എല്ലാ വകുപ്പിലും നടപ്പിലാക്കുകവഴി കേരളം ലോകശ്രദ്ധയാകർഷിച്ചു.

(ഡി) 2013 ഡിസംബർ 11,12 എന്നീ തീയതികളിൽ ഡർഹമിയിൽവച്ച് നടന്ന ഗ്ലോബൽ റൗണ്ട് ടേബിൾ സമ്മേളനത്തിൽ കനേഡിയൻ സർക്കാരിന്റെ ആർ.എഫ്.ഡി. മേഖലയിലുള്ള മാതൃകയുമായി താരതമ്യപ്പെടുത്തി കേരള ചീഫ് സെക്രട്ടറി കേരളത്തിന്റെ മാതൃക അവതരിപ്പിക്കുകയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത മറ്റ് രാജ്യങ്ങൾ കേരളത്തിന്റെ മാതൃകയെ പ്രകീർത്തിച്ചു. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ യു.എൻ.ഡി.പി.യും, ലോകബാങ്കും അവരുടെ ഉന്നതതല വിദഗ്ദ്ധരുടെ സമിതിയിൽ കേരളത്തിന്റെ മാതൃക അവതരിപ്പിക്കാൻ ഫെബ്രുവരി 2014-ൽ ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ നടന്ന ചർച്ചയിൽ പെർഫോമൻസ് മോണിറ്ററിംഗ് ഇവാല്യുവേഷന്റെ (ആർ.എഫ്.ഡി.) വിശദാംശങ്ങൾ മറ്റ് രാഷ്ട്രങ്ങൾക്ക് മാതൃകയാക്കാൻവേണ്ടി ആവശ്യപ്പെടുകയുണ്ടായി.

## മിഷൻ 676-ന്റെ ഭാഗമായി ഭരണ, സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണത്തിന് പദ്ധതി

5 (3294) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്ത് ഭരണ, സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ ഇതുവരെ തയ്യാറാക്കിയിട്ടില്ല.

(ബി&സി) ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണംവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വളരെവേഗം ലഭ്യമാക്കുകയെന്നതാണ് ലക്ഷ്യം. താഴെത്തലത്തിൽത്തന്നെ തീരുമാനമെടുക്കുന്നതിന് സാധിക്കുന്നതിനാൽ ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാകും. വിവിധ തലങ്ങളിലെ ഭരണ-സാമ്പത്തിക അധികാരങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത ഉണ്ടാക്കും. ഇത് സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുന്നതിന് സഹായകരമാകും.

(ഡി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## മിഷൻ 676-ന്റെ ഭാഗമായി സേവനാവകാശ നിയമം കാര്യക്ഷമമാക്കുവാൻ പദ്ധതി

6 (3295) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്ത് സേവനാവകാശ നിയമം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) ഉണ്ട്. സേവനാവകാശ നിയമം കൂടുതൽ കാര്യക്ഷമമായി സർക്കാരിന്റെ എല്ലാ വകുപ്പുകളിലും തലങ്ങളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. സർക്കാർ വകുപ്പുകൾ, ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ ജനങ്ങൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

(സി) പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടില്ല. എന്നാൽ, സർക്കാർ വകുപ്പുകൾ എന്തെല്ലാം സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ജനങ്ങൾക്ക് ലഭ്യമാക്കുമെന്നത് സംബന്ധിച്ച രേഖകൾ പല വകുപ്പുകളും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല.

## നടപ്പിലാക്കപ്പെടാത്ത പദ്ധതികൾ

7 (3296) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്തുവരുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ബി) 2013-14-ലെ ബഡ്ജറ്റ് നിർദ്ദേശപ്രകാരം മുഖ്യമന്ത്രിയുടെ കീഴിലുള്ള ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു വെന്നും വ്യക്തമാക്കാമോ ;

(സി) ഇതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക എത്ര വീതമാണ് ; തുക ഒട്ടും ചെലവഴിക്കേണ്ടിവന്നിട്ടില്ലാത്ത ഹെഡ്ഡുകൾ ഏതെല്ലാമാണ് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി)

**പൊതുഭരണ വകുപ്പ്**

ഈ വകുപ്പിനു കീഴിലെ വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ സൈനിക ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ടവയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാലയളവിൽ വിവിധ ശീർഷകങ്ങളിലായി നോൺ പ്ലാൻ ഇനത്തിൽ 9,78,57,000 രൂപയും പ്ലാൻ ഇനത്തിൽ 10 ലക്ഷം രൂപയും സൈനിക ക്ഷേമ വകുപ്പിനായി വകയിരുത്തിയിട്ടുണ്ട്.

വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം (സ്കോളർഷിപ്പ്) നൽകുന്നതിനായി 2235-60-200-94 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 75 ലക്ഷം രൂപയിൽ മതിയായ അപേക്ഷകരില്ലാത്തതിനാൽ 6,42,000 രൂപ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ടെറിട്ടോറിയൽ സേനയിൽ മെഡൽ/കീർത്തിമുദ്ര എന്നിവയ്ക്ക് അർഹരായ ടെറിട്ടോറിയൽ സേനാംഗങ്ങളുടെ ആശ്രിതർക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിനായി 2075-00-800-70 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1,50,000 രൂപയിൽ മതിയായ അപേക്ഷകരില്ലാത്തതിനാൽ 5,000 രൂപ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

2. പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്

ഈ വകുപ്പിനു കീഴിൽ 2013-800-97 എം.പി.മാരുടെ സമ്മേളനം സംബന്ധിച്ച് യാത്രാ ചെലവുകൾ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇനത്തിൽ അനുവദിച്ച 5 ലക്ഷം രൂപയിൽ 58,182 രൂപ ചെലവാകുകയും 4,41,818 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്.

'2052-090-99-സെക്രട്ടേറിയറ്റ് പൊതു സർവ്വീസുകൾ 04-യാത്രാ ചെലവുകൾ' എന്ന ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റായി അനുവദിച്ച 1.2 കോടി രൂപയിൽ 1,19,98,278 രൂപ ചെലവാകുകയും



LIBRARY ARCHIVES Kerala Legislative Assembly

1,722 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്. ഇതേ ശീർഷകത്തിൽ സ്ഥലംമാറ്റ ബത്തയിനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇനത്തിൽ 7,52,000 രൂപയും ധനപുനർ വിനിയോഗം വഴി 2,10,000 രൂപയും ലഭ്യമായിട്ടുണ്ട്. ഇതിൽ 4,98,668 രൂപ ചെലവാകുകയും 43,332 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്. ഇതേ ശീർഷകത്തിൽ അവധി യാത്രാനുകൂല്യം ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇനത്തിൽ 7,07,000 രൂപയും ധനപുനർവിനിയോഗംവഴി 5 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്. ഇതിൽ 11,85,809 രൂപ ചെലവാകുകയും 21,191 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്.

'2052-00-090-94-04 പാകിസ്ഥാനിലെയും മറ്റു വിദേശ രാജ്യങ്ങളിലെയും പൗരന്മാരെ സംബന്ധിച്ച് ഏജൻസി ജോലികൾ സംബന്ധിച്ച യാത്രാബത്ത' എന്ന ശീർഷകത്തിലെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇനത്തിൽ 17,000 രൂപയും അധിക ധനാനുമതി വഴി 15,000 രൂപയും ധനപുനർവിനിയോഗംവഴി 10,000 രൂപയും ലഭ്യമായിട്ടുണ്ട്. ഇതിൽ 38,184 രൂപ ചെലവാകുകയും 3,816 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്. ഇതേ ശീർഷകത്തിലെ അവധി യാത്രാനുകൂല്യം ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റായി അനുവദിച്ച 5,000 രൂപ ചെലവഴിക്കാതെ ബാക്കി നിൽപ്പുണ്ട്.

'2052-00-090-88 സെക്രട്ടേറിയറ്റിലെ അന്തർ സംസ്ഥാന വാട്ടർ സെല്ലിലെ യാത്രാബത്ത' എന്ന ശീർഷകത്തിലെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റായി അനുവദിച്ച 55,000 രൂപ ചെലവഴിക്കാതെ ബാക്കി നിൽപ്പുണ്ട്. ഇതേ ശീർഷകത്തിലെ അവധി യാത്രാനുകൂല്യം ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റായി അനുവദിച്ച 3,000 രൂപ ചെലവഴിക്കാതെ ബാക്കി നിൽപ്പുണ്ട്.

'2052-092-96-04-1-റ്റി.ഇ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ നിയന്ത്രണങ്ങളിൽ ഇളവ് അനുവദിക്കുന്ന കാര്യങ്ങൾ പരിശോധിക്കുന്നതിനു വേണ്ടിയുള്ള വിജിലൻസ് സെല്ലിലെ യാത്രാബത്ത' എന്ന ശീർഷകത്തിലെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റായി അനുവദിച്ച 25,000 രൂപ ചെലവഴിക്കാതെ ബാക്കി നിൽപ്പുണ്ട്. ഇതേ ശീർഷകത്തിലെ അവധി യാത്രാനുകൂല്യം ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റായി അനുവദിച്ച 2,000 രൂപ ചെലവഴിക്കാതെ ബാക്കിനിൽപ്പുണ്ട്.

'2251-00-090-99 സെക്രട്ടേറിയറ്റ് സാമൂഹ്യ സർവ്വീസുകൾ 04-യാത്രാ ചെലവുകൾ' എന്ന ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇനത്തിൽ 60 ലക്ഷം രൂപയിൽ 12 ലക്ഷം രൂപ ധനപുനർവിനിയോഗം ചെയ്തു. ശേഷിക്കുന്ന 48,00,000 രൂപയിൽ 47,96,252 രൂപ ചെലവാകുകയും 3,748 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്. ഇതേ ശീർഷകത്തിൽ സ്ഥലമാറ്റ ബത്ത ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇനത്തിൽ 50,000 രൂപയും ധനപുനർവിനിയോഗം വഴി 2 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്. ഇതിൽ 1,95,040 രൂപ ചെലവാക്കുകയും 54,960 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതേ ശീർഷകത്തിലെ അവധി യാത്രാനുകൂല്യം ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റായി അനുവദിച്ച 3,21,000 രൂപയിൽ 2,68,388 രൂപ ചെലവാകുകയും 52,612 രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്.

'3451-00-090-99 സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ 04-യാത്രാ ചെലവുകൾ' എന്ന ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 70 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം ചെയ്തു. ശേഷിക്കുന്ന 65 ലക്ഷം രൂപയിൽ 62,98,846 രൂപ ചെലവാകുകയും 2,01,154 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്. ഇതേ ശീർഷകത്തിൽ സ്ഥലംമാറ്റ ബത്ത ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇനത്തിൽ ലഭ്യമായ 1,94,000 രൂപയിൽ 24,262 രൂപ ചെലവാകുകയും 1,69,738 രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്. ഇതേ ശീർഷകത്തിലെ അവധി യാത്രാനുകൂല്യം ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റായി അനുവദിച്ച 2,90,000 രൂപയിൽ 2,77,620 രൂപ ചെലവാകുകയും 12,380 രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ട്.

3. പൊതുഭരണ (സ്പെഷ്യൽ - എ) വകുപ്പ്

2013-14 ബഡ്ജറ്റിൽ '2070-00-003-99 ഐ.എ.എസ്. പ്രൊബേഷണർമാരുടെ പരിശീലനം' എന്ന ശീർഷകത്തിൽ അനുവദിച്ച 20 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

4. പൊതുഭരണ (അക്കൗണ്ട്സ്- എ) വകുപ്പ്

ഈ വകുപ്പിനു കീഴിലുള്ള വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലായി 2013-14 കാലയളവിൽ 10,21,79,000 രൂപ ബഡ്ജറ്റ് വിഹിതമായും റീ അപ്രോപ്രിയേഷൻ/അഡീഷണൽ ഫണ്ട്/എസ്.ഡി.ജി. ഇനങ്ങളിലായി 2,08,21,927 രൂപയുമടക്കം മൊത്തം 12,30,00,927 രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ 12,20,67,047 രൂപ ചെലവഴിക്കുകയും 9,33,880 രൂപ ചെലവഴിക്കാതെ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

2052-00-090-99-21-MV1 Purchase of Vehicles എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1,000 രൂപ ചെലവഴിച്ചിട്ടില്ല.

2052-00-090-98-04-2 Transfer TA of Personal Staff of CM എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 14,000 രൂപ ചെലവഴിച്ചിട്ടില്ല.

2052-00-090-97-04-2 Transfer TA of Personal Staff of Ministers എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 23,000 രൂപ ചെലവഴിച്ചിട്ടില്ല.

5. പൊതുഭരണ (അക്കൗണ്ട്സ്- കെ) വകുപ്പ്

ഈ വകുപ്പിനുകീഴിൽ വിവിധ ശീർഷകങ്ങളിലായി 1,00,62,569 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 15,663 രൂപ അവശേഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. പൊതുഭരണ (അക്കൗണ്ട്സ്- സി) വകുപ്പ്

ഈ വകുപ്പിനുകീഴിൽ വിവിധ ശീർഷകങ്ങളിലായി 1,16,85,300 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,82,709 രൂപ അവശേഷിക്കുന്നുണ്ട്.

7. പൊതുഭരണ (അക്കൗണ്ട്സ്- ആർ) വകുപ്പ്

ഈ വകുപ്പിനു കീഴിൽ വിവിധ ശീർഷകങ്ങളിലായി 1,08,15,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2,30,686 രൂപ അവശേഷിക്കുന്നുണ്ട്.

8. പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ- എ) വകുപ്പ്

പൊതുഭരണ വകുപ്പിലെ ഓഫീസർമാർക്കായുള്ള '2052-00-090-99-05-OE-3 ടെലിഫോൺ ചാർജുകൾ' എന്ന ശീർഷകത്തിൽ 2013-14 ൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 50 ലക്ഷം രൂപയും അഡീഷണൽ അലോട്ട്മെന്റായി ലഭിച്ച 20 ലക്ഷം രൂപയുമടക്കം മൊത്തം 70 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ 67,74,979 രൂപ ചെലവഴിക്കുകയും 2,25,021 രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

9. പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ- ബി) വകുപ്പ്

2013-14 ലെ ബഡ്ജറ്റിൽ '2052-00-090-99-05-04-4 മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 59,99,750 രൂപ ചെലവഴിച്ചതിനുശേഷം 250 രൂപ ബാക്കി വന്നിട്ടുണ്ട്.

പൊതുഭരണ വകുപ്പിനുകീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വിവരാവകാശ കമ്മീഷൻ

2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പദ്ധതിയിനത്തിൽ തുകയൊന്നുംതന്നെ സർക്കാർ വകയിരുത്തിയിട്ടില്ല. കമ്മീഷന്റെ ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 2052-00-092-88 എന്ന ശീർഷകത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 4,16,82,000 രൂപയിൽ 2,94,74,181 രൂപ കമ്മീഷൻ ചെലവഴിച്ചിട്ടുണ്ട്.

2. കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

2013-14 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും പദ്ധതിയിതര പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഈ തുകയിൽ മൂലധന നിക്ഷേപ സഹായമായി ലഭിച്ച 5 കോടി രൂപ ഒഴിച്ചുള്ള തുക വിനിയോഗിച്ചിട്ടുണ്ട്.

ഇലക്ഷൻ വകുപ്പ്

ഇലക്ഷൻ വകുപ്പിനെ സംബന്ധിച്ച് 2013-14 സാമ്പത്തിക വർഷം പ്രത്യേക ബഡ്ജറ്റ് നിർദ്ദേശങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് നിർദ്ദേശപ്രകാരം വകയിരുത്തിയിരുന്ന 32,92,84,000 രൂപയിൽ 91,00,847 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. '2015-00-104-99'- ലോകസഭയിലേക്കും സംസ്ഥാന നിയമ സഭയിലേക്കും ഒരേ സമയം തെരഞ്ഞെടുപ്പ്, '2015-00-106-99'- നിയമസഭാ തെരഞ്ഞെടുപ്പ് എന്നീ രണ്ട് ഹെഡ്ഡുകളിൽ തുക ഒട്ടും ചെലവഴിക്കേണ്ടി വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### റവന്യൂ (ഡി.ആർ.എഫ്.എ) വകുപ്പ്

2013-14 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ നടത്തിപ്പിലേക്കായി "2075-00-800-40 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന (NP)" എന്ന ശീർഷകത്തിൽ 130 കോടി രൂപ ലഭിച്ചു. പ്രസ്തുത തുക പൂർണ്ണമായും ടി സാമ്പത്തിക വർഷം തന്നെ ധനസഹായ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

### ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനായി 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് നിർദ്ദേശങ്ങൾ (പദ്ധതികൾ) ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. നോൺ പ്ലാൻ ഇനത്തിൽ 4,92,74,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1,49,09,000 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. തുക ഒട്ടും ചെലവഴിക്കേണ്ടി വന്നിട്ടില്ലാത്ത ഹെഡ്ഡുകൾ ഒന്നും തന്നെയില്ല.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിലുള്ള ഐ.എം.ജി യിൽ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശത്തിലെ എല്ലാ പദ്ധതികളും ആരംഭിച്ചുകഴിഞ്ഞു. 27,37,45,000 രൂപ ഇക്കാലയളവിൽ ഐ.എം.ജി. ക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ കോഴിക്കോട് ഹോസ്റ്റൽ നിർമ്മാണത്തിനുള്ള 5 കോടി രൂപ ചെലവഴിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

### ജലവിഭവ (ഇന്റർ സ്റ്റേറ്റ് വാട്ടർ സെൽ) വകുപ്പ്

2013-14 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ ഈ വകുപ്പിനായി പദ്ധതികളൊന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നില്ല. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ നടത്തുന്നതിനും ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി 2,76,94,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്ന ഇന്റർസ്റ്റേറ്റ് വാട്ടർ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 2052-00-090-88 എന്ന ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിലായി വകയിരുത്തിയിരുന്ന 30,04,000 രൂപയിൽ വിവിധ ഇനങ്ങളിലായി 17,64,932 രൂപ ചെലവഴിച്ചിട്ടുണ്ട്. കാവേരി ഉൾപ്പെടെയുള്ള അന്തർസംസ്ഥാന നദീജല കാര്യങ്ങളുമായി ബന്ധപ്പെട്ട് 2013-14-ൽ അനുവദിച്ച 2,76,94,000 രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്ന ഇന്റർസ്റ്റേറ്റ് വാട്ടർ സെല്ലിനായി 2052-00-090-88 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന തുകയിൽ 12,39,068 രൂപ ചെലവഴിച്ചിട്ടില്ല. ഇപ്രകാരം ചെലവഴിക്കാത്ത തുകയിൽ ടൂർ ടി.എ., എൽ.ടി.സി എന്നീ ഇനങ്ങളിൽ അനുവദിച്ച 58,000 രൂപ കൂടി ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്ര സാങ്കേതിക വകുപ്പ്

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഗ്രീൻ ടെക്നോളജി സെന്ററുകൾ, M.S by Research and Ph.D in Emerging Areas of Science by the R&D Institutions under the Council എന്നീ രണ്ട് പരിപാടികൾ ഭരണാനുമതി ലഭിച്ചിട്ടും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

2013-14 ബഡ്ജറ്റിൽ ഈ വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന പരിപാടികൾക്കായി 7,920 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ 3425-60-200-71.36 എന്ന ഹെഡ്ഡിൽ 6470 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസിന് സർക്കാരിൽനിന്ന് ലഭിച്ച 332 ലക്ഷം രൂപ ഉൾപ്പെടെ 4485.61 ലക്ഷം രൂപ സർക്കാരിൽനിന്ന് പദ്ധതി വിഹിതമായി ലഭിക്കുകയും ചെയ്തു. ലഭിക്കാതിരുന്ന ബാക്കി 1984.39 ലക്ഷം രൂപ സറണ്ടർ ചെയ്തു. ലഭിച്ച തുക പൂർണ്ണമായും ചെലവായിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ 3425-60-200-70.36 ബയോടെക്നോളജി വികസനം എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തുകയും 126 ലക്ഷം രൂപ ലഭിക്കുകയും ആയത് പൂർണ്ണമായി ചെലവാക്കുകയും ചെയ്തു. ലഭ്യമാകാതിരുന്ന 124 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

3425-60-200-71.31 പദ്ധതിയിതര വിഹിതം എന്ന ശീർഷകത്തിൽ ആകെ 3921.41 ലക്ഷം രൂപ വകയിരുത്തുകയും അത് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

3425-60-200-67.36 പദ്ധതിവിഹിതം പ്രത്യേക പരിപാടികൾ എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും തന്നെ ലഭ്യമായിട്ടില്ല.

3425-60-200-63 കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ട് എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തുകയും 466.66 ലക്ഷം രൂപ ലഭിക്കുകയും ആയത് പൂർണ്ണമായി ചെലവാക്കുകയും ചെയ്തു. ലഭ്യമാകാതിരുന്ന 33.34 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

3425-60-200-61 ടെക്നോളജി റോഡ് മാപ്പ് പ്രിപ്പറേഷൻ ആന്റ് ഇംപ്ലിമെന്റേഷൻ എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തുകയും 42 ലക്ഷം രൂപ ലഭിക്കുകയും ആയത് പൂർണ്ണമായി ചെലവാക്കുകയും ചെയ്തു. ലഭ്യമാകാതിരുന്ന 208 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

3425-60-200-62 സയൻസ് സിറ്റി എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തുകയും 16.66 ലക്ഷം രൂപ ലഭിക്കുകയും ആയത് പൂർണ്ണമായി ചെലവാക്കുകയും ചെയ്തു. ലഭ്യമാകാതിരുന്ന 83.34 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**ആഭ്യന്തര-സി വകുപ്പ്**

ഈ വകുപ്പുമായി ബന്ധപ്പെട്ട ബജറ്റ് നിർദ്ദേശങ്ങളിൽ ചങ്ങനാശ്ശേരി കോടതി സമുച്ചയ നിർമ്മാണം എന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഇതിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഈ വകുപ്പിനു കീഴിലുള്ള ഹൈക്കോടതിയിൽ 2013-14 കാലയളവിൽ 4,29,75,00,000 രൂപ വകയിരുത്തുകയും 31,72,13,000 രൂപ അവശേഷിക്കുകയും ചെയ്തു. അവശേഷിച്ച തുക സറണ്ടർ ചെയ്തിട്ടുണ്ട്. 800-88- Gram Nyayalayas (VNP) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 6,03,97,000 രൂപ ചെലവഴിച്ചിട്ടില്ല. കൂടാതെ 105-97 Establishment of Additional Courts (VNP), 800-87 Purchase and installation of Computers in subordinate courts, 800-85 Implementation of e courts (V NP), 800-84 Kerala Judicial Academy (V NP) എന്നീ ശീർഷകങ്ങളിൽ 1,000 രൂപ വീതം വകയിരുത്തിയിരുന്നെങ്കിലും ആയത് ചെലവഴിച്ചിട്ടില്ല.

ഈ വകുപ്പിനു കീഴിലുള്ള പ്രോസിക്യൂഷൻ ഡയറക്ടറേറ്റിനായി 2013-14 ബഡ്ജറ്റിലെ വിവിധ ശീർഷകങ്ങളിലായി 2,80,33,000 രൂപ വകയിരുത്തുകയും 2,62,27,842 രൂപ ചെലവഴിക്കുകയും ചെയ്തു. 18,05,158 രൂപ അവശേഷിക്കുന്നുണ്ട്.

**പൊതുഭരണ വകുപ്പു മുഖാന്തരം നടപ്പാക്കുന്നതിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ**

8 (3297) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണ വകുപ്പിനോ പൊതുഭരണവകുപ്പു മുഖാന്തിരം നടപ്പാക്കുന്നതിനോ ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചു ; ഏതെല്ലാം പദ്ധതികൾ നടപ്പാക്കി ; ഏതെല്ലാം പദ്ധതികൾക്ക് സംസ്ഥാനവിഹിതംകൂടി നൽകേണ്ടതുണ്ട് ;

(സി) ഈ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു ; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു ; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനുണ്ട് ;

(ഡി) അനുവദിച്ച ഏതെങ്കിലും കേന്ദ്രപദ്ധതി ഇതിനകം ആരംഭിക്കാത്തതുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതി ഏതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പുവഴി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. എന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. 11-ാം പഞ്ചവത്സര പദ്ധതി ഘട്ടത്തിൽ വയനാട് ജില്ലയിലും 12-ാം പദ്ധതിയിൽ

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, പനമരം, മാനന്തവാടി കൽപ്പറ്റ ബ്ലോക്കുകളും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും ഉൾപ്പെട്ട പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം എന്നീ സെക്ടറുകളിലായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി&സി) 11-ാം പദ്ധതി കാലയളവിൽ 1869.805 ലക്ഷം രൂപയും 12-ാം പദ്ധതി കാലയളവിൽ 1001.26 ലക്ഷം രൂപയും കേന്ദ്ര ഗവൺമെന്റ് പദ്ധതി നടത്തിപ്പിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയിൽ എം.എസ്.ഡി.പി.ക്ക് സംസ്ഥാനത്തിനുവേണ്ടി അനുവദിച്ച എല്ലാ പദ്ധതികൾക്കും അടങ്കൽ തുകയുടെ 25 ശതമാനം സംസ്ഥാന വിഹിതമായി നൽകേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇല്ല.

## കാസർഗോഡ് ജില്ലയുടെ വികസനം

9 (3298) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു ജില്ലകളെ അപേക്ഷിച്ച് കാസർകോട് ജില്ല പിന്നോക്കമായതിന്റെ കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് വല്ല പഠനങ്ങളും നടന്നിട്ടുണ്ടോ ; പൊതുമേഖലയിൽ കാസർകോട് ജില്ലയിൽ എത്ര വ്യവസായ സ്ഥാപനങ്ങളുണ്ട് ; അവ ഏതു വർഷമാണ് ആരംഭിച്ചത് ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി എന്തെല്ലാം സംരംഭങ്ങൾ കാസർകോട് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രഭാകരൻ കമ്മീഷൻ ശുപാർശകളിലേതെങ്കിലും മിഷൻ 676 പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ ; പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ പദ്ധതികൾ മുഴുവൻ നടപ്പിലാക്കാൻ എത്ര കോടി രൂപ വേണം ; ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ മുഴുവൻ നടപ്പിലാക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) കാസർഗോഡ് ജില്ലയുടെ വികസന സാദ്ധ്യതകളെപ്പറ്റി പഠനം നടത്തുന്നതിനായി സർക്കാർ നിയോഗിച്ച പി. പ്രഭാകരൻ കമ്മീഷൻ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലയിൽ ഒരു വ്യവസായ സ്ഥാപനമുണ്ട്. KEL-ന്റെ യൂണിറ്റ് 2009-ലാണ് BHEL ഏറ്റെടുത്തത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ Kerala State Textile Corporation- ന്റെ ഒരു യൂണിറ്റ് 2010-11-ൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ഇല്ല. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയ്ക്കായി 11123.07 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2524.56 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും 756.19 കോടി രൂപ കേന്ദ്ര സർക്കാരിന്റെ വിഹിതമായും, 543 കോടി രൂപ പുറമേ നിന്നുള്ള ഏജൻസികളുടെ വിഹിതമായും, 35.16 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിഹിതമായും, 7264.16 കോടി രൂപ സ്വകാര്യ പങ്കാളിത്തവും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമേ നിർണ്ണായകമായ ന്യൂനതകൾ പരിഹരിക്കുന്നതിനായി 2013-14 -ൽ കാസർഗോഡ് പാക്കേജിനായി 25 കോടി രൂപ വകയിരുത്തുകയും 24.40 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. 2014-15-ൽ 75 കോടി രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ട്. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

### വിജിലൻസ് അന്വേഷണവും പെൻഷൻ ആനുകൂല്യങ്ങളും

10 (3299) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽനിന്ന് വിരമിച്ച ഒരു ജീവനക്കാരന്റെപേരിൽ എഫ്.ഐ.ആർ. എടുത്ത് വിജിലൻസ് അന്വേഷണം നടക്കുന്നു എന്ന കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാറുണ്ടോ ; എങ്കിൽ ഏത് നിയമപ്രകാരമാണ് അങ്ങനെ ചെയ്യുന്നതെന്നറിയിക്കുമോ ;

(ബി) എത്രകാലം ഇങ്ങനെ തടഞ്ഞുവയ്ക്കാനാകും എന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) സർവ്വീസിൽനിന്നും വിരമിച്ച ഒരു ജീവനക്കാരന്റെ പേരിൽ എഫ്.ഐ.ആർ എടുത്തു വിജിലൻസ് അന്വേഷണം നടത്തുന്നുവെന്ന കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാൻ കെ.എസ്.ആർ-ൽ വ്യവസ്ഥയില്ല.

### മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭിച്ച പരാതികൾ

11 (3300) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഓൺലൈനായി 31-5-2014 വരെ ലഭിച്ച പരാതികൾ എത്ര ;

(ബി) ലഭിച്ച പരാതികളിൽ അന്തിമ തീർപ്പുണ്ടായത് എത്ര ;

(സി) പരിശോധനയിൽ ഇരിക്കുന്നത് എത്ര ; വിശദാംശങ്ങൾ നല്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 34,229 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 15,011 പരാതികൾക്ക് അന്തിമ തീർപ്പുണ്ടായിട്ടുണ്ട്.

(സി) 19,218 പരാതികൾ പരിശോധനയിൽ ഇരിക്കുന്നുണ്ട്.

**മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ലഭിച്ച പരാതികൾ**

12 (3301) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ലഭിച്ച പരാതികൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്ര പരാതികളിൽ അന്തിമമായി തീർപ്പ് കൽപ്പിക്കുകയുണ്ടായി ; വ്യക്തമാക്കാമോ ;

(സി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലും ജനസമ്പർക്ക പരിപാടിയിലും ഔദ്യോഗിക വെബ്സൈറ്റിൽ ഓൺലൈനായും എത്ര പരാതികൾ ഇതുവരെ ലഭിച്ചു ;

(ഡി) ലഭിച്ച പരാതികളിൽ അന്തിമ തീരുമാനം ഉണ്ടായവ എത്ര ; ഇപ്പോഴും പരിശോധനയിൽ ഇരിക്കുന്നവ എത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ നാളിതുവരെ ആകെ 1,07,063 പരാതികൾ ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളിലായി ആകെ 8,67,928 പരാതികൾ ലഭിച്ചു. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച 8,67,928 പരാതികളിൽ 4,98,263 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ ലഭിച്ച 1,07,063 പരാതികളിൽ 35,737 പരാതികൾ പൂർണ്ണമായും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. മറ്റു പരാതികളിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിൽ 3,64,342 അപേക്ഷകൾ ലഭിക്കുകയും അവ തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**തൃശൂർ സുതാര്യകേരളം പരാതി പരിഹാര സെല്ലിൽ നൽകിയ പരാതി**

13 (3302) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുതാര്യകേരളം പരാതി പരിഹാര സെല്ലിൽ 16-3-2013-ന് പൊതുതാല്പര്യ പ്രകാരം ശ്രീ. എ. എം. ഷെഹീർ, അമ്പലത്തുവീട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

പുളിക്കൽ, തൈക്കാട് എന്ന വ്യക്തി, വയൽ നികത്തുന്നതിനെതിരെ നല്കിയിരുന്ന പരാതിയിമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പരാതിക്കാരന് എന്തെങ്കിലും മറുപടി നല്കിയിട്ടുണ്ടോ ; വയൽ നികത്തിയത് പൂർവ്വസ്ഥിതിയിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) അനധികൃതമായി വയൽ നികത്തിയ വ്യക്തികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വയൽ നികത്താൻ കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ശ്രീ. എ. എം. ഷെഹീർ നൽകിയ പരാതി ആവശ്യമായ നടപടികൾക്കായി തൃശൂർ ആർ.ഡി.ഒ.യ്ക്ക് അയച്ചിരുന്നു. ആയതിന്റെ റിപ്പോർട്ട് തൃശൂർ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടിയുടെ ഭാഗമായി വിചാരണ ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തീകരിക്കാനുണ്ട്. വിചാരണയ്ക്ക് ശേഷമാണ് പരാതിക്കാരന് മറുപടി നൽകാറുള്ളത്. നികത്തിയ നെൽവയൽ പൂർവ്വ സ്ഥിതിയിലാക്കാനുള്ള ഉത്തരവ് വിചാരണയ്ക്ക് ശേഷം മാത്രമാണ് പൂർത്തിയാക്കുക.

## സെൻട്രൽ ആംഡ് പോലീസ് ഫോഴ്സിൽനിന്ന് വിരമിച്ചവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

14 (3303) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ ആംഡ് പോലീസ് ഫോഴ്സിൽനിന്ന് വിരമിച്ചവർക്ക് "എക്സ് സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ്" എന്ന പദവി ലഭിക്കുന്നതും, 'എക്സ് സർവ്വീസ്മെൻ' വിഭാഗത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കുന്നതും സംബന്ധിച്ച വിഷയത്തിൽ സംസ്ഥാന സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാം എന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ "ഓഫീസ് മെമ്മോറാണ്ടത്തിന്റെ" അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സെൻട്രൽ ആംഡ് പോലിസ് ഫോഴ്സിൽനിന്ന് വിരമിച്ചവർക്ക് എക്സ് സർവ്വീസ്മെൻ പദവി ലഭ്യമാക്കുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## വിവരാവകാശ നിയമം നടപ്പിലാക്കുന്നതിൽ വീഴ്ച

15 (3304) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമം നടപ്പിലാക്കുന്നതിൽ പല ഉദ്യോഗസ്ഥരും വീഴ്ചവരുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഈ നിയമം പാലിക്കുന്നതിൽ ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരാക്കാൻ കമ്മീഷൻ സമർപ്പിക്കുന്ന ശുപാർശകൾ നടപ്പിലാക്കാറുണ്ടോ ;

(സി) വിവരാവകാശ അപേക്ഷകളിൽ കൈക്കൊണ്ട നിലപാട്, സംസ്ഥാന വിവരാവകാശ കമ്മീഷൻ ശിക്ഷിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ചില ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷൻ സമർപ്പിക്കുന്ന ശുപാർശകളിന്മേൽ നിയമാനുസൃതമായ തുടർ നടപടികൾ സർക്കാർ എടുക്കാറുണ്ട്.

(സി) വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിന് നിയമത്തിൽത്തന്നെ വ്യവസ്ഥകളുണ്ട്. ഇതുപ്രകാരം ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ പിഴയടക്കമുള്ള ശിക്ഷാനടപടികൾ എടുത്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ വിവരാവകാശ കമ്മീഷന്റെ പ്രസ്തുത ശുപാർശയിന്മേൽ സർക്കാർ തീരുമാനമൊന്നുമെടുത്തിട്ടില്ല.

## പൊതു ഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനുള്ള നടപടികൾ

16 (3305) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിനായി ന്യായവും വിശ്വസ്തവുമായ മാനദണ്ഡം ആവിഷ്ക്കരിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ;

(സി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന, ഉയർന്ന തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കലിലൂടെ അർഹരാകുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും മേലധികാരി റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് വ്യക്തിഗത പ്രവർത്തനം വിലയിരുത്തി പ്രൊമോഷൻ നൽകുന്നത്.

(ബി&സി) കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഫോറം പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും തൽക്കാലം നിലവിലുള്ള രീതി തുടരുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സേവനാവകാശ നിയമം

17 (3306) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സേവനാവകാശ നിയമം കൊണ്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

കേരള സംസ്ഥാന സേവനാവകാശ നിയമം. 2012, 2(ജി) വകുപ്പുപ്രകാരം തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമോ, അതത് സമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമോ ഏതെങ്കിലും സർക്കാർ വകുപ്പോ അതിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമോ ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമോ ഒരു നിയമാധിഷ്ഠിത നികായമോ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതും ടി നിയമം 3-ാം വകുപ്പിനു കീഴിൽ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

**സേവനാവകാശങ്ങൾ നിഷേധിക്കുന്ന ജീവനക്കാർക്കെതിരെ നടപടി**

18 (3307) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമപ്രകാരം ഏതെല്ലാം വകുപ്പുകളിൽ സേവനാവകാശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

(ബി) പ്രസിദ്ധീകരിച്ചിട്ടുള്ള വകുപ്പുകളുടെ സേവനാവകാശ വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) സേവനാവകാശങ്ങൾ നിഷേധിക്കുന്ന ജീവനക്കാർക്ക് എതിരെ വകുപ്പ് തലത്തിൽതന്നെ സ്വമേധയാ നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതുപ്രകാരം ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 109 വകുപ്പുകൾ/സ്ഥാപനങ്ങൾ സേവനാവകാശ നിയമപ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്ത് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. ടി നിയമം സെക്ഷൻ 8(3) പ്രകാരം നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിന് ഏല്പിച്ചു കൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമായി എങ്കിൽ അയാൾക്കെതിരെ, അയാൾക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി**

19 (3308) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശം നിയമം നടപ്പിലാക്കുന്നതിനുമുമ്പ് സേവനദാതാക്കളുടെ ആഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ബി) പൊതുജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ബന്ധപ്പെട്ട ആഫീസുകളിൽ ആവശ്യ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ഓഫീസുകൾ മുഖേന നൽകിവരുന്ന സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കാണ് കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിൽ വരുത്തിയത്. ഈ നിയമം നടപ്പിലാക്കുമ്പോൾ പുതുതായി ജോലിഭാരമൊന്നും ഉണ്ടാകുന്നില്ല. ആയതിനാൽ ബന്ധപ്പെട്ട ഓഫീസുകളിൽ പുതുതായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും പുതിയ ജീവനക്കാരെ നിയമിക്കുന്നതും ആവശ്യമായി വരുമെന്ന് കാണുന്നില്ല.

**ജനസമ്പർക്ക പരിപാടി കാസർഗോഡ് ജില്ല**

20 (3309) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ൽ നടത്തിയ ജനസമ്പർക്ക പരിപാടിയുടെ ഒരുക്കങ്ങൾക്കായി കാസർഗോഡ് ജില്ലയിൽ എത്ര ലക്ഷം രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര അപേക്ഷകളാണ് ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര എണ്ണം തീർപ്പ് കൽപ്പിച്ചു എന്നും എത്ര എണ്ണത്തിൽ തീർപ്പ് കൽപ്പിക്കാനുണ്ട് എന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) 2013-ലെ ജനസമ്പർക്ക പരിപാടിയുടെ ഒരുക്കങ്ങൾക്കായി കാസർഗോഡ് ജില്ലയിൽ 27,14,335 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 21,470 അപേക്ഷകൾ ലഭിച്ചു. ഇതിൽ 8082 അപേക്ഷകൾ തീർപ്പുകൽപ്പിച്ചു. 13,388 എണ്ണത്തിൽ തീർപ്പ് കൽപ്പിക്കാനുണ്ട്.

**ജനസമ്പർക്ക പരിപാടിയിലേയ്ക്കുള്ള ഈ വർഷത്തെ അപേക്ഷ**

21 (3310) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷ സ്വീകരിച്ചുതുടങ്ങിയത് ഏത് തീയതിമുതൽ എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തീയതിക്കുശേഷം ഇതുവരെ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ജനസമ്പർക്ക പരിപാടി മുഖേനയല്ലാതെ ദുരിതാശ്വാസനിധിയിലേക്കുള്ള എത്ര അപേക്ഷകൾ ലഭിച്ചു ; എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കണമെന്നാവശ്യപ്പെട്ട് എത്ര പരാതികൾ ലഭിച്ചു ; മറ്റ് വിവിധതരത്തിലുള്ള എത്ര പരാതികൾ ലഭിച്ചു ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയിൽ ജനസമ്പർക്ക പരിപാടിവഴിയല്ലാതെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായമനുവദിച്ച അപേക്ഷകളെത്ര ; എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കണമെന്ന അപേക്ഷകളിൽ സ്വീകരിച്ച തുടർനടപടികളെന്തെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) ഇങ്ങനെ ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും ജനസമ്പർക്ക പരിപാടി വഴി തീർപ്പു കല്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പരാതികൾക്ക് ; അവ ഏതെല്ലാം തരത്തിലുള്ളവ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ വർഷം ജനസമ്പർക്ക പരിപാടി ആരംഭിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**ഇടുക്കിയിൽ വച്ചുനടന്ന രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി**

22 (3312) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ വച്ചുനടന്ന രണ്ടാംഘട്ട ജനസമ്പർക്കപരിപാടി യിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ.ആക്കി മാറ്റുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചത് ; അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചു ; എത്ര പേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചു നൽകി ;

(സി) ബി.പി.എൽ. കാർഡ് അനുവദിച്ച വിവരം അപേക്ഷകരെ യഥാസമയം അറിയിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ ;

(ഡി) അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി അന്വേഷിക്കാൻ താലൂക്ക് ഓഫീസുകളിൽ എത്തി വ്യക്തമായ മറുപടി ലഭിക്കാതെ മടങ്ങേണ്ടിവരുന്ന കൂലിപ്പണിക്കാരായ സാധാരണക്കാർക്കും കിടപ്പുരോഗികൾക്കും ബി.പി.എൽ. കാർഡ് അനുവദിച്ച് ആ വിവരം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എ.പി.എൽ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിനായി 3822 അപേക്ഷകൾ ലഭിച്ചു. ഇതിൽ 1222 അപേക്ഷകളിൽ നടപടിക്രമം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയിൽ താലൂക്ക് സപ്ലൈ ആഫീസർ മാരിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) 3822 അപേക്ഷകൾ ലഭ്യമായതിൽ 1222 അപേക്ഷകളിൽ നടപടി സ്വീകരിച്ചു. 739 പേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചു നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ജനസമ്പർക്ക പരിപാടിക്കുശേഷം പുറത്തിറക്കിയ പുതിയ ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് അർഹരായവർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചു വരുന്നു. ഇതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടവും ഫയൽ നടപടികളും**

**23 (3313)** ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനുശേഷം അതിനുമുമ്പും പിൻപും വിവിധ വകുപ്പ്, സെക്ഷനുകളിൽ എത്തുന്ന തപാലുകളും ഫയലുകളും ചട്ടം നിലനിൽക്കുംവരെ നടപടികൾ വേണ്ടെന്ന നിർദ്ദേശവുമായി മടക്കി അയയ്ക്കുവാൻ സർക്കാർ ഉത്തരവുണ്ടായിട്ടുണ്ടോ ; ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഫയലുകളാണ് ഇപ്രകാരം മടക്കി അയയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നതെന്നും അറിയിക്കുമോ ;

(ബി) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇപ്രകാരം ഫയലുകൾ മടക്കി അയയ്ക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നോയെന്ന് വിശദമാക്കുമോ ; ഇപ്രകാരം നൽകിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ ലഭിക്കുന്ന ഫയലുകൾ ആവശ്യമായ പരിശോധനകൾ ഒന്നുംതന്നെ നടത്താതെ മടക്കി അയയ്ക്കാനാണോ സർക്കാർ നിർദ്ദേശിച്ചിരുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത കാലയളവിൽ സെക്ഷനുകളിൽ എത്തുന്ന ഫയലുകൾ മടക്കി അയയ്ക്കാതെ ഉത്തരവുകൾ ഇറക്കുന്നതൊഴികെ ഫയലിലെ മറ്റ് നടപടികൾ ഈ കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് തടസ്സം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശമോ ഉത്തരവോ ഇല്ലായിരുന്നെങ്കിൽ തെരഞ്ഞെടുപ്പു ചട്ടം നിലനിൽക്കുന്നു എന്ന കാരണത്താൽ മാത്രം ഫയലുകളിൽ യാതൊരു പരിശോധനയും മറ്റ് നടപടികളും പാലിക്കാതെ ആഴ്ചകളോളം ഫയൽ താമസിപ്പിച്ചതിനുശേഷം മടക്കുകയും ചട്ടം പിൻവലിച്ചതിനുശേഷം വീണ്ടും ഫയൽ ലഭിക്കുമ്പോൾ മാത്രം പരിശോധിച്ച് ഫയലിലെ പോരായ്മകൾ പറഞ്ഞ് വീണ്ടും മടക്കി അയയ്ക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) തെരഞ്ഞെടുപ്പിന് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനു മുമ്പോ അതിനു ശേഷമോ വിവിധ വകുപ്പ്, സെക്ഷനുകളിലെത്തുന്ന തപാലുകളിലും ഫയലുകളിലും നടപടികൾ സ്വീകരിക്കേണ്ടെന്നോ, മടക്കി അയയ്ക്കണമെന്നോ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവും നൽകിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടപ്രകാരം ചീഫ് ഇലക്ടറൽ ഓഫീസറുടെ അനുമതി കിട്ടാത്ത ഫയലുകളിലെ തുടർ നടപടികൾ മാത്രം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കഴിയുംവരെ നീട്ടിയിട്ടുണ്ട്.

(ഇ) ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഫയൽ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നത്**

**24 (3314)** ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും ജില്ലാ കളക്ടറേറ്റുകളിലും മൂന്ന് വർഷത്തിലധികം പഴക്കമുള്ള എത്ര ഫയലുകൾ കണ്ടെത്തിയിട്ടുണ്ട്; സെക്രട്ടേറിയറ്റ്, വിവിധ ഡയറക്ടറേറ്റ്, വിവിധ ജില്ലാ കളക്ടറേറ്റ് എന്നിവയുടെ കണക്ക് പ്രത്യേകം പ്രത്യേകം അറിയിക്കുമോ;

(ബി) മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടികളിൽ ഓരോ ഘട്ടത്തിലും ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട്; ബാക്കി പരാതികളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജനസമ്പർക്ക പരിപാടികളിൽ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എന്തു തുക വീതം എത്ര പേർക്ക് അനുവദിച്ചു; ജില്ലാടിസ്ഥാനത്തിലുള്ള വിവരം നൽകുമോ?

ഉത്തരം

(എ) 30-05-2014 വരെയുള്ള കണക്കുകൾ പ്രകാരം മൂന്ന് വർഷത്തിലധികം പഴക്കമുള്ള 11382 ഫയലുകൾ സെക്രട്ടേറിയറ്റിലും 46745 ഫയലുകൾ വിവിധ വകുപ്പുകളിലുമായി തീർപ്പാക്കാനുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**ഫയൽ തീർപ്പാക്കൽ യജ്ഞം**

**25 (T 3315)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ തീർപ്പാക്കാതെ എത്ര ഫയലുകൾ ഉണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ;

---

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫയൽ തീർപ്പാക്കൽ യജ്ഞം ഈ സർക്കാർ നിലവിൽവന്ന ശേഷം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിൽ നടത്തിയിട്ടുണ്ട് ; ഇവയിൽ അന്തിമ തീരുമാനം കൈക്കൊള്ളാതെ ഫയൽ അവസാനിപ്പിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(സി) ഫയൽ തീർപ്പാക്കൽ യജ്ഞം സെക്രട്ടേറിയറ്റ് തലത്തിലും മറ്റ് വകുപ്പുകളിലും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 2014 ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് സെക്രട്ടേറിയറ്റിൽ 1,68,368 ഫയലുകൾ തീർപ്പാക്കാനുണ്ട്. വകുപ്പുകളുടെ പ്രതിമാസ പ്രവർത്തന പത്രിക പ്രകാരം ഒരു വർഷത്തിനും രണ്ടു വർഷത്തിനുമിടയ്ക്ക് പഴക്കമുള്ളവ, രണ്ടു വർഷത്തിനുമേൽ പഴക്കമുള്ളവ എന്നീ പ്രകാരമാണ് ഫയലുകളുടെ കാലപ്പഴക്കം പരിശോധിച്ചുവരുന്നത്. ഇതിൽ 24,068 ഫയലുകൾ ഒരു വർഷത്തിനും രണ്ടു വർഷത്തിനുമിടയ്ക്ക് പഴക്കമുള്ളതും 20,132 ഫയലുകൾ രണ്ട് വർഷത്തിനു മുകളിൽ പഴക്കമുള്ളതുമാണ്.

(ബി) ഉണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 2011 ജൂൺ മാസം മുതൽ സെപ്റ്റംബർ വരെ തീവ്ര ഫയൽ തീർപ്പാക്കൽ യജ്ഞം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും വിവിധ സർക്കാർ വകുപ്പുകളിലും കളക്ടറേറ്റുകളിലും നടത്തിയിട്ടുണ്ട്. കൂടാതെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 2014 മേയ് - ജൂൺ മാസങ്ങളിലായി മൂന്നു ഘട്ടത്തിലുള്ള ഫയൽ അദാലത്ത് സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ വകുപ്പുകളിലും കളക്ടറേറ്റുകളിലും നടന്നുകൊണ്ടിരിക്കുകയാണ്. ഇവയിൽ അന്തിമ തീരുമാനമാകാതെ ഫയൽ അവസാനിപ്പിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 2014 മേയ്-ജൂൺ മാസങ്ങളിലായി മൂന്നു ഘട്ടത്തിലുള്ള ഫയൽ അദാലത്ത് സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ വകുപ്പുകളിലും കളക്ടറേറ്റുകളിലും നടന്നുകൊണ്ടിരിക്കുകയാണ്.

## സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം

**26 (3316)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുള്ള സെക്ഷനുകളിൽ എത്ര സെക്ഷനുകളാണ് തപാലുകൾ സ്വീകരിക്കുന്നതും ഫയൽ അയയ്ക്കുന്നതും ഐഡിയാസിൽ അപ്ഡേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) തപാലുകൾ സ്വീകരിക്കുന്നതും ഫയൽ അയയ്ക്കുന്നതും ഐഡിയാസിൽ അപ്ഡേറ്റ് ചെയ്യാത്ത സെക്ഷനുകളിൽ ആയത് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടില്ലാത്ത സെക്ഷനുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടില്ലാത്ത സെക്ഷനുകളിൽ എത്രയുംവേഗം കമ്പ്യൂട്ടർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) സെക്രട്ടേറിയറ്റിൽ ലഭിക്കുന്ന എം.എൽ.എ. മാരുടെ കത്തുകളിന്മേലുള്ള നടപടി സംബന്ധിച്ച വിവരം മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കമ്പ്യൂട്ടർ അസിസ്റ്റന്റ്, അസിസ്റ്റന്റ് തസ്തികകൾ തുടങ്ങി മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഐ.റ്റി., ധനകാര്യം എന്നീ വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനവും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഡി.ഡി.എഫ്.എസ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇതൊഴികെയുള്ള എല്ലാ വകുപ്പുകളിലും തപാൽ സ്വീകരിക്കുന്നതും ഫയൽ നീക്കങ്ങൾ രേഖപ്പെടുത്തുന്നതും ഐഡിയാസ് മുഖേനയാണ്.

(സി) തപാലുകൾ സ്വീകരിക്കുന്നതും ഫയൽ നീക്കങ്ങൾ രേഖപ്പെടുത്തുന്നതും ഐഡിയാസ് വഴിയായിരിക്കണമെന്ന് 6-7-2011 ലെ 2011/2373/1, 3-10-2012-ലെ നമ്പർ 2011/2373/1, 22-11-2012- ലെ 2011/2373/1 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി&ഇ) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

**സെക്രട്ടേറിയറ്റിൽ ഫ്രണ്ട് ഓഫീസ് സംവിധാനം**

**27 (3317)** ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷകൾ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തുമോ ;

(ബി) സെക്രട്ടേറിയറ്റിൽ എത്തുന്ന പൊതുജനങ്ങൾക്ക് നേരിട്ട് സെക്ഷനുകളിൽ കയറിയിറങ്ങേണ്ട ബുദ്ധിമുട്ട് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതുവഴി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 18-11-2009-ലെ സ.ഉ. (കൈ) നം. 257/2009/പൊ.ഭ.വ ഉത്തരവ് പ്രകാരം പ്രവർത്തനമാരംഭിച്ച സെക്രട്ടേറിയറ്റിലെ മൂന്ന് സന്ദർശക സഹായക കേന്ദ്രംവഴി അപേക്ഷകൾ സ്വീകരിക്കുവാനും ഫയൽ സംബന്ധമായ വിവരങ്ങളും മറ്റ് സൗകര്യങ്ങളും സന്ദർശകർക്ക് ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത സന്ദർശക സഹായക കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

1. സന്ദർശകർ കൊണ്ടുവരുന്ന പരാതികൾ വാങ്ങി 3 പേജ് വരെയുള്ളവ സ്കാൻ ചെയ്ത് കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനം ഉപയോഗിച്ച് രജിസ്റ്റർ ചെയ്തതിനുശേഷം പരാതിക്കാരന് നമ്പർ നൽകുകയും പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് തത്സമയം അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്.

2. സന്ദർശകർക്ക് നേരിട്ട് ബന്ധപ്പെട്ട സെക്ഷനിൽ സന്ദർശിക്കുവാൻ പാസ് നൽകാറുണ്ട്. പരാതി സന്ദർശകർതന്നെ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകണമെന്ന് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ അതിനുള്ള സൗകര്യം നൽകുന്നുണ്ട്.

3. ഓരോ ദിവസവും കേന്ദ്രത്തിൽ സ്കാൻ ചെയ്യുന്ന പരാതികൾ സെക്രട്ടേറിയറ്റ് ഇൻഫർമേഷൻ സിസ്റ്റംവഴി തത്സമയം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നതോടൊപ്പം അവിടെ ഏൽപ്പിച്ചു പോകുന്ന പരാതികളുടെ ഒറിജിനൽ പതിപ്പ് അതാത് ദിവസം ബന്ധപ്പെട്ടവർക്ക് 5 മണിയോടുകൂടി എത്തിച്ചു കൊടുക്കുന്നുണ്ട്.

4. ഈ കേന്ദ്രങ്ങളിൽ ലഭ്യമായ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങളും മറ്റു വിവരങ്ങളും മനസ്സിലാക്കാൻ സന്ദർശകരെ സഹായിക്കുന്നുണ്ട്.

5. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിലും സെക്ഷനുകളിൽനിന്നും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ഫോൺ മുഖാന്തരം ശേഖരിച്ചുനൽകുന്നതോടൊപ്പം ഉത്തരവ് സംബന്ധിച്ച് വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്.

## പുതുതായി വാങ്ങിയ കമ്പ്യൂട്ടറുകൾ

28 (3318) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ സ്ഥാപനങ്ങളിലേക്കും വകുപ്പുകളിലേക്കും പുതുതായി എത്ര കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട് ; അവയ്ക്കായി എന്തു തുക ചെലവായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വകുപ്പിലേക്കും സ്ഥാപനത്തിലേക്കും വാങ്ങിയ കമ്പ്യൂട്ടറുകളുടെ എണ്ണവും അതിയ്ക്ക് ചെലവായ തുകയും പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കമ്പ്യൂട്ടറുകൾ വാങ്ങിയത് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണെന്നും ഓരോ സ്ഥാപനത്തിൽനിന്നും വാങ്ങിയവയുടെ എണ്ണവും അതിയ്ക്ക് ചെലവായ തുകയും വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്ന് എത്ര വീതം കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ കമ്പ്യൂട്ടറുകൾ വാങ്ങിയത് ടെൻഡർ വ്യവസ്ഥയിലാണോ ; അല്ലെങ്കിൽ എന്തുകൊണ്ട് ; ഇതിനായി എന്തു മാർഗ്ഗമാണ് അവലംബിച്ചത് ; വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത രീതിയിൽ കമ്പ്യൂട്ടർ വാങ്ങിയതിനെതിരെ എന്തെങ്കിലും പരാതി ലഭിക്കുകയോ അന്വേഷണം നടക്കുകയോ ചെയ്യുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ - എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെക്രട്ടേറിയറ്റിൽ 81 കമ്പ്യൂട്ടറുകൾ, 25 ലാപ്ടോപ്പുകൾ എന്നിവ കെൽട്രോൺ മുഖാന്തരം കരാറടിസ്ഥാനത്തിൽ വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 42,02,410 (നാല്പത്തിരണ്ട് ലക്ഷത്തി രണ്ടായിരത്തി നാന്നൂറ്റിപ്പത്ത്) രൂപ ചെലവായിട്ടുണ്ട്. കെൽട്രോൺ സർക്കാർ അംഗീകരിച്ച TSP (Total Solution Provider) ആയതിനാലാണ് കരാർ നൽകിയത്. ഇത് സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മറ്റു വകുപ്പുകളിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

**ഐഡിയാസ് ഫയലിംഗ് സിസ്റ്റം**

**29 (3319)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ ഐഡിയാസ് ഫയലിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടും ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം പ്രസ്തുത സംവിധാനത്തിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സംവിധാനം ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തപാലുകൾ സ്വീകരിക്കുന്നതും പരാതികൾ നീക്കങ്ങൾ രേഖപ്പെടുത്തുന്നതും ഐഡിയാസ് വഴി ആയിരിക്കണമെന്ന് 6-7-2011-ലെ 2011/2373/1, 3-10-2012 -ലെ 2011/2373/1, 22-11-2012- ലെ 2011/2373/1 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## ആറന്മുള വിമാനത്താവള പദ്ധതി പ്രദേശം- പ്രത്യേക വ്യവസായ മേഖല

**30 (3320)** ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവള പദ്ധതിപ്രദേശം പ്രത്യേക വ്യവസായ മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കണമെന്ന് ആരെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ആറന്മുള വിമാനത്താവള പദ്ധതി പ്രദേശം പ്രത്യേക വ്യവസായ മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പദ്ധതി അഭിവർദ്ധകരുടേതല്ലാത്ത ചില പ്രദേശങ്ങൾകൂടി ഉൾപ്പെട്ടുവെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കൂടുതലായി ഉൾപ്പെടുത്തിയ പ്രദേശങ്ങളെ ഒഴിവാക്കി പുനർവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

## വായ്പ അനുവദിക്കുന്നതിലെ കഠിന വ്യവസ്ഥകൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ

**31 (T 3321)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശീയർക്ക് വായ്പ അനുവദിക്കുന്ന കാര്യത്തിൽ ദേശസാൽകൃത ബാങ്കുകളും ഇതരബാങ്കുകളും അതികഠിന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാങ്ക് വായ്പയെടുക്കാനാവാതെ സാധാരണക്കാർ അമിത പലിശക്ക് സ്വകാര്യ പണമിടപാടുകാരിൽനിന്നും വായ്പയെടുക്കാൻ നിർബന്ധിതരാവുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചിരുന്നോ ; എങ്കിൽ തീരുമാനങ്ങൾ എന്താണെന്ന് വിശദമാക്കുമോ ?

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഉണ്ട്. സ്വകാര്യ പണമിടപാടുകാരിൽനിന്നും പണം പലിശയ്ക്കെടുത്ത് കടക്കെണിയിൽപ്പെട്ടവരെ സഹായിക്കുന്നതിനായി 22-5-2014-ൽ കൂടിയ പ്രത്യേക സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗ തീരുമാനപ്രകാരം ഒരു പുതിയ വായ്പാ പദ്ധതിക്ക് സംസ്ഥാനതല ബാങ്കിംഗ് സമിതി രൂപം നൽകിയിട്ടുണ്ട്. "ഋണമുക്തി" എന്ന പേരുള്ള ഈ പ്രത്യേക വായ്പാ പദ്ധതി ജൂൺ മാസം 26-ാം തീയതി നടക്കാൻ പോകുന്ന സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ അവലോകന യോഗത്തിൽ പാസ്സാക്കുന്നതിനായി യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ

32 (3322) ശ്രീ. പി. ബി. അബ്ദുൾ റസാക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ, താലൂക്ക് ജില്ലാ ആസ്ഥാനങ്ങൾ, ഡംപിംഗ് യാർഡുകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ വിവിധ കാരണങ്ങളാൽ പിടികൂടി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ കണക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണായസ്ഥലങ്ങളിൽ സ്ഥലം മുടക്കികളായി പഴകിദ്രവിച്ച് കിടക്കുന്ന ഇത്തരം വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(സി) വർഷങ്ങൾ പഴക്കംചെന്ന് കോടികൾ വില മതിക്കുന്ന ഇത്തരം വാഹനങ്ങൾ നശിക്കുന്നതും, വാഹനങ്ങൾ കിടക്കുന്ന പല സ്ഥലങ്ങളും വന്യജീവികളുടെയും ഇഴജന്തുക്കളുടെയും സാമൂഹ്യദ്രോഹികളുടെയും വിഹാര കേന്ദ്രമായി മാറുന്നതും സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഭാവിയിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പിഴ ഈടാക്കിവിട്ട് നൽകുന്നതിനെ കുറിച്ച് ആലോചിക്കുമോ;

(ഇ) വർഷങ്ങൾ പഴക്കമുള്ള തുരുമ്പെടുത്ത വാഹനങ്ങൾ കണ്ടം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 21,741 വാഹനങ്ങൾ വിവിധ കാരണങ്ങളാൽ പിടികൂടി സൂക്ഷിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നുണ്ട്.

(സി&ഡി) വർഷങ്ങൾ പഴക്കം ചെന്ന വാഹനങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20-12-2010-ലെ G.O(Rt.) No. 3792/10/Home

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള വാഹനങ്ങൾ കോടതി നടപടിക്കു വിധേയമായി മാത്രമേ വിട്ടു നൽകാൻ കഴിയുകയുള്ളൂ.

(ഇ) അതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**നിർത്തലാക്കിയ ഓഫീസുകൾ**

**33 (3323)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം ഓഫീസുകൾ നിർത്തലാക്കിയെന്ന് അറിയിക്കുമോ ;

(ബി) നിർത്തലാക്കിയ ഓഫീസുകളുടെ പേര്, പ്രദേശം, വകുപ്പ് എന്നിവ ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാപകമായി തസ്തികകളോ ഓഫീസുകളോ നിർത്തലാക്കിയിട്ടില്ല. ഒറ്റപ്പെട്ട ഏതെങ്കിലും തസ്തികകളോ ഓഫീസോ നിർത്തലാക്കിയിട്ടുണ്ടോയെന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

**അപമര്യാദയായി പെരുമാറുന്ന ജീവനക്കാർക്കെതിരെ നടപടി**

**34 (3324)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഫയൽ വിവരം അന്വേഷിച്ചുചെല്ലുന്ന സാധാരണക്കാരോടും ജനപ്രതിനിധികളോടും ജീവനക്കാർ അപമര്യാദയായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ജീവനക്കാർക്ക് പൊതുജനസമ്പർക്കത്തിന് പരിശീലനം നൽകുന്നത് പരിഗണിക്കുമോ ;

(സി) എം.എൽ.എ.മാരുടെ പി.എ.മാരോട് അപമര്യാദയായി പെരുമാറുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) വിവിധ സർക്കാർ ഓഫീസുകളിൽ ഫയൽ വിവരം അന്വേഷിച്ചു വരുന്ന എം.എൽ.എ.മാരുടെ പി.എ.മാരോട് മര്യാദപൂർവ്വം പെരുമാറണമെന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശം 18-2-2013-ലെ 441/എ2/2013/പൊ.ഭ.വ. നമ്പർ പരിപത്രത്തിലൂടെ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉചിതമായ നടപടി ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

## പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് നിയമനം

**35 (3325)** ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ എത്രപേർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകി എന്നു വ്യക്തമാക്കുമോ ;

(ബി) ഇവരിൽ ആശ്രിത നിയമനപദ്ധതി പ്രകാരം നിയമനം ലഭിച്ചവർ എത്രയാണെന്നും അവർ ആരൊക്കെയാണെന്നും വിശദമാക്കുമോ ;

(സി) മറ്റു വകുപ്പുകളിൽ ജോലിയിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്കായി എത്ര ശതമാനം ഒഴിവുകളാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് നീക്കിവച്ചിട്ടുള്ളത് ; അങ്ങനെ നിയമിക്കപ്പെട്ടവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) 396 പേർക്ക്

(ബി) ആശ്രിത നിയമന പദ്ധതിപ്രകാരം 71 പേർക്ക് നിയമനം നൽകി. വിശദവിവരം അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.*

(സി) 24-5-1999-ലെ GO(P)No.12/99/P&ARD പ്രകാരം 5% ഒഴിവുകളാണ് നീക്കിവച്ചിരിക്കുന്നത്. ഇപ്രകാരം നിയമിക്കപ്പെട്ടവരുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.*

## പൊതുഭരണ വകുപ്പിലെ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ

**36 (3326)** ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണവകുപ്പിൽ ടൈപ്പിസ്റ്റ് ഗ്രേഡ് 2 തസ്തികയുടെ കേഡർ എണ്ണം പുനർനിർണ്ണയിച്ചതിന്റെ ഫലമായി എൻട്രി ലെവലിൽ എത്ര ഒഴിവുകൾ ഉണ്ടായെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും അറിയിക്കാമോ ;

(ബി) ഇനിയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെങ്കിൽ ആയത് എത്രയുംവേഗം റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) പൊതുഭരണ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ചപ്പോൾ 65 ഒഴിവുകൾ ഉണ്ടായതായി കണക്കാക്കിയിരുന്നു. എന്നാൽ സൂക്ഷ്മ പരിശോധനയിൽ പ്രസ്തുത പുനർനിർണ്ണയത്തിൽ അപാകതയുണ്ടെന്ന് ബോധ്യപ്പെടുകയും തുടർന്ന് 18 ഒഴിവുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത 18 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തതിനുശേഷം നിലവിൽ ടൈപ്പിസ്റ്റ് തസ്തികയിൽ NJD ഒഴിവുകളല്ലാതെ മറ്റൊരു ഒഴിവും നിലവിലില്ല. NJD ഒഴിവുകൾ നിലവിൽ 8 എണ്ണമാണുള്ളത്. ഇത് പി.എസ്.സിക്ക് 20-5-2014-ൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞു.

### പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി

37 (3327) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടേയും, അധ്യാപകരുടെയും പെൻഷൻ പ്രായം 56-ൽ നിന്നും ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ ;

(ബി) പെൻഷൻപ്രായം ഉയർത്തുന്നതു സംബന്ധിച്ച് ഏതെങ്കിലും സർവ്വീസ് സംഘടനകൾക്ക് സർക്കാർ ഉറപ്പു നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഇല്ല.

### ആശ്രിത നിയമനം

38 (3328) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് ഉത്തരവ് ലഭിച്ചിട്ട് മാസങ്ങൾ പിന്നിട്ടിട്ടും ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ഏതെല്ലാം വകുപ്പുകളിലാണ് നിയമന ഉത്തരവ് ലഭിച്ചിട്ടും നിയമനം നൽകാത്തതെന്ന് വിശദമാക്കുമോ ;

(സി) എത്ര ഉദ്യോഗാർത്ഥികൾക്കാണ് ഇത്തരത്തിലുള്ള നിയമനം ലഭിക്കാത്തത് എന്ന് വിശദമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇവർക്ക് എന്ന് നിയമനം നൽകുമെന്ന് വിശദമാക്കുമോ ;

(ഡി) ആശ്രിത നിയമനം വഴി ജോലിയിൽ പ്രവേശിച്ചവർക്ക് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയത് സംബന്ധിച്ച വിശദാംശം നൽകുമോ ; ഇവർക്ക് സ്ഥിര നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടിവന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ 6-7-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 174/12/ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും, 2-9-2013-ലെ ജി.ഒ. (എം.എസ്) നമ്പർ 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം

356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ അതാത് വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ 2-6-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ131/2014/ജി.എ.ഡി. പ്രകാരം നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർ ന്യൂമററി തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതിനുശേഷം നിയമനം ലഭിക്കാത്തവരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ നിയമന ക്രമീകരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## മരണമടയുന്ന സൈനികരുടെ ആശ്രിതർക്കുള്ള സമാശ്വാസ നിയമനം

**39 (3329)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവന കാലയളവിൽ മരണപ്പെടുന്ന സൈനികരുടെ ആശ്രിതർക്ക് സമാശ്വാസനിയമനം ലഭിക്കുന്നതിന് കാലതാമസം വരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം സമാശ്വാസ നിയമനം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും അവയിൽ നിയമനം നൽകുന്നതിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണെന്നും അറിയിക്കാമോ ;

(സി) സേവന കാലയളവിൽ മരണമടയുന്ന അർദ്ധസൈനിക വിഭാഗത്തിൽപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഇ) അർദ്ധസൈനിക വിഭാഗത്തിൽപ്പെട്ടവരുടെ കുടുംബാംഗങ്ങളിൽ നിന്നും ഈ ആനുകൂല്യത്തിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള ആറ് അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. മേൽപ്പറഞ്ഞ ആറ് അപേക്ഷകർക്കും ജോലി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇവരെ നിയമിക്കാൻ ഒഴിവ് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്.

(സി&ഡി) മിലിട്ടറി അറ്റാച്ച്മെന്റ് കാലയളവിൽ മരണമടയുന്ന അർദ്ധ സൈനികരുടെ കുടുംബങ്ങൾക്ക് സമാശ്വാസ നിയമന ആനുകൂല്യം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നുണ്ട്. അപ്രകാരമുള്ള ഒരു അപേക്ഷയും തീർപ്പ് കൽപ്പിക്കാൻ ശേഷിക്കുന്നില്ല.

(ഇ) നിലവിൽ ഒന്നുംതന്നെ ഇല്ല.

**പേഴ്സണൽ സ്റ്റാഫിന്റെ വിശദാംശങ്ങൾ**

40 (3330) ശ്രീ. പിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടവരുടെ പേരുവിവരം തസ്തിക തിരിച്ച് വിശദമാക്കുമോ ; ഇതിൽ ഡെപ്യൂട്ടേഷനിൽ വന്നവർ ആരൊക്കെ ; നേരിട്ടു നിയമിക്കപ്പെട്ടവർ ആരൊക്കെയെന്നും വിശദീകരിക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ സ്റ്റാഫിൽ നിന്നും നീക്കം ചെയ്യപ്പെട്ടവർ/സ്വയം പിൻമാറിയവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ നീക്കം ചെയ്യാൻ/വിരമിക്കാൻ കാരണമെന്തെന്ന് വിശദീകരിക്കുമോ ?

**ഉത്തരം**

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) മുഖ്യമന്ത്രിയുടെ സ്റ്റാഫിൽനിന്നും വ്യക്തിപരമായ കാരണങ്ങളാൽ ശ്രീ. കെ. സുനിൽ കുമാർ, ശ്രീ. ടെന്നി ജോപ്പൻ, ശ്രീ. ജിക്കുമോൻ ജേക്കബ് എന്നിവരേയും സർവ്വീസിൽനിന്നും റിട്ടയർ ചെയ്തതിനെ തുടർന്ന് ശ്രീ. ഡി. ജയചന്ദ്രനേയും വിടുതൽ ചെയ്തിട്ടുണ്ട്.

**മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളം**

41 (3331) ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-5-2014 വരെ മന്ത്രിമാരുടെ ഓരോരുത്തരുടെയും പേഴ്സണൽ സ്റ്റാഫിൽ ഉള്ളവർ, ശമ്പളം, വിവിധ അലവൻസുകൾ എന്നീ ഇനത്തിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരുടെ സ്റ്റാഫിലുള്ളവർ റ്റി.എ., ഡി.എ. എന്നീ ഇനങ്ങളിൽ എന്ത് തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ മേൽ വിഭാഗത്തിൽ ഉൾപ്പെട്ടവർ അവരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാ ചെലവിനത്തിൽ എന്ത് തുകവീതം പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-5-2014 വരെ മന്ത്രിമാരുടെ ഓരോരുത്തരുടെയും പേഴ്സണൽ സ്റ്റാഫിലുള്ള നോൺ ഗസറ്റഡ് ജീവനക്കാർ, ശമ്പളം വിവിധ അലവൻസുകൾ എന്നീ ഇനത്തിൽ കൈപ്പറ്റിയ തുക സംബന്ധിച്ച വിശദ വിവരം അനുബന്ധം-I * ആയി ചേർത്തിരിക്കുന്നു. ഗസറ്റഡ് ജീവനക്കാരുടെ (സെൽഫ് ഡ്രോയിംഗ്) ശമ്പളം, വിവിധ അലവൻസുകൾ എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

**മന്ത്രിമാരുടെ അന്യ സംസ്ഥാന യാത്ര**

**42 (3332)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാർ ഔദ്യോഗികമായി വിവരങ്ങൾ കൈമാറാതെ അന്യസംസ്ഥാനങ്ങൾ സന്ദർശിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം തീയതിയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ യാത്രകൾക്കായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ ഔദ്യോഗിക യാത്രകൾ ഏതെല്ലാം ; അനൗദ്യോഗിക യാത്രകൾ ഏതെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാർ ആരുംതന്നെ ഔദ്യോഗികമായി വിവരങ്ങൾ കൈമാറാതെ അന്യ സംസ്ഥാനങ്ങൾ സന്ദർശിച്ചിട്ടില്ല.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**അനർഹമായി ബി.പി.എൽ. റേഷൻ കാർഡ് കൈവശം വയ്ക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ നടപടി**

**43 (3333)** ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.പി.എൽ. കാർഡുകൾ ഉണ്ടായിരുന്ന എത്ര സർക്കാർ ജീവനക്കാരാണ് ആകെയുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവരിൽ എത്ര ജീവനക്കാരിൽ നിന്നും പ്രസ്തുത കാർഡുകൾ തിരികെ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അനർഹമായി ബി.പി.എൽ. കാർഡുകൾ കൈവശം വച്ച് ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സർക്കാർ ജീവനക്കാർ ഇപ്പോഴുമുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഓരോ സർക്കാർ വകുപ്പിലും 'താൻ ബി.പി.എൽ. കാർഡിൽ ഉൾപ്പെടുന്നില്ല' എന്ന സത്യപ്രസ്താവന എഴുതി വാങ്ങുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ; അനർഹമായി കൈവശം വച്ചിരിക്കുന്ന റേഷൻ കാർഡുകൾ തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരായ ആർക്കുംതന്നെ ബി.പി.എൽ. കാർഡുകൾക്ക് അർഹതയില്ല. എന്നാൽ തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ കാർഡുകൾ ലഭിക്കുകയോ ബി.പി.എൽ. റേഷൻ കാർഡ് ലഭിച്ച ശേഷം സർക്കാർ ജോലി ലഭിച്ചിട്ടും ടി വിവരം അറിയിക്കാതിരിക്കുകയോ ചെയ്തിട്ടുള്ളവർ ബി.പി.എൽ. കാർഡ് കൈവശം വയ്ക്കുന്നുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനായി തീവ്ര പരിശോധനകൾ നടന്നുവരുന്നു. 28-2-2011-ലെ സ.ഉ.(അച്ചടി)39/2011/ഭ.സി.സ.വ പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ബി.പി.എൽ കാർഡുടമകളായോ, ബി.പി.എൽ. കാർഡിൽ അംഗമായോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ടി കാർഡുകൾ സ്വയം തിരികെ നൽകി എ.പി.എൽ കാർഡുകൾ കൈപ്പറ്റണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിപ്രകാരം കാർഡ് സ്വയം മാറ്റുന്നതിനുള്ള അവസാന തീയതിയായ 30-6-2012 വരെ 35,225 ജീവനക്കാർ തങ്ങളുടെ ബി.പി.എൽ കാർഡുകൾ എ.പി.എൽ-ആക്കി മാറ്റിയിരുന്നു.

(ബി) 31-5-2014 വരെ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉൾപ്പെടുന്ന 40,926 ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കിമാറ്റിയിരുന്നു.

(സി) ഉണ്ട്. അനർഹമായി ബി.പി.എൽ/എ.എ.വൈ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനായി ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് വിശദമായ പരിശോധനകൾ നടത്തിവരുന്നു.

(ഡി) നിലവിൽ 'ബി.പി.എൽ-ൽ ഉൾപ്പെട്ടിട്ടില്ല' എന്ന സത്യപ്രസ്താവന എഴുതി വാങ്ങുന്നില്ല. അനർഹമായി ബി.പി.എൽ./എ.എ.വൈ. കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനായി ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് വിശദമായ പരിശോധനകൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**ആലപ്പുഴ ജില്ലയിൽ ബി.പി.എൽ. -ലേക്ക് മാറ്റിയ റേഷൻ കാർഡുകൾ**

44 (3334) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. റേഷൻ കാർഡിൽ നിന്നും ബി.പി.എൽ.-ലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ എത്ര പേരിൽ നിന്നും ലഭിച്ചു ;

(ബി) പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ ;

(സി) ഇതിൽ ബി.പി.എൽ.-ലേക്ക് മാറ്റിയവരുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ ;

(ഡി) അമ്പലപ്പുഴ താലൂക്കിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡുകൾ ലഭിച്ചു എന്ന് അറിയിക്കാമോ ?

**ഉത്തരം**

(എ) 4331 അപേക്ഷകൾ ലഭിച്ചു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അമ്പലപ്പുഴ താലൂക്കിൽ 1027 ബി.പി.എൽ. കാർഡുകൾ അനുവദിച്ചു.

**നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് നിബന്ധനകൾ**

45 (3335) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെയ്സ് ബുക്കിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയോ, മറ്റുള്ളവരുടെ അഭിപ്രായത്തോട് ലൈക്ക് ചെയ്തതിന്റെയോ പേരിൽ പോലീസുകാർ ഉൾപ്പെടെ എത്ര സർക്കാർ ജീവനക്കാർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ജീവനക്കാരുടെ വകുപ്പു തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എന്തെല്ലാം നടപടികളാണ് ഓരോരുത്തരുടെയും പേരിൽ സ്വീകരിച്ചത് ;

(സി) സർവ്വീസ് ചട്ടങ്ങളിലെ ഏതെല്ലാം ചട്ടങ്ങൾ അനുസരിച്ചാണ് ഇവർക്കെതിരെ നടപടി സ്വീകരിച്ചത് ;

(ഡി) എത്ര പേരുടെ പേരിലുള്ള നടപടി ഇതിനകം പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) നവമാധ്യമങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ജീവനക്കാർ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സർക്കാർ നയം രൂപീകരിക്കുകയോ അത് ഉത്തരവായോ സർക്കുലറായോ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പൊതുഭരണ സെക്രട്ടേറിയറ്റിലേയും നിയമ വകുപ്പിലേയും ഓരോ ഉദ്യോഗസ്ഥനെ വീതം ഇതുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയും അതിൻപ്രകാരം ഈ ഉദ്യോഗസ്ഥരെ മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് താക്കീത് നൽകിക്കൊണ്ട് അച്ചടക്ക നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു. മറ്റു വകുപ്പുകളിലെ ഇതു സംബന്ധിച്ച വിശദാംശം ശേഖരിച്ചു വരുന്നു.

(സി) ഇത്തരം കുറ്റത്തിന് നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയാത്തതിനാൽ ഈ ഉദ്യോഗസ്ഥർക്കെതിരെ ഇതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) പൊതുഭരണ/നിയമ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികളെല്ലാം പിൻവലിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിലെ ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ) നവമാധ്യമങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ജീവനക്കാർ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സർക്കാർ പ്രത്യേക നയം രൂപീകരിച്ചിട്ടില്ലെങ്കിലും ഓഫീസ് സമയത്ത് ഇത്തരം മാധ്യമങ്ങളുടെ അമിതമായ ഉപയോഗം തടയുന്നതിനായി ഫെയ്സ് ബുക്ക്, ട്വിറ്റർ അടക്കമുള്ള സോഷ്യൽ നെറ്റ് വർക്കുകളുൾപ്പെടെയുള്ള ഇന്റർനെറ്റിലെ ചില സൈറ്റുകൾ സെക്രട്ടേറിയറ്റിൽ ബ്ലോക്ക് ചെയ്ത് വിവര സാങ്കേതിക വിദ്യാ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഉദ്യോഗസ്ഥരുടെ കുറവുമൂലമുള്ള ഭരണ പ്രതിസന്ധി

**46 (3336)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണക്കുറവുമൂലം ഭരണ പ്രതിസന്ധിയുണ്ടായിട്ടുണ്ടോ ;

(ബി) ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. കേഡറുകളിലായി നിലവിൽ സ്റ്റേറ്റ് സിവിൽ സർവ്വീസ് ക്വാട്ട എത്രയാണ് ; അതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണ പ്രതിസന്ധി മറികടക്കുന്നതിനും സിവിൽ സർവ്വീസിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) രൂപീകരിക്കുന്ന കാര്യം ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ഡി) കെ.എ.എസ്.ലേക്കുള്ള റിക്രൂട്ട്മെന്റ്, യോഗ്യത, പ്രൊമോഷൻ എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഇ) വിവിധ വകുപ്പുകളിൽ ഉയർന്ന കേഡറുകളിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് കെ.എ.എസ്.-ലേക്ക് പ്രൊമോഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഐ.എ.എസ്. കേഡറിലാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ് ക്വാട്ട ഉള്ളത്. നിലവിൽ 60 തസ്തിക ഉള്ളതിൽ 27 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്.

(സി-ഇ) കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## കോടതി ഉത്തരവുകൾ മലയാളത്തിലാക്കാൻ നടപടി

47 (3337) ശ്രീ. റ്റി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികളുടെ നടപടിക്രമങ്ങളും, ഉത്തരവുകളും മലയാള ഭാഷയിലാക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സത്വര നടപടി സ്വീകരിക്കുമോ ;

(സി) പ്രാധാന്യമുള്ള കോടതിയുത്തരവുകളെങ്കിലും മലയാളത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കോടതി ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ മുതലായവ മലയാളത്തിലേക്ക് തർജ്ജിമ ചെയ്ത് കോടതിയുടെ ഉപയോഗത്തിനായി ലഭ്യമാക്കുന്നതിനും ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതി കുറിപ്പുകളും ഉൾപ്പെടുത്തി 'നിയമധ്വനി' എന്ന പേരിൽ പുസ്തകം ഒന്നും രണ്ടും ഭാഗങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ, "നിയമശബ്ദാവലി" എന്ന പുസ്തകവും നിയമവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**കോടതി ഭാഷ മലയാളത്തിലാക്കുന്നതിന് നടപടി**

48 (T3338) ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിഫ് കോടതി, മജിസ്ട്രേറ്റ് കോടതി എന്നിവിടങ്ങളിലെ കോടതിഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) കോടതിഭാഷ മലയാളമാക്കുന്നതിന് സമീപകാലത്ത് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണ്; വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

(എ-സി) ഹൈക്കോടതിയിലെയും കീഴ്ക്കോടതികളിലെയും ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച നടപടികൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി നിയോഗിക്കപ്പെട്ട ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിൽ കോടതി ഭാഷ മലയാളമാക്കുന്നതിന് മുമ്പ് താഴെപ്പറയുന്ന 7 കാര്യങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

(i) പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ മുതലായവ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് കോടതിയുടെ ഉപയോഗത്തിന് സൗജന്യമായി അച്ചടിച്ചു വിതരണം ചെയ്യുക.

(ii) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുക.

(iii) ഒരു നിയമ ശബ്ദാവലി തയ്യാറാക്കി അച്ചടിച്ചു പ്രസിദ്ധീകരിക്കുക.

(iv) ആവശ്യത്തിനുള്ള മലയാളം ടൈപ്പിസ്റ്റുമാരുടെയും പുരുക്കെഴുത്തുകാരുടെയും തസ്തിക കോടതികളിൽ സൃഷ്ടിക്കുക.

(v) ആവശ്യത്തിനുള്ള മലയാളം ടൈപ്പ്റൈറ്ററുകൾ വിതരണം ചെയ്യുക.

(vi) കോടതി ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി ന്യായാധിപന്മാർക്കുള്ള പരിശീലനം നൽകുക.

(vii) നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുക.

കീഴ് കോടതികളിൽ ഇപ്പോൾ സഹായിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറിൽ മലയാളം Soft ware സഹായിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ന്യായാധിപന്മാർക്ക് പരിശീലനം നൽകാൻ മതിയായ സൗകര്യം ഇപ്പോൾത്തന്നെ ഹൈക്കോടതിയിൽ നിലവിലുണ്ട്.

കോടതിഭാഷ സാധാരണക്കാരന് മനസ്സിലാക്കുന്നതിന് മലയാളത്തിൽ ആക്കണമെന്നാണ് സർക്കാരിന്റെ നയം. ഇതുസംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ഞാറക്കലിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി

49 (T3340) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഞാറക്കലിൽ ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത കോടതി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്നും ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) 13-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് വിനിയോഗിച്ച് 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കുവാൻ ഉത്തരവായതിൽ എറണാകുളം ജില്ലയിലെ ഞാറക്കലും ഉൾപ്പെടുന്നു. കോടതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടവും ആയതിലെ അടിസ്ഥാന സൗകര്യങ്ങളും സജ്ജമാകുന്ന മുറയ്ക്ക് കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## മജിസ്ട്രേറ്റ് കോടതികളിൽ പി.എസ്.സി. വഴി സ്ഥിരനിയമനം

50 (3341) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(എംഎസ്.)നമ്പർ 94/2014/ആഭ്യന്തരം 13-5-2014 എന്ന ഉത്തരവ്പ്രകാരം സ്ഥാപിച്ചിട്ടുള്ള മജിസ്ട്രേറ്റ് കോടതികളിൽ ടൈപ്പിസ്റ്റ്, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ പി.എസ്.സി.വഴി സ്ഥിര നിയമനം നടത്തുന്നതിനുപകരം കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്താനൊരുങ്ങുന്നു എന്ന പരാതിയിൽ വാസ്തവമുണ്ടോ ;

(ബി) വാസ്തവമാണെങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള നിയമനത്തിനുപകരം സ്ഥിരം നിയമനം നടത്തുന്ന കാര്യം പരിഗണി ക്കാനാകുമോ ;

(സി) പരിഗണിക്കാനാകില്ല എങ്കിൽ എന്താണ് കാരണമെന്ന് വിശദീകരിക്കുമോ ?

---

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 13-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് വിനിയോഗിച്ചാണ് പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 27 താൽക്കാലിക കോടതികൾ സ്ഥാപിച്ചിരിക്കുന്നത്. ഗ്രാന്റിന്റെ കാലാവധി തീരുന്ന 31-5-2015 വരെയാണ് പ്രസ്തുത കോടതികൾ അനുവദിച്ചിരിക്കുന്നത് എന്നതിനാലാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ ഉത്തരവായിട്ടുള്ളത്. ആയതിനാൽ സ്ഥിരം നിയമനം നടത്താൻ നിർവ്വാഹമില്ല.

സെസ്സ് കേന്ദ്രസർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം

51 (3342) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സെസ്സ്' ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) 'സെസ്സ്' ഏറ്റെടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതുമൂലം സെസ്സിന്റെ വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് എന്തുതുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെസ്സ് ഏറ്റെടുക്കാൻ 2013 ഡിസംബർ 19-ാം തീയതിയിലെ കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചു. ആ തീരുമാനമനുസരിച്ച് 2014 ജനുവരി ഒന്നാം തീയതി കേന്ദ്ര സർക്കാരിന്റെകീഴിലുള്ള ഭൗമമന്ത്രാലയം സെക്രട്ടറിയും സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് എക്സ് ഓഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിൽ ഇതിനുള്ള ധാരണാ പത്രത്തിൽ ഒപ്പുവച്ചു.

(സി) സെസ്സിന്റെ ഗവേഷണ പ്രവർത്തനങ്ങളും നേട്ടങ്ങളും ദേശീയ അന്തർദ്ദേശീയ തലത്തിൽ ഉയർത്തുന്നതിനും കേന്ദ്ര സർക്കാരിന്റെകീഴിലുള്ള വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിനും അവസരം ലഭിക്കും. വിവിധതരം അത്യന്താധുനിക ശാസ്ത്ര ഗവേഷണ ഉപകരണങ്ങളുടേയും ഭൗമശാസ്ത്രത്തിൽ അറിവ് നേടിയിട്ടുള്ള കൂടുതൽ ഗവേഷകരുടെയും മറ്റ് വിദഗ്ദ്ധരുടേയും സഹായത്തോടുകൂടി ഭൗമഗവേഷണത്തിൽ കൂടുതൽ പുരോഗതി കൈവരിക്കുവാനും സാധിക്കുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് 128.67 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. ആയതിൽ 80.35 കോടി രൂപ ഗവേഷണ പ്രവർത്തനങ്ങൾക്കും ലബോറട്ടറി നവീകരണത്തിനുമായി നീക്കിവച്ചിരിക്കുന്നു. ബാക്കി തുക ജീവനക്കാരുടെ ശമ്പളത്തിനും സ്ഥാപനത്തിന്റെ മറ്റാവശ്യങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ

**52 (3343)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) ഈ വർഷം ഏതെല്ലാം സ്ഥാപനങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഹൈസ്കൂളുകളിൽ ശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾക്ക് പരീക്ഷണങ്ങൾ നടത്തുന്നതിനുവേണ്ടി മാതൃകാപരമായ പരീക്ഷണശാലകൾ ഒരുക്കിക്കൊടുക്കുന്ന 'ശാസ്ത്ര പോഷിണി സ്കീം'എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ, സംസ്ഥാനത്തെ സർവ്വകലാശാലകളിലും കലാലയങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും ലബോറട്ടറി സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ബേസിക് സയൻസ് ഡിവിഷൻ SARD (സെലക്ടീവ് ഓഗ്മെന്റേഷൻ ഓഫ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്) എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ബി) 2011-12 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ വിവിധ ജില്ലകളിലെ പന്ത്രണ്ട് സ്കൂളുകളിലും 2012-13 അദ്ധ്യയന വർഷത്തിൽ പതിനഞ്ച് സ്കൂളുകളിലും ശാസ്ത്ര പോഷിണി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളുടെ വിശദമായ പട്ടിക (അനുബന്ധം I) ഇതോടൊപ്പം ചേർക്കുന്നു.*

SARD പദ്ധതിയുടെ മുഴുവൻ പ്രയോജനവും കുട്ടികളിലേക്ക് എത്തിക്കുവാൻ വേണ്ടി ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ ശാസ്ത്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്ക് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെകീഴിൽ വരുന്ന സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (C-sis) യുടെ മേൽനോട്ടത്തിൽ മൂന്ന് ദിവസത്തെ വിദഗ്ദ്ധ പരിശീലനവും നൽകുന്നു. 2013-14-ൽ കേരളത്തിലെ ഇരുപത് സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ഉന്നതതല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ SARD പദ്ധതി നടപ്പിലാക്കി. അതിന്റെ വിശദാംശങ്ങൾ ചുവടെ:

| Sl.No. | Institute/College | Budget for 3 Years | Amount released |
|---|---|---|---|
| 1 | Department of Micro biology, Sree Sankara College, Kalady | Rs. 29,79,173 | Rs. 10.99, 710 (dt. 12-2-2014) |
| 2 | Department of Physics, St. Thomas College, Pala, Kottayam | Rs. 19,75,000 | Rs. 19,00,000 (dt. 28-3-2014) |
| 3 | School of Biosciences, MG University, Kottayam | Rs. 21,50,000 | Rs. 20,25,000 (dt. 5-3-2014) |
| 4 | College of Veterinary & Animal Sciences, Pookode, Wayanad | Rs. 18,00,000 | Rs. 18,00,000 (dt. 19-3-2014) |
| 5 | School of Environmental Sciences, Mahatma Gandhi University, Priyadarshini Hills P.O. Kottayam | Rs. 30,00,000 | Rs. 28,00,000 (dt. 23-4-2013) |

(സി) ശാസ്ത്രപോഷിണി പദ്ധതികളുടെ ഭാഗമായി 2014-15 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ഇതുവരെ കേരളത്തിലെ മൂന്ന് സ്കൂളുകളിൽനിന്ന് അപേക്ഷ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് ഈ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിപ്പിക്കുകയും സമിതിയുടെ റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ശരാശരി അഞ്ച് ലക്ഷം രൂപ വീതമാണ് ഓരോ സ്കൂളിനും ഈ പദ്ധതി പ്രകാരം ധനസഹായമായി അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

SARD പദ്ധതികളുടെ ഭാഗമായി ഈ വർഷം 4 സ്ഥാപനങ്ങളിൽ ഈ പദ്ധതി അനുവദിച്ചു. അതിന്റെ വിശദാംശങ്ങൾ ചുവടെ:

| Sl. No. | Institute/College | Title of the Programme |
|---|---|---|
| 1 | Department of Mechanical Engineering, College of Engineering, Trivandrum | Setting Up a New Micro/ Nanofluidic Research Laboratory |
| 2 | Department of Mathematics, Government College of Chittur, Palakkad | Infrastructure Development of Department of Mathematics, Govt. College Chittur |
| 3 | Department of Physics, Sanatana Dharma College, Alappuzha | Basic Infrastructure Development of Materials Research Laboratory |
| 4 | Institute for Intensive Research in Basic Sciences, Mahatma Gandhi University, Kottayam | Synthesis of Enantiopure Compounds employing Renewable Regional Resources. |

## വികസനോൻമുഖ പരിശീലന പരിപാടി

**53 (3344)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോൻമുഖമായ പരിശീലന പരിപാടിക്ക് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ഭരണ സംവിധാനത്തിലെ നൂതന ആശയങ്ങൾ, നിയമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്റ്റ് സ്കിൽസ് ട്രെയിനിംഗ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ബേസിക് ആൻഡ് അഡ്വാൻസ്ഡ് മാനേജ്മെന്റ് സർവ്വീസ് കോഴ്സ്, ഗുഡ് ഗവേണൻസ്, വാല്യൂസ് ഇൻ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ ട്രെയിനിംഗുകളും ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്. ഓരോ വകുപ്പിലെയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ വിവിധ വകുപ്പുകളുടെകീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നടത്തിവരുന്നുണ്ട്.

(ബി&സി) ഉണ്ട്. സംസ്ഥാന പരിശീലന നയം പരിഷ്കരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തോട് ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

### പിന്നോക്ക സമുദായങ്ങൾക്കുള്ള തൊഴിൽ സംവരണം

54 (3345) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായങ്ങൾക്കുള്ള തൊഴിൽ സംവരണ പട്ടികയിൽ മാറ്റങ്ങളെന്തെങ്കിലും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നിലവിലെ സംവരണ ശതമാനം അതത് സമുദായങ്ങളുടെ കൃത്യമായ ജനസംഖ്യക്ക് ആനുപാതികമായിട്ടുള്ളതാണോ എന്ന് വ്യക്തമാക്കുമോ ;

(സി) അതിനടിസ്ഥാനമാക്കിയ ജനസംഖ്യാ കണക്കുകൾ ഏതു വിധത്തിലാണ് തിട്ടപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് തൊഴിൽ സംവരണത്തിനുള്ള പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ മാറ്റം വരുത്തുന്നത്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) സംസ്ഥാനത്ത് ഇപ്പോൾ നടന്നിട്ടുള്ള സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് റിപ്പോർട്ടിലെ ജാതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമായാൽ മാത്രമേ നിലവിലെ സംവരണ ശതമാനം അതത് സമുദായങ്ങളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടുള്ളതാണോ എന്ന് വ്യക്തമാകുകയുള്ളൂ.



LIBRARY ARCHIVES Kerala Legislative Assembly

**അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനം**

55 (T 3346) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പ്രവർത്തനമാരംഭിച്ച ശേഷം എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും പ്രതിമാസം എത്ര കേസ്സുകൾ ട്രൈബ്യൂണലിനുമുമ്പാകെ വരുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പ്രവർത്തനമാരംഭിച്ചശേഷം ഇന്നുവരെ 7873 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. പ്രതിമാസം ഏകദേശം 550 കേസുകൾ ട്രൈബ്യൂണലിനു മുൻപാകെ വരുന്നുണ്ട്.

**സിവിൽ സർവ്വീസ് ബോർഡിന്റെ രൂപീകരണം**

56 (3347) ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഉദ്യോഗസ്ഥരുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ബോർഡിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ശ്രീ. റ്റി. എസ്. ആർ. സുബ്രഹ്മണ്യനും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No.82/2011, WP(C) No.234/2011 എന്നീ റിട്ട്പെറ്റീഷനുകളിൽ ബഹു. സുപ്രീംകോടതി 31-10-2013-ൽ പുറപ്പെടുവിച്ച പൊതുവിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നു. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്.,

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 5-5-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 107/2014/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ജീവനക്കാർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സ്റ്റേറ്റ് സിവിൽ സർവ്വീസ് ബോർഡ് രൂപീകരണം

57 (3348) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ബോർഡിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; ഏത് കാറ്റഗറി വരെയുള്ള ഉദ്യോഗസ്ഥരെയാണ് ഇതിൽ ഉൾപ്പെടുത്തുന്നത് ;

(സി) നിലവിൽ വിരമിക്കൽപ്രായം, പെൻഷൻ തുടങ്ങിയവ സംബന്ധിച്ച് വ്യത്യസ്തമായ രീതികൾ പല വകുപ്പുകളിലും നിലനിൽക്കെ, സ്റ്റേറ്റ് സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചാൽ പ്രസ്തുത വിഷയങ്ങളിൽ ഏകീകരണം ഉണ്ടാകുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ&ബി) സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ശ്രീ. റ്റി. എസ്. ആർ. സുബ്രഹ്മണ്യനും മറ്റുള്ളവരും ഫയൽചെയ്ത WP(C) No.82/2011, WP(C) No.234/2011 എന്നീ റിട്ട്പെറ്റീഷനുകളിൽ ബഹു. സുപ്രീംകോടതി 31-10-2013-ൽ പുറപ്പെടുവിച്ച പൊതുവിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നു. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 5-5-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 107/2014/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ജീവനക്കാർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വിരമിക്കൽ പ്രായം, പെൻഷൻ തുടങ്ങിയ കാര്യങ്ങൾ സിവിൽ സർവ്വീസ് ബോർഡിന്റെ പരിധിയിൽ വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം

58 (3349) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർവകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വകുപ്പുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സിവിൽ സർവ്വീസ് മേഖലയിൽ എന്തെങ്കിലും പരിഷ്കാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം പരിഗണനയിലുണ്ടോ ; എങ്കിൽ ആയതിന്റെ ഘടന വിശദമാക്കുമോ ; രൂപീകരണത്തിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ;

(ഡി) ഇതുസംബന്ധിച്ച് പഠനം നടത്താൻ രൂപീകരിച്ച കമ്മിറ്റി എത്രതവണ യോഗം ചേർന്നു ; അതിലെ അംഗങ്ങൾ ആരൊക്കെ ; കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 5-5-2014-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 107/2014/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു സിവിൽ സർവ്വീസ് ബോർഡ് സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കുവേണ്ടി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാന സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണത്തിന്റെ സാധ്യതാപഠനത്തിനായി ഒരു കമ്മിറ്റി 24-9-2013-ലെ സ.ഉ.(സാധാ.) നമ്പർ.7725/13/പൊ.ഭ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ചീഫ് സെക്രട്ടറി ചെയർമാനും അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), അഡീഷണൽ ചീഫ് സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), സെക്രട്ടറി (പൊതുഭരണ വകുപ്പ്) എന്നിവർ അംഗങ്ങളുമാണ്. പ്രസ്തുത കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## എല്ലാ നിയമനങ്ങളും പി.എസ്.സി. മുഖേനയാക്കാൻ നടപടി

59 (3350) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എല്ലാ മേഖലകളിലെയും നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസിലെ എല്ലാ വകുപ്പുതല നിയമനങ്ങളും (പ്രൊമോഷൻ തസ്തികകൾ ഒഴികെ), പൊതുമേഖല, കമ്പനി, കോർപ്പറേഷൻ, ബോർഡ്, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, ലോക്കൽ അതോറിറ്റികൾ എന്നീ സ്ഥാപനങ്ങളിലെ ഭൂരിപക്ഷം നിയമനങ്ങളും പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്.

## ഒഴിവുള്ള തസ്തികകൾ

60 (3351) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപക നിയമനം

61 (3352) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ അധ്യാപക നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനത്തിന് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) 9 (ഒൻപത്) പേർക്ക് നിയമനം നൽകുന്നതിനുള്ള ശുപാർശ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പി.എസ്.സി. മുഖേന സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം

62 (3353) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും അനദ്ധ്യാപക നിയമനങ്ങൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവായെങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ഉത്തരവ് നടപ്പായിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പാക്കാൻ എന്തുനടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 15-12-2010-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് 18-12-2010-ലെ സ.ഉ.(എംഎസ്)399/10/ഉവി.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളൂ. ഇങ്ങനെ നടത്തുന്ന നിയമനിർമ്മാണങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ കഴിയില്ല. നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ച് സർവ്വകലാശാല നടത്തിയ പരീക്ഷകളും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളും റദ്ദാക്കാൻ ആവുകയില്ല. അങ്ങനെ ചെയ്താൽ അതിന് നിയമ സാധുതയും ഉണ്ടാവില്ല. ഈ വിഷയങ്ങൾ പരിഗണിച്ച് 4-2-2011-ന് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 11/2011/ഉ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന്റെ ആദ്യപടിയായി KPSC (Additional Functions as Respects Universities) Act എന്ന രീതിയിൽ ഒരു നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. അതിനുള്ള കരട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഇപ്പോൾ നിയമവകുപ്പിന്റെ പരിഗണനയിലാണ്. കൂടാതെ സർവ്വകലാശാലകളിലെ ആക്ടുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ബില്ല് തയ്യാറാക്കി വരുന്നുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിൽ യു.ജി.സി. സ്കെയിലിൽ ഉള്ളവയും അല്ലാത്തവയുമായ തസ്തികകൾ ഉണ്ട്. ആയതിനാൽ നിയമന ചുമതല പി.എസ്.സി.-ക്ക് വിടുമ്പോൾ സർവ്വകലാശാലകളിലെ ഏതൊക്കെ അനദ്ധ്യാപക തസ്തികകൾ നിയമനത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന് വ്യക്തമാക്കേണ്ടത് ആവശ്യമായിരുന്നു. ഇത് അധികം സമയം ആവശ്യമായി വന്ന പ്രക്രിയയാണ്. പ്രസ്തുത ഉത്തരവുകൾ അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ ഇവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

**63 (3354)** ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ എത്ര ദിവസത്തിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ചില വകുപ്പുകൾ ഇതിൽ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകളിലെ ഒഴിവുകൾ എത്രയുംപെട്ടെന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യണമെന്ന് 13-2-2014-ലെ സർക്കുലർ നമ്പർ 3943/ഉപ.സി3/14/ഉഭപവ പ്രകാരം സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും 5-6-2014-ലെ സർക്കുലർ നമ്പർ 11244/ഉപ.സി3/14/ഉഭപവ പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

### കോളേജ് അദ്ധ്യാപക നിയമനത്തിന് വിദ്യാഭ്യാസ യോഗ്യതയുടെ മാർക്ക് കൂട്ടിച്ചേർക്കുന്നരീതി

**64 (3355)** ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അധ്യാപക നിയമനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതാപരീക്ഷയുടെ മാർക്ക് റാങ്ക് നിർണ്ണയത്തിന് പരിഗണിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഏത് വിധമാണെന്ന് വിശദീകരിക്കുമോ ;

(സി) വിവിധ സർവ്വകലാശാലകളിൽനിന്ന് വിവിധ വർഷങ്ങളിൽ യോഗ്യതാപരീക്ഷകൾ പാസ്സായ ഉദ്യോഗാർത്ഥികളുടെ മാർക്കിൽ ഏകീകൃത സ്വഭാവം ഇല്ലാതിരിക്കെ എന്ത് മാനദണ്ഡം അനുസരിച്ചാണ് പ്രസ്തുത മാർക്ക് റാങ്ക് നിർണ്ണയത്തിന് പരിഗണിക്കുന്നതെന്നറിയിക്കുമോ ;

(ഡി) യോഗ്യതാപരീക്ഷയുടെ മാർക്ക് റാങ്ക് നിർണ്ണയത്തിന് കൂട്ടിച്ചേർക്കുമ്പോൾ അഖിലേന്ത്യാപ്രവേശന പരീക്ഷകളിൽ പിന്തുടരുന്ന രീതിയിൽ വർഷം, സർവ്വകലാശാല അടിസ്ഥാനത്തിൽ ശരാശരി മാർക്ക് നിർണ്ണയിച്ച് തദനുസൃതമായ ആനുപാതിക വെയിറ്റേജ് നൽകുന്നരീതി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കോളേജ് അദ്ധ്യാപക നിയമനത്തിന് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിരിക്കുന്നത് ജി.ഒ.(പി)നമ്പർ41/94/ഉ.വി.വ, 21-3-1994-ലെ സ്പെഷ്യൽ റൂൾസ് പ്രകാരമാണ്. ബിരുദാനന്തര ബിരുദത്തിന് 55% മാർക്കും നെറ്റ്/പി.എച്ച്.ഡി./എം.ഫി.-ൽ എന്നതാണ് വിദ്യാഭ്യാസ യോഗ്യത. യോഗ്യത പരീക്ഷയുടെ മാർക്ക് റാങ്ക് നിർണ്ണയത്തിന് പരിഗണിക്കുവാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി&ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേത് ഒഴികെയുള്ള കോളേജ് അദ്ധ്യാപകരുടേയും (ജനറൽ & പ്രൊഫഷണൽ), ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി അദ്ധ്യാപകരുടേയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അടിസ്ഥാന മാർക്കിടവിൽ, അക്കാഡമിക് മാർക്ക് താഴെ പറയും പ്രകാരമാണ് നൽകുന്നത്. ആയതിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല :

1. പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാര്യത്തിൽ :

   30-ൽ ലഭിച്ച അക്കാഡമിക് മാർക്ക് (30-ൽ ലഭിച്ച യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ ശതമാനം)

2. പരീക്ഷകളില്ലാതെ ഇന്റർവ്യൂവിന്റെ മാത്രം അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളുടെകാര്യത്തിൽ :

   അക്കാഡമിക് മാർക്കിന്റെ ശതമാനം

**ആലപ്പുഴ ജില്ലയിലെ എൽ.ഡി.സി. നിയമനം**

65 (3356) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി.സി.-യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾ വൈകുന്നതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ എത്ര നിയമനങ്ങൾ നടന്നു ; അഡ്വൈസ് ചെയ്തതെത്ര ; വിശദമാക്കുമോ ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമനം നടത്താത്തത് എത്രയാണ് ; കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒഴിവുകളുണ്ടായിട്ടും യഥാസമയം റിപ്പോർട്ടുചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) നിയമനങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും ഇതുവരെ 399 പേരെ നിയമന ശിപാർശചെയ്തു.

(സി) 6 എണ്ണം. പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ഡി) ഇല്ല. സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നത് ഒഴിവാക്കാൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ 5-6-2014-ലെ സർക്കുലർ നമ്പർ 11244/ഉപ.സി3/14/ഉഭപവ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സെർവ്വന്റ്, എൽ.ഡി.സി. നിയമനം**

68 (3357) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ജില്ലയിലും 2014 മേയ് 31 വരെ എൽ.ഡി.സി./ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമന ശുപാർശ നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ എൽ.ഡി.സി./ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ ;

(സി) എങ്കിൽ അതന്വേഷിക്കുന്നതിനും നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നത് ഒഴിവാക്കാൻ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സർക്കാർ 5-6-2014-ലെ സർക്കുലർ



LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 11244/ഉപ.സി3/14/ഉഭപവ പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി.സി. നിയമനം**

67 (3358) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ജില്ലയിലെ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്രപേർക്ക് നിയമനം നൽകി ;

(ഡി) ഒഴിവുകൾ നിലവിലുണ്ടായിട്ടും പല വകുപ്പുമേധാവികളും യഥാസമയം റിപ്പോർട്ട് ചെയ്യാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പുമേധാവികൾക്കെതിരെ കർശനനടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) ഇല്ല. സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നത് ഒഴിവാക്കാൻ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സർക്കാർ 5-6-2014-ലെ സർക്കുലർ നമ്പർ 11244/ഉപ.സി3/14/ഉഭപവ. പ്രകാരം എല്ലാ വകുപ്പു മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**കോഴിക്കോട് ജില്ല - എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ്**

68 (3359) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ പി.എസ്.സി.-യുടെ എൽ.ഡി. ക്ലർക്ക് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഈ ലിസ്റ്റ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്ന് ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(സി) നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) ഇല്ല. സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നത് ഒഴിവാക്കാൻ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സർക്കാർ 5-6-2014-ലെ സർക്കുലർ നമ്പർ 11244/ഉപ.സി3/14/ഉഭപവ പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

69 (3360) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര ഉദ്യോഗാർത്ഥികൾക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എത്ര വർഷമാണ് എന്നും അറിയിക്കുമോ ;

(സി) പ്രസ്തുത ലിസ്റ്റിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 32 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 7 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ/പാലക്കാട് (ഒറ്റ ലിസ്റ്റ്) ജില്ലകളിലെ റാങ്ക് ലിസ്റ്റ് 3-2-2014-ൽ പ്രസിദ്ധീകരിച്ചതേയുള്ളൂ. കുറഞ്ഞത് ഒരു വർഷമാണ് ലിസ്റ്റിന്റെ കാലാവധി. പുതിയ ലിസ്റ്റ് നിലവിൽ വന്നില്ലെങ്കിൽ 3 വർഷംവരെ കാലാവധി നീട്ടുന്നതാണ്.

(സി) വനിതാ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിൽ തീരുമാനമാകുമ്പോൾ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

## ഭവനനിർമ്മാണ ബോർഡിലെ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

70 (3361) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പനി/കോർപ്പറേഷനുകളിൽ ഡ്രൈവർ ഗ്രേഡ്-II നിയമനത്തിന് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ വിവിധ ഓഫീസുകളിൽ ഡ്രൈവർ ഗ്രേഡ് II-ന്റെ നിലവിലുള്ള ഒഴിവുകൾ എത്രവീതമുണ്ടെന്ന് വ്യക്തമാക്കുമോ ; അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഭവനനിർമ്മാണ ബോർഡിൽ ഇപ്പോൾ എത്ര താൽക്കാലിക ഡ്രൈവർമാർ ജോലിചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ ഡ്രൈവർ തസ്തികയിലെ നിയമനം

71 (3362) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ കാറ്റഗറി നമ്പർ 322/2013 പ്രകാരമുള്ള ഡ്രൈവർ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് എത്ര അപേക്ഷകരാണുള്ളത് ; സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ടോ ;

(സി) പ്രസ്തുത ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കും എന്നറിയിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ കാറ്റഗറി നമ്പർ 322/2013 പ്രകാരമുള്ള ഡ്രൈവർ ഗ്രേഡ്-2 (HDV)NCA-Viswakarma തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പുമായിബന്ധപ്പെട്ടുള്ള സെലക്ഷൻ പ്രൊപ്പോസൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത തസ്തികയിലേക്ക് 222 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായ വിതരണം

72 (3363) ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസനിധിയിൽനിന്ന് 2013 വർഷം എന്തുതുകയാണ് അനുവദിച്ചിട്ടുള്ളത് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2013-ൽ അനുവദിച്ച തുകയിൽ ഏതുമാസം വരെയുള്ള തുകയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ 2013 വർഷത്തിൽ അനുവദിച്ച തുക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ഡി) പാലക്കാട് ജില്ലയിൽ എട്ടുമാസം മുമ്പ് അനുവദിച്ച തുകപോലും ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത തുക എത്രയുംവേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 2013 വർഷം ആകെ 113,03,13,057 രൂപയാണ് (നൂറ്റി പതിമൂന്ന് കോടി മൂന്ന് ലക്ഷത്തി പതിമൂന്നായിരത്തി അമ്പത്തിയേഴ് രൂപ മാത്രം) അനുവദിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുക്കുന്നു.*

(ബി) 2013-ൽ അനുവദിച്ച മുഴുവൻ തുകയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ആനുകൂല്യങ്ങൾ

73 (3364) ശ്രീ. വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഞ്ചുമാസങ്ങൾക്ക് മുൻപ് ഇക്കാര്യത്തിൽ സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്നകാര്യം പരിശോധിക്കുമോ ;

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക പുതുക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തിയ വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക്, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത ധനസഹായം, കമ്മീഷൻ അംഗീകരിച്ച പ്രകാരം ഗഡുക്കളായി നൽകിവരുന്നു. പ്രസ്തുത ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ നൽകേണ്ട 53.105 കോടി രൂപയിൽനിന്ന് കാസർഗോഡ് ജില്ലാ കളക്ടർക്ക്, 1-6-2012-ൽ 27.0425 കോടി രൂപ പ്ലാന്റേഷൻ കോർപ്പറേഷൻ കൈമാറിയിട്ടുണ്ട്. കൂടാതെ, പ്ലാന്റേഷൻ കോർപ്പറേഷൻ നഷ്ടപരിഹാരമായി നൽകേണ്ട ബാക്കി തുകയായ 26.0625 കോടി രൂപയും കാസർഗോഡ് ജില്ലാ കളക്ടർക്ക് 22-2-2014-ൽ കൈമാറിയിട്ടുണ്ട്. എൻഡോസൾഫാൻമൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് ധനസഹായം നൽകുന്നതിനായി മൊത്തം 17.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി വകുപ്പ് മുഖേന 33,42,50,000 രൂപയും (മുപ്പത്തിമൂന്ന് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ദുരിതബാധിതർക്കുള്ള ധനസഹായത്തിന്റെ ഒന്നും രണ്ടും ഗഡുക്കളുടെ വിതരണം പൂർത്തിയായിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക പുതുക്കുന്ന കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദുരിതാശ്വാസ നിധിയിൽനിന്ന് നാട്ടികമണ്ഡലത്തിൽ അനുവദിച്ച സഹായം**

74 (3365) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാട്ടിക നിയോജകമണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ധനസഹായം അനുവദിക്കുവാൻ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ;

(സി) അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതരായ എത്രപേർക്ക് ധനസഹായം നല്കിയെന്ന് അറിയിക്കുമോ ; ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം ലഭിക്കുന്നതിലെ കാലതാമസം**

75 (3366) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മറ്റൂർ വില്ലേജിൽ പിരാരൂർ കരയിൽ കാട്ടുകുടിപറമ്പിൽ വീട്ടിൽ ബിന്ദു ശശിക്ക് ഭർത്താവ് മരിച്ചതിനാൽ ദുരിതാശ്വാസനിധിയിൽ നിന്ന് 6-7-2013-ന് അനുവദിച്ച 1 ലക്ഷം രൂപ ലഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 12-5-2014-ലെ സ.ഉ.(സാധാ)നമ്പർ 1845/14/റവ. പ്രകാരം എറണാകുളം ജില്ല, കാലടി, മറ്റൂർ, പിരാരൂർ പി.ഒ., കാട്ടുകുടിപ്പറമ്പിൽ വീട്ടിൽ ശ്രീമതി ബിന്ദുശശിക്ക് ടിയാളുടെ ഭർത്താവിന്റെ അപകട മരണത്തിന് ആശ്വാസ ധനസഹായമായി 1,00,000 (ഒരു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്നതിലുള്ള കാലതാമസം മൂലമാണ്, തുക അനുവദിച്ച് ഉത്തരവാകാൻ വൈകിയത്. തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

**മദ്യ നയത്തെക്കുറിച്ചുള്ള ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്**

76 (3367) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനയത്തെക്കുറിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കള്ളുചെത്ത് വ്യവസായത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്, 6-3-2014-ന് സർക്കാരിന് ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നികുതി വകുപ്പ് സെക്രട്ടറിയെ 2-4-2014-ലെ മന്ത്രിസഭാ യോഗതീരുമാന പ്രകാരം ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കള്ള് ചെത്ത് വ്യവസായത്തെ സംബന്ധിച്ച നിർദ്ദേശങ്ങളും പരിഗണനയിലാണ്.

## ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ബിവറേജസ് കോർപ്പറേഷന്റെ ധനസഹായം

77 (3368) ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. പി. എ. മാധവൻ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ ഭാഗമായി സർക്കാർ/സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ;

(ഡി) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങളെന്തെല്ലാം ?

### ഉത്തരം

(എ) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് എന്ന നിലയിൽ സാമ്പത്തിക സഹായം നൽകുന്നതിന് ഇതുവരെയും പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽനിന്നും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സർക്കാർ/സർക്കാരിതര ലഹരി വിമുക്ത സ്ഥാപനങ്ങൾക്ക് കെ.എസ്.ബി.സി.യുടെ വരുമാനത്തിൽനിന്നും ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ബി.സി.യുടെ ധനസഹായത്തിന് അർഹമായ ലഹരി വിമുക്ത ചികിത്സാ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി ജില്ലാ കളക്ടർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഒരു

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ പ്രവർത്തകൻ എന്നിവർ അംഗങ്ങളായി ജില്ലാതല സമിതികളും എക്സൈസ് കമ്മീഷണർ ചെയർമാനായും, കെ.എസ്.ബി.സി മാനേജിംഗ് ഡയറക്ടർ കൺവീനറായും സാമൂഹ്യനീതി ഡയറക്ടർ, സമൂഹ്യ പ്രവർത്തക എന്നിവർ അംഗമായും സംസ്ഥാനതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേകം രൂപീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്ക് ശേഷം ധനസഹായം നൽകുകയാണ് ചെയ്യുന്നത്.

## ബിവറേജസ് കോർപ്പറേഷൻവഴിയുള്ള മദ്യവിൽപ്പന

78 (3369) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം ബിവറേജസ് കോർപ്പറേഷൻവഴി എത്ര രൂപയുടെ മദ്യം വിറ്റഴിക്കപ്പെട്ടുവെന്നും മദ്യ വിൽപ്പനയിലൂടെ ബിവറേജസ് കോർപ്പറേഷന് എത്ര രൂപയുടെ ലാഭം ഉണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) വിവിധ മദ്യ കമ്പനികളിൽനിന്നും മദ്യം വാങ്ങുന്നതിന് ബിവറേജസ് കോർപ്പറേഷൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ (2014-15) ഏപ്രിൽ മുതൽ മെയ് വരെ 1774 കോടി രൂപയുടെ മദ്യം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മുഖേന വിൽപന നടത്തി. 2014-15 സാമ്പത്തിക വർഷത്തിലെ ഗ്യാലനേജ് ഫീയുടെ നിരക്ക് തീരുമാനിച്ചിട്ടില്ല. ആയതിനാൽ കോർപ്പറേഷന്റെ ലാഭം ഇപ്പോൾ കണക്കാക്കുവാൻ കഴിയില്ല.

(ബി) കോർപ്പറേഷന്റെ മദ്യ വിതരണക്കാരിൽനിന്ന് റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചാണ് മദ്യം വാങ്ങുന്നത്. റേറ് കോൺട്രാക്റ്റിലെ നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## എക്സൈസ് സേനയ്ക്ക് പരിശീലനം

79 (3370) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള എക്സൈസ് നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ഇൻ സർവ്വീസ് പരിശീലനം നൽകുന്നുണ്ടോ ;

(സി) എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ ഉന്നതതല സമിതി രൂപീകരിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിൽ ആയുധ പരിശീലനം ഒഴികെയുള്ള വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങളുണ്ട്. നിലവിൽ 100 സിവിൽ എക്സൈസ് ഓഫീസർമാരുടെ 90 പ്രവൃത്തി ദിവസം നീണ്ടുനിൽക്കുന്ന ബേസിക് ട്രെയിനിംഗും, 28 എക്സൈസ് ഡ്രൈവർമാരുടെ 3 മാസത്തെ പരിശീലനവും നടന്നുവരുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികവരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻ-സർവ്വീസ് പരിശീലനം വിവിധ വിഷയങ്ങളിൽ നൽകിവരുന്നുണ്ട്. ഈ വർഷം ഇപ്രകാരമുള്ള 36 ബാച്ചുകളുടെ പരിശീലനം നടത്തുന്നുണ്ട്.

(ബി) ഉണ്ട്. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസംവീതം ദൈർഘ്യമുള്ള ഇൻ-സർവ്വീസ് പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ എക്സൈസ് അക്കാദമിയിൽവച്ച് നടന്നുവരുന്നു. ഈ വർഷം ഇപ്രകാരം 36 ബാച്ചുകളിലായി പരിശീലനം നടത്തുന്നുണ്ട്. അബ്കാരി, എൻ.ഡി.പി.എസ്. കേസ്സുകളിൽ ശാസ്ത്രീയ അന്വേഷണം നടത്തുന്നതിനുള്ള 19 പരിശീലന പരിപാടികൾ ഇതിനോടകംതന്നെ നടത്തിയിട്ടുള്ളതാണ്. ഇപ്പോൾ നടന്നുവരുന്ന പരിശീലന പരിപാടിയിൽ എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാം ഫോർ മിഡിൽ ലെവൽ ഓഫീസേഴ്സ് എന്ന പരിശീലന പരിപാടിയിൽ വിവരാവകാശ നിയമം, സേവനാവകാശ നിയമം, എസ്.സി. എസ്.ടി. ആക്ട്, പേഴ്സണാലിറ്റി ഡവലപ്മെന്റ് ആന്റ് കമ്മ്യൂണിക്കേഷൻ സ്കിൽ, ബാലാവകാശ നിയമംവനിതാവകാശ സംരക്ഷണ നിയമം, സ്ട്രെസ് മാനേജ്മെന്റ്, ഹ്യൂമൺ റൈറ്റ്സ് ആക്ട്, ഡിസാസ്റ്റർ മാനേജ്മെന്റ്, ഫിംഗർ പ്രിന്റ്, സ്റ്റോഴ്സ് പർച്ചേസ് മാനുവൽ എന്നീ വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ, സിവിൽ എക്സൈസ് ഓഫീസർമാരുടേയും ഡ്രൈവർ മാരുടേയും പരിശീലന പരിപാടിയിൽ ഔട്ട്ഡോർ പരിശീലനത്തിനു പുറമേ എക്സൈസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുന്ന നിയമങ്ങളും ചട്ടങ്ങളും പരിശീലിപ്പിക്കുന്നതിന് ഇൻഡോർ ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ എക്സൈസ് വകുപ്പിലെതന്നെ ഉന്നത ഉദ്യോഗസ്ഥർ പരിശോധിക്കുന്നത് കൂടാതെ ഇത്തരം വീഴ്ചകൾ നിരീക്ഷിക്കുന്നതിന് പോലീസ് വകുപ്പിലെ എസ്.പി. തസ്തികയിലുള്ള ഒരു വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ആകയാൽ ഉന്നതതല സമിതി രൂപീകരിക്കേണ്ട സാഹചര്യം ഇല്ല.

## എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സമ്പ്രദായം

80 (3371) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഇ-പെയ്മെന്റ് വിജയകരമാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) എക്സൈസ് വകുപ്പിൽ ഈ-പേയ്മെന്റ് സമ്പ്രദായം 4-1-2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വാണിജ്യ നികുതി വകുപ്പിന്റെ ഇ-പേയ്മെന്റ് സംവിധാനമായ KVATIS എന്ന സോഫ്റ്റ് വെയർ കസ്റ്റമൈസ് ചെയ്ത് ഒരു പുതിയ മോഡ്യൂൾ രൂപീകരിച്ച് എക്സൈസ് വകുപ്പും ഇ-പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതിന് 5.20 ലക്ഷം രൂപ ചെലവായി. ഇ-പേയ്മെന്റിന് ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) ഇ-പേയ്മെന്റ് സംവിധാനം മുഖാന്തിരം വിവിധയിനം ഫീസുകൾ ഇപ്പോൾ ഫലപ്രദമായ രീതിയിൽ സ്വീകരിച്ചുവരുന്നു.

## എക്സൈസ് വകുപ്പിലെ കമ്പ്യൂട്ടർവത്കരണം

81 (3372) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവത്കരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സജ്ജീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിലെ എല്ലാ ഫീൽഡ് ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷം വകുപ്പിനായി 96 കമ്പ്യൂട്ടർ വാങ്ങുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

എക്സൈസ് വകുപ്പിലേക്കുള്ള വിവിധതരം റവന്യൂ വരുമാനം മുതൽ കൂട്ടുന്ന രീതി ഓൺലൈൻ സംവിധാനത്തിൽ കൊണ്ടുവന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ് സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) എക്സൈസ് വകുപ്പിലെ ചെക്ക്പോസ്റ്റ് ഒഴികെയുള്ള എല്ലാ ഓഫീസുകൾക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും സർക്കാർ ഇ-മെയിൽ ഐ.ഡി.യും നൽകിയിട്ടുണ്ട്. ടി സംവിധാനം ഉപയോഗപ്പെടുത്തി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റെയിഞ്ച്, ഡിവിഷൻ ഓഫീസുകൾ എന്നിവ തമ്മിൽ ബന്ധപ്പെട്ടുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**അബ്കാരികൾ നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയ തുക**

**82 (3373)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരികൾ നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയ ആകെ തുക എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഏറ്റവും കൂടുതൽ തുക കുടിശ്ശിക വരുത്തിയ അബ്കാരികളുടെ പേര് വിവരം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ 31-5-2014-ലെ കണക്ക് പ്രകാരം വിവിധ യിനങ്ങളിൽ മുതലും പലിശയുംകൂടി ചേർത്ത് 2,36,70,60,962 രൂപയാണ് അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നത്. ഇതിൽ മുതൽ തുക 66,96,20,858 രൂപയാണ്. നികുതി കുടിശ്ശികയിൽ ഉൾപ്പെടുന്നത് കിസ്ത്, ട്രീ ടാക്സ്, ട്രാൻസ്പോർട്ട് പെർമിറ്റ് ഫീ, എക്സൈസ് ഡ്യൂട്ടി, ഗ്യാലനേജ് ഫീ മുതലായവയാണ്. പലിശയിനത്തിൽ പിരിഞ്ഞുകിട്ടുവാനുള്ളത് 169,74,40,104 രൂപയാണ്.

(ബി) അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് 2013 സെപ്റ്റംബർ മാസം മുതൽ സ്പെഷ്യൽ ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക പിരിച്ചെടുക്കു വാനായി എല്ലാ ജില്ലാഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മാത്രമല്ല, 2013-14 സാമ്പത്തിക വർഷത്തെ റവന്യൂ റിക്കവറി പിരിവ് ലക്ഷ്യം കൈവരിക്കുന്നതിനായി 2013 ഒക്ടോബർ 1-ാം തീയതി മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവ് റവന്യൂ റിക്കവറി ഊർജ്ജിതയത്ന കാലമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലും കുടിശ്ശിക പിരിവ് വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 10 ലക്ഷം രൂപയ്ക്ക് മുകളിൽ അബ്കാരി കുടിശ്ശിക വരുത്തിയി ട്ടുള്ള 88 കുടിശ്ശിക കേസ്സുകളാണുള്ളത്. ടി കുടിശ്ശികക്കാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ അനുവദിച്ച ബാർ ലൈസൻസുകൾ

83 (3374) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ എത്ര ബാർ ലൈസൻസുകൾ പുതുതായി അനുവദിച്ചു ;

(ബി) ഇതിനായി സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) നിലവിൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ എണ്ണം സ്റ്റാർ പദവിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) നിലവാരമില്ലെന്ന കാരണത്താൽ എത്ര ബാറുകൾ അടച്ചുപൂട്ടിയിട്ടുണ്ട് ;

(ഇ) ഇവയുടെ സ്റ്റാർ പദവി അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ; ഇവയുടെ നിലവാരം നിർണ്ണയിക്കാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ 22 ബാർ ലൈസൻസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ലൈസൻസുകൾ അനുവദിച്ച സമയത്ത് നിലനിന്നിരുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, അപേക്ഷകന്റെയും ഹോട്ടലിന്റെയും യോഗ്യത പരിശോധിച്ചതിൽ യോഗ്യതയുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസുകൾ നല്കിയത്.

(സി) നിലവിൽ 311 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.

സ്റ്റാർ പദവിയില്ലാത്തത് - 8

ക്ലാസിഫൈഡ്- 4

2 സ്റ്റാർ - 16

3 സ്റ്റാർ - 222

4 സ്റ്റാർ - 33

5 സ്റ്റാർ - 20

ഹെറിറ്റേജ് - 8

(ഡി) 2014-15 വർഷത്തിൽ 421 ബാർ ഹോട്ടലുകളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

(ഇ) ഇവയുടെ സ്റ്റാർ പദവി അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

സ്റ്റാർ പദവിയില്ലാത്തത് - 334

ക്ലാസിഫൈഡ്- 5

2 സ്റ്റാർ -64

3 സ്റ്റാർ -17

4 സ്റ്റാർ -1

2006-ൽ ജില്ല അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരിൽനിന്നും ശേഖരിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ് 418 ബാർ ഹോട്ടലുകൾ.

LIBRARY ARCHIVES Kerala Legislative Assembly

## ബാർ ലൈസൻസുള്ള ഹോട്ടലുകൾ

84 (3375) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാർലൈസൻസുള്ള എത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ എണ്ണം സ്റ്റാർ പദവിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) നിലവാരമില്ലാത്തതിന്റെ പേരിൽ ബാർ ലൈസൻസുകൾ റദ്ദാക്കപ്പെട്ട എത്ര ഹോട്ടലുകൾ സംസ്ഥാനത്തുണ്ട് ; ഇവയുടെ എണ്ണം സ്റ്റാർ ക്ലാസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(സി) അടച്ചുപൂട്ടപ്പെട്ട ഹോട്ടലുകളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ എണ്ണം ലഭ്യമാക്കാമോ ;

(ഡി) ജോലി നഷ്ടപ്പെട്ട ഒരു തൊഴിലാളി സാമ്പത്തിക പ്രതിസന്ധിമൂലം ആത്മഹത്യചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 311 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ സ്റ്റാർ പദവി ചുവടെ ചേർക്കുന്നു:

സ്റ്റാർ പദവിയില്ലാത്തത് - 8

ക്ലാസിഫൈഡ്- 4

2 സ്റ്റാർ - 16

3 സ്റ്റാർ - 222

4 സ്റ്റാർ - 33

5 സ്റ്റാർ - 20

ഹെറിറ്റേജ് - 8

(ബി) ബഹു. സുപ്രീംകോടതിയുടെ 5-3-2014-ലെ വിധിയുടെ അടിസ്ഥാനത്തിൽ 421 ബാർ ഹോട്ടലുകളുടെ ബാർ ലൈസൻസ് 2014-15 വർഷത്തിൽ പുതുക്കി നൽകിയിട്ടില്ല. ഇവയുടെ സ്റ്റാർ പദവി ചുവടെ ചേർക്കുന്നു:

സ്റ്റാർ പദവിയില്ലാത്തത് - 334

ക്ലാസിഫൈഡ്- 5

2 സ്റ്റാർ -64

3 സ്റ്റാർ -17

4 സ്റ്റാർ -1

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ബാറുകൾ അടച്ചുപൂട്ടിയതുമൂലം ജോലി നഷ്ടപ്പെട്ട ഓരോ തൊഴിലാളികൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**പുതിയ ബാർ ലൈസൻസ്**

**85 (3376)** ശ്രീ. കെ. കെ. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോർസ്റ്റാർ ഹോട്ടലുകൾക്കുമാത്രമേ ബാർലൈസൻസ് നൽകുകയുള്ളൂവെന്ന പ്രഖ്യാപിത നയത്തിന് വിരുദ്ധമായി കുറഞ്ഞ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് പുതുതായി ബാർലൈസൻസ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

**ഉത്തരം**

(എ) വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഫോർ സ്റ്റാറിൽ കുറഞ്ഞ 15 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) ത്രീ സ്റ്റാർ വരെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകേണ്ടെന്ന് തീരുമാനമെടുത്ത 9-12-2011-നുശേഷം വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിയ ഹോട്ടലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. ഹോട്ടൽ ഗ്രീൻ പാലസ്, മൂവാറ്റുപുഴ, എറണാകുളം.
2. ഹോട്ടൽ ബ്രോഡ് ബീൻ, കണ്ണൂർ
3. സാഗര ബീച്ച് റിസോർട്ട്, കോവളം
4. ഹോട്ടൽ ലാന്റ്മാർക്ക്, കലൂർ, എറണാകുളം.
5. കല്ലട ഹോട്ടൽസ് ആന്റ് റിസോർട്ട്സ്, മണ്ണുത്തി, തൃശ്ശൂർ
6. സ്കൈ ഹോട്ടൽ-കം-ഷോപ്പിംഗ് ആർക്കേഡ്, തിരുവല്ല
7. അരമന മേപ്പാടം, തൃശ്ശൂർ
8. ഹോട്ടൽ ഗീതു ഇന്റർനാഷണൽ, പൂവാർ, തിരുവനന്തപുരം
9. ഹോട്ടൽ സേവ്യേഴ്സ് അവന്യൂ, കോതമംഗലം
10. ഹോട്ടൽ അനലക്കര റീജൻസി. കൊട്ടാരക്കര, കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

11. ചിത്രപുരി ഹോട്ടൽസ്, ഇന്ത്യ (പ്രൈ.) ലിമിറ്റഡ്, പാലക്കാട്

12. കബനി റീജൻസി, കരിമുഗൾ, എറണാകുളം

13. ഹോട്ടൽ മലബാർ ഇല്ലം, വൈറ്റില, എറണാകുളം

14. ഹോട്ടൽ ശ്രീവത്സം റസിഡൻസി, വെമ്പായം, തിരുവനന്തപുരം

സർക്കാർ ഫയൽ ചെയ്തിരുന്ന എസ്.എൽ.പി. 26241-26243/12-ാം നമ്പർ കേസിൽ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി എന്ന വ്യവസ്ഥയിൽ ലൈസൻസ് നൽകിയിരുന്ന ചുവടെ പറയുന്ന 8 ഹോട്ടലുകളുടെ ലൈസൻസ്, ടി കേസിലെ 5-3-2014-ലെ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്യുകയുണ്ടായി.

1. അരമന മേപ്പാടം, തൃശ്ശൂർ

2. ഹോട്ടൽ ഗീതു ഇന്റർനാഷണൽ, പൂവാർ, തിരുവനന്തപുരം

3. ഹോട്ടൽ സേവ്യേഴ്സ് അവന്യൂ, കോതമംഗലം

4. ഹോട്ടൽ അമ്പലക്കര റീജൻസി, കൊട്ടാരക്കര, കൊല്ലം

5. ചിത്രപുരി ഹോട്ടൽസ്, ഇന്ത്യ (പ്രൈ.) ലിമിറ്റഡ്, പാലക്കാട്

6. കബനി റീജൻസി, കരിമുഗൾ, എറണാകുളം

7. ഹോട്ടൽ മലബാർ ഇല്ലം, വൈറ്റില, എറണാകുളം

8. ഹോട്ടൽ ശ്രീവത്സം റെസിഡൻസി, വെമ്പായം, തിരുവനന്തപുരം

ശേഷിക്കുന്ന 6 ഹോട്ടലുകളുടെ ലൈസൻസ് 2014-15 വർഷത്തിൽ പുതുക്കി നൽകിയിട്ടില്ല. 5-3-2014-ലെ ബഹു. സുപ്രീംകോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ ടി ഹോട്ടലുകളുടെ ലൈസൻസ് സർക്കാർ പുനഃപരിശോധിച്ചുവരികയാണ്.

**ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പനയിലെ വർദ്ധനവ്**

**86 (3377)** ശ്രീ. കെ. കെ. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 418 ബാറുകൾ അടച്ചുപൂട്ടിയതിന് ശേഷം ഇതുവരെ ബിവറേജസ് കോർപ്പറേഷൻവഴി എത്രമദ്യം വിറ്റഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ ബിവറേജസ് കോർപ്പറേഷൻവഴിയുള്ള മദ്യവിൽപ്പനയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; എങ്കിൽ ഒരുമാസം വിറ്റിരുന്ന മദ്യത്തിന്റെ അളവിൽ ശരാശരി എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഇനത്തിൽ എത്ര നികുതി വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മുഖേന 1774 കോടി രൂപയുടെ മദ്യം വിൽപ്പന നടത്തിയിട്ടുണ്ട്. 40.86 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യമാണ് കോർപ്പറേഷൻ ഈ കാലയളവിൽ വില്പന നടത്തിയത്.

(ബി) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മുഖേന 2014 ഫെബ്രുവരി മാസത്തിൽ 19.01 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യമാണ് വിൽപ്പന നടത്തിയത്. എന്നാൽ 2014 മാർച്ച് മാസത്തിൽ ഇത് 20.72 ലക്ഷം കെയ്സുകളായി. 2014 ഏപ്രിൽ മാസത്തിൽ 19.60 ലക്ഷം കെയ്സുകൾ വിൽപ്പന നടത്തിയപ്പോൾ 2014 മെയ് മാസത്തിൽ 21.26 ലക്ഷം കെയ്സുകളുടെ വിൽപ്പന നടത്തുകയുണ്ടായി.

(സി) 2014-15 (ഏപ്രിൽ, മെയ്) സാമ്പത്തിക വർഷത്തിൽ 1471.61 കോടി രൂപ കോർപ്പറേഷൻ സർക്കാർ ഖജനാവിലേക്ക് അടച്ചിട്ടുണ്ട്. ഇത് 2013-14 സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിൽ ഖജനാവിലേക്ക് അടച്ച 1365.03 കോടി രൂപയേക്കാൾ 106.85 കോടി രൂപ കൂടുതലാണ്.

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട എക്സൈസ് കേസ്സുകൾ

87 (3378) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര എക്സൈസ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സുപ്രീം കോടതി മുതൽ താഴേക്കുള്ള ഓരോ കോടതിയുടെയും പരിഗണനയിൽ സംസ്ഥാനത്തെ എത്ര എക്സൈസ് കേസ്സുകൾ വീതമുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയിൽ പത്ത് വർഷത്തിലേറെ കാലപ്പഴക്കമുള്ള കേസ്സുകളെത്ര ; അഞ്ച് വർഷത്തിലേറെ പഴക്കമുള്ളവ എത്ര ; അതിൽ കുറഞ്ഞ കാലപ്പഴക്കമുള്ള കേസ്സുകളെത്ര ; വ്യക്തമാക്കുമോ ;

(ഡി) ഒരു വർഷം വരുന്ന പുതിയ കേസ്സുകൾ ശരാശരി എത്രവീതമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അബ്കാരി കേസ്സുകളിൽ പരാജയം നേരിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കാലയളവിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതുതായി എത്ര ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) അബ്കാരി കേസ്സുകൾ വാദിക്കുന്നതിന് എക്സൈസ് വകുപ്പിന് മാത്രമായി പ്രത്യേക അഭിഭാഷകനെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കാമോ ;

(എച്ച്) അബ്കാരി കേസ്സുകളിൽ പരാജയപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) ഇക്കാര്യങ്ങൾ പരിശോധിച്ച് എക്സൈസ് വകുപ്പിന് പ്രത്യേക അഭിഭാഷകനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2014 മെയ് വരെ 41,707 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിവിധ കോടതികളുടെ പരിഗണനയിലായി 38,641 എക്സൈസ് കേസ്സുകൾ ഉണ്ട്.

(സി) പത്തുവർഷത്തിലേറെ പഴക്കമുള്ള 3,816 കേസ്സുകളും അഞ്ച് വർഷത്തിലേറെ പഴക്കമുള്ള 12,360 കേസ്സുകളും അഞ്ച് വർഷത്തിൽ താഴെ പഴക്കമുള്ള 22,465 കേസ്സുകളുമുണ്ട്.

(ഡി) 2011- 10,458

2012- 15,043

2013- 12,933

(ഇ) 3634 അബ്കാരി കേസ്സുകളിൽ പരാജയം നേരിട്ടിട്ടുണ്ട്.

(എഫ്) കോടതി വിധിയുടെ അടിസ്ഥാനത്തിൽ 38 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഐ) എക്സൈസ് വകുപ്പിന് പ്രത്യേകം അഭിഭാഷകനെ നിയമിക്കുന്ന കീഴ്‌വഴക്കമില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കള്ളിന്റെയും മദ്യത്തിന്റേയും ഗുണനിലവാര പരിശോധനയ്ക്കായി മൊബൈൽ ലാബുകൾ

88 (3379) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളിന്റെയും മദ്യത്തിന്റെയും ഗുണനിലവാര പരിശോധനക്കായി എത്ര മൊബൈൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലാബുകളിലോരോന്നിലും ഇതുവരെ എത്ര മദ്യ സാമ്പിളുകൾ പരിശോധനാവിധേയമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ സാമ്പിളുകൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇവ വിതരണം ചെയ്ത മദ്യഷോപ്പുകൾ ഏതെല്ലാം ; ഇവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

### ഉത്തരം

(എ) കള്ളിന്റെയും മദ്യത്തിന്റേയും ഗുണനിലവാര പരിശോധനയ്ക്കായി ദക്ഷിണമേഖലയിൽ ഒരു മൊബൈൽ ലികർ ടെസ്റ്റിംഗ് ലാബാണ് പ്രവർത്തിക്കുന്നത്. എന്നാൽ ടി ലാബിന്റെ സേവനം മദ്ധ്യമേഖല, ഉത്തരമേഖല എന്നിവിടങ്ങളിലും ലഭ്യമാക്കുന്നുണ്ട്.

(ബി) ടി ലാബിൽ കള്ളിന്റെ 100-ഉം വിദേശമദ്യത്തിന്റെ 62-ഉം സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

(സി) കണ്ടെത്തിയിട്ടുണ്ട്.

ഇവ വിതരണം ചെയ്ത മദ്യഷോപ്പുകൾ :

എ. വിദേശമദ്യശാലകൾ

1. എഫ്.എൽ.3 നമ്പർ11/13-14 - സാൻ ടൂറിസ്റ്റ് ഹോം, കൊല്ലം.
2. എഫ്.എൽ.3 നമ്പർ.43/13-14 - ഹോട്ടൽ വിജയാ പാലസ്, കരുനാഗപ്പള്ളി
3. എഫ്.എൽ.3 നമ്പർ49/13-14 - റോയൽ റീജൻസി, കരുനാഗപ്പള്ളി
4. എഫ്.എൽ.3 നമ്പർ17/13-14 - ഹോട്ടൽ റെയിൽവ്യൂ, കൊല്ലം..

ബി. കള്ള് ഷാപ്പുകൾ

1. റ്റി.എസ്. നമ്പർ7/13-14 - ഓലയിൽ, കൊല്ലം റെയ്ഞ്ച്
2. റ്റി.എസ്. നമ്പർ13/13-14 - പറവൂർ ചന്ത, ആലപ്പുഴ റെയ്ഞ്ച്
3. റ്റി.എസ്. നമ്പർ17/13-14 - ആനക്കുന്നേൽ, കായംകുളം റെയ്ഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

4. റ്റി.എസ്. നമ്പർ28/13-14 - മുളംകുഴ, കോട്ടയം റെയ്ഞ്ച്

5. റ്റി.എസ്. നമ്പർ62/13-14 - പനയംപാല, ചങ്ങനാശ്ശേരി റെയ്ഞ്ച്

6. റ്റി.എസ്. നമ്പർ48/13-14 - പൊൻകുന്നം, എരുമേലി റെയ്ഞ്ച്

7. റ്റി.എസ്. നമ്പർ46/13-14 - കല്ലിയാനചന്ത, കരുനാഗപ്പള്ളി റെയ്ഞ്ച്

8. റ്റി.എസ്. നമ്പർ11/13-14 - ചതിയറ, നൂറനാട് റെയ്ഞ്ച്

9. റ്റി.എസ്. നമ്പർ12/13-14 - ഇടിഞ്ഞില്ലം, തിരുവല്ല റെയ്ഞ്ച്

10. റ്റി.എസ്. നമ്പർ3/13-14 - കുറ്റിപ്പുറം, കായംകുളം റെയ്ഞ്ച്

11. റ്റി.എസ്. നമ്പർ7/13-14 - തെക്കുംമുറി, മാവേലിക്കര റെയ്ഞ്ച്

12. റ്റി.എസ്. നമ്പർ19/13-14 - ഓമല്ലൂർ, പത്തനംതിട്ട റെയ്ഞ്ച്

13. റ്റി.എസ്. നമ്പർ23/13-14 - കുരിയക്കാട്, ചെങ്ങന്നൂർ റെയ്ഞ്ച്

14. റ്റി.എസ്. നമ്പർ1/13-14 - കൈതതെക്ക്, മാവേലിക്കര റെയ്ഞ്ച്

15. റ്റി.എസ്. നമ്പർ1/13-14 - പതിയാങ്കര, കാർത്തികപ്പള്ളി റെയ്ഞ്ച്

16. റ്റി.എസ്. നമ്പർ27/13-14 - തൊടുപുഴ, തൊടുപുഴ റെയ്ഞ്ച്

17. റ്റി.എസ്. നമ്പർ14/13-14 - ഉള്ളാടൻവെളി, തൃപ്പൂണിത്തുറ റെയ്ഞ്ച്

18. റ്റി.എസ്. നമ്പർ20/13-14 - വാടാനപ്പള്ളി ടൗൺ, വാടാനപ്പള്ളി റെയ്ഞ്ച്

19. റ്റി.എസ്. നമ്പർ 36/13-14 - നങ്കാട്ടിരി, തൃത്താല റെയ്ഞ്ച്

20. റ്റി.എസ്. നമ്പർ 19/13-14 - കാരപ്പന്നൂർ, മഞ്ചേരി റെയ്ഞ്ച്

21. റ്റി.എസ്. നമ്പർ 6/13-14 - ചെറുവണ്ണൂർ, ഫറോക്ക് റെയ്ഞ്ച്

22. റ്റി.എസ്. നമ്പർ 19/13-14 - കൂടരിഞ്ഞി, കുന്നമംഗലം റെയ്ഞ്ച്

23. റ്റി.എസ്. നമ്പർ 2/13-14 - കൽപ്പറ്റ, കൽപ്പറ്റ റെയ്ഞ്ച്

24. റ്റി.എസ്. നമ്പർ 21/13-14 - മുണ്ടേരിമൊട്ട, കണ്ണൂർ റെയ്ഞ്ച്

25. റ്റി.എസ്. നമ്പർ 21/13-14 - പെരിയബസ്സാർ, ഹോസ്ദുർഗ്ഗ് റെയ്ഞ്ച്

26. റ്റി.എസ്. നമ്പർ6/13-14 - നീർവാരം, മാനന്തവാടി റെയ്ഞ്ച്

27. റ്റി.എസ്. നമ്പർ30/13-14 - താഴെക്കോട്, പെരിന്തൽമണ്ണ റെയ്ഞ്ച്

28. റ്റി.എസ്. നമ്പർ33/13-14 - മന്നിശ്ശേരി, ഒറ്റപ്പാലം റെയ്ഞ്ച്

29. റ്റി.എസ്. നമ്പർ 83/13-14 - കൊടകര, ഇരിങ്ങാലക്കുട റെയ്ഞ്ച്

30. റ്റി.എസ്. നമ്പർ 63/13-14 - വാഴപ്പിള്ളി, മൂവാറ്റുപുഴ റെയ്ഞ്ച്

31. റ്റി.എസ്. നമ്പർ 15/13-14 - ഇരുമ്പുപാലം, അടിമാലി റെയ്ഞ്ച്

32. റ്റി.എസ്. നമ്പർ 17/13-14 - മുക്കോട്, തൃശ്ശൂർ റെയ്ഞ്ച്

33. റ്റി.എസ്. നമ്പർ 35/13-14 - പള്ളിപ്രം, എറണാകുളം റെയ്ഞ്ച്

34. റ്റി.എസ്. നമ്പർ 98/13-14 - കറനാട്, ചേർത്തല റെയ്ഞ്ച്

35. റ്റി.എസ്. നമ്പർ 2/13-14 - വിശവർശ്ശേരിക്കര, ചെങ്ങന്നൂർ റെയ്ഞ്ച്

36. റ്റി.എസ്. നമ്പർ 33/13-14 - ആയിരംതെങ്ങ്, കരുനാഗപ്പള്ളി റെയ്ഞ്ച്

37. റ്റി.എസ്. നമ്പർ 10/13-14 - കുറവൻപാലം, കൊല്ലം റെയ്ഞ്ച്

38. റ്റി.എസ്. നമ്പർ 18/13-14 - വല്ലംകുളം കിഴക്ക്

39. റ്റി.എസ്. നമ്പർ 14/13-14 - പുലിയൂർ, ചെങ്ങന്നൂർ റെയ്ഞ്ച്

40. റ്റി.എസ്. നമ്പർ 24/13-14 - മൈലാടുംപാറ, പത്തനംതിട്ട റെയ്ഞ്ച്

41. റ്റി.എസ്. നമ്പർ 6/13-14 - കൊച്ചി ഡി ജെട്ടി, കായംകുളം റെയ്ഞ്ച്

42. റ്റി.എസ്. നമ്പർ 6/13-14 - നെടുംങ്കോലം, ചാത്തന്നൂർ റെയ്ഞ്ച്

ടി മദ്യശാലകളിൽ ദക്ഷിണമേഖലയിൽപ്പെട്ട കോട്ടയം റെയ്ഞ്ചിലെ റ്റി.എസ്. നമ്പർ 28/13-14 - മുളംങ്കുഴ, ചങ്ങനാശ്ശേരി റെയ്ഞ്ചിലെ റ്റി.എസ്. നമ്പർ 62/13-14 പനയംപാല, എരുമേലി റെയ്ഞ്ചിലെ റ്റി.എസ്. നമ്പർ 48/13-14 - പൊൻകുന്നം, പത്തനംതിട്ട റെയ്ഞ്ചിലെ റ്റി.എസ്. നമ്പർ 24/13-14 മൈലാടുംപാറ, റ്റി.എസ്. നമ്പർ 19/13-14 - ഓമല്ലൂർ, ചാത്തന്നൂർ റെയ്ഞ്ചിലെ റ്റി.എസ്. നമ്പർ 6/13-14 നെടുങ്കോലം, തിരുവല്ല റെയ്ഞ്ചിലെ റ്റി.എസ്.നമ്പർ.12/13-14 ഇടിഞ്ഞില്ലം എന്നീ കള്ള് ഷാപ്പുകളിലെ സാമ്പിളുകൾ തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയിലും മദ്ധ്യമേഖലയിൽപ്പെട്ട തൊടുപുഴ റെയ്ഞ്ചിലെ റ്റി.എസ് നമ്പർ 27/13-14 തൊടുപുഴ കള്ള്ഷാപ്പിലെ കള്ളിന്റെ സാമ്പിൾ എറണാകുളം കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയിലും പരിശോധിച്ചതിൽ ഗുണനിലവാരമില്ലായ്മ സ്ഥിരീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ ടി കള്ള് ഷാപ്പ് ലൈസൻസികൾക്കെതിരായി അബ്കാരി കേസ്സുകൾ രജിസ്റ്റർചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മദ്ധ്യമേഖലയിൽപ്പെട്ട തൃപ്പൂണിത്തുറ റെയ്ഞ്ചിലെ ടി. എസ്.14-ാം നമ്പർ ഷാപ്പും മൂവാറ്റുപുഴ റെയ്ഞ്ചിലെ ടി.എസ്. 63-ാം നമ്പർ കള്ള്ഷാപ്പും, ഉത്തരമേഖലയിൽപ്പെട്ട മഞ്ചേരി റെയിഞ്ചിലെ ടി.എസ്. 19-ാം നമ്പർ കാവന്നൂർ, കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റെയിഞ്ചിലെ ടി.എസ്. 21-ാം നമ്പർ മുണ്ടേരി, കൽപ്പറ്റ റെയിഞ്ചിലെ ടി.എസ്. 2-ാം നമ്പർ കൽപ്പറ്റ ടൗൺ, മാനന്തവാടി റെയിഞ്ചിലെ ടി.എസ്. 6-ാം നമ്പർ നീർവാരം, കുന്നമംഗലം റെയ്ഞ്ചിലെ ടി.എസ്.19-ാം ടി. എസ്.19-ാം നമ്പർ, കൂടരഞ്ഞി, ഫറോഖ് റെയ്ഞ്ചിലെ ടി.എസ്. 6-ാം നമ്പർ ചെറുവണ്ണൂർ എന്നീ കള്ള്ഷാപ്പുകളിൽനിന്നെടുത്ത സാമ്പിളുകളിൽ ഗുണനിലവാരം കുറഞ്ഞതായി റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ സ്ഥിരീകരണം ലഭിച്ചിട്ടില്ലാത്തതിനാൽ ടി കള്ള്ഷാപ്പുകൾക്കെതിരെയുള്ള നടപടി അവസാനിപ്പിച്ചിട്ടുള്ളതാണ്. മറ്റ് മദ്യശാലകളിലേയും കള്ള്ഷാപ്പുകളിലേയും സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയിൽ സ്ഥിരീകരണത്തിനായി അയച്ചിട്ടുള്ളതും പരിശോധനാഫലം ലഭിച്ചിട്ടില്ലാത്തതും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതുമാണ്.

**അട്ടപ്പാടി പാക്കേജിൽ പ്രഖ്യാപിച്ച ലഹരിവിമുക്ത ചികിത്സാകേന്ദ്രം**

89 (3380) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ച അട്ടപ്പാടി പാക്കേജിൽ പ്രഖ്യാപിച്ച ലഹരി വിമുക്ത ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഇതുവരെ എത്ര തുക നൽകി ; പ്രഖ്യാപിച്ച ഫണ്ട് മുഴുവൻ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി മറ്റേതെങ്കിലും രീതിയിൽ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത തുക പൂർണമായും ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി ചികിത്സാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനോടനുബന്ധിച്ച് ഒരു ലഹരിമുക്ത ചികിത്സാകേന്ദ്രം ആരോഗ്യവകുപ്പിന്റെ കീഴിൽ തുടങ്ങുന്നതിന് തീരുമാനിക്കുകയും അതിന്റെ നടത്തിപ്പിനാവശ്യമായ മരുന്നും മറ്റുപകരണങ്ങളും വാങ്ങുന്നതിനായി കെ.എസ്.ബി.സി.യുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നീക്കിവച്ചിട്ടുള്ള 3.5 കോടി രൂപയിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിന് തീരുമാനമാകുകയും തുക റിലീസ് ചെയ്തുനൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

(ബി&സി) സംസ്ഥാനത്തെ പട്ടികജാതി മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കനുവദിക്കുന്ന തുക ഉപയോഗിച്ച് ടി മേഖലയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ കെ.എസ്.ബി.സി.-യുടെ വരുമാനത്തിൽനിന്നും ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ ഭാഗമായി സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ, അട്ടപ്പാടി എന്ന സ്ഥാപനത്തിന് 8,68,000 രൂപ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്.

**കമ്പംമെട്ട് - കട്ടപ്പന റോഡിൽ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി**

**90 (3381)** ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൻകീഴിലുള്ള കമ്പംമെട്ട്-നെടുംകണ്ടം റോഡിലുള്ള ചെക്ക്പോസ്റ്റിനുപുറമെ കമ്പംമെട്ട്-കട്ടപ്പന റോഡിൽ അനധികൃതമായി ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകാമോ ;

(ബി) ഭൂരിപക്ഷം വാഹനങ്ങളും കമ്പംമെട്ട്-കട്ടപ്പന റൂട്ടിലൂടെപോകുമ്പോൾ കമ്പംമെട്ട്-നെടുംകണ്ടം റോഡിലുള്ള ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം കൊണ്ടുള്ള പ്രയോജനം ഭാഗികമാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭൂരിപക്ഷം വാഹനങ്ങളും കടന്നുപോകുന്ന കമ്പംമെട്ട്-കട്ടപ്പന റോഡിൽകൂടി ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തമിഴ്നാട്ടിൽനിന്നും കമ്പംമെട്ട്വഴി കേരളത്തിലേയ്ക്കുള്ള അന്തർസംസ്ഥാന പാത കമ്പംമെട്ട് കേരള ഫോറസ്റ്റ് ചെക്ക്പോസ്റ്റിന്റെ സമീപത്തുനിന്നും രണ്ടായി തിരിഞ്ഞ്, ഒരു വഴി നെടുങ്കണ്ടത്തിനും മറ്റൊരു വഴി കട്ടപ്പന ഭാഗത്തേയ്ക്കും പോകുന്നു. കമ്പംമെട്ട് എക്സൈസ് ചെക്ക് പോസ്റ്റ് സ്ഥിതിചെയ്യുന്നത് കമ്പംമെട്ട് - നെടുങ്കണ്ടം റോഡിലാണ്. എന്നാൽ ഭൂരിഭാഗം വാഹനങ്ങളും കടന്നുപോകുന്നത് കമ്പംമെട്ട് - കട്ടപ്പന റോഡിലൂടെയാണ്. ടി ചെക്ക്പോസ്റ്റിൽനിന്നും ഉദ്ദേശം 75 മീറ്റർ മാറി ടി എക്സൈസ് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ കമ്പംമെട്ട് - കട്ടപ്പന റോഡിലും വാഹന പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം വാഹന പരിശോധന നടത്തുന്നതിനാൽ തമിഴ്നാട്ടിൽനിന്നുംവരുന്ന എല്ലാ വാഹനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയുന്നുണ്ട്. 1-4-1996 മുതൽ ടി റോഡിൽ ടി ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ വാഹനപരിശോധന നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂരിപക്ഷം വാഹനങ്ങളും കമ്പംമെട്ട്- കട്ടപ്പന റൂട്ടിലൂടെയാണ് പോകുന്നത് എന്നതിനാൽ ടി റൂട്ടിലും ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ വാഹനപരിശോധന നടത്തുന്നുണ്ട്. കമ്പംമെട്ട്-നെടുങ്കണ്ടം റൂട്ടിൽക്കൂടി വരുന്ന വാഹനങ്ങളെല്ലാംതന്നെ ടി ചെക്ക് പോസ്റ്റിലെ പരിശോധനയ്ക്ക് ശേഷമാണ് കടത്തിവിടുന്നത്.

(സി) ഭൂരിഭാഗം വാഹനങ്ങളും കടന്നുപോകുന്ന കമ്പംമെട്ട്-കട്ടപ്പന റോഡിലും കമ്പംമെട്ട്- നെടുങ്കണ്ടം റോഡിലുള്ള ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർതന്നെയാണ് വാഹനപരിശോധന നടത്തുന്നത്. വാഹനപരിശോധന കൂടുതൽ ഫലപ്രദമായി നടത്തുവാൻ കമ്പംമെട്ട്- കട്ടപ്പന റോഡിൽ പ്രത്യേക മായി ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## തോട്ടം തൊഴിലാളികളിൽനിന്നും എക്സൈസ് ഉദ്യോഗസ്ഥരുടെ പണപ്പിരിവ്

91 (3382) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമാനുസൃതം കൈവശം വയ്ക്കാവുന്ന ബിവറേജസ് കോർപ്പറേഷനിൽനിന്നുമുള്ള വിദേശമദ്യം കൈവശംവയ്ക്കുന്ന തോട്ടം മേഖലകളിലെ തൊഴിലാളികളിൽനിന്നും ഉദ്യോഗസ്ഥൻമാർ പണപ്പിരിവ് നടത്തുന്നത് സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എക്സൈസ് അധികൃതരുടെ തമിഴ് ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകളിൽ നിയമനം

92 (3383) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/ സെയിൽസ്മാൻ തസ്തികയിൽ എത്ര സ്ഥിരം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര എണ്ണത്തിന് പോസ്റ്റ് സാംങ്ഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ സെയിൽസ്മാൻ തസ്തിക നിലവിലില്ല. ഹെൽപ്പർ/പ്യൂൺ തസ്തികയിൽ ആകെ 247 സറിലം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) റിപ്പോർട്ട് ചെയ്ത 247 ഒഴിവുകളും സർക്കാർ ഉത്തരവ് മുഖേന അനുവദിച്ചിട്ടുള്ളതാണ്.

എക്സൈസ് വകുപ്പിലെ ജീവനക്കാരും സംവിധാനങ്ങളും

93 (3384) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെയുള്ള എക്സൈസ് ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) വിവിധ പരിശോധനകൾക്കായി സംസ്ഥാന എക്സൈസ് സേനയ്ക്കാകെയുള്ള ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(സി) ചെക്ക് പോസ്റ്റുകളിലെ എക്സൈസ് പരിശോധനയ്ക്കായി നിലവിൽ സ്കാനർ സംവിധാനമുണ്ടോ ; ഇവ വാങ്ങുന്നകാര്യം പരിഗണനയി ലുണ്ടോ ;

(ഡി) എക്സൈസ് വകുപ്പിന് സ്വന്തമായി വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സംസ്ഥാന പോലീസിലെ വയർലെസ് വിഭാഗത്തിന് തുക കൈമാറിയിരുന്നോ ; എത്ര തുക നൽകി ; എന്നാണ് നൽകിയത് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത തുക ഉപയോഗിച്ച് എക്സൈസ് വകുപ്പിന് സ്വന്തമായി വയർലെസ് സംവിധാനം സജ്ജമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)

| | |
|---|---|
| ജോയിന്റ് എക്സൈസ് കമ്മീഷണർ | - 8 |
| ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ | - 18 |
| അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ | - 19 |
| സർക്കിൾ എക്സൈസ് ഇൻസ്പെക്ടർ | - 139 |
| എക്സൈസ് ഇൻസ്പെക്ടർ | - 338 |
| അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ | - 83 |
| പ്രിവന്റീവ് ഓഫീസർ | - 993 |

| | |
|---|---|
| സിവിൽ എക്സൈസ് ഓഫീസർ | - 2924 |
| എക്സൈസ് ഡ്രൈവർ | - 240 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - 9 |
| ഫെയർകോപ്പി സൂപ്രണ്ട് | - 1 |
| ടൈപ്പിസ്റ്റ് | - 42 |
| ഓഫീസ് അറ്റന്റന്റ് | - 70 |
| വാൻ ക്ലീനർ | - 1 |
| പാർട്ട് ടൈം സ്വീപ്പർ | - 204 |
| ആകെ | - 5089 |

(ബി) (1) ആയുധങ്ങൾ

| | |
|---|---|
| പിസ്റ്റലുകൾ | - 110 എണ്ണം |
| റിവോൾവറുകൾ | - 101 എണ്ണം. |

(2) വിവിധ പരിശോധനകൾക്കായി എക്സൈസ് സേനയിൽ ലഭ്യമായ ഉപകരണങ്ങളുടെ എണ്ണം.

| | |
|---|---|
| വെയിംഗ് മെഷീനുകൾ | - 215 |
| ട്രോളി ലാഡറുകൾ | - 47 |
| ഡിജിറ്റൽ ക്യാമറകൾ | - 21 |
| റിഫ്ളക്ടീവ് ജാക്കറ്റുകൾ | - 891 |
| സെർച്ച് ടോർച്ചുകൾ | - 620 |
| മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് | - 1 |

(സി) ചെക്ക് പോസ്റ്റുകളിലെ പരിശോധനയ്ക്കായി നിലവിൽ സ്കാനർ സംവിധാനം ലഭ്യമല്ല. എന്നാൽ ചെക്ക് പോസ്റ്റുകളിൽ സ്കാനർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ പ്രായോഗിക വശങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് നികുതി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി&ഇ) എക്സൈസ് വകുപ്പിന് സ്വന്തമായി വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സംസ്ഥാന പോലീസിലെ വയർലെസ് വിഭാഗത്തിന് തുക കൈമാറിയിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## വിഴിഞ്ഞം തുറമുഖ പദ്ധതി

**94 (3385)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ നിലവിലുള്ള സ്ഥിതി ചുവടെ ചേർക്കുന്നു :

1. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ (റയിൽവേ ഒഴികെയുള്ള) 90% ഏറ്റെടുത്തു. പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

2. പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.

3. പദ്ധതിയുടെ Detailed Project Report-ഉം Master Plan-ഉം തയ്യാറാക്കുകയും പദ്ധതി നിർവ്വഹണത്തിനുവേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

4. തുറമുഖത്തിന് ആവശ്യമായ ജലം എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി. അതിൽനിന്നും തദ്ദേശവാസികൾക്കുകൂടി വെള്ളം വിതരണം ചെയ്യുന്ന സാമൂഹിക പ്രതിബദ്ധതാ പദ്ധതിയും പൂർത്തിയാക്കി.

5. പദ്ധതിക്ക് ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു.

6. റയിൽ കണക്ടിവിറ്റിക്കുള്ള സർവ്വേ പൂർത്തിയാക്കി Detailed Project Report തയ്യാറാക്കി. ഇതിന് കേന്ദ്ര റയിൽവേയുടെ അംഗീകാരത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു.

7. പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും Viability Gap Funding ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. അതിൻമേലുള്ള ചർച്ച നടന്നുവരുന്നു.

8. പദ്ധതി നിർമ്മാണത്തിനും നടത്തിപ്പിനുമുള്ള സ്വകാര്യപങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടർ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

പാരിസ്ഥിതിക അനുമതി ലഭിച്ച ഉടൻ ആരംഭിച്ചു. 5 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്തു. ആഗസ്റ്റ് മാസത്തോടുകൂടി സ്വകാര്യപങ്കാളിയെ കണ്ടെത്തി ഡിസംബർ മാസത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു.

9. പദ്ധതിക്ക് കബോട്ടേജ് നിയമത്തിൽ ഇളവ് ലഭിക്കുന്നതിനായുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.

(സി) പദ്ധതിക്ക് ലഭിച്ച പാരിസ്ഥിതിക അനുമതിക്ക് എതിരായി ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഡൽഹി ബഞ്ചിലും ചെന്നൈ ബഞ്ചിലും കേസ്സുകൾ നിലവിലുണ്ട്. ഇതിൽ ഡൽഹി ബെഞ്ചിലെ വാദം പൂർത്തിയാക്കി കേസ് വിധിക്കായി മാറ്റിവച്ചു. ചെന്നൈ ബെഞ്ചുകളിലെ വാദം 2014 ജൂലൈ 1-ാം തീയതി തുടരും. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് ഈ കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലായിരിക്കും.

## ഫിഷറീസ് സ്റ്റേഷനുകൾ

95 (3386) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ഫിഷറീസ് വകുപ്പിന്റെകീഴിൽ എത്ര ഫിഷറീസ് സ്റ്റേഷനുകളാണ് ഉള്ളത് ;

(ബി) എല്ലാ തീരദേശ ജില്ലകളിലും ഓരോ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിച്ച് കടൽ രക്ഷാപ്രവർത്തനം, കടൽ പട്രോളിംഗ് എന്നിവ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഫിഷറീസ് സ്റ്റേഷനുകളിലെ കടൽ പട്രോളിംഗ്/കടൽ രക്ഷാപ്രവർത്തന ബോട്ടുകളിൽ മതിയായ സുരക്ഷാ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) നിലവിൽ ഫിഷറീസ് വകുപ്പിന്റെകീഴിൽ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിലായി 5 ഫിഷറീസ് സ്റ്റേഷനുകളുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഫിഷറീസ് സ്റ്റേഷനുകളിൽ നിലവിൽ കടൽ പട്രോളിംഗിനും കടൽ രക്ഷാപ്രവർത്തനങ്ങൾക്കും സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ബോട്ടുകളാണ് വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## വാട്ട്സ് ആപ് കോസ്റ്റൽ സെക്യൂരിറ്റി പദ്ധതി

96 (3387) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ.കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ട്സ് ആപ് കോസ്റ്റൽ സെക്യൂരിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിന്റെ മേന്മകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്ക് ഇതുകൊണ്ട് എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഫിഷറീസ് വകുപ്പുവഴി വാട്ട്സ് ആപ് പദ്ധതി നടപ്പിലാക്കുന്നില്ല.

## കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനുകീഴിൽ പുതിയ പദ്ധതികൾ

97 (3388) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനു കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത വകുപ്പിനുകീഴിൽ നിലവിൽ ജലവാഹനങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നിർവ്വഹിക്കപ്പെടുന്നതിന് പര്യാപ്തമായ പണിശാലകൾ ഉണ്ടോ ; വ്യക്തമാക്കുമോ ;

(സി) കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് പാട്ടത്തിനെടുത്തിട്ടുള്ള സ്ലിപ് വേയിൽ വലിയ കപ്പലുകളുടെ പണിക്ക് നിലവിൽ സൗകര്യമുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) കൊച്ചിയിൽ പെട്രോനെറ്റ് ദ്രവീകൃത പ്രകൃതി വാതകം കമ്മീഷൻ ചെയ്തത് കണക്കിലെടുത്ത് ഈ മേഖലയിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി വിഭാവനം ചെയ്യുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നു :

1. മിനി ഡ്രൈ ഡോക്ക്.
2. 200 പാസഞ്ചർ കപ്പാസിറ്റിയുള്ള ടൂറിസ്റ്റ് ബോട്ട് (കടൽ യാത്രയ്ക്ക് ഉതകുന്നത്)
3. 1000 എം.ടി. ഓയിൽ ബാർജ്ജ് (കടൽ യാത്രയ്ക്ക് ഉതകുന്നത്)
4. എൽ.എൻ.ജി. ബാർജ്ജ്. (സാദ്ധ്യതകൾ പഠിച്ചതിനുശേഷം)

(ബി) തോപ്പുംപടിയിൽ കമ്പനിയുടെ അധീനതയിൽ ഒരു സ്ലിപ്‌വേ ഉണ്ട്. ഇവിടെ ജലവാഹനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഉള്ള സൗകര്യം ഉണ്ട്.

(സി) വലിയ ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യം ഇല്ല. എന്നാൽ ചെറിയ ജലവാഹനങ്ങളുടെ (ഏകദേശം 150-200 ടൺ ഭാരം വരുന്ന തരം) നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഉള്ള സൗകര്യം ഉണ്ട്.

(ഡി) കൊച്ചിയിലെ പുതിയ പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽമൂലം ഉണ്ടാകുന്ന സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ കമ്പനി ആസൂത്രണം ചെയ്യുന്നതാണ്.

## ഫിഷ് കിയോസ്ക്കുകൾ

98 (3389) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഫിഷ്മെയ്ഡ്' എന്ന ബ്രാൻഡിൽ ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതുവഴിയുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച് മാർക്കറ്റ് സ്റ്റഡി നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഫിഷറീസ് വകുപ്പിലെ ഏത് ഏജൻസിയ്ക്കാണ് ഇവയുടെ നടത്തിപ്പിന്റെ ചുമതലയുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും, വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ സംസ്ഥാനത്തുടനീളം ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ മൊത്തം അടങ്കൽ തുകയായ 350 ലക്ഷം രൂപയിൽ 300 ലക്ഷം രൂപ കേന്ദ്ര വിഹിതവും 35 ലക്ഷം രൂപ സംസ്ഥാന വിഹിതവും 15 ലക്ഷം രൂപ കോർപ്പറേഷൻ വിഹിതവുമാണ്.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(സി) തീരദേശ വികസന കോർപ്പറേഷൻവഴി സംസ്ഥാനത്തുടനീളം കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കുന്നതിനായുള്ള പ്രാഥമിക സർവ്വേ നടന്നുകഴിഞ്ഞു. ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി വ്യക്തികൾ/സ്ഥാപനങ്ങളിൽനിന്നും ഫ്രാഞ്ചൈസികളെ ക്ഷണിച്ചു കഴിഞ്ഞു. ആയതിനനുസരിച്ച് ലഭിച്ച അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തുകയും കിയോസ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സാധ്യത പരിശോധിക്കുകയും ചെയ്തു. പല ജില്ലകളിലും എക്സിബിഷൻ/ഫെയറുകളിൽ ഫിഷ്മെയ്ഡ് ഉൽപ്പന്നങ്ങളുടെ ടെസ്റ്റ് മാർക്കറ്റിംഗ് വിജയകരമായി നടത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം വ്യാപിപ്പിക്കുന്നതിനും കിയോസ്കുകളുടെ ബ്രാന്റിംഗിനുമായി പരസ്യകമ്പനികളെ എംപാനൽ ചെയ്തുകഴിഞ്ഞു.

(ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## തീരദേശ വികസന ഏജൻസിമുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

**99 (3390)** ശ്രീ. പി. എ മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന ഏജൻസി മുഖേന ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) അമിതപലിശ ഈടാക്കുന്ന സ്വകാര്യ/ബ്ലേയ്ഡ് മാഫിയാകളിൽ നിന്നും തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് പരിഗണിക്കുമോ ;

(സി) മത്സ്യത്തൊഴിലാളികൾക്ക് ചെറുകിട വായ്പകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2014-15 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു :

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്ന 12 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ളം, വൈദ്യുതീകരണം, സാനിട്ടേഷൻ, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

2. ഭൂരഹിതരും ഭവനരഹിതരുമായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹായംവാങ്ങി ഭവനം നിർമ്മിച്ചുനൽകുന്നു.

3. മത്സ്യ സംരക്ഷണത്തിനും പരിപാലനത്തിനുമായി തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്നു.

4. വിഴിഞ്ഞം, പുല്ലുവിള എന്നീ മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യ ഗ്രാമമായി വികസിപ്പിക്കുന്നതിനും 2014-15 ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. 13 ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിന്റെ പദ്ധതി അംഗീകാരത്തിനായി ദേശീയ മത്സ്യ വികസന ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

6. തൃശ്ശൂർ ജില്ലയിലെ അഴിക്കോട്, കണ്ണൂർ ജില്ലയിലെ അഴിക്കൽ എന്നിവിടങ്ങളിൽ ഫിഷ് പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കും.

7. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി 8 പ്രീമിയം ഔട്ട്ലെറ്റുകൾ സ്ഥാപിക്കും.

(ബി) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വായ്പകൾ നൽകുന്നതിന് എൻ.സി.ഡി.സി., എൻ.എം.ഡി.എഫ്.സി., എൻ.ബി.സി.എഫ്.ഡി.സി., ബാങ്കബിൾ സ്കീം, പലിശരഹിത വായ്പ എന്നീ പദ്ധതികൾ നിലവിലുണ്ട്. മത്സ്യഫെഡ്വഴിയാണ് ഇത് നടപ്പിലാക്കുന്നത്. ഇതിനായി പുതിയ പദ്ധതികൾ ഒന്നും ആസൂത്രണം ചെയ്യുന്നില്ല.

(സി) മേൽപ്പറഞ്ഞ വായ്പ പദ്ധതികൾ കൂടാതെ മൈക്രോ ഫിനാൻസ് ലോൺ മത്സ്യഫെഡ്വഴി നടപ്പിലാക്കിവരുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## കൊല്ലം തുറമുഖത്തുനിന്നും യാത്രാക്കപ്പൽ സർവ്വീസ്

100 (3391) ശ്രീ. പി. കെ. ഗുരുദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തുറമുഖത്തുനിന്നും യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലേക്കാണ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത് ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) യാത്രാക്കപ്പൽ സർവ്വീസ് എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) കൊല്ലം തുറമുഖത്ത് യാത്രാ കപ്പലുകൾ അടുക്കുന്നതിന് 20 കോടി രൂപ ചെലവിൽ കണ്ടെയ്നർ-കം-പാസഞ്ചർ ടെർമിനൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊല്ലം തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേക്ക് പാസഞ്ചർ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. കൊച്ചി-വിഴിഞ്ഞം തുറമുഖങ്ങൾക്കിടയിലാണ് പാസഞ്ചർ സർവ്വീസ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ടി സർവ്വീസ് കൊല്ലം തുറമുഖത്തേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) കൊച്ചി-വിഴിഞ്ഞം തുറമുഖങ്ങൾക്കിടയിൽ ഉള്ള യാത്രാക്കപ്പൽ സർവ്വീസ് സെപ്തംബർ 2014-ഓടെ ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ലക്ഷദ്വീപിലേക്കുള്ള യാത്രാക്കപ്പൽ ആരംഭിക്കുന്നതിന് ഭരണകൂടവുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റ് കപ്പലുകൾ നിലവിലുള്ള സൗകര്യം ഉപയോഗിച്ച് കൊല്ലം തുറമുഖത്തേക്ക് കൊണ്ടുവരുന്നകാര്യത്തിലുള്ള ചർച്ചയും നടന്നുവരുന്നു.

## കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം-ബേക്കൽ മത്സ്യബന്ധന ഹാർബർ സ്ഥാപിക്കുന്നതിന് നടപടി

101 (3392) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം-ബേക്കൽ മത്സ്യബന്ധന ഹാർബർ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതിന്റെ അനുമതിക്കായി ഹാർബർ എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ (ഫയൽ നമ്പർ 5217/ബി2/13/ ഫിഷറീസ്) ;

(സി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പൊന്നാനി കാർഗോ പോർട്ടിന്റെ നിർമ്മാണം**

**102 (3393)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി കാർഗോപോർട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ടെണ്ടർ ലഭിച്ച കമ്പനിയുമായി കരാർ വച്ചിട്ടുണ്ടോയെന്നും പ്രസ്തുത കമ്പനിക്ക് ഭൂമി കൈമാറിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്പനിയുമായി പാട്ടക്കരാർ ഒപ്പുവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര ഏക്കർ കരഭൂമിയാണ് കമ്പനിക്ക് വിട്ടുനൽകുന്നത് എന്ന് വിശദമാക്കുമോ ;

(ഇ) തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നേക്കു തുടങ്ങാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിന് മെസ്സേഴ്സ് മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സർക്കാർ അനുമതി നൽകുകയുണ്ടായി.

തുറമുഖ നിർമ്മാണത്തിനുദ്ദേശിക്കുന്ന 29.3 ഏക്കർ സർക്കാർ വക പുറമ്പോക്ക് ഭൂമി മലബാർ പോർട്ട്സിന് ലീസിന് നൽകുന്നതിന് സർവ്വേ പൂർത്തിയാക്കി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലത്തിന്റെ സർവ്വേ നമ്പർ ചേർത്ത് സ്കെച്ച് ലഭിച്ചെങ്കിൽ മാത്രമേ പ്രസ്തുത ഭൂമി മലബാർ പോർട്ടിന് ലീസിന് നൽകുന്നതിനുള്ള നടപടി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഈ ഭൂമി പുലിമുട്ടുകളുടെ നിർമ്മാണംമൂലം രൂപപ്പെട്ടതായതിനാൽ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ചതിനു

ശേഷം മാത്രമേ സർവ്വേ നമ്പർ നൽകുവാൻ സാധിക്കുകയുള്ളൂ. ഇത് സംബന്ധിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ ലഭിച്ച കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. ഭൂമി കൈമാറിയിട്ടില്ല.

(സി) പാട്ടക്കരാർ ഒപ്പുവച്ചിട്ടില്ല.

(ഡി) 29.3 ഏക്കർ ഭൂമിയാണ് വിട്ടുനൽകുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) തുറമുഖ വികസനത്തിനുദ്ദേശിച്ചിട്ടുള്ള 29.3 ഏക്കർ ഭൂമി മലബാർ പോർട്ടിന് നൽകുന്നതിലേക്കായി ടി കമ്പനിയുമായി ലീസ് എഗ്രിമെന്റിൽ ഏർപ്പെട്ടതിനുശേഷം മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി തുടങ്ങാനാകും.

## ഫിഷ് ലാന്റിംഗ് സെന്ററുകൾ

**103 (3394)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷ് ലാന്റിംഗ് സെന്ററുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എത്ര ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര ഫിഷ് ലാന്റിംഗ് സെന്ററുകളോടൊപ്പം മത്സ്യവിപണനം നടത്തുന്നതിന് ഫിഷ് മാർക്കറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) വിപണന സൗകര്യമില്ലാത്ത സെന്ററുകളിൽ ഈ സൗകര്യം സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 7-12-2013-ലെ സ.ഉ.(കൈ) നമ്പർ 73/13/മതുവ പ്രകാരം 187 ഫിഷ് ലാന്റിംഗ് സെന്ററുകൾ/പോയിന്റുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14 പുതിയ ഫിഷ് ലാന്റിംഗ് സെന്ററുകൾക്ക് അനുമതി ലഭ്യമായതിനനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 16 സ്ഥലങ്ങളിൽ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻവഴിയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെ പദ്ധതികൾ നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ എണ്ണക്കാട്, കോഴിക്കോട് ജില്ലയിലെ മുഖദാർ, അഴിത്തല

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(സി & ഡി) ഫിഷ് ലാന്റിംഗ് സെന്ററുകളോടൊപ്പം ചേർന്ന് ലേലം ചെയ്യൽ, മൊത്ത മത്സ്യ വിപണനം. എന്നിവയാണ് പ്രധാനമായും നടന്നു വരുന്നത്. ചില്ലറ വ്യാപാരം തുലോം കുറവാണ്. മത്സ്യ വിപണനം നടത്തുന്നതിന് മാത്രമായി ഫിഷ് മാർക്കറ്റുകൾ ഒന്നും ഫിഷ് ലാന്റിംഗ് സെന്ററുകളോടൊപ്പം പ്രവർത്തിക്കുന്നതായി കാണുന്നില്ല.

### ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിലെ റോഡുകൾക്ക് അനുവദിച്ച ഫണ്ട്

104 (3395) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അമ്പലപ്പുഴമണ്ഡലത്തിൽ ഏതൊക്കെ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഓരോ റോഡിനും എന്തുതുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) തുക അനുവദിച്ച റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ അമ്പലപ്പുഴമണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 7 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | വളഞ്ഞവഴി-ബീച്ച് റോഡ് | 60.50 |
| 2 | എൻ.എച്ചിൽ നിന്നും പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള റോഡ് | 48.50 |
| 3 | കാക്കനാട് പള്ളിച്ചിറ-കരീത്തറ റോഡ് | 48.00 |
| 4 | അയ്യൻകാളി ജംഗ്ഷൻ-ഇട്ടിച്ചിറ റോഡ് | 45.00 |

| (1) | (2) | (3) |
|---|---|---|
| 5 | ഫിഷ് ലാന്റിംഗ് തെക്കുവശത്തു നിന്നും മൂന്നാം നമ്പർ സുനാമി കോളനി റോഡ് | 14.00 |
| 6 | വണ്ടാനം പടിഞ്ഞാറ്റിൻ ഇ.എം.എസ് റോഡ് | 46.00 |
| 7 | വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി - കോങ്ങന്നൂർ കോറാത്തുവീട് വഴി കടന്നു പോകുന്ന റോഡ് | 60.00 |

(ബി) ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി, ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | വളഞ്ഞവഴി-ബീച്ച് റോഡ് | സാങ്കേതികാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | എൻ.എച്ചിൽ നിന്നും പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള റോഡ് | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 3 | കാക്കനാട് പള്ളിച്ചിറ-കരിത്തറ റോഡ് | ദർഘാസ് അംഗീകാരം സംബന്ധിച്ച നടപടികൾ നടന്നുവരുന്നു |
| 4 | അയ്യൻകാളി ജംഗ്ഷൻ-ഇട്ടിച്ചിറ റോഡ് | ദർഘാസിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് വീണ്ടും ഇ-ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 5 | ഫിഷ് ലാന്റിംഗ് തെക്കുവശത്തു നിന്നും മൂന്നാം നമ്പർ സുനാമി കോളനി റോഡ് | നിർമ്മാണത്തിനുള്ള സമ്മതം പഞ്ചായത്തിൽ നിന്നും ലഭിച്ചില്ല |
| 6 | വണ്ടാനം പടിഞ്ഞാറ്റിൻ ഇ.എം.എസ് റോഡ് | ദർഘാസിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് വീണ്ടും ഇ-ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 7 | വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി-കോങ്ങന്നൂർ കോറാത്തുവീട് വഴി കടന്നുപോകുന്ന റോഡ് | ദർഘാസ് നടപടികൾ നടന്നുവരുന്നു. |

സാങ്കേതികാനുമതി നൽകി, ദർഘാസ് നടപടികൾ സ്വീകരിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്താൽ മാത്രമേ നിർമ്മാണ പ്രവൃത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

**2013-14-ലെ ഫണ്ട് വിനിയോഗം**

**105 (3396)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുകളിലായി 2013-14-ൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് ഹെഡ്ഡുകളിലോരോന്നിലും ഇതിനകം ചെലവഴിച്ച തുകയെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; ഇതുവരെ ഒരു തുകയും ചെലവഴിക്കാത്തവ ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

മത്സ്യബന്ധന വകുപ്പ്- മത്സ്യബന്ധന വകുപ്പിലെ 2013-14-ൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് ഹെഡ്ഡുകളിലോരോന്നിലും ചെലവഴിച്ച തുകയെ സംബന്ധിച്ച പ്ലാൻ നോൺപ്ലാൻ ഇനങ്ങളിലായുള്ള വിശദാംശങ്ങളും ചെലവഴിക്കാത്ത ഹെഡ്ഡുകളുടെ വിശദാംശങ്ങളും അനുബന്ധം (എ) ആയി ചേർക്കുന്നു.*

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 2013-14 വർഷത്തിൽ പോർട്ട്, ഫിഷറീസ് സെക്ടറുകളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവാക്കാൻ കഴിയാതിരുന്നതിന്റെയും കാരണങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു.*

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിൽ 2013-14-ൽ അനുവദിച്ച തുകയിൽ ചെലവഴിച്ച തുക സംബന്ധിച്ചുള്ള വിശദാംശവും ചെലവാക്കാത്തത് സംബന്ധിച്ച വിവരവും അനുബന്ധം (സി) ആയി ചേർക്കുന്നു.*

തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം (ഡി) ആയി ചേർക്കുന്നു.*

എക്സൈസ് വകുപ്പിന് സംബന്ധിക്കുന്ന വിവരം അനുബന്ധം (ഇ) ആയി ചേർക്കുന്നു.*

**കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

**106 (3397)** ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഫിഷറീസ് വകുപ്പിന്റെകീഴിൽ എന്തൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയ്ക്ക് ഓരോന്നിനും വേണ്ടി എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്നും പദ്ധതികളുടെ പ്രവർത്തന പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2011 മുതൽ 2014 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഫിഷറീസ് വകുപ്പിന്റെകീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളും അവയ്ക്ക് ഓരോന്നിനും വേണ്ടി അനുവദിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മത്സ്യബന്ധനവും തുറമുഖവും വകുപ്പിൽനിന്നും അനുവദിച്ച പ്രവൃത്തികൾ**

107 (3398) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധനവും തുറമുഖവും വകുപ്പിൽനിന്നും അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2013-14, 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) 2013-14 വർഷത്തിൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് ആലപ്പുഴ ജില്ലയിൽ ഏതൊക്കെ റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധനവും തുറമുഖവും വകുപ്പിൽനിന്നും അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) 2013-14 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട തിരുഹൃദയം-വിശ്വഭവനം റോഡിന് (8.80 ലക്ഷം) ഭരണാനുമതി നൽകുകയുണ്ടായി. 2014-15-ൽ മാവേലിക്കര മണ്ഡലത്തിൽ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-14 സാമ്പത്തിക വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി 82 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ഡി) 2011-12 സാമ്പത്തിക വർഷത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന മാവേലിക്കര നിയോജകമണ്ഡലത്തിൽ 174.61 ലക്ഷം രൂപയ്ക്ക് പാലമേലിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ അനുമതി നൽകി പദ്ധതി പുരോഗമിച്ചുവരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | റോഡിന്റെ പേര് | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | കൈപ്പള്ളിക്കടവ് - ജംഗ്ഷൻ മുക്ക് | 18.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | പുറമേൽ കല്ലിരിക്കുന്നേൽ മുക്ക് മുതൽ കുമ്പിളിമല വള്ളക്കടവ് റോഡ് | 20.50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | തിരുഹൃദയക്കുന്ന് വിശ്രമം റോഡ് | 8.80 ലക്ഷം | കരാറിൽ ഏർപ്പെട്ടു. |

**തീരദേശ പരിപാലനത്തിന് പ്രത്യേക പദ്ധതി**

**108 (3399)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശപരിപാലനത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയിൽനിന്ന് ഫണ്ട് അനുവദിച്ച് കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയുടെ കരകളിലും ചെറുദ്വീപുകളിലും മണലൂറ്റ് നടത്തുന്നതിന്റെ ഫലമായി നദീതീരവും, ദ്വീപുകളും ക്രമേണ നശിച്ചുകൊണ്ടിരിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിഹാരം കാണാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിനായി ഇറിഗേഷൻ വകുപ്പിനേയും തുറമുഖവകുപ്പിനേയും യോജിപ്പിച്ചുള്ള പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരദേശ പരിപാലനത്തിന് ഫിഷറീസ് വകുപ്പിലോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലോ പദ്ധതികൾ ഒന്നുംതന്നെ ഇല്ല. എന്നാൽ ജലസേചന വകുപ്പിൽ കടൽഭിത്തി നിർമ്മാണവും പരിപാലനവും ഏറ്റെടുക്കുന്നുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിലും നബാർഡ് സ്കീമിലും സംസ്ഥാന സർക്കാരിന്റെ വെള്ളപ്പൊക്കക്കെടുതി ഫണ്ടിലും ഉൾപ്പെടുത്തിയാണ് ജലസേചന വകുപ്പിൽ കടൽഭിത്തി നിർമ്മാണവും നവീകരണവും നടക്കുന്നത്.

(ബി) ഫിഷറീസ് വകുപ്പിനോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോ ഏജൻസിയിൽനിന്നും ഫണ്ട് ലഭ്യമായിട്ടില്ല. എന്നാൽ ജലസേചന വകുപ്പിന് കടൽ ഭിത്തി നിർമ്മാണത്തിന് സംസ്ഥാന ബഡ്ജറ്റ് വിഹിതം കൂടാതെ ധനകാര്യ കമ്മീഷനിൽനിന്നും ഫണ്ട് ലഭ്യമാകുന്നുണ്ട്. ഇത് കൂടാതെ നബാർഡിന്റെ ധനസഹായവും ലഭിക്കാറുണ്ട്.

(സി) ഫിഷറീസ് വകുപ്പിലോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലോ പരാതി ലഭിച്ചിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച പരാതി ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജലസേചന വകുപ്പിൽ റിവർ മാനേജ്മെന്റ് ഫണ്ട്, സംസ്ഥാന ഗവൺമെന്റിന്റെ വെള്ളപ്പൊക്കക്കെടുതി ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് പുഴകളുടെ കരസംരക്ഷണ പ്രവൃത്തി നടന്നുവരുന്നു.

1. പാനൂരുത്തി ദ്വീപിൽ ബാദർ മസ്ജിദിനുസമീപം 138 മീറ്റർ നീളത്തിൽ പുഴ സംരക്ഷണ പ്രവൃത്തി RMF ഉപയോഗിച്ച് ഈ വർഷം പൂർത്തിയാക്കിയിട്ടുണ്ട്.

2. പാനൂരുത്തി പാലത്തിന് താഴെ ഭാഗത്തായി 115 മീറ്റർ നീളത്തിൽ വെള്ളപ്പൊക്കക്കെടുതി ഫണ്ടുപയോഗിച്ച് 20 ലക്ഷത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

3. സി.എച്ച്. ദ്വീപ്, എ.കെ.ജി. ദ്വീപ് എന്നീ ദ്വീപുകളുടെ സംരക്ഷണത്തിനായി എസ്റ്റിമേറ്റുകൾ പുതുക്കിയ നിരക്കിൽ തയ്യാറാക്കി വരുന്നു.

(ഇ) ജലസേചന വകുപ്പും തുറമുഖവകുപ്പും ചേർന്ന് പ്രശ്ന പരിഹാരത്തിന് ശ്രമിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യകയറ്റുമതി രംഗത്തെ പുതിയ പദ്ധതികൾ

**109 (3400)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന്റെ പങ്ക് എത്ര ശതമാനമാണെന്ന് അറിയിക്കാമോ ;

(ബി) 2012-14 കാലയളവിൽ ഈ രംഗത്ത് ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഗുണമേൻമയുള്ള കയറ്റുമതി ലക്ഷ്യം വച്ച് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പുസാമ്പത്തിക വർഷം സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) എം.പി.ഇ.ഡി.എ.-യിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 2013-14 വർഷത്തിൽ മത്സ്യ കയറ്റുമതി രംഗത്ത് കേരളത്തിന്റെ വിഹിതം 17% ആണ്.

(ബി) എം.പി.ഇ.ഡി.എ.-യിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് കേരളത്തിൽനിന്നുള്ള മത്സ്യ കയറ്റുമതി രംഗത്ത് 2013-14 വർഷം 2012-13-നേക്കാൾ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. 2012-2014 കാലയളവിൽ കേരളത്തിലെ മത്സ്യ കയറ്റുമതിയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | കയറ്റുമതി (മെട്രിക് ടൺ) |
|---|---|
| 2012-13 | 166399 |
| 2013-14 | 165698 |

(സി) എം.പി.ഇ.ഡി.എ.-യിൽനിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള കയറ്റുമതി ലക്ഷ്യംവച്ച് നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## തീരക്കടലിൽ മത്സ്യലഭ്യത കുറയുന്നത് സംബന്ധിച്ച്

**110 (3401)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരക്കടലിൽ മത്സ്യലഭ്യത കുറയുന്നത് സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുപരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്തുന്നതിനുരൂപീകരിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പരിശോധിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ കടൽ തീരങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഫിഷ് സാങ്ചറികൾ സ്ഥാപിക്കൽ, സീ റാഞ്ചിംഗ് (കടലിൽ ചെമ്മീൻ വിത്ത് നിക്ഷേപം), കടലിലെ പാര്, മത്സ്യങ്ങളുടെ വംശവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃത്രിമ പാര് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

**മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥലങ്ങൾ**

111 (3402) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഏതൊക്കെ സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിൽ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യഘട്ടത്തിൽ 11 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ 32 മത്സ്യഗ്രാമങ്ങളെ തെരഞ്ഞെടുക്കുകയുണ്ടായി.

| ക്രമ നമ്പർ | മത്സ്യഗ്രാമം |
|---|---|
| (1) | (2) |
| 1 | വലിയതുറ |
| 2 | ചെറിയതുറ |
| 3 | കൊച്ചുതോപ്പ് |
| 4 | വലിയതോപ്പ് |
| 5 | പൂന്തുറൻതുറ |

| (1) | (2) |
|---|---|
| 6 | നീണ്ടകര |
| 7 | വലിയഴീക്കൽ |
| 8 | തറയിൽക്കടവ് |
| 9 | കള്ളിക്കാട് |
| 10 | ആറാട്ടുപുഴ |
| 11 | പതിയാങ്കര |
| 12 | തൃക്കുന്നപ്പുഴ |
| 13 | പല്ലന |
| 14 | ചെല്ലാനം |
| 15 | മാറാവുകാട് |
| 16 | കണ്ടക്കടവ് |
| 17 | കണ്ണാമാലി |
| 18 | ചെറിയകടവ് |
| 19 | കൈപ്പമംഗലം |
| 20 | പൊയ്യ |
| 21 | ആനാപ്പുഴ |
| 22 | ചീരൻ കടപ്പുറം |
| 23 | ഇടക്കടപ്പുറം |
| 24 | ഓശന്നാക്കടപ്പുറം |
| 25 | ഇളരൻ കടപ്പുറം |
| 26 | പാണ്ടക്കടപ്പുറം |
| 27 | കോർമൻ കടപ്പുറം |
| 28 | പുതിയ കടപ്പുറം |
| 29 | മാറാട് |
| 30 | ബേപ്പൂർ |
| 31 | അഴീക്കോട് |
| 32 | അജാനൂർ |

LIBRARY ARCHIVES Kerala Legislative Assembly

തുടർന്നുള്ള രണ്ടാംഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള മത്സ്യഗ്രാമങ്ങളിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് വികസനപരമായി പിന്നോക്കം നിൽക്കുന്ന മത്സ്യഗ്രാമങ്ങളെയാണ് സർക്കാർ ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) 13-ാം ധനകാര്യകമ്മീഷൻ അനുവദിച്ചു നൽകിയിരുന്ന പദ്ധതിയായിരുന്നു മാതൃകാ മത്സ്യഗ്രാമപദ്ധതി. ഈ പദ്ധതിയിൽ കൂടുതൽ പ്രദേശങ്ങൾ ഇനി ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**മാതൃകാ മത്സ്യഗ്രാമം പദ്ധതി**

112 (3403) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ മത്സ്യഗ്രാമ പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

**ഉത്തരം**

(എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നത്. ഇതിനായി 147.35 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മത്സ്യഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ ഭവന നിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യഗ്രാമ മേഖല അടിസ്ഥാനസൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാതൃകാ മത്സ്യഗ്രാമം രണ്ടാം ഘട്ടത്തിൽ 147.35 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ സമർപ്പിക്കുന്നു:

| ഘടകം | 2012-13 | 2013-14 | 2014-15 | ആകെ (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| മാതൃകാ മത്സ്യഗ്രാമം | 5383.00 | 1762.00 | 3590.00 | 10735.00 |
| ഫിഷറീസ് സ്കൂൾ | | 2516.50 | | 2516.50 |
| മത്സ്യത്തൊഴിലാളി വ്യക്തിഗത ശൗചാലയ നിർമ്മാണം | | 483.35 | | 483.35 |
| മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണം | | 500.00 | | 500.00 |
| ഫിഷർമെൻ കോളനി പുനരുദ്ധാരണം | | 500.00 | | 500.00 |
| ആകസ്മിക ചിലവ് | | 0.15 | | 0.15 |
| ആകെ | 5383.00 | 5762.00 | 3590.00 | 14735.00 |

(ഡി) 2011-12, 2012-13, 2013-14 വർഷങ്ങളിലായി മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ 116.01 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കും 2013-14 വർഷത്തിൽ കോളനി പുനരുദ്ധാരണത്തിനായി 3 കോടി രൂപയും ചെറിയതുറ, വലിയതുറ മത്സ്യഗ്രാമങ്ങളിലെ വൈദ്യുതീകരണം, ശുദ്ധജല വിതരണത്തിനുമായി 5.58 കോടി രൂപയും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 2013-14 വർഷത്തിൽ മാതൃകാ മത്സ്യഗ്രാമം സാനിട്ടേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2762 ടോയ്‌ലെറ്റുകൾക്ക്, 483.35 ലക്ഷം രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണത്തിന് 5 കോടി രൂപയും ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

## മത്സ്യഗ്രാമം പദ്ധതിപ്രകാരം വീടുകൾ

**113 (3404)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഗ്രാമം പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ അനുവദിച്ചെന്നും അവ ഏതെല്ലാം മത്സ്യഗ്രാമങ്ങളിലാണെന്നും വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച വീടുകളിൽ എത്രയെണ്ണം പൂർത്തീകരിച്ചെന്നും ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുടെ നിർമ്മാണം നടത്തുന്നതെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ വീടൊന്നിന് 2.5 ലക്ഷം രൂപ നിരക്കിൽ 2106 ഭവനങ്ങളും രണ്ടാം ഘട്ടത്തിൽ 2 ലക്ഷം രൂപ നിരക്കിൽ 2867 ഭവനങ്ങളും അനുവദിക്കുകയുണ്ടായി. മൊത്തം 4973 ഭവനങ്ങൾ അനുവദിക്കുകയുണ്ടായി. പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ 11 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലുൾപ്പെടുന്ന താഴെപ്പറയുന്ന 32 മത്സ്യഗ്രാമങ്ങളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത് :

| ക്രമ നമ്പർ | മത്സ്യഗ്രാമം |
|---|---|
| (1) | (2) |
| 1 | വലിയതുറ |
| 2 | ചെറിയതുറ |
| 3 | കൊച്ചുതോപ്പ് |
| 4 | വലിയതോപ്പ് |
| 5 | പുത്തൻതുറ |
| 6 | നീണ്ടകര |
| 7 | വലിയഴീക്കൽ |
| 8 | തറയിൽക്കടവ് |
| 9 | കള്ളിക്കാട് |
| 10 | ആറാട്ടുപുഴ |
| 11 | പതിയാങ്കര |
| 12 | തൃക്കുന്നപ്പുഴ |
| 13 | പല്ലന |
| 14 | ചെല്ലാനം |
| 15 | മാറാവുകാട് |
| 16 | കണ്ടക്കടവ് |
| 17 | കണ്ണമാലി |
| 18 | ചെറിയകടവ് |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 19 | കൈപ്പമംഗലം |
| 20 | പൊയ്യ |
| 21 | ആനാപ്പുഴ |
| 22 | പീരൻ കടപ്പുറം |
| 23 | ഇടക്കടപ്പുറം |
| 24 | ഓശന്നാക്കടപ്പുറം |
| 25 | ഇളരൻ കടപ്പുറം |
| 26 | പാണ്ടക്കടപ്പുറം |
| 27 | കോർമൻ കടപ്പുറം |
| 28 | പുതിയ കടപ്പുറം |
| 29 | മാറാട് |
| 30 | ബേപ്പൂർ |
| 31 | അഴീക്കോട് |
| 32 | അജാനൂർ |

തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ടി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ആകെ 4973 ഭവനങ്ങൾ അനുവദിച്ചതിൽ 3588 ഭവനങ്ങളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. മറ്റുവീടുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. ഈ വീടുകളെല്ലാം ഗുണഭോക്താക്കൾ നേരിട്ടാണ് നിർമ്മിച്ച് വരുന്നത്. അർഹതപ്പെട്ട സബ്സിഡി ഫിഷറീസ് വകുപ്പ് ജില്ലാ ഓഫീസർ മുഖേന ഘട്ടംഘട്ടമായി ഗുണഭോക്താക്കൾക്ക് അനുവദിച്ച് വരുന്നു. വലിയതുറ മത്സ്യഗ്രാമത്തിൽ തെരഞ്ഞെടുത്ത 67 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്നതിനുമുമ്പ് പൂർത്തീകരിക്കാൻ കഴിയും.



LIBRARY ARCHIVES Kerala Legislative Assembly

**ട്രോളിംഗ് നിരോധനം ശക്തിപ്പെടുത്താൻ നടപടികൾ**

114 (3405) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം നടപ്പിലാക്കുമ്പോൾ തൊട്ടടുത്ത് കടൽത്തീരമുള്ള അയൽ സംസ്ഥാനങ്ങളിലും ഇതേ കാലയളവിൽ ഇപ്രകാരം ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നുണ്ടോ എന്നും അത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നും പരിശോധിക്കാറുണ്ടോ ; ഉണ്ടെങ്കിൽ അത് ഏത് ഏജൻസിയാണ് പരിശോധിക്കുന്നത് എന്നുപറയാമോ ;

(ബി) ട്രോളിംഗ് നിരോധിച്ച കാലയളവിൽ ആധുനിക സംവിധാനമുള്ള ഫിഷിംഗ് ഷിപ്പുകളും ബോട്ടുകളും പുറംകടലിൽ നങ്കൂരമിട്ട് ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് തീരമേഖലകളിലേതടക്കമുള്ള മീനുകളെ ആകർഷിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ടോ എന്നുപരിശോധിക്കാൻ എന്ത് നടപടികളാണുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ട്രോളിംഗ് നിരോധനം അയൽ സംസ്ഥാനങ്ങളിൽ വ്യത്യസ്ത സമയങ്ങളിലാണ് നടപ്പിലാക്കുന്നത്. കേരളത്തിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ഈ വിവരം അന്യ സംസ്ഥാനങ്ങളെ അറിയിക്കുകയും അന്യസംസ്ഥാന ബോട്ടുകൾ കേരള അതിർത്തിയിൽ പ്രവേശിക്കാതെ തുടർ നടപടി സ്വീകരിക്കാൻ അയൽ സംസ്ഥാനങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്.

(ബി) ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും കോസ്റ്റ് ഗാർഡും ആവശ്യമായ പെട്രോളിംഗ് നടത്തി ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളെ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ട്രോളിംഗ് നിരോധനം സംബന്ധിച്ച് പഠിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ**

115 (3406) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം സംബന്ധിച്ച് പഠിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രോളിംഗ് നിരോധനം സംബന്ധിച്ച് പഠിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ പരിശോധിച്ചുവരികയാണ്.

(ബി) വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.*

**കേരള ഫിഷ്സീഡ് ഓർഡിനൻസ്, 2014**

116 (3407) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള ഫിഷ്സീഡ് ഓർഡിനൻസ്, 2014 നടപ്പാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലേക്കായി സാങ്കേതിക ഉദ്യോഗസ്ഥർ വിവിധതലത്തിൽ വിശദമായ ചർച്ചകൾ നടത്തിവരികയാണ്. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

**സമ്പാദ്യ സമാശ്വാസ പദ്ധതിവഴി ധനസഹായം**

117 (3408) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യസമാശ്വാസപദ്ധതി വഴി 2013-14 സാമ്പത്തിക വർഷം നൽകേണ്ടിയിരുന്ന ധനസഹായം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഇത് പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ ധനസഹായത്തിന് അർഹരായിരുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾ എത്രയെന്നും തീരദേശമത്സ്യത്തൊഴിലാളികൾ എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഈ ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ലാത്ത തീരദേശമത്സ്യ തൊഴിലാളികളെത്രയെന്നും ഉൾനാടൻ മത്സ്യത്തൊഴിലാളികളെത്രയെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷം തീരദേശ ജില്ലകളിലും ഉൾനാടൻ ജില്ലകളിലുമായി ഗുണഭോക്തൃ വിഹിതവും ഗവൺമെന്റ് വിഹിതവും ഉൾപ്പെടെ 23,42,03,400 (ഇരുപത്തിമൂന്ന് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി മൂവായിരത്തി നാന്നൂറ് രൂപ മാത്രം) രൂപയാണ് നൽകേണ്ടിയിരുന്നത്. ഇത് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ നൽകിയ ബാങ്ക് അക്കൗണ്ടുകളുടെ പിഴവുകളാണ് പൂർണ്ണമായും ലഭ്യമാക്കാൻ കഴിയാത്തത്. ആയത് ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ ശരിയാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ ധനസഹായത്തിന് അർഹരായിരുന്നത് 19,884 ഉൾനാടൻ മത്സ്യത്തൊഴിലാളികളും 1,56,615 തീരദേശ മത്സ്യത്തൊഴിലാളികളുമാണ്.

(സി) ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ലാത്ത തീരദേശ മത്സ്യത്തൊഴിലാളികൾ 31425-ഉം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ 175-ഉം ആണ്.

## മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷനിൽ തീർപ്പാകാതെകിടക്കുന്ന അപേക്ഷകൾ

118 (3409) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷനിൽ തീർപ്പാകാതെ കിടക്കുന്ന എത്ര അപേക്ഷകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ഉണ്ട് എന്നും അപേക്ഷകർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) തീർപ്പാകാതെകിടക്കുന്ന പ്രസ്തുത അപേക്ഷകൾ തീർപ്പാക്കി മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷൻ ആക്റ്റ് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ നിശ്ചയിച്ച അവസാന തീയതിയായ 30-6-2013-ന് മുമ്പായി സമർപ്പിക്കപ്പെട്ട 1,29,221 അപേക്ഷകൾ കടാശ്വാസ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഒരേ അപേക്ഷയിൽ ഒന്നിൽ കൂടുതൽ കടങ്ങൾ ഉൾപ്പെട്ടിരിക്കുന്നു എന്നതിനാൽ എല്ലാ കടങ്ങളിലും തീർപ്പുകൽപ്പിക്കുമ്പോഴേ തീർപ്പാക്കിയ അപേക്ഷകളുടെ പൂർണ്ണ വിവരങ്ങൾ ലഭിക്കുകയുള്ളൂ.

(ബി) അപേക്ഷകൾ സംബന്ധിച്ച കണക്ക് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

(സി) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമ പ്രകാരം കടമെടുത്ത അപേക്ഷകർക്കും വായ്പ നൽകിയ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി അവരിൽനിന്നും തെളിവെടുത്ത് അപേക്ഷകൾ തീർപ്പാക്കുന്ന തിനും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സിറ്റിംഗുകൾ കടാശ്വാസകമ്മീഷൻ നടത്തിവരികയാണ്. ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളുമായി അനുരഞ്ജനത്തിലെത്തുന്നതിന് ബാങ്കുകളുമായി ചേർന്ന് അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഉൾനാടൻ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനായി പദ്ധതികൾ

119 (3410) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏറ്റവും കൂടുതൽ കുളങ്ങൾ ഉള്ള പാലക്കാട് ജില്ലയിലെ കുളങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഉൾനാടൻ മത്സ്യസമ്പത്തിന്റെ പരിരക്ഷയ്ക്കും പോഷണത്തി നുമായി നവീനങ്ങളായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 2014-15 വർഷ ത്തിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന 'മത്സ്യ സമൃദ്ധി' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ; പ്രസ്തുത പ്രോജക്ടിനായി ഓരോ ഗ്രാമപഞ്ചായത്തിലും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

### ഉത്തരം

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യ സമൃദ്ധി പദ്ധതി ജില്ലയിൽ നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ മത്സ്യ കർഷകർക്ക് ഹെക്ടറിന് 10,000 രൂപ എന്ന നിരക്കിൽ മത്സ്യവിത്തും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു. കരിമീൻ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കരിമീൻ കുഞ്ഞുങ്ങളെയും ഈ പദ്ധതിയിലൂടെ കൃഷിക്കാർക്ക് സൗജന്യമായി നൽകിവരുന്നു. കൂടാതെ മത്സ്യകർഷക വികസന ഏജൻസി മുഖാന്തിരം നടപ്പാക്കുന്ന എല്ലാ സഹായങ്ങളും ജില്ലയിലെ കർഷകർക്ക് നൽകിവരുന്നു.

(ബി) ഉൾനാടൻ സമ്പത്തിന്റെ പരിരക്ഷക്കും പോഷണത്തിനുമായി സാമൂഹ്യ മത്സ്യകൃഷി നടപ്പാക്കിവരുന്നുണ്ട്. സാമൂഹ്യ മത്സ്യക്കൃഷിക്കായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2014-15 വർഷത്തിൽ 12 ലക്ഷം രൂപയും മത്സ്യസമൃദ്ധി പദ്ധതിയിൽ ഒന്നര ലക്ഷം രൂപയും പാലക്കാട് ജില്ലക്കായി വകയിരുത്തിയിട്ടുണ്ട്.

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2012-13-ൽ ലെക്കിടി-പേരൂർ, ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2013-14-ൽ അമ്പലപ്പാറ ലക്കിടി-പേരൂർ ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം ഒറ്റപ്പാലം മുനിസപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മത്സ്യകൃഷി പദ്ധതിയിൽ പങ്കാളികളായി.

2012-13-ൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ 183 കർഷകർ 43.465 ഏക്കർ വരുന്ന കൃഷി കുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷി നടത്തി. കൂടാതെ 12 അടുക്കളക്കുളം യൂണിറ്റുകൾക്കായി 1456 കരിമീൻ കുഞ്ഞുങ്ങളെയും വിതരണം ചെയ്തു. പൊതുജലാശയങ്ങളിലെ മത്സ്യക്കുഞ്ഞു നിക്ഷേപം പദ്ധതിയിൽ ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിലെ ഭാരതപ്പുഴയുടെ കടവിൽ ഒരു ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

2013-14-ൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ 240 കർഷകർ 51.46 ഏക്കർ വരുന്ന കൃഷി കുളങ്ങളിൽ മത്സ്യകൃഷി ചെയ്തു. 2 യൂണിറ്റ് അടുക്കളക്കുളങ്ങളിലായി 250 കരിമീൻ കുഞ്ഞുങ്ങളെയും വിതരണം ചെയ്തു. പൊതുജലാശയങ്ങളിലെ മത്സ്യക്കുഞ്ഞുനിക്ഷേപം പദ്ധതിയിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ മുണ്ടോർശ്ശി കടവിൽ രണ്ടു ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

ചെലവഴിച്ച തുകയുടെ വിവരം:

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | ചെലവഴിച്ച തുക 2012-13 | 2013-14 | ആകെ |
|---|---|---|---|---|
| 1 | അമ്പലപ്പാറ | ... | 10447.00 | 10447.00 |
| 2 | ലെക്കിടി പേരൂർ | 63338.00 | 9736.00 | 73074.00 |
| 3 | ശ്രീകൃഷ്ണപുരം | 12976.00 | 120956.00 | 133932.00 |
| 4 | കടമ്പഴിപ്പുറം | 13155.00 | 30824.00 | 43979.00 |
| 5 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 11571.00 | 28227.00 | 39798.00 |
| | ആകെ | 101040.00 | 200190.00 | 301230.00 |

## ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ സർക്കാർനോട്ടത്തിൽ മത്സ്യകൃഷി

**120 (3411)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ എവിടെയെല്ലാമാണ് സർക്കാർ മേൽനോട്ടത്തിൽ മത്സ്യകൃഷി നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം തരത്തിലുള്ള മീനുകളെയാണ് ഇവിടെ വളർത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവിടെ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് എത്ര കർഷകരാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ കർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സഹായമാണ് വകുപ്പ് നൽകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചിറയിൻകീഴ്, മുദാക്കൽ, കിഴുവിലം, കടയ്ക്കാവൂർ, വക്കം, ചെറുന്നിയൂർ, ഇടവ, ഇലകമൺ എന്നീ പഞ്ചായത്തുകളിൽ മത്സ്യകൃഷി നടത്തുന്നു.

(ബി) ശുദ്ധജല പ്രദേശങ്ങളിൽ കാർപ്പ് മത്സ്യങ്ങളും ഓരുജല പ്രദേശങ്ങളിൽ കാരചെമ്മീനും കരിമീനും കൃഷി ചെയ്യുന്നു.

(സി) 193 കർഷകർ.

(ഡി) കർഷകർക്ക് മത്സ്യകൃഷിയിൽ പരിശീലനം നൽകുന്നു. കൂടാതെ മത്സ്യക്കുഞ്ഞുങ്ങളും തീറ്റ സബ്സിഡിയും ഓരുജല ചെമ്മീൻ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു.

**കൂടുകൃഷിക്കുള്ള അനുമതി**

**121 (3412)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറന്ന ജലാശയങ്ങളിൽ കൂടുകൃഷി (ഓപ്പൺ വാട്ടർ കേജ് കൾച്ചർ) നടത്തുന്നതിന് അനുമതി നൽകാനുള്ള അധികാരം ഏത് വകുപ്പിൽ നിന്നാണ് ലഭ്യമാക്കേണ്ടതെന്ന് വിശദമാക്കാമോ ;

(ബി) കൂടുകൃഷി (കേജ് കൾച്ചർ) നടത്തുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്നും അനുവാദം വാങ്ങേണ്ടതുണ്ടോ ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന പൊതുജലാശയങ്ങളിൽ കൂടുകളിലെ മത്സ്യകൃഷി നടത്തുന്നതിനുള്ള അനുവാദം നിലവിൽ നൽകുന്നത് ഫിഷറീസ് വകുപ്പിലെ/മത്സ്യകർഷക വികസന ഏജൻസിയിലെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനാണ്. ജലാശയത്തിന്റെ ഉടമസ്ഥത ഏത് വകുപ്പിലാണോ നിക്ഷിപ്തമായിരിക്കുന്നത് ആ വകുപ്പിന്റെ അനുമതിയോടു കൂടി പാട്ടവ്യവസ്ഥയിലാണ് അനുവദിച്ചുനൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ പ്രകാരം ഫിഷറീസ് വകുപ്പിൽനിന്നും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിക്കുന്ന ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും ലൈസൻസിന്റെയും അടിസ്ഥാനത്തിൽമാത്രമേ തുറന്ന ജലാശയത്തിൽ കൂടുകൃഷി ചെയ്യാൻ അനുവദിക്കുകയുള്ളൂ. അപേക്ഷ നൽകേണ്ടവിധവും നടപടിക്രമവും 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിൽ വിവരിക്കുന്നുണ്ട്. ബന്ധപ്പെട്ട ജില്ലയിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മത്സ്യകർഷക ഏജൻസി)ക്കാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷയുടെ ഫാറവും അപേക്ഷ നൽകേണ്ട നടപടിക്രമവും പ്രസ്തുത ഓഫീസുകളിൽനിന്നും സ്വരൂപിക്കാവുന്നതാണ്.

## ഫിർമയുടെ പോളവാരൽ പദ്ധതി

**122 (3413)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന നടപ്പിലാക്കിയ പോളവാരൽ പദ്ധതിയിലെ പ്രവർത്തനങ്ങൾക്ക് നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര രൂപാവീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി) ഫിർമയുടെ പോളവാരൽ പദ്ധതി കാലാവധി 2014 ജൂൺ 29-ന് പൂർത്തീകരിക്കുന്നതിനാൽ പുതിയ പദ്ധതി അംഗീകാരത്തിനായി ഫിർമ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ വാരുന്ന പോളയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ഡി) പോള വാരുന്നതിന്റെ കണക്ക് നേരത്തേ ഉണ്ടായിരുന്നതിൽ നിന്നും എത്രമാത്രം പോള വെള്ളത്തിൽ കുറവുണ്ടായി എന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന രീതിയെക്കുറിച്ചും ജലാശയങ്ങളിൽ എത്ര മെഷീനുകൾ ഉപയോഗിക്കുന്നു എന്നതിന്റെ കണക്കുകൾ സൂക്ഷിക്കാത്തതിനെ കുറിച്ചും ആരെങ്കിലും പരാതിയോ ആക്ഷേപങ്ങളോ ഉന്നയിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഓരോ വർഷവും വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ താഴെകൊടുക്കുന്നു. (മുൻ വർഷങ്ങളിൽ നിർവ്വഹിച്ച ജോലിക്ക് തുടർന്നു വരുന്ന വർഷങ്ങളിൽ വിതരണം ചെയ്ത തുക സംബന്ധിച്ച വിവരങ്ങൾ വിതരണം ചെയ്ത വർഷത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

LIBRARY ARCHIVES Kerala Legislative Assembly

| വർഷം | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 2010-11 | യന്ത്രം ഉപയോഗിച്ചുള്ള പോളവാരൽ | 97,73,294 |
| | വെർമി കമ്പോസ്റ്റ് ട്രെയിനിംഗ് | 3,50,000 |
| | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 3,30,000 |
| | മറ്റുള്ളവ | 5,58,154 |
| | ആകെ | 110,11,448 |
| 2011-12 | യന്ത്രം ഉപയോഗിച്ചുള്ള പോളവാരൽ | 575,98,938 |
| | വെർമി കമ്പോസ്റ്റ് ട്രെയിനിംഗ് | 24,225 |
| | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 4,20,000 |
| | ബയോഗ്യാസ് പ്ലാന്റ് | 29,36,490 |
| | മറ്റുള്ളവ | 3,41,208 |
| | ആകെ | 613,20,861 |
| 2012-13 | യന്ത്രം ഉപയോഗിച്ചുള്ള പോളവാരൽ | 2,96,78,167 |
| | വെർമി കമ്പോസ്റ്റ് ട്രെയിനിംഗ് | 27,675 |
| | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 8,06,000 |
| | ബയോഗ്യാസ് പ്ലാന്റ് | 7,50,000 |
| | മറ്റുള്ളവ | 31,56,416 |
| | ആകെ | 3,44,18,258 |
| 2013-14 | യന്ത്രം ഉപയോഗിച്ചുള്ള പോളവാരൽ | 3,36,76,156 |
| | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 8,24,000 |
| | മറ്റുള്ളവ | 8,72,147 |
| | ആകെ | 3,53,72,303 |
| 2014-15 | വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 1,04,000 |
| | മറ്റുള്ളവ | 69,000 |
| | ആകെ | 1,73,000 |

റീ ടെൻഷൻ ഉൾപ്പെടെ

(ബി) ഹരിത പുതിയ പദ്ധതി തയ്യാറാക്കിയെങ്കിലും ആയതിൽ ഭേദഗതികൾ ആവശ്യമുണ്ടെന്ന് കൃഷി (പി.പി.എം. സെൽ) വകുപ്പ് നിർദ്ദേശിച്ചതിൻ പ്രകാരം ആവശ്യമായ മാറ്റങ്ങളോടെ പുതിയ പദ്ധതി ഹരിത തയ്യാറാക്കി വരുന്നു.

1313/2015

LIBRARY ARCHIVES Kerala Legislative Assembly

(സി) വെർമികമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി 175 യൂണിറ്റുകൾ സ്ഥാപിച്ചു. ചാണക ഉപയോഗിച്ച് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനായി കോട്ടയം കോടിമതയിൽ ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു.

(ഡി) ഉണ്ട്, പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് ധനസഹായം**

123 (3414) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെയും സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെയും സംയുക്ത സംരംഭമായി ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം മത്സ്യമാർക്കറ്റുകൾക്ക് ധനസഹായം അനുവദിച്ചു എന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) കൊണ്ടോട്ടി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ദേശീയ മത്സ്യവികസന ബോർഡിന്റെ 90% ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി 39 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി അംഗീകാരം ലഭിച്ചു കഴിഞ്ഞു. ആകെ 7510.27 ലക്ഷം രൂപ അടങ്കൽ തുകയിൽ 6298.595 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡിന്റെ വിഹിതവും 1211.675 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. മേൽ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 3648.79 ലക്ഷം രൂപ ദേശീയ മത്സ്യവികസന ബോർഡിൽനിന്നും 961.70 ലക്ഷം രൂപ സംസ്ഥാന സർക്കാരിൽനിന്നും അനുവദിച്ചിട്ടുണ്ട്. ബാക്കി 13 മാർക്കറ്റിന്റെ പദ്ധതി തയ്യാറാക്കി ദേശീയ മത്സ്യ വികസന ബോർഡിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ച മത്സ്യമാർക്കറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) NFDB-ക്ക് അംഗീകാരത്തിനായി സമർപ്പിച്ച 13 മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായുള്ള പ്രൊപ്പോസൽ ഇതുവരെ അംഗീകരിച്ചിട്ടില്ല. ആയത് ലഭിച്ചാലെ പുതിയ നിർദ്ദേശം സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കുട്ടനാട് മണ്ഡലത്തിൽ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ

124 (3415) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് മണ്ഡലത്തിൽ തലവടി ഗ്രാമപഞ്ചായത്തിലെ വട്ടടികടവ് മുതൽ വാണിയപുര പടിവരെയും എബനേസർപടിമുതൽ വാലേൽ പടി വരെയും നാലാങ്കൽ പടിമുതൽ പനവേലി പടി വരെയും ഉള്ള റോഡ് നിർമ്മാണം അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമുടി പഞ്ചായത്തിൽ പാലത്തിക്കാട് ക്ഷേത്രംമുതൽ ജ്യോതി ജംങ്ഷൻ വരെയുള്ള ബണ്ട് റോഡിന്റെ എസ്റ്റിമേറ്റിന് മുൻഗണന നൽകി ഭരണാനുമതി ലഭ്യമാക്കുമോ ;

(സി) കൈനകരി ഗ്രാമപഞ്ചായത്തിൽ ബോക്കറി ജംങ്ഷൻ മുതൽ കിഴക്കോട്ട് വാലടിതറ വരെയും ഒന്നാം വാർഡിലെ നടുതുരത്ത്-കുപ്പപ്പുറം റോഡിനും കൈനകരി പഞ്ചായത്ത് മുതൽ ആറ്റുതീരംവഴി തെക്കോട്ട് പഴൂർ ക്ഷേത്രം വരെയുള്ള റോഡിനും മുൻഗണന നൽകി ഭരണാനുമതി നൽകി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ കുട്ടനാട് മണ്ഡലത്തിൽ ഈ 3 റോഡുകളും ഉൾപ്പെടുകയും തലവടി ഗ്രാമപഞ്ചായത്തിലെ വട്ടടികടവ്മുതൽ വാണിയപുരംപടി വരെയുള്ള റോഡിന്റെയും എബനേസർ പടി മുതൽ വാലേൽപ്പടി വരെയുള്ള റോഡിന്റെയും എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 2013-14-ൽ സമർപ്പിച്ചിരുന്നുവെങ്കിലും തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള ഫണ്ട് തീർന്ന സാഹചര്യത്തിൽ പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. നാലാങ്കൽപടിമുതൽ പനവേലിപടി വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് 38.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) 2013-14-ലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള ഫണ്ട് വിഹിതം തീർന്ന സാഹചര്യത്തിൽ പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. നടുതുരത്ത് കുപ്പപ്പുറം റോഡിന്റെ എസ്റ്റിമേറ്റ് തുക രണ്ട് കോടി രൂപ വരുന്നതിനാൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകൾ

125 (3416) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ തീരദേശറോഡുകളുടെ പുനരുദ്ധാരണത്തിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് ;

(ബി) 2013-14 വർഷത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഏതൊക്കെ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റുകളാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ; അതിനുള്ള ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ പുറമെ ചേർക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട് :

1. അരിയിൽ ധർമ്മക്കിണർ - മുള്ളൂൽ റോഡ്
2. കോട്ടക്കീൽകടവ് ഫിഷ്ലാന്റ് റോഡ്
3. മുത്തപ്പൻ ക്ഷേത്രം മുതൽ ഇരിണാവ് ഡാംവരെയുള്ള റോഡ്
4. വെള്ളറങ്ങൽ കോട്ടോളത്ത് റോഡ്
5. കുന്നനങ്ങാട് റെയിലിൻപാൽ റോഡ്

(ബി) 2013-14 വർഷത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ താഴെ പറയുന്ന റോഡുകളുടെ എസ്റ്റിമേറ്റുകൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് :

1. വെള്ളറങ്ങൽ കോട്ടോളത്ത് റോഡ്
2. കുന്നനങ്ങാട് റെയിലിൻപാൽ റോഡ്
3. എടക്കെപ്പുറം ദേശീയ യുവജനസംഘം വായനശാല ഗ്രാമീണ വായനശാല അയ്യോത്ത് റോഡ്
4. തോന്നോട് പാലം-കൊട്ടൻതാർ-കുറുപ്പുറം-കൊയപ്പാറ റോഡ്
5. ഇടക്കെപ്പുറം-ഗുരുമഠം റോഡ്

ടി റോഡുകളിൽ വെള്ളറങ്ങൽ കോട്ടോളത്ത് റോഡ്, കുന്നനങ്ങാട് - റെയിലിൻപാൽ റോഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് റോഡുകൾക്ക് ഭരണാനുമതി നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**തീരസമൃദ്ധി പദ്ധതിയുടെ ഫണ്ട്**

**126 (3417)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരസമൃദ്ധി പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ നെല്ലേറ്റിൽ എന്ന സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) അധികാരികളിൽനിന്നും യഥാസമയം ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ലഭിക്കാത്തതുകാരണമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിയാതിരിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്ക് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; എങ്കിൽ ആയത് എന്താണെന്നും അവ ഒഴിവാക്കിക്കിട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കുമോ ?

ഉത്തരം

(എ–സി) തീരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് കൊല്ലം ഡിവിഷന്റെ പരിധിയിൽ 50 ലക്ഷം രൂപ അനുവദിച്ചതിൽ ചെലവായ തുക കഴിച്ച് പരവൂരിൽ വാട്ടർ ടാങ്ക്, കുഴൽ കിണർ എന്നിവ നിർമ്മിക്കുന്നതിന് 15.19 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ടി പ്രവൃത്തി നടപ്പാക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് പരവൂർ പൂതക്കുളത്ത് നെല്ലേറ്റിന് സമീപം നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന് മുനിസിപ്പൽ അധികൃതർ അറിയിക്കുകയുണ്ടായി. തീരസമൃദ്ധി പദ്ധതി പ്രകാരം 2002-ലാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിരുന്നത്. എന്നാൽ, ടി പ്രവൃത്തി പരവൂർ മുനിസിപ്പാലിറ്റിയിൽനിന്ന് സ്ഥലം ലഭ്യമാകാൻ കാലതാമസം വന്ന സാഹചര്യത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നടപ്പാക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ, ഇപ്പോൾ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് പരവൂർ മുനിസിപ്പാലിറ്റി സ്ഥലം അനുവദിച്ച സാഹചര്യത്തിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

## പൊഴിക്കര-ലക്ഷ്മീപുരം റോഡിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി

127 (3418) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര-ലക്ഷ്മീപുരം റോഡിൽ പൊഴിമുറിയുന്ന ഭാഗത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിലേക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിച്ചാൽ മാത്രമേ ഈ റോഡുവഴിയുള്ള ഗതാഗതം തുടരുവാൻ കഴിയൂവെന്ന് ബോദ്ധ്യമുണ്ടോ ; ഇതു സംബന്ധിച്ച് അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര ലക്ഷ്മീപുരം റോഡിൽ പൊഴിമുറിയുന്ന ഭാഗത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകളൊന്നും ഈ വകുപ്പിലില്ല.

## പൊഴിക്കര-കൊല്ലം തീരദേശ റോഡിന്റെ ശോചനീയാവസ്ഥ

128 (3419) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കരനിന്നും ആരംഭിച്ച് ലക്ഷ്മീപുരം തോപ്പ് വഴി കൊല്ലത്തേക്കുള്ള തീരദേശ റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനും നിർമ്മാണം പൂർത്തീകരിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മേൽ റോഡിന്റെ പൂർണ്ണ തോതിലുള്ള ഗതാഗതത്തിനുള്ള അസൗകര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മുക്കം പൊഴി മുതൽ ലക്ഷ്മീപുരം തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ മുക്കം പൊഴി മുതൽ പരവൂർ പൊഴിക്കര വരെയുള്ള റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് 3 തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുത്തില്ല. ആയതിനാൽ ഒരിക്കൽക്കൂടി ടി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചുവരുന്നു. കൂടാതെ ഇരവിപുരം മുതൽ കാക്കത്തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണത്തിന് 80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചുവെങ്കിലും ടി റോഡ് നിർമ്മിക്കേണ്ട ഭാഗത്ത് ശക്തമായ കടലാക്രമണം കാരണം നിലവിലുള്ള കോസ്റ്റൽ റോഡിന്റെ ഭാഗങ്ങൾ കടൽ കവർന്നെടുത്തതിനാൽ റോഡ് പ്രവൃത്തി ഇപ്പോൾ ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

(ബി) പൊഴിക്കരനിന്നും ആരംഭിച്ച് ലക്ഷ്മിപുരംതോപ്പ് വഴി കൊല്ലത്തേക്കുള്ള തീരദേശ റോഡിൽ ഉൾപ്പെട്ട

1. മുക്കംപൊഴിമുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.

2. പൊഴിക്കര മുതൽ മുക്കംപൊഴിവരെയുള്ള റോഡിന്റെ ടാറിങ്ങിനായി 3 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ ടി പ്രവൃത്തി ഒരിക്കൽക്കൂടി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. ഇരവിപുരം കാക്കത്തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം. ടി ഭാഗത്ത് ഇറിഗേഷൻ വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്രമീകരിക്കാവുന്നതാണ്.

## നാട്ടിക മണ്ഡലത്തിലെ കടലേറ്റം തടയാൻ നടപടികൾ

**129 (3420)** ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ വലപ്പാട്, നാട്ടിക തളിക്കുളം സമുദ്ര തീരപ്രദേശങ്ങളിൽ കാലവർഷം ശക്തിപ്പെടുമ്പോഴുണ്ടാകുന്ന കടലേറ്റം തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ പുലിമുട്ടുകളുടെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടോ ; ഇതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കുമോ ;

(സി) പുലിമുട്ടുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കുമെന്നും അറിയിക്കുമോ ?

### ഉത്തരം

(എ) 16-6-2014-ാം തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 258/2014/ഡി.എം.എഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ തീരദേശ മേഖലയിൽ അടിയന്തര കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്കായി സർക്കാർ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം അടിയന്തര

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസ് വിഭാഗവും സി.ഡബ്ല്യു.പി.ആർ.എസ്. പൂനെയുമായി ബന്ധപ്പെട്ട കേരളത്തിലുടനീളം പുലിമുട്ടിന്റെ കാര്യക്ഷമതയെക്കുറിച്ചുള്ള പഠനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ വാടാനപ്പിള്ളി മേഖലയിലേക്കായി 25 ലക്ഷം രൂപയ്ക്കും കേരളത്തിലെ മറ്റു ഭാഗങ്ങളിലേക്കായി 42,83,130 രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായം**

130 (3421) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്നും അവർ ആരെല്ലാമെന്നും പേര്, വിലാസം എന്നിവ സഹിതം വിശദമാക്കാമോ ;

(ബി) ഇവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളിലായി എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട് ; ധനസഹായം ലഭിച്ചത് ആർക്കെല്ലാം ; പേരും വിലാസവും വിശദമാക്കി പട്ടിക ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ധനസഹായത്തിന് പരിഗണിച്ച ലിസ്റ്റിൽനിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണവും ഒഴിവാക്കിയത് ആരെയെല്ലാമെന്നും വിലാസം സഹിതം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ആനുകൂല്യ വിതരണത്തിന്റെ പുരോഗതിയും എത്ര പേർക്ക് ധനസഹായം ലഭ്യമായി എന്നും ലഭ്യമായത് ആർക്കെല്ലാം എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള അർഹതാ ലിസ്റ്റുപ്രകാരം അമ്പലപ്പുഴ മണ്ഡലത്തിൽ 741 മത്സ്യത്തൊഴിലാളി കുടുംബങ്ങളും, 2013-ലെ കടലാക്രമണത്തിന് ഇരയായ 8 കുടുംബങ്ങളും ഉൾപ്പെടെ ആകെ 749 ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഉള്ളത്. ലിസ്റ്റ് അനുബന്ധം ആയി(എ) ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) 2014-15 വർഷത്തിൽ ദേശീയ ഭവന നിർമ്മാണ പദ്ധതിപ്രകാരം അമ്പലപ്പുഴ മണ്ഡലത്തിൽ 48 പേർക്ക് വീട് ലഭിച്ചു. പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ആരെയും ഒഴിവാക്കിയിട്ടില്ല.

(ഇ) നറുക്കെടുപ്പ് 7-6-2014-ൽ നടന്നു. നാളിതുവരെ ആരുതന്നെ ധനസഹായം കൈപ്പറ്റിയിട്ടില്ല.

**മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ**

131 (3422) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളി ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകിവരുന്ന ധനസഹായം എന്തെല്ലാമാണ് ;

(സി) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2011 മുതൽ 2014 വരെ എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിവരുന്ന 18 ക്ഷേമ പദ്ധതികൾ ചുവടെ പറയുന്നു:

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3. വിവാഹ ധനസഹായം
4. വാർദ്ധക്യകാല പെൻഷൻ
5. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം
6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി
7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

8. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്

9. കുടുംബ സംവിധാന പദ്ധതി

10. മാരക രോഗചികിത്സാ പദ്ധതി

11. ചെയർമാൻസ് റിലീഫ് ഫണ്ട്

12. ബോർഡിന്റെ പ്രത്യേക ധനസഹായം

13. പ്രസവശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

14. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

15. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി

16. വിധവാ പെൻഷൻ

17. കായിക വിനോദമത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം.

18. ക്രാഫ്റ്റ് ഇൻഷ്വറൻസ്

(ബി) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണത്തിനും മത്സ്യബന്ധനത്തിനിടയിൽ കാണാതാകുന്നവരുടെ ആശ്രിതർക്കും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും മരണാനന്തര ശവസംസ്കാര ചെലവിന് പരമാവധി 2000 രൂപയും 2 കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി പരമാവധി 10,000 രൂപയും സ്ഥിരവും ഭാഗീകവുമായ അവശതയ്ക്ക് 2,50,000 രൂപയും ആശുപത്രി ചെലവിനായി പരമാവധി 20,000 രൂപയും ധനസഹായമായി നൽകിവരുന്നു.

(സി) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2011-14 വരെ ധനസഹായം വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**കടലാക്രമണത്തിൽ ഫൈബർ വള്ളം തകർന്ന് വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്കുണ്ടായ നഷ്ടം**

132 (3423) ശ്രീ കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണത്തിൽ ഫൈബർ വള്ളം തകർന്ന് വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം കഴിഞ്ഞവർഷം സംഭവിച്ചിട്ടും ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയം ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച്, മന്ത്രിസഭാ യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് അർഹമായ തോതിൽ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) 17-7-2013-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനങ്ങളിൽ ഒന്നാമത്തെ തീരുമാനമായ പ്രകൃതിക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും നിലവിൽ നൽകിവരുന്ന നാമമാത്രമായ നഷ്ടപരിഹാര രൂപ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ (റവന്യൂ വകുപ്പ് നിരാകരിച്ചതിനാൽ) മന്ത്രിസഭയുടെ പരിഗണനയ്ക്ക് വച്ചിട്ടില്ല. രണ്ടാമത്തെ തീരുമാനമായ ഇൻബോർഡ് വള്ളങ്ങളെയും യന്ത്രവൽകൃത വള്ളങ്ങളെയും ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ ആയത് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് സ.ഉ.(സാധാ) 316/14/മ.തു.വ. തീയതി 29-4-2014 പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നാമത്തെ തീരുമാനമായ കടൽക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച യാനങ്ങളും പ്രത്യേക പരിഗണന നൽകി ധനസഹായം നൽകുന്ന വിഷയം മന്ത്രിസഭ യോഗത്തിനുമുമ്പാകെ സമർപ്പിക്കുകയും 17-5-2014-ലെ സ.ഉ.(കൈ) 192/14/റവ.നമ്പർ ഉത്തരവ് പ്രകാരം മന്ത്രിസഭായോഗ തീരുമാനപ്രകാരം ആവശ്യമായി വരുന്ന 69,37,300 രൂപ 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഫിഷറീസ് വകുപ്പിൽ സേവനം ചെയ്ത അംഗപരിമിതർക്ക് പുനർനിയമനം

133 (3424) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 മുതൽ 2003വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട് ആറുമാസം ഫിഷറീസ് വകുപ്പിൽ സേവനം ചെയ്ത അംഗപരിമിതർക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) കരുനാഗപ്പള്ളി താലൂക്കിൽ പാവുമ്പ വില്ലേജിൽ പാവുമ്പതെക്ക് കൊച്ചുവീട്ടിൽ വൈ. രാജു എന്ന അംഗപരിമിതന് പുനർ നിയമനം നൽകാൻ

സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ തീയതി വ്യക്തമാക്കുമോ ;

(സി) സർക്കാർ ഉത്തരവ് നൽകിയിട്ടും പ്രസ്തുത വ്യക്തിക്ക് ഇതു വരെ ഫിഷറീസ് വകുപ്പ് നിയമന ഉത്തരവ് നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉത്തരവ് നടപ്പാക്കാതെ കാലതാമസം നടത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1999 മുതൽ 2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട 6 മാസം ഫിഷറീസ് വകുപ്പിൽ സേവനം ചെയ്ത 11 അംഗപരിമിതർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്.

(ബി-ഡി) 18-5-2013-ലെ സ.ഉ.(പി)/40/13/സാ.നീ.വ. നമ്പർ ഉത്തരവും 7-8-2013-ലെ സ.ഉ.(പി).63/13/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും 16-8-1999-നും 30-12-2013-നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. എന്നാൽ വിടുതൽ ദിവസം പൊതുഅവധി വന്നതിനാൽ 179 ദിവസം സേവനം പൂർത്തിയാക്കാൻ കഴിയാത്ത അനുബന്ധ ലിസ്റ്റിൽ ഉൾപ്പെട്ട 236 പേർക്ക് മൊത്തം സൂപ്പർ ന്യൂമററി തസ്തികകളുടെ എണ്ണം മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2677-ൽ കവിയില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി പുനർനിയമനം നൽകുന്നതിന് 17-1-2014-ലെ സ.ഉ.(പി) നമ്പർ 3/14/സാ.നീ.വ. സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ കൊല്ലം, കരുനാഗപ്പള്ളി, പാവുമ്പതെക്ക്, പാവുമ്പ-പി.ഒ. കൊച്ചുവീട്ടിൽ വൈ. രാജു എന്നയാൾക്ക് നിയമനം നൽകേണ്ടത് വിദ്യാഭ്യാസ വകുപ്പിൽ എന്നാണ് 17-1-2014-ലെ സ.ഉ.(പി). നമ്പർ 3/14/സാനീ.വ. സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സൂപ്പർ ന്യൂമററി തസ്തികകളുടെ എണ്ണം 2677-ൽ കവിയുകയില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി പുനർനിയമനം നൽകണമെന്ന് ടി ഉത്തരവിൽ പരാമർശിച്ചിരിക്കുന്നതിനാലും ടി രണ്ട് കാര്യങ്ങളിലും വ്യക്തത വരുത്തുന്നതിന് സാമൂഹ്യ നീതി വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

## സർക്കാർ നിയന്ത്രണത്തിൽ വിമാന സർവ്വീസ്

134 (3425) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീസൺ സമയത്ത് വിമാനക്കൂലി വർദ്ധിപ്പിക്കുന്ന നടപടിമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവാസികൾ ഏറെയുള്ള സംസ്ഥാനത്തിന്റെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സർക്കാർ നിയന്ത്രണത്തിൽ ഒരു വിമാനക്കമ്പനി എന്ന മുൻനിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നിബന്ധനകളായ 5 വർഷത്തെ പ്രവർത്തന പാരമ്പര്യവും 20 വിമാനങ്ങളും എന്നിവ മാറ്റാതെ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്ന ഒരു വിമാനക്കമ്പനിക്കും പുറംരാജ്യങ്ങളിലേക്ക് സർവ്വീസ് നടത്താൻ സാധിക്കുകയില്ല. അതിനാൽ ഈ നിബന്ധനകൾ മാറ്റിയാൽ മാത്രമേ പുതിയ വിമാനക്കമ്പനികൾക്ക് പ്രവാസിമലയാളികൾക്കായുള്ള പ്രത്യേക സർവ്വീസ് നടത്താൻ സാധിക്കുകയുള്ളൂ. ഈ നിബന്ധനകൾക്ക് ഇളവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട കേസ്**

135 (3426) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിത ട്രൈബ്യൂണൽ മുമ്പാകെ നടന്ന കേസിൽ സർക്കാരിനുവേണ്ടി ഹാജരായത് ആരാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഹരിത ട്രൈബ്യൂണൽ മുമ്പാകെ സർക്കാർ അവതരിപ്പിച്ച വാദമുഖങ്ങൾ എന്തെല്ലാമായിരുന്നുവെന്നും ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ ;

(സി) ഹരിത ട്രൈബ്യൂണൽ മുമ്പാകെ സർക്കാർ നിരത്തിയ വാദങ്ങൾ കെ.ജി.എസ്. കമ്പനിക്ക് അനുകൂലമായിരുന്നോ പ്രതികൂലമായിരുന്നോ എന്ന് വിശദമാക്കാമോ ;

(ഡി) ഹരിത ട്രൈബ്യൂണലിന്റെ ഇപ്പോഴത്തെ വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ നൽകുമോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ആറന്മുള വിമാനത്താവള നിർമ്മാണ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വിശദമാക്കുമോ ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറലും ചെന്നൈ നാഷണൽ ഗ്രീൻ ട്രിബ്യൂണലിലെ കേരളത്തിന്റെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ അഡ്വ. സുവിത എ.എസ്.-ഉം ആണ് ഹാജരായത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആറന്മുള വിമാനത്താവള പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയത് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയമാണ്. പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം ആവശ്യപ്പെട്ട വസ്തുതാപരമായ വിവരങ്ങൾ നൽകുക മാത്രമാണ് സംസ്ഥാന സർക്കാർ ചെയ്തിട്ടുള്ളത്. ഈ പ്രദേശം ഒരു തണ്ണീർത്തടമല്ല. ഇവിടെ പമ്പാനദിയുടെ നശീകരണവുമായി ബന്ധപ്പെട്ട പാരിസ്ഥിതികനാശം ഇപ്പോൾത്തന്നെ അനുഭവവേദ്യമാണ്. പാടം നികത്തിയത്, നികത്തൽ നിരോധിച്ച 2008-ലെ സംസ്ഥാന നിയമം പ്രാബല്യത്തിലാകുന്നതിനുമുമ്പാണ്, അപ്പീലുകാർ സമർപ്പിച്ച 'സലിം അലി ഫൗണ്ടേഷൻ' എന്ന സംഘടനയുടെ അന്വേഷണ റിപ്പോർട്ട് ഹർജിക്കാരിലൊരാളായ ശ്രീ. കെ. പി. ശ്രീരംഗനാഥൻ കൂടി ചേർന്ന് തയ്യാറാക്കിയതിനാൽ, തെളിവായി സ്വീകരിക്കാനാവില്ല. ഈ സംഘടന പാരിസ്ഥിതിക പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അക്രഡിറ്റേഷൻ നേടിയിട്ടില്ല. പദ്ധതി പ്രദേശം നിലവിൽ പാരിസ്ഥിതികമായി അധഃപതിച്ച കൃഷിയില്ലാത്ത പാടങ്ങളാണ്. ഇവിടത്തെ പ്രശ്നങ്ങൾ അപ്പീൽ നൽകിയവർ സമർപ്പിച്ച തെളിവുരേഖകളിൽ നിന്നും തന്നെ വ്യക്തമാണ്. അവ എയർപോർട്ട് പദ്ധതി മൂലമോ പാടം നികത്തിയതുമൂലമോ ഉണ്ടായതല്ല. (ഉദാ. ആഫ്രിക്കൻ പായൽ നിറഞ്ഞത്, കണ്ടൽ ശല്യം, കന്നുകാലികൾ മരണപ്പെടാൻ ഇടയാക്കുന്നത്, സമീപ വാസികൾക്ക് ചൊറിച്ചിൽ തുടങ്ങിയ ശാരീരികാസ്വാസ്ഥ്യങ്ങൾ, പാമ്പുശല്യം മുതലായവ) ഈ പദ്ധതി മൂലമുണ്ടാകുന്ന തൊഴിലവസരങ്ങളും സാമൂഹ്യ-സാമ്പത്തിക പുരോഗതിയും ഇതുമൂലമുണ്ടാകുമെന്നു പറയുന്ന പാരിസ്ഥിതി കോട്ടങ്ങളെ അപേക്ഷിച്ച് വളരെയധികവും ഗുണപരവുമാണ് എന്നിവയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട്.

(സി) വിമാനത്താവളത്തിന് പാരിസ്ഥിതികാനുമതി നൽകുന്ന പ്രക്രിയയിൽ സംസ്ഥാന സർക്കാരിന് നേരിട്ട് പങ്കില്ല. അപ്പീലുകാർ സംസ്ഥാന സർക്കാരിനെ പ്രതി ചേർത്തതുകൊണ്ട് മാത്രമാണ് സർക്കാരിന് സത്യാവാങ്മൂലം ഫയൽ ചെയ്യേണ്ടി വന്നത്. വസ്തുതകൾ സത്യസന്ധമായി ട്രിബ്യൂണൽ മുമ്പാകെ വയ്ക്കുക മാത്രമാണ് സർക്കാർ ചെയ്തത്. കെ.ജി.എസ്. കമ്പനിക്ക് അനുകൂലമോ പ്രതികൂലമോ ആയ നിലപാടുകളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാർ സമർപ്പിച്ച വസ്തുതാപരമായ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ഹർജിക്കാർ തന്നെ സമർപ്പിച്ച ചില തെളിവുരേഖകൾ ആസ്പദമാക്കി സംസ്ഥാന സർക്കാരിന്റെ വസ്തുതാ വിവരണം സ്ഥാപിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

(ഡി) സംസ്ഥാന സർക്കാർ അപ്പീൽ പോകേണ്ട സാഹചര്യം നിലവിലില്ല.

(ഇ) നിലവിൽ ഈ പദ്ധതിക്ക് നിയമപരമായ തടസ്സമുള്ളതിനാൽ പദ്ധതി നടപ്പാക്കുക സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

## പോലീസ് സർവ്വകലാശാലയുടെ പ്രയോജനങ്ങൾ

136 (3427) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സർവ്വകലാശാല സംബന്ധിച്ച് നിയോഗിക്കപ്പെട്ടിട്ടുള്ള എൻ. ആർ. മാധവമേനോൻ കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമാണ് ;

(ബി) സർവ്വകലാശാലകൊണ്ട് ഏതെല്ലാം വിധത്തിലുള്ള പ്രയോജനം സേനകൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം പുതിയ വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര പഠനങ്ങൾ പുതുതായി ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇത്തരം സർവ്വകലാശാലകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റു രാഷ്ട്രങ്ങളിലേയും സംസ്ഥാനങ്ങളിലേയും അനുഭവങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ ;

(ഇ) എന്നുമുതലാണ് സർവ്വകലാശാല പ്രവർത്തനം ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കമ്മീഷൻ ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(ബി) ആഭ്യന്തരസുരക്ഷയും പോലീസ് പഠനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദവും ബിരുദാനന്തരബിരുദവും ഗവേഷണവും പരിശീലനവുമാണ് ഈ സർവ്വകലാശാലയിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. പോലീസ് സേനകളുടെ പരിശീലനവും ഇവിടെ ലഭ്യമാകുന്നതാണ്.

(സി-ഇ) പോലീസിംഗും ഫോറൻസിക് സയൻസുമാണ് പ്രസ്തുത യൂണിവേഴ്സിറ്റിയുടെ പഠന വിഷയമായി വരുന്നത്. ഇത് സംബന്ധിച്ചുള്ള കരട് ബിൽ തയ്യാറാക്കുന്ന നടപടി പ്രാരംഭഘട്ടത്തിലാണ്.

## പോലീസ് സർവ്വകലാശാല സ്ഥാപിക്കൽ

137 (3428) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ആർ. സെൽവരാജ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസ് സർവ്വകലാശാല ബിൽ സംബന്ധിച്ച കരടുരൂപം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പോലീസ് സയൻസിലും ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യമൊരുക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) ഉണ്ട്. പോലീസ് സംബന്ധമായ പഠനവും ഫോറൻസിക് സയൻസുമാണ് പ്രസ്തുത യൂണിവേഴ്സിറ്റിയുടെ പഠന വിഷയമായി വരുന്നത്. ഇത് സംബന്ധിച്ചുള്ള കരട് ബില്ലിന്റെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

**മാവോയിസ്റ്റ് അടക്കമുള്ള ഭീകര സംഘടനകളുടെ സാന്നിദ്ധ്യം**

**138 (3429)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോവാദി അടക്കമുള്ള വിവിധ ഭീകരവാദ സംഘടനകളുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ രാജ്യസുരക്ഷയ്ക്ക് ഭീഷണിയായ ഇവരുടെ സാന്നിധ്യം കണ്ടെത്തി തടയുവാനായി ഈ സർക്കാർ വന്നതിന് ശേഷം എത്ര തുക എന്തൊക്കെ കാര്യങ്ങൾക്കായി ചെലവാക്കി ; വ്യക്തമാക്കുമോ ;

(സി) ഭീകരവാദി/മാവോവാദി സംഘടനകളുടെ പേരിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സംഘടനകളിൽ പ്രവർത്തിക്കുന്ന എത്രപേരെ പിടികൂടി ; എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് ഇത്തരം സംഘടനകളിൽ നിന്നും ജീവനും കുടുംബത്തിനും സ്വത്തിനും ഭീഷണിയുള്ള എത്രപേർ നിലവിലുണ്ടെന്നാണ് ഇന്റലിജന്റ്സ് റിപ്പോർട്ട് പ്രകാരം മനസ്സിലാക്കിയിട്ടുള്ളത് ; അവർ ആരൊക്കെ ; ഇവരിൽ നിന്നുള്ള ഭീഷണി നേരിടാൻ സർക്കാർ എന്തുനടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോടടുത്ത പ്രദേശങ്ങളിലും മറ്റുസമീപ പ്രദേശങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാവോയിസ്റ്റുകൾക്ക് പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം ഉടലെടുക്കാതിരിക്കുന്നതിനും ഇവർ ഉന്നം വയ്ക്കുന്ന ജനവിഭാഗങ്ങളായ

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ മുതലായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി തുക ചെലവാക്കിയിട്ടുണ്ട്. മാവോയിസ്റ്റുകളെ പിടികൂടുന്നതിനുമാത്രമായി പ്രത്യേക തുക ചെലവായിട്ടില്ല. ഇത് കൂടാതെ ആധുനിക സന്നാഹങ്ങൾ കൈവശമുള്ളവരെ നേരിടാൻ പ്രത്യേക സേനാവിഭാഗം രൂപീകരിക്കുന്നതിനും നിലവിലുള്ള സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച മറ്റ് വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) നിരോധിച്ച സി.പി.ഐ. (മാവോയിസ്റ്റ്) സംഘടനയിലെ അംഗങ്ങളെ കണ്ടതുമായി ബന്ധപ്പെട്ട് വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) 2013 ഫെബ്രുവരി മാസം മുതലാണ് സംസ്ഥാനത്ത് മാവോവാദികളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചത്. ഇതേവരെ ആരെയും പിടികൂടിയിട്ടില്ല.

(ഇ) മാവോയിസ്റ്റുകളിൽ നിന്നും ചിലർക്ക് ഭീഷണിയുള്ളതായി വിവരമുണ്ട്. കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനം ഏകോപിപ്പിക്കാൻ നടപടി**

139 (3430) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ലോഡ്ജുകളിലും മറ്റ് ഹോട്ടലുകളിലും മുറി വാടകയ്ക്ക് നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനം ഏകോപിപ്പിക്കാൻ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോടടുത്ത പ്രദേശങ്ങളിലും മറ്റ് സമീപ പ്രദേശങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലോഡ്ജുകളിലും മറ്റ് ഹോട്ടലുകളിലും മുറി വാടകയ്ക്ക് നൽകുന്നതിനായി നിർബന്ധമായും തിരിച്ചറിയൽ രേഖ വാങ്ങി പരിശോധിച്ച് മാത്രമേ മുറി അനുവദിക്കാൻ പാടുള്ളുവെന്നും സന്ദർശകരിൽ അസ്വാഭാവിക പ്രവർത്തനങ്ങളോ, സംശയങ്ങളോ ഉണ്ടെങ്കിൽ ഉടൻതന്നെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) 1-11-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2998/ 2013/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സായുധസേനാ വിഭാഗത്തിലെ മൂന്ന് കമ്പനി സേനയെ ഉൾപ്പെടുത്തി വടക്കൻ ജില്ലകളിലെ ആന്റി നക്സൽ ഓപ്പറേഷനുകൾക്കായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

## വ്യാജ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് സംസ്ഥാനത്തെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾ

140 (3431) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് ബംഗ്ലാദേശിൽ നിന്നുള്ള തൊഴിലാളികൾ പശ്ചിമബംഗാൾ സ്വദേശികളാണെന്ന വ്യാജേന സംസ്ഥാനത്ത് എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മയക്കുമരുന്ന് വസ്തുക്കൾ കടത്തുന്നതിന്റെയും വ്യാജ കറൻസികൾ കടത്തുന്നതിന്റെയും പിന്നിൽ ബംഗ്ലാദേശ് പൗരന്മാർ സജീവമാണെന്ന ഇന്റലിജൻസ് ഏജൻസികളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബംഗ്ലാദേശ് പൗരന്മാരുടെ അനധികൃത താമസം കണ്ടെത്തുന്നതിനായി ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ സബ് ഡിവിഷണൽ പോലീസ് അധികാരികളും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സൂപ്രണ്ടും സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും സബ്സിഡിയറി ഇന്റലിജൻസ് അധികാരിയും ജില്ലാ ഭരണ വിഭാഗം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും അംഗങ്ങളായും ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ടാക്സ്ഫോഴ്സും സംസ്ഥാന പോലീസ് മേധാവിയുടെയും ഇന്റലിജൻസ് മേധാവിയുടെയും ഉത്തരവിൻപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## അന്യസംസ്ഥാന തൊഴിലാളികൾ മൂലമുള്ള ക്രമസമാധാന പ്രശ്നങ്ങൾ

141 (3432) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസ്സുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; തൃശ്ശൂർ ജില്ലയിൽ ഇത്തരം എത്ര കേസ്സുകൾ നിലവിലുണ്ട് ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കേന്ദ്രങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പോലീസ് നിരീക്ഷണം ഉണ്ടോ ; ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രങ്ങളിൽ മയക്കുമരുന്ന്-ലഹരി പദാർത്ഥങ്ങളുടെ അനധികൃത വ്യാപാരം നടക്കുന്നതായി പരാതികൾ ലഭിക്കുകയോ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടുണ്ടോ ;

(സി) അന്യസംസ്ഥാന തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും അനധികൃത വ്യാപാരങ്ങളിൽ ഏർപ്പെടുന്നതും തടയാനും നിരീക്ഷിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ 817 കേസുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഇത്തരം 43 കേസുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം സിറ്റിയിൽ കഞ്ചാവ് സൂക്ഷിച്ചതിന് ബർമ്മ സുധീർ എന്ന അന്യ സംസ്ഥാന തൊഴിലാളിക്കെതിരെ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ 579/13 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അന്യസംസ്ഥാന തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും അനധികൃത വ്യാപാരങ്ങളിൽ ഏർപ്പെടുന്നതും തടയുന്നതിനായി ശക്തമായ പരിശോധനകളും മറ്റും നടത്തിവരുന്നുണ്ട്. ഇവരുടെ തൊഴിൽദാതാക്കൾക്ക് ഇവരെ സംബന്ധിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സ്റ്റേഷനിൽ അറിയിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുറ്റകൃത്യങ്ങൾക്കെതിരെ കർശന നിയമ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## നേപ്പാൾ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള വ്യാജ അന്യസംസ്ഥാന തൊഴിലാളികൾ

142 (T 3433) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്തുന്ന അന്യസംസ്ഥാന തൊഴിലാളികളിൽ നേപ്പാൾ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളിൽ മാവോയിസ്റ്റ് തുടങ്ങിയ ഭീകര രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) അവരിൽ അവരവരുടെ സംസ്ഥാനങ്ങളിൽ ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 9 നേപ്പാളികളും 93 ബംഗ്ലാദേശികളും വിവിധ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(സി) മുൻകാലങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ എന്ന വ്യാജേന ചില മാവോയിസ്റ്റുകൾ കേരളത്തിൽ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ വ്യക്തമാക്കുന്നത് നിലവിലെ സുരക്ഷാകാരണങ്ങളാൽ ഉചിതമാണെന്ന് തോന്നുന്നില്ല.

(ഡി) വിശദാംശങ്ങൾ വ്യക്തമാക്കുന്നത് സുരക്ഷാകാരണങ്ങളാൽ ഉചിതമാകുമെന്ന് തോന്നുന്നില്ല.

## ലുക്ക് ഔട്ട് നോട്ടീസ്

143 (3434) ശ്രീ. എം. എ. ബേബി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്രപേരെ ഇനിയും പിടികിട്ടാനുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര കൊലപാതകക്കേസ് പ്രതികളും എത്ര മോഷണക്കേസ്സ് പ്രതികളും ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിക്കപ്പെട്ട എത്ര കുറ്റവാളികൾ ഈ കാലയളവിൽ വിദേശത്തേക്ക് കടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവരിൽ എത്രപേർ സംസ്ഥാനത്തെ വിമാനത്താവളങ്ങൾവഴി വിദേശത്തേക്ക് രക്ഷപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## ഉത്തരം

(എ) 158 പേർക്കെതിരെ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 85 പേരെ ഇനിയും പിടികിട്ടാനുണ്ട്. ഇതിൽ കൊലപാതകക്കേസ് പ്രതികൾ-10, മോഷണക്കേസ് പ്രതികൾ-9

(സി) 19 പേർ

(ഡി) 6 പേർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## നെറ്റ്‌വർക്ക് മാർക്കറ്റിംഗ് കമ്പനിയുടെ പേരിൽ വ്യാജ ഉൽപ്പന്നം

144 (3435) ശ്രീ ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വസ്റ്റ് നെറ്റ്(QUEST NET), ക്യൂനെറ്റ് (QNET) എന്നീ നെറ്റ്‌വർക്ക് മാർക്കറ്റിംഗ് കമ്പനിയുടെ പേരിൽ 'ബയോഡിസ്ക്' എന്ന വ്യാജ ഉല്പന്നം വാങ്ങി തട്ടിപ്പിനിരയായതുമായി ബന്ധപ്പെട്ട് അടൂർ പോലീസ് സ്റ്റേഷനിൽ നാളിതുവരെ എത്രപേർ പരാതി നൽകിയിട്ടുണ്ടെന്നറിയിക്കുമോ ;

(ബി) ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രതികളെ സംരക്ഷിച്ചുവരുന്ന നിലപാട് പോലീസ് സ്വീകരിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) അടൂർ പോലീസ് സ്റ്റേഷനിൽ ആയതുമായി ബന്ധപ്പെട്ട് ഉള്ളതായ ക്രൈം നമ്പർ 891/2014, 1224/2014 എന്നീ കേസ്സുകളിന്മേൽ പ്രതികൾക്കെതിരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) 'ഓപ്പറേഷൻകുബേര' നടപടികൾ ശക്തമായിട്ടുള്ള സാഹചര്യത്തിൽ ഇത്തരം തട്ടിപ്പ് കേസ്സിലെ പ്രതികൾക്കെതിരെ അടിയന്തര നിയമ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് 5 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) പ്രതികളെ സംരക്ഷിച്ചുവരുന്ന നിലപാട് പോലീസ് സ്വീകരിച്ചിട്ടില്ല. പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 891/14 u/s 420, 506(i) IPC and Sec. 3&4 of prize Chits and Money Circulation Scheme (Banning) Act 1978 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) പ്രസ്തുത പ്രതികൾക്കെതിരെ കർശന നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ലീൻ കാമ്പസ് സേഫ്കാമ്പസ് പദ്ധതി

145 (3436) ശ്രീ. പി. എ. മാധവൻ:
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കാമ്പസ്, സേഫ് കാമ്പസ് പദ്ധതിപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായി ചർച്ചകൾ നടത്തുന്നതിനും കാമ്പസുകളിൽ വ്യാപകമായ പ്രചരണങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ പരിസരത്ത് പുകയില-ലഹരി ഉല്പന്നങ്ങൾ വിൽക്കുന്ന കടകളുടെ ലൈസൻസുകൾ റദ്ദാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാൻ നടപടികൾ കൈക്കൊള്ളുമോ ;

(ഡി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അവാർഡുകൾ നൽകുന്നതുൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) പുകയില-ലഹരി ഉല്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിലും വാർത്താമാദ്ധ്യമങ്ങളിലും കൂടുതൽ പ്രചരണങ്ങൾ നടത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ ഇല്ലാതാക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപഭോഗവും പ്രചരണവും ഇല്ലാതാക്കുക, ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ലഹരി രഹിതവും സുരക്ഷിതവുമായ ക്യാമ്പസ് അന്തരീക്ഷം സൃഷ്ടിക്കുക അതുവഴി ആരോഗ്യവും അച്ചടക്കവും രാജ്യസ്നേഹവും സാമൂഹ്യബോധവുമുള്ള ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സ്കൂൾ പരിസരത്ത് പുകയില-ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്ന കടകളിൽ റെയിഡുകൾ നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പുകയില-ലഹരി ഉൽപ്പന്നങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും ജനമൈത്രി പോലീസിന്റെ ഭാഗമായി മാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തുന്നുണ്ട്.

**ജനമൈത്രി പോലീസ്-വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി**

146 (3437) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 'ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, ഹെൽപ്പ് ലൈൻ നമ്പരുകൾ ലഭ്യമാക്കുക, നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) തുടക്കത്തിൽ തിരുവനന്തപുരം നഗരത്തിലെ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടെ സ്കൂളുകളിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്കുകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ, ഹെൽപ്പ് ലൈൻ നമ്പരുകൾ, സൈബർ കുറ്റകൃത്യങ്ങളും പരിഹാരങ്ങളും എന്നിവ വിരൽ തുമ്പിലൂടെ നിമിഷങ്ങൾക്കകം കുട്ടികൾക്ക് ലഭ്യമാക്കുന്നു. കൂടാതെ ചില വീഡിയോ ഫിലിമുകളും കുട്ടികൾക്ക് കാണാൻ അവസരമൊരുക്കുന്നു.

(ഡി) പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി വിജയിച്ച പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി സ്ത്രീ-ശിശു സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്കുകൾ നിർമ്മിക്കാൻ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് യൂണിറ്റ് വ്യാപനം

**147 (3438)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം നിലവിലുണ്ടെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാക്കി സ്ഥലങ്ങളിലേക്ക് പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) കോളേജുകളിൽ സ്റ്റുഡന്റ് പോലീസ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്താകമാനം 325 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

## സ്കൂൾ-കോളേജ് പരിസരങ്ങളിലെ നിരോധിത ഉൽപ്പന്നങ്ങളുടെ വിതരണം

148 (3439) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ-കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വിൽപ്പനയും, മദ്യ-മയക്കുമരുന്ന് വില്പ്പനയും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യാർത്ഥികളിൽ മയക്കുമരുന്ന് എത്തിക്കുന്ന ഗൂഢസംഘങ്ങളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് ഷാഡോ പോലീസിനും സ്കൂൾ ജാഗ്രതാ സമിതിക്കും നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) സ്കൂൾ-കോളേജ് പരിസരങ്ങളിൽ നിരോധിത ഉൽപ്പന്നങ്ങളുടെയും മദ്യം, മയക്കുമരുന്ന് എന്നിവയുടെയും വിൽപ്പന തടയുന്നതിനായി തുടർച്ചയായ റെയ്ഡും പട്രോളിംഗും നടത്തിയും സ്കൂൾ സമയങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ, സ്കൂൾ-കോളേജ് തലങ്ങളിൽ സ്കൂൾ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് പദ്ധതി, ജനമൈത്രി പോലീസ് പദ്ധതി എന്നിവ മുഖേന കുട്ടികളുടെ ഇടയിൽ മദ്യ-മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയും സംബന്ധിച്ച് വിവരശേഖരണവും ഇതിനെതിരെ അവബോധവും നൽകുവാനായി ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു.

(ബി) വിദ്യാർത്ഥികൾക്ക് മയക്കുമരുന്ന് എത്തിക്കുന്ന ഗൂഢസംഘങ്ങളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് ഷാഡോ പോലീസിന്റെയും സ്കൂൾ ജാഗ്രതാസമിതിയുടെയും സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

149 (3440) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിൽ എത്ര വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നുണ്ട് ; എത്ര കേഡറ്റുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഹൈസ്ക്കൂൾ/ഹയർസെക്കന്ററി അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കുവേണ്ടി സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) 325 സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കേഡറ്റുകളുടെ എണ്ണം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ബി) 16 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

(സി) സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു. *

## സ്റ്റുഡന്റ് പോലീസ് സംവിധാനം-തിരുവനന്തപുരം ജില്ല

150 (3441) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് സംവിധാനം ആരംഭിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം സ്കൂളുകൾ എന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം ഓരോ സ്കൂളുകൾക്കും ചെലവായ തുകയെത്രയാണ് ;

(ഡി) നെടുമങ്ങാട് മഞ്ച ബോയ്സ് ഹൈസ്ക്കൂൾ, കന്യാകുളങ്ങര ബോയ്സ് ഹൈസ്ക്കൂൾ, നെടുമങ്ങാട് ഗേൾസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ നടപ്പുവർഷം സ്റ്റുഡന്റ് പോലീസ് സംവിധാനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 33 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തിരുവനന്തപുരം ജില്ലയിൽ തൈക്കാട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്.-ന് 25,000 (ഇരുപത്തി അയ്യായിരം) രൂപ മറ്റ് സ്കൂളുകൾക്ക് 1,80,000 (ഒരു ലക്ഷത്തി എൺപതിനായിരം) രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടിൽനിന്നും തൈക്കാട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്.-ന് 400 (നാനൂറ്) രൂപയും ജില്ലയിലെ മറ്റ് സ്കൂളുകൾക്ക് 12,700 (പന്ത്രണ്ടായിരത്തി എഴുനൂറ്) രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷം പുതുതായി പദ്ധതി ആരംഭിച്ച സ്കൂളുകൾക്ക് സ്കൂൾ ഒന്നിന് 1,08,430 (ഒരു ലക്ഷത്തി എണ്ണായിരത്തി നാനൂറ്റി മുപ്പത്) രൂപ വീതം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലേക്കായി ആകെ 38,98,700 (മുപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി എഴുനൂറ്) രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൽ ചെലവായ തുകയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) സംസ്ഥാന ഉപദേശക സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രസ്തുത സ്കൂളുകളിലേക്ക് ടി പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്.

## കൊടകര ഡോൺബോസ്കോ ഗേൾസ് ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ്

151 (3442) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര പഞ്ചായത്തിലെ കൊടകര ഡോൺ ബോസ്കോ ഗേൾസ് ഹൈസ്കൂളിൽ 'സ്റ്റുഡന്റ് പോലീസ്' അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടി സ്കൂളിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതുവരെ സ്കൂളിൽ പദ്ധതി അനുവദിച്ചിട്ടില്ല.

(ബി) അപേക്ഷ പരിശോധനയിലാണ്.

## രണ്ടാം മാറാട് കലാപം സംബന്ധിച്ച കേസ് അന്വേഷണം

152 (3443) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം മാറാട് കലാപ ഗൂഢാലോചന സംബന്ധിച്ച അന്വേഷണം എന്നാണ് ആരംഭിച്ചത് ; പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസ് ഇപ്പോൾ ഏത് സംഘമാണ് അന്വേഷിച്ചു വരുന്നത് ;

(സി) പ്രസ്തുത കേസ് സംബന്ധിച്ച മുൻ അന്വേഷണ ഉദ്യോഗസ്ഥന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വെളിപ്പെടുത്തലിലെ വിവരങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് തയ്യാറാകുമോ ?

ഉത്തരം

(എ) രണ്ടാം മാറാട് കലാപ ഗൂഢാലോചന സംബന്ധിച്ച അന്വേഷണം 27.09.2010-ലാണ് ആരംഭിച്ചത്. പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) കോഴിക്കോട് CBCID (HHW-III) എസ്.പി. ശ്രീ. റ്റി. കെ. രാജ്മോഹൻ ഐ.പി.എസ്.-ന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമാണ് അന്വേഷണം നടത്തി വന്നിരുന്നത്. എന്നാൽ 31.05.2014-ന് അന്വേഷണ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചതിനുശേഷം അന്വേഷണ ഉദ്യോഗസ്ഥനായി ആരെയും നിയമിച്ചിട്ടില്ല. എന്നാൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ ഉൾപ്പെട്ട ഡിവൈ.എസ്.പി. ശ്രീ. ജോസി ചെറിയാന്റെ നേതൃത്വത്തിൽ വിവര ശേഖരണം നടത്തി വരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ചും അന്വേഷണം നടത്തിവരുന്നു.

ഹവാല പണമിടപാട്

153 (3444) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ ദിനംപ്രതി കോടികളുടെ ഹവാല പണമിടപാട് നടക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനു പിന്നിൽ അധോലോകബന്ധവും ഉണ്ടെന്ന റിപ്പോർട്ടുകൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ;

(സി) അനധികൃത പണമിടപാട് നടക്കുന്ന കേന്ദ്രങ്ങളേയും അവയ്ക്ക് പിന്നിലെ അധോലോക സംഘടനകളെയുംക്കുറിച്ച് സമഗ്രമായി അന്വേഷിക്കാൻ തയ്യാറാകുമോ ;

(ഡി) പിടികൂടപ്പെട്ട ഹവാല പണമിടപാട് കേസുകളിൽ ഫലപ്രദമായി തുടർനടപടികളില്ലാത്തതിനാൽ പ്രതികൾ രക്ഷപ്പെട്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടെന്നറിയാമോ ;

(ഇ) സംസ്ഥാന പോലീസ് അനധികൃത പണമിടപാട് കേസിൽ അറസ്റ്റ് ചെയ്തവരിൽ എത്രപേർ ശിക്ഷിക്കപ്പെടുകയുണ്ടായി ; ജാമ്യത്തിലിറങ്ങിയവർ എത്ര ; എത്രപേർക്ക് പണം തിരികെ നൽകുകയുണ്ടായി ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ ഹവാല പണമിടപാട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുറ്റകൃത്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് നിയമ വിരുദ്ധമായി അനധികൃത പണമിടപാട് നടക്കുന്ന കേന്ദ്രങ്ങൾക്കും വ്യക്തികൾക്കുമെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ നടപടികൾ സ്വീകരിക്കുകയും കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയും ചെയ്യുന്നു.

(ഡി) ഹവാല പണമിടപാട് കേസുകളിന്മേലുള്ള തുടർ നടപടികൾ കേന്ദ്ര ഏജൻസികളാണ് സ്വീകരിക്കുന്നത്.

(ഇ) സംസ്ഥാന പോലീസ് അനധികൃത പണമിടപാട് കേസിൽ അറസ്റ്റ് ചെയ്തവരിൽ 3 പേർ ശിക്ഷിക്കപ്പെടുകയുണ്ടായി. 2139 പേർ ജാമ്യത്തിലിറങ്ങിയിട്ടുണ്ട്. ആർക്കുംതന്നെ പണം തിരികെ നൽകുകയുണ്ടായിട്ടില്ല.

**ഓപ്പറേഷൻ കുബേര-പണത്തിന്റെ ഉറവിടം**

154 (3445) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലേഡ് മാഫിയകൾ കൊള്ളപ്പലിശയ്ക്ക് നൽകുന്ന പണത്തിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പണത്തിന്റെ ഉറവിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ബ്ലേഡ് മാഫിയയിൽ നിന്നും പണം വാങ്ങി തിരിച്ചു നൽകാനാകാതെ എത്ര പേർ കഴിഞ്ഞ 10 വർഷത്തിനിടയിൽ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ബ്ലേഡ് മാഫിയകൾ കൊള്ളപ്പലിശയ്ക്ക് നൽകുന്ന പണത്തിന്റെ ഉറവിടം സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്. ബ്ലേഡ് മാഫിയയിൽനിന്നും പണം വാങ്ങി തിരിച്ചു നൽകാനാകാതെ 11 പേർ കഴിഞ്ഞ 10 വർഷത്തിനിടയിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ബ്ലേഡ് മാഫിയകളുടെ പീഡനംമൂലം ആത്മഹത്യ ചെയ്തവർ

155 (3446) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലേഡ് മാഫിയകളുടെ പീഡനംമൂലം ആത്മഹത്യചെയ്ത സംഭവങ്ങളിൽ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിച്ച സ്ഥാപനഉടമകൾക്കെതിരെ എത്ര കേസ്സുകൾ സംസ്ഥാനത്ത് നിലവിലുണ്ട് ;

(ബി) പ്രസ്തുത കേസ്സുകളിലെ പ്രതികൾക്ക് കടുത്ത ശിക്ഷ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) പ്രസ്തുത കേസിലെ പ്രതികൾക്ക് ശിക്ഷ ലഭിക്കുവാനായി പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1026/13u/s 306, 34 IPC and Sec. 17 of Money Lenders Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിൽ 8 പ്രതികളുള്ളതിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുമുള്ളതാണ്. ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

## ബ്ലേഡ് മാഫിയ നിയന്ത്രണം-നിലവിലുള്ള നിയമം പര്യാപ്തമാണോയെന്ന് പരിശോധിക്കൽ

156 (3447) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാൻ നിലവിലുള്ള നിയമം പര്യാപ്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാൻ നിലവിലുള്ള താഴെപ്പറയുന്ന നിയമങ്ങൾ കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ പര്യാപ്തമായവയാണ്.

1. Various Sections of Indian Penal Code
2. Kerala Money Lenders Act 1958
3. Kerala Prohibition of Charging Exorbitant Interest Act 2012
4. Prize Chit Money Circulation Banning Act 1978.

LIBRARY ARCHIVES Kerala Legislative Assembly

**ബ്ലേഡ് മാഫിയ**

157 (3448) ശ്രീ. എം. എ. ബേബി :
ശ്രീ. ബി. സത്യൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബ്ലേഡ് മാഫിയ തഴച്ചുവളരുന്നത് തടയാൻ കൊള്ളപ്പലിശക്കാരായ വൻകിട പണക്കാർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

**ഉത്തരം**

അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തുവകകളും മുദ്രപ്പത്രങ്ങളും ബാങ്ക് ചെക്കുകളും ഒപ്പിട്ട് വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തുവകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. അതുമൂലം ബ്ലേഡ് മാഫിയ പ്രവർത്തനങ്ങൾ തടയാൻ സാധിച്ചിട്ടുണ്ട്. മേൽസ്വീകരിച്ചുവരുന്ന നടപടിയിൽ വൻകിട പലിശക്കാരെന്നോ, ചെറുകിട പലിശക്കാരെന്നോ, കൊള്ളപ്പലിശക്കാരെന്നോയുള്ള വേർതിരിവില്ല.

**ഓപ്പറേഷൻ കുബേരയുടെ അടുത്ത ഘട്ടം**

158 (3449) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേരയുടെ അടുത്തഘട്ടം നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ ?

**ഉത്തരം**

ഓപ്പറേഷൻ കുബേരപ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്പോഴും തുടർന്നുവരികയാണ്. അനധികൃതമായി അമിതപ്പലിശയ്ക്ക് പണം സ്വീകരിക്കുന്നതിനെതിരെ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരികയാണ്. കൂടാതെ, ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ഒരിക്കൽ നടപടിക്ക് വിധേയരായവർ തുടർന്ന് വീണ്ടും പ്രസ്തുത കുറ്റകൃത്യം ചെയ്യുന്നില്ലയെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നിരീക്ഷണങ്ങളും അന്വേഷണങ്ങളും നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ബ്ലേഡ് മാഫിയകളിൽനിന്നും പിടിച്ചെടുത്ത രേഖകൾ

159 (3450) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേരപ്രകാരം ബ്ലേഡ് മാഫിയക്കാരിൽനിന്നും പിടിച്ചെടുത്ത പണം, കടംകൊടുത്ത രേഖകൾ, ബ്ലാങ്ക് ചെക്കുകൾ, ഭൂമിയുടെ പ്രമാണവും കരം അടച്ച രസീത് ഉൾപ്പെടെയുള്ള രേഖകൾ, കരാർ എഴുതിയ പേപ്പറുകൾ, പ്രോമിസറി നോട്ടുകൾ, വെള്ളക്കടലാസിൽ ഒപ്പിട്ട രേഖകൾ തുടങ്ങിയവയുടെ എണ്ണമുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഓപ്പറേഷൻ കുബേര പ്രകാരം ബ്ലേഡ് മാഫിയക്കാരിൽനിന്നും 5,92,89,827 (അഞ്ചുകോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ്) രൂപ പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ 9436 കടം കൊടുത്തതായ രേഖകളും 7898 ബ്ലാങ്ക് ചെക്കുകളും 1472 ഭൂമിയുടെ പ്രമാണങ്ങളും 642 കരം അടച്ച രസീത് ഉൾപ്പെടെയുള്ള രേഖകളും 6242 കരാർ എഴുതിയ പേപ്പറുകളും 1536 പ്രോമിസറി നോട്ടുകളും 1777 വെള്ളക്കടലാസിൽ ഒപ്പിട്ട രേഖകളും കണ്ടെത്തിയിട്ടുണ്ട്.

## ഓപ്പറേഷൻ കുബേര

160 (3451) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

"ഓപ്പറേഷൻ കുബേര" പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഓപ്പറേഷൻ കുബേര പ്രകാരം 34 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| Name of Police Station | No. of Cases |
|---|---|
| Chandera | 2 |
| Ambalathara | 3 |
| Bekal | 3 |
| Vidyanagar | 3 |
| Vellarikundu | 5 |
| Manjeswar | 1 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| Hosdurg | 6 |
| Kasargod | 2 |
| Nileswar | 6 |
| Chittarikal | 1 |
| Rajapuram | 1 |
| Adhur | 1 |

**ഓപ്പറേഷൻ കുബേര മോഡലിൽ കവർച്ച സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് നടപടി**

161 (3452) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേര മോഡലിൽ സംസ്ഥാനത്തെ കവർച്ച സംഘങ്ങളെ അമർച്ച ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ : വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാനത്ത് കവർച്ച സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി നിലവിൽ എല്ലാജില്ലകളിലും കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരവും നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി ഓപ്പറേഷൻ കുബേര മോഡലിൽ ഒരു നടപടിയുടെ ആവശ്യം ഇപ്പോഴില്ല.

**ഓപ്പറേഷൻ കുബേര-പാലക്കാട് ജില്ലയിൽ നിന്നുള്ള അറസ്റ്റ്**

162 (3453) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പാലക്കാട് ജില്ലയിൽനിന്നും എത്ര പേരെയാണ് നിലവിൽ അറസ്റ്റ് ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) തമിഴ്നാട്ടിൽനിന്നും ധാരാളം ആളുകൾ പാലക്കാട് ജില്ലയുടെ വിവിധ പ്രദേശങ്ങളിൽവന്ന് വട്ടിപ്പലിശയ്ക്ക് പണം കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) വീടുകളിൽ നേരിൽച്ചെന്ന് വട്ടിപ്പലിശയ്ക്ക് പണം നൽകി ആഴ്ചയിൽ ഒരിക്കൽ പലിശ പിരിക്കാൻവരുന്ന തമിഴ്നാട്ടിൽ നിന്നുള്ള എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ 11 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാരുടെ കേന്ദ്രങ്ങളിൽ തെരച്ചിലുകൾ നടത്തി കുറ്റക്കാരായി കാണുന്നവർക്കെതിരെ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 10 പേർക്കെതിരെ 11 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി 10 പേരെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഇതിൽ ഒരാൾ രണ്ട് കേസ്സുകളിൽ പ്രതിയാണ്.

**ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തിയുള്ള കേസിന്റെ അന്വേഷണം**

**163 (3454)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബാലുശ്ശേരി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 393/2011 കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓപ്പറേഷൻ കുബേര ആരംഭിച്ച സാഹചര്യത്തിൽ പ്രസ്തുത കേസ് ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തി അന്വേഷിക്കുമോ ;

(സി) അമിതപ്പലിശക്കാർ പിടിച്ചെടുത്ത സ്വത്തുക്കൾ വീണ്ടെടുത്ത് ഉടമകൾക്ക് കൊടുക്കുവാൻ നിയമനിർമ്മാണം നടത്തുമോ ?

ഉത്തരം

(എ) കോഴിക്കോട് ബാലുശ്ശേരി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 393/2011 കേസ് ഇപ്പോൾ അന്വേഷിക്കുന്നത് താമരശ്ശേരി ഡി.വൈ.എസ്.പി. ശ്രീ. ജയ്സൺ കെ. അബ്രഹാം ആണ്.

(ബി) ഓപ്പറേഷൻ കുബേര ബ്ലേഡ് മാഫിയക്കെതിരെ ആരംഭിച്ച നടപടികൾ മാത്രമാണ്. നിലവിലുള്ള നിയമമനുസരിച്ചാണ് പ്രസ്തുത നടപടികളിൽ ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നത്. ആയതിനാൽ ബാലുശ്ശേരി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 393/2011-ാം കേസിന്മേൽ ഉൾപ്പെടുത്തിയിട്ടുള്ള നിയമങ്ങൾക്കനുസൃതമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.



LIBRARY ARCHIVES Kerala Legislative Assembly

## ഓപ്പറേഷൻ കുബേര-കാസർഗോഡ് ജില്ല

164 (3455) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ഓപ്പറേഷൻ കുബേര" പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരിൽനിന്നും പിടിച്ചെടുത്ത തുക എത്ര ; പണയരേഖകൾ എത്ര ; കേസ്സിൽപ്പെട്ടവരുടെ പേര് എന്നിവ സഹിതം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര ആരംഭിച്ചതിനുശേഷം 15.06.2014 വരെ കാസർഗോഡ് ജില്ലയിൽ 38 പ്രതികൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇവരിൽനിന്നും 1,56,500 (ഒരു ലക്ഷത്തി അൻപത്തിയാറായിരത്തി അഞ്ഞൂറ്) രൂപയും പണയ രേഖകളായി 113 ചെക്ക് ലീഫുകൾ, 84 സ്റ്റാമ്പ് പേപ്പർ, രണ്ട് പാസ്പോർട്ടുകൾ, 2 ഡ്രൈവിംഗ് ലൈസൻസ്, 2 ആർ.സി. ബുക്ക്, 7 ഇലക്ഷൻ ഐ.ഡി. കാർഡുകൾ എന്നിവയും പിടിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത 38 പ്രതികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ബിസിനസ്സ് ഇന്ത്യാഗ്രൂപ്പ് നിക്ഷേപ തട്ടിപ്പ്

165 (3456) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിസിനസ്സ് ഇന്ത്യാ ഗ്രൂപ്പ് നിക്ഷേപതട്ടിപ്പ് കേസ്സിൽ ക്രൈം ബ്രാഞ്ച് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; നിലവിലെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സിൽ പ്രതികളായിട്ടുള്ളവർ ആരെല്ലാം ; ഇവരിൽ അറസ്റ്റിലായവരാരെല്ലാം ; അറസ്റ്റിലല്ലാത്തവരാരെല്ലാം ;

(സി) ജാമ്യം ലഭിച്ചത് എത്രപേർക്ക് ; ആർക്കെല്ലാമാണ് ; വ്യക്തമാക്കാമോ ;

(ഡി) ജാമ്യം ലഭിച്ചശേഷം ഒളിവിൽ പോയവരുണ്ടോ ; എങ്കിൽ ആരെല്ലാം ; എന്നാണ് ഒളിവിൽ പോയത് ; ഇവരെ പിടികൂടാൻ സ്വീകരിച്ച നടപടികളെന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയായി. കുറ്റപത്രം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പ്രസ്തുത കേസിൽ പ്രതികളാക്കപ്പെട്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1. എം. ജി. ജോൺ
2. എം. ജി. സാമുവൽ
3. ഗോപാലകൃഷ്ണപിള്ള
4. പേർത്തൻ ഫിലിപ്പ്
5. പി. എ. ജോസഫ്
6. തോമസ് വർഗ്ഗീസ്
7. സാറാമ്മ മാത്യു
8. സോമനാഥൻ നായർ
9. രമേശൻ പൈറിരി
10. വിദ്യാധരൻ പിള്ള
11. കെ. പി. ശശി
12. ആനന്ദം ശശി
13. കെ. എൻ. രാജൻകുട്ടി
14. പി. കെ. രാജേന്ദ്രകുറുപ്പ്
15. എൻ. വിജയകുമാർ
16. വസന്തകുമാരി
17. കെ. കെ. സുനിൽകുമാർ
18. ഏലിയാമ്മ സാമുവൽ
19. അനിത വി പിള്ള
20. കെ. ആർ. ജയകുമാർ

ഇതിൽ ഒന്ന് മുതൽ ആറ് വരെയുള്ള പ്രതികളെയും ഇരുപതാം പ്രതിയെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി 13 പേരെ ഇനി അറസ്റ്റ് ചെയ്യുവാനുണ്ട്. ഇവരിൽ അറസ്റ്റ് ചെയ്യപ്പെട്ട എല്ലാവർക്കും ജാമ്യം ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഒന്നാം പ്രതി എം. ജി. ജോൺ ജാമ്യം ലഭിച്ചശേഷം ഒളിവിൽ പോയിട്ടുള്ളതാണ്. ടിയാനെ കണ്ടുപിടിക്കുന്നതിനുള്ള ഊർജ്ജിത അന്വേഷണം നടന്നുവരുന്നു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## മൂന്നാർ തോട്ടം തൊഴിലാളികളുടെ പണയസ്വർണ്ണം ലേലം ചെയ്തതിനെതിരെയുള്ള നടപടി

166 (3457) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ സ്വർണ്ണം പണയത്തിലെടുക്കുകയും പിന്നീട് ലേലത്തിൽ പോയതായി അറിയിക്കുകയും വിശദാംശങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന മൂന്നാർ കാതോലിക്കേറ്റ് ബാങ്ക് മാനേജർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ; അല്ലാത്തപക്ഷം ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുമോ ;

(ബി) മൂന്നാർ പോലീസിനെ കല്ലെറിയുകയും തല്ലുകയും ചെയ്ത ഏതാനും പേരെ പോലീസ് തിരിച്ചറിയുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ ; അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ദേവികുളം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ മൂന്നാർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് നൽകിയ പരാതി അന്വേഷണത്തിനായി മൂന്നാർ സബ്ഇൻസ്പെക്ടർക്ക് നൽകുകയും അന്വേഷണത്തിൽ സ്വർണ്ണം പണയം വച്ചിട്ട് ദീർഘകാലമായതും വായ്പയുടെ മുതലോ പലിശയോ വായ്പക്കാരൻ യഥാസമയം തിരിച്ചടയ്ക്കാതിരിക്കുകയും ഇക്കാര്യം നിയമാനുസൃതം യഥാസമയം വായ്പക്കാരന് ബാങ്കിൽനിന്നും നോട്ടീസും മറ്റും നൽകിയശേഷമാണ് ലേല നടപടികളും മറ്റും സ്വീകരിച്ചതെന്ന് വെളിവായിട്ടുണ്ട്. ആയതിനാൽ മറ്റ് നിയമ നടപടികൾ ബാങ്കിനെതിരെ സ്വീകരിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് മൂന്നാർ പോലീസ് സ്റ്റേഷനിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി രണ്ട് കേസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 235/13 u/s 294(b), 323, 341, 332, 143, 147 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അഞ്ച് പ്രതികളിൽ നാലുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

2. മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 238/13 u/s 143, 147, 148, 324, 332 r/w 149 IPC,3(2)(c) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും ഒൻപത് പ്രതികളിൽ ഏഴുപേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാകുന്നു. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

### മൂന്നാർ തോട്ടം തൊഴിലാളികളിൽനിന്നും ഓഹരിയുടെ പേരിൽ തട്ടിപ്പ്

167 (3458) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൂന്നാറിലെ തോട്ടം തൊഴിലാളികളിൽനിന്നും ഓഹരിയുടെ പേരിൽ ഇരുപതിനായിരവും ഇരുപത്തിയയ്യായിരവും രൂപ വാങ്ങി വഞ്ചിച്ചത് സംബന്ധിച്ച പതിനഞ്ചോളം പരാതികളിന്മേൽ മൂന്നാർ ഡിവൈ.എസ്.പി. നടപടി സ്വീകരിക്കാതിരിക്കുന്നത് എന്ത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഇതുസംബന്ധിച്ച് മൂന്നാർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നാല് പരാതികൾ ലഭിച്ചിട്ടുള്ളതും ടി പരാതികൾ മൂന്നാർ സബ് ഇൻസ്പെക്ടർക്ക് അന്വേഷണത്തിനായി അയച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാർ സബ് ഇൻസ്പെക്ടറുടെ അന്വേഷണത്തിൽ ടി പരാതിക്കാർ കൂട്ടുചേർന്ന് വ്യക്തി വിരോധം നിമിത്തം കളവായിട്ട് പരാതി നൽകിയിട്ടുള്ളതാണെന്ന് വെളിവായതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതും തുടർനടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാകുന്നു.

### കുറ്റവാളികളുടെ ഏകീകൃത ഡാറ്റാബേസ്

168 (3459) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റവാളികളുടെ ഏകീകൃത ഡാറ്റാബേസ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ക്രൈം ആന്റ് ക്രിമിനൽ ഇൻഫർമേഷൻ സിസ്റ്റം സോഫ്റ്റ്‌വെയറിൽ ശേഖരിക്കപ്പെട്ട കുറ്റവാളികളുടെ കണക്കുകൾ ജില്ലതിരിച്ച് വെളിപ്പെടുത്താമോ ; ഇവ ഡാറ്റാബാങ്കിലേക്ക് ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) കുറ്റവാളികളെ ഭരണത്തിന്റെ എല്ലാ തലങ്ങളിൽനിന്നും അകറ്റിനിർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

(ഡി) മന്ത്രിമാരുടെ ആഫീസുകളിൽ കുറ്റവാളികൾ കയറിയിറങ്ങുന്നതായ ആക്ഷേപം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച റിപ്പോർട്ട് എന്തായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം കുറ്റവാളികുടെ ഏകീകൃത ഡാറ്റാബേസ് തയ്യാറാക്കുന്നതിന് ഒരു ഓൺ ലൈൻ ക്രൈം ക്രിമിനൽ ഡാറ്റാബേസ്, സെക്യൂരിറ്റി അലർട്ട് സിസ്റ്റം എന്ന പേരിൽ ഒരു വെബ് ആപ്ലിക്കേഷൻ, പോലീസ് കമ്പ്യൂട്ടർ സെന്ററിന്റെ ആഭ്യമുഖ്യത്തിൽ ആരംഭിക്കുകയും ആയത് നടപ്പിലാക്കുന്നതിന് എ.ഡി.ജി.പി. ഇന്റലിജൻസിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ക്രൈം ആന്റ് ക്രിമിനൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ സംസ്ഥാന അടിസ്ഥാനത്തിലുള്ള കുറ്റവാളികളുടെ വിവരം ശേഖരിച്ച് സൂക്ഷി ക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ വിവരശേഖരണം പൂർത്തിയാക്കി സോഫ്റ്റ് വെയർ സമഗ്രമായി നടപ്പിലാ ക്കുന്നതോടുകൂടി മാത്രമേ കുറ്റവാളികളുടെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാകുകയുള്ളു.

(സി) ഉണ്ട്. കുറ്റവാളികളായി കണ്ടെത്തുന്നവർക്കെതിരെ പോലീസ് കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ഒരു യൂണിഫൈഡ് ഡാറ്റാബാങ്ക് ഇല്ലാത്തതുകാരണം ഒരു ജില്ലയിൽനിന്ന് മറ്റൊരു ജില്ലയിൽ പോയി ക്രൈം കേസുകളിൽ പ്രതികളായാൽ സ്വന്തം ജില്ലകളിൽ അറിയുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, പാസ്പോർട്ട് വെരിഫിക്കേഷൻ, ജോബ് വെരിഫിക്കേഷൻ എന്നിവ ഇവർക്ക് വളരെ ലാഘവ ത്തോടെ മറികടക്കാൻ സാധിക്കുന്നു. മറ്റ് ജില്ലകളിൽ ലോംഗ് പെൻഡിംഗ് വാറണ്ടുകൾ ഉണ്ടായിരുന്നാലും പ്രത്യേകിച്ച് സാമ്പത്തിക കുറ്റകൃത്യങ്ങൾ ഏർപ്പെട്ടാലും ഇത്തരക്കാർക്ക് സ്വന്തം ജില്ലകളിലെ സർക്കാർ ഓഫീസുകളിലും മന്ത്രിമാരുടെ ഓഫീസുകളിലും കയറിയിറങ്ങി പുതിയ കുറ്റകൃത്യങ്ങളിൽ പങ്കാ ളികളാകാൻ കഴിയുന്നുവെന്ന് സംസ്ഥാന ഇന്റലിജൻസ് മേധാവി, സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ കുറ്റവാളി കളുടെ ഏകീകൃത ഡാറ്റാബേസ് തയ്യാറാക്കുന്നതിന് ഒരു ഓൺലൈൻ ക്രൈം ക്രിമിനൽ ഡാറ്റാബേസ്, സെക്യൂരിറ്റി അലർട്ട് സിസ്റ്റം എന്ന പേരിൽ ഒരു വെബ് ആപ്ലിക്കേഷൻ തയ്യാറാക്കി നടപ്പിലാക്കുവാൻ തീരുമാനിച്ചത്.

**നിർഭയ കേരളം പദ്ധതി**

169 (T 3460) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിർഭയ കേരളം പദ്ധതി നടപ്പിലാക്കുന്നിനായി രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതിക്ക് നൽകുന്ന പരിശീലന പരിപാടിയെക്കുറിച്ച് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്. 'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

നിർഭയ കേരളം പദ്ധതിയുടെ കീഴിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടില്ല.

**വൃദ്ധജനങ്ങളുടെ സുരക്ഷയും അവകാശ സംരക്ഷണവും**

**170 (3461)** ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധജനങ്ങളുടെ സുരക്ഷയും അവകാശങ്ങളും ഉറപ്പുവരുത്തുന്ന കാര്യത്തിൽ പോലീസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) അവർ നൽകുന്ന പരാതികളിൽ സത്വര അന്വേഷണവും തുടർനിയമനടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വൃദ്ധർമാത്രം താമസിക്കുന്ന വീടുകൾ കണ്ടെത്തി അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) വൃദ്ധജനങ്ങളുടെ സുരക്ഷയ്ക്കായി സീനിയർ സിറ്റിസൺ ബ്യൂറോകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുമായി ബന്ധപ്പെട്ട് ഹെൽപ് ലൈനുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വൃദ്ധജനങ്ങളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് കേരള പോലീസിൽ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് സീനിയർ സിറ്റിസൺ പ്രൊട്ടക്ഷൻ സ്കീം. ഇതിന്റെ ഭാഗമായി 14 ജില്ലകളിൽ ജില്ലാ പോലീസ് ഓഫീസ് സമുച്ചയത്തോടൊപ്പം സീനിയർ സിറ്റിസൺ സർവ്വീസ് ബ്യൂറോ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വൃദ്ധജനങ്ങളുടെ പരാതികളിൽ സത്വര അന്വേഷണം നടത്തുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഹെൽപ് ലൈനുകൾ പ്രവർത്തിക്കുന്നുണ്ട്. ഹെൽപ് ലൈനുകളിലൂടെ ലഭിക്കുന്ന പരാതികളിൽ വളരെ വേഗത്തിൽ തന്നെ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

(സി) ഓരോ പോലീസ് സ്റ്റേഷനുകളിലും വൃദ്ധജനങ്ങളുടെയും നിരാലംബരായ മുതിർന്ന പൗരന്മാരുടെയും പേരുവിവരങ്ങളും ഫോൺ നമ്പരുകളും

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് വിശദാംശങ്ങളും അടങ്ങുന്ന 'Register of Senior Citizen' എന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. മാസത്തിലൊരിക്കൽ അതാത് പോലീസ് സ്റ്റേഷനുകളിൽനിന്നും പൊതുപ്രവർത്തകരുടെ സഹകരണത്തോടെ ഇത്തരത്തിൽ നിരാലംബരായ ആളുകളെ പോലീസ് സന്ദർശിക്കുകയും സുരക്ഷയ്ക്കാവശ്യം വേണ്ടുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്തുവരുന്നു.

## നിരാക്ഷേപ പത്രം നൽകി പിൻവലിച്ച കേസ്സുകൾ

171 (3462) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ സ്വഭാവത്തിലുള്ള കേസ്സുകളാണ് പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയതെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ വർഗ്ഗീയ സ്വഭാവമുള്ള വകുപ്പുകൾ ചേർത്ത എത്ര കേസ്സുകൾ പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയെന്ന് വിശദമാക്കാമോ ;

(സി) രാഷ്ട്രീയ സംഘർഷ വകുപ്പുകൾ ചേർത്ത എത്ര കേസ്സുകളാണ് പിൻവലിക്കാൻ നിർദ്ദേശിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) ഇതിൽ കോൺഗ്രസ്സ്, മുസ്ലീം ലീഗ്, കേരളാ കോൺഗ്രസ്, ആർ.എസ്.പി., സോഷ്യലിസ്റ്റ് ജനത പ്രവർത്തകർ പ്രതികളായ എത്ര കേസ്സുകൾ പിൻവലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമായും രാഷ്ട്രീയ സ്വഭാവമുള്ള കേസുകളും രാഷ്ട്രീയ സമരവുമായി ബന്ധപ്പെട്ട കേസുകളുമാണ് പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയിട്ടുള്ളത്.

(ബി) 6 കേസ്സുകൾ.

(സി) 903 കേസ്സുകൾ.

(ഡി) 827 കേസ്സുകൾ.

## കുറ്റാരോപിതരെക്കുറിച്ച് കേസന്വേഷണം പൂർത്തിയാകുന്നതിനുമുമ്പുള്ള വാർത്തകൾ

172 (3463) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീപീഡനം, കൈക്കൂലി കേസ്സുകളിൽ പോലീസ് അന്വേഷണം പൂർത്തിയാകുന്നതിനുമുമ്പേ കുറ്റാരോപിതരെക്കുറിച്ചുള്ള വാർത്തകളും ചിത്രങ്ങളും മാധ്യമങ്ങളിൽ വരുന്നതുമൂലം ഒട്ടേറെ കുടുംബങ്ങൾ തകരുമെന്നത്

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് അത്തരം വാർത്തകളും ചിത്രങ്ങളും നിയന്ത്രിക്കുന്നതിനോ സ്ക്രീൻ ചെയ്യുന്നതിനോ നടപടികൾ സ്വീകരിക്കുമോ ;

(ബി) അത്തരം കേസ്സുകളുടെ വാർത്തകൾ പുറത്തെത്തിക്കുംമുമ്പ് ഉന്നതപോലീസുദ്യോഗസ്ഥർ പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ&ബി) കുറ്റാരോപിതരെക്കുറിച്ചുള്ള വാർത്തകളും ചിത്രങ്ങളും മാധ്യമങ്ങളിൽ വരുന്നത് അതത് മാധ്യമസ്ഥാപനങ്ങളുടെ പത്രാധിപർ/മേധാവികൾ നിശ്ചയിക്കുന്നതിന് അനുസരിച്ചാണ്.

**സെക്സ് റാക്കറ്റുകളുടെ പ്രവർത്തനവും വലയിൽപ്പെടുന്നവരും**

173 (3464) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'സെക്സ് റാക്കറ്റുകൾ' വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെക്സ് റാക്കറ്റുകളുടെ പ്രവർത്തനം നടക്കുന്ന കേന്ദ്രങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(സി) സെക്സ് റാക്കറ്റിന്റെ വലയിൽപ്പെടുന്നവരിൽ ഏറെയും വിദ്യാർത്ഥിനികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പെരുമ്പാവൂർക്കടുത്ത് സ്കൂൾ കേന്ദ്രീകരിച്ച് നടന്ന സെക്സ് റാക്കറ്റിന്റെ വലയിലായി പീഡനത്തിനിരയായ പ്ലസ് വൺ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം സംബന്ധിച്ച കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഈ കേസ്സിലെ പ്രതികൾ ഗൾഫിലേക്ക് കടക്കാനിടയായത് പോലീസിന്റെ വീഴ്ചമൂലമാണെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ;

(ഇ) സെക്സ് റാക്കറ്റുകളുമായി ബന്ധപ്പെട്ട രജിസ്റ്റർ ചെയ്യപ്പെട്ട എത്ര കേസ്സുകളിലിപ്പോഴും അന്വേഷണം നടത്തിവരുന്നുണ്ട് ; കുറ്റപത്രം സമർപ്പിച്ചവ എത്ര ?

ഉത്തരം

(എ) ഇല്ല.

(ബി) സെക്സ് റാക്കറ്റുകളെ കണ്ടെത്തുന്നതിനായി റെയ്ഡുകളും വ്യാപകമായ അന്വേഷണങ്ങളും നടത്തുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) അന്വേഷണം അവസാന ഘട്ടത്തിലാണ്. കൂടുതൽ സാക്ഷികളെ വിസ്തരിച്ചുവരുന്നു. അന്വേഷണത്തിൽ പോലീസ് വീഴ്ച വരുത്തിയിട്ടില്ല.

(ഇ) 24 കേസ്സുകളിൽ അന്വേഷണം നടത്തുന്നുണ്ട്. 10 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുടെ നിരക്ക്

174 (3465) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽനിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൽ അതിക്രമങ്ങളുടെ നിരക്ക് ഗണ്യമായി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ വിശദമായ ഒരു പഠനം നടത്തുന്നതിന് തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അതിക്രമങ്ങൾ തടയൽനിയമപ്രകാരം രജിസ്റ്റർചെയ്ത കേസുകളിലെ അതിക്രമങ്ങളുടെ നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2011, 2012, 2013 വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽനിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-ൽ 992 കേസ്സുകളും 2012-ൽ 934 കേസ്സുകളും 2013-ൽ 891 കേസ്സുകളുമാണ് ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. കൂടാതെ, ആദിവാസി മേഖലകളിൽ കൂടുതൽ പോലീസ് സാന്നിദ്ധ്യവും ജനമൈത്രി പോലീസിന്റെ പ്രവർത്തനവും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഇവർക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം അതിക്രമങ്ങൾ തടയൽനിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു :*

18-5-2011 മുതൽ 31-12-2011 വരെ-632

2012 - 934

2013 - 891

2014 മെയ് വരെ -409

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങൾ**

**175 (3466)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടന്ന അതിക്രമങ്ങളിൽ കൊലപാതകം, കൊലപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആക്രമണങ്ങൾ, ബലാത്സംഗം, മാനഭംഗപ്പെടുത്തൽ, ആക്രമണങ്ങൾ, ഭവനഭേദനം, മോഷണം തുടങ്ങി ഇനം തിരിച്ചുള്ള കുറ്റകൃത്യങ്ങളുടെ കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിൽ മേൽപ്പറഞ്ഞ ഓരോ കുറ്റകൃത്യങ്ങളുടെയും ദേശീയ ശരാശരി (പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടന്നവയുടെ) എത്രയായിരുന്നു ;

(സി) മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഓരോവർഷവും സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടന്ന അതിക്രമങ്ങളിൽ എത്രത്തോളം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) കൊലപാതകങ്ങൾ - 15

കൊലപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആക്രമണങ്ങൾ-17

ബലാത്സംഗങ്ങൾ - 528

മാനഭംഗപ്പെടുത്തലുകൾ - 358

ആക്രമണങ്ങൾ - 1738

ഭവനഭേദനങ്ങൾ - 6

മോഷണങ്ങൾ - 4

(ബി) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ ക്രൈം ഇൻ ഇന്ത്യ 2011, 2012 എന്നീ വർഷങ്ങളിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുസംബന്ധിച്ച കണക്കുകൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* 2013-ാം വർഷത്തെ ക്രൈം ഇൻ ഇന്ത്യ പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ വർഷവും സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കെതിരെ നടന്ന അതിക്രമങ്ങളിൽ 2011-നേക്കാൾ 2012-ൽ 49 കേസ്സുകളുടെയും 2012-നേക്കാൾ 2013-ൽ 81 കേസ്സുകളുടെയും വർദ്ധനവുണ്ടായിട്ടുണ്ട്.

## ആദിവാസി ഊരുകളിലും തൊഴിൽ കേന്ദ്രങ്ങളിലും പോലീസ് സേവനം

176 (3467) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിർത്തിഗ്രാമങ്ങളിൽ ആദിവാസികൾ ഇപ്പോഴും അടിമത്തത്തിൽ കഴിയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂവുടമകളിൽ നിന്നും അവർക്ക് ജീവനുഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചിറ്റൂർ താലൂക്കിലെ മീനാക്ഷിപുരത്ത് മണിമേഖലയെന്ന ആദിവാസി പെൺകുട്ടി ക്രൂരപീഡനത്തിനിരയായി മരിച്ചതു സംബന്ധിച്ച് അന്വേഷണം നടത്തുമോ ;

(ഡി) തോട്ടം ഉടമകൾ ഉൾപ്പെടെയുള്ളവരിൽ നിന്നും ഭീഷണി നേരിടുന്ന ആദിവാസികൾക്ക് പരാതി പറയാൻപോലും ഭയമാണെന്നതും പോലീസ് സംവിധാനം അവരുടെ സുരക്ഷയ്ക്ക് എത്തുന്നില്ലെന്നതും ആയ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആദിവാസി ഊരുകളിലും തൊഴിൽ കേന്ദ്രങ്ങളിലും പോലീസ് സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മണിമേഖലയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ചിറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 461/14 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ പ്രതിയായ സെന്തിൽവേലനെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആദിവാസി ഊരുകളിലും തൊഴിൽ കേന്ദ്രങ്ങളിലും പോലീസിന്റെ സേവനം ലഭ്യമാകുന്നുണ്ട്. ജനമൈത്രി പോലീസ് സംവിധാനത്തിലൂടെ ഇവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

## കരിങ്കൽ ക്വാറി മാഫിയകളുടെ ഭൂമി കയ്യേറ്റം

177 (T 3468) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്ക് ഐ.എ.വൈ., ഇ.എം.എസ്. ഭവന പദ്ധതികൾ പ്രകാരം അനുവദിച്ച ഭൂമി, കരിങ്കൽ ക്വാറി മാഫിയ കയ്യേറിയതായി റിപ്പോർട്ട് ചെയ്ത എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അതിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പട്ടികജാതിക്കാർക്ക് ഐ.എ.വൈ., ഇ.എം.എസ്. ഭവന പദ്ധതികൾ പ്രകാരം അനുവദിച്ച ഭൂമി കരിങ്കൽ ക്വാറി മാഫിയ കയ്യേറിയതായി കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## രജിസ്റ്റർ ചെയ്ത ബലാത്സംഗ കേസുകൾ

178 (3469) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ബലാത്സംഗക്കേസ്സുകളിലെ പ്രതികളെ മുഴുവനും അറസ്റ്റു ചെയ്തിട്ടുണ്ടോ ; എത്ര പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽനിയമപ്രകാരം (എസ്.സി./എസ്.ടി. പി.ഒ.എ. ആക്ട്) രജിസ്റ്റർ ചെയ്യപ്പെട്ട ബലാത്സംഗ കേസ്സുകളിലെ 74 പ്രതികളെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്. ഒരു പ്രതിയെ ശിക്ഷിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**ജനങ്ങൾക്ക് സൈ്വരജീവിതം ഉറപ്പാക്കൽ**

179 (3470) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. ശർമ്മ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങൾക്ക് സൈ്വരജീവിതം ഉറപ്പാക്കാൻ സാധിക്കാതിരിക്കുന്നതായ ആക്ഷേപത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; കുറ്റകൃത്യങ്ങൾ വളരെയധികം വർദ്ധിക്കാനിടയായ പ്രത്യേക സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) കുറ്റകൃത്യങ്ങൾ ചൂണ്ടിക്കാണിച്ചു കൊടുക്കുന്നവർ ഗുണ്ടകളാൽ ആക്രമിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിയമം നടപ്പിലാക്കാൻ ബാദ്ധ്യതപ്പെട്ടവരിൽ ഒരുവിഭാഗം നിയമലംഘകർക്കൊപ്പമായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയമത്തിന്റെയും നിയമനടത്തിപ്പിന്റെയും വഴികൾ അധികാരത്തിലിരിക്കുന്നവരുടെ ഇച്ഛക്കനുസരണമായിരിക്കുന്നു എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും ഭീഷണികളിൽനിന്ന് ജനങ്ങൾക്ക് മോചനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വളരെയധികം വർദ്ധിക്കാനിടയായ സാഹചര്യമില്ല.

(ബി&സി) ഇല്ല.

(ഡി) ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനായി കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം കർശനമായി നടപ്പിലാക്കുകയും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ തടവിൽ പാർപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പോലീസിന്റെ മനുഷ്യാവകാശലംഘനം**

180 (3471) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായുള്ള മനുഷ്യാവകാശ കമ്മീഷൻ കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് 2011, 2012, 2013 വർഷങ്ങളിൽ മനുഷ്യാവകാശ കമ്മീഷൻ കണക്കുകൾ പ്രകാരം പോലീസുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഉണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് ജനകീയ സമരങ്ങൾക്ക് നേരെ പോലീസ് പ്രാകൃത മർദ്ദനമുറകൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജനകീയ സമരങ്ങളിൽ ഏർപ്പെടുന്നവരുടെ സ്വകാര്യ അറയറങ്ങളിൽ കയറി പിടിക്കുന്നതും ആക്രമിക്കുന്നതുമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാരിന്റെ ഭരണകാലത്ത് പോലീസ് കസ്റ്റഡിയിലും തടവറകളിലും മനുഷ്യാവകാശ ലംഘനം വർദ്ധിച്ചുവരുന്നുവെങ്കിൽ ആയത് അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) പ്രായപൂർത്തിയായ സ്ത്രീയും പുരുഷനും ഒന്നിച്ച് സഞ്ചരിക്കുന്നത് പോലും തടയുകയും വ്യക്തികളുടെ മൗലികാവകാശങ്ങൾ നിഷേധിക്കുകയുംചെയ്യുന്ന സമിതിയിലേക്ക് പോലീസ്മാറി എന്ന ആരോപണം പോലീസ് നയത്തിന് അനുസൃതമാണോ എന്ന് വിശദമാക്കാമോ ; അല്ലെങ്കിൽ ഇത്തരം സംഭവങ്ങളിൽ പ്രതികളായ പോലീസുകാർക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ശിക്ഷിക്കപ്പെടുകയോ മറ്റ് നടപടികൾക്ക് വിധേയമാവുകയോ ചെയ്തിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പേരുവിവരം വ്യക്തമാക്കാമോ ;

(എഫ്) ഇത്തരം സംഭവങ്ങളിൽ പോലീസ് കംപ്ലയന്റ്സ് അതോറിറ്റി ഇതുവരെ എത്രപേർക്ക് എതിരെ നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2011-ൽ 5561-ഉം 2012-ൽ 7489-ഉം 2013-ൽ 9144-ഉം ഹ്യൂമൻ റൈറ്റ്സ് മിസലേനിയസ് പെറ്റീഷനുകൾ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പരാതികൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഏത് അധികാരസ്ഥാനത്തിന് എതിരായുള്ള പരാതികളാണെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പോലീസുമായി ബന്ധപ്പെട്ട് ടി വർഷങ്ങളിൽ എത്ര കേസുകൾ വന്നുവെന്ന് വ്യക്തമാക്കാൻ കഴിയില്ല.

(സി) ഇല്ല. ഇത്തരത്തിൽ ആരോപിക്കപ്പെട്ട ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പോലീസ് കസ്റ്റഡിയിലും തടവറകളിലും മനുഷ്യാവകാശ ലംഘനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വ്യക്തികളുടെ മൗലികാവകാശങ്ങൾ നിഷേധിക്കുന്ന സമിതിയിലേക്ക് പോലീസ് മാറിയിട്ടില്ല. സ്ത്രീയും പുരുഷനും ഒന്നിച്ച് സഞ്ചരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

തടഞ്ഞതുമായി ബന്ധപ്പെട്ട് ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ഒരാളെ സസ്പെന്റ് ചെയ്യുകയും ടിയാനെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(എഫ്) സ്റ്റേറ്റ് പോലീസ് കംപ്ലെയിന്റ് അതോറിറ്റി പ്രവർത്തനം ആരംഭിച്ചശേഷം 19-6-2014 വരെ ആകെ 925 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 435 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

### ലോക്കപ്പ് മർദ്ദനം

181 (3472) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ലോക്കപ്പ് മർദ്ദനം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ലോക്കപ്പ് മർദ്ദനം സംബന്ധിച്ച എത്ര പരാതി ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് എത്രപേർ ഈ സർക്കാർ വന്നശേഷം നാളിതുവരെ മരണപ്പെട്ടു ; അവർ ആരൊക്കെ ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഈ കാലയളവിനുള്ളിൽ 18 വയസ്സിന് താഴെയുള്ള എത്ര കുട്ടികളെ ലോക്കപ്പ് മർദ്ദനത്തിന് വിധേയമാക്കി ; ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ ; വ്യക്തമാക്കുമോ ;

(ഇ) ലോക്കപ്പ് മർദ്ദനം സംബന്ധിച്ച പരാതികളിന്മേൽ എത്ര പോലീസുകാരുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് ഈ കാലയളവിനുള്ളിൽ എത്ര പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ; അവർ ആരെല്ലാം ; വ്യക്തമാക്കുമോ ;

(എഫ്) ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് മരണപ്പെട്ട കുടംബത്തിന് ഈ കാലയളവിനുള്ളിൽ എന്ത് തുകയുടെ സാമ്പത്തികസഹായം അനുവദിച്ചു ; ഏതൊക്കെ കുടുംബങ്ങൾക്ക്, എത്ര തുകവീതം ; വ്യക്തമാക്കുമോ ;

(ജി) ലോക്കപ്പ് മർദ്ദനം ഒഴിവാക്കുന്നതിനും ഇതിലേർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് ലോക്കപ്പ് മർദ്ദനം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ലോക്കപ്പ് മർദ്ദനം സംബന്ധിച്ച് 2 പരാതികൾ ലഭിച്ചിട്ടുണ്ട്. (തിരുവനന്തപുരം റൂറൽ-1, ആലപ്പുഴ-1)

(സി) ലോക്കപ്പ് മർദ്ദനത്തെത്തുടർന്ന് ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ആരും മരണപ്പെട്ടിട്ടില്ല.

(ഡി) ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ 18 വയസ്സിന് താഴെയുള്ള കുട്ടിയെ ലോക്കപ്പ് മർദ്ദനത്തിന് വിധേയമാക്കിയതായി പരാതി ഉണ്ടായിട്ടുണ്ട്.

(ഇ) ലോക്കപ്പ് മർദ്ദനം സംബന്ധിച്ച പരാതികളിന്മേൽ 5 പോലീസുദ്യോഗസ്ഥൻ ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ കാലയളവിനുള്ളിൽ 2 പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. 1. ഗ്രേഡ് എസ്.ഐ. കൃഷ്ണകുമാർ, 2. വനിതാ സി. പി. ഒ. ജസീന്ത (രണ്ടുപേരും ആലപ്പുഴ ജില്ല.)

(എഫ്) ബാധകമല്ല.

(ജി) ലോക്കപ്പ് മർദ്ദനം ഗുരുതര കുറ്റകൃത്യമായി പരിഗണിക്കുമെന്നും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഇത്തരം പ്രവർത്തനങ്ങൾ പോലീസിന്റെ അന്തസ്സിന് കോട്ടം തട്ടുമെന്നും അറിയിച്ചുകൊണ്ട് എല്ലാ പോലീസുദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## കസ്റ്റഡി മരണങ്ങൾ

**182 (3473)** ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കുറ്റക്കാരെന്ന് റിപ്പോർട്ടുചെയ്തിട്ടുള്ള കസ്റ്റഡി മരണങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ബി) മറ്റ് കാരണങ്ങൾമൂലം ഉണ്ടായിട്ടുള്ള കസ്റ്റഡി മരണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## രജിസ്റ്റർ ചെയ്യപ്പെട്ട ക്രിമിനൽ കേസ്സുകൾ–കസ്റ്റഡി മരണങ്ങൾ

**183 (3474)** ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2014 മേയ് 31 വരെ എത്ര കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി ; ജില്ലാടിസ്ഥാന ത്തിൽ വിവരം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2014 മേയ് 31 വരെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി ; എത്ര സ്ത്രീ പീഡനകേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2014 മേയ് 31 വരെ 7 പോലീസ് കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2014 മേയ് 31 വരെ ആകെ 16,47,210 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. 41,678 സ്ത്രീ പീഡനകേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

### കസ്റ്റഡി മരണമടഞ്ഞവരുടെ കുടുംബത്തിന് ധനസഹായം

184 (3475) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്റ്റഡി മരണങ്ങൾ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് സംഭവിച്ചതെന്നും മരണപ്പെട്ടവർ ആരൊക്കെ എന്നും വ്യക്തമാക്കുമോ ;

(ബി) മരണപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായം നൽകുകയുണ്ടായോ ; എങ്കിൽ അത് എത്ര എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംഭവിച്ച കസ്റ്റഡി മരണങ്ങൾ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് നടന്നതെന്നും മരണപ്പെട്ടവർ ആരൊക്കെയെന്നുമുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

### കേരള പോലീസിന്റെ പ്രവർത്തനം നിരീക്ഷിക്കൽ

185 (3476) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിൽ പരിഷ്കൃത സമൂഹത്തിന് ചേരാത്തവിധം പ്രവർത്തനംനടത്തുന്ന കുറച്ച് ഉദ്യോഗസ്ഥർ ഇപ്പോഴും ഉണ്ടെന്ന ആക്ഷേപം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളാ പോലീസിന്റെ ഓരോ സ്റ്റേഷനിലുമുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഉയർന്ന പോലീസുദ്യോഗസ്ഥർ പരിശോധിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിന് ജനമൈത്രി പോലീസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

## നിയമസഭാസാമാജികർ പോലീസ് സ്റ്റേഷനിൽ ഹാജരാകുന്നതിന് നോട്ടീസ്

186 (3477) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ നിയമസഭാ സാമാജികരെ പോലീസ് സ്റ്റേഷനിലേക്ക് വിളിക്കേണ്ടതായി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഏതെല്ലാം നിയമസഭാ സാമാജികരെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടു ; ഏതെല്ലാം പോലീസുദ്യോഗസ്ഥർ പ്രസ്തുത ജനപ്രതിനിധികൾക്ക് നോട്ടീസ് നൽകുകയുണ്ടായി ;

(സി) പ്രാഥമിക മൊഴിയെടുക്കലിന്റെ ഭാഗമായി നിയമസഭാ സാമാജികരെ സ്റ്റേഷനിലേക്ക് നോട്ടീസ് അയച്ച് വിളിച്ചുവരുത്തുന്ന നടപടി നിയമാനുസൃതമാണോ ;

(ഡി) പോലീസ് കസ്റ്റഡിയിൽ എടുത്തവരെ വിട്ടയയ്ക്കാൻ പോലീസ് സ്റ്റേഷനുകളിൽ പോയതായി പറയപ്പെടുന്ന മന്ത്രിമാരടക്കമുള്ള കാബിനറ്റ് റാങ്കുള്ളവർ ആരെല്ലാം ; കൃത്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചതിന് ഇവരുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ട് നിയമസഭാ സാമാജികരെ നിയമാനുസരണം വിളിക്കേണ്ടതായി വന്നിട്ടുണ്ട്.

(ബി) 1. ബഹുമാനപ്പെട്ട ഉടുമ്പൻചോല എം.എൽ.എ. ശ്രീ. കെ. കെ. ജയചന്ദ്രനെ മൂന്നാർ പോലീസ് ഇൻസ്പെക്ടർ ഓഫീസിൽ ഹാജരാകുന്നതിന് നോട്ടീസ് നൽകിയിരുന്നു.

2. ബഹുമാനപ്പെട്ട കണ്ണൂർ എം.എൽ.എ. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ഹാജരാകുവാൻ നോട്ടീസ് നൽകിയിരുന്നു.

(സി) അതെ.

(ഡി) ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

**കാപ്പ നിയമപ്രകാരമുള്ള കേസുകൾ**

**187 (3478)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേരുടെ പേരിൽ കാപ്പ നിയമപ്രകാരം പോലീസ് കേസ്സെടുത്തിട്ടുണ്ട് ; ഈ നിയമപ്രകാരം എത്ര പേരെ നാടുകടത്തിയിട്ടുണ്ട് ; നാടുകടത്തിയവരുടെ പേരും അവർ ചെയ്ത കുറ്റവും വ്യക്തമാക്കുമോ ;

(ബി) സി.പി.ഐ. (എം), ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ എത്രപേരുടെപേരിൽ കാപ്പ നിയമപ്രകാരം കേസ്സെടുത്ത് നാടുകടത്തിയിട്ടുണ്ട് ; പേരും അവർ ചെയ്ത കുറ്റവും വ്യക്തമാക്കുമോ ;

(സി) സി.പി.ഐ. (എം), ഡി.വൈ.എഫ്.ഐ. പ്രവർത്തകരല്ലാത്ത, ഈ കുറ്റം ചുമത്തിയവരുടെ രാഷ്ട്രീയ പശ്ചാത്തലം വ്യക്തമാക്കുമോ ;

(ഡി) കാപ്പ നിയമം ചുമത്താൻ കാരണമായ കുറ്റകൃത്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ കുറ്റം ചുമത്തി പുതുതായി എത്രപേർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട് ; അവരുടെ രാഷ്ട്രീയ പശ്ചാത്തലവും ജില്ലതിരിച്ചുള്ള കണക്കും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം കരുതൽ തടങ്കൽ നിയമമാണ്. അതുകൊണ്ട് തന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ, അറിയപ്പെടുന്ന ഗുണ്ടയോ, അറിയപ്പെടുന്ന റൗഡിയോ ആയി കണക്കാക്കാവുന്ന ആളുകളെ, അവർ ചെയ്ത കുറ്റകൃത്യങ്ങൾക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

ശിക്ഷയായല്ല മറിച്ച് അവർ തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും തടയുന്നതിലേക്കായാണ് ഈ നിയമപ്രകാരം നടപടി സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 430 പേരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുകയും 235 പേർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കപ്പെട്ടവരെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.*

(ബി&സി) സ്ഥിരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ട് പൊതുസുരക്ഷയും പബ്ലിക് ഓർഡറിനും ഭീഷണിയാകുന്നവർക്കെതിരെയാണ് കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. രാഷ്ട്രീയ പശ്ചാത്തലം നോക്കിയല്ല ഈ നിയമത്തിൻകീഴിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് എന്നതിനാൽ അത്തരം വിശദാംശങ്ങൾ ലഭ്യമല്ല.

(ഡി) നിരന്തരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രത്യക്ഷമായോ പരോക്ഷമായോ പൊതുവ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന പ്രവർത്തികൾ ചെയ്യുന്നവരുമാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നത്. നിയമത്തിന്റെ നിർവചനത്തിൽ കീഴിൽ അറിയപ്പെടുന്ന റൗഡി, അറിയപ്പെടുന്ന ഗുണ്ട എന്നിവരായി കണക്കാക്കാവുന്ന ആളുകൾക്കെതിരെയാണ് നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിക്കുന്നത്. ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ 153A, 153B എന്നീ വകുപ്പുകൾ പ്രകാരവും ചാപ്റ്റർ XV, XVI, XVII, XXII അദ്ധ്യായങ്ങളും പ്രകാരമുള്ള ഏതെങ്കിലും കുറ്റങ്ങളോ ആയുധ നിയമത്തിലേയോ സ്ഫോടകവസ്തുക്കൾ നിയമത്തിലേയോ ഏതെങ്കിലും കുറ്റങ്ങളോ ചെയ്യുന്നവരും നിയമത്തിലെ നിർവ്വചനങ്ങൾ പ്രകാരം വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡേറ്റാ പകർപ്പവകാശ അപഹർത്താവ്, മയക്കുമരുന്ന് കുറ്റവാളി ഹവാല തട്ടിപ്പുകാരൻ, വാടക ചട്ടമ്പി, അസന്മാർഗ്ഗിക കുറ്റവാളി, കൊള്ള പലിശക്കാരൻ, വസ്തു കൈയ്യേറ്റക്കാരൻ എന്നീ ഗണത്തിൽപ്പെടുത്താവുന്ന കുറ്റങ്ങളോ ചെയ്യുന്നവർക്കെതിരെയാണ് നിയമം പ്രയോഗിക്കുന്നത്.

(ഇ) 99 പേർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. രാഷ്ട്രീയ പശ്ചാത്തലം നോക്കിയല്ല ഈ നിയമത്തിൻകീഴിൽ നടപടി സ്വീകരിക്കുന്നത് എന്നതിനാൽ അത്തരം വിശദാംശങ്ങൾ ലഭ്യമല്ല.

## ഗ്രൂപ്പ് വഴക്കുകളുടെ ഭാഗമായി രജിസ്റ്റർ ചെയ്ത കേസ്സുകൾ

188 (3479) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കോൺഗ്രസ്സ്, യൂത്ത് കോൺഗ്രസ്സ്, കെ.എസ്.യു. ഗ്രൂപ്പു വഴക്കുകളുടെ ഭാഗമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവിൽ കോൺഗ്രസ്സ്-കേരള കോൺഗ്രസ്സ്, കോൺഗ്രസ്സ്-മുസ്ലീം ലീഗ് സംഘർഷത്തിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തെന്ന് വിശദമാക്കാമോ ;

(സി) മേൽപ്പറഞ്ഞ രണ്ടുവിഭാഗങ്ങളിലുമായി എത്ര പ്രവർത്തകർക്ക് പരിക്കേറ്റെന്നും എത്രപേർ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടെന്നും എത്രപേർ കൊലചെയ്യപ്പെട്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കോൺഗ്രസ്സ്, യൂത്ത് കോൺഗ്രസ്സ്, കെ.എസ്.യു. ഗ്രൂപ്പുവഴക്കുകളുടെ ഭാഗമായി 43 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ കോൺഗ്രസ്സ്-മുസ്ലീം ലീഗ് സംഘർഷത്തിന്റെ പേരിൽ 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോൺഗ്രസ്സ് - കേരള കോൺഗ്രസ്സ് സംഘർഷങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) മേൽപ്പറഞ്ഞ രണ്ടുവിഭാഗങ്ങളിലുമായി 66 പ്രവർത്തകർക്ക് പരിക്കേൽക്കുകയും ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സംഘർഷങ്ങളിൽ ആരും കൊലചെയ്യപ്പെട്ടിട്ടില്ല.

## എ.ഐ.വൈ.എഫ്. പ്രവർത്തകർക്ക് മർദ്ദനമേറ്റ സംഭവം

**189 (3480)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഐ.വൈ.എഫ്. പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചുമായി ബന്ധപ്പെട്ട് സംസ്ഥാന പ്രസിഡന്റ് കൃഷ്ണപ്രസാദിനും വനിതാ പ്രവർത്തക ബിന്ദുരാജിനും യൂത്ത് കോൺഗ്രസ് പ്രവർത്തകരിൽനിന്നും മർദ്ദനമേറ്റ സംഭവത്തിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; പ്രസ്തുത സംഭവത്തിൽ എത്രപേരെ പ്രതികളായി കണ്ടെത്തിയിട്ടുണ്ടെന്നും പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വനിതയെ മർദ്ദിച്ച സംഭവം പ്രത്യേക കേസ്സായി രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) വനിതയെ മർദ്ദിച്ച പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകളിലാണ് കേസെടുത്തിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 981/13 u/s 143, 147, 148, 341, 326, 354, 294(b), 308 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിൽ രണ്ട് പ്രതികളെ

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ടി കേസിൽ കണ്ടാലറിയാവുന്ന 500 പേരെ പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വനിതയെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

## പൊതുപ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കുമെതിരെയുള്ള കേസ്സുകൾ

**190 (3481)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുപ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും എതിരെ, കായംകുളം, കരീലകുളങ്ങര, കനകക്കുന്ന്, മാവേലിക്കര, കുറത്തികാട്, വള്ളിക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) 2012-13 കാലയളവിൽ പ്രസ്തുത സ്റ്റേഷനുകളിലെ പരിധിയിൽ ബലാൽസംഗം, പിടിച്ചുപറി, മോഷണം, സ്ത്രീപീഡനം എന്നിവ സംബന്ധിച്ച എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കേസ്സെടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) കായംകുളം പോലീസ് സ്റ്റേഷനിൽ 14 കേസ്സുകളും കനകക്കുന്ന് പോലീസ് സ്റ്റേഷനിൽ 6 കേസുകളും മാവേലിക്കര പോലീസ് സ്റ്റേഷനിൽ 3 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റു പോലീസ് സ്റ്റേഷനുകളിൽ കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സ്ത്രീപീഡന കേസ്സുകൾ

**191 (3482)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ കേസ്സുകളിലും പ്രതികളെ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ എത്രപേർ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുണ്ട് ;

(സി) ഇക്കാര്യത്തിൽ കുറ്റവാളികളുടെ നിരക്ക് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ഇല്ല. പ്രതികൾ ഒളിവിൽ പോയ കേസ്സുകളിലും പ്രതികൾക്കെതിരെ കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ട കേസ്സുകളിലും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പരാതി തെറ്റാണെന്ന് കണ്ടെത്തിയ കേസ്സുകളിലും കോടതി ജാമ്യം നൽകിയ കേസുകളിലും അന്വേഷണാവസ്ഥയിലുള്ള കേസ്സുകളിലുമാണ് പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്തത്.

(ബി) 724 പേർ

(സി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**സോളാർകേസ് പ്രതികളുടെ വിദേശ സന്ദർശനം**

**192 (3483)** ശ്രീ. എം. എ. ബേബി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ കേസ്സന്വേഷണത്തിന്റെ ഭാഗമായി നടന്ന പരിശോധനയിൽ സരിത എസ്. നായരുടേയും ബിജു രാധാകൃഷ്ണന്റേയും പാസ്സ്പോർട്ടുകൾ പോലീസ് പിടിച്ചെടുത്തിട്ടുണ്ടോ; ഇരുവർക്കും എത്ര പാസ്പോർട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പാസ്പോർട്ട് രേഖകൾ പ്രകാരം ഇരുവരും 2011 ഏപ്രിൽ-1-ന് ശേഷം എത്ര തവണ വിദേശസന്ദർശനം നടത്തിയെന്നും അവ ഏതെല്ലാം തീയതികളിലായിരുന്നുവെന്നും എവിടെയെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സോളാർ കേസന്വേഷണത്തിന്റെ ഭാഗമായി നടന്ന പരിശോധനയിൽ സരിത എസ്. നായരുടെയും ബിജു രാധാകൃഷ്ണന്റെയും പാസ്പോർട്ടുകൾ പോലീസ് പിടിച്ചെടുത്തിട്ടില്ല.

(ബി) ഇതുസംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

**മസ്കറ്റ് ഹോട്ടലിൽവച്ച് മാനഭംഗപ്പെടുത്തിയെന്ന സരിത എസ്. നായരുടെ പരാതി**

**193 (3484)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മസ്കറ്റ് ഹോട്ടലിൽവച്ച് മാനഭംഗപ്പെടുത്തിയെന്നാരോപിച്ച് സരിത എസ്. നായർ നൽകിയ പരാതിയിന്മേൽ കേസ് എടുത്ത് അന്വേഷണം നടത്തിയിട്ടുണ്ടോ ; പ്രസ്തുത പരാതിയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തെല്ലാമാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതുസംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാം എതിരെ കേസ് എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രതിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തിട്ടുണ്ടോ ; കേസ് അന്വേഷണം നടത്തുന്നത് ആരാണ് ;

(ഡി) പ്രസ്തുത പരാതിയിൽ അന്വേഷണം നേരിടുന്ന പ്രതി മുഖ്യമന്ത്രിയെ നേരിൽ കണ്ടതായി അറിയാമോ ?

ഉത്തരം

(എ) സരിത എസ്. നായർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി വനിതാ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 6/14 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) പരാതിയിൽ എതിർകക്ഷിയായി ആരോപിക്കപ്പെട്ട അബ്ദുള്ളക്കുട്ടി എം.എൽ.എ.-യെ പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി കേസിൽ u/s 354, 354(A), 376 and 506 IPC പ്രകാരമുള്ള വകുപ്പുകൾ ചേർത്തിട്ടുണ്ട്.

(സി) ഇല്ല. തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ശ്രീമതി അജിതാബീഗം ഐ.പി.എസ്-ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിവരുന്നു.

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് നേരിൽ കണ്ടതായി വിവരമില്ല.

**കുട്ടികൾക്കെതിരെയുള്ള അതിക്രമം-വർഷംതോറുമുള്ള വർദ്ധന**

194 (3485) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്തെങ്ങും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കുട്ടികൾക്കെതിരെയുണ്ടായ കുറ്റകൃത്യങ്ങളുടെ എണ്ണവും ഓരോ വർഷം പിന്നിടുമ്പോഴും കുറ്റകൃത്യങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനയുടെ ശതമാനവും പരിശോധനാ വിഷയമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കുറ്റകൃത്യങ്ങളിൽ കൊലചെയ്യപ്പെട്ട കുട്ടികളുടെയും ബലാത്സംഗം ചെയ്യപ്പെട്ടവരുടെയും എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ ഫലപ്രദമാക്കാൻ തയ്യാറാകുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 18-5-2011 മുതൽ 31-12-2012 വരെ-855

2012 -1332

2013-1844

2014 ജൂൺ 15 വരെ-981

(സി) 2012-ന് അപേക്ഷിച്ച് 2013-ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ മരണപ്പെട്ട കുട്ടികളുടെ എണ്ണത്തിൽ 2011 വർഷത്തെ അപേക്ഷിച്ച് 2012 വർഷത്തിൽ കുറവുണ്ടായിട്ടുള്ളതും 2013 വർഷത്തിൽ വർദ്ധനവ് ഇല്ലായെന്നും കാണുന്നു. ബലാൽസംഗം ചെയ്യപ്പെട്ടവരുടെ എണ്ണത്തിൽ 2011, 2012, 2013 വർഷങ്ങളിൽ വർദ്ധനവുള്ളതായും കണക്കുകൾ സൂചിപ്പിക്കുന്നു.

(ഡി) റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെല്ലാം തന്നെ കേസുകൾ രജിസ്റ്റർ ചെയ്ത കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രി പോലീസിന്റെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെയും ആഭിമുഖ്യത്തിൽ സ്കൂളുകളിലും മറ്റും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് സ്കൂൾ ജാഗ്രതാ സമിതികൾ രൂപീകരിച്ച് കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടഞ്ഞുവരുന്നു.

## കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം

195 (3486) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കുട്ടികൾക്കെതിരെ ലൈംഗികാതിക്രമം നടത്തിയതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3147 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെല്ലാംതന്നെ കേസുകൾ രജിസ്റ്റർ ചെയ്ത കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജനമൈത്രി പോലീസിന്റെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെയും ആഭിമുഖ്യത്തിൽ സ്കൂളുകളിലും മറ്റും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് സ്കൂൾ ജാഗ്രതാസമിതികൾ രൂപീകരിച്ച് കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടഞ്ഞുവരുന്നു. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിനായി ടോൾഫ്രീ നമ്പർ 1098 (ചൈൽഡ് ലൈൻ നമ്പർ) പ്രവർത്തിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അറിയിപ്പും നൽകിയിട്ടുണ്ട്.

### സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ

196 (3487) ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെ സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്തെങ്ങും വ്യാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥിതിവിശേഷം പരിഗണിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ ;

(സി) ഇതിനായി ക്രിമിനൽ നിയമ നടപടികളിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ; സുപ്രീംകോടതി ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച ഈ സർക്കാരിന്റെ കാലത്തെ കണക്കുകൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ?

### ഉത്തരം

(എ&ബി) ഇല്ല.

(സി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കടുത്തശിക്ഷനൽകുന്നതിനായി കേന്ദ്ര സർക്കാർ 3-2-2013-ൽ ഓർഡിനൻസിലൂടെ ക്രിമിനൽ നിയമഭേദഗതി കൊണ്ടുവന്നിട്ടുണ്ട്.

(ഡി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ -41678

കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ -5143

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ

197 (3488) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയുമുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 1-6-2013 മുതൽ 31-3-2014 വരെ വിവിധ ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) 1-6-2012-ലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ കുറ്റകൃത്യങ്ങളിൽ വർദ്ധനവ് വരുവാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് സേനയെ ക്രമസമാധാനവും കുറ്റാന്വേഷണവും എന്നീ 2 വിഭാഗങ്ങളാക്കി കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ഡി) ശ്രീ. പ്രേംശങ്കർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1-6-2013 മുതൽ 31-3-2014 വരെ 11992 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പോലീസ് പൊതുജന ബന്ധം ശക്തമായി നിലനിൽക്കുന്നതു കൊണ്ട് കുറ്റകൃത്യങ്ങൾ അടിയന്തരമായി പോലീസിൽ അറിയിക്കുകയുംപോലീസിൽ ലഭിക്കുന്ന പരാതികളിലെല്ലാം തന്നെ യഥാസമയം കേസ് രജിസ്റ്റർ ചെയ്യുന്നതിനാലുമാണ് നേരിയ വർദ്ധനവുണ്ടായിട്ടുള്ളത്.

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ക്രമസമാധാനവും കുറ്റാന്വേഷണവും പരീക്ഷണാടിസ്ഥാനത്തിൽ രണ്ടുവിഭാഗങ്ങളാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിശകലനങ്ങൾ നടത്തിവരികയാണ്.

(ഡി) ഇല്ല.

## രത്നവ്യാപാരി ഹരിഹരവർമ്മയുടെ കൊലപാതകം

198 (T 3489) ശ്രീ. എം. എ. ബേബി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തു കൊല്ലപ്പെട്ട രത്നവ്യാപാരി ഹരിഹരവർമ്മയുടെ കൈവശമുണ്ടായിരുന്ന രത്നങ്ങൾ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലേതാണെന്നും അതു സംബന്ധിച്ച് അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് അദ്ദേഹത്തിന്റെ രണ്ടാം ഭാര്യ ഗിരിജാമേനോൻ കോടതിയെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

---

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഹരിഹരവർമ്മയും പത്മനാഭസ്വാമിക്ഷേത്രവും രാജകുടുംബവുമായി എന്തെങ്കിലും ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത രത്നങ്ങളുടെ യഥാർത്ഥ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) അതു സംബന്ധിച്ചുള്ള ദുരൂഹത പുറത്തുകൊണ്ടുവരാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഹരിഹരവർമ്മയുടെ മരണവുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1399/12 u/s 394, 302 & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച് പ്രതികളെ കോടതി ശിക്ഷിച്ചിട്ടുണ്ട്. കൊല്ലപ്പെട്ട രത്നവ്യാപാരി ഹരിഹരവർമ്മയുടെ കൈവശമുണ്ടായിരുന്ന രത്നങ്ങൾ ശ്രീ. പത്മനാഭസ്വാമി ക്ഷേത്രത്തിലേതാണെന്നും അതുസംബന്ധിച്ച് അന്വേഷണം വേണമെന്നുള്ള ടിയാന്റെ രണ്ടാം ഭാര്യ എന്നു പറയുന്ന ഗിരിജാ മേനോൻ കോടതിയെ സമീപിച്ചിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ഇതുസംബന്ധിച്ച ദുരൂഹത പുറത്തു കൊണ്ടുവരാൻ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് കന്റോൺമെന്റ് പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു.

## സ്ത്രീധന പീഡനം

199 (3490) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സ്ത്രീധന പീഡനം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ സ്ത്രീധനത്തിന്റെ പേരിൽ ജീവൻ അപഹരിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കേസ്സുകളുടെയും മരണങ്ങളുടെയും ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 16143 കേസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 107 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഓമന, സ്വസ്തിക എന്നിവരുടെ കൊലപാതകം സംബന്ധിച്ച് അന്വേഷണം

200 (3491) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ക്രൈം നമ്പർ 491/2014 ആയി രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്ന ആലംകോട് തുഷാരത്തിൽ ഓമന, കൊച്ചുമകൾ സ്വസ്തിക എന്നിവരുടെ കൊലപാതകവുമായി ബന്ധപ്പെട്ട കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് വിശദമാക്കാമോ ;

(ബി) പ്രസ്തുത കേസിൽ ആരെയൊക്കെയാണ് പ്രതിചേർത്തിട്ടുള്ള തെന്നും ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

### ഉത്തരം

(എ) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത ക്രൈം കേസിന്റെ അന്വേഷണം അവസാന ഘട്ടത്തിലാണ്. അന്വേഷണത്തിലാകയാൽ മറ്റു വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) 1. വിനോ മാത്യു 2. അനുശാന്തി എന്നിവരെ ഈ കേസിൽ പ്രതികളായി ഉൾപ്പെടുത്തിയിട്ടുള്ളതും രണ്ടുപേരെയും അറസ്റ്റ് ചെയ്തിട്ടുള്ളതു മാണ്. ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 491/2014-ൽ 120(B), 115, 449, 379, 324, 307 & 302 IPC എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്.

(സി) ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 491/14-മായി ബന്ധപ്പെട്ട കേസ് വാദിക്കുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ 17-6-2014-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. അപേക്ഷയിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ അഭിപ്രായം പരിശോധിച്ച് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസ്. ചെയർപേഴ്സൺ അടൂർ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി

201 (3492) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിമാലൂരിനെതിരെ പഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ അടൂർ പോലീസ് സ്റ്റേഷനിൽ മൊഴി നൽകി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഏതൊക്കെ വകുപ്പുകളാണ് എഫ്.ഐ.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; എന്നാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത് ; പ്രതിക്കെതിരെ ഇതനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാൻ കഴിയാത്തത് ; എഫ്.ഐ.ആർ.-ൽ പ്രസ്തുത വകുപ്പുകൾ ഉൾപ്പെടുത്തി കേസ്സെടുത്താൽ പ്രതികൾക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിക്കേണ്ടത് ;

(ബി) പ്രസ്തുത സംഭവത്തിൽ എഫ്.ഐ.ആർ. തയ്യാറാക്കാതെ കൃത്യവിലോപം വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെ ; ഗുരുതരമായ കൃത്യവിലോപം കാണിച്ച പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേസിന്റെ തുടർനടപടി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. ക്രൈം നമ്പർ 956/14 u/s 417, 376(2) (k) പ്രകാരം 17-5-2014-ാം തീയതി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതി ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. പ്രതിക്കെതിരെ ബലാൽസംഗ കുറ്റം ആരോപിക്കപ്പെട്ട് കേസ് രജിസ്റ്റർ ചെയ്താൽ ടിയാളെ അറസ്റ്റ് ചെയ്ത് വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കി സംഭവം സംബന്ധിച്ച് വിശദമായ തെളിവുകൾ ശേഖരിച്ച് അന്വേഷണത്തിൽ കുറ്റം ചെയ്തുവെന്ന് തെളിഞ്ഞാൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച് തുടർ നിയമ നടപടി സ്വീകരിക്കണം.

(ബി) ഇതുസംബന്ധിച്ച് 17-5-2014-ാം തീയതി പരാതിക്കാരി മൊഴി നൽകുകയും അപ്പോൾ തന്നെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ കൃത്യവിലോപം ഉണ്ടായിട്ടില്ല.

(സി) ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരികയാണ്. കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ മറ്റ് വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

**ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്**

**202 (3493)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ നിന്നും പോയ മോഹനൻ എന്ന ചെറുപ്പക്കാരൻ മരിക്കാനിടയായ സംഭവം സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നിഗമനത്തിലാണ് പ്രസ്തുത ഉദ്യോഗസ്ഥർ എത്തിച്ചേർന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഇല്ല. ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 110/14 കേസ് മലപ്പുറം നാർകോട്ടിക് സെൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരികയാണ്. ഇനി കെമിക്കൽ അനാലിസിസ് റിപ്പോർട്ട് ലഭിക്കുവാനുണ്ട്. ആയത് ലഭിച്ചു കഴിഞ്ഞാൽ മാത്രമേ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയുള്ളൂ.

**ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ തൂങ്ങിമരണം**

**203 (3494)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ തൂങ്ങിമരിച്ച യുവതിയുടെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അന്വേഷണ സംഘത്തലവനാരാണെന്നും അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) സംഘത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്രൈം ബ്രാഞ്ച് ഒ.സി.ഡബ്ല്യു. – III ഡിവൈ.എസ്.പി. ശ്രീ. എം. പി. മോഹനചന്ദ്രൻ തലവനായിട്ടുള്ള സംഘത്തിൽ വനിതാ സി.ഐ. ശ്രീമതി നീനാ കുമാരി, വനിതാ എസ്.ഐ. ശ്രീമതി സിന്ധു, എസ്.ഐ. ശ്രീ. സതീന്ദ്രൻ, എസ്.സി.പി.ഒ. ശ്രീ. ഷാഹുൽ ഹമീദ് എന്നിവർ അംഗങ്ങളാണ്.

(സി&ഡി) ഉണ്ട്. വനിതാ സി.ഐ. ശ്രീമതി നീനാ കുമാരി, വനിതാ എസ്.ഐ. ശ്രീമതി സിന്ധു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ മരിച്ച അനീഷയുടെ കുടുംബത്തിന് ധനസഹായം

204 (3495) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടപ്പാൾ ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ തൂങ്ങിമരിച്ചതായി പറയപ്പെടുന്ന അനീഷയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ സഹായമാണ് നൽകാനുദ്ദേശിക്കുന്നത് ;

(സി) ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പരിശോധിച്ചുവരുന്നു.

## കൊയിലാണ്ടി സ്വദേശിയായ യുവതി ഗുരുവായൂരിൽനിന്നും അപ്രത്യക്ഷമായത്

205 (3496) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂരിൽ ഒരു ആശ്രമത്തിൽ നിന്ന് കൊയിലാണ്ടി മുചുകുന്ന് സ്വദേശിയായ യുവതി അപ്രത്യക്ഷമായ സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) രക്ഷിതാക്കളോടൊപ്പം ആശ്രമത്തിലെത്തിയ യുവതിയുടെ തിരോധാനം സംബന്ധിച്ച് ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടായിരുന്നുവോ ; എങ്കിൽ പോലീസ് ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(സി) സംഭവവുമായി ബന്ധപ്പെട്ട് പോലീസ് ഇതുവരെ ആരിൽ നിന്നെല്ലാം തെളിവെടുത്തു ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി സംഭവുമായി ബന്ധപ്പെട്ട് യുവതിയുടെ പിതാവ് ശങ്കരൻ എന്നയാളുടെ പരാതി പ്രകാരം ഗുരുവായൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 801/14 u/s 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) സംഭവവുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശപ്രകാരം പ്രസ്തുത ആശ്രമം റെയ്ഡ് നടത്തുകയും ആശ്രമ ജീവനക്കാരിൽനിന്നും അന്തേവാസികളിൽ നിന്നും അയൽവാസികളിൽ നിന്നും തെളിവുകൾ ശേഖരിക്കുകയും സി. സി. ടി. വി. ക്യാമറയിൽ പതിഞ്ഞ ഭാഗങ്ങൾ തെളിവിലേക്കായി എടുക്കുകയും ക്രൈം കാർഡ് തയ്യാറാക്കി മറ്റ് പോലീസ് സ്റ്റേഷനുകളിലേക്ക് അയച്ചുകൊടുത്ത് അന്വേഷണം നടത്തിവരികയാണ്.

## കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ നേരെ നടന്ന പീഡനവുമായി ബന്ധപ്പെട്ട കേസുകൾ

206 (3497) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം നാളിതുവരെ സംസ്ഥാനത്ത് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുനേരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഇക്കാലയളവിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുനേരെ നടന്ന അതിക്രമങ്ങൾ, കൊലപാതകം, കൊലപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ള ആക്രമണങ്ങൾ, ബലാത്സംഗം, മാനഭംഗപ്പെടുത്തൽ, ആക്രമണങ്ങൾ എന്നിങ്ങനെ ഇനം തിരിച്ചുള്ള കുറ്റകൃത്യങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ ;

(സി) ഇക്കാലയളവിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും ദേശീയശരാശരി എത്രയായിരുന്നു ?

### ഉത്തരം

(എ) 2376 കേസുകൾ. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2376 അതിക്രമങ്ങളിൽ 7 കൊലപാതകങ്ങൾ, 5 കൊലപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ള ആക്രമണങ്ങൾ. 1287 ബലാൽസംഗം, 493 മാനഭംഗങ്ങൾ, 584 ആക്രമണങ്ങൾ.

(സി) എൻ. സി. ആർ. ബി. പ്രസിദ്ധീകരിച്ച ക്രൈം ഇൻ ഇന്ത്യ കണക്കുകളിൽ ദേശീയ ശരാശരി ലഭ്യമല്ല.

## കാണാതായ വിവാഹപ്രായമെത്തിയ പെൺകുട്ടികൾ-കാസർഗോഡ്

207 (3498) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവാഹപ്രായമെത്തിയ പെൺകുട്ടികൾ കാണാതായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇങ്ങനെ കാണാതെപോയ പെൺകുട്ടികളെ കണ്ടെത്തിയിട്ടുണ്ടോ ; എത്ര കുട്ടികളെ കണ്ടെത്തി ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 136 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കാണാതായ പെൺകുട്ടികളെ കണ്ടെത്തുന്നതിനായി ക്രൈം കാർഡ് തയ്യാറാക്കി മറ്റ് പോലീസ് സ്റ്റേഷനുകളിലേക്ക് അയച്ചു കൊടുത്തും പത്ര-മാധ്യമങ്ങളിൽ കൂടിയും സോഷ്യൽ മീഡിയ വഴിയും കാണാതായ കുട്ടികളെ സംബന്ധിച്ചുള്ള അറിയിപ്പ് നൽകിയും മൊബൈൽ ഫോൺ പിന്തുടർന്ന് വിവരങ്ങൾ ശേഖരിച്ചും കാണാതായ കുട്ടികളുടെ സഹപാഠികൾ, അദ്ധ്യാപകർ, ബന്ധുക്കൾ, അയൽക്കാർ എന്നിവരിൽനിന്നും വിവരങ്ങൾ ശേഖരിച്ചും ഊർജ്ജിതമായ അന്വേഷണം നടത്തിയും വരുന്നു.

(സി) ഉണ്ട്. കാണാതെ പോയ 136 പെൺകുട്ടികളിൽ 133 പേരെയും കണ്ടെത്തിയിട്ടുണ്ട്. കാണാതായ പെൺകുട്ടികളെ കണ്ടെത്തി കോടതികളിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭൂരിഭാഗവും കമിതാക്കൾക്കൊപ്പമാണ് പോയതെന്നും സ്വന്ത ഇഷ്ടപ്രകാരമാണ് പോയതെന്നും കോടതിയെ അറിയിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**കാസർഗോഡ് മുളിയാർ കാട്ടിപ്പള്ളം സ്വദേശി റസീനയുടെ ആത്മഹത്യ**

208 (3499) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുളിയാർ കാട്ടിപ്പള്ളം സ്വദേശി മുഹമ്മദ്കുഞ്ഞിയുടെ മകൾ റസീന 2014 മാർച്ച് മാസത്തിൽ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേസ് അന്വേഷിക്കുന്നതാരാണ് ; ഇതു സംബന്ധിച്ച അന്വേഷണ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. അദൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 134/2014 u/s 57 KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസന്വേഷണത്തിൽ ടി റസീന മരണപ്പെട്ടതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ Sec. 174 Cr.PC ആയി alter

ചെയ്ത് അന്വേഷണം നടത്തുകയും അന്വേഷണത്തിൽ സുനിൽ ചന്ദ്രൻ @ സുർജി, S/o ചന്ദ്രൻ എന്നയാൾ ടി റസീനയുമായി പ്രണയത്തിലായിരുന്നുവെന്നും ടിയാന്റെ പ്രേരണയാലും പ്രവർത്തിയാലുമാണ് ടി റസീന ആത്മഹത്യ ചെയ്യുവാൻ ഇടയായതെന്നും വെളിവായതിന്റെയടിസ്ഥാനത്തിൽ കേസിന്റെ Sec. 306 IPC ആയി മാറ്റി അന്വേഷണം നടത്തിവരികയാണ്.

(സി) പ്രസ്തുത കേസന്വേഷണം നടത്തി വരുന്നത് അടൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറാണ്. ഈ കേസിൽ പ്രതിയായി ചേർക്കപ്പെട്ട സുനിൽ ചന്ദ്രനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. ഈ കേസിന്റെ തുടരന്വേഷണത്തിൽ മരണപ്പെട്ട റസീന ഉപയോഗിച്ചിരുന്ന ഫോൺ ബന്തവസിലെടുക്കുകയും ഫോണിലെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം എഫ്.എസ്.എൽ. സൈബർ അനാലിസിസ് വിംഗിൽ പരിശോധനയ്ക്കായി അയച്ചുകൊടുത്തിരിക്കുകയുമാണ്.

**പ്രകാശിന്റെ മരണം-ക്രൈം ബ്രാഞ്ച്**

**209 (3500)** ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പൂയപ്പള്ളി പഞ്ചായത്തിൽ പാണയം ജയഭവനിൽ ആർ. ബാലകൃഷ്ണന്റെ മകൻ പ്രകാശിനെ 12-12-2011 വൈകിട്ട് 7 മണിക്ക് മൈലോട് ഇളവാംകോണം ഇറക്കത്ത് വച്ച് ജെ.സി.ബി. ഓടിച്ച് കയറ്റി കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കേസ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

(ഡി) കേസിലെ കുറ്റക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രകാശിന്റെ മരണം സംബന്ധിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 25-11-2011-ലും 22-2-2012-ലും മുഖ്യമന്ത്രിക്ക് പ്രകാശിന്റെ അച്ഛൻ പരാതി നൽകിയതായി അറിയാമോ ;

(എഫ്) എങ്കിൽ പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൂയപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1121/11 u/s 304(A) പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ Sec. 304 Part 2 & 34 IPC പ്രകാരമുള്ള കുറ്റംകൂടി ചുമത്തുകയുണ്ടായി.

(ബി) ഈ കേസിലെ ഒന്നാം പ്രതി ലൈസൻസില്ലാതെ ജെ.സി.ബി. ഓടിച്ചുകൊണ്ട് 12-12-2011 വൈകിട്ട് 7 മണിക്ക് പൂയപ്പള്ളി അമ്പലംകുന്ന്

LIBRARY ARCHIVES Kerala Legislative Assembly

റോഡിൽ പടിഞ്ഞാറ് നിന്നും കിഴക്കോട്ട് ഓടിച്ച് വന്ന് കെ.എൽ.2 ക്യൂ. 1014 നമ്പർ മോട്ടോർ സൈക്കിളിലിടിച്ച് ഗുരുതര പരിക്കേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് ടി പ്രകാശ് മരണപ്പെട്ടുവെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ കേസിന്റെ അന്വേഷണം പൂർത്തിയാക്കി 17-1-2014-ൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു.

(സി) കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. വിചാരണ ആരംഭിച്ചിട്ടില്ല.

(ഡി) ടി കേസിലെ രണ്ടു പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) 3-1-2012-ന് ഇത്തരത്തിലൊരു നിവേദനം ലഭിച്ചിട്ടുണ്ട്.

(എഫ്) ടി കേസിലെ രണ്ട്പ്രതികളെയും അറസ്റ്റ് ചെയ്ത് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ പരിഗണനയിലില്ല.

## കോടാലിയിൽ പോസ്റ്റുമാനായിരുന്ന ശ്രീ. ജയരാമന്റെ ദുരൂഹ സാഹചര്യത്തിലെ മരണം

210 (3501) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ മറ്റത്തൂർ പഞ്ചായത്തിലെ കോടാലിയിൽ പോസ്റ്റ്മാനായിരുന്ന ശ്രീ. ജയരാമൻ ദുരൂഹസാഹചര്യത്തിൽ മരിച്ചവിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കേസിന്റെ പുരോഗതി വിശദമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 624/14.

(സി) ജയരാമന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിൽ ഏതോ വാഹനം ഇടിച്ചതിൽ വെച്ചാണ് മരണപ്പെട്ടതെന്ന് പോസ്റ്റുമോർട്ടം ചെയ്ത ഡോക്ടർ മൊഴി നൽകിയിട്ടുള്ളതിനാൽ വാഹനം കണ്ടെത്തുന്നതിന് ഊർജ്ജിതമായ തെരച്ചിൽ നടത്തിവരുന്നു. കൂടാതെ, അമിതമായി മദ്യപിച്ച് സ്വബോധം നഷ്ടപ്പെട്ട ജയരാമനെ കോടാലിയിലുള്ള ബാറിൽനിന്നും പുറത്ത് കൊണ്ട് കിടത്തിയാൽ ഏതെങ്കിലും വാഹനം ഇടിച്ചോ മറ്റോ ജയരാമന്റെ ജീവന് അപകടം സംഭവിക്കാൻ സാധ്യതയുണ്ടെന്ന് അറിയാമായിരുന്നിട്ടും അപ്രകാരം ചെയ്ത മൂന്ന് ബാർ ജീവനക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ശ്രീജിത്തിന്റെ മരണം സംബന്ധിച്ച അന്വേഷണം

211 (3502) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് റൂറൽ വടകര പോലീസ് സ്റ്റേഷൻ പരിധിയിലെ ചെമ്മരത്തൂരിൽ 21-4-2014-ന് ആത്മഹത്യചെയ്ത ശ്രീജിത്ത് എന്നയാളുടെ മരണം സംബന്ധിച്ച് പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രീജിത്തിന്റെ മരണത്തിൽ അന്താരാഷ്ട്ര ബന്ധമുള്ള മയക്കുമരുന്ന് ലോബിക്ക് പങ്കുണ്ടെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെന്നും കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടകര പോലീസ് സ്റ്റേഷൻ പരിധിയിലെ ചെമ്മരത്തൂരിൽ ശ്രീജിത്ത് എന്നയാളുടെ ആത്മഹത്യ സംബന്ധിച്ച് ക്രൈം നമ്പർ 489/14 u/c Un-Natural Death ആയി കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം പൂർത്തിയാക്കി Death due to Hanging ആയി കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ശ്രീജിത്തിന്റെ മരണത്തിൽ അന്താരാഷ്ട്ര മയക്കുമരുന്ന് ലോബിക്ക് പങ്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിമാനത്താവളംവഴിയുള്ള സ്വർണ്ണ-കള്ളക്കടത്ത്

212 (3503) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 കാലയളവിൽ സംസ്ഥാനത്തെ വിമാനത്താവളങ്ങളിലൂടെ സ്വർണ്ണം കള്ളക്കടത്ത് നടത്തിയതിന് എത്ര പേരെയാണ് പിടികൂടിയിട്ടുള്ളത് ; എത്ര കിലോ സ്വർണ്ണമാണ് പിടിച്ചെടുത്തിട്ടുള്ളത് ;

(ബി) അപ്രകാരം കൊണ്ടുവരുന്ന സ്വർണ്ണം വാങ്ങിക്കുന്ന ഏതെങ്കിലും സ്വർണ്ണവ്യാപാരികളെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അവരുടെ പേരിൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

### വ്യാജ പാസ്പോർട്ട് മാഫിയ

213 (3504) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് വ്യാജ പാസ്പോർട്ടുകൾ പിടികൂടിയ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വ്യാജ പാസ്പോർട്ട് സംഘടിപ്പിച്ച് കൊടുക്കുന്ന നിരവധി ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ടെന്നും ഇതുവഴി നിരവധി പേർ വ്യാജവിലാസത്തിൽ പാസ്പോർട്ട് സംഘടിപ്പിച്ചതായുമുള്ള പത്രവാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വ്യാജ പാസ്പോർട്ട് മാഫിയയ്ക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 624 സംഭവങ്ങൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

### അനധികൃത സ്വർണ്ണ കള്ളക്കടത്തും കൈവശം വയ്ക്കലും

214 (3505) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അനധികൃത സ്വർണ്ണം കൈവശം വച്ചതിനും സ്വർണ്ണം കള്ളക്കടത്ത് നടത്തിയതിനും എതിരെ സംസ്ഥാനത്ത് എടുത്ത കേസുകളുടെ എണ്ണം കഴിഞ്ഞ മൂന്നുവർഷം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

### യത്തീംഖാനയിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കടത്തികൊണ്ടുവന്ന സംഭവം

215 (3506) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യത്തീംഖാനയിലേക്ക് അന്യസംസ്ഥാനത്തുനിന്നും കുട്ടികളെ കടത്തിക്കൊണ്ടുവന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട വിഷയത്തിൽ പോലീസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എഫ്.ഐ.ആറുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) കോടതിയിൽ സമർപ്പിച്ച എഫ്.ഐ.ആറുകൾ റദ്ദാക്കാൻ ഹർജികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അന്വേഷണം നടത്തുന്ന ക്രൈംബ്രാഞ്ച് സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ് ?

ഉത്തരം

(എ) രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എഫ്ഐ.ആർ. കളുടെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിശദവിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

**ദാറുൽ ഹുർഖാൻ ഇസ്ലാമിക് സെന്റർ പോലീസ് പൂട്ടി സീൽ ചെയ്തതിനുകാരണം**

**216 (3507)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട്-തെങ്കര-ചിറപ്പാലം എന്ന സ്ഥലത്ത് ദാറുൽ ഹുർഖാൻ ഇസ്ലാമിക് സെന്റർ എന്ന സ്ഥാപനം പോലീസ് പൂട്ടി സീൽ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) മതപാഠശാലകളും, സെമിനാരികളും നടത്തുന്നതിന് എവിടെ നിന്നാണ് ലൈസൻസ് എടുക്കേണ്ടത് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) മണ്ണാർക്കാട്-തെങ്കര-ചിറപ്പാലം എന്ന സ്ഥലത്ത് ദാറുൽ ഹുർഖാൻ ഇസ്ലാമിക് സെന്റർ എന്ന സ്ഥാപനം പോലീസ് പൂട്ടി സീൽ ചെയ്തിട്ടില്ല. എന്നാൽ അനധികൃതമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ജില്ലാ സാമൂഹ്യനീതി ഓഫീസർ പൂട്ടി സീൽ ചെയ്യുന്ന നടപടിക്രമങ്ങൾക്ക് മതിയായ സംരക്ഷണം നൽകുക മാത്രമാണ് പോലീസ് ചെയ്തിട്ടുള്ളത്. സാമൂഹ്യനീതി ഓഫീസറുടെ അന്വേഷണത്തിൽ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം അംഗീകാരം ഇല്ലാത്ത സ്ഥാപനമാണ് ദാറുൽ ഹുർഖാൻ ഇസ്ലാമിക് സെന്റർ എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അടിസ്ഥാന സൗകര്യം പോലും ഇല്ലാത്ത താൽക്കാലിക ടിൻ ഷെഡ്ഡിൽ 10 വയസ്സ് മുതൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

22 വയസ്സ് വരെ പ്രായമുള്ള 65-ഓളം കുട്ടികളെ വൃത്തിഹീനമായ സാഹചര്യത്തിൽ താമസിപ്പിച്ചുവരുന്നു എന്നും കുട്ടികൾ സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണെന്നും സ്ഥാപനത്തിന്റെ പേരിൽ വൻ പണപ്പിരിവ് നടന്ന് വരുന്നുണ്ടെന്നും ഇന്റലിജൻസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലും ജില്ലാ കളക്ടർ ഈ സ്ഥാപനം അടച്ച് പൂട്ടുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

**217 (3508)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജനമൈത്രി പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) സംസ്ഥാനത്ത് ഇപ്പോൾ 248 ജനമൈത്രി പോലീസ് സ്റ്റേഷനുകളാണുള്ളത്.

(ബി&സി) വിവിധ വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, പരിശീലനം എന്നിവയിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ, ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ, ബ്ലേഡ് മാഫിയ പ്രവർത്തനങ്ങൾ, സ്കൂൾ പരിസരത്തുള്ള മയക്കുമരുന്ന് വിൽപ്പന തുടങ്ങി വിവിധ കുറ്റകൃത്യങ്ങൾ തടയുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടാതെ, അതത് ജില്ലാ പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി പരിഷ്കരിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് തയ്യാറാക്കി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പോലീസ് സ്റ്റേഷനുകളില്ലാത്ത അസംബ്ലി മണ്ഡലങ്ങൾ**

**218 (3509)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളില്ലാത്ത അസംബ്ലി നിയോജകമണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസ് സ്റ്റേഷൻ ഇല്ലാത്ത മണ്ഡലങ്ങളിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് ഇവ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ തവനൂർ നിയോജകമണ്ഡലത്തിൽ പോലീസ് സ്റ്റേഷൻ ഇല്ല.

(ബി&സി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. തവനൂരിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം അതോടൊപ്പം പരിശോധിച്ച് ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പോത്തൻകോട് കേന്ദ്രമായി പോലീസ് സർക്കിൾ

219 (3510) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് സർക്കിളുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പോലീസ് ഹെഡ് ക്വാർട്ടേഴ്സ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ടിന്റെകീഴിൽ ഏറ്റവും കൂടുതൽ വി.വി.ഐ.പി.-കൾ വന്നുപോകുന്ന ശാന്തിഗിരി ആശ്രമം ഉൾപ്പെടെ സ്ഥിതിചെയ്യുന്ന പോത്തൻകോട് കേന്ദ്രമായി ഒരു പോലീസ് സർക്കിൾ ആരംഭിക്കാൻ പോലീസ് ഹെഡ്ക്വാർട്ടേഴ്സ് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് എന്നാണ് ഗവൺമെന്റിന് ലഭിച്ചത് ;

(ഡി) അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(ഇ) നടപ്പ് സാമ്പത്തികവർഷം തന്നെ പോത്തൻകോട് കേന്ദ്രമായി പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) പോത്തൻകോട് കേന്ദ്രമായി ഒരു സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസൽ 4-3-2013-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പര്യാപ്തമല്ലാത്തതിനാൽ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

220 (3511) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ എത്ര വർഷമായി വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെയും സ്ഥലപരിമിതിയുടെയും അഭാവംമൂലം എഴുകോൺ പോലീസ് സ്റ്റേഷൻ വളരെയധികം പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്താൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) 25 വർഷത്തിലധികമായി (1-8-1988 മുതൽ) എഴുകോൺ പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 238/14/റവന്യൂ തീയതി 4-6-2014 പ്രകാരം റവന്യൂ വകുപ്പിന് കീഴിലുള്ള 40.51 ആർ ഭൂമി എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## കായംകുളം ചെട്ടികുളങ്ങര ക്ഷേത്രത്തിൽ പോലീസ് എയ്ഡ് പോസ്റ്റ്

221 (3512) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിലെ പ്രശസ്തമായ ചെട്ടികുളങ്ങര ക്ഷേത്രത്തിൽ സ്ഥിരമായി ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കായംകുളം മണ്ഡലത്തിലെ പ്രശസ്തമായ ചെട്ടികുളങ്ങര ക്ഷേത്രത്തിൽ വെള്ളി, ഞായർ ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും വനിതാ പോലീസ് ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. തിരക്ക് കൂടുതലുള്ള ദിവസങ്ങളിലും വിശേഷ ദിവസങ്ങളിലും ആവശ്യമായ അധികം പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിക്കാറുണ്ട്. ആയതിനാൽ അവിടെ ഒരു സ്ഥിരം എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

**ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ**

**222 (3513)** ശ്രീ. പി. ബി. അബ്ദുൾ റസാക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എപ്പോൾ പോലീസ് സ്റ്റേഷൻ ആരംഭിക്കാനാകുമെന്നും, ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉപ്പളയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം ഇതോടൊപ്പം പരിശോധിക്കുന്നതാണ്.

**കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് 'ഐക്കരപ്പടി' കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ**

**223 (3514)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് 'ഐക്കരപ്പടി' കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് 67514/ഇ1/2013/ആഭ്യന്തരം എന്ന ഫയലിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുകാവ് പഞ്ചായത്തിലെ ഐക്കരപ്പടി കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ചെറുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**മംഗലത്ത് പോലീസ് സ്റ്റേഷൻ-മലപ്പുറം**

224 (3515) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തീരദേശ മേഖലയായ മംഗലത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മംഗലം കൂട്ടായി തീരദേശമേഖലയിൽ താൽക്കാലിക കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കണ്ണൂർ ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ**

225 (3516) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഏതൊക്കെ പോലീസ് സ്റ്റേഷനുകളാണുള്ളത് ;

(ബി) അത്തരം പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത 4 പോലീസ് സ്റ്റേഷനുകളാണുള്ളത്. 1. കണ്ണവം, 2. പയ്യാവൂർ, 3. പരിയാരം മെഡിക്കൽ കോളേജ്, 4. മയ്യിൽ.

(ബി) മയ്യിൽ പോലീസ് സ്റ്റേഷന് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് നടപടികൾ സർക്കാർ തലത്തിലും കണ്ണവം, പയ്യാവൂർ, പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുകൾക്ക് ഭൂമി കണ്ടെത്തുന്നത് സംബന്ധിച്ച നടപടികൾ വകുപ്പുതലത്തിലും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## തൃക്കരിപ്പൂർ അയിറ്റിയിൽ പോലീസ് സ്റ്റേഷൻ

**226 (3517)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ അയിറ്റിയിൽ കഴിഞ്ഞ സർക്കാർ അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാൻ കഴിയാതെവന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) തീരദേശ പോലീസ് സ്റ്റേഷൻ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) തൃക്കരിപ്പൂർ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റോഡപകടങ്ങളും മരണങ്ങളും

**227 (3518)** ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങളും മരണങ്ങളും കുറഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഈ സർക്കാരിന്റെ കാലത്ത് റോഡപകടങ്ങളെക്കുറിച്ച് പോലീസ് വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ;

(ഡി) റോഡപകടങ്ങൾ കുറയ്ക്കാൻ പോലീസ് വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കുറഞ്ഞിട്ടുണ്ട്. ജനുവരി 2013 മുതൽ മെയ് 2013 വരെയും ജനുവരി 2014 മുതൽ മെയ് 2014 വരെയുമുള്ള കണക്കുകൾ അനുസരിച്ച് റോഡപകടങ്ങളും മരണങ്ങളും കുറഞ്ഞതായി കാണുന്നു. വിശദ വിവരങ്ങൾ അനുബന്ധം (1)-ൽ ചേർത്തിരിക്കുന്നു. *

(ബി) & (സി) റോഡപകടങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ എല്ലാ മാസവും ശേഖരിക്കുകയും ആയവ അവലോകനം ചെയ്യുകയും റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. ഗുരുതര സ്വഭാവമുള്ള അപകടങ്ങളുടെ കണക്കുകൾ ശേഖരിക്കുകയും അതിന്റെ കാരണങ്ങൾ വിശദമായി അന്വേഷണം നടത്തുകയും മേലിൽ അത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട ശുപാർശകൾ സഹിതം സ്റ്റേറ്റ് ലെവൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റിക്ക് സമർപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ജില്ലാ പോലീസ് മേധാവി കൺവീനറായും RTO, Executive Engineer (NH) PWD, Engineer (R&B) PWD എന്നിവർ മെമ്പർമാരായും ജില്ലാതല സമിതിയും പ്രവർത്തിച്ചുവരുന്നു. സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ടി ഹൈവേ ജാഗ്രതാ സമിതികൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചിട്ടുള്ളതും കൂടാതെ റോഡ് സേഫ്റ്റി അതോറിറ്റി ഫലപ്രദമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

## 2011 മുതൽ 2014 മാർച്ച് 31 വരെയുള്ള റോഡപകടങ്ങൾ

**228 (3519)** ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും റോഡപകടങ്ങളിൽ എത്രപേർ വീതം മരണപ്പെട്ടുവെന്നാണ് ആഭ്യന്തരവകുപ്പ് കണക്കാക്കിയിട്ടുള്ളത്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) 2011 മുതൽ 2014 മാർച്ച് 31 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പാതകളെ ചോരക്കളമാക്കിയ എത്ര അപകടങ്ങൾ നടന്നിട്ടുണ്ട്;

(സി) ഇരുചക്ര വാഹനയാത്രികരാണോ അപകടങ്ങളിൽ കൂടുതലായും പെടുന്നത്; എങ്കിൽ പ്രസ്തുത വർഷങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വർഷങ്ങളിൽ ഇരുചക്ര വാഹനാപകടങ്ങളുടെ എണ്ണം എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത വർഷങ്ങളിൽ കെ. എസ്. ആർ. ടി. സി. ബസ്സപകടങ്ങളിൽ എത്രപേരും സ്വകാര്യ ബസ്സപകടങ്ങളിൽ എത്രപേരും മരണപ്പെട്ടുവെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എഫ്) പ്രസ്തുത വർഷങ്ങളിൽ ട്രക്ക്, കാറുകൾ, മുച്ചക്രവാഹന അപകടങ്ങളിൽ മരണപ്പെട്ടവർ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത വർഷങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഡ്രൈവിംഗ് മുഖേനയും പരിശോധനകളിലുംപെട്ട് മരണപ്പെട്ടവർ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത വർഷങ്ങളിൽ മുഖ്യമന്ത്രി, മന്ത്രിമാർ ഉൾപ്പെടെയുള്ള ക്യാബിനറ്റ് റാങ്ക് ഉള്ളവരുടെ വാഹനമോ ഇവരുടെ പൈലറ്റ് വാഹനമോ ഇടിച്ച് എത്രപേർ മരണപ്പെട്ടുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ ക്യാബിനറ്റ് റാങ്ക് ഉള്ള ആരുടെയൊക്കെ വാഹനമാണ് ഇത്തരത്തിലുള്ള അപകടത്തിനു കാരണമായതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓരോ വർഷവും റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ എടുക്കാറുണ്ട്. പ്രസ്തുത കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 2011 മുതൽ 2014 മാർച്ച് 31 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പാതകളിൽ സംഭവിച്ച ഗുരുതരമായ അപകടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2011 | 3,896 |
| 2012 | 4,013 |
| 2013 | 3,972 |
| 2014 മാർച്ച് 31 വരെ | 994 |

(സി) ഇരുചക്രവാഹന യാത്രികരാണ് അപകടങ്ങളിൽ കൂടുതലായും ഉൾപ്പെടുന്നത്. പ്രസ്തുത വർഷങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2011 | 1,434 |
| 2012 | 1,580 |
| 2013 | 1,763 |
| 2014 മാർച്ച് 31 വരെ | 455 |

(ഡി)

| | |
|---|---|
| 2011 | 14,328 |
| 2012 | 15,674 |
| 2013 | 16,333 |
| 2014 മാർച്ച് 31 വരെ | 4,810 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)

| വർഷം | കെ.എസ്.ആർ.ടി.സി.ബസ് | പ്രൈവറ്റ് ബസ് |
|---|---|---|
| 2011 | 197 | 486 |
| 2012 | 216 | 541 |
| 2013 | 198 | 479 |
| 2014 മാർച്ച് 31 വരെ | 65 | 123 |

(എഫ്)

| വർഷം | ട്രക്ക് | കാറുകൾ | മുച്ചക്രവാഹനങ്ങൾ |
|---|---|---|---|
| 2011 | 350 | 756 | 319 |
| 2012 | 391 | 762 | 334 |
| 2013 | 364 | 802 | 310 |
| 2014 മാർച്ച് 31 വരെ | 96 | 175 | 96 |

(ജി) പോലീസ് ഉദ്യോഗസ്ഥർ ഓടിച്ച വാഹനം അപകടത്തിൽപ്പെട്ടത് മുഖേന മരണപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| 2011 | 2 |
| 2012 | 3 |
| 2013 | 4 |
| 2014 മാർച്ച് 31 വരെ | 2 |

പോലീസ് ഉദ്യോഗസ്ഥരുടെ പരിശോധനകളിൽപ്പെട്ട് ആരുംതന്നെ മരിച്ചിട്ടില്ല.

(എച്ച്) പ്രസ്തുത വർഷങ്ങളിൽ മുഖ്യമന്ത്രി, മന്ത്രിമാർ ഉൾപ്പെടെയുള്ള ക്യാബിനറ്റ് റാങ്ക് ഉള്ളവരുടെ വാഹനമിടിച്ച് 4 പേരും പൈലറ്റ് വാഹനമിടിച്ച് 2 പേരും മരണപ്പെട്ടിട്ടുണ്ട്.

1. 2011-ൽ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ വാഹനമിടിച്ച് 2 പേർ മരണപ്പെട്ടു.



LIBRARY ARCHIVES Kerala Legislative Assembly

2\. 2012-ൽ ഡെപ്യൂട്ടി സ്പീക്കറുടെ വാഹനമിടിച്ച് ഒരാളും, നഗരകാര്യ വകുപ്പുമന്ത്രിയുടെ വാഹനമിടിച്ച് ഒരാളും മരണപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ 2011-ൽ മുൻ ഫിഷറീസ് വകുപ്പുമന്ത്രിയുടെ പൈലറ്റ് വാഹനമിടിച്ച് ഒരാളും, 2013-ൽ ഗതാഗത വകുപ്പുമന്ത്രിയുടെ പൈലറ്റ് വാഹനമിടിച്ച് ഒരാളും മരണപ്പെട്ടിട്ടുണ്ട്.

### ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടവർ

229 (3520) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുചക്രവാഹനമോടിക്കുമ്പോൾ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) എന്തെങ്കിലും അസുഖബാധിതരെ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം അസുഖമുള്ളവരെയാണ് ഒഴിവാക്കിയിട്ടുള്ളത് ; ആയതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ആരെയും ഒഴിവാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല.

### ഇരുചക്ര വാഹനയാത്രക്കാരോടുള്ള പോലീസിന്റെ നയം

230 (3521) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ദിവസംതന്നെ പല കേന്ദ്രങ്ങളിൽ തടഞ്ഞുനിർത്തി പോലീസ് ഹെൽമറ്റ് പരിശോധന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരമുള്ള ഇരുചക്രവാഹന പരിശോധന ലഘൂകരിക്കുവാനും വാഹനയാത്രക്കാരോട് സൗഹൃദമായി പെരുമാറുന്നതിനും പോലീസിന് നിർദ്ദേശം നൽകുമോ ; ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വാഹന യാത്രക്കാരോട് സൗഹൃദമായി പെരുമാറണമെന്നും വാഹന പരിശോധന സൗഹൃദ അന്തരീക്ഷത്തിൽ തന്നെ നടത്തണമെന്നും വാഹനത്തിന്റെ സമീപനം ചെന്ന് പരിശോധന നടത്തണമെന്നും കർശന

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനങ്ങളും നൽകിവരുന്നു. വാഹന പരിശോധന നടത്തുന്നത് നിയമലംഘകരെ പിടികൂടി ശിക്ഷിക്കുന്നതിനുവേണ്ടിയാണ്. ആയതിനാൽ വാഹന പരിശോധന ലഘൂകരിക്കുവാൻ നിലവിലുള്ള നിയമം അനുസരിച്ച് വ്യവസ്ഥയില്ല.

**ഇരുചക്ര വാഹനങ്ങൾക്ക് പിഴ ചുമത്തുന്ന രീതി**

231 (3522) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒളിക്യാമറ പ്രയോഗത്തിലൂടെ ഇരുചക്രവാഹനങ്ങൾക്ക് പിഴ ചുമത്തുന്ന നടപടി നിയമവിരുദ്ധമാണോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സാധാരണക്കാരായ ടു വീലർ യാത്രക്കാരെ കുറ്റവാളികളെപ്പോലെ കൈകാര്യം ചെയ്യുന്നനടപടി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) സർക്കാർ നിർദ്ദേശ പ്രകാരം ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി വിവിധ തരത്തിലുള്ള നിരീക്ഷണ ക്യാമറകൾ സംസ്ഥാനത്തെ പല റോഡുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തി പിഴ ഈടാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇത് നിയമ വിരുദ്ധമല്ല.

(ബി) ടൂവീലർ യാത്രക്കാരെ കുറ്റവാളികളെപ്പോലെ കൈകാര്യം ചെയ്യുന്ന നടപടി പോലീസ് സ്വീകരിച്ചിട്ടില്ല. കുറ്റകൃത്യങ്ങൾ കണ്ടെത്തുവാനും ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനുമാണ് വാഹന പരിശോധന പോലീസ് നടത്തിവരുന്നത്.

**ട്രാഫിക് നിയമലംഘന കേസ്സുകൾ**

232 (3523) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്ത് എത്ര ട്രാഫിക് നിയമലംഘന കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) 2013 ജനുവരി മുതൽ ഡിസംബർ വരെ ട്രാഫിക് നിയമ ലംഘനവുമായി ബന്ധപ്പെട്ട്, സംസ്ഥാനത്ത് 3,09,535 കേസ്സുകളും 45,91,791 പെറ്റി കേസ്സുകളും ഉൾപ്പെടെ 49,01,326 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ട്രാഫിക് നിയമലംഘനത്തെത്തുടർന്ന് 66,51,87,866 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ**

233 (3524) ശ്രീമതി ജമീലാ പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ വളപ്പിൽ സൂക്ഷിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും അസൗകര്യം സൃഷ്ടിക്കുന്ന തരത്തിൽ സൂക്ഷിക്കുന്ന വാഹനങ്ങളെ പ്രസ്തുത സ്ഥലത്ത് നിന്നും മാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സൂക്ഷിക്കുന്നുണ്ട്.

(ബി) നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ പരിസരത്ത് നിന്നും വാഹനങ്ങൾ മാറ്റുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**മണൽക്കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ**

234 (3525) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ അനധികൃത മണൽക്കടത്തുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങളാണ് വിവിധ പോലീസ് സ്റ്റേഷനുകളിലായി പിടിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പിടിക്കപ്പെട്ട വാഹനങ്ങൾ വർഷങ്ങളായി സ്റ്റേഷനുകളുടെ സമീപത്ത് തുരുമ്പെടുത്ത് നശിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത മണൽക്കടത്തുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 1980 വാഹനങ്ങളും 79 തോണികളും പിടിച്ചെടുത്തിട്ടുണ്ട്.

(ബി) പിടിക്കപ്പെട്ട വാഹനങ്ങൾ സംബന്ധിച്ച് കോടതി/റവന്യൂ അധികാരികൾ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വാഹനാപകടങ്ങൾ**

**235 (3526)** ശ്രീ പി. ബി. അബ്ദുൾ റസാക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ നാഷണൽ ഹൈവേയിൽ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷത്തിൽ മഞ്ചേശ്വരം മണ്ഡലത്തിലെ നാഷണൽ ഹൈവേയിൽ എത്ര അപകടങ്ങൾ ഉണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) വാഹന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2013-ൽ 57 വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് ജനങ്ങൾക്ക് അവബോധം നൽകിയും സ്പീഡ് റഡാർ, അൾട്രാ മീറ്റർ എന്നിവ ഉപയോഗിച്ച് കർശന പരിശോധന നടത്തിയും പ്രധാനപ്പെട്ട സ്ഥലത്ത് ക്യാമറ സ്ഥാപിച്ചും ഹൈവേ പോലീസിന്റെ സേവനം ലഭ്യമാക്കിയും അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും പരമാവധി അപകടങ്ങൾ കുറയ്ക്കാൻ ശ്രമിച്ചുവരുന്നു.

**വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ**

**236 (3527)** ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്ത് എത്രപേർ വിവിധ വാഹനാപകടങ്ങളിൽ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ?

**ഉത്തരം**

4,258 പേർ വിവിധ വാഹനാപകടങ്ങളിൽ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം സിറ്റി | - | 195 |
| തിരുവനന്തപുരം റൂറൽ | - | 361 |
| കൊല്ലം സിറ്റി | - | 265 |
| കൊല്ലം റൂറൽ | - | 174 |

| | |
|---|---|
| പത്തനംതിട്ട | - 140 |
| ആലപ്പുഴ | - 394 |
| കോട്ടയം | - 272 |
| ഇടുക്കി | - 95 |
| എറണാകുളം സിറ്റി | - 151 |
| എറണാകുളം റൂറൽ | - 345 |
| തൃശ്ശൂർ സിറ്റി | - 133 |
| തൃശ്ശൂർ റൂറൽ | - 308 |
| പാലക്കാട് | - 347 |
| മലപ്പുറം | - 354 |
| കോഴിക്കോട് സിറ്റി | - 182 |
| കോഴിക്കോട് റൂറൽ | - 185 |
| വയനാട് | - 54 |
| കണ്ണൂർ | - 193 |
| കാസർഗോഡ് | - 110 |
| ആകെ | 4,258 |

**ഓട്ടോറിക്ഷായാത്രക്കാരുടെ പരാതികൾ**

237 (3528) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടോറിക്ഷാ യാത്രക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിന് പ്രീ-പെയ്ഡ് കൗണ്ടറുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; എന്തുകൊണ്ടാണ് അപ്രകാരം ഒരു തീരുമാനം എടുക്കുവാൻ കാരണമെന്ന് പറയാമോ ;

(ബി) നിലവിൽ ഓട്ടോറിക്ഷാ യാത്രക്കാർക്കുള്ള പരാതികൾ എങ്ങനെയാണ് സ്വീകരിക്കുന്നത് എന്നു പറയാമോ ; ഇപ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ നടപടിയെടുക്കാൻ പോലീസിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ; പരാതിപ്പെട്ടികളിലൂടെ ലഭിക്കുന്ന പരാതികളുടെ ആധികാരികത പരിശോധിക്കുവാൻ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓട്ടോറിക്ഷാ യാത്രക്കാർക്ക് പോലീസ് സ്റ്റേഷൻവരെ വന്ന് പരാതി നൽകുന്നത് ഒഴിവാക്കുന്നതിനായി ചില ജില്ലകളിലെ പ്രീ-പെയ്ഡ് കൗണ്ടറുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) നേരിട്ടും, തപാൽ, ഇ-മെയിൽ, എസ്.എം.എസ്., വാട്സ്-ആപ്, ടെലിഫോൺ എന്നിവ മുഖാന്തിരവും പരാതികൾ സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ, പരാതിക്കാരെ ഫോണിൽ വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചും ഓട്ടോഡ്രൈവർമാരെ വിളിച്ചു വരുത്തി പരാതിയെക്കുറിച്ച് ചോദിച്ചും പരാതിയുടെ ആധികാരികത പരിശോധിച്ചുവരുന്നു.

## കൊട്ടാരക്കരയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

238 (3529) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.സി. റോഡും ദേശീയപാതയും സംഗമിക്കുന്ന കൊട്ടാരക്കരയിൽ വർദ്ധിച്ചുവരുന്ന ട്രാഫിക് കുറ്റകൃത്യങ്ങളും വാഹന അപകടങ്ങളുടെ എണ്ണവും കണക്കിലെടുത്ത് ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) കൊട്ടാരക്കരയിലെ ട്രാഫിക് യൂണിറ്റിനെ കേസ് രജിസ്റ്റർചെയ്യാൻ അധികാരമുള്ള സ്റ്റേഷനായി വിജ്ഞാപനം ചെയ്തിരുന്നോ ; ഇല്ലെങ്കിൽ അപ്രകാരം വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇതു സംബന്ധിച്ച് പ്രൊപ്പോസൽ വകുപ്പുതലത്തിൽ പരിശോധച്ചുവരുന്നു.

## കോഴിക്കോട് സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതികൾ

239 (3530) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ പരാതികൾ ലഭിച്ചാൽ പരാതിക്കാരന് കൈപ്പറ്റു രസീത് നൽകാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 2014 ജനുവരിമാസം മുതൽ എത്ര പരാതികൾ ലഭിച്ചുവെന്നും എത്രയെണ്ണത്തിന് കൈപ്പറ്റു രസീത് നൽകിയെന്നും വിശദമാക്കുമോ ;

(സി) കൈപ്പറ്റു രസീത് നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2014 ജനുവരി മാസം മുതൽ 744 പരാതികൾ ലഭിക്കുകയും മുഴുവൻ പരാതികൾക്കും കൈപ്പറ്റുരസീത് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഉത്തരം (എ&ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കാസർഗോഡ് ജില്ലയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**

240 (3531) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ നിലവിലുണ്ടോ ;

(ബി) നിലവിലുള്ള ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തിയിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് ഇതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് ; ഇല്ലെങ്കിൽ ആരെങ്കിലും ഇക്കാര്യം സംബന്ധിച്ച ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) നിലവിലില്ല.

(ബി&സി) 2-4-2012-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 97/2012/ആഭ്യന്തരം പ്രകാരം കാസർഗോഡ് ട്രാഫിക് യൂണിറ്റ്, ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തി ഉത്തരവായിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**അഗ്നിശമന സേനയിലെ പരിഷ്കാരങ്ങൾ**

241 (3532) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയിൽ പരിഷ്ക്കരണങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് ജംഗ്പാംഗി കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം ;

(ബി) സംസ്ഥാനത്ത് പുതിയതായി ഫയർ സ്റ്റേഷൻ നിർമ്മിക്കണമെന്ന് കമ്മീഷൻ റിപ്പോർട്ട് നിർദ്ദേശിച്ചത് എവിടെയെല്ലാമാണ് ;

(സി) കമ്മീഷൻ നിർദ്ദേശങ്ങൾ അനുസരിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഡി) മിഷൻ 676 പ്രകാരം പുതുതായി എവിടെയെല്ലാമാണ് അഗ്നിശമന സേന നിലയങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ഇ) മുൻ സർക്കാരിന്റെ ഭരണകാലയളവിൽ പ്രഖ്യാപിക്കപ്പെട്ട കൊയിലാണ്ടി അഗ്നിശമന നിലയം സ്ഥാപിക്കുന്നത് മിഷൻ 676-ൽ പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ;

(എഫ്) അഗ്നിശമന വിഭാഗം മേധാവികൾ വരെ അനുകൂലമായി റിപ്പോർട്ട് ചെയ്തിട്ടുള്ള കൊയിലാണ്ടിയുടെ കാര്യത്തിൽ എന്ത് തീരുമാനമെടുക്കും എന്നത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജംഗ്പാംഗി കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. RMSI പഠന റിപ്പോർട്ട് ബ്ലൂപ്രിന്റായി സ്വീകരിച്ച് സംസ്ഥാനത്തെ ഫയർ സ്റ്റേഷനുകളുടെ എണ്ണം 228 ആക്കുക.

2. അഗ്നിശമന ഉപാധികളുടെ എണ്ണത്തിനും ഉപയോഗത്തിനുമനുസരിച്ച് മാൻ പവർ വർദ്ധിപ്പിക്കുക. അവശ്യസേവനങ്ങൾ അനുയോജ്യമാംവിധം നൽകുന്നതിന് 4216 പുതിയ തസ്തികകൾ സൃഷ്ടിക്കുക. ഒരു സ്റ്റേഷന് മിനിമം രണ്ട് പമ്പിംഗ് യൂണിറ്റുകളെങ്കിലും ഉണ്ടായിരിക്കുക. മിഡിൽ ലെവൽ/ സൂപ്പർവൈസറി ലെവൽ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുക.

3. 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ നിരാകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 20 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ 2014-2015 വർഷത്തിൽ തന്നെ മാറ്റി പുതിയവ വാങ്ങുകയും ചെയ്യുക.

4. ആധുനിക അഗ്നിശമന ഉപകരണങ്ങൾ രണ്ട് വർഷത്തിനകം തന്നെ വകുപ്പിൽ ലഭ്യമാക്കുക.

5. ആസ്ഥാന കാര്യാലയങ്ങൾ സൂപ്പർവൈസറി തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുക, കമ്മ്യൂണിക്കേഷൻ വിംഗും കൺട്രോൾ റൂമും ഫയർ പ്രിവൻഷൻ വിംഗും രൂപീകരിക്കുക.

6. കമാന്റന്റ് ജനറലിന്റെ അധീനതയിൽ രണ്ട് ഡയറക്ടറേറ്റുകൾ രൂപീകരിക്കുക, ഓപ്പറേഷൻസ് ഡയറക്ടറേറ്റും അഡ്മിനിസ്ട്രേഷൻ ഡയറക്ടറേറ്റും. മിനിസ്റ്റീരിയൽ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുക.

7. എല്ലാ സ്റ്റേഷനുകളിലും ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം നിലവിൽ വരുത്തുക. ലാന്റ് ലൈൻ ടെലിഫോൺ കണക്ഷൻ



LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്ത ഓഫീസുകളിൽ ഉടൻ കണക്ഷൻ ലഭ്യമാക്കുക. വകുപ്പിലെ കമ്മ്യൂണിക്കേഷൻ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

8. ഇ-ഗവേണൻസും പൂർണ്ണ കമ്പ്യൂട്ടർ വത്കരണവും നടപ്പിലാക്കുക. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയിൽ കമ്പ്യൂട്ടർ ലാബ് രൂപീകരിച്ച് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുക.

9. ഡെലിഗേഷൻ ഓഫ് പവർ വർദ്ധിപ്പിക്കുക. പവർ ഡീസെൻട്രലൈസ് ചെയ്യുക.

10. എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ സ്പെഷ്യൽ അലവൻസുകൾ വർദ്ധിപ്പിക്കുക. ഓപ്പറേഷണൽ ഡ്യൂട്ടിക്ക് പ്രത്യേക യൂണിഫോം പ്രാബല്യത്തിൽ വരുത്തുക.

11. അഗ്നിശമന സേനാംഗങ്ങൾക്ക് സ്വയം രക്ഷയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക.

12. ഡ്യൂട്ടി മീറ്റ് നടത്തുക.

13. സ്ഥലം ലഭ്യമായ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനും എല്ലാ സ്റ്റേഷനുകളോടനുബന്ധിച്ചും ഫാമിലി ക്വാർട്ടേഴ്സ് പണിയുന്നതിനും ഫണ്ട് ലഭ്യമാക്കുക. പണി നടത്തുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ചുതലപ്പെടുത്തുക.

14. വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ നവീകരണവും പുതിയ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക.

15. വകുപ്പിലെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുക. സ്റ്റേഷൻ ഓഫീസറെ ഡ്രോയിംഗ് ഓഫീസറാക്കുക.

16. അഗ്നിശമന രക്ഷാ പ്രവർത്തനങ്ങൾക്ക് പ്രോട്ടോക്കോൾ നടപ്പിലാക്കുക.

17. സേനാംഗങ്ങൾക്ക് നീന്തൽ പരിശീലനം നിർബന്ധമാക്കുക. പ്രൊമോഷൻ കോഴ്സുകൾക്ക് ഓഫീസ് മാനേജ്മെന്റും കമ്പ്യൂട്ടർ പ്രാക്ടിക്കലും വിഷയമാക്കുക.

(ബി) ഇടപ്പള്ളി, ഏരൂർ, വാഴോട്ടുകോണം, പാപ്പനംകോട്, ഉള്ളൂർ, കലവൂർമണ്ണഞ്ചേരി, കറിനംകുളം, പൂങ്കുളം, പുന്നപ്ര, വടുതല, കഞ്ഞിക്കുഴി (ആലപ്പുഴ), കങ്കാരപ്പടി (എറണാകുളം), പെരുമ്പടപ്പ് (കൊച്ചി), ശാസ്തമുഗൾ (എറണാകുളം), ഇടത്തല, നടക്കാവ്, ഞാറയ്ക്കൽ, ചൊവ്വ, മണൽ (ചിറയ്ക്കൽ) പുതിയ തെരുവ് (ചിറയ്ക്കൽ), തോട്ടട, ഇടയ്ക്കാട്, പാപ്പിനിശ്ശേരി, ചെറുതാഴം, ഭേദിര, നീലേശ്വരം, ചെറുവത്തൂർ, വാഴപ്പിള്ളി (കൊല്ലം),

LIBRARY ARCHIVES Kerala Legislative Assembly

ചന്ദനത്തോപ്പ്, കാവനാട്, അഞ്ചൽ, ഏറ്റുമാനൂർ, ചിങ്ങവനം, വൈക്കം, തൊണ്ടയാട്, കുന്നത്തുപാലം, പാവങ്ങാട് ജംഗ്ഷൻ (പുതിയങ്ങാടി), പയ്യോളി, കൊയിലാണ്ടി, കുമാരസ്വാമി, പൂവാട്ടുപറമ്പ്, രാമനാട്ടുകര (കോഴിക്കോട്), നൂറടി, പാണക്കാട്, മഞ്ചേരി, താനൂർ, ചങ്കുവെട്ടി, പാത്തനത്താണി, കൊണ്ടോട്ടി, ഇടപ്പാൾ, റെയിൽവേ കോളനി (പാലക്കാട്), ഒല്ലൂർ, മണ്ണുത്തി, ഒലരിക്കര കെൽട്രോൺ നഗർ (തൃശ്ശൂർ), വള്ളിക്കുന്നം, ചേപ്പാട്, വേഴപ്ര, കോലഞ്ചേരി, മുട്ടം, വണ്ടിപ്പെരിയാർ, കുടുക്കിമൊട്ട, മങ്കാട്ടുപറമ്പ്, പെരിങ്ങത്തൂർ, പെരളശ്ശേരി, എട്ടിക്കുളം, കൊറ്റില, ചെങ്ങലായി, പയ്യാവൂർ, ആലക്കോട്, കുമ്പള, ബെണ്ടിച്ചൽ, തച്ചങ്ങാട്, കാഞ്ഞിലപ്പൊയിൽ, മുണ്ടയത്തടുക്ക, മുലാരിയ, മാലക്കല്ല്, ആദിച്ചനല്ലൂർ, പാരിപ്പള്ളി, ഓടനാവട്ടം, ചവറ, പത്തനാപുരം, കുളത്തൂപ്പുഴ, കുമരകം, എരുമേലി, ചെമ്മരതൂർ, വെള്ളുവമ്പ്രം, വേങ്ങര, പാടപ്പറമ്പ്, കൂട്ടായി, പരപ്പനങ്ങാടി, വളാഞ്ചേരി, പാണ്ടിക്കാട്, ഇടവണ്ണ, കാളിക്കാവ്, ചുങ്കത്തറ, ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, കുറ്റനാട്, നാട്ടുകൽ, മുണ്ടൂർ, കൊല്ലങ്കോട്, കോഴഞ്ചേരി, പന്തളം, ഏനാത്ത്, ഉതിമൂട്, പമ്പ, കല്ലമ്പലം, ശാർക്കര, ബാലരാമപുരം, വെഞ്ഞാറമൂട്, വിളപ്പിൽശാല, പെരുങ്കടവിള, കള്ളിക്കാട്, പൊൻമുടി, ചേർപ്പ്, ഇടക്കലത്തൂർ, തൃപ്രയാർ, പാവറട്ടി, കൊടകര, പഴയന്നൂർ, പട്ടിക്കാട്, വെറ്റിലപ്പാറ, വൈത്തിരി, മക്കിയാട്, തലപ്പുഴ.

(സി) കമ്മീഷന്റെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

(ഡി-എഫ്) സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം മുൻഗണനാക്രമത്തിൽ പരിഗണിച്ച് വരികയാണ്. കൊയിലാണ്ടിയിൽ സ്ഥിരമായി ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൊയിലാണ്ടി നഗരസഭ നൽകാമെന്ന് തീരുമാനിച്ചിട്ടുള്ള സ്ഥലം ഫയർ ആന്റ് റെസ്ക്യു വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. എന്നിരുന്നാലും താൽക്കാലികമായി ഒരുക്കിയിരിക്കുന്ന കെട്ടിടത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പര്യാപ്തമാണോയെന്ന് പരിശോധിച്ചുവരുന്നു.

## പുതിയ ഫയർ സ്റ്റേഷനുകൾ

242 (3533) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണനാ പട്ടിക തയ്യാറാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പട്ടിക നിലവിൽ വന്നതിനുശേഷം പുതിയ ഫയർ സ്റ്റേഷൻ ആരംഭിച്ചതെവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 21-12-2011-ൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3764/2011/ആഭ്യന്തരം പ്രകാരം.

(ബി)

| | സ്ഥലം | ജില്ല |
|---|---|---|
| 1 | എരുമേലി | കോട്ടയം |
| 2 | ചവറ | കൊല്ലം |
| 3 | വിതുര | തിരുവനന്തപുരം |
| 4 | ഹരിപ്പാട് | ആലപ്പുഴ |
| 5 | മുള്ളൻകൊല്ലി | വയനാട് |
| 6 | പട്ടാമ്പി | പാലക്കാട് |
| 7 | വൈക്കം | കോട്ടയം |
| 8 | പട്ടിമറ്റം | എറണാകുളം |
| 9 | കൊണ്ടോട്ടി | മലപ്പുറം |
| 10 | വൈത്തിരി | വയനാട് |
| 11 | മഞ്ചേരി | മലപ്പുറം |
| 12 | കൊല്ലംകോട് | പാലക്കാട് |
| 13 | വൈപ്പിൻ | എറണാകുളം |
| 14 | പത്തനാപുരം | കൊല്ലം |
| 15 | തിരൂരങ്ങാടി | മലപ്പുറം |
| 16 | മൂലമറ്റം | ഇടുക്കി |
| 17 | മറ്റണൂർ | തൃശ്ശൂർ |
| 18 | വളാഞ്ചേരി | മലപ്പുറം |
| 19 | അടിമാലി | ഇടുക്കി |
| 20 | അരൂർ | ആലപ്പുഴ |
| 21 | കൊയിലാണ്ടി | കോഴിക്കോട് |
| 22 | വെഞ്ഞാറമൂട് | തിരുവനന്തപുരം |

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പട്ടിക നിലവിൽ വന്നശേഷം വിതുരയിലും ഹരിപ്പാടും മൂലമറ്റത്തും കൊടുങ്ങല്ലൂരും പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു.

**ദുരന്തനിവാരണ ഫണ്ടുപയോഗിച്ച് വാങ്ങിയ ജീവൻരക്ഷാ ഉപകരണങ്ങൾ**

243 (3534) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്കാവശ്യമായ എന്തെല്ലാം ജീവൻരക്ഷാ ഉപകരണങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വാങ്ങിയ ഉപകരണങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ; ഇതിൽ ഏതെല്ലാം ഉപകരണങ്ങൾ ഏതെല്ലാം ഫയർസ്റ്റേഷനുകൾക്ക് നൽകിയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ വിവിധ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് നൽകിയിട്ടുള്ള ജീവൻരക്ഷാ/ അഗ്നിപ്രതിരോധ ഉപകരണങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം A ആയി ചേർത്തിരിക്കുന്നു.*

(ബി) കോഴിക്കോട് ജില്ലയ്ക്ക് പ്രത്യേകമായി ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ ആസ്ഥാന ഓഫീസിൽ നിന്നും ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ കോഴിക്കോട് ജില്ലയിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിൽ നൽകിയിട്ടുണ്ട്. അവയുടെ സ്റ്റേഷൻ തിരിച്ചുള്ള വിവരം അനുബന്ധം B ആയി ചേർത്തിരിക്കുന്നു.*

**കായംകുളത്തെ അഗ്നിശമന സേനയ്ക്ക് ആധുനിക സൗകര്യങ്ങൾ**

244 (3535) ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തെ അഗ്നിശമന സേനയ്ക്ക് നിലവിലുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത സജ്ജീകരണങ്ങൾ വർത്തമാന സാഹചര്യങ്ങളെ നേരിടുവാൻ പര്യാപ്തമാണോ ;

(സി) പ്രസ്തുത അഗ്നിശമന സേനയ്ക്ക് അത്യാധുനിക സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കായംകുളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ താഴെപ്പറയുന്ന വാഹനങ്ങളും ഉപകരണങ്ങളും നിലവിൽ ഉണ്ട്.

| | |
|---|---|
| വാട്ടർ ടെണ്ടർ | 2 എണ്ണം |
| ക്രാഷ് ടെണ്ടർ | 1 " |
| വാട്ടർ ലോറി | 1 " |
| ആംബുലൻസ് | 1 " |
| മോട്ടോർ ബൈക്ക് വിത്ത് വാട്ടർ മിസ്റ്റ് | 1 " |
| ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ് | 1 " |
| ഫ്ളോട്ട് പമ്പ് | 1 " |
| പോർട്ടബിൾ പമ്പ് | 1 " |
| അസ്കാലൈറ്റ് | 1 " |
| റബ്ബർ ഡിങ്കി വിത്ത് ഒ.ബി. എഞ്ചിൻ | 1 " |
| ചെയിൻ സോ | 2 " |

(ബി) പര്യാപ്തമാണ്.

(സി) അത്യാധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് കായംകുളം അഗ്നിരക്ഷാ നിലയത്തിന് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

## ആലപ്പുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കാൻ നടപടി

245 (3536) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ വളരെകാലപ്പഴക്കം ചെന്ന വാഹനങ്ങളാണ് ഉപയോഗിച്ചുവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആലപ്പുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ പുതിയതായി എമർജൻസി ടെണ്ടർ വാഹനവും റിക്കവറി വാഹനവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ദേശീയപാത, തീരദേശം, കയർ ഫാക്ടറികൾ, ചെമ്മീൻ സംസ്കരണ ഫാക്ടറികൾ, കനാലുകൾ എന്നിവിടങ്ങളിൽ അപകടങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്താൻ ആവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും ആലപ്പുഴ ഫയർ സ്റ്റേഷനിൽ ലഭ്യമല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ 10 വർഷം മുതൽ 12 വർഷം വരെ പഴക്കമുള്ള വാഹനങ്ങളാണ് ഉപയോഗച്ചുവരുന്നത്.

(ബി) പുതുതായി എമർജൻസി ടെണ്ടറും റിക്കവറി വാഹനവും വാങ്ങുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) താഴെപ്പറയുന്ന ഉപകരണങ്ങളാണ് ആലപ്പുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

| | | |
|---|---|---|
| 1 | ഹൈഡ്രോളിക് റെസക്യൂ ടൂൾസ് | 1 സെറ്റ് |
| 2 | സ്പീഡ് ബോട്ട് | 2 എണ്ണം |
| 3 | സ്കൂബ സെറ്റ് | 1 " |
| 4 | അസ്കലൈറ്റ് | 1 " |
| 5 | ചെയിൻസോ | 1 " |
| 6 | റബർ ടിങ്കി വിത്ത് ഒ.ബി. എഞ്ചിൻ | 1 " |
| 7 | ന്യൂമാറ്റിക് ബാഗ് | 1 " |
| 8 | ജനറേറ്റർ | 1 " |
| 9 | ഫ്ളോട്ട് പമ്പ് | 1 " |
| 10 | പോർട്ടബിൾ പമ്പ് | 1 " |

ടി ഉപകരണങ്ങൾ ടി രക്ഷാപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ പര്യാപ്തമാണ്.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

246 (3537) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3764/2011/ആഭ്യന്തരം, തീയതി 21-12-2011 പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരിച്ച അടുത്ത 5 വർഷങ്ങൾക്കുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിലും പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തിയ പഠനത്തിലും വെള്ളരിക്കുണ്ട് ഉൾപ്പെട്ടിട്ടില്ല. എന്നിരുന്നാലും ആവശ്യകത അനുസരിച്ച് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകി പരിഗണിക്കുന്നുണ്ട്. സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് വെള്ളരിക്കുണ്ട് ആസ്ഥാനമാക്കി ഫയർ സറ്റേഷൻ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഉടുമ്പൻചോല ആസ്ഥാനമായ നെടുങ്കണ്ടത്ത് ഫയർ സ്റ്റേഷൻ**

**247 (3538)** ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) കൽകൂന്തൽ വില്ലേജിലെ സർവ്വേ നമ്പർ 143-ൽപ്പെട്ട റവന്യൂ വകുപ്പ് വക 85 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറ്റംചെയ്തു ലഭിച്ചിട്ടുണ്ടോ ;

(സി) ഉടുമ്പൻചോല താലൂക്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ; ഫയർ സ്റ്റേഷന്റെ സേവനം ഈ വർഷം തന്നെ ലഭ്യമാക്കുമോ ?

**ഉത്തരം**

(എ) 21-12-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3764/2011/ആഭ്യന്തരം പ്രകാരം സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത 5 വർഷങ്ങൾക്കുള്ളിൽ തുറക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ നെടുങ്കണ്ടം ഉൾപ്പെട്ടിട്ടില്ല. എന്നിരുന്നാലും റവന്യൂ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചുവരുന്നു.

(ബി&സി) ടി സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചുവരുന്നു.

**ഉപ്പള ഫയർ സ്റ്റേഷനിലെ ജീവനക്കാരുടെ എണ്ണം**

**248 (3539)** ശ്രീ. പി. ബി. അബ്ദുൾ റസാക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള ഫയർ സ്റ്റേഷനിൽ നിലവിൽ ഏതൊക്കെ ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഉപ്പള ഫയർ സ്റ്റേഷനിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തതുൾപ്പെടെ നിരവധി പരാധീനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫയർ സ്റ്റേഷന് കെട്ടിടം പണിയുന്നതിനും, ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉപ്പള ഫയർ സ്റ്റേഷനിൽ ലീഡിംഗ് ഫയർമാൻ തസ്തികയിൽ 1 ഒഴിവും ഫയർമാൻ തസ്തികയിൽ 2 ഒഴിവും നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫയർ സ്റ്റേഷന് കെട്ടിടം പണിയുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൊടുവള്ളി ഫയർ സ്റ്റേഷന്റെ പേര് മാറ്റം**

**249 (3540)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി ഫയർ സ്റ്റേഷന്റെ പേര് നരിക്കുനി ഫയർ സ്റ്റേഷൻ എന്ന് മാറ്റിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് ;

(ബി) ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) നരിക്കുനിയിൽ ഫയർ സ്റ്റേഷൻ കെട്ടിടമുണ്ടാക്കുന്നതിന് ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കൊടുവള്ളി നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട ടി ഫയർ സ്റ്റേഷൻ നരിക്കുനിയിൽ സ്ഥിതിചെയ്യുന്നത് കൊണ്ട് പേര് നരിക്കുനി ഫയർ സ്റ്റേഷൻ എന്നാക്കി മാറ്റിയിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 244/2011/ആഭ്യന്തരം തീയതി 4-11-2011 ഉള്ളടക്കം ചെയ്യുന്നു.*

(സി) നരിക്കുനി ഫയർ സ്റ്റേഷന് കെട്ടിടം പണിയുന്നതിലേക്കായി പഞ്ചായത്ത് നിർദ്ദേശിച്ച കൽക്കുടുമ്പ് എന്ന സ്ഥലത്തെ ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. ടി സ്ഥലം 20 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങുന്നതിന് പഞ്ചായത്തിന് സർക്കാർ അനുമതി നൽകിയിരുന്നെങ്കിലും ഫണ്ട് പരിപൂർണ്ണമായും കണ്ടെത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ സർക്കാർ ഉടമസ്ഥതയിലുള്ള അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് നിർദ്ദിഷ്ട സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

**കണ്ണൂർ പഴയങ്ങാടിയിൽ പുതിയ ഫയർ സ്റ്റേഷൻ**

**250 (3541)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ പുതുതായി ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന, മാടായിപ്പാറയിൽ റീ സർവ്വെ നമ്പർ 23/1എ2 ഉൾപ്പെട്ട, തിരുവർകാട്ടുകാവ് ക്ഷേത്രത്തിന്റെ അധീനതയിൽ ഉള്ള 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഫയർ ആന്റ് റെസ്ക്യൂ കമാണ്ടന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അഗ്നിശമന സേനയിലെ ഒഴിവുകൾ**

**251 (3542)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അഗ്നിശമനസേനയിൽ എത്ര തസ്തികകളിൽ ഒഴിവുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) അഗ്നിശമനസേനയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ; ഇവയിൽ പ്രൊമോഷൻ നടപടികൾ സ്വീകരിക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്നവ എത്ര ; പി.എസ്.സി. നിയമനം നടക്കാത്തതിനാൽ ഒഴിഞ്ഞ് കിടക്കുന്നവ എത്ര ; വ്യക്തമാക്കാമോ ;

(സി) ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച വിവരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വകുപ്പിൽ 14 തസ്തികകളിലായി ആകെ 1558 ഒഴിവുകളുണ്ടായിരുന്നു.

(ബി) അഗ്നിശമന സേനയിൽ നിലവിൽ ആകെ 13 വിവിധ തസ്തികകളിലായി ആകെ 1265 ഒഴിവുകൾ നിലവിലുണ്ട്. 67 ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തേണ്ടവയാണ്. 1192 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തേണ്ടവയാണ്.

(സി) വിവിധ തസ്തികകളിലായി 1085 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷക്കുന്നവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 14 ക്ലാർക്കുമാർ സൂപ്പർ ന്യൂമററി ആയി നിൽകുന്നതിനാൽ ക്ലാർക്ക് തസ്തികയിലെ 4 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി

252 (3543) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പുതിയ രൂപത്തിൽ മുന്നോട്ടുകൊണ്ടുപോകാനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിജിലൻസ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

### ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് 26-12-2013-ൽ തുടക്കംകുറിച്ചിട്ടുണ്ട്. 21-12-2013 മുതൽ 20-12-2014 വരെ സുവർണ്ണ ജൂബിലി വർഷമായി ആചരിക്കുകയാണ്.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ കുറ്റമറ്റ രീതിയിലാണ് പ്രവർത്തിക്കുന്നത്. പുതിയ സംവിധാനങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിലെ സാഹചര്യത്തിൽ തങ്ങളുടെ അഴിമതി വിരുദ്ധ പ്രവർത്തന മേഖലയിൽ ശക്തവും കാര്യക്ഷമവുമായ നടപടികളാണ് സ്വീകരിക്കുന്നത്. കാലതാമസം ഒഴിവാക്കി വിജിലൻസ് അന്വേഷണങ്ങളും മറ്റും സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും ഭരണതലത്തിൽ ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്. അന്വേഷണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്താറുണ്ട്. കൂടാതെ അന്വേഷണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് യഥാസമയം സി.ബി.ഐ. ട്രെയിനിംഗ് ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ ലഭ്യമാക്കാറുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**വിജിലൻസ് കേസ്സുകളിന്മേൽ നിരാക്ഷേപപത്രം**

253 (3544) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസുകൾ പിൻലിക്കുന്നതിനാണ് നിരാക്ഷേപപത്രം നൽകിയതെന്ന് വിശദമാക്കാമോ ;

(സി) അനധികൃത സ്വത്തുസമ്പാദനം, ട്രാപ്പ്, സർക്കാർ പദ്ധതികൾ നടപ്പിൽ വരുത്തിയതിലെ അഴിമതി തുടങ്ങിയ സ്വഭാവമുള്ള എത്രവീതം കേസുകൾ പിൻവലിക്കാനാണ് നിരാക്ഷേപപത്രം നൽകിയതെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര വിജിലൻസ് അന്വേഷണങ്ങളിൽ സർക്കാർ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 10 കേസ്സുകൾ.

(ബി) അധികാര ദുർവിനിയോഗം, ധനാപഹരണം, കൈക്കൂലി, അഴിമതി, ധനദുർവിനിയോഗം എന്നീ സ്വഭാവ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ആരോപണങ്ങളിന്മേലുള്ള കേസ്സുകളിൽ ഉൾപ്പെടുന്നവയാണ് മേൽപ്പറഞ്ഞ 10 കേസ്സുകൾ.

(സി) ട്രാപ്പ് വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന ഒരു കേസ്സിൽ മാത്രമാണ് നിരാക്ഷേപപത്രം നൽകിയിട്ടുള്ളത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മൊത്തം 380 വിജിലൻസ് അന്വേഷണങ്ങളിൽ സർക്കാർ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

**വിജിലൻസ് അന്വേഷണം നേരിടുന്ന സർക്കാർ ഉദ്യോഗസ്ഥർ**

254 (3545) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര ഉന്നത സർക്കാർ ഉദ്യോഗസ്ഥർ ഉണ്ട് ; അവർ ഏതൊക്കെ തസ്തികകളിൽ ഇപ്പോൾ തുടരുന്നുണ്ട് ; ഇവർ ആരൊക്കെ ; പേരുസഹിതം വ്യക്തമാക്കാമോ ;

(ബി) ഇതിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എത്രപേരുണ്ട് ; അവർക്കെതിരെ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമേഖല സ്ഥാപനമേധാവികൾ, അർദ്ധസർക്കാർ സ്ഥാപനമേധാവികൾ എന്നിവരുൾപ്പെടെ വിജിലൻസ് അന്വേഷണം നേരിടുന്നവർ ആരൊക്കെയെന്ന് രേഖാമൂലം വ്യക്തമാക്കാമോ ; അവർ ഇപ്പോൾ ഏതൊക്കെ സ്ഥാപനങ്ങളിൽ തുടരുന്നുണ്ട് എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ വിജിലൻസ് അന്വേഷണം നേരിടുന്ന പൊതുമേഖലാ സ്ഥാപന മേധാവികൾ, അർദ്ധ സർക്കാർ സ്ഥാപന മേധാവികൾ, ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നിവരുൾപ്പടെ ഇപ്പോൾ സർവ്വീസിലുള്ള ഉന്നത സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണം 28 ആണ്. ഇവരുടെ നിലവിലെ തസ്തിക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഇവരുടെ പേരുവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. *

(ബി) മേൽപ്പറഞ്ഞ അന്വേഷണ ഘട്ടത്തിലുള്ള വിജിലൻസ് അന്വേഷണങ്ങളിൽ കുറ്റക്കാരെ സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മാത്രമേ വ്യക്തമാവുകയുള്ളൂ. അന്വേഷണം നടക്കുമ്പോൾ കുറ്റക്കാരുടെ വിവരങ്ങൾ ലഭ്യമാവുകയില്ല. പ്രസ്തുത വിവരങ്ങൾ അന്വേഷണാനന്തരം റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ.

(സി) ചോദ്യം (എ)യുടെ മറുപടി കണ്ടാലും.

### ഗുണ്ടാ മാഫിയ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർ

255 (3547) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് പണം നൽകിയാൽ സമൂഹത്തിൽ എല്ലാത്തരം മാഫിയ പ്രവർത്തനവും നടത്താൻ കഴിയുമെന്ന ആരോപണം സംസ്ഥാനത്ത് നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗുണ്ടാ-മാഫിയ ബന്ധമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെയാണ് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത് ; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) ജനങ്ങളുടെ സുരക്ഷയും, നാടിന്റെ സമ്പത്തും കാത്തുസൂക്ഷിക്കേണ്ട പോലീസുകാർ കള്ളന്മാരുടെയും അഴിമതിക്കാരുടെയും പട്ടികയിൽ ഇടം പിടിക്കാൻ ഇടയാകുന്നതായ ആക്ഷേപം ഉണ്ടായ സാഹചര്യത്തിൽ ഇതിനെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തുമോ ; ഇത്തരക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 23 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | തിരുവനന്തപുരം | – 2 |
| 2. | തൃശ്ശൂർ | – 5 |
| 3. | മലപ്പുറം | – 15 |
| 4. | കാസർഗോഡ് | – 1 |
| | ആകെ | – 23 |

(സി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങളിൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതും ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കേരള പോലീസിലെ പ്രൊമോഷൻ

256 (3548) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിലെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഹെഡ് കോൺസ്റ്റബിളിൽ നിന്നും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറിൽ നിന്ന് സബ് ഇൻസ്പെക്ടറായും പ്രൊമോഷൻ നടത്തിയിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള പോലീസ് ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ പ്രൊമോഷൻ നൽകുന്നതിന് അടിസ്ഥാനമായ ഗവൺമെന്റ് ഉത്തരവ് ഏതാണ് ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ നടപ്പിലാക്കിയതെന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിളായി സർവ്വീസിൽ പ്രവേശിക്കുന്ന ആൾക്ക് നേരിട്ട് ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ പോലീസ് കോൺസ്റ്റബിളായി ട്രാൻസ്ഫർ ആയി വരുന്നതിന് നിയമമുണ്ടോ ; ഉണ്ടെങ്കിൽ ആയത് ഏത് ഉത്തരവ് പ്രകാരമാകുന്നു ;

(ഡി) സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽനിന്നും ജില്ല ആംഡ് റിസർവ്വ് പോലീസിൽ ട്രാൻസ്ഫർ ആയി വരുന്ന പോലീസ് കോൺസ്റ്റബിൾമാർക്ക് സീനിയോറിറ്റി നിശ്ചയിക്കുന്നത് ഏത് തീയതിയിലാണ് ;

(ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിവിൽ ബഞ്ച് വിധി WPC No. 17133/2010 വിധിക്ക് എതിരെ സർക്കാർ അപ്പീൽവിധി സമ്പാദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ ; GO (P) 33/89 dtd 10-3-89-ലെ ഉത്തരവ് നടപ്പിലാക്കാതിരിക്കുവാൻ ഏതെങ്കിലും കോടതികളിൽ നിന്ന് വിധി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ ?

ഉത്തരം

(എ) പ്രസ്തുത തസ്തികകളിൽ പ്രൊമോഷൻ നടത്തിയിട്ട് ഏകദേശം ഒരു വർഷത്തോളമായിട്ടുണ്ട്.

(ബി) കെ.എസ്.എസ്. ആർ. റൂൾ 28(a) പ്രകാരവും 29-12-1967-ലെ GO(P) 420/PD പ്രകാരവും മറ്റ് ബന്ധപ്പെട്ട ഉത്തരവുകൾ പ്രകാരവും ഡി.പി.ബി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയാണ് പ്രൊമോഷൻ നടത്തുന്നത്.

(സി) സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിളായി സർവ്വീസിൽ പ്രവേശിക്കുന്നയാൾക്ക് 10-12-2010-ലെ GO(P) 268/10/Home പ്രകാരം ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ പ്രവേശിക്കുന്നതിന് നിയമമുണ്ട്.

(ഡി) സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നും ജില്ലാ ആംഡ് റിസർവ്വ് പോലീസിൽ ട്രാൻസ്ഫർ ആയി വരുന്ന പോലീസ് കോൺസ്റ്റബിൾമാർക്ക് സീനിയോറിറ്റി നിശ്ചയിക്കുന്നത് അവർ എ.ആർ. ലേക്ക് ട്രാൻസ്ഫർ ആകുന്ന തീയതി മുതലാണ്.

(ഇ) WP(C)17133/07 നമ്പർ കേസ്സിലെ വിധിക്കെതിരെ സർക്കാർ അപ്പീൽ വിധി സമ്പാദിച്ചിട്ടില്ല. ബഹു. ഹൈക്കോടതി സിവിൽ ബഞ്ച് വിധി WP(C)17133/07 -ക്കെതിരെ സർക്കാർ അപ്പീൽ വിധി സമ്പാദിച്ചിട്ടില്ല. WP(C)17133/07 വിധിയുടെ അടിസ്ഥാനത്തിൽ GO(P) 33/89/Home dtd. 10-3-1989 പ്രകാരം സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചപ്പോൾ അതിനെതിരെയാണ് വിവിധ അപ്പീലുകൾ ബഹു. ഹൈക്കോടതി 6 മാസത്തേക്ക് ഇടക്കാല സ്റ്റേ ഉത്തരവ് നൽകിയിട്ടുള്ളത്.

### പോത്തൻകോട് സ്റ്റേഷനിൽ പോലീസുകാരുടെ ദൗർലഭ്യം

257 (3549) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പരിപാലനത്തിന് ആവശ്യമായ സേനാംഗങ്ങളുടെ കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒരു പോലീസ് സ്റ്റേഷനിൽ ഏറ്റവും കുറഞ്ഞത് 50 പോലീസുകാരുടെ സേവനം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) തിരുവനന്തപുരം നഗര പ്രാന്തത്തിലുള്ള ഏറ്റവും പ്രധാന്യമേറിയ പോത്തൻകോട് പോലീസ് സ്റ്റേഷനിൽ 15 അംഗങ്ങൾ മാത്രമേ നിലവിലുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അടിയന്തരമായി പ്രസ്തുത പോലീസ് സ്റ്റേഷനിലെ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സുരക്ഷാ കമ്മീഷൻ തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി&ഡി) പോത്തൻകോട് പോലീസ് സ്റ്റേഷനിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിലേക്കായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**സുരക്ഷാഭീഷണി നേരിടുന്നതിനായി പ്രത്യേക വിഭാഗം**

**258 (3550)** ശ്രീ. എം. എ. ബേബി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ ബഡ്ജറ്റിൽ സംസ്ഥാനാതിർത്തിയിൽ ഉയർന്നുവരുന്ന സുരക്ഷാഭീഷണി നേരിടുന്നതിനായി ഇൻഡ്യ റിസർവ്വ് ബറ്റാലിയന്റെ സഹകരണത്തോടെ ഒരു പ്രത്യേക വിഭാഗത്തെ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ ഭാഗമായി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇതിനായി ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയിരുന്നത് ;

(ഡി) ഈ തുക ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) നടപ്പിലാക്കിയിട്ടില്ല.

(സി) ഒന്നരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഈ തുക ചെലവഴിച്ചിട്ടില്ല.

**കേസുകളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥർ**

**259 (3551)** ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോലീസ് ഉദ്യോഗസ്ഥർ വിവിധ കേസുകളിൽ പ്രതികളായിട്ടുണ്ടെന്ന് സിവിൽ, ക്രിമിനൽ എന്നിങ്ങനെ തിരിച്ച് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഔദ്യോഗിക സംവിധാനം ദുരുപയോഗം ചെയ്തതിന് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തിട്ടുണ്ട് ;

(സി) എത്ര പോലീസുകാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; അതിൽ എത്ര എണ്ണത്തിൽ തീരുമാനമായിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 640 പോലീസ് ഉദ്യോഗസ്ഥർ വിവിധ ക്രിമിനൽ കേസ്സുകളിൽ പ്രതികളായിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ എതിർ കക്ഷികളാക്കപ്പെട്ട സിവിൽ കേസുകളെ സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി&സി) ഔദ്യോഗിക സംവിധാനം ദുരുപയോഗം ചെയ്തതിന് 14 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. കൂടാതെ 83 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ**

260 (3552) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുതരമായ അച്ചടക്കരാഹിത്യത്തിനും സർവ്വീസ് ചട്ടലംഘനത്തിനും ഏതെങ്കിലും പോലീസ് ഓഫീസറെയോ സിവിൽ പോലീസ് ഓഫീസറെയോ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ടോ ;

(ബി) അച്ചടക്കരാഹിത്യത്തിനും ചട്ടലംഘനത്തിനും ഏതെല്ലാം റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അച്ചടക്കരാഹിത്യത്തിനും ചട്ടലംഘനത്തിനും താഴെപ്പറയുന്ന റാങ്കിലുള്ള 1056 പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

| RANK | Nos. |
|---|---|
| (1) | (2) |
| DIG | 1 |
| SP/CMT | 3 |



LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| DySP/AC | 7 |
| CI/API/RI | 9 |
| SI/RSI/APSI/Grade SI | 135 |
| ASI/AR ASI/AP ASI/ Gr.ASI/Dvr.ASI | 269 |
| HC/SCPO/Hvdr | 118 |
| PC/CPO | 503 |
| WPC | 11 |
| ആകെ | 1056 |

**അഗ്നിശമന സേനകളിലും ജയിലുകളിലും ഉള്ള ജീവനക്കാർക്ക് ഇൻഷ്വറൻസ്**

261 (3553) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഗ്നിശമന സേനകളിലും ജയിലുകളിലും ഉള്ള ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം പരിരക്ഷകളാണ് ഇവർക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ പോലീസുകാർക്ക് മൊത്തം വിഹിതവും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് 20 കോടി രൂപ വാർഷിക ചെലവ് പ്രതീക്ഷിക്കുന്ന 'കേരള പോലീസ് മെഡിക്കൽ ഇൻഷ്വറൻസ്' പദ്ധതിക്ക് 1-2-2014-ലെ സ.ഉ (എംഎസ്.) 20/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ജയിൽ, ഫയർ ആന്റ് റെസ്ക്യൂ വകുപ്പുകളിലെ ജീവനക്കാരെ കൂടി 28-2-2014-ലെ സ.ഉ (എംഎസ്.)

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 41/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ഇൻഷ്വറൻസ് പ്രീമിയം സംസ്ഥാന സർക്കാരാണ് അടയ്ക്കുന്നത്. ഇൻഷ്വറൻസ് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആയതു നടപ്പിൽ വരുന്നതാണ്.

**പോലീസ് ഉദ്യോഗസ്ഥരുടെ ബ്ലേഡ് മാഫിയാ ബന്ധം സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട്**

262 (3554) ശ്രീ. കെ. കെ. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ ചിലർ ബ്ലേഡ് മാഫിയയുടെ ഏജന്റായി പ്രവർത്തക്കുന്നുവെന്ന ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിൽ ഉൾപ്പെട്ട പോലീസുകാരുടെ പേരുവിവരങ്ങൾ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിൽ പരാമർശവിധേയരായ പോലീസ് സേനാംഗങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ബ്ലേഡ് മാഫിയയുമായുള്ള ബന്ധത്തെത്തുടർന്ന് എസ്,പി.റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളവയായതിനാൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**മെയിൽ വാർഡൻ തസ്തികയിലെ ഒഴിവുകൾ**

263 (3555) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ ഡിപ്പാർട്ടുമെന്റിൽ മെയിൽ വാർഡർ തസ്കതികകളിൽ ധാരാളം ഒഴിവുകൾ ഉണ്ടായിട്ടും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടന്നില്ലെന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ജയിലുകളിൽ എത്രവീതം മെയിൽ വാർഡർ തസ്തികകൾ ഒഴിവുണ്ടെന്നും അതിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും പരമാവധി ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജയിൽ വകുപ്പിലെ മൂന്ന് യൂണിറ്റുകളിലെയും വാർഡർ തസ്തികകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

തിരുവനന്തപുരം യൂണിറ്റിൽ 32 ഒഴിവുകൾ ഉള്ളതിനാൽ എൻ.ജെ.ഡി. മൂലമുണ്ടായ 22 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിച്ച ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യുന്നതാണ്. കണ്ണൂർ, തൃശ്ശൂർ യൂണിറ്റുകളിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

## പോലീസ് ആസ്ഥാനത്തേക്ക് പുതിയ കമ്പ്യൂട്ടറുകൾ വാങ്ങിയതിലെ അഴിമതി

264 (3556) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് ആസ്ഥാനത്തേയ്ക്ക് പുതുതായി കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ടോ ; എത്രയെണ്ണം വാങ്ങിയിട്ടുണ്ട് ; അവ ടെൻഡർ വ്യവസ്ഥയിലാണോ വാങ്ങിയത് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഇടപാടിൽ അഴിമതി നടന്നുവെന്ന് ആരോപിച്ച് പരാതി ലഭിച്ചിരുന്നോ ; പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് ആസ്ഥാനത്തേയ്ക്ക് പുതുതായി 1261 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. DGS & D വ്യവസ്ഥയിലാണ് വാങ്ങിയിട്ടുള്ളത്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തുവാൻ ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ പോലീസുകാരെ നിയോഗിച്ചതിൽ ഉണ്ടായ ചെലവ്

265 (3557) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14 ജില്ലകളിലും മുഖ്യമന്ത്രി സംഘടിപ്പിച്ച രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് ഓരോ കേന്ദ്രത്തിലും എത്ര വീതം പോലീസുകാരെ നിയോഗിച്ചെന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ചുമതല നൽകിയവരിൽ ഓഫീസർ കേഡറിലുള്ളവർ എത്രയായിരുന്നെന്ന് വ്യക്തമാക്കാമോ ;

(സി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിക്ക് ഡ്യൂട്ടിക്കായി എത്ര പോലീസ് വാഹനങ്ങൾ ഉപയോഗിച്ചെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ കേന്ദ്രത്തിലും പോലീസുദ്യോഗസ്ഥർ എത്ര മണിക്കൂർ ഡ്യൂട്ടി ചെയ്യേണ്ടതായി വന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഓരോ ജനസമ്പർക്കപരിപാടിയുടെ കേന്ദ്രത്തിലും എത്തി ഡ്യൂട്ടി നിർവ്വഹിക്കുന്നതിന് പോലീസ് വകുപ്പിന് ചെലവായ മൊത്തം തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 774 പോലീസ് വാഹനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

(ഡി) ഓരോ കേന്ദ്രത്തിലും ശരാശരി ഒരു പോലീസുദ്യോഗസ്ഥൻ 18 മണിക്കൂറോളം ഡ്യൂട്ടി ചെയ്തിട്ടുണ്ട്.

(ഇ) ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ സുരക്ഷയും പരിപാടിയുടെ സുഗമമായ നടത്തിപ്പും ക്രമസമാധാന പാലനത്തിന്റെ ചുമതലയിൽപ്പെട്ടതിനാൽ ഇതിന് വേണ്ടിയുള്ള ചെലവ് കണക്കാക്കിയിട്ടില്ല.

**കാസർഗോഡ് ജില്ലയിൽ പ്രത്യേക വാഹന പാക്കേജ്**

**266 (3558)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രത്യേക പാക്കേജിന്റെ ഭാഗമായി എത്ര പോലീസ് വാഹനങ്ങളാണ് കാസർഗോഡ് ജില്ലക്ക് അനുവദിച്ചത് ;

(ബി) പ്രസ്തുത വാഹനങ്ങൾ മുഴുവൻ ജില്ലക്കുവേണ്ടിയാണോ ; അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക മേഖലയെ ഉദ്ദേശിച്ചാണോ അനുവദിച്ചത് ;

(സി) പ്രസ്തുത വാഹനങ്ങൾ ഇപ്പോൾ ജില്ലയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഉപയോഗിക്കുന്നത് ?

ഉത്തരം

(എ) പ്രത്യേക പാക്കേജിന്റെ ഭാഗമായി 56 (അശോക് ലൈലാന്റ് ബസ്-1, ഷവർലെറ്റ് ടവേര-5, ഹീറോ സ്പ്ലണ്ടർ മോട്ടോർ സൈക്കിൾ-50) പോലീസ് വാഹനങ്ങളാണ് കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചത്.

(ബി) പ്രസ്തുത വാഹനങ്ങൾ മുഴുവൻ കാസർഗോഡ് ജില്ലയ്ക്കുവേണ്ടിയാണ് അനുവദിച്ചത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടറേ 5 എണ്ണത്തിൽ നാലെണ്ണം കാസർഗോഡ് കൺട്രോൾ റൂം ഹൈറയിംഗ് സ്ക്വാഡ് ഡ്യൂട്ടിക്കും ഒരെണ്ണം ചന്ദേര പോലീസ് സ്റ്റേഷൻ ഡ്യൂട്ടിക്കും ഉപയോഗിച്ചുവരുന്നു. ബസ് എ. ആർ. ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടികൾക്കായി ഉപയോഗിച്ചുവരുന്നു. മോട്ടോർ സൈക്കിളുകൾ അനുവദിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ പേരുവിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**വനിതാ സബ് ഇൻസ്പെക്ടർ**

267 (3559) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി അനുവദിച്ച ആറ് വനിതാ പോലീസ് സ്റ്റേഷനുകളിലായി എത്ര വനിതാ സബ് ഇൻസ്പെക്ടർമാരുടെ തസ്തിക ഉണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനം എപ്രകാരം നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത് ;

(സി) പി.എസ്.സി. മുഖാന്തിരം നിയമിക്കപ്പെട്ട 1991-ലെ ആദ്യ വനിതാ പോലീസ് ബാച്ചിലുള്ളവർക്ക് വനിതാ സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കുമോ ; എത്രപേർക്ക് ഇപ്രകാരം പ്രൊമോഷൻ നൽകാനുണ്ട് ?

**ഉത്തരം**

(എ) ആറ് (6)

(ബി) പുനർവിന്യാസം വഴി നിയമനം നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) വനിതാ എസ്.ഐ. തസ്തികയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ വനിതാ എച്ച്.സി. മാർക്ക് പ്രൊമോഷൻ നൽകുവാൻ സാധിക്കുകയുള്ളൂ. നിലവിൽ 1991-ലെ വനിതാ പോലീസ് ബാച്ചിലുള്ള 138 വനിതാ എച്ച്.സി. മാർക്ക് പ്രൊമോഷൻ നൽകാനുണ്ട്.

**വനിതാ ഹെഡ് കോൺസ്റ്റബിൾമാർക്ക് എയർപോർട്ടുകളിൽ നിയമനം**

268 (3560) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 ബാച്ച് വരെയുള്ള വനിതാ ഹെഡ് കോൺസ്റ്റബിൾമാർക്ക് താത്ക്കാലിക പ്രൊമോഷൻ നൽകി എയർപോർട്ടുകളിൽ നിയമനം ലഭിക്കുന്നതിനായി എല്ലാ എച്ച്.സി.മാരും സമ്മതപത്രം നൽകിയത് എന്നാണ് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012 സെപ്റ്റംബർ മാസം

(ബി) പത്താം ശമ്പള കമ്മീഷൻ രൂപീകരിച്ച സാഹചര്യത്തിൽ 1995 ബാച്ച് വരെയുള്ള വനിതാ എച്ച്.സി. മാർക്ക് ഗ്രേഡ് നാമകരണം അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ പത്താം ശമ്പള കമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ വനിതാ സെല്ലുകളിലെ ഒഴിവുകൾ

269 (3561) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ ജില്ലയിലെ വനിതാ സെല്ലുകളിൽ എസ്ഐ., എച്ച്സി. തസ്തികകൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) റൂറൽ ജില്ലയിലെ ഹെൽപ്പ്ലൈനിൽ വനിതാ എസ്.ഐ. ഉണ്ടോ ; ഇല്ലെങ്കിൽ വനിതാ എസ്.ഐ.-യെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എസ്.ഐ. തസ്തിക നിലവിലുണ്ട്. എച്ച്.സി. തസ്തിക നിലവിലില്ല.

(ബി&സി) നടപടി സ്വീകരിക്കുന്നതാണ്. കൊല്ലം റൂറൽ ജില്ലയിലെ ഹെൽപ്പ് ലൈനിൽ വനിതാ എസ്.ഐ. ഇപ്പോൾ നിലവിലില്ല. പുതിയ നിയമനങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

## സാമൂഹ്യ വനവത്ക്കരണ രീതി മാറ്റുവാൻ നടപടി

270 (3562) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യവനവത്ക്കരണ പരിപാടിക്ക് കേന്ദ്രീകൃത നഴ്സറികളിൽ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഇന്നത്തെ രീതി അവസാനിപ്പിച്ച് കുടുംബശ്രീ സി.ഡി.എസുകളുടെ നേതൃത്വത്തിൽ പഞ്ചായത്തുകൾതോറും

LIBRARY ARCHIVES Kerala Legislative Assembly

നടീൽ വസ്തു സമാഹരണം, തൈ ഉല്പാദനം, വിതരണം, തുടർ പരിപാലനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്രപരിപാടി ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

സാമൂഹ്യവനവത്ക്കരണ പരിപാടിക്ക് കേന്ദ്രീകൃത നഴ്സറികളിൽ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഇന്നത്തെ രീതി അവസാനിപ്പിക്കാനും കുടുംബശ്രീ സി.ഡി.എസ്. കളുടെ നേതൃത്വത്തിൽ പഞ്ചായത്തുകൾ തോറും നടീൽ വസ്തു സമാഹരണം, തൈ ഉൽപ്പാദനം, വിതരണം, തുടർ പരിപാലനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര പരിപാടി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**പാലക്കാട് ജില്ലയിലെ സാമൂഹ്യവനവൽക്കരണ പദ്ധതി**

**271 (3563)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിക്കായി 2013-14 വർഷം എത്ര തുക നീക്കിവച്ചിരുന്നെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും എന്തെല്ലാം പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചത് എന്നും അറിയിക്കുമോ ;

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതി മുഖേന പാലക്കാട് ജില്ലയിൽ എത്ര വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചുവെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും 1-6-2011 മുതൽ 31-3-2014 വരെയുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) നഗരവൽക്കരണത്തിന്റെ ഭാഗമായി പാലക്കാട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലും, നഗരത്തിന്റെ മറ്റു ഭാഗങ്ങളിലും വനവൽക്കരണം നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രകാരം എത്ര വൃക്ഷതൈകൾ നട്ടു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ പദ്ധതിക്കായി 2013-14 വർഷം നീക്കിവച്ചിരുന്ന തുകയുടെയും ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചതെന്നുമുള്ള വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) സാമൂഹ്യവനവൽക്കരണ പദ്ധതി മുഖേന പാലക്കാട് ജില്ലയിൽ നട്ടുപിടിപ്പിച്ച തൈകളുടെ എണ്ണവും അതിനായി ചെലവഴിച്ച തുകയുടെ വിവരവും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നഗരവൽക്കരണത്തിന്റെ ഭാഗമായി പാലക്കാട് സിവിൽ സ്റ്റേഷൻ കോംപൗണ്ടിലും നഗരത്തിന്റെ മറ്റു ഭാഗങ്ങളിലും വൃക്ഷവൽക്കരണം നടത്തുന്നതിനായി ബാർ അസോസിയേഷൻ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടുകൂടി വൃക്ഷവത്കരണം നടത്തുന്നതിന് വിപുലമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രകാരം 18,330 വൃക്ഷത്തൈകൾ നട്ടിട്ടുണ്ട്.

**കാട്ടുതീ തടയാൻ നടപടി**

**272 (3564)** ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപ്രദേശങ്ങളിൽ അടുത്തകാലത്ത് കാട്ടുതീ പടർന്നു പിടിച്ചതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഇത് ബോധപൂർവ്വം സൃഷ്ടിച്ചതാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് ആവർത്തിക്കാതിരിക്കുവാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കാട്ടുതീ ആവർത്തിക്കാതിരിക്കാൻ ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെ നിയോഗിച്ചും ഫയർ ലൈനുകൾ നിർമ്മിച്ചും വന സംരക്ഷണ സമിതികൾ മുഖേന പൊതുജനങ്ങളിൽ കാട്ടു തീ സംബന്ധിച്ച അവബോധം സൃഷ്ടിച്ചും ഫയർ ഫോഴ്സ് മുതലായ വകുപ്പുകളെ സഹകരിപ്പിച്ചും കാട്ടുതീ തടയുന്നതിന് ശ്രദ്ധിച്ചുവരുന്നു. ഇതുകൂടാതെ തീ പടരാൻ സാധ്യത ഏറെ ഉള്ള സ്ഥലങ്ങളിൽ പ്രത്യേക പട്രോളിംങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്.

**റോഡുവികസനത്തിന് വനം വകുപ്പിന്റെ ഭൂമി ലഭ്യമാക്കാൻ നടപടി**

**273 (3565)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന വാഴക്കോട്-ആലത്തൂർ സ്റ്റേറ്റ് ഹൈവേയിൽ വാഴക്കോട് വളവിൽ നിരന്തരമുണ്ടാകുന്ന



LIBRARY ARCHIVES Kerala Legislative Assembly

അപകടങ്ങൾ പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ ഭൂമി വിട്ടുനൽകുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ ആവശ്യത്തിലേക്ക് ഭൂമി വിട്ടുനൽകുന്നതിനുവേണ്ടി വനം വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പറയാമോ ;

(ഡി) ഈ പ്രദേശത്തെ നിരന്തരമായുണ്ടാകുന്ന അപകടമരണങ്ങൾ ഉൾപ്പെടെ ഒഴിവാക്കുന്നതിന് വാഴക്കോട് വളവിൽ വനം വകുപ്പിന്റെ കീഴിലുള്ള ഭൂമി വിട്ടുനൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്ന് അപേക്ഷ ലഭിച്ചാൽ മാത്രമേ വനം വകുപ്പിന്റെ കീഴിലുള്ള ഭൂമി വിട്ടുനൽകുവാൻ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**മൂന്നാർ ഫോറസ്റ്റ് റേഞ്ചിലെ നായാട്ടും കഞ്ചാവ് കൃഷിയും**

274 (3566) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ഫോറസ്റ്റ് റേഞ്ചിൽ ഇപ്പോഴും നടക്കുന്ന നായാട്ടിന് റേഞ്ച് ഓഫീസർ കൂട്ടുനിൽക്കുകയും കേസ് ഇല്ലാതാക്കുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അന്വേഷണം നടത്തുമോ ;

(ബി) ഇപ്പോഴും കഞ്ചാവു കൃഷിക്കും നായാട്ടിനും ആദിവാസികളെ ഉപയോഗിക്കുന്ന മാഫിയയ്ക്ക് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) മൂന്നാർ വനം റെയിഞ്ചിൽ ഇപ്പോൾ നായാട്ട് നടക്കുകയോ മൂന്നാർ റെയിഞ്ചാഫീസറോ കീഴ്ഉദ്യോഗസ്ഥരോ കൂട്ടു നിൽക്കുകയോ ചെയ്യുന്നില്ല. 2-3-2014-ൽ മൂന്നാൽ റെയിഞ്ചിൽ പെരിയവര ഭാഗത്ത് ഒരു വെരുകിനെ വെടിവച്ച്കൊന്ന് കറിവെച്ച കേസ്സിൽ ഉൾപ്പെട്ട മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്യുകയും ഒരു നാടൻ തോക്കും വാഹനവും ഉൾപ്പെടെ കേസ്സിൽ ഉൾപ്പെട്ട എല്ലാ തൊണ്ടി വകകളും പിടിച്ചെടുക്കുകയും OR 01/14 നമ്പരായി വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5-3-2014-ൽ മൂന്നാർ റെയിഞ്ചിന് കീഴിലുള്ള ഗുണ്ടുമല ഭാഗത്ത് ഒരു മുള്ളൻ പന്നിയെ കുരുക്കുവച്ച് കൊന്ന് ഇറച്ചി പാകം ചെയ്ത കേസ്സിൽ ഉൾപ്പെട്ട പ്രതിയെ അറസ്റ്റ് ചെയ്യുകയും തൊണ്ടി മുതൽ പിടിച്ചെടുത്ത് OR 02/14 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ വനം കുറ്റകൃത്യങ്ങൾക്കെതിരെ മൂന്നാർ വനം റെയിഞ്ചിലെ ഉദ്യോഗസ്ഥർ ശക്തമായ നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂന്നാർ വനം റെയിഞ്ചിൽ ഉദ്യോഗസ്ഥരുടെ ശക്തമായ ഇടപെടൽ മൂലം കഞ്ചാവ് കൃഷിയും നായാട്ടും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. മൂന്നാർ റെയിഞ്ചിന് കീഴിൽ വരുന്ന ഇടമലക്കുടിയിൽ മൂന്ന് ആദിവാസി വനസംരക്ഷണ സമിതികൾ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തി വരികയും ചെയ്യുന്നുണ്ട്. ടി ആദിവാസി വനസംരക്ഷണ സമിതി അംഗങ്ങളെ ഉൾപ്പെടുത്തി മൂന്നാർ റെയിഞ്ചിലെ വന ഉദ്യോഗസ്ഥർ റെയിഞ്ചിന് പരിധിയിൽ വരുന്ന എല്ലാ സ്ഥലങ്ങളിലും നിരന്തരം പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്.

**വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കഷ്ടനഷ്ടങ്ങൾ**

275 (3567) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി വന്യജീവിശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റിപാർപ്പിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ ; വിശദമാക്കാമോ ?

**ഉത്തരം**

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് വന്യജീവി ആക്രമണം മൂലം ജീവനും സ്വത്തിനുമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും വിളനാശത്തിനും നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. കൂടാതെ അപകട മരണം/അംഗ വൈകല്യം, പ്രകൃതി ദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കിവരുന്ന പദ്ധതികളായ ദേശീയ വനവൽക്കരണ പരിപാടി, ദേശീയ ബാംബൂ മിഷൻ സ്കീം, ദേശീയ ഔഷധ സസ്യ ബോർഡ് പദ്ധതി എന്നിവ വഴി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങൾക്ക് പരമാവധി തൊഴിൽ നൽകിവരുന്നു. കേരള സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഇടുക്കിയിലെ ഇടമലക്കുടി,

LIBRARY ARCHIVES Kerala Legislative Assembly

മുതുവാ വിഭാഗത്തിന്റേയും പാലക്കാട് അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റേയും സമഗ്ര വികസനത്തിനായി വനം വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. വന്യമൃഗ സങ്കേതങ്ങൾക്കുള്ളിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാരുൾപ്പെടെയുള്ള സന്നദ്ധരായ കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്ന പദ്ധതി കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം രണ്ടുരീതിയിലുള്ള നഷ്ടപരിഹാരം നൽകിയാണ് കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നത്. അവ താഴെപ്പറയും പ്രകാരമാണ്.

ഓപ്ഷൻ I : ഈ ഓപ്ഷൻ അനുസരിച്ച് വനംവകുപ്പിന്റെ മാറ്റിപാർപ്പിക്കൽ കൂടാതെ ഓരോ അർഹതപ്പെട്ട കുടുംബവും 10 ലക്ഷം രൂപ സ്വീകരിച്ച് സ്വയം ഒഴിഞ്ഞുപോകേണ്ടതാണ്.

ഓപ്ഷൻ- II : ഈ ഓപ്ഷൻ അനുസരിച്ച് പുനരധിവാസ പദ്ധതിയിലെ ഒഴിഞ്ഞുപോകുന്ന ഓരോ അർഹതപ്പെട്ട കുടുംബത്തിനും 10 ലക്ഷം രൂപ നിരക്കിൽ കൃഷിഭൂമിയും വീടും സൗകര്യങ്ങളും മറ്റ് ആനുകൂല്യങ്ങളും തരപ്പെടുത്തി വനംവകുപ്പ് താഴെപ്പറയും പ്രകാരം പുനരധിവസിപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | രണ്ടു ഹെക്ടർ കൃഷിഭൂമി വാങ്ങുന്നതിനും അതിന്റെ വികസനത്തിനും | ഓപ്ഷൻ- II പാക്കേജിൽ അനുവദനീയമായ 10 ലക്ഷം രൂപയുടെ 35% |
| 2. | ഭൂമിയുടെ അവകാശം തീർപ്പാക്കുന്നതിലേക്കായി | പാക്കേജിന്റെ 30% |
| 3. | വീട് വയ്ക്കാനുള്ള സ്ഥലവും വീട് നിർമ്മാണവും | പാക്കേജിന്റെ 20% |
| 4. | ഇൻസെന്റീവ് | പാക്കേജിന്റെ 5% |
| 5. | അടിസ്ഥാന സൗകര്യങ്ങൾ | പാക്കേജിന്റെ 10% |

ഇതിൽ ഏത് വേണമെന്ന് തെരഞ്ഞെടുക്കാനുള്ള അവകാശം അവിടത്തെ താമസക്കാരാണ് കൂട്ടമായി ചേർന്ന് തീരുമാനിക്കേണ്ടത്. കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നതനുസരിച്ച് മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യമാവുകയുള്ളൂ.

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരുടെ മറ്റ് സെറ്റിൽമെന്റുകളുമായുള്ള ബന്ധം നിലവിൽ മെച്ചപ്പെട്ട രീതിയിലാണ്. ഇതിലേക്കായി വനം വകുപ്പ് കൂടുതലായി എന്തെങ്കിലും ചെയ്യാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

**കാസർഗോഡ് ജില്ലയിലെ വന്യമൃഗ ആക്രമണം**

276 (3568) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിച്ചത് സംബന്ധിച്ച് കാസർഗോഡ് ജില്ലയിൽനിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണം പരിഗണിക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അനുവദിക്കപ്പെട്ട തുക എത്ര കർഷകർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നിന്നും കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിച്ചത് സംബന്ധിച്ച് 246 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളിൽ 234 അപേക്ഷകൾ പരിഗണിക്കുകയും 1,61,205 രൂപ നഷ്ടപരിഹാരമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 155 കർഷകർക്ക് നൽകിയിട്ടുണ്ട്.

**ഇടുക്കി ജില്ലയിൽ വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് ധനസഹായം**

277 (3569) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിനുള്ളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് എത്ര രൂപയുടെ ധനസഹായമാണ് അനുവദിക്കുന്നത് ;

(ബി) 2013, 2014 വർഷങ്ങളിൽ ഇതുവരെ ഇടുക്കി ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട് ;

(സി) ഇതിൽ എത്ര പേരുടെ ആശ്രിതർ ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട് ; ഇതിൽ ആർക്കെല്ലാം ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട് ;

(ഡി) ധനസഹായം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനത്തിനുള്ളൽ കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയുടെ ധനസഹായമാണ് അനുവദിക്കുന്നത്.

(ബി) 2013-14 വർഷങ്ങളിൽ ഇതുവരെ ഇടുക്കി ജില്ലയിൽ 10 പേർക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചിട്ടുണ്ട്. ആയതിൽ രണ്ടുപേർ പാമ്പുകടിയേറ്റാണ് മരണമടഞ്ഞത്.

(സി) മരണമടഞ്ഞ 8 പേരുടെ ആശ്രിതർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 7 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ടിയാന്മാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽവിലാസവും | മരണപ്പെട്ടയാളുടെ പേര് |
|---|---|---|
| 1 | ശ്രീമതി ഷീലാ രാജു, ഇടത്തിപ്പറമ്പിൽ വീട്, കട്ടിപ്ലാങ്ങ്. പി.ഒ., ഇടുക്കി | ശ്രീ. രാജു (അപേക്ഷയുടെ ഭർത്താവ്) |
| 2 | ശ്രീ. രംഗസ്വാമി, കുണ്ടള എസ്.റ്റി. കോളനി, മാട്ടുപ്പെട്ടി പി.ഒ. | ശ്രീമതി മീനാക്ഷി (അപേക്ഷകന്റെ ഭാര്യ) |
| 3 | ശ്രീ. നടരാജൻ, S/o അല്ലിമുത്തു, കുഞ്ഞിപ്പെട്ടിക്കുടി, മണ്ണാകണ്ടം | ശ്രീ. അശോകൻ (അപേക്ഷകന്റെ മകൻ) |
| 4 | ശ്രീ. ഗണപതി, S/o ഉദയൻ, കുറത്തിക്കുടി ഇടുക്കി | ശ്രീമതി എച്ചം (അപേക്ഷകന്റെ മാതാവ്) |
| 5 | ശ്രീമതി റീത്ത, W/o കറുപ്പുസ്വാമി, പെരിയ കനാൽസെൻഡ്രൽ ഡിവിഷൻ ചിന്നക്കനാൽ പി.ഒ. ഇടുക്കി. | ശ്രീ. കറുപ്പുസ്വാമി (അപേക്ഷയുടെ ഭർത്താവ്) |
| 6 | ശ്രീമതി ലീലാമ്മ സണ്ണി, കടമ്പപ്ലാക്കൽ ചിന്നക്കനാൽ പി.ഒ. ഇടുക്കി. | ശ്രീ. സണ്ണി (അപേക്ഷയുടെ ഭർത്താവ്) |
| 7 | ശ്രീമതി മീനാക്ഷി, തുരുത്തേൽ വീട്, വണ്ണപ്പുറം പി.ഒ., മുള്ളരിങ്ങാട്, ഇടുക്കി. | ശ്രീ. വിജേഷ് ഗോപി (അപേക്ഷകയുടെ മകൻ) |

(ഡി) അപേക്ഷയിൽ ആവശ്യരേഖകളെല്ലാം സമർപ്പിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കാലതാമസം കൂടാതെ നഷ്ടപരിഹാരം വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പാമ്പ് കടിയേറ്റ് മരണപ്പെടുന്നവർക്കുള്ള ധനസഹായം

278 (3570) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ ഏതെല്ലാം സാമ്പത്തിക/നഷ്ട പരിഹാര സഹായം നൽകുന്ന പദ്ധതികളാണ് ഉള്ളത്; അതിന്റെ വിശദാംശങ്ങൾ നല്കാമോ ;

(ബി) പാമ്പ് കടിയേറ്റ് മരിക്കുന്നവർക്ക് നല്കുന്ന സഹായങ്ങളുടെ ഇനത്തിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) വന്യജീവി (സംരക്ഷണ) നിയമം 1972-ന്റെ 1 മുതൽ 4 വരെ ഷെഡ്യൂളുകളിൽപ്പെട്ട വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിനും ജീവഹാനിക്കും പരിക്കിനും ജനങ്ങൾക്ക് ധനസഹായം നൽകാൻ 1980-ൽ നിലവിൽ വന്ന Kerala Rules for Compensation to Victims of Atack by Wild Animals 1980 എന്ന ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. നിലവിലുള്ള നഷ്ടപരിഹാരത്തുക താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | 75,000 |
| 2 | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) |
| 3 | പരിക്ക് | പരമാവധി 75,000 രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |
| 4 | മരണം | 3,00,000 |
| 5 | വനത്തിനു പുറത്തുവച്ചുള്ള പാമ്പ് കടിയേറ്റ് മരണം | 1,00,000 |

വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകൂ എന്ന വ്യവസ്ഥ വർഷത്തിൽ നാലുതവണ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

ഇൻഷ്വറൻസ് പരിരക്ഷ

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും വനത്തോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും ചുവടെ പറയും പ്രകാരം ഇൻഷ്വറൻസ്

പരിരക്ഷ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

(എ) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക്

| | | |
|---|---|---|
| 1 | അപകട മരണം/അംഗവൈകല്യം | 1,00,000 രൂപവരെ |
| 2 | ചികിത്സാനുകൂല്യം-രോഗം മൂലമോ അപകടം മൂലമോ ഉണ്ടാകുന്ന ആശുപത്രി ചെലവ് | 5,000 രൂപവരെ |
| 3 | കന്നുകാലി നഷ്ടം | 5,000 രൂപവരെ |
| 4 | ആംബുലൻസ്/വാഹന വാടക | 1,000 രൂപവരെ |
| 5 | പ്രകൃതി ദുരന്തം/വന്യജീവി ആക്രമണം എന്നിവ മൂലം വീട്, കുടിലുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടം | 5,000 രൂപവരെ |

(ബി) വനത്തിന് പുറത്ത് താമസിക്കുന്ന മറ്റുള്ളവർ ഈ വിഭാഗത്തിൽ വന്യജീവികളുടെ ആക്രമണം മൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ഒരാൾക്ക് ഒരു ലക്ഷം രൂപവരെ (പ്രതിവർഷം പരമാവധി അഞ്ച് ലക്ഷം രൂപ) ലഭിക്കുന്നതാണ്. അപേക്ഷകൾ അപകടം സംഭവിച്ച സ്ഥലത്തെ റെയിഞ്ച് ഓഫീസർ വഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതാണ്.

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പാമ്പ് കടിയേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം നൽകിയ ഇനത്തിൽ 228 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**പാമ്പ് കടിയേറ്റ് മരണമടഞ്ഞ ചാക്കോ ജോസഫിന്റെ ആശ്രിതർക്ക് ധനസഹായം**

279 (3571) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പ് കടിയേറ്റ് മരണമടഞ്ഞ ചേന്നംകരി പത്തിൽച്ചിറ വീട്ടിൽ ചാക്കോ ജോസഫിന്റെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ടിയാന്റെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേന്നംകരി പത്തിൽച്ചിറ വീട്ടിൽ ചാക്കോ ജോസഫിന്റെ ആശ്രിതർ നഷ്ടപരിഹാരത്തിനായി വനംവകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ കുട്ടനാട് താലൂക്കിൽ എടത്വ വില്ലേജിൽ പങ്ങാംകേരിയിൽ പതിനാറിൽ വീട്ടിൽ പരേതനായ ചാക്കോ ഔസേഫിന്റെ ഭാര്യയായ ശ്രീമതി ലിസമ്മ ചാക്കോ, ഭർത്താവ് പാമ്പുകടിയേറ്റ് മരിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിയാൾക്ക് നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ ബാധകമല്ല.

**വനം വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള പദ്ധതികൾ**

**280 (3572)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഭൂരിഭാഗം ഫയലുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവർത്തനരീതി എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ നൂറുദിന പരിപാടി, ഒരു വർഷ കർമ്മ പരിപാടി, വനം വകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാം' എന്നിവയുടെ ഭാഗമായി വനംവകുപ്പിൽ ദീർഘകാലമായി തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 2014 മെയ്-ജൂൺ മാസങ്ങളിൽ സർക്കാർ ആവിഷ്കരിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി വനംവകുപ്പിൽ നടപ്പിലാക്കിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) വനംവകുപ്പിൽ റെയിഞ്ച് തലം മുതൽ വനംവകുപ്പ് ആസ്ഥാനം വരെ തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകളുടെ ലിസ്റ്റ് തയ്യാറാക്കി കാലപ്പഴക്കത്തിന് മുൻഗണന നൽകി തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി വനം വകുപ്പിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി വകുപ്പ് തലത്തിൽ ഡിവിഷൻ തലം മുതൽ ആസ്ഥാന ഓഫീസ് തലം വരെ വിവിധ ഘട്ടങ്ങളിലായി അദാലത്തുകൾ സംഘടിപ്പിച്ചു. സർക്കാരിന്റെ ഒരുവർഷ കർമ്മ പരിപാടിയുടെ ഭാഗമായി പ്രത്യേക നടപടി സ്വീകരിക്കുകയും ചെയ്തു. 2012 ഫെബ്രുവരി മാസം മുതൽ വനം വകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാം' മിന്റെ ഭാഗമായും തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു. 2014 മെയ്-ജൂൺ മാസങ്ങളിൽ സർക്കാർ ആവിഷ്കരിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായും വനംവകുപ്പിലെ വിവിധ ഓഫീസുകളിൽ 1-5-2014 തീയതി കണക്കാക്കി തീർപ്പാക്കാനുള്ള ഫയലുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും സർക്കാർ നിശ്ചയിച്ച സമയക്രമം അനുസരിച്ച് ഫയൽ അദാലത്തുകൾ സംഘടിപ്പിക്കാനും തീർപ്പാക്കിയ ഫയലുകളുടെ പുരോഗതി സംബന്ധിച്ച പ്രതിവാര റിപ്പോർട്ട് സമർപ്പിക്കുവാനും വനംവകുപ്പിലെ എല്ലാ നിയന്ത്രണ അധികാരികൾക്കും നിർദ്ദേശം നൽകുകയുണ്ടായി. ഫയൽ തീർപ്പാക്കൽ പരിപാടിക്ക് മേൽനോട്ടം വഹിക്കുന്നതിനും പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുമായി വനം വകുപ്പ് ആസ്ഥാന ഡെപ്യൂട്ടി കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് നടപടി സ്വീകരിച്ചു. റെയിഞ്ച് തലം മുതൽ വനംവകുപ്പ് ആസ്ഥാനതലംവരെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി വനംവകുപ്പിൽ നടപ്പിലാക്കിവരുന്നു. സർക്കാർ തലത്തിൽ കഴിഞ്ഞ വർഷം 25-7-2013, 26-8-2013, 18-12-2013 എന്നീ തീയതികളിൽ മൂന്ന് അദാലത്തുകൾ സംഘടിപ്പിക്കുകയും ഈ വർഷം 24-5-2014-ൽ ഒരു അദാലത്ത് സംഘടിപ്പിക്കുകയും ഫയൽ നടപടി ത്വരിതപ്പെടുത്തുകയും നിരവധി ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**വനം വകുപ്പിലെ പെൻഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള പദ്ധതി**

281 (3573) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ എല്ലാ പെൻഷൻ കേസ്സുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവർത്തനരീതി എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നടപ്പിലാക്കിയ നൂറുദിന പരിപാടിയുടെ ഭാഗമായും തുടർന്നു നടപ്പിലാക്കിയ ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായും വനംവകുപ്പിൽ തീർപ്പാകാതെ കിടന്നിരുന്ന പെൻഷൻ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ഒരു തീവ്രയത്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. വനം വകുപ്പിൽ മാത്രം നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാം' പദ്ധതി മുഖേന ദീർഘകാലമായി തീർപ്പാകാതെ കിടന്ന പെൻഷൻ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിരുന്നു. സർക്കാർ ഇപ്പോൾ 2014 മെയ് -ജൂൺ മാസങ്ങളിൽ നടപ്പിലാക്കി വരുന്ന 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മൂന്നുവർഷത്തിൽ കൂടുതൽ പഴക്കമുള്ള പെൻഷൻ കേസ്സുകൾ തീർപ്പാക്കാനുള്ള തീവ്രയത്ന പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം വനം വകുപ്പിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വനം വകുപ്പിലെ ഓരോ ടെറിട്ടോറിയൽ സർക്കിളുകളിലെയും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ അതാത് സർക്കിൾ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലേയും തീർപ്പാകാതെ കിടക്കുന്ന പെൻഷൻ കേസ്സുകൾ പരിശോധിക്കുവാനായി ഒരു പ്രത്യേക ടീം രൂപീകരിച്ചു.

2. ഓരോ സർക്കിൾ പരിധിയിലും തീർപ്പാകാതെ കിടന്ന പെൻഷൻ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും പഴക്കം ചെന്ന കേസ്സുകൾ മുൻഗണനാ ക്രമത്തിൽ തരംതിരിച്ച് പ്രത്യേകം നടപടി സ്വീകരിച്ചു.

3. വിജിലൻസ് കേസ്സിൽ ഉൾപ്പെടാത്ത അച്ചടക്ക നടപടികൾ നിലനിൽക്കുന്ന കേസ്സുകളിൽ അവ എത്രയും പെട്ടെന്ന് തീർപ്പാക്കി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

4. ബാധ്യതകൾ സമയബന്ധിതമായി തിട്ടപ്പെടുത്തി ചട്ടപ്രകാരം പെൻഷണറെ അറിയിക്കുവാനും വിശദീകരണം നൽകാൻ 15 ദിവസത്തെ സമയം അനുവദിച്ച ശേഷം അന്തിമമായി തീർപ്പാക്കുവാനും നടപടി സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

5. പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണങ്ങൾ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുകയുണ്ടായി.

6 വനംവകുപ്പ് ആസ്ഥാനത്ത് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ (ഭരണം) നേതൃത്വത്തിൽ പ്രത്യേകം ടീം രൂപവൽക്കരിച്ചു.

(ബി&സി) തീർപ്പാകാതെ കിടന്നിരുന്ന പഴക്കം ചെന്ന പെൻഷൻ കേസ്സുകൾ മുൻഗണനാ ക്രമത്തിൽ അടിയന്തര നടപടി സ്വീകരിച്ച് അവ സമയബന്ധിതമായി തീർപ്പാക്കി പെൻഷൻ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി സർക്കിൾ തലത്തിൽ രൂപീകരിച്ച പ്രത്യേക ടീം അതാത് സർക്കിൾ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലേയും തീർപ്പാകാതെ കിടന്നിരുന്ന പഴക്കം ചെന്ന പെൻഷൻ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന നടപടിയാണ് ആദ്യം സ്വീകരിച്ചത്. വിജിലൻസ്/വകുപ്പുതല കേസ്സുകൾ നിലനിൽക്കുന്ന പെൻഷൻ കേസ്സുകളിൽ ബാധ്യത തിട്ടപ്പെടുത്തുന്നതിൽ ഉണ്ടാകുന്ന കാലതാമസമാണ് പെൻഷൻ കേസ്സുകൾ തീർപ്പാക്കുവാൻ തടസ്സമായിട്ടുള്ളത്. അപ്രകാരം കണ്ടെത്തിയ കേസ്സുകളിൽ വിജിലൻസ് കേസ് നിലവിലുള്ളവ ഒഴികെയുള്ള മറ്റ് വകുപ്പുതല അച്ചടക്ക നടപടികൾ ബന്ധപ്പെട്ട അച്ചടക്ക ശിക്ഷണ അധികാരികൾ സമയബന്ധിതമായി തീർപ്പാക്കുകയും അതനുസരിച്ച് തിട്ടപ്പെടുത്തിയ ബാധ്യതാ വിവരം പെൻഷണറെ അറിയിച്ച് 15 ദിവസത്തിനകം വിശദീകരണം നൽകുവാൻ അവസരം നൽകുകയുമുണ്ടായി. തുടർന്ന് സർക്കിൾ തലത്തിലും വനംവകുപ്പ് ആസ്ഥാനത്തും പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണം പരിശോധിച്ച് പെൻഷണറുടെ ആവലാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ശ്രീ. മൊയ്തീൻ കുഞ്ഞിക്ക് കാസർഗോഡ് നിയമനം നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷ**

282 (3574) ശ്രീ. പി. ബി. അബ്ദുൾ റസാക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഷാ ന്യൂനപക്ഷ വിഭാഗത്തിലെ ജീവനക്കാർക്ക് അവരുടെ താലൂക്കുകളിൽതന്നെ നിയമനം നൽകണമെന്നുൾപ്പെടെയുള്ള G.O. (Ms.) No. 758/Edn. H.Dept. dated 28-12-1961എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കന്നട ഭാഷാ ന്യൂനപക്ഷക്കാരനായ വനം വകുപ്പ് ജീവനക്കാരൻ പി. മൊയ്തീൻ കുഞ്ഞിയെ തിരുവനന്തപുരത്ത് ഐ.എച്ച്.ആർ.ഡി., എ.ഡി.സി.സി.എഫ്. ഓഫീസിലേക്ക് നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) G O. (Ms.) 758/Edn. H.Dept. ഉത്തരവുപ്രകാരം ശ്രീ. മൊയ്തീൻ കുഞ്ഞിക്ക് കാസർഗോഡ് നിയമനം നൽകണമെന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷ പരിഗണിക്കാൻ കഴിയാത്തതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ശ്രീ. മൊയ്തീൻ കുഞ്ഞിക്ക് കാസർഗോഡ് നിയമനം നൽകുന്നത് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 26-12-1961-ലെ No.758/Edn.H.Dept. സർക്കാർ ഉത്തരവ് പ്രകാരം ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് ന്യൂനപക്ഷ ഭാഷയിൽ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർക്ക് ഭരണപരമായ സൗകര്യം കണക്കാക്കി പരമാവധി പ്രായോഗികമായി നിയമിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വനം വകുപ്പിലെ ഹെഡ് അക്കൗണ്ടന്റായ കാസർഗോഡ് സ്വദേശി ശ്രീ. കെ. ശ്രീധരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.-597/13 നമ്പർ കേസ്സിൽ 6-6-2013-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12-2-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 62/14/F&WLD പ്രകാരം ഭാഷാ ന്യൂനപക്ഷ പ്രദേശമായ കാസർഗോഡ് ഫോറസ്റ്റ് ഡിവിഷനിൽ കാസർഗോഡ് സ്വദേശിയും ശ്രീ. പി. മൊയ്തീൻ കുഞ്ഞിയുടെ സീനിയറുമായ ശ്രീ. കെ. ശ്രീധരന് ഹെഡ് അക്കൗണ്ടന്റായി നിയമനം നൽകി. ആയതിനാലാണ് 12-2-2014-ലെ ഉത്തരവ് പ്രകാരം കാസർഗോഡ് ഫോറസ്റ്റ് ഡിവിഷനിൽ നിയമിച്ച ശ്രീ. കെ. ശ്രീധരനെ മാറ്റി, ടിയാന്റെ ജൂനിയറായ ശ്രീ. പി. മൊയ്തീൻ കുഞ്ഞിക്ക് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ കാസർഗോഡ് ജില്ലയിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമിക്കുവാൻ കഴിയാത്തത്.

(ഇ) ഒഴിവുണ്ടാകുന്ന മുറയ്ക്ക് ശ്രീ. മൊയ്തീൻ കുഞ്ഞിക്ക് കാസർഗോഡ് ജില്ലയിൽ നിയമനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മറയൂർ സാൻഡൽ ഡിവിഷന്റെ കീഴിലുള്ള ആദിവാസി വാച്ചർമാർ**

283 (3575) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ വനം വകുപ്പിന്റെ മറയൂർ സാൻഡൽ ഡിവിഷന്റെ കീഴിൽ എത്ര ആദിവാസികളാണ് താൽക്കാലിക വാച്ചർമാരായി ജോലിചെയ്തു വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ ദിവസവേതനം എത്ര രൂപയാണ് ; വേതനത്തുക നൽകുന്നതിൽ കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 76 ആദിവാസികൾ

(ബി) മസ്ദൂർമാർക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന 290 രൂപയും കാലാകാലങ്ങളിൽ നിലവിൽ ഉള്ള വേരിയബിൾ ക്ഷാമബത്തയുമാണ് താൽക്കാലിക ആദിവാസി വാച്ചർമാർക്ക് നിശ്ചയിച്ചിട്ടുള്ള ദിവസവേതനം. അപ്രകാരം നിലവിൽ ദിവസവേതനമായി 393.50 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കുന്നതിന് കാലതാമസമുണ്ടായത് കാരണം 2014 ഏപ്രിൽ മാസത്തിൽ വേതന കുടിശ്ശിക ഉണ്ടായിട്ടുണ്ട്. എന്നാൽ 2014 മേയ് മാസത്തിലെ വേതനത്തിൽ ടി കുടിശ്ശിക കൂടി ചേർത്ത് വേതനം നൽകിയിട്ടുണ്ട്. നിലവിൽ താൽക്കാലിക വാച്ചർമാർക്ക് വേതന തുക നൽകുവാൻ കുടിശ്ശികയില്ല. ഇവരുടെ വേതനം കുടിശ്ശികയില്ലാതെ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**തസ്തിക മാറ്റം നടത്തിയവരുടെ സീനിയോറിറ്റി**

284 (3576) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഫോറസ്റ്റർ തസ്തികയിലേക്ക് തസ്തികമാറ്റം നടത്തിയ ശ്രീ. കെ. ബാബുരാജൻപിള്ള, ശ്രീ. പി. കെ. പ്രദീപ് എന്നിവരുടെ സീനിയോറിറ്റികൾ പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ശ്രീ. കെ. ബാബുരാജൻപിള്ള, ശ്രീ. പി. കെ. പ്രദീപ് എന്നിവർ തസ്തികമാറ്റം നിറുത്തലാക്കുന്നതിന് (1990) മുൻപ് തസ്തികമാറ്റത്തിനായി അപേക്ഷ നൽകിയിരുന്നോ എന്നും എന്നാണ് ടിയാൻമാർ അപേക്ഷ നൽകിയതെന്നും പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) തസ്തികമാറ്റത്തിനായി ഇവർ നൽകിയ അപേക്ഷയുടെ പകർപ്പും പ്രസ്തുത അപേക്ഷകളിൽ വകുപ്പുതലത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും സ്വീകരിച്ച നടപടികൾ പ്രസ്തുത കക്ഷികളെ അറിയിച്ചതിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ഡി) ശ്രീ. കെ. ബാബുരാജൻപിള്ളയും ശ്രീ. പി. കെ. പ്രദീപും നൽകിയിരുന്ന അപേക്ഷകൾ ലഭ്യമല്ല എങ്കിൽ അന്ന് അപേക്ഷ നൽകിയിരുന്നു

എന്നത് സംബന്ധിച്ച് എന്തു രേഖകളാണ് വനം വകുപ്പിന്റെ പക്കലുള്ളതെന്ന് അറിയിക്കുമോ ; പ്രസ്തുത രേഖകളുടെ പകർപ്പും ലഭ്യമാക്കുമോ ;

(ഇ) ഫോറസ്റ്റർ തസ്തികയിലേക്ക് തസ്തികമാറ്റം നിർത്തലാക്കുന്നതു വരെ എത്ര പേർ പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിച്ചിരുന്നു എന്നും ഇവർ ആരൊക്കെയെന്നും ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ള തെന്നും പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭ്യമാണോ എന്നും വ്യക്തമാക്കുമോ ;

(എഫ്) 1998-ൽ ഫോറസ്റ്റർ തസ്തികയിലേക്കുള്ള തസ്തികമാറ്റം പുനഃസ്ഥാപിച്ചതിനുശേഷം എത്രപേർ ഇതിനായി അപേക്ഷ നൽകിയെന്നും അപേക്ഷ അനുസരിച്ച് എത്രപേർക്ക് തസ്തികമാറ്റം അനുവദിച്ചു എന്നും അവർക്ക് നിലവിലെ സീനിയോറിറ്റി ക്രമത്തിലാണോ തസ്തികമാറ്റം അനുവദിച്ചതെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 14-8-2006-ലെ സ.ഉ.(സാ) 340/06/വനം ഉത്തരവ് പ്രകാരം ശ്രീ. പി. കെ. പ്രദീപിന് തസ്തികമാറ്റം വഴി ഫോറസ്റ്ററായുള്ള നിയമനത്തിന് 26-8-1987 തീയതി മുതൽ പ്രാബല്യം നൽകുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഭരണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 24-3-2007-ലെ ഇ4-26676/06 നമ്പർ ഉത്തരവ് പ്രകാരം ഫോറസ്റ്റർ തസ്തികയിലെ സീനിയോ റിറ്റി പുനഃക്രമീകരിച്ചിരുന്നു. തുടർന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ (ഭരണം) റുടെ 20-4-2012-ലെ ഇ4-26008/10 ഉത്തരവ് പ്രകാരം ശ്രീ.പി.കെ. പ്രദീപിന്റെ ഡെപ്യൂട്ടി റെയിഞ്ചർ തസ്തികയിലെ സീനിയോറിറ്റിയും പുനഃക്രമീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

20-10-2012-ലെ 13298/എഫ്3/11/വനം നമ്പർ കത്തിലെ നിർദ്ദേശാനുസരണം ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ ഫോറസ്റ്റർ തസ്തികയിലെ സീനിയോറിറ്റി ഭരണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റ റിന്റെ 21-11-2013-ലെ ഇ4-16619/11 നമ്പർ ഉത്തരവ് പ്രകാരവും ഡെപ്യൂട്ടി റെയിഞ്ചർ തസ്തികയിലെ സീനിയോറിറ്റി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 13-5-2014 ലെ ഇ4-16619/11 നമ്പർ ഉത്തരവ് പ്രകാരവും താൽക്കാലികമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ടിയാന്റെ ഫോറസ്റ്റർ തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡെപ്യൂട്ടി റെയിഞ്ചർ തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ചത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. കെ. ബാബുരാജൻ പിള്ള, ശ്രീ. പി. കെ. പ്രദീപ് എന്നിവർ ഫോറസ്റ്ററായിട്ടുള്ള തസ്തികമാറ്റം നിർത്തലാക്കിയ 27-2-1990 -ന് മുമ്പ് അപേക്ഷ നൽകിയിരുന്നു. എന്നാൽ 27-2-1990-ന് തസ്തികമാറ്റം നിർത്തലാക്കിയ കാരണത്താൽ ടി അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. എന്നാൽ ശ്രീ. പി. കെ. പ്രദീപ് ടിയാന്റെ തസ്തിക മാറ്റ അപേക്ഷ പരിഗണിക്കുന്നതിനായി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും പ്രസ്തുത കേസ്സിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുകയാണുണ്ടായത്. പ്രസ്തുത തീരുമാനത്തിന് സമാനമായ നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. ബാബുരാജൻ പിള്ള സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് ടിയാനും സീനിയോറിറ്റി പുനഃക്രമീകരിച്ച് നൽകിയിട്ടുള്ളത്.

(സി) തസ്തിക മാറ്റത്തിന് ശ്രീ. കെ. ബാബുരാജൻ പിള്ളയും ശ്രീ. പി. കെ. പ്രദീപും 27-2-1990-ന് നൽകിയ അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു. ഈ അപേക്ഷകളിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനു മുമ്പ് തന്നെ 27-2-1990-ലെ ജി.ഒ. (പി) 17/90/വനം നമ്പർ ഉത്തരവ് പ്രാകാരം 1962-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തി തസ്തികമാറ്റം നിറുത്തലാക്കിയതിനാൽ തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല.

(ഡി-എഫ്) വിവരങ്ങൾ ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

### ഹരിതശ്രീ പദ്ധതി

285 (3577) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹരിതശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാതയോരങ്ങളിൽ തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

ഹരിതശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയ പാതയോരങ്ങളിൽ തണൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### ഹരിതശ്രീ പദ്ധതി

286 (3578) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക പരിസ്ഥിതിദിനമായ ജൂൺ 5-ന് ഹരിതശ്രീ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിച്ചതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി ആലപ്പുഴ ജില്ലയിൽ വിജയകരമായി നടപ്പിലാക്കുന്നതിന് ആരൊക്കെ സഹകരിച്ചുവെന്ന് വൃക്ഷത്തൈകളുടെ കണക്കുസഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലോക പരിസ്ഥിതിദിനമായ ജൂൺ 5-ന് ഹരിതശ്രീ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ 219338 വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിച്ചത്.

(ബി) ഹരിതശ്രീ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിൽ ആലപ്പുഴ ജില്ലയിൽ സഹകരിച്ച വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ, സർക്കാർ വകുപ്പുകൾ, കുടുംബശ്രീ, മറ്റുള്ളവർ എന്നിവരുടെ വിവരങ്ങളും നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ കണക്കും അനുബന്ധമായി ചേർക്കുന്നു.*

## ട്രീ കമ്മിറ്റി അംഗങ്ങൾ

**287 (3579)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജില്ലാതലത്തിലുള്ള ട്രീ കമ്മിറ്റി അംഗങ്ങളെ നോമിനേറ്റ് ചെയ്ത് കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഓരോ ജില്ലയിലേയും ട്രീ കമ്മിറ്റി അംഗങ്ങളുടെ പേരു വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി മരം മുറിച്ചുമാറ്റുമ്പോൾ ജില്ലാ തലത്തിലുള്ള ട്രീ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടാറുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജില്ലാതലത്തിലുള്ള അംഗങ്ങളെ നോമിനേറ്റ് ചെയ്ത് ട്രീ കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടില്ല.

(ബി) വികസന പ്രവർത്തനങ്ങൾക്കായി മരം മുറിച്ച് മാറ്റുമ്പോൾ ജില്ലാതലത്തിലുള്ള ട്രീ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ട്.

## ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ

**288 (3580)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ കേരളത്തിനുവേണ്ടി അഭിപ്രായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ കേരളത്തിനുവേണ്ടി സമർപ്പിച്ച അഭിപ്രായനിർദ്ദേശങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കരുത് എന്ന നിലപാടാണ് സംസ്ഥാന സർക്കാർ ഹരിത ട്രിബ്യൂണലിൽ സ്വീകരിച്ചത്.

(ബി) ഗാഡ്ഗിൽ കമ്മിറ്റി ശിപാർശകൾ അതേപടി നടപ്പാക്കുന്നത് അപ്രായോഗികമാണെന്നും കേരളത്തിന്റെ കാര്യത്തിൽ ശിപാർശകൾ പക്ഷപാതപരമാണെന്നും നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്റെ അന്തഃസത്ത കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ നിലപാട് കണക്കിലെടുക്കണമെന്നും ഗാഡ്ഗിൽ റിപ്പോർട്ടിന്മേൽ കേന്ദ്ര സർക്കാർ തീരുമാനമൊന്നും എടുക്കാതെ കസ്തൂരിരംഗൻ സമിതിയെ നിയോഗിച്ചിരിക്കുകയാണ്, ഗോവ ഫൗണ്ടേഷൻ ഫയൽ ചെയ്ത അപേക്ഷ നിലനിൽക്കത്തക്കതല്ല എന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്.

## കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിത ട്രൈബ്യൂണലിൽ കേന്ദ്ര സർക്കാർ എടുത്ത നിലപാട്

289 (3581) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിത ട്രൈബ്യൂണലിൽ കേന്ദ്രസർക്കാർ എടുത്ത നിലപാട് എന്തായിരുന്നുവെന്ന് അറിയാമോ ; സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് എടുത്ത നിലപാട് എന്താണ് ; കേന്ദ്ര സർക്കാർ എടുത്ത നിലപാട് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) കരട് വിജ്ഞാപനം ഇറങ്ങിയശേഷവും, 2013 നവംബർ 13-ലെ ഉത്തരവ്, കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്, നിലനിൽക്കുമെന്ന് ഹരിത ട്രൈബ്യൂണലിൽ കേന്ദ്രസർക്കാർ അറിയിച്ചതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകൾ തത്വത്തിൽ അംഗീകരിക്കുന്നു എന്നും, അതുപ്രകാരം കേരളത്തിലെ 123 വില്ലേജുകൾ ഉൾപ്പെടെയുള്ള പരിസ്ഥിതിലോല പ്രദേശങ്ങൾ നിശ്ചയിക്കുന്നു എന്നും അവിടെ താഴെപ്പറയുന്ന നിയന്ത്രണങ്ങൾ നടപ്പാക്കുന്നുവെന്നുമുള്ള നിലപാടാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചത്. S.O.733(E) തീയതി 10-3-2014 പ്രകാരമുള്ള കരട്

വിജ്ഞാപനത്തിൽ കേരളത്തിന് ESA യുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കൃഷി, പ്ലാന്റേഷൻ, താമസഭൂമികൾ എന്നിവ ഒഴിവാക്കിക്കൊണ്ട് കേരളത്തിന്റെ മൊത്തം ESA പരിധി 9,993.7 ചതുരശ്ര കിലോമീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്.

കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം നിലവിലുള്ള നിയന്ത്രണങ്ങൾ താഴെ പ്പറയുന്നവ മാത്രമാണ്.

നിരോധനമുള്ളവ

| (1) | (2) |
|---|---|
| ഖനനം | പൂർണ്ണനിരോധനം, എല്ലാ ഖനികളും 5 വർഷത്തിനുള്ളിലോ, ലീസ് കാലാവധി തീരുന്നതോ ഏതാണ് ആദ്യം അതുവരെ മാത്രം |
| താപനിലയങ്ങൾ | പുതിയവ ഇല്ല. ഉള്ളവ വികസിപ്പിക്കാനാവില്ല. |
| വ്യവസായം | 'ചുവന്ന വിഭാഗം' (മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ച പ്രകാരം) നിരോധിക്കപ്പെടും. |
| കെട്ടിടങ്ങൾ | 20000 ചതുരശ്ര കിലോമീറ്ററും അതിലധികവുമുള്ള കെട്ടിടങ്ങളും നിർമ്മാണങ്ങളും പുതുതായി അനുവദിക്കില്ല. സ്ഥലവികസന പദ്ധതികൾ 50 ഹെക്ടറും അധികവും, അഥവാ 1,50,000 ചതുരശ്ര കിലോമീറ്റർ അധികവും പുതുതായി അനുവദിക്കില്ല. |

നിയന്ത്രണമുള്ളവ

ജലവൈദ്യുത പദ്ധതി (i) പാരിസ്ഥിതിക ആഘാത പഠനം നടത്തണം (ii) വേനൽക്കാലത്ത് 30 ശതമാനം എങ്കിലും ഒഴുക്ക് നിലനിർത്തണം (iii) ആകമാന പാരിസ്ഥിതിക ആഘാത നിർണ്ണയം, ഒഴിക്കിന്റെ രീതി (iv) വന/ജൈവവൈവിദ്ധ്യ നഷ്ടം കണക്കാക്കണം (v) രണ്ടു ജല പദ്ധതികൾ തമ്മിലുള്ള ദൂരം 3 കിലോമീറ്റർ മിനിമം(vi) നദീ തടത്തിന്റെ 50 ശതമാനത്തിലധികം പദ്ധതി ബാധകമാക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| ഓറഞ്ച് കാറ്റഗറി പദ്ധതികൾ | കർശന വ്യവസ്ഥകളോടെയും ഏറ്റവും കുറഞ്ഞ പരിസ്ഥിതി ആഘാതത്തോടെയും നടപ്പാക്കാം. |
| | നിരോധിക്കപ്പെട്ടവ ഒഴികെയുള്ള പദ്ധതികൾ സഞ്ചിത ആഘാതവും വികസനാവശ്യവും കണക്കിലെടുത്തശേഷം മുൻകൂർ പാരിസ്ഥിതികാനുമതിയോടെ നടപ്പാക്കാം |
| | വനം ആവശ്യമായ കേസുകളിൽ പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും MoEF ന്റേയും സംസ്ഥാന വനം വകുപ്പിന്റേയും വെബ്സൈറ്റിൽ കൊടുക്കണം. പട്ടികവർഗ്ഗ (വനാവകാശ) നിയമപ്രകാരമുള്ള മുൻകൂർ അനുമതി നേടിയിരിക്കണം. ഗ്രാമസഭയുടെ അനുമതി നിർബന്ധം. |

(ബി) 13-11-2013 -ലെ നിർദ്ദേശം സംസ്ഥാനങ്ങളിലെ മലിനീകരണ നിയന്ത്രണ ബോർഡുകൾ, മുൻകൂർ പാരിസ്ഥിതിക അനുമതി നൽകുന്നതിനുളള സംവിധാനങ്ങളായ സംസ്ഥാനതല വിദഗ്ദ്ധ അവലോകന സമിതി (SEAC), സംസ്ഥാന പരിസ്ഥിതി ആഘാതം എന്നിവയ്ക്ക് മറ്റ് ഉത്തരവുകൾ ഉണ്ടാകുന്നതുവരെ പരിസ്ഥിതി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം നൽകിയിട്ടുളള നിർദ്ദേശങ്ങളാണ്. പരിസ്ഥിതിലോല വില്ലേജുകളിൽ മൈനിംഗ്, ക്വാറിയിംഗ്, മണൽ ഖനനം താപനിലയങ്ങൾ, 2,000 ചതുരശ്രമീറ്ററും അതിലധികവുമോ അഥവാ 1,50,000 ചതുരശ്ര മീറ്ററും അതിലധികവും വിസ്തൃതിയുളള ടൗൺഷിപ്പുകളും, ചുവപ്പു കാറ്റഗറിയിൽപ്പെടുന്ന വ്യവസായങ്ങളും നിരോധിക്കുന്നതാണ് പ്രസ്തുത നിർദ്ദേശം.

എന്നാൽ തുടർന്ന് സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി സംസ്ഥാനത്തിന് മാത്രമായി പരിസ്ഥിതിലോല പ്രദേശങ്ങളിൽ ചില പ്രത്യേക ഇളവുകൾ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര സർക്കാർ കരടു വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കയാണ്. അതുപ്രകാരം, ജനവാസമേഖലകൾ, കൃഷി സ്ഥലങ്ങൾ, തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ പൂർണ്ണമായി പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിന്നൊഴിവാക്കി, സംസ്ഥാനത്തിന്റെ പരിസ്ഥിതിലോല പ്രദേശങ്ങൾ സർവ്വേ മാപ്പ് അടിസ്ഥാനപ്പെടുത്തി തയ്യാറാക്കി വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ഇക്കാര്യം കേന്ദ്രസർക്കാർ അംഗീകരിച്ചാൽ നിയന്ത്രണങ്ങൾ, ഇപ്പോൾ മാപ്പിൽ കാണിച്ചിട്ടുളള യഥാർത്ഥ പരിസ്ഥിതിലോല പ്രദേശങ്ങളിൽ മാത്രമായി പരിമിതപ്പെടും. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുകയും പുതിയ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ESA റിപ്പോർട്ടും കരടു വിജ്ഞാപനവും വന്നതു കണക്കിലെടുത്ത് ഹരിത ട്രൈബ്യൂണലിലെ കേസ് തളളണമെന്നാണ് അവിടെ സ്വീകരിച്ചിരിക്കുന്ന നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കസ്തൂരിരംഗൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിലെ ഭേദഗതി

**290 (3582)** ശ്രീ. ഇ. പി. **ജയരാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചതെപ്പോഴാണ് ; എന്തെല്ലാം ഭേദഗതികളാണ് ആവശ്യപ്പെട്ടിരുന്നത് ;

(ബി) കേരളത്തിന്റെ അപേക്ഷ പരിഗണിച്ച് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോടെ പുറത്തിറക്കിയ കരട് വിജ്ഞാപനത്തിന്റെ ഉള്ളടക്കം വിശദീകരിക്കുമോ ; പകർപ്പ് ലഭ്യമാക്കുമോ ;

(സി) കരട് വിജ്ഞാപനത്തിൻമേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായ നിർദ്ദേശങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതു സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് അയച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രൊഫ. ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ട് മുഖ്യമന്ത്രി നേരിട്ട് കേന്ദ്ര പരിസ്ഥിതി വകുപ്പിന് കൊടുത്തിട്ടുണ്ട്. കൂടാതെ കത്തുകളും കേരളത്തിന്റെ നിർദ്ദേശങ്ങളും (Response) അയച്ചുകൊടുത്തിട്ടുണ്ട്. അന്യസംസ്ഥാനങ്ങൾക്കു നൽകിയ പരിഗണന പരിസ്ഥിതിലോല പ്രദേശങ്ങളുടെ കാര്യത്തിൽ കേരളത്തിനു കിട്ടിയിട്ടില്ല എന്നതും മറ്റും കണക്കിലെടുത്ത് ജനാധിവാസ മേഖലകൾ, കൃഷി സ്ഥലങ്ങൾ, തോട്ടങ്ങൾ പ്ലാന്റേഷനുകൾ എന്നിവ പൂർണ്ണമായി ESA യിൽ നിന്നൊഴിവാക്കണം. കസ്തൂരിരംഗൻ സമിതിയുടെ ശുപാർശകൾ പഠിച്ച സമിതിയുടെ (ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി) നിർദ്ദേശങ്ങൾ അംഗീകരിക്കണം, റെഡ് കാറ്റഗറി വ്യവസായങ്ങൾക്കു നിരോധനം ഏർപ്പെടുത്തിയതിൽ ആശുപത്രികൾ, പശുവളർത്തൽ കേന്ദ്രങ്ങൾ മുതലായവയെ ഒഴിവാക്കണം എന്നീ കാര്യങ്ങളാണ് പ്രധാനമായും നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) 2014 മാർച്ച് 10-ന് പുറത്തിറക്കിയ കരട് വിജ്ഞാപനത്തിൽ കേരളവുമായി ബന്ധപ്പെട്ട പ്രസക്തമായ ഭാഗം ചുവടെ ചേർക്കുന്നു. "കേരള സർക്കാർ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നേരിട്ടുള്ള പരിശോധനയിലൂടെ (Physical verification) 123 വില്ലേജുകളിലെ പരിസ്ഥിതിലോല പ്രദേശങ്ങളെയും കൃഷിത്തോട്ടങ്ങളെയും, പ്ലാന്റേഷനുകളെയും വ്യക്തമായി രേഖപ്പെടുത്തുന്നതിനുള്ള പഞ്ചായത്തുതല കമ്മിറ്റിക്ക് രൂപം നൽകുകയും ആകെ 9993.7 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശമായി

കണ്ടെത്തുകയും ചെയ്തു. അതേ സമയം കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഇത് 13108 ചതുരശ്ര കിലോമീറ്റർ ആണ്." കരട് വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഉണ്ട്. 17-2-2014-ലെ കത്തുമുഖേന സംസ്ഥാനത്തിന്റെ അഭിപ്രായ നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(ഡി) വാസസ്ഥലങ്ങൾ, കൃഷി ഭൂമികൾ, തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവയെ പൂർണ്ണമായും ESA പരിധിയിൽ നിന്നും ഒഴിവാക്കണം. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ചുവപ്പുകാറ്റഗറി വ്യവസായ വിഭാഗത്തിൽ നിന്നും ആശുപത്രികൾ, ഡയറിഫാം എന്നിവ ഒഴിവാക്കണം.

(ഇ) കസ്തൂരിരംഗൻ സമിതി ശുപാർശകളിന്മേൽ സംസ്ഥാന സർക്കാർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പരിസ്ഥിതി ലോല പ്രദേശങ്ങളിൽ പരിസ്ഥിതി ആഘാത പഠനം

291 (3583) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളായി കണ്ടെത്തിയ 123 വില്ലേജുകളിൽ പരിസ്ഥിതി ആഘാതപഠനം ആരംഭിക്കാൻ വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ നവംബർ 13-ന്റെ ഉത്തരവുപ്രകാരം പരിസ്ഥിതിലോലം എന്നു കണ്ടെത്തിയ പ്രദേശങ്ങളിൽ ഈ ഉത്തരവ് നടപ്പാക്കാൻ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ഉത്തരവ് നടപ്പാക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

## ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്

292 (3584) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ സമിതി റിപ്പോർട്ടിൻപ്രകാരം എത്ര വില്ലേജുകളാണ് പരിസ്ഥിതിലോല വില്ലേജുകളായി നിർദ്ദേശിച്ചിട്ടുള്ളത് ; ഏതെല്ലാം ജില്ലയിലെ ഏതെല്ലാം വില്ലേജുകൾ എന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് പഠിക്കുവാൻ സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം തയ്യാറാക്കിയ മാപ്പിൽ എത്ര വില്ലേജുകളാണ് പരിസ്ഥിതിലോല റില്ലേജുകളായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി ഇപ്പോൾ തയ്യാറാക്കിയ മാപ്പിനുവേണ്ടി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും നേരത്തെ മാപ്പ് തയ്യാറാക്കുവാൻ സ്വീകരിച്ച മാനദണ്ഡങ്ങളിൽനിന്നും എന്തു വ്യത്യസ്ത മാനദണ്ഡമാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 123. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി ശുപാർശകൾ പ്രകാരം മാപ്പ് തയ്യാറാക്കിയിരുന്നില്ല.

(സി) ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഈ റിപ്പോർട്ടിലെ ശുപാർശ പ്രകാരം പരിസ്ഥിതിലോല റില്ലേജുകൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു പരിശോധനാ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, കൃഷി ഓഫീസർ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ വില്ലേജ് ഓഫീസർ എന്നിവരടങ്ങിയ ടി കമ്മിറ്റിയാണ് ഒരു സ്കെച്ച് തയ്യാറാക്കിയത്. ഇത് ശാസ്ത്രീയമല്ലായിരുന്നു. അതുപയോഗിച്ച് പരിസ്ഥിതി ലോല പ്രദേശങ്ങൾ കൃത്യമായി നിർണ്ണയിക്കാനോ, കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം വെബ്സൈറ്റിൽ കൊടുക്കാനോ പറ്റുമായിരുന്നില്ല. അതിനുശേഷം KSREC യെ ഉൾപ്പെടുത്തി. ഭൂവിനിയോഗം അടിസ്ഥാനപ്പെടുത്തി 123 ഗ്രാമങ്ങളുടെ മാപ്പ് തയ്യാറാക്കി. അതിനെ വീണ്ടും മുൻപറഞ്ഞ പഞ്ചായത്ത് സമിതി തയ്യാറാക്കിയ പരിസ്ഥിതിലോല പ്രദേശങ്ങൾ ചേർത്ത് കഡസ്ട്രൽ മാപ്പാക്കിയാണ് വെബ്സൈറ്റിലിട്ടിരിക്കുന്നത്. ഇപ്പോൾ യഥാർത്ഥ അതിർത്തി നിർണ്ണയം സാധ്യമാണ്.

## അനധികൃത ക്വാറികളും ക്രഷറുകളും ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

293 (3585) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വ്യവസ്ഥകൾ പാലിക്കാതെ ക്വാറികളും ക്രഷറുകളും പ്രവർത്തിച്ചുവരുന്നതായി പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനധികൃതമായി പ്രവർത്തിച്ചുവരുന്ന ക്വാറികളെ തടയുന്നതിന് പരിസ്ഥിതി വകുപ്പ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

(സി) നിരവധി ക്വാറികളും ക്രഷറുകളും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനാൽ ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാവിധ ഖനനപ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിക്കൊണ്ട് 21-2-2014-ന് ജി.ഒ. (എംഎസ്.) നമ്പർ 02/14/പരി. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ അനധികൃത ക്വാറികളും അടച്ച് പൂട്ടാനും, അനധികൃതമായി ഖനനം നടത്തിയതിനുള്ള പിഴയീടാക്കാൻ വ്യവസ്ഥയുള്ള പക്ഷം അതും നിയമാനുസൃത ഫീസുകളും ഈടാക്കാനും എല്ലാ ജില്ലാ കളക്ടർമാർക്കും മൈനിംഗ് & ജിയോളജി, പഞ്ചായത്ത് വകുപ്പുകൾക്കും നിർദ്ദേശം നൽകിക്കൊണ്ട് 30-5-2014-ന് സർക്കാർ ഉത്തരവ് (കൈ) നമ്പർ 07/14/പരി. പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത പാറഖനനത്തെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) അനധികൃത ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനംമൂലം സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടവും ലഘുധാതുക്കളുടെ ശോഷണവും ഉണ്ടാകുന്നു. ഇതോടൊപ്പം അന്തരീക്ഷ-പരിസര മലിനീകരണത്തിനും പൊതുജനാരോഗ്യത്തിന് ഭീഷണിയും അപകടങ്ങൾക്കും കാരണമാകുന്നുണ്ട്. നിരവധിപേർക്ക് ജീവഹാനിയും സംഭവിച്ചിട്ടുണ്ട്.

**ഖനനത്തിനുള്ള പരിസ്ഥിതി അനുമതി**

**294 (3586)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖനനത്തിന് അനുമതി കൊടുക്കുന്നതിന് മുമ്പ് പരിസ്ഥിതി ആഘാത പഠനം നടത്തണമെന്ന സുപ്രീംകോടതി വിധി നിർദ്ദേശം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ വിധിയുടെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇത് സംബന്ധമായി സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയെ അടിസ്ഥാനമാക്കി, ഖനന പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി ആഘാത പഠനം നിർബന്ധമാക്കിക്കൊണ്ട് 24-12-2013-ന് J-13012/12/2013-IAII(1) നമ്പർ ഓഫീസ് മെമ്മോറാണ്ടം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനനുസൃതമായി, സംസ്ഥാനത്ത് കേരള മൈനർ മിനറൽ കൺസഷൻ റൂൾസിൽ (KMMCR-1967) ഭേദഗതി വരുത്തുന്നതിനുള്ള പ്രക്രിയ വ്യവസായ വകുപ്പിൽ പുരോഗമിച്ചുവരുന്നു.

**മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം**

295 (3587) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയായി ഉയർത്തുമ്പോൾ എത്ര ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകാൻ സാധ്യത ഉണ്ട് എന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(ബി) മുല്ലപ്പെരിയാർ കേസിൽ ഇക്കാര്യം കോടതിയിൽ ചൂണ്ടിക്കാണിച്ചിരുന്നുവോ ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള ഒരു വീഴ്ച വരുവാനിടയായ സാഹചര്യം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 142 അടിയായി ഉയർത്തുമ്പോൾ പെരിയാർ ടൈഗർ റിസർവിലെ 568 ഹെക്ടർ വനഭൂമി മുങ്ങിപ്പോകുമെന്ന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുള്ള പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ചൂണ്ടിക്കാണിച്ചിരുന്നു.

**തമിഴ്നാട് അതിർത്തിയിലെ ന്യൂട്രിനോ പരീക്ഷണശാല**

296 (3588) ശ്രീ. വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട് അതിർത്തിയിലെ പൊട്ടിപ്പുറത്ത് ന്യൂട്രിനോ പരീക്ഷണശാലയ്ക്കായി തുരങ്കം നിർമ്മിക്കാനുള്ള പദ്ധതി പശ്ചിമഘട്ടത്തിൽ പാരിസ്ഥിതികാഘാതം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതി ബാധിത മേഖലയിൽ പകുതിയും വരുന്ന കേരളത്തിന്റെ അനുമതി ഈ പദ്ധതി നടത്തിപ്പിന് നൽകിയിട്ടുണ്ടോ ;

(സി) പരീക്ഷണശാല നിർമ്മിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിസ്ഥിതി വകുപ്പിൽ നിന്ന് അനുമതി നൽകിയിട്ടില്ല.

(സി) കേരള തമിഴ്നാട് അതിർത്തിയിലെ തേനി ജില്ലയിലെ പൊട്ടിപ്പുറം പഞ്ചായത്തിലെ മലനിരയിൽ ഏതാണ്ട് 26.85 ഹെക്ടർ വിസ്തൃതിയുള്ള സ്ഥലത്താണ് നിർദ്ദിഷ്ട India based-neutrino observatory നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഏകദേശം 1300 മീറ്റർ ആഴത്തിൽ ഒരു ഭൂഗർഭ സംഭരണി പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിനായി ഇതിനോടനുബന്ധിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതായും മനസ്സിലാക്കിയിട്ടുണ്ട്. പ്രകൃതിജന്യമായ റേഡിയേഷനുകൾ ഒഴിവാക്കിക്കൊണ്ടുള്ള പരീക്ഷണങ്ങൾ നടത്തുന്നതിലേക്കായിട്ടാണ് ഇത്തരത്തിലുള്ള ഒരു ഭൂഗർഭ അറയും അതിലേയ്ക്കുള്ള ടണലും നിർമ്മിക്കുവാൻ ഉദ്ദേശിച്ചിക്കുന്നത് എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും തന്നെ ലഭ്യമായിട്ടില്ല.

### പുതുക്കാട് ഇക്കോ ടൂറിസം പദ്ധതി

297 (3589) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാമിലെ ഇക്കോടൂറിസം പദ്ധതി പൂർത്തിയാക്കുവാൻ വനം വകുപ്പിനെ ഏൽപ്പിച്ച കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പണി ഇപ്പോഴും പൂർത്തിയാക്കാതെ കിടക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി എത്രയുംവേഗം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചിമ്മിനി ഡാമിലെ ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) 2547/2007/TSM തീയതി 27-3-2007 പ്രകാരം 9 ഘടക പദ്ധതികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി

ലഭിക്കുകയുണ്ടായി. ടി പദ്ധതികൾ നടപ്പാക്കുന്നതിന് 2 ഗഡുക്കളായി 20 ലക്ഷം രൂപ ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചു. ആയതിൽ 6 ഘടക പദ്ധതികൾ പൂർണ്ണമായും ഒരു ഘടകപദ്ധതി ഭാഗികമായും പൂർത്തീകരിച്ചു. ബാക്കിയുള്ള 2 ഘടക പദ്ധതികളിൽ ഒന്നായ തോട്ടപ്പുരയിലെ 'ഇക്കോ ലോഡ്ജ് നിർമ്മാണം' സുപ്രീംകോടതിയുടെ ഉത്തരവുകളും വനനിയമങ്ങളും കാരണം പ്രായോഗികമല്ലാത്തതിനാൽ നടത്തിയിട്ടില്ല. മറ്റൊരു ഘടക പദ്ധതിയായ ഓർക്കിഡ് ട്രെയിൽ പ്രായോഗികമല്ലാത്തതിനാൽ ടി പദ്ധതിയും ഉപേക്ഷിച്ചു. പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് (സർക്കാർ കത്ത് നം.72395/ എഫ്4/09/ടി.എസ്സ്.എം.തീയതി 25-8-2012, ഇക്കോ ടൂറിസം ഡയറക്ടറുടെ കത്ത് നം. ഇ.ടി/ടി2/50-11/2007 തീയതി 20-9-2012) എസ്റ്റിമേറ്റുകൾ ഇക്കോ ടൂറിസം ഡയറക്ടർക്ക് നൽകിയിരുന്നുവെങ്കിലും പുതുക്കിയ പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുകയുണ്ടായില്ല. തുടർന്ന് ഇക്കോ ടൂറിസം ഡയറക്ടറുടെ 28-3-2014 തീയതിയിലെ നിർദ്ദേശപ്രകാരം ചെലവാകാതെയിരുന്ന ബാക്കി തുക 4-4-2014 തീയതിയിൽ പീച്ചി വൈൽഡ് ലൈഫ് വാർഡൻ തിരികെ നൽകി.

(സി) 2014-15 വർഷത്തിൽ പീച്ചി, വാഴാനി, ചിമ്മിനി വന്യജീവി സങ്കേതങ്ങളിൽ നടപ്പാക്കാനുള്ള ഇക്കോ ടൂറിസം പദ്ധതികളുടെ പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിരിക്കുന്ന ഓക്സ്ബോ തടാകം സംരക്ഷിക്കാൻ നടപടി

**298 (3590)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനും, ജൈവ വൈവിധ്യബോർഡിന്റെ കീഴിൽ 'പ്രകൃതി പൈതൃക ലിസ്റ്റിൽ' ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള തടാകം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ജൈവവൈവിധ്യ അതോറിറ്റി ചെയർമാന്റെ നിർദ്ദേശാനുസരണം നടത്തിയ പഠനത്തിൽ ഇത് ഓക്സ്ബോ തടാകമല്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ തടാകത്തിന്റെ സംരക്ഷണത്തിനുവേണ്ടി സ്വീകരിക്കേണ്ട പ്രാരംഭ നടപടികൾക്കായി കാടുകുറ്റി ജൈവവൈവിധ്യ പരിപാലന സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ തടാകത്തിന്റെ വടക്കേമുറി വില്ലേജിലെ ഭാഗങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറ്റം ചെയ്തിരിക്കുന്നതായി അറിവ് കിട്ടിയതിൻപ്രകാരം തൃശ്ശൂർ ജില്ലകളക്ടറോടും റവന്യൂ വകുപ്പിനോടും മേൽ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാൻ ജൈവവൈവിധ്യ ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

## ജലാശയങ്ങളിലെ ജലജീവി സമ്പത്തു സംരക്ഷണം

299 (T3591) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട്ട് കായലിലെ മത്സ്യങ്ങളെക്കുറിച്ചും അവിടുത്തെ പക്ഷികളെക്കുറിച്ചും ഏതെങ്കിലും ആധികാരിക പഠനങ്ങൾ നടന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ, അന്യം നിന്നുപോയ മത്സ്യ-പക്ഷി സമ്പത്തിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടോ ;

(സി) എങ്കിൽ അവ സംരക്ഷിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ഡി) വേമ്പനാട്ട് കായലിലും അനുബന്ധ ജലാശയങ്ങളിലുമുള്ള വൈവിദ്ധ്യമാർന്ന ജലജീവി സമ്പത്തു സംരക്ഷിക്കുന്നതിനും വ്യാപരിക്കുന്നതിനും ഒരു പ്രത്യേക പദ്ധതി കൈക്കൊള്ളുമോ ?

### ഉത്തരം

(എ) ഇല്ല. വേമ്പനാട്ട് കായലിലെ മത്സ്യങ്ങളെക്കുറിച്ചും അവിടുത്തെ പക്ഷികളെക്കുറിച്ചും പരിസ്ഥിതി വകുപ്പ് ആധികാരിക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) വേമ്പനാട് കായലിനും അനുബന്ധ ജലാശയങ്ങളിലുമുള്ള വൈവിധ്യമാർന്ന ജലജീവി സമ്പത്തു സംരക്ഷിക്കുന്നതിനും വ്യാപരിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കുന്ന കാര്യം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പരിശോധിക്കുന്നതാണ്.

---

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കാവുകളുടെ സംരക്ഷണം

300 (3592) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകൾ സംരക്ഷിക്കുന്നതിന് പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന ഏജൻസി/സ്ഥാപനം ഏതാണെന്ന് അറിയിക്കുമോ ;

(സി) ഇത്തരം കാവു സംരക്ഷണത്തിന് വനംവകുപ്പിന് മാത്രമായി പദ്ധതികൾ നിലവിലുണ്ടോ ;

(ഡി) ഇത്തരം പദ്ധതികളുടെ മേൽനോട്ടം കാര്യക്ഷമമായി നടത്തുന്നുണ്ടോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽ നിന്നും വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവുസംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത വിദഗ്ദ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ യോഗ്യമായ കാവുകൾ തെരഞ്ഞെടുക്കയും തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് സാമ്പത്തിക സഹായം നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം ഉത്തരവ് നമ്പർ 354/13/F&WLD തീയതി 12-9-2013 പ്രകാരം നൽകിവരികയും ചെയ്യുന്നു.

(ബി) കേരള സർക്കാരിന്റെ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ BH-2406-02-110-68-സി.ബി.ഡി.-34OC എന്ന ശീർഷകത്തിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടിന്റെ പരിധിയിൽ നിന്നുകൊണ്ടാണ് കേരളത്തിലെ കാവു സംരക്ഷണ പദ്ധതികൾ ഓരോ വർഷവും നടപ്പിലാക്കുന്നത്. ആയതിന് പ്രത്യേക ഏജൻസികളോ സ്ഥാപനങ്ങളോ നിലവിലില്ല. വനം വകുപ്പ് ധനസഹായം നൽകിവരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്. കേരളത്തിലെ ഓരോ ജില്ലയിലെയും അതാത് സാമൂഹ്യ വനവൽക്കരണവിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് കാവ് സംരക്ഷണ പദ്ധതിക്കുള്ള ചുമതല വഹിക്കുന്നത്. ആയതിന്റെ മേൽനോട്ടം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ബയോഡൈവേഴ്സിറ്റി സെൽ) നിർവ്വഹിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സ്പോർട്ട്സ് നയം

301 (3593) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സ്പോർട്സ് നയം വിമർശിക്കപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) സ്പോർട്സ് കൗൺസിലിന്റെ ഒടുവിൽ നടന്ന ജനറൽബോഡി യോഗത്തിൽ ഉയർന്നുവന്ന വിമർശനങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) സർക്കാർ സ്പോർട്സ് രംഗത്ത് അനുവർത്തിക്കുന്ന നയം കായിക രംഗത്തെ പിന്നോട്ടടിപ്പിക്കുന്നതാണെന്ന ആക്ഷേപം പരിശോധിക്കുമോ ;

(ഡി) സ്പോർട്സ് രംഗത്ത് സർക്കാരിന്റെ നോഡൽ ഏജൻസികളായി പ്രവർത്തിക്കുന്നത് ഏതൊക്കെ സ്ഥാപനങ്ങളാണ് ?

### ഉത്തരം

(എ) ഇല്ല.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കഴിഞ്ഞ ജനറൽബോഡി യോഗത്തിൽ സ്പോർട്സ് നയത്തെ സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും സ്പോർട്സ് സെമിനാർ നടത്തി സ്പോർട്സ് നയത്തിൽ ചില ഭേദഗതികൾ വരുത്തി സർക്കാരിന് സമർപ്പിക്കുകയുണ്ടായിയെങ്കിലും ഇവ പരിഗണിയ്ക്കുകയുണ്ടായില്ല എന്ന് ചില അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി.

(സി) 2000-ലെ കേരള സ്പോർട്സ് ആക്ടിൽ അധിഷ്ഠിതമായി എല്ലാവർക്കും 'സ്പോർട്സ് എല്ലാവർക്കും ആരോഗ്യം' എന്ന തത്വത്തിൽ ഊന്നിക്കൊണ്ട് എല്ലാ ജനങ്ങളിലും ആരോഗ്യപരമായ ജീവിതശൈലി കായിക രംഗത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നതിനും ഒപ്പം ദേശീയ അന്തർദേശീയതലങ്ങളിൽ കായിക രംഗത്ത്, കായികയുവജനകാര്യ വകുപ്പ്, കായികയുവജനകാര്യാലയം, സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മികവ് കൈവരിക്കുന്നതിനും ലക്ഷ്യമിട്ടാണ് സംസ്ഥാന സർക്കാർ കായിക നയം പ്രഖ്യാപിച്ചിരിക്കുന്നത്. വിവിധ തലത്തിലുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷമുള്ള അഭിപ്രായസമന്വയത്തിന്റെ ഭാഗമായി തയ്യാറാക്കിയ പ്രസ്തുത നയം മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കായികനയം പരിഗണിച്ച നിയമസഭാ സബ്ജക്ട് കമ്മിറ്റി നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുകയും അതിനനുസരിച്ച് ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. മേൽ സാഹചര്യത്തിൽ കായികനയം

കായികരംഗത്തെ പിന്നോട്ടടിപ്പിക്കുന്നതാണെന്ന ആക്ഷേപത്തിന് യാതൊരു അടിസ്ഥാനവുമില്ല.

(ഡി) കായികയുജനകാര്യാലയവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റും നോഡൽ ഏജൻസികളായി പ്രവർത്തിക്കുന്നു.

## പൈക്കാ പദ്ധതി

302 (3594) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് കൗൺസിൽവഴി നടപ്പാക്കുന്ന പൈക്കാ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പൈക്കാ പദ്ധതിയിൽ '2013-14' സാമ്പത്തിക വർഷം കോട്ടയം ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തത് ; ഇതു സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) 2014-15 സാമ്പത്തിക വർഷം കോട്ടയം ജില്ലയിൽ ഏതൊക്കെ വിദ്യാലയങ്ങളിലാണ് പൈക്കാ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പൈക്കാ പദ്ധതിയനുസരിച്ച് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ ; ഈ പദ്ധതിക്കുള്ള ഫണ്ട് നൽകുന്നത് ഏത് ഏജൻസിയാണെന്നും ഇതിൽ കേന്ദ്രവിഹിതം എത്രയാണെന്നും സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ ?

## ഉത്തരം

(എ) പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു. *

(ബി) 2013-14 സാമ്പത്തിക വർഷം പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടയം ജില്ലയിൽ നിന്നും വിദ്യാലയങ്ങളെ ഒന്നും തെരഞ്ഞെടുത്തിട്ടില്ല. പൈക്ക പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുമാണ് സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

(സി) 2014-15 വർഷം മുതൽ പൈക്ക പദ്ധതി, രാജീവ് ഗാന്ധി ഖേൽ അഭിയാൻ എന്ന പേരിൽ പരിഷ്കരിക്കുന്നതിന് കേന്ദ്ര യുവജനകാര്യ കായികമന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ കേന്ദ്ര സർക്കാർ തയ്യാറാക്കുന്ന മുറയ്ക്ക് 2014-15 വർഷം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൈക്ക പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഇപ്രകാരം പഞ്ചായത്ത് പൈക്ക സെന്ററുകൾ സ്ഥാപിക്കുമ്പോൾ കളിസ്ഥലങ്ങൾ ഉള്ള സർക്കാർ സ്കൂളുകൾക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്. സർക്കാർ സ്കൂളുകളുടെ കളിസ്ഥലം ലഭ്യമല്ലാതെ വരുന്ന അവസരത്തിൽ മാത്രമേ പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കും എയ്ഡഡ് സ്കൂൾ ഗ്രൗണ്ടുകൾക്കും പരിഗണന നൽകാവൂ.

ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് താഴെ പറയുന്ന കേന്ദ്ര/സംസ്ഥാന ഗ്രാന്റുകൾ ലഭിക്കാൻ അർഹതയുണ്ട്.

1. ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് *(One Time Seed Capital Grant)*

അടിസ്ഥാന സൗകര്യങ്ങൾ (കളിക്കളങ്ങൾ, നീന്തൽക്കുളങ്ങൾ) ഒരുക്കുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനുമുള്ള താണ് ഈ ഗ്രാന്റ് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ സംയുക്തമായിട്ടാണ് ഇത് വഹിക്കുന്നത്.

2. ആന്വൽ അക്വിസിഷൻ ഗ്രാന്റ് *(Annual Acquisition Grant)*

കായിക പരിശീലന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ളതാണ് ഈ ഗ്രാന്റ്. പദ്ധതി നടപ്പാക്കി ആദ്യ അഞ്ചുവർഷം മാത്രം ലഭിക്കുന്ന 100 ശതമാനം കേന്ദ്രധനസഹായമാണിത്.

3. ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ് *(Annual Operational Grant)*

പൈക്ക കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും മറ്റും ഉദ്ദേശിച്ചുള്ള നൂറ് ശതമാനം കേന്ദ്ര സഹായമാണിത്. ഇതും പദ്ധതി നടപ്പാക്കി ആദ്യ 5 വർഷം മാത്രമേ ലഭിക്കുകയുള്ളൂ.

**അങ്കമാലി മണ്ഡലത്തിലെ സ്മൈൽ പദ്ധതി**

**303 (3595)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായിക വകുപ്പിന്റെ വിവിധോദ്ദേശ്യ പദ്ധതിയായ സ്മയിലിൽ (SMILE) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പണംചിറയി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള ഒരേക്കറോളം വരുന്ന സ്ഥലം ഉൾക്കൊള്ളിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പണം ചിറയിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള അപേക്ഷ SMILE പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനായി രൂപീകരിച്ച സംസ്ഥാനതല കമ്മിറ്റിയിൽ 20-2-2014-ന് സമർപ്പിച്ചിരുന്നുവെങ്കിലും തെരഞ്ഞെടുക്കപ്പെട്ടവയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

**ആലപ്പുഴ ജില്ല-സ്വിം ആന്റ് സർവൈവ് പദ്ധതി**

**304 (3596)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വിം ആന്റ് സർവൈവ് പദ്ധതി ആലപ്പുഴ ജില്ലയിൽ എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ കണ്ടിയൂർ ഗവൺമെന്റ് യു.പി.എസ്സ്.-ലാണ് സ്വിം ആന്റ് സർവൈവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

**ഷൂട്ടിംഗിന് സിവിൽ സർവ്വീസ് ടീം**

**305 (3597)** ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൂട്ടിംഗിന് സിവിൽ സർവ്വീസ് ടീം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ഒരു ടീം രൂപീകരിക്കുന്നതിന് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിരുന്നോ ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഷൂട്ടിംഗിനായി ഒരു സിവിൽ സർവ്വീസ് ടീം രൂപീകരിക്കുവാൻ സത്വരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ ലഭിച്ചിട്ടില്ല.

(സി) നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സ്കൂളുകളിൽ സ്പോർട്സ് കിറ്റ് വിതരണം

306 (3598) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് കൗൺസിൽ മുഖേന ഗവൺമെന്റ് സ്കൂളുകളിൽ 'സ്പോർട്സ് കിറ്റ്' വിതരണം ചെയ്യാറുണ്ടോ എന്നറിയിക്കുമോ ; എങ്കിൽ ഇപ്രകാരം സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഇടുക്കി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഇതുവരെ 'സ്പോർട്സ് കിറ്റ്' നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഇല്ല. ഗവൺമെന്റ് സ്കൂളുകളിൽ സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതി സ്പോർട്സ് കൗൺസിലിൽ നിലവിലില്ല. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിലെ കായികതാരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്പോർട്സ് കിറ്റ് വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) എസ്.എൻ.വി.എച്ച്.എസ്.എസ്., എൻ.ആർ.സി.റ്റി. രാജക്കാട്, ഇടുക്കി, കാൽവരി എച്ച്.എസ്., കാൽവരി മൗണ്ട്, കട്ടപ്പന, ഇടുക്കി സ്കൂളുകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

## തൃപ്രയാർ ടി.എസ്.ജി.എ. സ്പോർട്സ് കോംപ്ലക്സ്

307 (3599) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ തൃപ്രയാറിൽ ടി.എസ്.ജി.എ. സ്പോർട്സ് കോംപ്ലക്സ് എന്ന പദ്ധതി ഇപ്പോഴും സജീവമായ പരിഗണനയിലുണ്ടോ ; പദ്ധതിയുടെ നിലവിലുള്ള പ്രവർത്തനങ്ങളുടെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം സജീവമാക്കാൻ എന്തെങ്കിലും പ്രവർത്തന പദ്ധതികൾ പരിഗണനയിലുണ്ടോ ; പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തൃപ്രയാർ റ്റി.എസ്.ജി.എ. സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 35-ാമത് ദേശീയ ഗെയിംസിൽ ബോക്സിംഗ് മത്സരവേദിയായ തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് ഫ്ളോറിംഗ്, അക്വാസ്റ്റിക്സ് പ്രവൃത്തികൾ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

**കൊല്ലം ഹോക്കി കോർട്ടിന്റെ നിർമ്മാണം**

308 (3600) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഹോക്കി കോർട്ടിന്റെ നിർമ്മാണം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ഹോക്കി കോർട്ടിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്നറിയിക്കാമോ ;

(സി) ഹോക്കി കോർട്ടിന് പുറമെ കൊല്ലം ജില്ലയിൽ ദേശീയ ഗെയിംസിന്റെ ഭാഗമായി ഏതെല്ലാം നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങളുടെ ആകെ നിർമ്മാണച്ചെലവ് എത്ര എന്നറിയിക്കുമോ ?

ഉത്തരം

(എ) ദേശീയ ഗെയിംസിന്റെ വേദിയായ കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ ഗ്യാലറി ഉൾപ്പെടെയുളള 77 ശതമാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) സെപ്റ്റംബർ 2014-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ദേശീയ ഗെയിംസിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ ഹോക്കി സ്റ്റേഡിയത്തിനുപുറമെ ലാൽ ബഹാദൂർ ശാസ്ത്രി സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ/നവീകരണ പ്രവർത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10,80,13,951 രൂപയും ലാൽ ബഹാദൂർ ശാസ്ത്രി സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ/നവീകരണ പ്രവർത്തികൾക്കായി 6,60,50,516 രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂരിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ സ്ഥലം

**309 (3601)** ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂരിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലം ഉപയോഗപ്പെടുത്തുവാൻ പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷ സ്പോർട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടി സ്ഥലം കൃഷിഭൂമിയാണെന്ന കാരണം പറഞ്ഞ് പഞ്ചായത്തിന് അനുമതി നിഷേധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നാളിതുവരെ കൃഷിയാവശ്യത്തിനായി ഉപയോഗിച്ചിട്ടില്ലാത്തതും വർഷങ്ങളായി കുട്ടികൾ കളിസ്ഥലമായി മാത്രം ഉപയോഗിച്ചുവരുന്നതുമായ ഈ സ്ഥലം അവരുടെ കളിസ്ഥലമായി പ്രഖ്യാപിക്കുവാൻ സർക്കാർ അനുമതി നൽകുമോ ?

ഉത്തരം

(എ&ബി) പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂരിൽ പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കുന്നതിനായി പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ സ്മൈൽ പദ്ധതി പ്രകാരം കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സംസ്ഥാനതല സമിതി മുമ്പാകെ പെരുവള്ളൂർ കളിസ്ഥല പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും, ഫണ്ടിന്റെ പരിമിതികാരണം തിരഞ്ഞെടുക്കപ്പെട്ടില്ല.

(സി) വള്ളിക്കുന്ന് പെരുവള്ളൂരിൽ പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന് തന്നെ കളിസ്ഥലമായി പ്രഖ്യാപിക്കാവുന്നതാണ്.

## 18-ാമത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവെലിന്റെ ആകെ ചെലവ്

**310 (3602)** ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-ാമത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവെലിന്റെ ഇനം തിരിച്ചുള്ള ആകെ ചെലവ് എത്രയാണ് ;

(ബി) 18-ാമത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവെലുമായി ബന്ധപ്പെട്ട വരവ്- ചെലവ് കണക്കുകൾ ലോക്കൽ ഫണ്ട്, അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 18-ാമത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവെൽ സംബന്ധിച്ച് രൂപീകരിച്ച സബ്കമ്മിറ്റികൾ ഏതെല്ലാം ; അവയുടെ ചെയർമാൻ, കൺവീനർ എന്നിവർ ആരായിരുന്നു ;

(ഡി) 2013 സംസ്ഥാന സിനിമാ അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് ലഭിച്ച സിനിമകൾ എത്ര ; ഏതെല്ലാം ;

(ഇ) 2013-ലെ സിനിമാ അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട ചെലവുകൾ ടി.എ., ഡി.എ. ഉൾപ്പെടെ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 18-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം ചലച്ചിത്ര അക്കാദമി ഇന്റേണൽ ഓഡിറ്ററെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള ചെലവു വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.* ലോക്കൽ ഫണ്ട്, അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ ഓഡിറ്റിങ്ങ് നടന്നിട്ടില്ല.

(സി) സബ് കമ്മിറ്റികൾ, ചെയർമാൻ, കൺവീനർ എന്നിവരുടെ പേരുവിവരം ചുവടെ നൽകുന്നു:

1. മീഡിയ കമ്മിറ്റി

   1. ശ്രീമതി മിനി ആന്റണി, ഐ.എ.എസ് - ചെയർ പേഴ്സൺ (ഡയറക്ടർ, ഐ.പി.ആർ.ഡി.)
   2. ശ്രീ. സുരേഷ് വെള്ളിമംഗലം - കൺവീനർ

2. ഹോസ്പിറ്റാലിറ്റി- റിസപ്ഷൻ കമ്മിറ്റി

   1. ശ്രീ. ജോഷി മാത്യു - ചെയർമാൻ
   2. ശ്രീ. ബി. രാകേഷ് - കൺവീനർ

3. ഫങ്ഷൻ കമ്മിറ്റി

   1. ശ്രീമതി லീല പണിക്കർ - ചെയർ പേഴ്സൺ
   2. ശ്രീ. കല്ലിയൂർ ശശി - കൺവീനർ

4. ഓപ്പണിംഗ് - ക്ലോസിംഗ് കമ്മിറ്റി

   1. ശ്രീ. എം. രഞ്ജിത്ത് - ചെയർമാൻ
   2. ശ്രീമതി ലത പണിക്കർ - കൺവീനർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. ഫൈനാൻസ് കമ്മിറ്റി

1. ശ്രീ. ഗിരീഷ് കുമാർ, ഐ.എ.എസ് - ചെയർമാൻ
2. ശ്രീ. എസ്. രാജേന്ദ്രൻ നായർ - കൺവീനർ

(സെക്രട്ടറി, കെ.എസ്.സി.എ.)

6. ഇൻകോൺവർസേഷൻ

1. ശ്രീ. കൃഷ്ണ പ്രസാദ് - ചെയർമാൻ
2. ശ്രീ. ദീപു കരുണാകരൻ - കൺവീനർ

7. ഫെസ്റ്റിവൽ ബുക്ക് കമ്മിറ്റി

1. ശ്രീ. ഡെന്നീസ് ജോസഫ് - ചെയർമാൻ
2. ശ്രീ. ആര്യാടൻ ഷൗക്കത്ത് - കൺവീനർ

8. ഓഡിയൻസ് പോൾ കമ്മിറ്റി

1. ശ്രീ. ശശിധരൻ,ഐ.എ.എസ്. - ചെയർമാൻ
2. ശ്രീ. വിവേകാനന്ദൻ - കൺവീനർ

9. ഡിസ്പ്ലേ- എക്സിബിഷൻ കമ്മിറ്റി

1. ശ്രീ. ശാസ്തമംഗലം മോഹൻ - ചെയർമാൻ
2. ശ്രീ. കെ. മനോജ് കുമാർ - കൺവീനർ

10. ഡെലിഗേറ്റ് കമ്മിറ്റി

1. ശ്രീ. പി.എസ്. ശ്രീകുമാർ - ചെയർമാൻ
2. ശ്രീ. സന്ദീപ് സേനൻ - കൺവീനർ

11. ഫെസ്റ്റിവൽ ഓഫീസ് കമ്മിറ്റി

1. ശ്രീ. സാബു ചെറിയാൻ - ചെയർമാൻ
2. ശ്രീമതി പാവനകുമാരി - കൺവീനർ

12. മാർക്കറ്റിംഗ് കമ്മിറ്റി

1 ശ്രീ. രവീന്ദ്രൻ - ചെയർമാൻ
2. ശ്രീ. സന്തോഷ്.പി.ഡി. - കൺവീനർ

13. അഡ്വർടൈസ്മെന്റ്- പബ്ലിസിറ്റി കമ്മിറ്റി

1. ശ്രീ. പന്തളം സുധാകരൻ - ചെയർമാൻ
2. ശ്രീ. കൃഷ്ണപ്രസാദ് - കൺവീനർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

14. സെക്യൂരിറ്റി-മോണിറ്ററിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1. ശ്രീ. പി. വിജയൻ, ഐ.പി.എസ്. | – | ചെയർമാൻ |
| 2. ശ്രീ. ചെമ്പഴന്തി അനിൽ | – | കൺവീനർ |

15. ട്രാൻസ്പോർട്ട് കമ്മിറ്റി

| | | |
|---|---|---|
| 1. ശ്രീ. ടി.പി. വിജയകുമാർ | – | ചെയർമാൻ |
| 2. ശ്രീ. കെ.എസ്. ഗോപകുമാർ | – | കൺവീനർ |

16. തീയേറ്റർ കമ്മിറ്റി

| | | |
|---|---|---|
| 1. ശ്രീ. ജി. സുരേഷ് കുമാർ | – | ചെയർമാൻ |
| 2. ശ്രീ. ഗിരീഷ് | – | കൺവീനർ |

17. ടെക്നിക്കൽ കമ്മിറ്റി

| | | |
|---|---|---|
| 1. ശ്രീ. രാമചന്ദ്ര ബാബു | – | ചെയർമാൻ |
| 2. ശ്രീ. ലാലൻ | – | കൺവീനർ |

18. ഡെയിലി ബുള്ളറ്റിൻ കമ്മിറ്റി

| | | |
|---|---|---|
| 1. ശ്രീ. ജെ. അജിത്കുമാർ | – | ചെയർമാൻ |
| 2. ശ്രീ. രഞ്ചി കുര്യാക്കോസ് | – | കൺവീനർ |

19. സെമിനാർ കമ്മിറ്റി

| | | |
|---|---|---|
| 1. ശ്രീ. റോയ് പീച്ചാട്ട് | – | ചെയർമാൻ |
| 2. ശ്രീ. ഷാജി വിശ്വനാഥ് | – | കൺവീനർ |

20. മീറ്റ് ദ ഡയറക്ടർ കമ്മിറ്റി

| | | |
|---|---|---|
| 1. ശ്രീ. ബാലു കിരിയത്ത് | – | ചെയർമാൻ |
| 2. ശ്രീ. ജോസ് തോമസ് | – | കൺവീനർ |

(ഡി) 82 ഫീച്ചർ ഫിലിമുകളും മൂന്ന് കുട്ടികളുടെ സിനിമയും ചേർത്ത് ആകെ 85 സിനിമകൾ ലഭിച്ചിട്ടുണ്ട്. സിനിമകളുടെ പേര് വിവരം അനുബന്ധം - II ആയി ചേർക്കുന്നു. *

(ഇ) 2013 സിനിമാ അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് ടി.എ., ഡി. എ. ഉൾപ്പെടെ 10,80,492 (പത്ത് ലക്ഷത്തി എൺപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) ചെലവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി ശിപാർശ

311 (3603) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി എന്തെല്ലാം ശിപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സിനി എക്സിബിറ്റേഴ്സ് അസോസിയേഷൻ, ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ എന്നിവയുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

### ഉത്തരം

(എ) സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ ശിപാർശകൾ ലഭ്യമായിട്ടില്ല.

(ബി) കമ്മിറ്റിയിൽ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. ഷാജി എൻ. കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ.ജി. സുരേഷ് കുമാർ, സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി ശ്രീമതി റാണി ജോർജ്ജ് എന്നിവർ അംഗങ്ങളുമാണ്.

(സി) റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ സിനി എക്സിബിറ്റേഴ്സ് അസ്സോസിയേഷൻ, ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസിയേഷൻ എന്നിവയുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാനായില്ല.

## സിനിമാ അവാർഡ് നൽകുന്ന രീതിയിലെ മാറ്റം

312 (3604) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ചലച്ചിത്രങ്ങൾക്ക് അവാർഡ് നൽകുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഒരു അവാർഡ് കമ്മിറ്റി രൂപീകരിച്ച് ആ കമ്മിറ്റിക്കുമുമ്പിൽ സിനിമകൾ പ്രദർശിപ്പിച്ച് അവാർഡ് നൽകുന്നതിന് പകരം ജനകീയമായ അഭിപ്രായ വോട്ടെടുപ്പ് നടത്തി അവാർഡുകൾ നൽകുമോ ; എങ്കിൽ ഇത്തരമൊരു പരിഷ്ക്കാരം ആലോചിക്കുമോ ?

### ഉത്തരം

(എ) സംസ്ഥാന ചലച്ചിത്ര അവാർഡ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനകീയമായ അഭിപ്രായ വോട്ടെടുപ്പ് നടത്തി സംസ്ഥാന അവാർഡുകൾ നിർണ്ണയിക്കുന്ന രീതി അഭിലഷണീയമല്ല.

**ചലച്ചിത്ര അക്കാഡമിക്ക് സർക്കാരിൽ നിന്നും അനുവദിച്ച തുക**

**313 (3605)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 വർഷങ്ങളിലേക്ക് ചലച്ചിത്ര അക്കാഡമിക്ക് സർക്കാരിൽ നിന്നും അനുവദിച്ച തുക എത്രയാണ് ;

(ബി) 2013-14 വർഷം സർക്കാർ ഫണ്ട് കൂടാതെ ചലച്ചിത്ര അക്കാഡമിക്ക് ലഭിച്ച ഇതര വരുമാനങ്ങൾ ഏതെല്ലാമാണ് ;

(സി) 2013-14 വർഷത്തെ ചലച്ചിത്ര അക്കാഡമിയുടെ ചെലവുകൾ ഏതൊക്കെയാണ് ; ഇനം തിരിച്ച് വ്യക്തമാക്കുക ;

*(ഡി) അന്തരിച്ച ചലച്ചിത്ര നടി ശ്രീവിദ്യയുടെ സ്വത്തുക്കൾ സർക്കാരിന് വിട്ടുകൊടുത്തത് നിയമപരമായി ഏറ്റെടുക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് ; ഇതുസംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ 8,69,12,000 രൂപയും (എട്ടുകോടി അറുപത്തി ഒമ്പത് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) 2014-15 സാമ്പത്തിക വർഷത്തിൽ 7,51,08,000 രൂപയും (ഏഴു കോടി അമ്പത്തിയൊന്ന് ലക്ഷത്തി എട്ടായിരം രൂപ രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) സ്പോൺസർഷിപ്പ്, ഡെലിഗേറ്റ് ഫീ, സ്റ്റാൾ വാടക, സർവ്വീസ് ചാർജ്ജ്, പുസ്തക വിൽപ്പന, മറ്റിനങ്ങൾ (പ്രൊജക്ഷൻ തിയേറ്റർ വാടക) എന്നിവയാണ്.

(സി) 2013-14 വർഷത്തെ ഇന്റേണൽ ഓഡിറ്റ് പൂർത്തിയായിട്ടില്ലാത്തതിനാൽ ചെലവുകണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) അന്തരിച്ച ചലച്ചിത്ര നടി ശ്രീവിദ്യയുടെ വിൽപ്പത്ര പ്രകാരം പരേതയുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യാൻ എക്സിക്യൂട്ടർ ആയി ചുമതലപ്പെടുത്തിയിരിക്കുന്നത് ശ്രീ. കെ. ബി. ഗണേഷ്കുമാറിനെയാണ്. ടിയാൻ എക്സിക്യൂട്ടർ പദവി ഒഴിയുന്നതിന് കോടതിയെ സമീപിക്കുന്നപക്ഷം കോടതിയുടെ അനുമതിയോടുകൂടി പരേതയുടെ ഒരു അവകാശിക്ക് എക്സിക്യൂട്ടർ സ്ഥാനം ഏറ്റെടുക്കാവുന്നതാണ്. ആയതിനാൽ അന്തരിച്ച നടി ശ്രീവിദ്യയുടെ സ്വത്തുക്കൾ നിയമപരമായി സർക്കാരിന് ഏറ്റെടുക്കുവാൻ സാധിക്കുകയില്ല.



LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന ചലച്ചിത്ര അക്കാഡമിയിലെ തസ്തികകൾ

314 (3606) ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയിലെ അനുവദനീയ തസ്തികകൾ എത്രയാണെന്നും ഏതെല്ലാമാണെന്നും അറിയിക്കുക ;

(ബി) ഇതിൽ സ്ഥിരം തസ്തികകൾ എത്രയെന്നും ഡെപ്യൂട്ടേഷൻ, കോൺട്രാക്ട്, ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഉണ്ടോയെന്നും എങ്കിൽ എത്രപേരാണെന്നും വിശദമാക്കുമോ ;

(സി) അംഗീകൃത തസ്തികകളേക്കാൾ കൂടുതൽ നിയമനം ചലച്ചിത്ര അക്കാഡമിയിൽ എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരാണെന്നും, ഏതെല്ലാം തസ്തികകളിലാണെന്നും അറിയിക്കുക ;

(ഡി) ചലച്ചിത്ര അക്കാഡമിയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഗവൺമെന്റ് അംഗീകരിച്ച റൂൾസ് നിലവിലുണ്ടോ യെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയിലെ 18 അനുവദനീയമായ തസ്തികകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | സെക്രട്ടറി | 1 |
| 2 | ട്രഷറർ | 1 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ (ഫെസ്റ്റിവൽ) | 1 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ (പ്രോഗ്രാംസ്) | 1 |
| 5 | പ്രോഗ്രാം മാനേജർ (പ്രോഗ്രാംസ്) | 1 |
| 6 | പ്രോഗ്രാം മാനേജർ (ഫിനാൻസ്) | 1 |
| 7 | പ്രോഗ്രാം മാനേജർ 1 (പ്രോഗ്രാംസ്) | 1 |
| 8 | ലൈബ്രേറിയൻ | 1 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 9 | ഡോക്കുമെന്റേഷൻ അസിസ്റ്റന്റ് | 1 |
| 10 | എൽ.ഡി.ക്ലാർക്ക് | 2 |
| 11 | ടൈപ്പിസ്റ്റ്-കം- കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 |
| 12 | ഡ്രൈവർ | 2 |
| 13 | പ്യൂൺ | 2 |
| 14 | കെയർടേക്കർ | 1 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 1 |
| | ആകെ | 18 |

(ബി) 6 ജീവനക്കാർ സ്ഥിരവും 3 പേർ ഡെപ്യൂട്ടേഷനിലും, 8 പേർ കോൺട്രാക്ട് അടിസ്ഥാനത്തിലും ജോലി നോക്കിവരുന്നു. ട്രഷറർ പോസ്റ്റിലേക്ക് അഡീഷണൽ ചാർജ്ജ് ആയാണ് നിയമിച്ചിരിക്കുന്നത്.

(സി) ഉണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൺസൾട്ടന്റ്, ഹെറ്റിറ്റേജ് അസിസ്റ്റന്റ്, ഫെസ്റ്റിവൽ പ്രോഗ്രാം അസിസ്റ്റന്റ്, അക്കൗണ്ടന്റ്, റിസപ്ഷനിസ്റ്റ്, ആർക്കീവ്സ് അസിസ്റ്റന്റ്, രണ്ട് പ്രൊജക്ഷനിസ്റ്റുകൾ, ഡ്രൈവർ, ഹൗസ് കീപ്പിംഗ് അറ്റൻഡർ, കണ്ടന്റ് ഡവലപ്പർ, വെബ് ഡിസൈനർ, ഹോസ്പിറ്റാലിറ്റി മാനേജർ എന്നീ തസ്തികകളിൽ കാലാകാലങ്ങളിൽ അക്കാദമിയുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് ചെറിയ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കാറുണ്ട്.

(ഡി) ഇല്ല. സ്പെഷ്യൽ റൂൾസ് ചലച്ചിത്ര അക്കാഡമിയിൽ തയ്യാറാക്കി വരുന്നു.

### ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ നടപടി

315 (3607) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാഭിനയവും ചലച്ചിത്രവുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും പഠിപ്പിക്കുന്നതിന് ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ;

(സി) ഈ കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ഏകീകരിച്ച സിനിമാ ടിക്കറ്റ് നിരക്ക്

316 (3608) ശ്രീ.ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ തിയേറ്ററുകളിൽ യാതൊരു പൊതു മാനദണ്ഡവും ഇല്ലാതെ വർദ്ധിപ്പിച്ച നിരക്കിൽ ടിക്കറ്റ് ചാർജ് ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാറ്റഗറിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ തിയേറ്ററുകളിൽ ടിക്കറ്റ് നിരക്കിൽ ഏകീകരണം നടപ്പിലാക്കുന്നതിന് ശ്രമമുണ്ടാകുമോ ;

(സി) തിയേറ്ററിന്റെ സാങ്കേതിക മികവ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാറ്റഗറി എന്നിവയടക്കമുള്ള ഘടകങ്ങളെ പരിഗണിച്ച് സിനിമാ തിയേറ്ററുകളിൽ അമിത ടിക്കറ്റ് ചാർജ് അനാവശ്യമായി ഈടാക്കുന്നത് ഒഴിവാക്കുന്നതിനായി ഈ വിഷയത്തിൽ ഒരു പൊതു മാനദണ്ഡം നിശ്ചയിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഈ വിഷയം പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്ത് തിയേറ്ററുകളിൽ ടിക്കറ്റ് ചാർജ് നിശ്ചയിക്കുന്നത് അതാത് മേഖലകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുവാദത്തോടെ തിയേറ്റർ മാനേജ്മെന്റുകളാണ്.

(ബി) സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ടിക്കറ്റ് നിരക്കിൽ ഏകീകരണം നടപ്പിലാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്.

(സി) തിയേറ്ററിന്റെ മികവിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിനായി രൂപീകരിച്ച തിയേറ്റർ ക്ലാസ്സിഫിക്കേഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിയേറ്ററുകൾക്ക് ഓരോ ഗ്രേഡ് നൽകിയിട്ടുണ്ട്. ടി തിയേറ്ററുകിൽ അമിത ചാർജ് ഈടാക്കുന്നത് ഒഴിവാക്കുന്നത് സംബന്ധിച്ച് പൊതു മാനദണ്ഡം നിശ്ചയിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പു മുഖേനയാണ്.

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

**പാഠ്യപദ്ധതിയിൽ സിനിമ ഉൾപ്പെടുത്താൻ നടപടി**

317 (3609) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾതലം മുതൽ പാഠ്യപദ്ധതിയോടൊപ്പം ചലച്ചിത്ര നിർമ്മാണം സംബന്ധിച്ച പാഠങ്ങൾ ഉൾപ്പെടുത്തുവാൻ സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ ;

(ബി) ലോകോത്തര ക്ലാസ്സിക് ചലച്ചിത്രങ്ങളും മികച്ച ബാലചിത്രങ്ങളും സ്കൂളിൽ പ്രദർശിപ്പിക്കുന്നതിന് എല്ലാ സ്കൂളുകളിലും ഫിലിം ക്ലബുകൾ ആരംഭിക്കുന്നതിന് സാംസ്കാരിക വകുപ്പ് മുൻകൈ എടുക്കുമോ ?

ഉത്തരം

(എ) സ്കൂൾ തലത്തിൽ പാഠ്യപദ്ധതി തയ്യാറാക്കുന്നത് SCERT യാണ്. പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ സിനിമ, മാധ്യമം എന്നീ മേഖലകളെ പ്രതിപാദിക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മിക്ക സ്കൂളുകളിലും നിലവിൽ ഫിലിം ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്കൂളുകളിലും ഇവ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

**ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്**

318 (3610) ശ്രീ. പി. റ്റി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഫെയർ സ്റ്റേജുകൾ മാറ്റുക പ്രായോഗികമല്ലെന്ന് ജസ്റ്റിസ് രാമചന്ദ്രന്റെ നേതൃത്വത്തിലുള്ള ഫെയർ റിവിഷൻ കമ്മിറ്റി കഴിഞ്ഞ വർഷം റിപ്പോർട്ട് നൽകുകയും ആയത് അംഗീകരിച്ച് GO (Ms) 13/Tran ആയി 7-9-2013-ന് ഉത്തരവിറക്കുകയും ചെയ്തിരുന്നോ ;

(ബി) എങ്കിൽ ഇത്തവണത്തെ ബസ് ചാർജ് വർദ്ധനവിന് ശേഷവും ഫെയർ സ്റ്റേജ് അപാകത സംബന്ധിച്ച് പഠിക്കുവാൻ ഇതേ കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തിയതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഫെയർ സ്റ്റേജ് അപാകതകൾ പരിഹരിക്കേണ്ടത് അതത് ട്രാൻസ്പോർട്ട് അതോറിറ്റികളാണെന്ന ഹൈക്കോടതി വിധി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഫെയർ സ്റ്റേജ് അപാകത പരിഹരിക്കാൻ വീണ്ടും ഫെയർ റിവിഷൻ കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇപ്പോൾ പ്രാബല്യത്തിലുള്ള ബസ്ചാർജ്ജ് വർദ്ധനവ് വിജ്ഞാപനം ചെയ്തതിനെത്തുടർന്ന് ഫെയർസ്റ്റേജ് സംബന്ധിച്ച് നിരവധി പെറ്റീഷനുകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ജസ്റ്റിസ് രാമചന്ദ്രൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിൽ ഫെയർ സ്റ്റേജ് അപാകതയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം പരിഗണിച്ചുകൊണ്ടാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി ഈ വിഷയം പഠിച്ച് പൊതുവായ ശുപാർശ സമർപ്പിക്കാൻ നിർദ്ദേശം നൽകിയത്.

ഫെയർ സ്റ്റേജ് അപാകതകൾ സംബന്ധിച്ച പരാതികൾ ആദ്യം ആർ.ടി.എ. മുമ്പാകെയാണ് ഉന്നയിക്കേണ്ടതെന്നും അതിന്മേലുള്ള റിവിഷൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിന് മുമ്പാകെ ഉന്നയിക്കാമെന്നുള്ള ഹൈക്കോടതി വിധി ഉണ്ടായിരുന്നു. ഈ വിധി 2-8-1999-ലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചത്. എന്നാൽ 2010 ലാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി നിയമിക്കപ്പെട്ടതും കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിൽ ഇത് ഉൾപ്പെടുത്തുകയും ചെയ്തിരുന്നത്. കമ്മിറ്റിയുടെ അധികാരം സംബന്ധിച്ചോ പരിഗണനാ വിഷയങ്ങൾ സംബന്ധിച്ചോ നാളിതുവരെ തർക്കങ്ങളൊന്നും തന്നെ ആരും ഉന്നയിച്ചിട്ടില്ല. അതിനാലാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ഫെയർസ്റ്റേജ് അപാകതകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വീണ്ടും ചുമതലപ്പെടുത്തിയത്.

**ഫെയർ സ്റ്റേജ് നിർണ്ണയവുമായി ബന്ധപ്പെട്ട കോടതി വിധി**

319 (3611) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഫെയർസ്റ്റേജിലെ അപാകത പരിഹരിക്കണമെന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതിനു മുമ്പ് ഇതു സംബന്ധിച്ച് കോടതിവിധിയുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഫെയർസ്റ്റേജിലെ അപാകത പരിഹരിക്കണമെന്ന കോടതിവിധി എന്ന് നടപ്പാക്കാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫെയർ സ്റ്റേജ് അപാകതകൾ സംബന്ധിച്ച പരാതികൾ ആദ്യം ആർ.ടി.എ. മുമ്പാകെയാണ് ഉന്നയിക്കേണ്ടതെന്നും അതിന്മേലുള്ള റിവിഷൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിന് മുമ്പാകെ ഉന്നയിക്കാമെന്നുള്ള 2-8-1999-ലെ ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുശേഷം ഇതു സംബന്ധിച്ച് കോടതി ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ കേരളത്തിലെ വിവിധ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളിൽ ലഭിക്കുന്ന ഫെയർ സ്റ്റേജുകൾ സംബന്ധമായ പരാതികൾ പരിഗണിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## മോണോ റെയിൽ പദ്ധതിമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം

320 (3612) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മോണോ റെയിൽ പദ്ധതി സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോ ; എങ്കിൽ എങ്ങനെ യെല്ലാം ?

ഉത്തരം

മോണോറെയിൽ പദ്ധതി കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തെ ബാധിക്കുമെന്ന് കരുതുന്നില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനാവലോകനം

321 (3613) ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങൾ ഏറ്റവുമൊടുവിൽ സർക്കാർ അവലോകനം നടത്തിയത് എപ്പോഴാണ് ; ഇപ്പോഴത്തെ സ്ഥിതിഗതികൾ വിശദമാക്കുമോ ;

(ബി) ജീവനക്കാരുടെ കുടിശ്ശികയായിട്ടുള്ള ശമ്പളം ഉടൻ വിതരണം ചെയ്യുമോ ;

(സി) കോർപ്പറേഷന്റെ മൂലധനം വർദ്ധിപ്പിക്കുന്നതിനുദ്ദേശമുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത/രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളും മാനേജ്മെന്റുമായി 12-6-2014-ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം ചേർന്നിട്ടുണ്ട്. നിലവിൽ കോർപ്പറേഷന്റെ പ്രതിമാസ വരവ് ചെലവ് അന്തരം 78 കോടി രൂപയാണ്. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുക വഴി, കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിക്കുകയും ലാഭത്തിലേക്കെത്തുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 09/2012 മുതൽ 12/12 വരെയുള്ള നാല് മാസത്തെ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക സാമ്പത്തിക സമിതി മെച്ചപ്പെടുത്തുന്നതനുസരിച്ച് വിതരണം ചെയ്യാമെന്ന് കരുതുന്നു

(സി) 1-4-2008 മുതൽ 31-3-2013 വരെയുള്ള സർക്കാർ വായ്പ 665.50 കോടി രൂപയാണ്. ടി. വായ്പ മൂലധന നിക്ഷേപമാക്കി മാറ്റുന്ന പദ്ധതി പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## തലസ്ഥാനത്തുനിന്നുള്ള സൂപ്പർ ഡീലക്സ് ബസ് സർവ്വീസ്

322 (3614) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് നിന്ന് മറ്റു നഗരങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. യുടെ സൂപ്പർ ഡീലക്സ് ബസ് സർവ്വീസ് തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; വിവരിക്കുമോ ;

(സി) ഇതേക്കുറിച്ച് പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതി വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

### ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തിനകത്തും അന്തർ സംസ്ഥാന റൂട്ടുകളിലും ഓടിച്ചിരുന്ന പഴയ സൂപ്പർ ഡീലക്സ് ബസ്സുകൾ മാറ്റി പുഷ്ബാക്ക് സീറ്റ് സംവിധാനത്തോടുകൂടിയ പുതിയ സൂപ്പർ ഡീലക്സ് ബസ്സുകൾ നിരത്തിലിറക്കിക്കഴിഞ്ഞു. പുതിയ ബസ് വാങ്ങുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിച്ചിട്ടുള്ളതിൽ 150 എണ്ണം എയർ സസ്പെൻഷനോടുകൂടിയ സൂപ്പർ ക്ലാസ് ബസ്സുകളാണ്. നടപടിക്രമങ്ങൾ കഴിഞ്ഞ് അത്തരം ബസ്സുകൾ നിരത്തിലിറങ്ങുന്നതോടുകൂടി സംസ്ഥാനത്തിനകത്ത് ദീർഘദൂര സർവ്വീസ്സുകൾക്കായി സൂപ്പർ ക്ലാസ് ബസ്സുകൾ ഉപയോഗിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(സി) ഇല്ല.

(ഡി) സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിനായി എയർ സസ്പെൻഷൻ ഉള്ള ഷാസികളിലാണ് സൂപ്പർ ഡീലക്സ് ബസ്സുകൾ നിർമ്മിക്കുന്നത്. കൂടാതെ പുഷ്ബാക്ക് സൗകര്യമുള്ള സീറ്റുകളാണ് പ്രസ്തു ബസ്സുകളിൽ ഘടിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.- ബസ്സുകളിലെ സീറ്റ് സംവരണം

323 (3615) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാരുടെ സീറ്റുകളുടെ സംവരണക്രമം എങ്ങനെയാണ് ;

(ബി) എല്ലാത്തരം ബസ്സുകളിലും സീറ്റുകളുടെ സംവരണരീതി ഒന്നുതന്നെയാണോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) നിലവിലുണ്ടായിരുന്ന സംവരണക്രമത്തിൽ അടുത്തിടെ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

### ഉത്തരം

(എ & ബി) വോൾവോ, എ.സി. എന്നിവ ഒഴികെയുള്ള എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും 25 ശതമാനം സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. റിസർവ്വേഷൻ ഉള്ളതും ഇല്ലാത്തതുമായ ദീർഘദൂര ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ സർവ്വീസുകളിൽ വനിതകൾക്ക് മാത്രമായി ഡ്രൈവറുടെ സീറ്റിന് പുറകിലുള്ള 3 സീറ്റുകളും ബാക്കി തൊട്ടുപുറിലുള്ള 9 സീറ്റുകളും മുൻഗണനാക്രമത്തിലും സംവരണം ചെയ്തിട്ടുണ്ട്. മുൻഗണനാ ക്രമത്തിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ സർവ്വീസ് തുടങ്ങുന്ന സ്ഥലത്ത് വനിതകൾ ഇല്ലെങ്കിൽ മാത്രം പുരുഷന്മാർക്ക് അനുവദിക്കാവുന്നതും യാത്രക്കിടയിൽ സ്ത്രീകൾ ആവശ്യപ്പെടുകയാണെങ്കിൽ മുൻഗണനാക്രമത്തിലുള്ള സീറ്റുകൾ ഒഴിഞ്ഞുകൊടുക്കാൻ പുരുഷന്മാരോട് കണ്ടക്ടർ ആവശ്യപ്പെടേണ്ടതാണെന്നും അത് വനിതകൾക്ക് ലഭ്യമാക്കേണ്ടതുമാണെന്നുമാണ് ഉത്തരവ് നൽകിയിട്ടുള്ളത്. ഓൺ ലൈൻ റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള എല്ലാത്തരം സർവ്വീസുകളിലും 2 സീറ്റുകളും മറ്റ് എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും 8 സീറ്റുകൾ (4 സീറ്റുകൾ വീതം) മുതിർന്ന പുരുഷന്മാർക്കും സ്ത്രീകൾക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ മുതിർന്ന സ്ത്രീകളുടെ സീറ്റ് നിലവിലെ സ്ത്രീകളുടെ സീറ്റിന് അടുത്തായി ക്രമീകരിച്ചിട്ടുണ്ട്. റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ 2 സീറ്റ് വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ളതും അതിൽ വികലാംഗരായ സ്ത്രീകളുടെ സീറ്റ് വാതിലിന് സമീപമുള്ള സ്ത്രീകളുടെ സീറ്റിന് അടുത്തായി ക്രമീകരിച്ചിട്ടുമുണ്ട്. റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ അന്ധർക്കായി ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

(സി) വികലാംഗരുടെയും മുതിർന്ന പൗരന്മാരുടെയും ആവശ്യപ്രകാരം അവരുടെ സീറ്റ് സംവരണത്തിൽ ചുവടെ പറയുന്ന രീതിയിൽ അടുത്തിടെ മാറ്റം വരുത്തിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

വികലാംഗർക്കുള്ള സീറ്റ് വികലാംഗ സ്ത്രീക്കും, വികലാംഗ പുരുഷനുമായി മാറ്റി തീരുമാനിച്ചിട്ടുണ്ട്. വികലാംഗരായ സ്ത്രീകളുടെ സീറ്റ് വാതിലിന് സമീപമുള്ള സ്ത്രീകളുടെ സീറ്റിന് അടുത്തായി ക്രമീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ സംവരണം ചെയ്തിരുന്ന 2 സീറ്റുകൾ എന്നത് മാറ്റം വരുത്തി ഓൺലൈൻ റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള എല്ലാത്തരം സർവ്വീസുകളിലും 2 സീറ്റുകളും മറ്റ് എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും 8 സീറ്റുകൾ (4 സീറ്റുകൾ വീതം) മുതിർന്ന പുരുഷന്മാർക്കും സ്ത്രീകൾക്കുമായി സംവരണം ചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പാഴ്സൽ കൊറിയർ സർവ്വീസ്

324 (3616) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്, ആർ. ടി. സി. പാഴ്സൽ കൊറിയർ സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

### ഉത്തരം

(എ) കൊറിയർ സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ചുള്ള പഠനം പൂർത്തീകരിച്ചിട്ടില്ല.

(ബി) അനുദിനം നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയെ ഒരു പരിധിവരെയെങ്കിലും സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിച്ച് മറികടക്കാമെന്ന ഉദ്ദ്യേശ്യത്തോടെയാണ് ടി സംരംഭത്തിന് തുടക്കം കുറിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) മെച്ചപ്പെട്ട സർവ്വീസ് ഇതര വരുമാനമാണ് പ്രതീക്ഷിക്കുന്നത്. ഇതിനുള്ള പഠനം നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊറിയർ-പാഴ്സൽ സർവ്വീസ് തുടങ്ങുന്നതിന് ലൈസൻസിയെ തെരഞ്ഞെടുക്കുന്നതിനായി 11-10-2007-ലും 12-10-2011-ലും ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ആദ്യത്തെ ടെണ്ടറിൽ പങ്കെടുക്കുന്നതിന് ആരും യോഗ്യത നേടിയില്ല. 12-10-2011 -ൽ നടന്ന ടെണ്ടർ നടപടിയിൽ പങ്കെടുത്തവർക്ക് കൊറിയർ സർവ്വീസ് നടത്തുന്നതിനുള്ള വിഭവശേഷിയുള്ളതായി ബോധ്യപ്പെടുകയുണ്ടായില്ല അതിനാൽ ടി നടപടി ക്യാൻസൽ ചെയ്യുകയും കൂടുതൽ വരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതും ആകർഷകവുമായ പദ്ധതി റിഭാവനം ചെയ്ത് തയ്യാറാക്കി വരികയുമാണ്.

**കെ.എസ്.ആർ.ടി.സി.-യിൽ യാത്രചെയ്യുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കാൻ കർമ്മപദ്ധതി**

325 (3617) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിനായി പുനരുദ്ധാരണ പാക്കേജിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ദീർഘദൂര യാത്രയ്ക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ്സുകളിൽ യാത്ര ചെയ്യുവാനാണ് പൊതുവെ യാത്രക്കാർ താൽപ്പര്യപ്പെടുന്നുവെന്നാണ് അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ 10 മൾട്ടി ആക്സിൽ വോൾവോ ബസ്സുകൾ ബാംഗ്ലൂരിലേക്ക് അന്തർ സംസ്ഥാന സർവ്വീസിനായി ഉപയോഗിച്ച് വരുന്നു. യാത്രക്കാരിൽ നിന്നും വളരെ ആശാവഹമായ പ്രതികരണമാണ് ഈ സർവ്വീസുകളോട് ഉണ്ടായിട്ടുള്ളത്. അതോടൊപ്പം കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തിനകത്തും അന്തർ സംസ്ഥാന റൂട്ടുകളിലും ഓടിച്ചിരുന്ന പഴയ സൂപ്പർ ഡീലക്സ് ബസ്സുകൾ മാറ്റി പുഷ്ബാക് സീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനത്തോടുകൂടിയ പുതിയ സൂപ്പർ ഡീലക്സ് ബസ്സുകളും നിരത്തിലിറക്കി ക്കഴിഞ്ഞു. പുതിയ ബസ് വാങ്ങുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിച്ചിട്ടുള്ളതിൽ 150 എണ്ണം എയർ സസ്പെൻഷനോടുകൂടിയ സൂപ്പർ ക്ലാസ് ബസ്സുകളാണ്. നടപടിക്രമങ്ങൾ കഴിഞ്ഞ് അത്തരം ബസ്സുകൾ നിരത്തി ലിറങ്ങുന്നതോടുകൂടി സംസ്ഥാനത്തിനകത്ത് ദീർഘദൂര സർവ്വീസുകൾക്കായി കൂടുതൽ സൂപ്പർ ക്ലാസ് ബസ്സുകൾ ഉപയോഗിക്കുവാൻ കഴിയുമെന്ന് കരുതുന്നു. ജൻറം സർവ്വീസിനായി ഉപയോഗിക്കുന്ന എ.സി., നോൺ എ.സി. ബസ്സുകൾ ഹ്രസ്വദൂര യാത്രക്കാരെ കൂടുതലായി ആകർഷിക്കുന്നതായും കണ്ടു വരുന്നുണ്ട്. രണ്ടാംഘട്ടത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന 400 ജൻറം എ.സി., നോൺ എ.സി. ബസ്സുകൾ എത്തിച്ചേരുന്നതോടുകൂടി കൂടുതൽ യാത്രക്കാർ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കപ്പെടുമെന്ന് കരുതുന്നു.

(ബി) കോർപ്പറേഷന്റെ സർവ്വീസ് നടത്തിപ്പ് ആധുനികവൽക്കരിക്കുന്നതി നായി ജി.പി.ആർ.എസ്. സാങ്കേതികവിദ്യയോട് കൂടിയ പുത്തൻതലമുറ ഇ.റ്റി.എം മെഷീനുകൾ വാങ്ങി ഉപയോഗിച്ചുവരികയാണ്. എല്ലാ ബസ്സുകളിലും ജി.പി.എസ്. ഘടിപ്പിച്ച് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ M/s. Keltron-മായി നടത്തിവരികയാണ്. ടി സംവിധാനം ഏർപ്പെടു ത്തുമ്പോൾ യാത്രക്കാർക്ക് ബസുകളെ സംബന്ധിച്ച തത്സമയ വിവരങ്ങൾ ലഭ്യമാകുന്നതാണ്. ഉപഭോക്തൃ സൗഹൃദത്തിനും പരിഹാരത്തിനുമായി കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇന്റർ സ്റ്റേറ്റ്/ദീർഘദൂര സർവ്വീസുകൾക്കായി ബസ്സുകൾ വാടകയ്ക്ക് ലഭ്യമാക്കി വിന്യസിക്കുന്നതാണ്. ഇതുമൂലം ദീർഘദൂര യാത്രികരുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതാണ്.

(സി) പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക മുഖേന കോർപ്പറേഷന്റെ സർവ്വീസ് നടത്തിപ്പ് ആധുനികവൽക്കരിക്കുകയും തദ്വാരാ ജനങ്ങൾ കെ.എസ്.ആർ.ടി.സി. ബസ്സുകളെ കൂടുതലായി ആശ്രയിക്കുകയും ചെയ്യുന്നതാണ്. തന്മൂലം കോർപ്പറേഷന്റെ വരുമാനം വർദ്ധിക്കുകയും കാലക്രമേണ ലാഭത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും.

(ഡി) കോർപ്പറേഷൻ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പുതു തായി 10 മൾട്ടി ആക്സിൽ വോൾവോ ബസ്സുകൾ വാങ്ങുകയും അന്തർ സംസ്ഥാന സർവ്വീസ് നടത്തിപ്പിനായി 30-4-2014 മുതൽ നിരത്തിലിറക്കു കയും ചെയ്തിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശപ്രകാരം കോർപ്പ റേഷന്റെ ആസ്തി വകകളുടെ മൂല്യനിർണ്ണയത്തിനായി M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ആസ്തി മൂല്യനിർണ്ണയം നടത്തുന്നത് വഴി കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിക്കുകയും തന്മൂലം വായ്പാമൂല്യം ഉയരുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സ്വകാര്യ പൊതുമേഖലകളിൽ നിലവിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ സംബന്ധിച്ച വിവരം

326 (3618) ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രാക്കൂലി വർദ്ധിപ്പിച്ചുകൊണ്ടുള്ള നടപടി സംസ്ഥാനത്തെ ബസ് യാത്രക്കാരെ എത്രത്തോളം ബാധിച്ചതായി അറിയാമോ ;

(ബി) യാത്രാക്കൂലി വർദ്ധിപ്പിക്കാനുള്ള തീരുമാനം വഴി യാത്രാക്കൂലി നിരക്കിൽ ഉണ്ടായ വർദ്ധനകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) യാത്രാക്കൂലി വർദ്ധിപ്പിച്ചതുവഴി സ്വകാര്യ ബസ് ഉടമകൾക്ക് പ്രതിമാസം ലഭിക്കുന്ന അധികവരുമാനം സംബന്ധിച്ച് വിശദമാക്കാമോ ; സ്വകാര്യ-പൊതുമേഖലകളിൽ സംസ്ഥാനത്ത് നിലവിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ എത്ര ;

(ഡി) ഒടുവിലത്തെ യാത്രാക്കൂലി ഉൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് മൊത്തം എത്ര ശതമാനം വർദ്ധന വരുത്തുകയുണ്ടായിട്ടുണ്ട് ; സാധാരണക്കാരായ ബസ് യാത്രക്കാർക്ക് ഇത് താങ്ങാവുന്നതാണെന്ന് കരുതുന്നുണ്ടോ ?

### ഉത്തരം

(എ) യാത്രാക്കൂലി വർദ്ധിപ്പിച്ചത് സംബന്ധിച്ച് ചില പരാതികൾ ലഭിക്കുന്നുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) യാത്രാക്കൂലി വർദ്ധിപ്പിച്ചത് വഴി സ്വകാര്യ ബസ്സുകൾക്ക് ലഭിക്കുന്ന അധിക വരുമാനം സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടില്ല. 31-3-2014-ലെ കണക്ക് പ്രകാരം സ്വകാര്യ മേഖലയിൽ 15361 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ 5,463 ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) വിവിധ ഇനം സർവ്വീസുകൾക്ക് ഈ സർക്കാരിന്റെ കാലത്ത് മിനിമം നിരക്കിലും കിലോമീറ്റർ നിരക്കിലും ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു:

| സർവ്വീസിന്റെ ഇനം | കി.മീ.നിരക്കിൽ ഉണ്ടായ വർദ്ധനവ്(%) | മിനിമം നിരക്കിൽ ഉണ്ടായ വർദ്ധനവ്(%) |
|---|---|---|
| സിറ്റി & ഓർഡിനറി | 16.36 | 75 |
| സിറ്റി ഫാസ്റ്റ് | 19.3 | 75 |
| ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് | | |
| സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ | 19.3 | 100 |
| സൂപ്പർ ഫാസ്റ്റ് | 20 | 30 |
| സൂപ്പർ എക്സ്പ്രസ് | 18.46 | 33.33 |
| സൂപ്പർ ഡീലക്സ് ലക്ഷ്വറി/ഹൈടെക്/ | 20 | 40 |
| എയർകണ്ടീഷൻഡ് | 22.22 | 33.33 |
| വോൾവോ | 18.18 | 33.33 |

സാധാരണക്കാരായ ബസ് യാത്രക്കാരാണ് കെ.എസ്.ആർ.ടി.സി.യും സ്വകാര്യ ബസ് ഓപ്പറേറ്റർമാരും നടത്തുന്ന സ്റ്റേജ് കാര്യേജ് സർവ്വീസിനെ ആശ്രയിക്കുന്നത്. കാലാകാലങ്ങളിൽ ഇന്ധനവിലയിലും അനുബന്ധ ഘടകങ്ങളിലും ഉണ്ടാകുന്ന വർദ്ധനവ് ഇത്തരം സർവ്വീസ് നടത്തുന്നതിലെ ചെലവ് വർദ്ധിക്കുന്നതിന് ഇടവരുത്തുന്നു. അതിനനുസൃതമായി ചാർജ്ജ് വർദ്ധിപ്പിക്കാതെ സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. ചാർജ് വർദ്ധനവ് സാധാരണക്കാരായ യാത്രക്കാർക്ക് ബുദ്ധിമുട്ടും ഉണ്ടാക്കുന്നുണ്ട് എങ്കിലും ഇത്തരം സർവ്വീസുകൾ നിലനിർത്തുന്നതിന് ചാർജ്ജ് വർദ്ധനവില്ലാതെ മറ്റു മാർഗ്ഗങ്ങൾ ഒന്നും ഇല്ല.

**കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി വിവര കണക്ക്**

**327 (3619)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ ആസ്തി വിവര കണക്ക് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം കെ.എസ്.ആർ.ടി.സി.യ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട് ; ഉള്ള കെട്ടിടങ്ങളുടെയും സ്ഥലത്തിന്റെയും മറ്റ് ജംഗമവസ്തുക്കളുടെയും വ്യാപ്തിയും അളവും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന് പുറത്ത് അയൽസംസ്ഥാനങ്ങളിൽ എവിടെയെല്ലാം കെ.എസ്.ആർ.ടി.സി.യ്ക്ക് സ്ഥാവരജംഗമ വസ്തുക്കളുണ്ട് ; ഇവയുടെ വിശദാംശം പട്ടിക തിരിച്ച് നൽകാമോ ;

(ഡി) കെ.എസ്.ആർ.ടി.സി.യ്ക്ക് തർക്കത്തിലിരിക്കുന്നതോ കോടതിയിൽ കേസ്സിലിരിക്കുന്നതോ ആയ എന്തെല്ലാം അസറ്റുകളുണ്ട് ; ഇത് സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ 2011-12 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് ആസ്തി 793,68,10,250 (എഴുന്നൂറ്റിത്തൊണ്ണൂറ്റി മൂന്ന് കോടി അറുപത്തിയെട്ട് ലക്ഷത്തി പതിനായിരത്തി ഇരുന്നൂറ്റി അൻപത് മാത്രം) രൂപയാണ്.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കെ.എസ്.ആർ.ടി.സി.-ക്ക് സ്ഥലവും കെട്ടിടങ്ങളുമുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തിനു പുറത്ത് നാഗർകോവിലിൽ മാത്രമാണ് കെ.എസ്.ആർ.ടി.സി.-ക്ക് 13.23 സെന്റ് സ്ഥലമുള്ളത്.

(ഡി) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ തർക്കത്തിലിരിക്കുന്നതും/കോടതിയിൽ കേസ്സിൽ ഇരിക്കുന്നതുമായ സ്ഥലങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

കൽപ്പറ്റ:- കൽപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.-യുടെ 2.50 ഏക്കർ സ്ഥലത്തിൽ, 36 സെന്റ് സ്ഥലം പ്രിയദർശിനി ലേഡീസ് സമാജം അനധികൃത കയ്യേറ്റം നടത്തിയത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുണ്ട്.

പാലോട്:- നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പാലോടിന്റെ 50 സെന്റ് സ്ഥലം തിരികെ ആവശ്യപ്പെട്ടുകൊണ്ട് നന്ദിയോട് ഗ്രാമപഞ്ചായത്ത് WP(C) No.15089/2011 ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

കുളത്തൂപ്പുഴ:- കെ.എസ്.ആർ.ടി.സി.-യുടെ കുളത്തൂപ്പുഴ സ്ഥലത്തിന്റെ അതിർത്തി തർക്കം നിലനില്ക്കുകയാണ്.

ഇടമൺ:- കെ.എസ്.ആർ.ടി.സി.-യുടെ ഇടമണിലുള്ള 6.6 സെന്റ് സ്ഥലത്തിന്റെ OS247/02 നമ്പർ കേസ് മുൻസിഫ് കോടതിയിൽ നിലനിൽക്കുകയാണ്.

ഈഞ്ചക്കൽ:- ഈഞ്ചക്കൽ അന്തർ സംസ്ഥാന ബസ് ടെർമിനൽ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന് വർദ്ധിച്ച നിരക്കിൽ നഷ്ടപരിഹാരത്തുക കോടതിയിൽ കെട്ടിവയ്ക്കുന്നത് സംബന്ധിച്ച് 5 LAR കേസുകൾ നിലവിലുണ്ട്. LAR-290/10, LAR-431/07, LAR-167/07, LAR-187/07, LAR-159/07.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കണിയാപുരം:- കണിയാപുരം ബസ് ടെർമിനലിനുവേണ്ടി സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ സബ് കോടതിയിൽ 8 LAR കേസുകൾ നിലവിലുണ്ട്. LAR-17/99, LAR-20/99, LAR-21/99, LAR-22/99, LAR-23/99, LAR-24/99, LAR-25/99, LAR-26/99.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഇൻഷ്വറൻസ്

328 (3620) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ബസ്സുകൾ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.ക്ക് മൊത്തം എത്ര ബസ്സുകളുണ്ട് ; ഇവയിൽ നിരത്തിലോടുന്ന ബസ്സുകൾ എത്രയുണ്ട് ; ഇവയിൽ അന്തർ സംസ്ഥാന സർവ്വീസ്, എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ്, ഫാസ്റ്റ്പാസഞ്ചർ, ഓർഡിനറി തുടങ്ങിയ വിഭാഗങ്ങളിൽ എത്ര ബസ്സുകൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ ബസ്സുകളേയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവന്ന് യാത്രക്കാർക്ക് സംരക്ഷണം ഉറപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

320 JanNuRM ബസ്സുകൾ ഉൾപ്പെടെ 4434 കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 13-6-2014-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.ക്ക് 320 JnNURM ബസ്സുകൾ ഉൾപ്പെടെ 6123 ബസ്സുകളുണ്ട്. ഇവയിൽ 660 ബസ്സുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കൽ, ആക്സിഡന്റ്, റിപ്പയർ, എഞ്ചിൻ, ഗിയർ ബോക്സ്, റീയർ ആക്സിൽ മുതലായവയുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി പിടിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.ക്ക് താഴെ പറയുന്ന വിവിധ ശ്രേണി കളിലുള്ള അന്തർ സംസ്ഥാന സർവ്വീസുകളാണുള്ളത്.

| | |
|---|---|
| വോൾവോ | - 10 |
| സൂപ്പർ ഡീലക്സ് | - 43 |
| എക്സ്പ്രസ് | - 49 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| സൂപ്പർ ഫാസ്റ്റ് | - | 53 |
| ഫാസ്റ്റ് പാസഞ്ചർ | - | 159 |
| ഓർഡിനറി | - | 142 |
| ആകെ | - | 456 |

ഇവ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-ക്ക് ആകെ 6123 ബസുകളാണുള്ളത്.

| | | |
|---|---|---|
| വോൾവോ | - | 10 |
| സൂപ്പർ ഡീലക്സ് | - | 50 |
| എക്സ്പ്രസ് | - | 98 |
| സൂപ്പർഫാസ്റ്റ് | - | 311 |
| ഫാസ്റ്റ് പാസഞ്ചർ | - | 1136 |
| ഓർഡിനറി | - | 3948 |
| സിറ്റി ഓർഡിനറി | - | 38 |
| ഡബിൾ ഡക്കർ | - | 2 |
| സിറ്റി ഫാസ്റ്റ് | - | 209 |
| വെസ്റ്റിബ്യൂൾ | - | 1 |
| JnNURM | - | 320 |
| ആകെ | - | 6123 |

(സി) ഉണ്ട്.

നിലവിലുള്ള 6213 ബസ്സുകളിൽ 4434 ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. 2007 ഓഗസ്റ്റ് മുതൽ നിരത്തിലിറക്കിയിട്ടുള്ള എല്ലാ പുതിയ ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. പുതുതായി നിരത്തിലിറക്കുന്ന എല്ലാ ബസ്സുകളേയും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

## മാവേലിക്കര ഡിപ്പോയിലെ ഷെഡ്യൂളുകൾ പ്രവർത്തിപ്പിക്കാൻ നടപടി

**329 (3621)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ 43 ഷെഡ്യൂളുകളിൽ മുപ്പത് ഷെഡ്യൂളുകൾ മാത്രമാണ് പ്രവർത്തിക്കുന്നത് എന്നത്



LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എല്ലാ ഷെഡ്യൂളുകളും പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) മാവേലിക്കര ഡിപ്പോയിൽ ആവശ്യമായ ഡ്രൈവർമാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മതിയായ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മാവേലിക്കരയിൽ നിന്നും 43 ഷെഡ്യൂളുകൾ നടത്തുവാൻ അനുവാദം നൽകിയിട്ടുള്ളതിൽ പ്രതിദിനം ശരാശരി 37 ഷെഡ്യൂളുകൾ വരെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ബസ്സിന്റെയും ഡ്രൈവർമാരുടെയും കുറവ് കാരണമാണ് ഷെഡ്യൂളുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യാൻ കഴിയാതെ വരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-ക്ക് അടൂർ മണ്ഡലത്തിൽ പുതിയ റൂട്ടുകൾ**

330 (3622) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമസഭാ സാമാജികന്മാരുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ എത്ര പുതിയ റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ റൂട്ട് വിവരം സഹിതം ലഭ്യമാക്കാമോ ;

(ബി) അടൂർ മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി. റൂട്ടുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇത്തരത്തിൽ എത്ര നിവേദനങ്ങൾ ലഭ്യമായെന്നും അവയേതെല്ലാമെന്നുമുള്ള വിവരം അറിയിക്കുമോ ;

(സി) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(ഡി) അടൂർ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ റൂട്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) നിലവിൽ അടൂർ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ റൂട്ടുകൾ ആരംഭിക്കുന്നതിനുള്ള താമസം എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 16 നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്. അവയുടെ റൂട്ട് ചുവടെ ചേർക്കുന്നു:

1. അടൂർ–കുടിയാൻമല
2. അടൂർ–ചെന്നൈ
3. അടൂർ–ബാംഗ്ലൂർ
4. അടൂർ–മധുര
5. അടൂർ–തിരുനെല്ലി
6. അടൂർ–പത്തനംതിട്ട–കുമിളി
7. അടൂർ–കോയമ്പത്തൂർ
8. അടൂർ–പാലക്കാട്
9. കൊല്ലം–ശാസ്താംകോട്ട–അടൂർ–കൊടുമൺ–പത്തനംതിട്ട (ചെയിൻ)
10. അടൂർ–കൈതക്കോട്–തിരുവനന്തപുരം
11. അടൂർ–അമ്പലക്കടവ്–ഇലവുംതിട്ട–കോഴഞ്ചേരി (ചെയിൻ)
12. അടൂർ–ഓച്ചിറ–കുടൽ
13. പന്തളം–അമൃത മെഡിക്കൽ കോളേജ്
14. പന്തളം–ബാംഗ്ലൂർ
15. പന്തളം–കുമിളി
16. പന്തളം–പാലക്കാട്

(സി–ഇ) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥയില്ലാത്തതിനാൽ അടൂർ, പന്തളം എന്നിവിടങ്ങളിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ തുടർനടപടികളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. മറ്റ് അപേക്ഷകൾ സാധ്യതാപഠനത്തിന് വിധേയമാക്കിയിട്ടുണ്ടെങ്കിലും ബസ്സിന്റെ കുറവ് കാരണം സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

**കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തലാക്കൽ**

**331 (3623)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കെ.എസ്.ആർ.ടി.സി.യുടെ എത്ര സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി.യുടെ കമ്പനിവൽക്കരണം സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 5257 സർവ്വീസുകൾ നടത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി. അനുവാദം നൽകിയിരുന്നത്. ഈ കാലയളവിൽ 386 സർവ്വീസുകൾ പുതുതായി നടത്തുവാൻ അനുവാദം നൽകുക വഴി 5643 ഷെഡ്യൂൾ ആയി വർദ്ധിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി. ഒരു സർവ്വീസും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. ബസ്സിന്റെയോ ജീവനക്കാരുടെയോ കുറവു കാരണം തീരെ വരുമാന ക്കുറവുള്ള ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ റദ്ദാക്കുക മാത്രമേ ചെയ്യാറുള്ളൂ.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയ സർവ്വീസുകൾ**

**332 (3624)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജനുവരിക്കുശേഷം കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര സർവ്വീസുകളാണ് നിർത്തലാക്കിയത് ;

(ബി) അവ നിർത്തലാക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സ്ഥിരമായി ഒരു സർവ്വീസും നിർത്തലാക്കിയിട്ടില്ല. ബസ്സിന്റെ കുറവ് കാരണം തീരെ വരുമാനക്കുറവുള്ള ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാറില്ല.

**ചാലക്കുടി-പഴനി ബസ് സർവ്വീസ് പുനഃരാരംഭിക്കാൻ നടപടി**

**333 (3625)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ നിന്നും വാഴച്ചാൽ, മലക്കപ്പാറ, പൊള്ളാച്ചി വഴി പഴനിക്ക് കെ.എസ്.ആർ.ടി.സി. നടത്തിയിരുന്ന അന്തർ സംസ്ഥാന സർവ്വീസ് പുനഃരാരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബസ്സ് സർവ്വീസ് അടിയന്തരമായി പുനഃരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ നിന്നും വാഴച്ചാൽ, മലക്കപ്പാറ, പൊള്ളാച്ചി വഴി പഴനിക്ക് കെ.എസ്.ആർ.ടി.സി. വളരെ വർഷങ്ങൾക്ക് മുമ്പ് ഒരു അന്തർ സംസ്ഥാന സർവ്വീസ് നടത്തിയിരുന്നു. വരുമാനക്കുറവുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ സപ്ലിമെന്ററി കരാറുകളിൽ നീക്കം ചെയ്യപ്പെടുകയോ, മറ്റ് യൂണിറ്റുകളിലേക്ക് മാറ്റപ്പെടുകയോ ചെയ്യാറുണ്ട്. നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ ചാലക്കുടിയിൽ നിന്നും പഴനിക്ക് സർവ്വീസ് നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ചെന്നൈയിലേക്ക് ബസ് സർവ്വീസ്

334 (3626) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ചെന്നൈയിലേക്ക് അന്തർസംസ്ഥാന സർവ്വീസ് നടത്തുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പുതിയ അന്തർ സംസ്ഥാന കരാർ പ്രാബല്യത്തിലാകുമ്പോൾ ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

## വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾക്ക് സ്റ്റോപ്പ്

3627. ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർക്കാട് - അരീക്കോട് റോഡിലെ പ്രധാന ജംഗ്ഷനായ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസ്സുകൾക്കും വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ 4 പ്രധാന റോഡുകളുടെ ജംഗ്ഷൻ കേന്ദ്രവും, പ്രധാനമായ 4 വിദ്യാഭ്യാസ സ്ഥാപനങ്ങളും, പ്രശസ്തമായ മാനസിക ചികിത്സാകേന്ദ്രവും, പ്രശസ്തമായ അന്ധവിദ്യാലയവും പരിസരത്തായുള്ള വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ബസ്സുകൾക്കും റിക്വസ്റ്റ് സ്റ്റോപ്പെങ്കിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ദീർഘദൂര സർവ്വീസുകൾക്ക് വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.ക്ക് ഗുണകരമാകുകയില്ലെന്നാണ് പെരിന്തൽമണ്ണ യൂണിറ്റധികാരി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നിരുന്നാലും കൂടുതൽ പരിശോധനക്കായി തൃശ്ശൂർ മേഖലാ അധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളിൽ കൃത്രിമം

3628. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധിക ജോലിയുടെ വേതനം വാങ്ങുന്നതിനായി മലപ്പുറത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഷെഡ്യൂളിൽ കൃത്രിമം കാട്ടുന്നതായി വിജിലൻസ് കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള സമാനക്രമക്കേടുകൾ എവിടെയെങ്കിലും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ഷെഡ്യൂളിൽ കൃത്രിമം കാണിച്ച് അധികവേതനം കൈപ്പറ്റിയ ജീവനക്കാർ ആരെല്ലാമാണെന്ന് അവരുടെ പേര്, ഡിപ്പോ എന്നിവ കാണിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇവർക്കെതിരെ എടുത്ത നടപടികൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഒരിടത്തും കണ്ടെത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.-യുടെ ഇതര വരുമാനം

337 (3629) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റ് കളക്ഷൻ കൂടാതെ മറ്റ് ഏതെല്ലാം രീതിയിൽ വരുമാനം ലഭിക്കാറുണ്ട് ; വിശദമാക്കാമോ ;

(ബി) പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ നിന്നും മെയിൽ കൊണ്ടുപോകുന്നതിന് തുക ഈടാക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണ് ; വിശദാംശം നൽകാമോ ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടകയിനത്തിൽ പ്രതിവർഷം ലഭിക്കുന്ന തുക വിശദമാക്കാമോ ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ-ലാഭ-നഷ്ട കണക്ക് പരിശോധനാ വിധേയമാക്കുമ്പോൾ ഇതര വരുമാനം കൂടി ചേർക്കാറുണ്ടോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) കോൺട്രാക്ട് സർവ്വീസ്, പോസ്റ്റ് മെയിൽ സർവ്വീസ്, പരസ്യത്തിൽ നിന്നുള്ള വരുമാനം, ന്യൂസ് പേപ്പർ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള ചാർജ്, വാടക ഇനത്തിലുള്ള വരുമാനം, ഉപയോഗശൂന്യമായ വസ്തുക്കളും, ഇരുമ്പുവസ്തുക്കളും, മുഴുവനായും തേയ്മാനം സംഭവിച്ച വാഹനങ്ങൾ വിൽക്കുന്നതുവഴിയും കളക്ഷനിൽ നിന്ന് അധികം കിട്ടുന്ന തുകയും, കളഞ്ഞു കിട്ടിയ വസ്തുക്കളിൽ അവകാശികളില്ലാത്തവയിൽ നിന്നുമുള്ള വരുമാനവും ലേല നടപടികളിൽ വിൽപ്പന നികുതി ഈടാക്കുന്ന വയിൽ നിന്നുമുള്ള വരുമാനവും കൂടാതെ രസീതിനത്തിൽ കിട്ടുന്ന വരുമാനവുമാണ് കെ.എസ്.ആർ.ടി. സി.യുടെ ടിക്കറ്റേതര വരുമാനങ്ങൾ.

(ബി) കെ.എസ്.ആർ.ടി. സിയിലെ ഉദ്യോഗസ്ഥരും പോസ്റ്റൽ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും ജോയിന്റ് വെരിഫിക്കേഷൻ നടത്തി മെയിലിന്റെ ഭാരം കണക്കാക്കിയും അതാത് റൂട്ടുകളിൽ സർവ്വീസ് നടത്തുന്ന ബസ്സിന്റെ ഹെയർ സ്റ്റേജ് കണക്കാക്കിയുമാണ് തുക ഈടാക്കുന്നത്.

(സി) 2011-12 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി-യിൽ വാടക ഇനത്തിൽ ലഭിച്ച തുക 6,57,22,154 (ആറുകോടി അമ്പത്തിയേഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നൂറ്റി അമ്പത്തി നാല്) രൂപയാണ്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ലാഭ നഷ്ടക്കണക്ക് പരിശോധനാ വിധേയമാക്കുമ്പോൾ ഇതര വരുമാനം കൂടി ചേർക്കാറുണ്ട്. ഓരോ ഇനത്തിൽ നിന്നും ലഭിക്കുന്ന വരുമാനവും ലാഭ നഷ്ടക്കണക്കിൽ തരം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. കോൺട്രാക്ട് സർവ്വീസ്, പോസ്റ്റ് മെയിൽ സർവ്വീസ്,

LIBRARY ARCHIVES Kerala Legislative Assembly

പരസ്യത്തിൽ നിന്നുള്ള വരുമാനം, ന്യൂസ് പേപ്പർ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള ചാർജ്, വാടക ഇനത്തിലുള്ള വരുമാനം, ഉപയോഗ ശൂന്യമായ വസ്തുക്കളും, ഇരുമ്പുവസ്തുക്കളും, മുഴുവനായും തേയ്മാനം സംഭവിച്ച വാഹനങ്ങൾ വിൽക്കുന്നതു വഴിയും കളക്ഷനിൽ നിന്ന് അധികം കിട്ടുന്ന തുകയും, കളഞ്ഞു കിട്ടിയ വസ്തുക്കളിൽ അവകാശികളില്ലാത്തവയിൽ നിന്നുമുള്ള വരുമാനവും വേറെ നടപടികളിൽ വിൽപ്പന നികുതി ഈടാക്കുന്നവയിൽ നിന്നുമുള്ള വരുമാനവും കൂടാതെ രസീതിനത്തിൽ കിട്ടുന്ന വരുമാനവും ലാഭ നഷ്ട കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## പയ്യന്നൂർ-ബാംഗ്ലൂർ റൂട്ടിൽ ഓൺലൈൻ റിസർവ്വേഷൻ സൗകര്യം നടപ്പിലാക്കൽ

338 (3630) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന അന്തർസംസ്ഥാന സർവ്വീസായ പയ്യന്നൂർ-ബാംഗ്ലൂർ റൂട്ടിൽ ഓൺലൈൻ റിസർവ്വേഷൻ സൗകര്യം നടപ്പിലാക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ ?

### ഉത്തരം

നിലവിൽ പയ്യന്നൂർ യൂണിറ്റിൽ നിന്ന് രണ്ട് ബാംഗ്ലൂർ സർവ്വീസുകൾ മാത്രമാണുള്ളത്. പയ്യന്നൂർ വഴി കടന്നുപോകുന്ന എല്ലാ ബാംഗ്ലൂർ സർവ്വീസുകളിലും ബാംഗ്ലൂരിൽ നിന്ന് തിരികെ പയ്യന്നൂരിലേക്കുള്ള സർവ്വീസുകളിലും ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ പയ്യന്നൂർ ഡിപ്പോയിൽ നിന്നും തുടങ്ങുന്ന മുറയ്ക്ക് ഡിപ്പോ കേന്ദ്രീകരിച്ച് ഓൺലൈൻ റിസർവേഷൻ സൗകര്യം അനുവദിക്കുന്നതാണ്.

## അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ

339 (3631) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1-6-2011 മുതൽ 31-5-2014 വരെ എത്ര വാഹന/ റോഡ് അപകടങ്ങൾ ഉണ്ടായി എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപകടങ്ങളിൽ എത്രയെണ്ണത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ അശ്രദ്ധകൊണ്ട് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തി പൊതുജനങ്ങളുടെ സുരക്ഷ, നഷ്ടപരിഹാരം എന്നിവ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1-6-2011 മുതൽ 31-5-2014 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങളുടെ ജില്ല തിരിച്ചുള്ള സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 802 |
| 2. | കൊല്ലം | 288 |
| 3. | പത്തനംതിട്ട | 73 |
| 4. | ആലപ്പുഴ | 139 |
| 5. | കോട്ടയം | 153 |
| 6. | ഇടുക്കി | 47 |
| 7. | എറണാകുളം | 176 |
| 8. | തൃശ്ശൂർ | 175 |
| 9. | പാലക്കാട് | 58 |
| 10. | മലപ്പുറം | 84 |
| 11. | വയനാട് | 58 |
| 12. | കോഴിക്കോട് | 180 |
| 13. | കണ്ണൂർ | 57 |
| 14. | കാസർഗോഡ് | 49 |
| | ആകെ | 2339 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1313/2015

LIBRARY ARCHIVES Kerala Legislative Assembly

(സി) അശ്രദ്ധമായ ഡ്രൈവിംഗ് നടക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ ഉൾപ്പെടെ എല്ലാ വിഭാഗം ഡ്രൈവർമാർക്കെതിരെയും ചെക്കിംഗും പരിശീലനവും അടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള 4,434 എണ്ണം ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ എടുത്തിട്ടുണ്ട്. ബാക്കിയുള്ള ബസ്സുകൾ പഴക്കമേറിയവയാണ്. അവമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് കോർപ്പറേഷൻ നേരിട്ടാണ്.

**എല്ലാ റൂട്ടുകളിലും വിദ്യാർത്ഥികൾക്ക് യാത്രാകൺസഷൻ**

340 (3632) ശ്രീ. റ്റി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം റൂട്ടുകളിലാണ് കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്ക് യാത്ര കൺസെഷൻസ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാകുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന എല്ലാ റൂട്ടുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി സർവ്വീസ് കൂടുതലുള്ള തിരൂർ-മലപ്പുറം-മഞ്ചേരി, പെരിന്തൽമണ്ണ-വളാഞ്ചേരി, പൊന്നാനി-തിരൂർ എന്നീ റൂട്ടുകളിൽ നിലവിൽ കൺസെഷൻ ടിക്കറ്റ് വിതരണം നടത്തിവരുന്നുണ്ട്.

(ബി) കൂടുതൽ ഓർഡിനറി സർവ്വീസുകൾ പുതുതായി ആരംഭിച്ചാൽ മാത്രമേ കൂടുതൽ റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ ടിക്കറ്റ് അനുവദിക്കുവാൻ കഴിയുകയുള്ളൂ.

**സ്പെയർ പാർട്സുകൾ നശിച്ചതു സംബന്ധിച്ച വിജിലൻസ് അന്വേഷണം**

341 (3633) ശ്രീ. കോവിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ഡിപ്പോകളിൽ സ്പെയർ പാർട്സുകൾ കെട്ടിക്കിടന്ന് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ എത്ര രൂപയുടെ സ്പെയർ പാർട്സുകളാണ് നശിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധമായി വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ സ്പെയർ പാർട്സുകൾ കെട്ടിക്കിടന്ന് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലഹരണപ്പെട്ട വാഹനങ്ങളുടെ കുറച്ച് സ്പെയർ പാർട്സുകൾ കാലാവധി എത്തിയതിനെത്തുടർന്ന് Scrap ചെയ്തതുമൂലം ഉപയോഗിക്കാൻ കഴിയാതെ ഇരിപ്പുണ്ട്. ഇത്തരത്തിൽ obsolete items കേന്ദ്ര പൊതുമേഖല സ്ഥാപനമായ M/s.MSTC Ltd. മുഖേന e-auction-ൽ കൂടി വിറ്റ് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) Obsolete items - വില നിശ്ചയിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ഇതു സംബന്ധമായി കെ.എസ്.ആർ.ടി.സി.യിൽ വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ട്. നിലവിൽ ഉപയോഗിക്കാൻ കഴിയാത്ത സ്പെയർ പാർട്സുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധമായി അന്വേഷണ നടപടി ക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

## കെ.എസ്.ആർ.ടി.സി. കാഞ്ഞങ്ങാട്, കാസർഗോഡ് ഡിപ്പോകൾക്ക് അനുവദിച്ച പുതിയ ബസ്സുകൾ

**342 (3634)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഈ വർഷം എത്ര ബസുകളാണ് പുതിയതായി വാങ്ങിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കാഞ്ഞങ്ങാട്, കാസർഗോഡ് ഡിപ്പോകൾക്കായി എത്ര പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. 2014-ൽ പുതുതായി 10 വോൾവോ മൾട്ടി ആക്സിൽ ബസുകൾ വാങ്ങിയിട്ടുണ്ട്. 1500 ഷാസികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയതായി കാസർഗോഡ് ഡിപ്പോയ്ക്ക് 35 ബസ്സും കാഞ്ഞങ്ങാട് ഡിപ്പോക്ക് 7 ബസ്സും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.യുടെ ടാങ്കർ ലോറികൾ

343 (3635) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി എത്ര ടാങ്കർ ലോറികളാണ് ഉണ്ടായിരുന്നതെന്നും ഈ ടാങ്കർ ലോറികൾ ഇപ്പോൾ ഏത് രീതിയിൽ ഉപയോഗിക്കപ്പെടുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) ടാങ്കർ ലോറികൾ ഉപയോഗമില്ലാതെ കിടന്നു നശിക്കുന്നു എന്ന രീതിയിൽ ദൃശ്യമാദ്ധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടാങ്കർ ലോറികൾ കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കാനാവും വിധം ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി.-ക്ക് 9 ടാങ്കർ ലോറികളാണുള്ളത്. ഇപ്പോൾ ഈ ടാങ്കർ ലോറികൾ ഉപയോഗിക്കുന്നില്ല. ഈ സാഹചര്യത്തിൽ കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കാനാവുംവിധം ഇവയെ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നതു പരിശോധിച്ചുവരികയാണ്.

## പുതുക്കാട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

344 (3636) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ 4 ഏക്കർ വിസ്തീർണ്ണമുള്ള എൻ.എച്ച് 47 നോട് തൊട്ട് ചേർന്നുകിടക്കുന്ന സ്റ്റാൻഡിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് കെ.എസ്.ആർ.ടി.സി. വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

സാദ്ധ്യതാ പഠനം നടത്തിയ ശേഷം മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

## കണ്ടക്ടർ നിയമനം

345 (3637) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ 27-11-2011-ലെ ജി.ഒ നമ്പർ 77/2011 ട്രാൻസ്പോർട്ട് പ്രകാരമുള്ള കണ്ടക്ടർ ലിസ്റ്റിൽ ഇനിയും നിയമനം ലഭിച്ചിട്ടില്ലാത്തവരുടെ വിശദാംശം നൽകുമോ ;

(ബി) മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷിച്ച 26 പേരുടെ പട്ടികയിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് നിയമപരമായ എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) നിലവിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യിൽ 22-12-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 77/2011/ട്രാൻ. ഉത്തരവ് പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ അനുമതി നൽകിയ 912 അൺ അഡ്വൈസ്ഡ് എംപാനൽ കണ്ടക്ടർമാരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടും, ഉത്തരവ് കാലയളവിൽ സജീവ സർവ്വീസിൽ ഇല്ലാതിരിക്കുകയും തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ സ്ഥിരപ്പെടലിനായി അപേക്ഷ നൽകിയിട്ടുള്ളവരുമായ 26 താൽക്കാലിക കണ്ടക്ടർമാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 22-12-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 77/2011/ട്രാൻ. ഉത്തരവിലെ നിബന്ധനകളിൽ ഇളവ് നൽകി സ്ഥിരപ്പെടുത്തുന്നതിന് 26 താൽക്കാലിക ജീവനക്കാരുടെ പട്ടിക കെ.എസ്.ആർ.ടി.സി. സർക്കാരിൽ ലഭ്യമാക്കിയിരുന്നു. മേൽ പരാമർശിച്ച ഉത്തരവിലെ നിബന്ധനകളിൽ ഇളവുകൾ നിർബാധം അനുവദിച്ച് നൽകുന്നത് കോർപ്പറേഷനിൽ അനാരോഗ്യകരമായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നതിനാൽ ഇവരെ ടി ഉത്തരവിന്റെ പിൻബലത്തിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തണം എന്നുള്ള കെ.എസ്.ആർ.ടി. സി.യുടെ നിർദ്ദേശം സർക്കാർ നിരസ്സിക്കുകയാണുണ്ടായത്.

(സി&ഡി) 22-12-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 77/2011/ട്രാൻ. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച തീയതിയിൽ കെ.എസ്.ആർ.ടി.സി.യിൽ സജീവ എംപാനൽ സേവനത്തിലുള്ള അൺ അഡ്വൈസ്ഡ് കണ്ടക്ടർമാരെ മാത്രമേ സ്ഥിരപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. കെ.എസ്.ആർ.ടി.സി.യിൽ നിന്നും ലഭ്യമായ പട്ടികയിൽ ഉൾപ്പെട്ട 26 താൽക്കാലിക ജീവനക്കാർ മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുവാൻ അനുമതി നൽകിയ 912 പേരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും ഉത്തരവ് തീയതിയിൽ സജീവ താൽക്കാലിക സർവ്വീസിൽ ഇല്ലാതിരുന്നതിനാൽ സ്ഥിരപ്പെടുത്തുവാൻ സാധിക്കുകയില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൂന്നാർ ഉടുമലൈ റൂട്ടിൽ നിബന്ധനകൾ പാലിക്കാതെയുള്ള സ്വകാര്യ ബസ് സർവ്വീസ്

**346 (3638)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ-ഉടുമലൈ റൂട്ടിൽ അന്തർസംസ്ഥാന ബസ് സർവ്വീസ് നടത്തുന്ന സരസ്വതി ബസിൽ യാത്രക്കാരോട് അമിതനിരക്ക് വാങ്ങുന്നതും, നിശ്ചയിച്ചിട്ടുള്ള ഫെയർ സ്റ്റേജിനു പകരം അടുത്ത ഫെയർ സ്റ്റേജ് വാങ്ങുകയും ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ ബസിൽ കയറ്റാതെ വരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ;

(ബി) ചില ദിവസങ്ങളിൽ മാത്രം രണ്ട് സർവ്വീസും അല്ലാത്തപ്പോൾ ഒരു സർവ്വീസും നടത്തുന്ന സരസ്വതി ബസിന്റെ റൂട്ട് പെർമിറ്റ് പരിശോധിച്ച് പകരം ആ സമയത്ത് കെ.എസ്.ആർ.ടി.സി.-ബസ് അനുവദിച്ച് നൽകാമോ ;

(സി) സരസ്വതി ബസിൽ ആദിവാസി വിദ്യാർത്ഥികൾക്ക് കൺസഷൻ നിരസിക്കുന്നത് ആവർത്തിക്കുന്നപക്ഷം ഈ ബസിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നത് പരിഗണിക്കുമോ ?

### ഉത്തരം

(എ) അമിത യാത്രാക്കൂലി വാങ്ങുന്നത് സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18-5-2013-ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 5,6 എന്നീ ഐറ്റം നമ്പരുകളിലെ തീരുമാന പ്രകാരം പ്രസ്തുത ബസ്സുകളുടെ (TN.78 W.999, TN.78 V.999) പെർമിറ്റ് 10 ദിവസത്തേക്ക് സസ്പെന്റ് ചെയ്യുകയും ചെയ്തു. ഈ വാഹനങ്ങൾ 11-12-2013 മുതൽ 21-12-2013 വരെ സർവ്വീസ് നടത്തിയിട്ടില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുകയുണ്ടായി. ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ബസ്സിൽ കയറ്റുന്നില്ല എന്നുള്ള പരാതി ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) സർവ്വീസ് നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം കാര്യം പരിശോധിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സത്വര നടപടി സ്വീകരിക്കുന്നതാണ്.

(സി) ആദിവാസി വിദ്യാർത്ഥികൾക്ക് കൺസഷൻ നിരസിക്കുന്നു എന്ന പരാതി ലഭിച്ചിട്ടില്ല. പരാതി ലഭിച്ചാൽ പരിശോധന നടത്തി നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി

**347 (3639)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോടുമുതൽ കാസർഗോഡ് വരെയുള്ള നാഷണൽ ഹൈവേയിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയപാതകളിൽ ടൂവീലറുകൾ വ്യാപകമായി അപകടത്തിൽപ്പെടുന്ന സാഹചര്യത്തിൽ ലൈസൻസ് നിയമം, വേഗതാ നിയന്ത്രണം ഇവ കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അമിതവേഗത തടയാൻ ഇന്റർസെപ്റ്റർ, നിരീക്ഷണ ക്യാമറ തുടങ്ങിയവ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു.

## ആറ്റിങ്ങലിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി

**348 (3640)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ മോട്ടോർവാഹനവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) അദ്ധ്യയനവർഷാരംഭത്തിന് മുന്നോടിയായി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുവാൻ യോഗം വിളിച്ചുചേർത്തിരുന്നോ എന്നറിയിക്കുമോ ;

(സി) എങ്കിൽ യോഗതീരുമാനങ്ങളെക്കുറിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) അനധികൃതമായ പാർക്കിംഗ് ഒഴിവാക്കുവാനായി മോട്ടോർ വാഹന വകുപ്പ് കർശന പരിശോധനകൾ നടത്തിവരുന്നു. സ്വകാര്യ ബസ്സുകളുടെ അനധികൃത സ്റ്റോപ്പുകൾ ഒഴിവാക്കുന്നതിനും പരിശോധനകൾ നടത്തിവരുന്നു.

(ബി) യോഗം വിളിച്ചിരുന്നു.

(സി)

1. ടൗണിനുള്ളിൽ ബസ്സുകളുടെ അനധികൃത സ്റ്റോപ്പുകൾ ഒഴിവാക്കുവാൻ തീരുമാനിച്ചു.

2. മോട്ടോർ വാഹന വകുപ്പും പോലീസും പരിശോധനകൾ ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചു.

3. സ്കൂൾ ബസ്സ് ഡ്രൈവർമാർ സ്വകാര്യ ബസ്സ് ഡ്രൈവർമാർ എന്നിവർക്ക് പരിശീലനം നൽകുവാൻ തീരുമാനിച്ചു.

4. സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്കൂൾ ബസ്സുകളുടെ പരിശോധന ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചു.

5. വൺ-വേ സംവിധാനം കർശനമായി പാലിക്കുവാൻ തീരുമാനിച്ചു.

## റോഡുനികുതി

349 (T3641) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14 സാമ്പത്തികവർഷങ്ങളിൽ റോഡ് നികുതിയായി എത്ര രൂപ ഓരോ വർഷവും ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വർഷങ്ങളിൽ എത്ര തുക വീതമാണ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതെന്നും വ്യക്തമാക്കുമോ ;

(സി) 2014-15 വർഷങ്ങളിൽ റോഡ് നികുതി ഇനത്തിൽ എത്ര രൂപ പ്രതീക്ഷിക്കുന്നു എന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2012-13-ൽ റോഡ് നികുതിയിനത്തിൽ 15,81,05,78,091 രൂപ ലഭിച്ചു. 1831.150 കോടി രൂപ മൊത്തം ലഭിച്ചിട്ടുണ്ട്.

2013-14-ൽ റോഡ് നിതുകിയിനത്തിൽ 17,90,24,03106 രൂപ ലഭിച്ചു.

(ബി) 2012-13-ൽ 1726 കോടി രൂപയാണ് മൊത്തം ടാർജറ്റ്. 2013-14 -ൽ 2570.65 കോടി രൂപയാണ് മൊത്തം ടാർജറ്റ്.

(സി) 2014-15-ൽ 2799.82 കോടി രൂപയാണ് മൊത്തം ടാർജറ്റ്.

## അമിതപിഴ ഈടാക്കുന്നത് ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശം

350 (3642) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാരീരിക ബുദ്ധിമുട്ടുള്ളവർക്കായാലും ഹെൽമറ്റ് ധരിക്കാതിരുന്നാൽ അമിതപിഴ ഈടാക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടോ ;

---

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ തലസ്ഥാനത്ത് ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ ഒരു സാധാരണക്കാരനിൽനിന്ന് എം.വി.ഐ. പത്തിരട്ടി പിഴ ഈടാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ പിഴ നല്കേണ്ടി വന്നയാളുടെ പരാതി പ്രകാരം ലോകായുക്ത ഇടപെട്ട് എന്തെങ്കിലും നിർദ്ദേശം നല്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കുമോ ;

(ഡി) നിസ്സാര വീഴ്ചകളുണ്ടാകുമ്പോൾ ഗുരുതര കുറ്റങ്ങൾക്കുള്ള വകുപ്പുകൾ ചേർത്ത് അധിക ശിക്ഷ നല്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. കംപ്ലയിന്റ് നമ്പർ 1241/13-ൽ ലോകായുക്ത പുറപ്പെടുവിച്ചിട്ടുള്ള വിധി പ്രകാരം 100 രൂപ പിഴയടച്ച് ലൈസൻസ് തിരികെ നൽകാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദീർഘദൂര സർവ്വീസ് നടത്തുന്ന ബസുകളുടെ കാര്യക്ഷമത**

351 (3643) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളുടെ ആധുനികവൽക്കരണത്തിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഗതാഗത വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരള മോട്ടോർ വാഹന നിയമമനുസരിച്ച് അപ്പർ ക്ലാസ് ബസുകളുടെ (ഫാസ്റ്റ് പാസഞ്ചർ ബസുകളും അതിന് മുകളിലും) കാലാവധി എത്ര വർഷമായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത് ;

(സി) ദീർഘദൂര സർവ്വീസുകൾ പ്രത്യേകിച്ച് മലയോര മേഖലകളിലേക്ക് സർവ്വീസ് നടത്തുന്ന അപ്പർ ക്ലാസ് ബസുകൾ പ്രസ്തുത നിയമത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണോ സർവ്വീസ് നടത്തുന്നത് ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തി കൂടുതൽ യാത്രക്കാരെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(ബി) സൂപ്പർ ക്ലാസ് ബസ്സുകളുടെ കാലാവധി 5 വർഷമാണ്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 260 എ പ്രകാരം, രജിസ്റ്റർ ചെയ്ത ദിവസം മുതൽ 5 വർഷം കഴിഞ്ഞ സ്റ്റേജ് കാര്യേജുകൾ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്, സൂപ്പർ ഫാസ്റ്റ് സർവ്വീസ്, ലക്ഷ്വറി സർവ്വീസ്, സൂപ്പർ ഡീലക്സ് സർവ്വീസ്, സൂപ്പർ എക്സ്പ്രസ്സ് സർവ്വീസ് എന്നിവയായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(സി) അതെ.

(ഡി) ദീർഘദൂര ബസ്സുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ടാണ് കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിലേക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്താനായി 10 മൾട്ടി ആക്സിൽ വോൾവോ ബസ്സുകൾ നിരത്തിലിറക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തിനകത്തും അന്തർസംസ്ഥാന റൂട്ടുകളിലും ഓടിച്ചിരുന്ന പഴയ സൂപ്പർ ഡീലക്സ് ബസ്സുകൾ മാറ്റി പുഷ്ബാക്ക് സീറ്റ് സംവിധാനത്തോടുകൂടിയ പുതിയ സൂപ്പർ ഡീലക്സ് ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. പുതിയ ബസ്സുകൾ വാങ്ങുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിച്ചിട്ടുള്ളതിൽ 150 എണ്ണം എയർ സസ്പെൻഷനോടുകൂടിയ സൂപ്പർ ക്ലാസ് ബസ്സുകളാണ്. നടപടിക്രമങ്ങൾ കഴിഞ്ഞ് അത്തരം ബസ്സുകൾ നിരത്തിലിറങ്ങുന്നതോടുകൂടി സംസ്ഥാനത്തിനകത്ത് ദീർഘദൂര സർവ്വീസുകൾക്കായി സൂപ്പർക്ലാസ് ബസുകൾ ഉപയോഗിക്കുവാൻ കഴിയുമെന്ന് കരുതുന്നു. അതോടുകൂടി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകളിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## സ്വകാര്യ ബസ്സുകളിലെ യാത്രാസുരക്ഷ

352 (3644) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ബസ്സുകളിൽ യാത്രക്കാരുടെ സുരക്ഷ ഒട്ടുംതന്നെ പരിഗണിക്കപ്പെടുന്നില്ലെന്ന ആവലാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൃദ്ധരും വിദ്യാർത്ഥികളുമടക്കമുള്ള യാത്രക്കാർക്ക് കയറാനും ഇറങ്ങാനും സാവകാശം നൽകാതെ തള്ളിപുറത്തിടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ സമയങ്ങളിൽ കുട്ടികളെ കയറ്റാതിരിക്കാൻ മുതിർന്നവർ കയറുംവരെ അവരെ തടഞ്ഞുനിർത്തുകയും, പിന്നെ വേഗത്തിൽ ഓടിച്ചു പോവുകയും ചെയ്യുന്നതുമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികളും വൃദ്ധരും അടങ്ങുന്ന യാത്രാവിഭാഗത്തെ ബുദ്ധിമുട്ടിക്കുന്ന സ്വകാര്യ ബസ്സ് സർവ്വീസുകളെക്കുറിച്ച് നിരവധി പരാതികൾ ജില്ലാടിസ്ഥാനത്തിൽ ലഭിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

**യാത്രാവേളയിലെ അതിക്രമങ്ങൾ അറിയിക്കുവാൻ ഹെൽപ്പ്ലൈൻ സംവിധാനം**

353 (3645) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കിടയിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമണവും കുറ്റകൃത്യങ്ങളും തടയാൻ മോട്ടോർ വാഹന വകുപ്പ് ഹെൽപ്പ്ലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഹെൽപ്പ്ലൈനിന്റെ പ്രവർത്തന രീതി എങ്ങനെയൊക്കെയാണ് ; വിശദാംശം എന്തെല്ലാം ;

(സി) ഹെൽപ്പ്ലൈൻവഴി നൽകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇവയുടെ പ്രവർത്തനം മോണിട്ടർ ചെയ്യാൻ എടുത്തിട്ടുള്ള സംവിധാനം എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രൈവറ്റ് ബസ്സുകളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും യാത്ര ചെയ്യുമ്പോൾ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും വയോജനങ്ങൾക്കും യാത്രാ സൗകര്യവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് നിരവധി പരാതികൾ മോട്ടോർവാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചുകൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് ഹെൽപ്പ്ലൈൻ സംവിധാനം ഒരുക്കിയിരിക്കുന്നത്. പ്രസ്തുത സംവിധാനത്തിന്റെ പത്രക്കുറിപ്പ് 17-2-2014-ൽ കേരളത്തിലെ എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു.

(ബി) വകുപ്പിലെ ഓരോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും പരിധിയിൽ ഉണ്ടാകുന്ന പരാതികൾക്ക് ഉടനടി പരിഹാരമുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തന രീതിയാണ് ഹെൽപ്പ്ലൈനിലുള്ളത്. ഈ സംവിധാനത്തിന്റെ പ്രവർത്തനം ഫലപ്രദമാക്കുവാൻ വേണ്ടി ഓരോ ജില്ലയിലും സർവ്വീസ് നടത്തുന്ന ബസ്സുകളിൽ യാത്രക്കാർക്ക് വായിക്കാൻ പറ്റുന്ന വിധത്തിൽ ഹെൽപ്പ്ലൈൻ നമ്പർ എഴുതി പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബസ്സ് സ്റ്റാന്റ് ഉൾപ്പെടെ പ്രധാനപ്പെട്ട സ്ഥലങ്ങളിലും ഹെൽപ്പ്ലൈൻ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ആയതിനാൽ വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കും നേരിട്ട് പരാതികൾ അറിയിക്കുകയും പരിഹാരം കാണുകയും ചെയ്യാവുന്നതാണ്.

(സി) ഹെൽപ്പ്ലൈൻവഴി ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധമായി പരാതികൾ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ പരാതി സെല്ലിൽ സ്വീകരിച്ച് ഉടൻതന്നെ നടപടിക്ക് ശുപാർശ ചെയ്യുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വിവിധ നടപടികൾ കൈക്കൊള്ളുന്നുമുണ്ട്.

(ഡി) ഹെൽപ്പ്ലൈൻ സംവിധാനം മോണിറ്റർ ചെയ്യുവാൻ ജില്ലാതലത്തിൽ ആർ.ടി.ഒ.-മാർക്ക് നിർദ്ദേശം നൽകുകയും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ പരാതി പരിഹാര സെല്ലിലൂടെ ഈ സംവിധാനം നിരീക്ഷിക്കുകയും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്യുന്നു.

**വാഹനപരിശോധനയിലൂടെ ഈടാക്കിയ പിഴ**

**354 (3646)** <u>ശ്രീ. എ. എ. അസീസ്</u> :

<u>**ശ്രീ. കോവൂർ കുഞ്ഞുമോൻ**</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന പരിശോധനയിലൂടെ 2014 ജനുവരി മാസം മുതൽ നാളിതുവരെ ഓരോ മാസവും വകുപ്പ് എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട് ;

(ബി) വാഹന പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

| | | |
|---|---|---|
| (എ) 2014 | ജനുവരി | - 14,28,45,936 |
| 2014 | ഫെബ്രുവരി | - 13,61,25,785 |
| 2014 | മാർച്ച് | - 21,21,96,943 |
| 2014 | ഏപ്രിൽ | - 11,46,22,271 |
| 2014 | മേയ് | - 10,90,79,689 |

(ബി) ഉണ്ട്. വാഹനപരിശോധനയ്ക്കായി മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ 34 മൊബൈൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 4 ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 4 ഫ്ളൈയിംഗ് സ്ക്വാഡുകളും ഗതാഗത കമ്മീഷണറുടെ നിയന്ത്രണത്തിൽ ഒരു സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്.

## ടാങ്കർ ലോറികളുടെ മരണപ്പാച്ചിൽ നിയന്ത്രിക്കാനുള്ള നടപടികൾ

355 (3647) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്യാസും പെട്രോളിയം ഉൽപ്പന്നങ്ങളും, രാസപദാർത്ഥങ്ങളും കൊണ്ടുപോകുന്ന ടാങ്കർ ലോറികൾ നിയമലംഘനം നടത്തി അമിത വേഗത്തിൽ മരണപ്പാച്ചിൽ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ പലയിടത്തും വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടില്ലാത്തതുകാരണം പ്രസ്തുത സ്ഥലങ്ങളിൽനിന്നും വരുന്ന ഇത്തരം ലോറികൾ മരണപ്പാച്ചിൽ നടത്തുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവയുടെ മരണപ്പാച്ചിൽ നടത്തുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിനായി പ്രത്യേക സ്ക്വാഡിന് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം നിരീക്ഷിക്കാനും അവയെ കൂടുതൽ പ്രവർത്തനോന്മുഖമാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 336 എ പ്രകാരം എൽ.പി.ജി. വാഹനങ്ങളുടെ ഗതാഗതത്തിന് രാവിലെ 8 മണിമുതൽ 11 മണിവരെയും വൈകുന്നേരം 4 മണിമുതൽ 6 മണിവരെയും നിരോധനം ഏർപ്പെടുത്തി. കൂടാതെ റോഡ് സുരക്ഷ, വാഹനങ്ങളുടെ ഗതാഗതം എന്നിവ പരിഗണിച്ചുകൊണ്ട് പ്രാദേശികമായി ഇത്തരം വാഹനങ്ങളുടെ ഗതാഗതത്തിന്

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക്, മേൽ ചട്ടംവഴി നൽകിയിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിൽ പലയിടത്തും വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടില്ലാത്തതു കാരണം അവിടെ നിന്നുംവരുന്ന ഇത്തരം ലോറികളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് പലപ്പോഴും കഴിയാറില്ല. എങ്കിലും സർവൈലൻസ് ക്യാമറവഴിയുള്ള എൻഫോഴ്സ്മെന്റ് ചേർത്തല-മണ്ണുത്തി, മണ്ണുത്തി-മഞ്ചേശ്വരം സെക്ടറുകളിൽ നടപ്പിൽ വരുന്നതോടുകൂടി ഇത്തരം വാഹനങ്ങളുടെ അമിതവേഗം കണ്ടുപിടിക്കാനാകും. ഇത്തരം വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്നതിനായി വിവിധ ഓയിൽ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഓയിൽ കമ്പനികൾ തീരുമാനം അറിയിച്ചിട്ടില്ല. കൂടാതെ ഓയിൽ കമ്പനികൾ നടപ്പിൽ വരുത്തിയിട്ടുള്ള ജി.പി.എസ്. സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന് തൃപ്പൂണിത്തുറ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിലുള്ള 34 മോട്ടോർ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഇത്തരം വാഹനങ്ങൾ പ്രത്യേകം ചെക്ക് ചെയ്യുന്നുണ്ട്. ഇതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടില്ല.

**ഇരുചക്രവാഹനങ്ങളുടെ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി**

356 (3648) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളും ചെറുപ്പക്കാരും അലക്ഷ്യമായും അനിയന്ത്രിതമായും ഇരുചക്രവാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന അപകട മരണങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകടമരണങ്ങൾ കുറയ്ക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽനിന്ന് ലഭ്യമായ വിവരമനുസരിച്ച് കഴിഞ്ഞ വർഷം അപകടങ്ങളും അപകടമരണങ്ങളും കുറഞ്ഞതായാണ് കാണുന്നത്.

(ബി) പ്രായപൂർത്തിയാവാത്ത കുട്ടികൾ ലൈസൻസ് ഇല്ലാതെ വാഹനമോടിച്ച് സ്കൂളിൽ എത്തുന്നത് തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകളിൽ ഇതുസംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്. സ്കൂൾ അധികൃതർക്ക് ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധനാസമയത്ത് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഹെൽമെറ്റ് പരിശോധനയും

LIBRARY ARCHIVES Kerala Legislative Assembly

സീറ്റ്ബെൽറ്റ് പരിശോധനയും നടത്തിവരുന്നു. കൂടാതെ സെർവൈലൻസ് ക്യാമറ, ഇന്റർസെപ്റ്റർ എന്നിവയിലൂടെ അമിത വേഗത, മദ്യപാനം മുതലായവ പരിശോധിച്ചുവരുന്നു.

**വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നത് കമ്പനികൾ തന്നെ മോട്ടോർ വാഹന വകുപ്പിനെ അറിയിക്കാൻ നടപടി**

357 (3649) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് നിരത്തിലിറങ്ങുന്ന വാഹനങ്ങൾ യഥാസമയം ഇൻഷ്വർ ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സംവിധാനം മോട്ടോർ വാഹന വകുപ്പിൽ നിലവിലുണ്ടോ ;

(ബി) ഇൻഷ്വറൻസ് കമ്പനികൾ വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുമ്പോൾ ഓൺലൈനിലൂടെ യഥാസമയം മോട്ടോർ വാഹന വകുപ്പിനെ അറിയിക്കാനും യഥാസമയം ഇൻഷ്വറൻസ് പുതുക്കാത്ത വാഹന ഉടമകൾക്ക് നോട്ടീസ് നൽകുവാനുമുള്ള സംവിധാനം വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇൻഷ്വറൻസ് ഉള്ള വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്ത് നൽകാറുള്ളൂ. മറ്റുസേവനങ്ങൾക്കായി വരുമ്പോഴും ചെക്കിംഗ് നടത്തുമ്പോഴും ഇൻഷ്വറൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ബി) വാഹനങ്ങളുടെ ഇൻഷ്വറൻസ് സംബന്ധമായ വിവരങ്ങൾ പങ്കുവയ്ക്കുന്നതിനായി ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റിയുടെ അനുബന്ധ സ്ഥാപനമായ ഇൻഷ്വറൻസ് ഇൻഫർമേഷൻ ബ്യൂറോ (ഐ.ഐ.ബി.) യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. യഥാസമയം ഇൻഷ്വറൻസ് പുതുക്കാത്ത വാഹന ഉടമകൾക്ക് നോട്ടീസ് നൽകുവാനുള്ള ഒരു സംവിധാനവും ഇപ്പോൾ മോട്ടോർ വാഹന വകുപ്പിന് ഇല്ല.

**ടിപ്പർലോറി സമയക്രമീകരണം**

358 (3650) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപ്പർലോറികൾക്ക് രാവിലെ എട്ട് മുതൽ പത്ത് വരെയും വൈകുന്നേരം മൂന്ന് മുതൽ അഞ്ച് വരെയും ഏർപ്പെടുത്തിയിരുന്ന നിരോധനം പുനഃക്രമീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സ്കൂൾ വിദ്യാർത്ഥികളടക്കം നിരവധി പേരുടെ ജീവൻ അപകടത്തിലാക്കുന്ന ടിപ്പർ വാഹനങ്ങൾക്ക് ദിനംപ്രതി ഏർപ്പെടുത്തിയ നാല് മണിക്കൂർ നിരോധനം പുനഃക്രമീകരിച്ചതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്കൂളുകൾ അവധി കഴിഞ്ഞ് തുറന്ന സാഹചര്യത്തിൽ ടിപ്പർ വാഹനങ്ങൾക്ക് പഴയതുപോലെ നാല് മണിക്കൂർ നിരോധനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) രാവിലെ 8 മണിമുതൽ 10 മണിവരെയും വൈകുന്നേരം 3 മണി മുതൽ 5 മണിവരെയും ടിപ്പർലോറികളുടെ ഗതാഗതം നിരോധിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നിർമ്മാണ മേഖലയിലെ സാരമായി ബാധിക്കുന്നുവെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതുമൂലമാണ് സമയപരിധിയിൽ മാറ്റം വരുത്തിയത്.

(ഡി) ടിപ്പർ ലോറികളിൽ പ്രവർത്തനക്ഷമമായ സ്പീഡ് ഗവർണർ നിർബന്ധമാക്കിക്കൊണ്ടും ടിപ്പർ ലോറികളെ സർവൈലൻസ് ക്യാമറ മുഖാന്തിരം നിരീക്ഷണ വിധേയമാക്കിക്കൊണ്ടും അമിത വേഗതയും അലക്ഷ്യമായ ഡ്രൈവിംഗുംമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 4 മണിക്കൂർ നിരോധനം നിർമ്മാണമേഖലയെ സാരമായി ബാധിക്കുന്നുവെന്നുള്ളകാര്യം ഇപ്പോഴും പ്രസക്തമാണ്. അതിനാൽ 4 മണിക്കൂർ നിരോധനം പുനഃസ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## ടിപ്പർവണ്ടികളുടെ സ്പീഡ് നിയന്ത്രണം

359 (3651) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ടിപ്പർ വണ്ടികളുടെ സ്പീഡ് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഈ വാഹനങ്ങളിൽനിന്നും നിത്യേന ഉണ്ടാകുന്ന അപകടം നിയന്ത്രിക്കാൻ മറ്റ് മാർഗ്ഗങ്ങൾ ഉണ്ടോ ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. ടിപ്പർലോറികളുടെ വേഗത നിയന്ത്രിക്കുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടി അവയ്ക്ക് സ്പീഡ് ഗവേണർ നിർബന്ധമാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ക്യാമറവഴി അവയെ നിരീക്ഷണ വിധേയമാക്കി നിയന്ത്രിക്കുന്നുണ്ട്. മാത്രവുമല്ല നിരത്തുകളിൽ വാഹനങ്ങളും സ്കൂൾ കുട്ടികളും യാത്രക്കാരും കൂടുതലായി കാണപ്പെടുന്ന രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകിട്ട് 4 മണി മുതൽ 5 മണിവരെയും ടിപ്പർലോറികൾക്ക് റോഡിൽ ഗതാഗത നിരോധനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ലോറികളിൽ പാറകൾ കൊണ്ടുപോകുന്നതിനുള്ള മാനദണ്ഡങ്ങൾ

360 (3652) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോറികളിൽ പാറകൾ കൊണ്ടുപോകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് മോട്ടോർ വാഹന വകുപ്പ് നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ;

(ബി) ഈ നിയമം പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് നൽകിയിട്ടുള്ളത് ;

(സി) പാറക്കല്ലുകളും മറ്റ് അപകടകരമായ വസ്തുക്കളും കയറ്റി കൊണ്ടുപോകുന്നതിന് തിരക്കേറിയ റോഡുകളിൽ സമയം നിഷ്കർഷിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പാറകൾ കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും മോട്ടോർ വാഹന നിയമത്തിലോ ചട്ടങ്ങളിലോ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വഹിച്ചുകൊണ്ടുപോകാവുന്ന അനുവദനീയമായ ഭാരത്തേക്കാളും കൂടുതൽ ഭാരം വഹിച്ചുകൊണ്ടു പോകുകയാണെങ്കിൽ അത്തരം വാഹനങ്ങൾക്കെതിരെ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 194-ാം വകുപ്പ് പ്രകാരം കുറഞ്ഞത് 2,000 രൂപ പിഴയും അധികാരമുള്ള ഓരോ ടണ്ണിനും 1,000 രൂപ വീതം അധിക തുകയും കൂടാതെ അധികമുള്ള ലോഡ് വാഹനത്തിൽനിന്ന് ഇറക്കുന്നതിനുള്ള ചെലവും വാഹനത്തിന്റെ ഡ്രൈവറിൽ നിന്നോ, ഡ്രൈവറെ വാഹനം ഓടിക്കുന്നതിന് അനുവദിച്ച ആളിൽ നിന്നോ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഇല്ല. എന്നാൽ ടിപ്പർ മെക്കാനിസം ഘടിപ്പിച്ചിട്ടുള്ള ലോറികൾ നിരത്തുകളിൽ സർവ്വീസ് നടത്തുന്നത് രാവിലെ 9 മണി മുതൽ 10 മണിവരെയും, വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും നിരോധിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## വേഗപരിധിക്കുള്ള മാനദണ്ഡങ്ങൾ

361 (3653) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ വേഗപരിധി പുതുക്കി നിർണ്ണയിക്കുകയുണ്ടായിട്ടുണ്ടോ ; വേഗപരിധി കണക്കാക്കാൻ സ്വീകരിക്കപ്പെട്ട മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ;

(ബി) റോഡുകളുടെ വീതി, ഗുണനിലവാരം, വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധന തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. 25 വർഷം മുമ്പ് വന്ന വേഗപരിധിയാണ് നിലവിലുണ്ടായിരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, സിറ്റി, മുനിസിപ്പൽ ഏരിയ, നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മെയിൻ റോഡ് എന്നിവയുടെ അടിസ്ഥാനത്തിലാണ് പരമാവധി വേഗപരിധി കണക്കാക്കിയത്. സാധാരണ റോഡുകളിൽ പരമാവധി വേഗപരിധി വർദ്ധിപ്പിച്ചിട്ടില്ല.

(ബി) പരിഗണിക്കപ്പെട്ടിട്ടുണ്ട്.

## വാഹനങ്ങളുടെ വേഗപ്പൂട്ട്

362 (3654) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന ഹെവി വാഹനങ്ങൾക്ക് വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) വേഗപ്പൂട്ട് നിർബന്ധമില്ലാത്ത അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ലോറികൾക്കും ടൂറിസ്റ്റ് ബസ്സുകൾക്കും സംസ്ഥാനത്തെ നിരത്തുകളിൽ വേഗപ്പൂട്ടില്ലാതെ സർവ്വീസ് നടത്തുന്നതിന് സാധിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(സി) ലോറികളും ടൂറിസ്റ്റ് ബസ്സുകളും അന്യസംസ്ഥാന രജിസ്ട്രേഷൻ നേടുന്നതുമൂലം വാഹന രജിസ്ട്രേഷൻ ഇനത്തിൽ വരുമാനം കുറയുന്നത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സാധിക്കും.

(സി) ഉണ്ട്.

### ഡ്രൈവിംഗ് സ്കൂളുകളുടെ പരിഷ്കരണം

363 (3655) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഡ്രൈവിംഗ് സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന എത്ര ഡ്രൈവിംഗ് സ്കൂളുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ജില്ലതിരിച്ച് അവയുടെ പേരുകൾ വ്യക്തമാക്കുമോ ;

(ഡി) ഡ്രൈവിംഗ് സ്കൂളുകളുടെ പരിഷ്കരണത്തിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. *

(ബി)

| ജില്ല | ആകെ ഡ്രൈവിംഗ് സ്കൂളുകൾ | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുമതി നൽകിയ ഡ്രൈവിംഗ് സ്കൂളുകൾ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 331 | 58 |
| കൊല്ലം | 208 | 24 |
| പത്തനംതിട്ട | 139 | 29 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| ആലപ്പുഴ | 202 | 65 |
| കോട്ടയം | 189 | 31 |
| ഇടുക്കി | 78 | 13 |
| മൂവാറ്റുപുഴ | 83 | 25 |
| എറണാകുളം | 215 | 57 |
| തൃശ്ശൂർ | 214 | 55 |
| പാലക്കാട് | 166 | 45 |
| മലപ്പുറം | 233 | 51 |
| കോഴിക്കോട് | 184 | 55 |
| വടകര | 70 | 9 |
| കണ്ണൂർ | 226 | 70 |
| കാസർഗോഡ് | 72 | 24 |
| വയനാട് | 48 | 24 |
| ആകെ | 2658 | 635 |

(സി) 305. ജില്ല തിരിച്ച് അവയുടെ പേരുകൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

**ജലഗതാഗതം പ്രോത്സാഹിപ്പിക്കാൻ നടപടി**

**364 (3656)** ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കനാലുകൾ വൃത്തിയാക്കി ജലഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ ജലഗതാഗത വകുപ്പ് നടപടി സ്വീകരിക്കുമോ ;

(ബി) ഏതെല്ലാം കനാലുകളാണ് ഇത്തരത്തിൽ ജലഗതാഗതത്തിന് ഉപയുക്തമാക്കാൻ അനുയോജ്യമായതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) നിലവിലെ പൊതുനിരത്തുകളിലെ ഗതാഗതക്കുരുക്കും ചരക്ക് ഗതാഗതവും ഗണ്യമായി കുറയ്ക്കുവാൻ ജലഗതാഗത സൗകര്യം ഉപയോഗപ്പെടുത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ സർവ്വീസ് നടത്തുന്ന റൂട്ടുകൾ സഞ്ചാരയോഗ്യമാക്കുന്നത് ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗം, ജലവിഭവ വകുപ്പ് എന്നിവയുമായി ചേർന്നാണ്. ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗം സർവ്വേ നടത്തി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോട്ടുസർവ്വീസ് നടത്തുന്ന വൈക്കം-തവണക്കടവ്, മുഹമ്മ-കുമരകം, പേഴംതുരുത്ത്-സൗത്ത് പരവൂർ എന്നീ റൂട്ടുകൾ ആഴംകൂട്ടൽ നടത്തി ചാനൽ മാർക്ക് ചെയ്യുന്നതിന് ജലവിഭവ വകുപ്പ്, എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, ആലപ്പുഴ, കോട്ടയം ജില്ലകളിലെ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ട റൂട്ടുകൾ ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

1. കൊല്ലം-പേഴംതുരുത്ത്-കോയിവിള (കൊല്ലം ജില്ല)
2. എറണാകുളം-മട്ടാഞ്ചേരി (എറണാകുളം)
3. പാണാവള്ളി-പൂത്തോട്ട (ആലപ്പുഴ)
4. മുഹമ്മ -കണ്ണങ്കര-മണിയാപറമ്പ് (ആലപ്പുഴ)
5. ആലപ്പുഴ-കോട്ടയം
6. ആലപ്പുഴ-ചങ്ങനാശ്ശേരി (കോട്ടയം)
7. ആലപ്പുഴ-എടത്വ (ആലപ്പുഴ)
8. ആലപ്പുഴ-നെടുമുടി (വേണാട്ടുകാട് വഴി) (ആലപ്പുഴ)
9. പറശ്ശിനിക്കടവ്-മാട്ടൂല് (കണ്ണൂർ ജില്ല)
10. അയിറ്റി-പടന്ന (കാസർഗോഡ്)

(സി) എറണാകുളം ജില്ലയിലെ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഏകദേശം 20 മിനിട്ട് സമയം മാത്രമെടുത്ത് പുതുതായി ഇപ്പോൾ വൈറ്റില-കാക്കനാട് സർവ്വീസ് നടത്തിവരുന്നു. എറണാകുളം-ഫോർട്ട് കൊച്ചി റോഡ് മാർഗ്ഗം ഏകദേശം 45 മിനിട്ട് എടുക്കുമ്പോൾ കേവലം 10 മിനിട്ട് കൊണ്ട് ജലമാർഗ്ഗവും കൂടാതെ എറണാകുളം-വൈപ്പിൻ റോഡുമാർഗം 50 മിനിട്ട് എടുക്കുമ്പോൾ കേവലം 13 മിനിട്ട് കൊണ്ട് ജലമാർഗ്ഗവും ടി മേഖലകളിൽ ഗതാഗതക്കുരുക്കില്ലാതെ എത്തിച്ചേരുവാൻ കഴിയുന്നുണ്ട്. ഇതിനുപുറമേ വൈക്കം-തവണക്കടവ് റൂട്ട് റോഡുമാർഗം ഒരു മണിക്കൂറിൽ കൂടുതൽ വേണ്ടിവരുമ്പോൾ 10 മിനിട്ടിൽ താഴെ ഫെറിയും കൂടാതെ ഏകദേശം

7 കിലോമീറ്റർ ദൈർഘ്യമുള്ള മുഹമ്മ-കുമരകം-ഫെറി ഒരു മണിക്കൂറിൽ താഴെ മാത്രം എടുത്തുകൊണ്ട് അതായത് റോഡ് മാർഗ്ഗത്തിന്റെ പകുതി സമയം മാത്രം ഉപയോഗിച്ച് സർവ്വീസ് നടത്തിവരുന്നു. ഇതു വഴി ഒരു പരിധിവരെ ഈ മേഖലയിലെ റോഡ് ഗതാഗതക്കുരുക്ക് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**യാത്രാബോട്ടുകൾ പുനഃസ്ഥാപിക്കൽ**

**365 (3657)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ തീരദേശ മേഖലകളിൽ കൊറ്റി-കോട്ടപ്പുറം ഉൾനാടൻ ജലഗതാഗത റൂട്ടിൽ ഓടിക്കൊണ്ടിരിക്കുന്ന യാത്രാബോട്ടുകൾ നിർത്തൽ ചെയ്ത കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ബോട്ടുകൾ പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

കൊറ്റി-കോട്ടപ്പുറം റൂട്ടിൽ 2006-ൽ മാവിലാ കടപ്പുറം-ഓരിക്കടവ് പാലം പണിക്കുവേണ്ടി പുഴയ്ക്ക് കുറുകെ ബണ്ട് നിർമ്മിച്ചതിനെ തുടർന്ന് മാവിലാടം ജെട്ടി മുതൽ കോട്ടപ്പുറം വരെയുള്ള സർവ്വീസ് ഒഴിവാക്കേണ്ടി വന്നു. പകരമായി പ്രദേശത്തെ ജനപ്രതിനിധികളുടെ അഭിപ്രായം അനുസരിച്ച് അയിറ്റി-മാവിലാടം ഷട്ടിൽ സർവ്വീസ് ആരംഭിക്കുകയും നിലവിൽ ഇത് നടത്തുന്നുമുണ്ട്. വർഷങ്ങൾ കഴിഞ്ഞ് പാലം പണി പൂർത്തീകരിച്ചപ്പോൾ അഴിമുഖപ്രദേശമായ ടി ബോട്ട് റൂട്ടിൽ മണൽ കൂനകൾ രൂപപ്പെട്ടതിനാൽ സർവ്വീസ് പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3311, 3339, 3546 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

ചോദ്യോത്തരങ്ങൾ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

## II അടിയന്തരപ്രമേയം

### റെയിൽവേ നിരക്കുവർദ്ധന

മി. സ്പീക്കർ: ഇന്ന് അടിയന്തരപ്രമേയം അനുവദിക്കുകയാണ്. ഇതിൽ പറയുന്ന കാര്യങ്ങൾ ഈ മാസം 11-ാം തീയതിയിലെ അടിയന്തരപ്രമേയത്തിന്റെ
9.30 AM] അവതരണ ചർച്ചയിൽ വന്നതാണ്. അതിനുശേഷം യാത്രാക്കൂലി വളരെ ഭീമമായി വർദ്ധിപ്പിച്ചതുകൊണ്ട് വന്ന വ്യത്യാസമാണ്. ശ്രീ. ബെന്നി ബെഹനാൻ ഇതേ വിഷയംതന്നെ സബ്മിഷനായും കൊണ്ടുവന്നു. അടിയന്തരപ്രമേയം കൊണ്ടുവരുമ്പോൾ സബ്മിഷൻ സ്വാഭാവികമായും നഷ്ടപ്പെടും.

കേന്ദ്ര ബഡ്ജറ്റിന് മുമ്പായി സർക്കാർ പ്രഖ്യാപിച്ച 6.5 ശതമാനം റെയിൽവേ ചരക്ക്കൂലി വർദ്ധനവ് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലേക്ക് റെയിൽമാർഗ്ഗം എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെയും സിമന്റ്, കമ്പി മുതലായ നിർമ്മാണ സാമഗ്രികളുടെയും വൻവിലക്കയറ്റത്തിന് വഴിവച്ചിരിക്കുന്ന സാഹചര്യം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. എളമരം കരീം, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതു പോലെ ഈ വിഷയം ഇവിടെ ഇതിനുമുമ്പ് അടിയന്തരപ്രമേയമായി അവതരിപ്പിച്ചിരുന്നതാണ്. അതിനെക്കുറിച്ച് ഗവൺമെന്റ് മറുപടിയും പറയുകയുണ്ടായി. വിലക്കയറ്റം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. റെയിൽവേയുടെ നിരക്ക് വർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലുണ്ടാക്കാവുന്ന അഡ്വേഴ്സ് ഇഫക്റ്റ്സിനെക്കുറിച്ച് ചർച്ചചെയ്യാനാണ് വീണ്ടുമിവിടെ അടിയന്തരപ്രമേയ നോട്ടീസ് നൽകിയിരിക്കുന്നത്. റെയിൽവേയുടെ നിരക്ക് വർദ്ധനവ് ന്യായീകരിക്കാൻ കഴിയുന്നതല്ല. അതൊരു ജനവിരുദ്ധ സമീപനമാണെന്നുള്ളതിൽ സംശയമില്ല. ജനകീയ ഗവൺമെന്റ് എന്ന് അവർ സ്വയം പ്രഖ്യാപിക്കുമ്പോഴും ജനവിരുദ്ധ സമീപനങ്ങളാണ് ഓരോ ദിവസവും നമുക്ക് കാണുവാൻ സാധിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിലുള്ള സമീപനങ്ങളിൽനിന്ന് പിൻവാങ്ങുകയാണ് വേണ്ടത്. റെയിൽവേയുടെ ഫെയർ ചാർജസ് വർദ്ധിപ്പിക്കുമ്പോൾ സ്വാഭാവികമായും തിക്തമായ അനുഭവങ്ങൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനുണ്ടാകും. നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ 15%-ൽ താഴെയാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്നത്. ഡീസലിന്റെ വിലവർദ്ധനവും റെയിൽവേയുടെ നിരക്കുവർദ്ധനവുമെല്ലാം വിപണിയിൽ പ്രതിഫലിക്കുന്ന സാഹചര്യമാണുള്ളത്. ഇത്തരം ബുദ്ധിമുട്ടുകളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുള്ളതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും ഗവൺമെന്റ് അത് ഉൾക്കൊണ്ട് പ്രവർത്തിക്കുമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

റെയിൽവേ നിരക്ക് വർദ്ധന പരിശോധിച്ചാൽ തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്ക് സാധനങ്ങൾ കൊണ്ടുവരുന്നതിന് 5 ശതമാനം മാത്രമാണ് റെയിൽവേയെ ആശ്രയിക്കുന്നത്. 95% സാധനങ്ങളും ലോറിയിലാണ് കൊണ്ടുവരുന്നത്. ആന്ധ്രാപ്രദേശ് കർണ്ണാടക സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരുന്നതിന് റെയിൽവേയെയാണ് ഭൂരിഭാഗവും ആശ്രയിക്കുന്നത്. ആന്ധ്രാപ്രദേശിൽനിന്ന് 90 ശതമാനത്തോളം അരി കൊണ്ടുവരുന്നത് റെയിൽവേ മുഖാന്തിരമാണ്. സ്വാഭാവികമായും ഈ നിരക്ക് വർദ്ധനവ് അരിയുടെ വിലയിൽ വ്യതിയാനങ്ങളുണ്ടാക്കാനുള്ള സാഹചര്യമുണ്ട്. ഇത്തരം സാഹചര്യങ്ങളെ നേരിടാനും കേരളത്തിലെ പൊതുവിതരണ സംവിധാനം ശക്തമാക്കി മുന്നോട്ടുകൊണ്ടുപോകാനും സപ്ലൈകോയും മറ്റ് ഇതര ഗവൺമെന്റ് ഏജൻസികൾവഴിയും അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുവാനും ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നുണ്ട്. ഗവൺമെന്റിന് സാധ്യമായ നിലയിൽ ഇത്തരത്തിലുള്ള പ്രതിസന്ധിയെ നേരിടുവാനും വിലക്കയറ്റത്തിന്റെ ബുദ്ധിമുട്ടുകളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുവാനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ആവർത്തിച്ചുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പൊതുവിപണിയിലുള്ള പരിശോധനകൾ ഗവൺമെന്റ് ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതാണ്. റെയിൽവേ നിരക്ക് വർദ്ധിപ്പിച്ചതിന്റെ പേരിൽ ബോധപൂർവ്വം വില വർദ്ധിപ്പിക്കുവാനുള്ള സാഹചര്യങ്ങൾ ഏതെങ്കിലും മേഖലയിൽനിന്നുണ്ടായാൽ അതും ഗവൺമെന്റ് കർശനമായി നേരിടുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എളമരം കരീം: സർ, റെയിൽവേ യാത്രാനിരക്കും കടത്തുകൂലിയും വർദ്ധിപ്പിക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം പാർലമെന്റിനെ നോക്കുകുത്തിയാക്കി തികച്ചും ജനാധിപത്യവിരുദ്ധമായ നിലപാടാണ് കൈക്കൊള്ളുന്നത്. യു.പി.എ. സർക്കാരിന്റെ അവസാന ദിവസങ്ങളിൽ അതായത് തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരുന്ന ദിവസം ഈ വിധത്തിൽ ചാർജ്ജ് വർദ്ധനവിനൊരു തീരുമാനമെടുത്ത് ഉത്തരവിറക്കിയിരുന്നുവെന്നും പിന്നീട് ആ ഉത്തരവ് സ്റ്റേ ചെയ്തെന്നും ആ സ്റ്റേ നീക്കംചെയ്യുക മാത്രമാണ് ഞങ്ങൾ ചെയ്തിട്ടുള്ളതെന്നുമാണ് ഇപ്പോഴത്തെ സർക്കാരിന്റെ ന്യായീകരണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ നടപടികൾ പൂർത്തീകരിക്കാനോ അതു തുടരാനോ അല്ല ബി.ജെ.പി.-യും ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ.-സർക്കാരും ജനങ്ങളെ സമീപിച്ചത്. 'അച്ഛാ ദിൻ ആനേ വാലാ ഹെ', എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ എന്താണ് വന്നിരിക്കുന്നത്? ഗവൺമെന്റ്, കോർപ്പറേറ്റുകൾക്ക് കീഴടങ്ങി സ്വകാര്യവത്ക്കരണനയത്തിലൂടെ വളരെ വേഗത്തിൽ മുന്നോട്ടു പോകുന്നതിന്റെ ദൃഷ്ടാന്തമാണ് ഒരു മാസത്തിനുള്ളിൽ വന്നുകൊണ്ടിരിക്കുന്ന ഡീസൽ വിലവർദ്ധനവ്, റെയിൽവേ കടത്തുകൂലി, ചരക്കുകൂലി വർദ്ധനവ് എന്നിവ.

പണ്ട് ഒരു കടത്തുകാരൻ തോണി കരയ്ക്കടുപ്പിക്കാതെ ഏതാണ്ട് മുട്ടിനൊപ്പം വെള്ളത്തിൽ യാത്രക്കാരെ ഇറക്കിവിടുകയും യാത്രക്കാരെല്ലാം അദ്ദേഹത്തെ ചീത്തവിളിക്കുകയും ചെയ്യുമായിരുന്നു. കടത്തുകാരന്റെ മരണശേഷം മകൻ കടത്തുകാരനായി. മകൻ യാത്രക്കാരെ അരയ്ക്കൊപ്പം വെള്ളമുള്ളിടത്ത് ഇറക്കിവിടാൻ തുടങ്ങിയപ്പോൾ അച്ഛൻ എത്ര നല്ല മനുഷ്യനായിരുന്നുവെന്ന് നാട്ടുകാർ പറഞ്ഞു. അതുപോലെ ഡോ. മൻമോഹൻ സിംഗിനെ നന്നാക്കുന്ന പ്രവർത്തനങ്ങളാണ് ശ്രീ. നരേന്ദ്രമോദി സർക്കാർ വളരെ വേഗത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. റെയിൽവേ യാത്രാക്കൂലി, കടത്തുകൂലി എന്നിവയിൽ വർദ്ധനവ് വരുത്തി എൻ.ഡി.എ. സർക്കാരും പിൻതുടരുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അതേ നയങ്ങളാണ്. ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധനവ് അതിലൊന്നുമാത്രമാണ്. കേരളത്തെ ബാധിക്കുന്ന ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. ബെന്നി ബെഹനാൻ ഉന്നയിക്കാൻ ആഗ്രഹിച്ചതും ഇതുതന്നെയായിരിക്കും. മുൻ കെ.പി.സി.സി. പ്രസിഡന്റായിരുന്ന ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി, കേന്ദ്ര സർക്കാർ കൈക്കൊണ്ട പല നയങ്ങളോടും തനിക്കുള്ള വ്യത്യസ്ത അഭിപ്രായം പല സന്ദർഭങ്ങളിൽ പ്രകടിപ്പിച്ചിട്ടുണ്ട്. അത് വളരെ ശരിയാണ്. ഇവിടെ ഈ നയങ്ങളെയാണ് എതിർക്കേണ്ടത്. കേരളം ഇന്ത്യയുടെ തെക്കേയറ്റത്തുള്ള സംസ്ഥാനമാണ്. യാത്രാപ്രശ്നമെടുത്താൽ കേരളത്തിനുവെളിയിൽ ജോലി ചെയ്യുന്നവർ കുടുംബസമേതം അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്യുന്നതിന് റെയിൽവേയെയാണ് ആശ്രയിക്കുന്നത്. ബസ് യാത്രാക്കൂലി വർദ്ധിച്ചതിനാൽ കേരളത്തിലെ യാത്രക്കാരിൽ മഹാഭൂരിപക്ഷവും റെയിൽവേയെ ആശ്രയിക്കുന്നുണ്ട്. യാത്രാക്കൂലിയിലുണ്ടായ ഈ വർദ്ധനവ് എങ്ങനെയാണ് താങ്ങാൻ കഴിയുന്നത്? സെക്രട്ടേറിയറ്റിലും തിരുവനന്തപുരത്തെ സർക്കാർ ഓഫീസുകളിലും ജോലിക്കെത്തുന്ന ജീവനക്കാരിൽ സീസൺ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നവർ ഏറ്റവും കടുത്ത ഉപദ്രവത്തിനാണ് ഇരയാകുന്നത്. സീസൺ ടിക്കറ്റുകാരെ വൻതോതിൽ കൊള്ളയടിക്കുന്നതാണ് ഇപ്പോഴത്തെ നിരക്ക് വർദ്ധനവ്. സീസൺ ടിക്കറ്റിന്റെ സ്ലാബുതന്നെ പൊളിച്ചെഴുതി. സീസൺ ടിക്കറ്റുകാരിൽ മഹാഭൂരിപക്ഷവും 100 കി.മീ. വരെയുള്ള ദൂരത്തിൽ യാത്രചെയ്യുന്നവരാണ്. ആ മേഖലയെ പൊളിച്ചെഴുതി കൊള്ളയടിക്കാനാണ് ഇപ്പോഴത്തെ നിരക്ക് വർദ്ധനവ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരുമാസത്തെ സീസൺ ടിക്കറ്റ് എടുക്കുമ്പോൾ 15 ദിവസത്തെ സാധാരണ കൂലിയുടെ നിരക്കാണ് സീസൺ ടിക്കറ്റ് തുകയായി നേരത്തെ തന്നിരുന്നത്. അത് 30 ദിവസത്തെ നിരക്കായി വർദ്ധിപ്പിച്ചുകൊണ്ട് ഇപ്പോൾ തീരുമാനമെടുത്തു. ഏറ്റവും കുറഞ്ഞ സീസൺ ടിക്കറ്റ് നിരക്ക് 85 രൂപയായിരുന്നത് പുതിയ വർദ്ധനവനുസരിച്ച് 150 രൂപയാകും. 20 കി. മീ. വരെയാണ് 150 രൂപ ഈടാക്കുക. 16 കി.മീ. മുതൽ 40 കി.മീ. വരെ 160 രൂപ ഉണ്ടായിരുന്ന സീസൺ ടിക്കറ്റ് ചാർജ്ജ് പുതിയ വർദ്ധനവനുസരിച്ച് 300 രൂപയായിരിക്കും. ഏറ്റവും കൂടുതൽ യാത്രക്കാരുള്ള 100 കി.മീ. വരെയുള്ള യാത്രയ്ക്കിടയിലാണ് ഈ വർദ്ധനവ്. നിലവിൽ 71 കി.മീ. മുതൽ 100 കി.മീ. വരെ 310 രൂപയാണ് ഇടാക്കിയിരുന്നത്. പുതിയ നിരക്ക്



LIBRARY ARCHIVES Kerala Legislative Assembly

66 കി.മീ. മുതൽ 80 കി.മീ. വരെ 600 രൂപയാണ്. 81 കി.മീ. മുതൽ 115 കി.മീ. വരെ 750 രൂപയാകും. കൊല്ലം-തിരുവനന്തപുരം സ്റ്റേഷനുകളിൽനിന്ന് പ്രതിമാസം 7000 സീസൺ ടിക്കറ്റുകളാണ് വിതരണം ചെയ്യുന്നത്. ആലപ്പുഴ, കായംകുളം, വർക്കല, കോട്ടയം, ചെങ്ങന്നൂർ സ്റ്റേഷനുകളിൽനിന്നും 2,500 സീസൺ ടിക്കറ്റുകൾ വീതം വിൽക്കുന്നുണ്ട്. 2013 മേയ് മാസത്തിൽ 38,240, ജൂൺ മാസത്തിൽ 42,082, ജൂലൈ മാസത്തിൽ 44,189 ഈ വിധത്തിലാണ് സീസൺ ടിക്കറ്റുകൾ വിറ്റത്. കോട്ടയം-തിരുവനന്തപുരം പാതയിൽ ഏറ്റവും കുറഞ്ഞത് അരക്കോടി രൂപ സീസൺ ടിക്കറ്റിനത്തിൽമാത്രം വരുമാന വർദ്ധനവ് ഉണ്ടാകുമെന്നാണ് റെയിൽവേ കണക്കാക്കുന്നത്. അതുപോലെ ഉയർന്ന ക്ലാസുകളിലെ യാത്രാനിരക്ക് വർദ്ധനവ് വിമാന യാത്രാക്കൂലിയെക്കാൾ കൂടുതലാണ്. അടുത്ത ജൂലൈ മാസം 22-ന് ഇൻഡിഗോ ബോംബെ-ഡൽഹി റൂട്ടിൽ ബുക്ക് ചെയ്ത ഒരാളുടെ ചാർജ് 3,564 രൂപയാണെങ്കിൽ രാജധാനി എക്സ്പ്രസിന്റെ ഫസ്റ്റ് ക്ലാസ് ചാർജ് മുംബൈ-ഡൽഹി റൂട്ടിൽ 4,723 രൂപയാണ്. റെയിൽവേക്ക് ടിക്കറ്റ് റിസർവ്വ് ചെയ്തവരെല്ലാം അത് ക്യാൻസൽ ചെയ്ത് വിമാനയാത്രയുടെ അനൗൺസ്മെന്റുകേട്ട് ഓടിപ്പോകുന്നതിന്റെ ഒരു ചിത്രം ഇന്നത്തെ ഹിന്ദു പത്രത്തിൽ ഒരു കാർട്ടൂണായി കൊടുത്തിട്ടുണ്ട്. ഇതാണ് ഓരോ നിരക്കിലും വന്നിട്ടുള്ള സ്ഥിതി. വിമാനയാത്രയാണെങ്കിൽ അതിവേഗം ലക്ഷ്യസ്ഥാനത്ത് എത്തുകയും ചെയ്യാം. ഡൽഹി-തിരുവനന്തപുരം രാജധാനിക്ക് ഫസ്റ്റ് ക്ലാസ്സിൽ 7,771 രൂപയും സെക്കന്റ് ക്ലാസ്സിൽ 4,720 രൂപയുമാണ്. ഡൽഹി-തിരുവനന്തപുരം ഇൻഡിഗോ 6,950 രൂപ മാത്രമാണ് ചാർജ് ഈടാക്കുന്നത്. എറണാകുളം-മുംബൈ സ്ലീപ്പർ ക്ലാസ്സിൽ 540 രൂപയുണ്ടായിരുന്നത് 615 രൂപയായി. ത്രീ ടയർ എ.സി.-യിൽ 1,430 രൂപയായിരുന്നത് 1,635 രൂപയായി. എറണാകുളം ഡൽഹി സ്ലീപ്പർ 810 ൽ നിന്നും 925 രൂപയായി. എറണാകുളം- ചെന്നൈ സ്ലീപ്പർ 350 രൂപയായിരുന്നത് 400 രൂപയായി. എറണാകുളം-കോഴിക്കോട് സെക്കന്റ് ക്ലാസ്സ് സീറ്റ് 110 രൂപയിൽനിന്ന് 125 രൂപയായും എ.സി.ചെയർകാറിന് 360 രൂപയിൽനിന്ന് 410 രൂപയുമായി. ബാംഗ്ലൂരിലെ ഐ.റ്റി. കേന്ദ്രത്തിൽ കേരളത്തിൽനിന്ന് ആയിരക്കണക്കിന് ചെറുപ്പക്കാർ ജോലിക്ക് പോകുന്നുണ്ട്. അവരെല്ലാം റെയിൽവേയെയാണ് ആശ്രയിക്കുന്നത്.

വയനാട്ടിൽ രാത്രി ഗതാഗത തടസ്സമുള്ളതുകൊണ്ട് ബസ് യാത്ര വളരെ കുറവാണ്. കേരളത്തിലെ ലക്ഷക്കണക്കിന് ആളുകളാണ് വിവിധ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നത്. അവർക്ക് കുടുംബസമേതം നാട്ടിൽ വരുന്നതിനും പോകുന്നതിനും ഉണ്ടാകുന്ന പ്രയാസങ്ങൾ എത്രയാണ്? യാത്ര ചെയ്യാൻ കൺഫർട്ടബിളായ കോച്ചുകളാണെങ്കിൽ തരക്കേടില്ല. പഴകി ദ്രവിച്ച കോച്ചുകളാണ് കേരളത്തിന് അനുവദിക്കുന്നത്. കേരളത്തിലെ ജനങ്ങളെയാണ് ക്രൂരമായ അനുഭവത്തിലേക്ക് തള്ളിവിടപ്പെടുന്നത്.

ഇതോടൊപ്പമാണ് ചരക്കുകടത്തുകൂലി 6.5 ശതമാനത്തിന്റെ വർദ്ധനവ്. 100 കിലോമീറ്റർവരെ ചരക്കുകടത്തിനുണ്ടായിരുന്ന നിരക്ക് ഇളവ് പിൻവലിക്ക

പ്പെട്ടു. നമ്മുടെ സംസ്ഥാനം തെക്കേ ഇന്ത്യയിൽ ഏറ്റവും അറ്റത്തായതു കൊണ്ട് ഉപ്പുതൊട്ട് കർപ്പൂരംവരെയുള്ള മുഴുവൻ ഉൽപ്പന്നങ്ങളും വിദൂര പ്രദേശങ്ങളിൽ നിന്നും വരേണ്ടതാണ്. പലവ്യഞ്ജനങ്ങൾ, അരി, ഗോതമ്പ്, നിർമ്മാണ സാമഗ്രികൾ തുടങ്ങിയ സാധനങ്ങൾ വെളിയിൽനിന്നും വരണം. ചെന്നൈ, ബാംഗ്ലൂർ, മുംബൈ തുടങ്ങിയ റെയിൽവേ സ്റ്റേഷനുകളിൽനിന്നും ടൺ കണക്കിന് സാധനസാമഗ്രികളാണ് ദിവസേന കേരളത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെയൊക്കെ വില ഉയരും. ചരക്കുകൾ ബുക്ക് ചെയ്യാനുള്ള മിനിമം ദൂരം 125 കിലോമീറ്ററാക്കി. ഭക്ഷ്യസാധനങ്ങൾക്കും രാസവളങ്ങൾക്കും ഇളവ് കൊടുക്കാറുണ്ടായിരുന്നു. ചാർജ് വർദ്ധന വരുമ്പോൾ അത്തരം ഉൽപ്പന്നങ്ങളെ ഒഴിവാക്കാറുണ്ടായിരുന്നു. ഇത്തവണ അതുണ്ടായില്ല. ഇന്ധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവാണ് ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ കേരളത്തെ ഏറ്റവും കൂടുതൽ ബാധിക്കാൻ പോകുന്നത്. ഡീസൽ, മണ്ണെണ്ണ തുടങ്ങിയ ഉൽപ്പന്നങ്ങൾ റെയിൽവേവഴിയാണ് കൂടുതലും വരുന്നത്. അതിന്റെയെല്ലാം വില ഉയരും. ഡീസൽ വില വർദ്ധനവിനെത്തുടർന്ന് ലോറികളുടെ വാടക അവർതന്നെ വർദ്ധിപ്പിച്ചു. അവർക്ക് അതിന് ആരുടേയും അനുവാദം ആവശ്യമില്ല. അതിന്റെ ഭാഗമായി വിലക്കയറ്റം നേരിട്ടുകൊണ്ടിരിക്കുമ്പോഴാണ് പുതിയ ഇരുട്ടടി വന്നിരിക്കുന്നത്. അരിവില കുതിച്ചുയരാൻ പോകുകയാണ്. ആന്ധ്രയിൽനിന്നുമാണ് കേരളത്തിൽ ഏറ്റവും കൂടുതൽ അരി വരുന്നത്. കേരളീയർക്കേറ്റവും ഇഷ്ടപ്പെട്ട 'ജയ' അരിക്ക് ഇപ്പോൾത്തന്നെ മാർക്കറ്റിൽ മുപ്പത്താറ്-നാൽപ്പത് രൂപയോളം വില വരുന്നു. ഒരു കിലോയ്ക്കുമേൽ ആറ്-ഏഴ് രൂപയുടെ വർദ്ധനവ് ഉണ്ടാകുമെന്ന് മാർക്കറ്റിൽ അഭ്യൂഹമുണ്ട്. അത്രയൊന്നും വർദ്ധിപ്പിക്കേണ്ടതില്ല, എങ്കിൽപ്പോലും ഇതെങ്ങനെ താങ്ങാൻ സാധിക്കും? ഡീസൽ, മണ്ണെണ്ണവാഗണുകൾ, അരി, ഗോതമ്പ്, ഭക്ഷ്യധാന്യങ്ങൾ, വ്യത്യസ്ത ചരക്കുകൾ ഇവയെല്ലാം കേരളത്തിലെത്തുമ്പോൾ വലിയ തോതിൽ നിരക്ക് ഉയരാൻ ഈ വർദ്ധനവ് കാരണമാകും. അസംസ്കൃത വസ്തുക്കൾ പലതും ഗുജറാത്തിൽനിന്നും വടക്കേ ഇന്ത്യയിൽനിന്നും ചെറുകിട വ്യവസായികൾ കൊണ്ടുവരുന്നതാണ്. ഉൽപ്പാദനച്ചെലവ് കൂടിയിട്ട് ഈ ഉൽപ്പന്നങ്ങൾ പലതും വടക്കേ ഇന്ത്യൻ മാർക്കറ്റിൽ വിൽക്കേണ്ടതാണ്. ഈ ഉൽപ്പന്നങ്ങൾ എങ്ങനെ കോംപീറ്റ് ചെയ്യാൻ പറ്റും? നമ്മുടെ വ്യവസായ മേഖല എന്താകും? കൊച്ചി തുറമുഖത്തുനിന്നും നിരവധി ഉൽപ്പന്നങ്ങൾ വാഗൺവഴി കണ്ടെയ്നറുകളിൽ ട്രാൻസ്പോർട്ട് ചെയ്യുന്നുണ്ട്. അതെല്ലാം വളരെ ചെലവ് കൂടിയതായാൽ കൊച്ചി തുറമുഖത്തിന്റെ ഭാവി എന്താകും? കപ്പലുകളിൽ വരുന്ന ചരക്കുകൾ റെയിൽവേ വാഗൺവഴിയാണ് പുറത്തുകൊണ്ടു പോകേണ്ടത്. ഈ ചെലവ് കൂടുമ്പോൾ എന്താകും അവസ്ഥ?. അവസാനം തൂത്തുക്കുടിയിലേക്കും മംഗലാപുരത്തേക്കും മറ്റ് ചെലവ് കുറഞ്ഞ തുറമുഖങ്ങളിലേക്കും മാറിപ്പോയാൽ കൊച്ചി തുറമുഖത്തിന്റെ ഭാവിയും അവതാളത്തിലാകും.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കഴിഞ്ഞദിവസം ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ചകാര്യം നിർമ്മാണ മേഖല ഗുരുതരമായ കുഴപ്പത്തിലാണ് എന്നതാണ്. നിർമ്മാണ സാധനങ്ങളുടെ ലഭ്യതക്കുറവാണ് പ്രശ്നം. ഒരുമാസം 9 ലക്ഷം ടൺ സിമെന്റാണ് കേരളത്തിലേക്ക് വരുന്നത്. അതിൽ ഏറിയ ഭാഗവും റെയിൽവേ വഴിയാണ് വരുന്നത്. അപ്പോൾ സിമെന്റിന്റെ വില ഉയരും. പ്രധാനപ്പെട്ട എല്ലാ ബ്രാന്റുകളും കേരളത്തിൽ വരുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. അതുപോലെ കമ്പിയും മഹാഭൂരിപക്ഷം ഭാഗവും വെളിയിൽനിന്നും വരുന്നതാണ്. അതിന്റെ വില കൂടിയാൽ എന്താകും നിർമ്മാണ മേഖലയിലെ സ്ഥിതി? ഫ്ളാറ്റ്, വീട് കൺസ്ട്രക്ഷന്റെ ആളുകൾ നേരത്തെയുള്ള നിരക്കനുസരിച്ച് ഒരു റേറ്റ് അനൗൺസ് ചെയ്ത് ആ റേറ്റ് വാങ്ങിയാണ് കൺസ്ട്രക്ഷൻ ആരംഭിക്കുന്നത്. ഈ റേറ്റ് കൂടിയാൽ അവരുടെ തുക വർദ്ധിപ്പിക്കാൻ സാധിക്കുമോ? എത്ര മാത്രം വലിയ നഷ്ടത്തിലേക്കുപോകും? വ്യവസായ മേഖലയിലാകെ തൊഴിൽ സ്തംഭനം നേരിടുമ്പോൾ പുതിയ വർദ്ധനവ് വ്യവസായത്തെ ഗുരുതരമായ അവസ്ഥയിലെത്തിക്കും. റെയിൽവേ യാത്രാനിരക്കും ചരക്കുകടത്തുകൂലി വർദ്ധനവും കേരളത്തെ സർവ്വസ്പർശിയായി ബാധിക്കുന്ന പ്രശ്നമാണ്. പാചക വാതക വില പ്രതിമാസം 10 രൂപ നിരക്കിൽ വർദ്ധിപ്പിക്കുമെന്നാണ് പറയുന്നത്. 414 രൂപയാണ് ഇപ്പോഴത്തെ വില. 905 രൂപയാണ് യഥാർത്ഥ വില, ബാക്കി സബ്സ്ഡിയാണ്. സബ്സിഡി ഭാരം കുറയ്ക്കണമെന്നാണ് പറയുന്നത്. രാജ്യത്ത് അടുത്ത രണ്ടുവർഷം കടുത്ത നടപടികൾ വേണ്ടി വരുമെന്ന പ്രധാനമന്ത്രിയുടെ പ്രസംഗം വലിയ ആശങ്കയാണുണ്ടാക്കുന്നത്. എല്ലാ മേഖലകളിലും ഇതുപോലുള്ള കടുത്ത നടപടികൾ വന്നാൽ എന്താകും അവസ്ഥ?

കേരളത്തിൽ റെയിൽവേ വികസനമില്ല. മംഗലാപുരം തിരുവനന്തപുരം റെയിൽവേ പാത ഇരട്ടിപ്പിക്കൽ ഇതുവരെയും പൂർത്തിയായിട്ടില്ല. വൈദ്യുതീകരണം പൂർത്തിയായിട്ടില്ല; കോച്ച് ഫാക്ടറിയും വാഗൺ ഫാക്ടറിയും ഇല്ല. പാലക്കാട് ഡിവിഷൻ വെട്ടിമുറിക്കാൻ പോകുന്നു. കേരളത്തിന് റെയിൽവേ സോണില്ല. റെയിൽവേയുടെ കാര്യത്തിൽ ഇത്രമാത്രം അവഗണിക്കപ്പെട്ട കേരളത്തിന് കടത്തുകൂലിയിലും യാത്രാ കൂലിയിലും ഭീമമായ വർദ്ധനവ് വരുത്തി അക്ഷരാർത്ഥത്തിൽ ശിക്ഷിക്കുകയാണ്. ഈ നടപടിയിൽ കേരളത്തിന്റെ പ്രതിഷേധം കേരള നിയമസഭ ഒരുമിച്ചുനിന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കണം. കേരളത്തിന് റിലീഫ് കിട്ടണമെന്ന് സഭ ആവശ്യപ്പെടണമെന്നാണ് എന്റെ ഡിമാന്റ്, അല്ലാതെ ഏതെങ്കിലും നിത്യോപയോഗ സാധനങ്ങളിൽ രണ്ട് ചരക്കിന്റെ മേൽ വില കുറയ്ക്കുക എന്നുള്ളതല്ല. അതുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രി ഈ പ്രശ്നത്തിൽ ഇടപെട്ട് ഗവൺമെന്റിന്റെ ഒരു പ്രമേയം സഭയിൽ കൊണ്ടുവരണം. നമുക്ക് ഒരുമിച്ചുനിന്ന്, കേരളത്തിനുണ്ടാകുന്ന ഈ വർദ്ധനവ് കോംപൻസേറ്റ് ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടണം. അല്ലാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ഈ ഗുരുതരമായ സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്ത് ഒരു യോജിച്ച പ്രമേയമാക്കി സഭ അംഗീകരിച്ച് അയയ്ക്കണമെന്നാണ് എന്റെ നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, റെയിൽവേയുടെ നിരക്ക് വർദ്ധനവും അതുണ്ടാക്കുന്ന സാമൂഹ്യ പ്രശ്നങ്ങളുമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയത്. സ്വാഭാവികമായും ഇതെല്ലാ മേഖലകളിലും സ്തംഭനാവസ്ഥയും പ്രതിസന്ധികളും ഉണ്ടാക്കുന്ന ഒരു സാഹചര്യത്തിലേക്ക് വരുന്നു. കേരളത്തിൽനിന്നുള്ള യാത്രാനിരക്കിനുണ്ടാകുന്ന വർദ്ധനവ് പ്രത്യേകിച്ചും ഐ.റ്റി. മേഖലകളിൽ തൊഴിലെടുക്കുന്ന ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. ഇത്തരത്തിലുള്ള നയങ്ങളെ തീർച്ചയായും എതിർക്കേണ്ടതും ശക്തമായി ചെറുക്കേണ്ടതുമാണ്. ഇങ്ങനെയുള്ള വിഷയങ്ങൾ ആവർത്തിക്കപ്പെടാൻ പാടില്ല. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ച് ജനങ്ങൾക്കാണ് എന്നും മുൻഗണന. സാധാരണക്കാരെ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഒരു നയസമീപനമാണ് ഈ ഗവൺമെന്റ് അധികാരത്തിൽവന്ന അന്നുമുതൽ ഓരോ കാര്യങ്ങളിലും സ്വീകരിച്ചിട്ടുള്ളത്. ജനതാൽപ്പര്യം മുന്നിൽ നിർത്തി പ്രവർത്തിക്കുന്ന ഒരു ക്ഷേമ ഗവൺമെന്റ് എന്ന അർത്ഥത്തിലാണ് മനസ്സിലാക്കാനും സാധിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുൻപ് അവർ കൊട്ടി ഘോഷിച്ച കാര്യങ്ങളിൽനിന്നും പിൻവാങ്ങുന്നുവെന്നുള്ളത് വളരെ നിർഭാഗ്യകരമായ വസ്തുതയായി മാറിയിരിക്കുകയാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ശക്തമായ പ്രതിഷേധം കേരള സമൂഹത്തിനുണ്ട്. തീർച്ചയായും അക്കാര്യം ഞാനും ഇവിടെ പങ്ക് വയ്ക്കുവാനാഗ്രഹിക്കുകയാണ്. റെയിൽവേയുടെ കാര്യത്തിൽ എല്ലാ അർത്ഥത്തിലും കേരളത്തോട് അവഗണനയുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന വാഗണുകൾ - പാസഞ്ചർ ട്രെയിനുകൾ ഇവ വളരെ മോശമാണ്. അതിൽ കീറിപ്പൊളിഞ്ഞു കിടക്കുന്ന അപ്ഹോൾസ്ട്രിയും ബാത്ത്റൂമുകളുമാണ്. പലപ്പോഴും നമ്മളൊക്കെ ട്രെയിനിൽ യാത്ര ചെയ്യുന്നവരാണ്. അതിനകത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിട്ട് അനുഭവിക്കുന്നവരാണ്. ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരുന്നതിന് അനുവദിക്കുന്ന വാഗണുകൾ പലതും മഴ പെയ്താൽ നനയുന്നുവെന്നുള്ളത് മറ്റൊരു വസ്തുതയാണ്. ആന്ധ്രയിൽ നിന്നോ പഞ്ചാബിൽ നിന്നോ ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരുമ്പോൾ മഴ പെയ്തുകഴിഞ്ഞാൽ പല ചാക്കുകളും നനഞ്ഞ് കുതിർന്ന് ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യയോഗ്യമല്ലാതായി മാറുന്ന സാഹചര്യങ്ങൾ പലപ്പോഴും വരാറുണ്ട്. അത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യാറുള്ളത് നമ്മുടെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. അങ്ങനെ കേരളത്തോട് റെയിൽവേ കാണിക്കുന്ന അവഗണനകൾ പാസഞ്ചർ ട്രെയിനുകളിലും ഗുഡ്സ് വാഗണിലും കാണാൻ സാധിക്കും. ഇത്തരത്തിലുള്ള സമീപനങ്ങൾ മാറുവാനുള്ള സാഹചര്യം ഉണ്ടാകേണ്ടത് അനിവാര്യം തന്നെയാണെന്നാണ് എന്റെ അഭിപ്രായം.

പാചകവാതക വില വർദ്ധിപ്പിക്കാൻ പോകുന്നുവെന്ന് പത്രമാധ്യമങ്ങളിലൂടെ വന്ന വാർത്ത വെറുമൊരു അഭ്യൂഹം മാത്രമാണ്. അങ്ങനെയുണ്ടാവുകയില്ലെന്ന്

ഞാൻ കരുതുന്നു. അങ്ങനെയുണ്ടെങ്കിൽ തീർച്ചയായും കൂനിൽമേൽ കുരു എന്ന നിലയിൽ അതിനേയും കണക്കാക്കേണ്ടി വരും. ഇതിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകും. അരിയും മറ്റു ധാന്യങ്ങളും വിതരണം ചെയ്യുന്നതിന്റെ അളവ് വർദ്ധിപ്പിക്കുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. ഇങ്ങനെയുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽനിന്നും ജനങ്ങളെ എത്രമാത്രം സംരക്ഷിക്കാമെന്നുള്ളത് തീർച്ചയായും ഗവൺമെന്റ് പരിശോധിക്കും. വിതരണം ചെയ്യുന്ന ധാന്യങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നകാര്യവും ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപ്പോലെ അരിയുടെ വില 6 രൂപ വരെ വർദ്ധിക്കുമെന്ന അഭ്യൂഹങ്ങൾ ഊഹക്കച്ചവട ത്തിലേക്ക് പോകുന്ന സാഹചര്യം സൃഷ്ടിക്കും. തീർച്ചയായും അത്തരത്തി ലുള്ള സാഹചര്യങ്ങളെ കർശനമായി ഗവൺമെന്റ് നേരിടും. 12-ാം തീയതി മുതൽ 18-ാം തീയതി വരെ അഞ്ച് ദിവസങ്ങളിലായി കർശന പരിശോധനകൾ മാർക്കറ്റുകളിൽ നടത്തിയിട്ടുണ്ട്. വെജിറ്റബിൾ മാർക്കറ്റിൽ ഏതാണ്ട് 892-ഓളം പരിശോധനകൾ നടത്തി 207 പേർക്കെതിരെ നടപടിയെടുക്കുകയും ചെയ്തു. 975-ഓളം പ്രൊവിഷൻ സ്റ്റോറുകളിൽ പരിശോധന നടത്തുകയും 201 പ്രൊവിഷൻ സ്റ്റോറുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു. 750 ഹോട്ടലുകൾ പരിശോധനയ്ക്ക് വിധേയമാക്കി. 129-ഓളം ഹോട്ടലുകൾക്കെ തിരെ നടപടി സ്വീകരിച്ചു. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോ എന്ന തിനെ സംബന്ധിച്ചാണ് പരിശോധനകൾ നടത്തുന്നത്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത സാഹചര്യത്തിലാണ് ഈ അഭ്യൂഹങ്ങൾ വരുന്നത്. ഇതുണ്ടെങ്കിൽ സ്വാഭാവികമായും ഒരു ഉപഭോക്താവ് വഞ്ചിതനാവുകയില്ല. കച്ചവടക്കാരൻ പറയുന്ന വിലയല്ല, ഇന്ന സാധനം ഇന്ന വിലയിൽ ലഭിക്കുമെന്ന് ആ ഉപഭോക്താവിന് തിരിച്ചറിയാൻ സാധിക്കും. അതുകൊണ്ട് വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുവാനും ഇത് കൃത്യമായി നടപ്പിലാക്കുവാനും നിയമം കർശനമായി പാലിക്കുന്നുവെന്നുമാണ് ഗവൺമെന്റ് എൻഷ്വർ ചെയ്യുന്നത്. ഇത്തരത്തിലുള്ള പരിശോധനകൾ തുടർന്നും ഉണ്ടാകും. വിതരണം ചെയ്യുന്ന ധാന്യത്തിന്റെ അളവ് വർദ്ധിപ്പിക്കു ന്നകാര്യം ഗവൺമെന്റ് പരിഗണിക്കും. സാദ്ധ്യമായ നിലയിൽ ഇത്തരത്തിൽ വരുന്ന സാഹചര്യങ്ങളെ നേരിടുവാനുള്ള പ്രവർത്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഇപ്പോൾ ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ എളമരം കരീം ഇവിടെ നോട്ടീസ് നൽകിയ അടിയന്തരപ്രമേയം ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. നമ്മുടെ രാജ്യത്തെ ജനങ്ങളെ ഇന്ന് അലട്ടുന്ന പ്രധാനപ്രശ്നം വിലക്കയറ്റമാണ്. വിലക്കയറ്റമാണ് ഈ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ച ഏറ്റവും പ്രധാനപ്പെട്ട ജനങ്ങളുടെ വികാരം.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തിരുന്നുകൊണ്ട് പറഞ്ഞകാര്യങ്ങൾ മറക്കാൻ പുതിയ ഗവൺമെന്റിന് മണിക്കൂറുകൾ മാത്രമേ വേണ്ടിവന്നുള്ളൂ. പുതിയ ഗവൺമെന്റ് വരുമ്പോൾ സാമ്പത്തിക പരിമിതികൾ ഉണ്ടാകും, പല കാര്യങ്ങളും ഇഷ്ടത്തിനൊത്ത് നിയന്ത്രണത്തിൽ നിന്നുവെന്ന് വരില്ല. ഞാൻ ആ യാഥാർത്ഥ്യം അംഗീകരിക്കുന്നു. പക്ഷേ പ്രതിപക്ഷത്തിരുന്ന് പറഞ്ഞ കാര്യങ്ങളെല്ലാം അപ്പാടെ മറന്നുകൊണ്ട് ഒരു നടപടിയെടുത്തത് അതും നമ്മളെ ഏറ്റവും ദോഷകരമായി ബാധിക്കത്തക്ക വിധത്തിൽ നടപടിയെടുത്തത് ഒഴിവാക്കേണ്ടതായിരുന്നു.

രണ്ട് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, സീസൺ ചാർജ് നേരെ ഇരട്ടിയാക്കിയ നടപടി നിശ്ചിത വരുമാനമുള്ള ആളുകളെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. അത് വലിയ വർദ്ധനവാണ്. കഴിഞ്ഞ കുറച്ചുനാളുകളായി ചാർജ്ജ് കൂട്ടിയില്ല എന്ന കാരണം പറയുന്നെങ്കിലും കൂട്ടാതിരുന്നത് എന്തുകൊണ്ടാണ്? ഒരു നിശ്ചിത വരുമാനമുള്ളവരെ അത് ബാധിക്കരുതെന്നുള്ള തത്വം വച്ചിട്ടാണ്. രണ്ടാമത്തെകാര്യം, ചരക്കുകൂലിയുടെ വർദ്ധനവ്. അതുകൊണ്ട് റെയിൽവേക്ക് കിട്ടുന്നത് ഏകദേശം ആയിരം കോടി രൂപയാണെങ്കിൽ അതിന്റെ ഇരുപത്തിയഞ്ചോ അമ്പതോ ഇരട്ടിയാണ് ജനങ്ങൾ താങ്ങേണ്ടി വരുന്നത്. ചരക്ക് കൂലി കൂട്ടിയതിന്റെ ഫലമായി ഫ്രൈറ്റ് ചാർജ്ജിൽ ഒരു ടണ്ണിന് വരാൻ പോകുന്ന അധിക വർദ്ധനവ് 25 രൂപയോ 50 രൂപയോ ആണെങ്കിൽ അതിന്റെ എത്രയോ ഇരട്ടിയാണ് ജനങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ ജനങ്ങൾ താങ്ങേണ്ടി വരുന്നത്. അതൊരു വലിയ ഭാരം തന്നെയാണ്. ചില കടുത്ത നടപടികൾ വേണ്ടി വരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. അതിനൊരു പ്രയോറിറ്റി വേണ്ടേ? ആ കടുത്ത നടപടികളുടെ ആഘാതം ആരാണ് ഏൽക്കേണ്ടത്? പാവപ്പെട്ടവരെ ബാധിക്കുന്ന സാഹചര്യം ഒഴിവാക്കണം. സാമ്പത്തികമായി പ്രശ്നങ്ങളുണ്ട്. ഇല്ലെന്നാരും പറയുന്നില്ല. പക്ഷേ ആ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുമ്പോൾ അത് സാധാരണക്കാരെമാത്രം ബാധിക്കുന്ന രീതിയിലേക്ക് വരുന്നത് ഒരു വിധത്തിലും യോജിക്കാൻപറ്റുന്ന കാര്യങ്ങളല്ല. വിശദാംശങ്ങൾ ഞാൻ വെളിപ്പെടുത്തുന്നില്ലെങ്കിലും നമ്മുടെ പൊതുവിതരണ സമ്പ്രദായത്തെപ്പോലും ദോഷകരമായി ബാധിക്കുന്നകാര്യങ്ങൾ ചിന്തിക്കുന്നുണ്ടോ എന്ന് സംശയിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് പ്രധാനപ്പെട്ട പ്രശ്നമാണ്. ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി എന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന ചില കാര്യങ്ങളെക്കുറിച്ച് ഞാൻ പ്രധാനമന്ത്രിക്ക് കത്തെഴുതാൻ പോകുകയാണ്. സാധാരണക്കാരെ ബാധിക്കുന്ന വിധത്തിലുള്ള കടുത്ത നടപടികളാകരുതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുസംബന്ധിച്ച പ്രമേയത്തെ കുറിച്ച് ശ്രീ. എളമരം കരീം ഇവിടെ പറഞ്ഞു. ആ കാര്യത്തിൽ ആലോചിച്ച് തീരുമാനമെടുക്കാം. ഗവൺമെന്റിന് ആ കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. നമുക്ക് യോജിച്ച് അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ പ്രത്യേകിച്ച് പൊതുവിതരണ വുമായി ബന്ധപ്പെട്ട് ബാധിക്കുന്ന പ്രശ്നങ്ങൾ, വിലവർദ്ധനവ്, സാധാരണ ക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾ ഇതിനൊക്കെ പരിഹാരം ഉണ്ടാക്കത്തക്ക വിധത്തിലുള്ള നിർദ്ദേശങ്ങൾ നമുക്ക് വയ്ക്കാനുണ്ട്. അവ വയ്ക്കുന്നുമുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ, ധനാഭ്യർത്ഥനയുള്ളതുകൊണ്ട് ചർച്ചയ്ക്ക് ഇന്ന് സമയം കിട്ടില്ല. മറ്റൊരു ദിവസം, അത് നമുക്ക് ആലോചിച്ച് തീരുമാനമെടുക്കാം. ഇന്ന് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന ഭക്ഷ്യ വകുപ്പുമന്ത്രിയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇന്നലെ ശ്രീ. സി. ദിവാകരന്റെ റൂൾ 58 പ്രകാരം ഈ വിഷയം ചർച്ച ചെയ്യണമെന്ന് നോട്ടീസ് നൽകി യിരുന്നു. അത് റൂൾ 130-ലേക്ക് മാറ്റിയാലേ ചർച്ചചെയ്യാൻ പറ്റുകയുള്ളൂ. ചർച്ചയെ സംബന്ധിച്ച് ആലോചിച്ച് സൗകര്യപ്രദമായ സമയം പിന്നീട് നിശ്ചയിക്കാം. ഗവൺമെന്റിന്റെ സമീപനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

## III ശ്രദ്ധ ക്ഷണിക്കൽ

### 1. അഴീക്കൽ തുറമുഖ വികസനം

ശ്രീ. കെ. എം. ഷാജി: സർ, ഭൂമിയേറ്റെടുക്കാനുള്ള ബുദ്ധിമുട്ടും വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയും കുണ്ടും കുഴിയും നിറഞ്ഞ റോഡും നമ്മുടെ റോഡ്യാത്ര ദിനംപ്രതി ദുഷ്ക്കരമാക്കുന്നു. സമാന്തരമായ യാത്രാ സൗകര്യങ്ങൾ കണ്ടുപിടിച്ചിട്ടില്ലെങ്കിൽ കേരളത്തിന്റെ വികസനം വലിയ ബുദ്ധിമുട്ടിലാകും. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിലെ തുറമുഖങ്ങളെ വികസിപ്പിച്ച് ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. എല്ലാ ചെറിയ തുറമുഖങ്ങളും വലിയ തുറമുഖങ്ങളോട് ചേർന്നുനിന്ന് അതിന് സമാന്തരമായി വർദ്ധിപ്പിച്ചെടുക്കുന്നത് ബർമ്മപോലുള്ള വിദേശ രാജ്യങ്ങളിൽ പോയാൽ കാണാൻ കഴിയുന്നതാണ്. കൊച്ചിയിൽനിന്നും അഴീക്കലുമായി ബന്ധപ്പെട്ട് ഒരു പഠന റിപ്പോർട്ട് ഞാൻ ഒരിക്കൽ വായിച്ചു. കൊച്ചിയിൽനിന്ന് തടസ്സമില്ലാതെ ഒരു ലോഡഡ് വെഹിക്കിൾ (അങ്ങനെ ഒരു വികസന മുണ്ടായി പുറപ്പെടുകയാണെങ്കിൽ) 60 കിലോമീറ്റർ യാത്ര ചെയ്താൽ, അതേ സമയം അത് കണ്ടെയ്നറായി കടൽമാർഗ്ഗമാണ് വരുന്നതെങ്കിൽ, റോഡു മാർഗ്ഗവും കടൽമാർഗ്ഗവും തമ്മിൽ ഒരു മണിക്കൂറിലധികം വ്യത്യാസംവരും. കേരളത്തിലെ റോഡുകളിലൂടെ 60 കിലോമീറ്ററിലൊന്നും ഒരു ലോഡഡ് വെഹിക്കിളിന് യാത്രചെയ്യാൻ കഴിയില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. അതുമാത്രമല്ല സമയം, ഇന്ധനം, മലിനീകരണം, റോഡ് മെയിന്റനൻസ്, വെഹിക്കിൾ മെയിന്റനൻസ് എന്നിവയിൽ ഒരുപാട് ലാഭമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കേരളത്തിലെ ചെറിയ തുറമുഖങ്ങൾ കഴിയാവുന്ന തരത്തിൽ ഡെവലപ്പ് ചെയ്ത് റിങ് ചെയ്തുകൊണ്ട് അടിയന്തരമായി
10.00 AM] ജലഗതാഗതം ആരംഭിക്കേണ്ടതുണ്ട്. അതിൽ രണ്ടുമൂന്ന് പ്രശ്നങ്ങളുണ്ട്. എത്രയോ കാലമായി അഴീക്കൽ തുറമുഖത്തെക്കുറിച്ച് ഞാൻ ഈ സഭയിൽ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. എന്റെ മണ്ഡലത്തിലാണ് എന്നത് മാത്രമല്ല, കണ്ണൂരിൽ എയർപോർട്ടിന്റെകാര്യത്തിൽ വളരെ വേഗത്തിൽ മുന്നോട്ടുപോകുന്നു. വളരെ നല്ല മാറ്റം കണ്ണൂരിലുണ്ടാകുന്നു. വികസിതമായ ഏതുരാഷ്ട്രം പരിശോധിച്ചാലും ഒരു തുറമുഖമാണ് ആ രാജ്യത്തിന്റെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് തുറമുഖം ഡെവലപ്പ് ചെയ്യുക എന്നുള്ളതാണ് പരമപ്രധാനമായിട്ടുള്ളകാര്യം. ഇന്ത്യൻ രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിൽപ്പോലും നാച്വറൽ ഡെപ്ത്തുള്ള ഇന്ത്യയിലെ തുറമുഖങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ അഴീക്കൽ തുറമുഖത്തെക്കുറിച്ച് പറഞ്ഞതാണ്. പക്ഷേ അങ്ങനെ പറഞ്ഞുവെന്നല്ലാതെ നിർഭാഗ്യവശാൽ ഒരു സെൻട്രൽ പ്രോജക്ടു പോലും നമുക്ക് വന്നിട്ടില്ല. കഴിഞ്ഞതവണ ബഹുമാനപ്പെട്ട മന്ത്രിതന്നെ വളരെ താൽപ്പര്യമെടുത്ത് എ.ബി.ജി. അടക്കമുള്ള ഗ്രൂപ്പുകളുമായി നെഗോസിയേഷനൊക്കെ നടന്നതാണ്. നിർഭാഗ്യവശാൽ നമുക്ക് അഴീക്കൽ പോർട്ട് സാധ്യമാക്കിയെടുക്കാൻ കഴിയാതെ പോകുകയാണ്. അതുകൊണ്ട് ജലഗതാഗതം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിത്തന്നെ അഴീക്കൽ പോർട്ടുകൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ തുറമുഖങ്ങളുടെ വികസനകാര്യത്തിൽ ഏതൊക്കെ തരത്തിലാണ് ഇടപെടേണ്ടത് എന്ന് ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിച്ചത്. പുതിയ സാഹചര്യത്തിൽ കേരളത്തിലെ പോർട്ടുകൾ മുഴുവൻ വികസിപ്പിക്കുന്നതിന്റെ കൂട്ടത്തിൽ, അഞ്ചു മീറ്ററോളം നാച്വറൽ ഡെപ്ത്ത് ഉണ്ട് എന്നാണ് അഴീക്കൽ തുറമുഖത്തെക്കുറിച്ച് നേരത്തെതന്നെ പറഞ്ഞിട്ടുള്ളത്. അഴീക്കൽ തുറമുഖത്തോട് ചേർന്നാണ് സിൽക്കിന്റെ വലിയ കപ്പലുകൾ വരുന്നത്. അവിടെ ചെറിയ കപ്പലുകളല്ല വന്നുകൊണ്ടിരിക്കുന്നത്. ആ കപ്പലുകൾ വന്ന് പൊളിക്കുന്നു. ഇപ്പോൾ കപ്പൽ പൊളിയുമായി ബന്ധപ്പെട്ട് ഒരു സമരം അവിടെ നടക്കുന്നുണ്ട്. കപ്പൽ വരാത്തതുകൊണ്ടല്ല, വരാനുള്ള സൗകര്യവും അവിടെയുണ്ട്. അഴീക്കൽ തുറമുഖത്ത് വന്നിരിക്കുന്ന കപ്പൽ കണ്ടാൽത്തന്നെ അറിയാം. സിൽക്കിന്റെ ഏറ്റവും വലിയ കപ്പലുകളാണ് അവിടെ വന്നിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി താൽപ്പര്യമെടുത്ത് അഴീക്കൽ തുറമുഖം അടക്കമുള്ള കേരളത്തിലെ ചെറിയ തുറമുഖങ്ങൾ വികസിപ്പിച്ച് വികസനപരമായ മുന്നേറ്റത്തിന്റെ കൂടെത്തന്നെ ഗതാഗതത്തിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിൽക്കൂടി ശ്രദ്ധ ചെലുത്തുമോ എന്നറിയാൻ വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ ഇവിടെ അവതരിപ്പിച്ചത്.

1313/2015

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ റോഡിലെ ഗതാഗതക്കുരുക്കും ജലഗതാഗതചരക്കു നീക്കത്തിനുള്ള ചെലവും കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ തീരദേശ കപ്പൽ ഗതാഗതം കൂടുതൽ വ്യാപിപ്പിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ തുറമുഖങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വികസനപ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടകാര്യം പോർട്ടുകളുടെ ആഴം വർദ്ധിപ്പിക്കുന്ന നടപടിയാണ്. അതിന്റെയടിസ്ഥാനത്തിൽ വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളുടെയെല്ലാം ആഴം വർദ്ധിപ്പിക്കുന്ന നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലേക്കുകൂടി കപ്പൽ ഗതാഗതം സാധ്യമാണ് എന്നു ബോദ്ധ്യപ്പെടുത്താൻവേണ്ടി ഗവൺമെന്റ് നേരിട്ട് ഒരു കപ്പൽ വാടകയ്ക്കെടുത്ത് ഗുജറാത്തിൽനിന്ന് കൊല്ലം പോർട്ടിലേക്ക് ചരക്കു കൊണ്ടുവരികയുണ്ടായി. ഇപ്പോൾ തുടർച്ചയായി കൊല്ലം പോർട്ടിൽ മണൽ കപ്പലുകൾ വരുന്നുണ്ട്. അങ്ങനെ കൊല്ലം പോർട്ടാണ് ഇക്കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ പോയിട്ടുള്ളത്. കൊല്ലം പോർട്ടിൽ പോർട്ട് ലിഫ്റ്റ് ഏർപ്പെടുത്തുകയുണ്ടായി. കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രെയിൻ കൊണ്ടുവന്നു. അവിടെ മറ്റ് അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. വിഴിഞ്ഞത്തെ ഓൾഡ് പോർട്ട് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പൊന്നാനി പോർട്ട് വികസിപ്പിക്കുന്നതിനുവേണ്ടി മലബാർ പോർട്ട്സ് എന്ന കമ്പനിയുമായി പി.പി.പി. മോഡലിൽ കഴിഞ്ഞ വർഷം ഗവൺമെന്റ് കരാറിലേർപ്പെട്ടു. 750 കോടിരൂപ മൂന്ന് ഘട്ടങ്ങളിലായി ചെലവഴിച്ച് പോർട്ട് വികസനം സാധ്യമാക്കുന്ന കരാറിലാണ് ഏർപ്പെട്ടിട്ടുള്ളത്. അത് ആരംഭിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസ് അവർക്ക് ലഭിച്ചു കഴിഞ്ഞു. പക്ഷേ സംസ്ഥാന ഗവൺമെന്റ് പോർട്ടിനാവശ്യമായ ഭൂമി കമ്പനിക്ക് കൈമാറുന്ന നടപടി വിചാരിച്ചപോലെ വേഗത്തിൽ നടന്നില്ല. അതിന്റെ നോട്ടിഫിക്കേഷൻ കഴിഞ്ഞു. ഉടൻതന്നെ ഭൂമികൈമാറ്റം നടക്കുന്നതാണ്. ബേപ്പൂർ പോർട്ടിന്റെ ആഴം വർദ്ധിപ്പിക്കുകയുണ്ടായി. ബേപ്പൂർ പോർട്ടിൽ കൂടുതൽ ക്രെയിനുകൾ ഏർപ്പെടുത്താനും സജ്ജമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ ഒരു പുതിയ ബെർത്ത് നിർമ്മിക്കുന്നതിനുവേണ്ടി ലക്ഷദ്വീപ് അതോറിറ്റിയുമായി കരാറിൽ ഒപ്പിട്ടുവെങ്കിലും ലക്ഷദ്വീപ് അതോറിറ്റി ബെർത്ത് നിർമ്മിച്ചിട്ടില്ല. അഴീക്കൽ പോർട്ടിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, അഴീക്കൽ പോർട്ടിൽ ഡിവോയിറ്റ് എന്ന കമ്പനിയാണ് ഫീസിബിലിറ്റി റിപ്പോർട്ട് നൽകിയത്. അതിന്റെയടിസ്ഥാനത്തിൽ മൾട്ടിപർപ്പസ് ടെർമിനൽ, സിമന്റ് ടെർമിനൽ, കണ്ടെയ്നർ ടെർമിനൽ, ഷിപ്പ് റിപ്പയറിംഗ് ടെർമിനൽ എന്നിവയ്ക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും സിമന്റ് ടെർമിനലിന് മാത്രമാണ് ഒരു ടെണ്ടർ ലഭിച്ചത്. 120 കോടിരൂപ ചെലവിൽ സിമന്റ് ടെർമിനൽ നിർമ്മിക്കാൻ എ.ബി.ജി. എന്ന സിമന്റ് കമ്പനി താൽപ്പര്യം കാണിച്ചു. ആദ്യഘട്ടത്തിൽ സംസ്ഥാന ധനകാര്യവകുപ്പും

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് ബോർഡും തുറമുഖ വകുപ്പിന്റെ നിലപാടിനോട് യോജിച്ചില്ല. പിന്നീട് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി ഇവരെല്ലാം സമ്മതിച്ച് ആ കമ്പനിക്ക് ടെണ്ടർ കൊടുക്കാമെന്ന് പറഞ്ഞപ്പോൾ അവർ ഇപ്പോൾ താൽപ്പര്യം കാണിക്കുന്നില്ല. അതാണ് സ്ഥിതി.

സിമെന്റ് ടെർമിനൽ നിർമ്മാണത്തിനായി എ.ബി.ജി. കമ്പനി മുന്നോട്ടു വന്നെങ്കിലും ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. കമ്പനി താൽപ്പര്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും കരാർ ഒപ്പുവയ്ക്കാൻ മുന്നോട്ടു വന്നിട്ടില്ല. ഫീസിബിലിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന മറ്റ് പ്രോജക്ടുകൾ വീണ്ടും ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. അഴീക്കൽ പോർട്ടിന്റെ വികസനത്തിന് ആവശ്യമായ സ്ഥലം, ഗവൺമെന്റ് വന്നതിനു ശേഷം ശ്രീ. കെ. എം. ഷാജികൂടി താൽപ്പര്യമെടുത്തതിന്റെ അടിസ്ഥാനത്തിൽ ലാന്റ് അക്വിസിഷൻ പൂർത്തിയാക്കി 70 ലക്ഷം രൂപ ചെലവിൽ പെട്രോൾ ബോട്ട് വാങ്ങുന്നതിനും 19.85 കോടിരൂപ ചെലവിൽ ഒരു ഡ്രെഡ്ജർ വാങ്ങുന്നതിനും സപ്ലൈ ഓർഡർ നൽകിയിരിക്കയാണ്. ഈ ഡ്രെഡ്ജർ അഴീക്കൽ പോർട്ടിന് മാത്രമല്ല കേരളത്തിലെ മൊത്തം പോർട്ടുകൾക്കും പ്രയോജനപ്പെടുന്നതാണ്. നിലവിൽ അഴീക്കൽ തുറമുഖത്ത് 226 മീറ്റർ നീളമുള്ള വാർഫും അഞ്ച് ടൺശേഷിയുള്ള ക്രെയിനും ചരക്ക് കൈകാര്യം ചെയ്യുന്നതിന് ലഭ്യമാണ്. അഴീക്കൽ തുറമുഖത്തുനിന്ന് കണ്ടെയ്നർ കപ്പൽ സർവ്വീസ് തുടങ്ങുന്നതിനുള്ള സാധ്യതകൾ ഗവൺമെന്റ് പരിശോധിച്ചുവരുന്നു. 10 കോടിരൂപ മുടക്കി ഒരു ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള ടെണ്ടറും ഇതിനകം ക്ഷണിച്ചിട്ടുണ്ട്. തീരദേശക്കപ്പൽ ഗതാഗതവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് തീരദേശ കപ്പൽഗതാഗതം നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് കൊല്ലം-വല്ലാർപ്പാടം റൂട്ടിൽ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആരംഭിച്ചത്. അത് അഴീക്കൽ-ബേപ്പൂർ-വിഴിഞ്ഞം തുറമുഖങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നകാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. കണ്ടെയ്നർ ചരക്കുനീക്കം അഴീക്കൽ തുറമുഖത്തേയ്ക്കുകൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനമാണ് ആദ്യമായി ഇതിന് ഒരു ഇൻസെന്റീവ് പ്രഖ്യാപിച്ചത്. ഒരു ടൺ ചരക്ക് ഒരു കിലോമീറ്റർ കൊണ്ടുവരുന്നതിന് ഒരു രൂപ സബ്സിഡി നൽകാൻ രാജ്യത്ത് ആദ്യമായി തീരുമാനിച്ചത് കേരള ഗവൺമെന്റാണ്. ആ ആനുകൂല്യത്തിന്റെ കാലാവധി ഒരു കൊല്ലമായിരുന്നു. അത് അവസാനിച്ചപ്പോൾ വീണ്ടും ഒരു വർഷംകൂടി നീട്ടാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ ഈ മേഖലയിലുള്ള യാനങ്ങളുടെ പരിമിതിയുണ്ട്. മൂന്നര മീറ്റർ ആഴത്തിൽ ഓടുന്ന യാനങ്ങൾ ഇപ്പോൾ ഇല്ല അത് നിർമ്മിക്കുന്നവർക്ക് സബ്സിഡി നൽകുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഏതായാലും തിരക്കേറിയ റോഡുകളിൽ നിന്ന് 20 ശതമാനമെങ്കിലും ചരക്കുഗതാഗതം ജലമാർഗ്ഗമാക്കിമാറ്റണം എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് ഗവൺമെന്റ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ എല്ലാവിഭാഗം ആളുകളുമായും ചർച്ചചെയ്ത് യോജിച്ച് മുന്നോട്ടുപോകുന്നതായിരിക്കും. ചില മേഖലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

കുറച്ച് എതിർപ്പുകൾ ഉണ്ടായിരുന്നു. പ്രത്യേകിച്ചും മൽസ്യത്തൊഴിലാളി മേഖലയിൽ നിന്നാണ് എതിർപ്പ് ഉണ്ടായിരുന്നത്. 12 നോട്ടിക്കൽ മൈൽ അപ്പുറത്ത് കപ്പൽ യാത്ര ചെയ്യാം എന്നുള്ള ധാരണ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ കൊല്ലം പോർട്ടിൽ പാസഞ്ചർ കപ്പൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഓണത്തോടുകൂടി പാസഞ്ചർ കപ്പൽ കൊല്ലത്ത് കൊണ്ടുവരാൻ ശ്രമിക്കുകയാണ്. അങ്ങനെ കേരളത്തിലെ റോഡിലെ ചരക്കുഗതാഗതം ജലമാർഗ്ഗമാക്കി മാറ്റുന്നതിന് ഗവൺമെന്റ് സാധ്യമായ നടപടികളെല്ലാം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അഴീക്കൽ പോർട്ടിന്റെ വികസനത്തിനും സംസ്ഥാന ഗവൺമെന്റ് പ്രത്യേക താൽപ്പര്യം എടുത്തിട്ടുണ്ടെന്ന് ഞാൻ അറിയിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ബഹുമാനപ്പെട്ട മന്ത്രിക്കും അതുപോലെ തന്നെ ഗവൺമെന്റിനും അഴീക്കൽ പോർട്ടിന്റെ വികസനത്തെക്കുറിച്ച് അറിയാവുന്നതാണ്. പക്ഷേ നിർഭാഗ്യവശാൽ എല്ലാ സാധ്യതകളും ഉണ്ടായിട്ടും പോർട്ടിന്റെ വികസനം നടക്കാതെ പോവുകയാണ്. ഇപ്പോൾ കണ്ടെയ്നർ ഷിപ്പിംഗ് സർവ്വീസിന്റെ സാധ്യത ഗവൺമെന്റ് പരിശോധിക്കുന്നു എന്നു പറഞ്ഞു. അത് ഏതുവരെയായി? കേരളത്തിലെ മാത്രമല്ല മൈസൂറിൽ നിന്നുള്ള പേനർപോറും വികസനവുമായി ബന്ധപ്പെട്ട വിഷയത്തിൽ വന്നതാണ്. അനന്തമായ സാധ്യതയുള്ള ഒരു തുറമുഖമാണ്. താൽക്കാലികമായി കണ്ടെയ്നർ ഷിപ്പിംഗ് സർവ്വീസ് തുടങ്ങുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. അതിന്റെകാര്യങ്ങൾ എവിടെവരെ എത്തി എന്നുള്ളത് പറയാൻ കഴിയുമോ?

ശ്രീ. കെ. ബാബു: സർ, കണ്ടെയ്നർ ചരക്കുനീക്കം അഴീക്കൽ തുറമുഖത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കപ്പലുടമകൾ, കാർഗോ ഉടമകൾ, ഏജന്റുമാർ, കണ്ടെയ്നർ ക്രെയിൻ ഉടമകൾ എന്നിവരുടെ ഒരു യോഗം ജൂലൈ അഞ്ചാം തീയതി രാവിലെ 11.00 മണിക്ക് കണ്ണൂരിൽ വിളിച്ചു ചേർത്തിട്ടുണ്ട്. ആ തുറമുഖവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളും ഓരോ സെക്ടറിലുമുള്ള ആളുകളുടെ പ്രശ്നങ്ങളും ചർച്ച ചെയ്ത് തീരുമാനം ഉണ്ടാക്കാനും അഴീക്കൽ പോർട്ടിലൂടെയുള്ള കപ്പൽ ഗതാഗതം സജീവമാക്കാനും സാധിക്കും എന്ന് പ്രതീക്ഷിക്കുകയാണ്.

## 2. സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. ഹംസ: സർ, സഹകരണ മേഖലയുടെ മരണമണി മുഴങ്ങാതിരിക്കാൻ കേരള ഗവൺമെന്റ് നന്നായി ഇടപെടേണ്ട ഒരു കാലഘട്ടമാണിത്. സഹകരണമേഖലയിൽ ഇന്ത്യയുടെ സഹകരണ നിക്ഷേപത്തിന്റെ മൂന്നിൽ ഒരു ഭാഗം കേരളത്തിലാണെന്ന് ഈ ഗവൺമെന്റിനറിയാം. സഹകരണ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധികളിലൊന്ന് പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി ആർ.ബി.ഐ. നടപ്പാക്കുന്ന ചില പരിഷ്കാരങ്ങളാണ്. എസ്.എൽ.ആർ. 25 ശതമാനത്തിൽനിന്ന് 22.5 ശതമാനമാക്കി 5-6-2014-ന് ആർ.ബി.ഐ. ഒരു സർക്കുലർ ഇറക്കി. സി. എൽ.ആർ. 3 ശതമാനത്തിൽനിന്ന് 4 ശതമാനമാക്കി ഉയർത്തി. ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകളുടെ എസ്.എൽ.ആർ. മുഴുവൻ സംസ്ഥാന സഹകരണ ബാങ്കിലാണ് നിക്ഷേപിച്ചിട്ടുള്ളത്. 2015 ഏപ്രിൽ മാസം മുതൽ ജില്ലാ ബാങ്കുകളുടെ എസ്.എൽ.ആർ. സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ പാടില്ല. ഇത് മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റിയായാണ് നിക്ഷേപിക്കേണ്ടത്. ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചാൽ കേന്ദ്ര ഗവൺമെന്റിന് ഏകദേശം 70,000 കോടി രൂപ ഈ ഇനത്തിൽ കിട്ടും. ഇതിനുവേണ്ടിയാണ് ഗവൺമെന്റ് സെക്യൂരിറ്റിയിൽ മാത്രമേ ഇത് നിക്ഷേപിക്കാൻ പാടുള്ളൂവെന്ന് പറയുന്നത്. ഇങ്ങനെ നിക്ഷേപിച്ചാൽ ഉണ്ടാകുന്ന അവസ്ഥ എന്താണെന്നതിനെക്കുറിച്ച് കേരള ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. സംസ്ഥാന സഹകരണ ബാങ്കിൽ ഇന്ന് 6500 കോടിയോളം രൂപയാണ് നിക്ഷേപം. അതിൽ 5500 കോടിയോളം രൂപയുടെ നിക്ഷേപം ജില്ലാ ബാങ്കുകളുടേതാണ്. 4500 കോടി രൂപ സംസ്ഥാന സഹകരണ ബാങ്ക് വായ്പയും കൊടുത്തുകഴിഞ്ഞു. ജില്ലാ ബാങ്കുകളെല്ലാം 2015 ഏപ്രിൽ മാസം ഒന്നു മുതൽ എസ്.എൽ.ആർ. പിൻവലിച്ചാൽ, അത് ഗവൺമെന്റ് സെക്യൂരിറ്റിയിലേക്ക് കൊടുത്താൽ സംസ്ഥാന സഹകരണ ബാങ്ക് എവിടെനിന്ന് ഈ ഫണ്ട് കൊടുക്കും എന്നതും സംസ്ഥാന സഹകരണ ബാങ്ക് നിലനിൽക്കുമോ എന്ന കാര്യവും പ്രശ്നമായി നിൽക്കുകയാണ്. ഈ ഗൗരവതരമായിട്ടുള്ള അവസ്ഥ നമ്മുടെ മുമ്പിൽ വരുന്നു. ഇപ്പോൾത്തന്നെ സംസ്ഥാന സഹകരണ ബാങ്കിന് 400 കോടിയോളം രൂപ നഷ്ടമാണ്.

അതോടൊപ്പം സംസ്ഥാനത്തെ ജില്ലാ ബാങ്കുകളുടെ സ്ഥിതിയും വലിയ പ്രശ്നത്തിലാണ്. ജില്ലാ ബാങ്കുകളിൽ ഇപ്പോൾ സി.ആർ.എ.ആർ. നോംസ് ഉണ്ട്. പ്രസ്തുത നോംസ് അനുസരിച്ച് ജില്ലാ ബാങ്കിൽ 7 ശതമാനം സി.ആർ.എ.ആർ. വേണം. 14 ജില്ലാ ബാങ്കുകളിൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ, ഇടുക്കി എന്നീ 4 ജില്ലാ ബാങ്കുകൾക്കാണ് സി.ആർ.എ.ആർ. 7 ശതമാനമുള്ളത്. ബാക്കി 10 ബാങ്കുകൾക്ക് സി.ആർ.എ.ആർ. ഇല്ല. 2015 മാർച്ച് 31-നുള്ളിൽ 7 ശതമാനവും 2017-ൽ അത് 9 ശതമാനവും സി.ആർ.എ.ആർ. ആക്കി ഉയർത്തണം. ആ സി.ആർ.എ.ആർ. ആക്കി ഉയർത്താൻ എങ്ങനെയാണ് ജില്ലാ ബാങ്കുകൾക്ക് കഴിയുക? അപ്പോൾ ജില്ലാ ബാങ്കുകളും വലിയ പ്രതിസന്ധിയാണ്. ഈ പ്രതിസന്ധിയിൽനിന്ന് സി.ആർ.എ.ആർ. ആക്കാൻവേണ്ടി ഗവൺമെന്റ് സപ്പോർട്ട് ചെയ്തിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 375 കോടി രൂപ ജില്ലാ ബാങ്കുകൾക്ക് കൊടുത്തു. ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 70 കോടി രൂപയും വീണ്ടും 120 കോടി രൂപയും കൊടുത്തിട്ടുണ്ട്. എന്നിട്ടും സി.ആർ.എ.ആർ.-ലേക്ക് നമ്മുടെ 10 ജില്ലാ ബാങ്കുകൾക്കും എത്താൻ കഴിഞ്ഞിട്ടില്ല. ആ 10 ജില്ലാ ബാങ്കുകളും മരണത്തെ കാത്തുകഴിയുകയാണ്. ഈ അവസരത്തിൽ നമ്മുടെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതി വരുത്തണം. ആർ.ബി.ഐ. കൊടുത്ത പുതിയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ വലിയ പ്രതിസന്ധിയാണ് നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതോടൊപ്പം സ്റ്റേറ്റ് ഗവൺമെന്റ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. ആ തീരുമാനങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ മനസ്സിലാക്കി സംസ്ഥാന ഗവൺമെന്റ് ഇടപെടണം. സംസ്ഥാന ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

ചില സഹായങ്ങൾ ചെയ്യാൻ സാധിക്കും. ഒന്ന്, നമ്മളിവിടെ കൊണ്ടുവന്നിട്ടുള്ള റിസ്ക് ഫണ്ടാണ്. സഹകരണ രംഗത്ത് വന്നിട്ടുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നതാണ് സഹകരണ റിസ്ക് ഫണ്ട്. ആ റിസ്ക് ഫണ്ട് ഇന്ന് ആർക്കാണ് കിട്ടുന്നത്? മരണപ്പെട്ട ആൾക്ക് റിസ്ക് ഫണ്ടിൽനിന്ന് പണം കൊടുത്ത് വായ്പ തിരിച്ചടയ്ക്കാൻ വേണ്ടിയുള്ള സഹായം ചെയ്യാനാണ് റിസ്ക് ഫണ്ട് ഏർപ്പെടുത്തിയത്. എന്നാൽ ആ റിസ്ക് ഫണ്ടിന്റെ നോംസിൽ പറയുന്നത്, എല്ലാ മാസവും കൃത്യമായി അടയ്ക്കുന്ന ആൾക്ക് മാത്രമേ റിസ്ക് ഫണ്ടിന്റെ ആനുകൂല്യം കിട്ടൂ എന്നാണ്. ഒരാൾ ലോണെടുത്ത് ആറുമാസം കഴിഞ്ഞ് മരിച്ചാൽ, കാർഷിക വായ്പയാണെങ്കിൽ കൃഷിക്കാരൻ വർഷത്തിലൊരിക്കൽ വിളവെടുത്തതിനു ശേഷം മാത്രമാണ് അടയ്ക്കുന്നത്. ആറ് മാസത്തിനുള്ളിൽ മരണപ്പെട്ടാൽ ആ റിസ്ക് ഫണ്ടിന്റെ ആനുകൂല്യം അവർക്ക് കിട്ടുന്നില്ല. വായ്പ വർഷത്തിൽ ഒരിക്കൽ അടച്ച ആളാണെങ്കിൽപ്പോലും റിസ്ക് ഫണ്ടിന്റെ ആനുകൂല്യം കൊടുക്കാൻ റൂൾസിൽ അമെന്റ്മെന്റ് വരുത്തി റിസ്ക് ഫണ്ടിന്റെ അർത്ഥം നമ്മുടെ നാട്ടിൽ നടപ്പാക്കാൻ കഴിയണം. ഇപ്പോൾ ഒരു ലക്ഷം രൂപ വായ്പയെടുത്തിട്ടുള്ള ഒരു കൃഷിക്കാരൻ 9,400 രൂപ മാസം അടയ്ക്കണം. 9,400 രൂപ വച്ച് ഓരോ മാസവും അടയ്ക്കാൻ കഴിയുന്ന എത്ര കൃഷിക്കാരനും എത്ര പാവപ്പെട്ടവനും ഉണ്ട്?

സർ, എനിക്ക് ഒന്ന് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറയാനുണ്ട്. റിസ്ക് ഫണ്ട് യാഥാർത്ഥ്യമാക്കണമെങ്കിൽ അതിൽ മാറ്റംവരുത്തേണ്ടതുണ്ട് എന്നതാണ് ഒരു കാര്യം. മറ്റൊന്ന്, ഈ റിസ്ക് ഫണ്ടിന്റെ ആനുകൂല്യത്തിനുവേണ്ടി എ.ആർ., ജെ. ആർ. മുഖാന്തിരം രജിസ്ട്രാറിലേക്ക് എത്തണം. ഇത് രജിസ്ട്രാറിലേക്ക് എത്തുമ്പോൾ എന്ന് ഇതിന്റെ ആനുകൂല്യം കിട്ടും? അതിന് നിയമഭേദഗതി വരുത്തണം. മൂന്ന് മാസത്തിനുള്ളിൽ റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൊടുക്കുമെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം ഉദ്യോഗസ്ഥന്മാർക്ക് ലഭിക്കാൻ കഴിയത്തക്കരീതിയിൽ ഉത്തരവിട്ടാൽ മാത്രമേ റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കിട്ടുകയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിയാറായി. ഇപ്പോൾ ആറ് മിനിട്ടായി.

ശ്രീ. എം. ഹംസ: സർ, ഇത് സഹകരണ മേഖലയുടെ ഏറ്റവും പ്രധാനപ്പെട്ടകാര്യമാണ്. കുറച്ചു സമയംകൂടി തരണം. വളരെ പ്രധാനപ്പെട്ട കാര്യങ്ങളിലൊന്നാണ് കാർഷിക കടാശ്വാസം. കാർഷിക കടാശ്വാസത്തിൽ 20,000 രൂപ വരെ സഹകരണ ബാങ്കുകൾ വിട്ടുകൊടുക്കുന്നുണ്ട്. 50,000 രൂപയിൽ 20,000 രൂപ വരെ കാർഷിക കടാശ്വാസം കിട്ടണം. 30,000 രൂപ അടച്ച് ഗവൺമെന്റിൽനിന്ന് കിട്ടുന്ന 20,000 രൂപയ്ക്ക് ബാങ്കുകൾ കാത്തുകെട്ടി നിൽക്കണം. ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർക്ക് ഇത് നന്നായിട്ടറിയാം. അദ്ദേഹം ഇത് ശ്രദ്ധിക്കുന്നുണ്ടാകുമെന്ന് തോന്നുന്നു. ആ കാർഷിക കടാശ്വാസം വളരെ കൃത്യമായി കിട്ടാനാവശ്യമായ ഇടപെടൽ ഗവൺമെന്റ് നടത്തണം. മറ്റൊന്ന്. മെമ്പേഴ്സ് റിലീഫ് ഫണ്ടാണ്. മെമ്പേഴ്സ് റിലീഫ് ഫണ്ടിലേക്ക് 10 ശതമാനം തുക അടയ്ക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. കോ-ഓപ്പറേറ്റീവ് ആക്ട് അനുസരിച്ച് 25 ശതമാനം സ്റ്റാറ്റ്യൂട്ടറി റിസർവ് വയ്ക്കണം, 5 ശതമാനം പ്രൊഫഷണൽ എഡ്യൂക്കേഷണൽ ഫണ്ട് വയ്ക്കണം. ആക്ട് ഇല്ലാതെ റൂൾസ് അനുസരിച്ച് 10 ശതമാനം ഇപ്പോൾ മെമ്പേഴ്സ് റിലീഫ് ഫണ്ടും അടയ്ക്കണം. അത് നിയമവിരുദ്ധമാണ്. ആക്ടിലുള്ള തുകയേക്കാൾ അപ്പുറം റൂൾസ് അനുസരിച്ച് 10 ശതമാനം അടയ്ക്കാൻ പറയുന്നത് ശരിയല്ല. മെമ്പേഴ്സ് റിലീഫ് ഫണ്ടുമായി ബന്ധപ്പെട്ട അപാകത പരിഹരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.... പ്ലീസ് കൺക്ലൂഡ്. ഏഴ് മിനിട്ട് കഴിഞ്ഞു.

ശ്രീ. എം. ഹംസ: സർ, മെമ്പേഴ്സ് റിലീഫ് ഫണ്ട് അടയ്ക്കുന്നത് ലാഭത്തിലുള്ള ബാങ്കാണ്. ആ ലാഭത്തിലുള്ള ബാങ്ക് ഇൻകംടാക്സ് 30 ശതമാനം കൊടുക്കണം. ബഹുമാനപ്പെട്ട ചെയറിന് അക്കാര്യം മനസ്സിലാകും എന്ന് തോന്നുന്നു. അങ്ങും സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ആളായതുകൊണ്ട് പറയുകയാണ്. 35+10=45+30 ശതമാനം ഇൻകംടാക്സ്. പിന്നെ ബാങ്കിന്റെ സി.ആർ.എ.ആർ. ഉണ്ടാക്കാൻ വേറെ എന്താണ് മാർഗ്ഗം? അപ്പോൾ വലിയൊരു പ്രതിസന്ധി സഹകരണ മേഖല അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇത് ചർച്ച ചെയ്യേണ്ട സമയത്ത് മനസ്സിലാക്കിയില്ലെങ്കിൽ ഇടപെടാൻ ഗവൺമെന്റിന് കഴിയില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്. മെമ്പേഴ്സ് ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീമുണ്ട്. ആ സ്കീം പ്രകാരം ഒരു ബാങ്കിന് 250 കോടി രൂപയാണ് നിക്ഷേപം. അടുത്തകൊല്ലം 300 കോടി രൂപയാണ് നിക്ഷേപം. ഓരോ വർഷം മാർച്ച് 31-ന്റെയും ഔട്ട്സ്റ്റാന്റിംഗ് അനുസരിച്ച് 100 രൂപയ്ക്ക് 10 രൂപ വച്ച് നമ്മൾ ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീമിൽ അടയ്ക്കണം. അപ്പോൾ നിയമം ഭേദഗതി വരുത്തണമെന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്. ആകെയുള്ള ഔട്ട്സ്റ്റാന്റിംഗ് തുക ഒരിക്കൽ അടച്ചുകഴിഞ്ഞാൽ പിന്നീട് വരുന്ന വർദ്ധനവിനനുസരിച്ച് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ പണമടച്ചാൽ മതിയെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചതാണെങ്കിലും അതിന്റെ നിയമം നടപ്പാക്കിയിട്ടില്ല. ആ നിയമവും നടപ്പാക്കണം. ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമായി സഹകരണ ബാങ്കുകൾക്ക് ഗവൺമെന്റ് കൊടുക്കേണ്ട പലിശ ഗവൺമെന്റ് കൊടുക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാം പറഞ്ഞുകഴിഞ്ഞു.

ശ്രീ. എം. ഹംസ: സർ, ഇനിയും പറയാൻ ഒരുപാടുണ്ട്. പക്ഷേ പറയുന്നില്ല. ഇതെല്ലാംകൂടി ചേർന്ന് സഹകരണ പ്രസ്ഥാനത്തിന് മരണമണി മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കണം. പുതിയ ടെക്നോളജിയുമായി ബന്ധപ്പെട്ട സി.ടി.എസ്. ചെക്കിന്റെ പ്രശ്നമുണ്ട്, എ.ടി.എം.-ന്റെ പ്രശ്നമുണ്ട്, അതുപോലുള്ള പ്രശ്നങ്ങളെല്ലാം വച്ചുകൊണ്ട് സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കാൻ, കേരളത്തിലെ ജനങ്ങളെ രക്ഷിക്കണമെങ്കിൽ സഹകരണ പ്രസ്ഥാനം നിലനിൽക്കണം. അതിനുവേണ്ടിയുള്ള ഇടപെടൽ വേണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ എം. ഹംസ ഇവിടെ ചൂണ്ടിക്കാണിച്ച രണ്ടുമൂന്നു കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഒന്ന്, നിശ്ചിത മൂലധന പര്യാപ്തത-സി.ആർ.എ.ആർ. രണ്ട്, ആദായ നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. മൂന്നാമത്, പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശകൾ. ഇതിൽ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽവരുന്നത് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളുമാണ്. സെക്ഷൻ 11 (i) പ്രകാരമുള്ള നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കണമെന്ന ആർ.ബി.ഐ.-യുടെ കർശനമായ നിർദ്ദേശം നിലവിലുണ്ട്. അത് പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിച്ച് വായ്പ നൽകുന്നതിനും റിസർവ്വ് ബാങ്ക് ലൈസൻസ് ഉള്ളതുമായ സഹകരണ ബാങ്കുകൾ ആർ.ബി.ഐ.-യുടെ ബാങ്കിംഗ് വിഷയത്തിലുള്ള നിർദ്ദേശങ്ങൾ നടപ്പാക്കാൻ ബാധ്യസ്ഥമാണ്. ബാങ്കുകളുടെ അംഗങ്ങളുടെയും നിക്ഷേപകരുടെയും താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി സി.ആർ. എ.ആർ. നോംസ് പ്രകാരമുള്ള കുറഞ്ഞ മൂലധന പര്യാപ്തത ഉറപ്പാക്കിയില്ലെങ്കിൽ സംസ്ഥാന ബാങ്കിന്റെയും ജില്ലാ ബാങ്കുകളുടെയും ലൈസൻസ് നഷ്ടമാകും. സി.ആർ.എ.ആർ.-ന് ഒരു ഗുണമുള്ളത്, പൊതുമേഖലാ ബാങ്കുകൾ ആണെങ്കിൽപ്പോലും ആ ബാങ്കുകൾ capital adequacy കൈവരിക്കണമെന്നത് ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇൻഡ്യയിലെ ഒരു പ്രൈം ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ. അതിന്റെ ക്യാപിറ്റൽ ബേസ് വർദ്ധിപ്പിക്കാനുള്ള തീരുമാനം പാർലമെന്റ് എടുക്കുകയുണ്ടായി. ബാങ്കുകളുടെ ക്യാപിറ്റൽ ബേസ് ശക്തിപ്പെടുത്തേണ്ടതും ക്യാപിറ്റൽ ആഡിക്വസി ഉണ്ടാകേണ്ടതും ഒരു ധനകാര്യ സ്ഥാപനത്തിന്റെ നിലനിൽപ്പിന് ഏറ്റവും ആവശ്യമാണ്. നിക്ഷേപകരുടെ സംരക്ഷണത്തിനും അത് അത്യാവശ്യം തന്നെയാണ്. കോഴിക്കോട് ജില്ലാ ബാങ്കിന് ഇപ്പോൾത്തന്നെ സി.ആർ.എ.ആർ. 9 ശതമാനം ആയിക്കഴിഞ്ഞു. നിശ്ചിത മൂലധന വ്യാപ്തി വർദ്ധിപ്പിക്കേണ്ടത് തെറ്റാണെന്ന് നമുക്ക് പറയാൻ കഴിയില്ല. ആരോഗ്യപരമായ ബാങ്കിംഗ് ഇടപാടുകൾക്ക് അത് നല്ലൊരു സമീപനമാണ്. പക്ഷെ അത് അച്ചീവ് ചെയ്യാനുള്ള ചില പ്രശ്നങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. ആ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ ദിവസം നിയമസഭതന്നെ ജില്ലാ സഹകരണ ബാങ്കുകളിൽ വ്യക്തിഗത നിക്ഷേപകനെയോ വായ്പക്കാരനെയോ 'നാമമാത്ര' അല്ലെങ്കിൽ 'അസോസിയേറ്റ്' അംഗം ആക്കുന്നതിന് സഹകരണ നിയമത്തിലെ 2,18 വകുപ്പുകൾ ഭേദഗതി വരുത്തിയത്. 'നാമമാത്ര' അംഗങ്ങളായ വ്യക്തികളിൽനിന്നും കുറഞ്ഞ തുക മാത്രമേ ഓഹരിയായി സ്വീകരിക്കുകയുള്ളൂ. മാത്രവുമല്ല, സഹകരണ ബാങ്കുകളോടുള്ള ജനങ്ങളുടെ വിശ്വാസ്യതയും സമീപനവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇടപാടുകാർ മറ്റു ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളെ ആശ്രയിക്കുമെന്നുള്ള ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. നിക്ഷേപവും വായ്പയുമുള്ള വ്യക്തികളെ 'നാമമാത്ര' അംഗങ്ങളാക്കുന്ന ജില്ലയിലെ ധനസഹായ ബാങ്കായ ജില്ലാ ബാങ്ക് തങ്ങളുടേത് കൂടിയാണെന്ന വിശ്വാസം ഉറപ്പുവരുത്തുന്നതാണ്. അതുകൊണ്ട്

സി.ആർ.എ.ആർ.-നെ സംബന്ധിച്ചിടത്തോളം അതിന് കാലാവധി വച്ചിട്ടുണ്ട്. 2016 ആകുമ്പോഴാണ് 9 ശതമാനത്തിലേക്ക് എത്തേണ്ടതായിട്ടുള്ളത്. അതിന് ആവശ്യമായ ഭേദഗതി നമ്മൾ വരുത്തുകയും ഒരു financial adequacy ഉണ്ടാക്കത്തക്ക നിലയിലുള്ള നടപടികൾ ഈ നിയമസഭതന്നെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടാമതായി ശ്രീ. എം. ഹംസ പറഞ്ഞത്, ആദായ നികുതി നൽകേണ്ടിവരുന്നു എന്ന ഇഷ്യു ആണ്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഗവൺമെന്റ് തന്നെ കാലാകാലങ്ങളായി അതിനെ എതിർത്തു പോകുന്ന ഒന്നാണ്. 2006-07-ലെ ഫിനാൻസ് ആക്ട് പ്രകാരം 2006-07 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും ബിസിനസ് വരുമാനത്തിന് ആദായ നികുതി അടയ്ക്കേണ്ടി വരികയും 80 (പി) പ്രകാരമുള്ള ഇളവുകൾ പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾക്കും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു. ഇതുമുഖേന സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ ബിസിനസ് വരുമാനത്തിന് നികുതി അടയ്ക്കേണ്ടതായിട്ടുണ്ട്. ആദായ നികുതി നിയമത്തിന്റെ 80(പി) പ്രകാരമുള്ള ഇളവ് ഒഴിവാക്കിയതിലൂടെ സംസ്ഥാന-ജില്ലാ ബാങ്കുകളിലെ അംഗങ്ങൾ നൽകുന്ന ലാഭ വിഹിതം കുറയുന്നു. അതോടൊപ്പംതന്നെ 2006-07-ൽ ആദായ നികുതി നിയമത്തിലെ 80(പി) അനുസരിച്ചുള്ള ഇളവ് സഹകരണ മേഖലയിൽ പ്രാഥമിക സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ സമയത്ത് 12-ാം കേരള നിയമസഭ തന്നെ ഐകകണ്ഠ്യേന ഒരു പ്രമേയത്തിലൂടെ കേന്ദ്ര ഗവൺമെന്റിനോട് ഇത് ആവശ്യപ്പെട്ടിരുന്നു. നിരവധി സമയങ്ങളിൽ പാർലമെന്റ് മെമ്പർമാർ ഇത് പാർലമെന്റിൽ ഉന്നയിച്ചതാണ്. ഞാനും അന്നത്തെ സംസ്ഥാന സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ ഉൾപ്പെടെയുള്ളവരും അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പ്രണബ് മുഖർജിയെ കണ്ട് റെപ്രസന്റ് ചെയ്തൊരുകാര്യമാണ്. ഇപ്പോഴും കേരളത്തിലെ എം.പി.മാർക്ക് അടുത്ത പാർലമെന്റ് സമ്മേളനത്തിൽ ഉന്നയിക്കേണ്ട കുറിപ്പുകളിൽ സംസ്ഥാന ഗവൺമെന്റ് ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുവേണ്ടിയുള്ള ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കേണ്ട എന്നുള്ള നിലപാടാണ് നമ്മൾ എടുത്തിരിക്കുന്നത്. അത് നടപ്പാക്കി കഴിഞ്ഞാലുണ്ടാകുന്ന പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് അത്തരം ഒരു നടപടി ഗവൺമെന്റ് സ്വീകരിച്ചത്. റിസർവ്വ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്ക് അനുസൃതമായ ബന്ധപ്പെട്ട സംസ്ഥാന സഹകരണ നിയമങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപവും വായ്പയും ഓഹരി തുകയും ജില്ലാ സഹകരണ ബാങ്കുകളിലേക്ക് മാറ്റാവുന്നതാണെന്നും പ്രാഥമിക സംഘങ്ങൾ ജില്ലാ ബാങ്കിന്റെ ബിസിനസ് കറസ്പോണ്ടൻസായി പ്രവർത്തിക്കണമെന്നും നിർദ്ദേശിച്ച് 22-7-2013-ൽ നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും



LIBRARY ARCHIVES Kerala Legislative Assembly

സർക്കുലർ നൽകിയിരുന്നു. പക്ഷേ ആ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു നടപടിയും സ്വീകരിക്കേണ്ട എന്നാണ് സംസ്ഥാന ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുള്ളത്. പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശകൾ കേരളത്തിൽ നടപ്പാക്കാൻ കഴിയില്ല എന്ന് പരാമർശിച്ച് സഹകരണ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ മന്ത്രിക്കും കൃഷി വകുപ്പുമന്ത്രിക്കും കത്ത് അയച്ചിട്ടുള്ളതാണ്. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് പുറപ്പെടുവിച്ച സർക്കുലർ നിർബന്ധപൂർവ്വം നടപ്പാക്കേണ്ടതില്ല എന്ന് നബാർഡ് തന്നെ 6-9-2013-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് അങ്ങിവിടെ ചൂണ്ടിക്കാണിച്ച രണ്ട് കാര്യങ്ങളിലും ഗവൺമെന്റിന് വ്യത്യസ്ത അഭിപ്രായമില്ല. നമ്മുടെ സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾക്കാണ് മുൻതൂക്കം കൊടുക്കുന്നത്. ആർ.ബി.ഐ. ചില നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് സഹകരണ സ്ഥാപനത്തിന് ഗുണകരമാണെങ്കിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. സി.ആർ.എ.ആർ.-ന്റെ കാര്യത്തിൽ ഗുണകരമാണ് എന്ന് കണ്ടതുകൊണ്ടാണ് നമ്മുടെ ബാങ്കുകൾക്ക് അത്തരം ക്യാപിറ്റൽ ബേസ് ഉണ്ടാക്കാനുള്ള കഴിവുണ്ട് എന്നതിനാൽ അത് അംഗീകരിക്കുകയും അതിനാവശ്യമായ ഭേദഗതികൾ നിയമത്തിൽ വരുത്തുകയും ചെയ്തിട്ടുള്ളത്. അതുകൊണ്ട് ആശങ്കയുടെ ആവശ്യമില്ല. കേന്ദ്ര ഗവൺമെന്റോ, ആർ.ബി.ഐ.-യോ പറയുന്നകാര്യങ്ങൾ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഗുണകരമല്ല എങ്കിൽ അത് റെസിസ്റ്റ് ചെയ്യാനും അത് മാറ്റിയെടുക്കാനുമുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

ശ്രീ. എം. ഹംസ: സർ, സഹകരണ പ്രസ്ഥാനം ഇന്ന് വലിയൊരു മാറ്റത്തിന് വിധേയമാകുകയാണ്. അതുകൊണ്ട് പുതിയ കാലത്തിനനുസരിച്ച് സഹകരണ പ്രസ്ഥാനത്തെ നിലനിർത്തുന്നതിനുവേണ്ടി കഴിയത്തക്ക രീതിയിൽ സഹകാരികളെയും എം.എൽ.എ. മാരെയും വച്ചുകൊണ്ട് (മുമ്പ് സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയൻ മന്ത്രിയായിരുന്ന സന്ദർഭത്തിൽ നടത്തിയതുപോലെ) ഒരു ശിൽപ്പശാല നടത്തി സഹകരണ പ്രസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠകൾ പരിഹരിക്കാനുള്ള നീക്കം നടത്തുമോ എന്നുള്ളതാണ് ഒരു ചോദ്യം. രണ്ടാമതായി ഒരു കാര്യം കൂടി, റിസ്ക് ഫണ്ടിലും മെമ്പേഴ്സ് റിലീഫ് ഫണ്ടിലും കേരള ഗവൺമെന്റിന് വരുത്തേണ്ട മാറ്റങ്ങൾ വരുത്തുമോ എന്ന് വ്യക്തമാക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, മെമ്പേഴ്സ് റിലീഫ് ഫണ്ടിൽ ലാഭത്തിൽ നിന്ന് 10 ശതമാനം അംഗങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നതിന് രൂപീകരിക്കുന്ന ഫണ്ടിലേക്ക് അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരട് ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന്റെ നിരക്കു കുറയ്ക്കുന്ന കാര്യം ചട്ടം ഫൈനലൈസ് ചെയ്യുമ്പോൾ പരിഗണിക്കാവുന്ന ഒന്നാണ്. ശിൽപ്പശാല നല്ലൊരു സജഷനാണ്. We will consider it after proper discussions.

# IV സബ്മിഷൻ

## 1. കേസ്സുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ

ശ്രീ. പി. കെ. ബഷീർ: സർ, സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും, എക്സൈസ് റവന്യൂ ഓഫീസുകളിലുമൊക്കെയായി കേസ്സുകളിൽപ്പെട്ടു കിടക്കുന്ന വാഹനങ്ങൾമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് അനധികൃതമായി മണൽ കൊണ്ടുപോയ വാഹനങ്ങൾ അല്ലെങ്കിൽ മറ്റു സാധനങ്ങൾ കടത്തിക്കൊണ്ടുപോയി നിയമവിധേയമല്ലാതെ പ്രവർത്തിച്ച വാഹനങ്ങളൊക്കെ പോലീസ് സ്റ്റേഷനുകളിലും റവന്യൂ ഓഫീസുകളിലും എക്സൈസ് ഓഫീസിലും കെട്ടിക്കിടക്കുകയാണ്. മണൽവണ്ടി പിടിച്ചാൽ ആ മണൽവണ്ടി ലേലം ചെയ്യുന്നതിന് പുതിയ നിയമം കഴിഞ്ഞ കാലങ്ങളിൽ ഉണ്ടാക്കി. അതുകൊണ്ട് അത്തരം വാഹനങ്ങൾ വേഗം ലേലം ചെയ്തു പോകുന്നു. നമ്മുടെ സംസ്ഥാനത്ത് അനധികൃത വാഹനങ്ങൾ, ഉടമസ്ഥർ ഇല്ലാത്ത വാഹനങ്ങൾ എന്നിവ ലേലം ചെയ്യുന്നതിനും കണ്ടുകെട്ടുന്നതിനുമുള്ള നിയമം 1964-ലാണ് ഉണ്ടാക്കിയത്. ആ നിയമപ്രകാരം ഒരു വണ്ടി പിടിച്ചാൽ ആ വണ്ടിയുടെ ഉടമസ്ഥൻ വരാതിരുന്നാൽ ആ വണ്ടി ലേലം ചെയ്യുന്നതിന് നിലവിലെ നിയമപ്രകാരം 8 മാസമെടുക്കും. ഒന്നാമത് ആ വണ്ടി ലേലം ചെയ്യേണ്ടത് സബ്കളക്ടർ അല്ലെങ്കിൽ ആർ.ഡി.ഒ. ആണ്. സബ്കളക്ടർ/ആർ.ഡി.ഒ. ആദ്യം അതിന്റെ വില നിശ്ചയിക്കും. വില നിശ്ചയിക്കാൻ ആർ.ടി. ഓഫീസിലേക്ക് കൊടുത്തതിനുശേഷം ഇത് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കണം. ഇത് ഗസറ്റിൽ വരണമെങ്കിൽ മൂന്ന് മാസം എടുക്കും. ഗസറ്റ് വിജ്ഞാപനം വന്നതിനുശേഷം നടപടിക്രമമനുസരിച്ച് ലേലം ചെയ്യാൻ പത്രത്തിൽ പരസ്യം കൊടുക്കണം. അങ്ങനെ ഏകദേശം 8 മാസമെടുക്കും. ലേലം വച്ചതിനുശേഷം ആരെങ്കിലും വന്നിട്ടില്ലെങ്കിൽ രണ്ടാമത് ലേലം ചെയ്യാനായി വീണ്ടും ഗസറ്റ് നോട്ടിഫിക്കേഷൻ വന്ന് അതിനുശേഷം പത്രത്തിൽ പരസ്യം കൊടുത്തുവരുമ്പോൾ പിന്നെയും 8 മാസം കഴിയുകയാണ്. നടപടിക്രമത്തിലുള്ള കാലതാമസമാണ് ഇതുപോലുള്ള വാഹനങ്ങൾ കെട്ടിക്കിടക്കാൻ കാരണം. ഉദാഹരണത്തിന് മലപ്പുറം ജില്ലയിൽ 17000-ത്തോളം വണ്ടികൾ കെട്ടിക്കിടക്കുന്നുണ്ട്. ഞാൻ മലപ്പുറം ജില്ലയിലെ കണക്ക് പറഞ്ഞുവെന്നേയുള്ളൂ. ഇത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുമുണ്ട്. അതിൽ 8000 വാഹനങ്ങൾ ഇതുപോലെ ഉടമസ്ഥൻമാർ കൊണ്ടുപോകാതെ ഏറ്റെടുക്കാത്ത വാഹനങ്ങളാണ്. ഈ വാഹനങ്ങൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളുണ്ടാകണം. ഒന്നുകിൽ ലേലം ചെയ്യുക, അല്ലെങ്കിൽ സ്ക്രാപ്പിന് കൊടുക്കാനേ സാധിക്കുകയുള്ളൂ. 8 കൊല്ലമൊക്കെ കഴിഞ്ഞ വാഹനങ്ങൾകൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ല. ഇപ്പോൾ എല്ലാ വണ്ടികൾക്കുമുൻപിലും കാടുപിടിച്ച് കിടക്കുകയാണ്. റോഡിന്റെ ഇരുസൈഡിലും കാട് പിടിച്ചിരിക്കുന്നതു കാരണം മോട്ടോർ സൈക്കിൾ അപകടങ്ങളും മറ്റും ഉണ്ടാകാറുണ്ട്. ഇതിന് ഒരു മാറ്റമുണ്ടാകാൻ, ഒന്നുകിൽ നിലവിലെ നിയമത്തിന് ഭേദഗതി വരുത്തി 3 മാസം കൊണ്ട് ഇത് ലേലം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണം. അതല്ലാ ആൾ വന്നിട്ടില്ലെങ്കിൽ വണ്ടി തുരുമ്പ് പിടിച്ചതാണെങ്കിൽ സ്ക്രാപ്പിന് കൊടുക്കണം. ലേലം ചെയ്യാൻ ബുദ്ധിമുട്ടാണെങ്കിൽ SILK പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു വില നിശ്ചയിച്ചു കൊടുക്കണം. അതിനുള്ള ഒരു സംവിധാനമുണ്ടാക്കി നാടിനെ രക്ഷിക്കണമെന്നാണ് പറയാനുള്ളത്. എല്ലാ റോഡുകളും ബ്ലോക്കാണ്. റോഡിന്റെ ഇരുസൈഡിലും ബ്ലോക്കാണ്. കളക്ടറേറ്റിലോ, പോലീസ് സ്റ്റേഷന്റെ മുൻപിലേക്കോ പോകാൻ കഴിയില്ല. എവിടെയാണ് നമുക്ക് പോകാൻ സാധിക്കുക? നമ്മളൊക്കെ ജനപ്രതിനിധികളാണ്. നിയമനിർമ്മാണ സഭയാണിത്. ഈ നിയമ നിർമ്മാണസഭയിൽ നമുക്ക് ഒരു നിയമം ഉണ്ടാക്കിക്കൂടേ? ഗവൺമെന്റ് ഇതുസംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാനത്ത് വിവിധ കുറ്റകൃത്യങ്ങളിലും അബ്കാരി കേസ്സുകളിലും Protection of River Banks and Regulation of Removal of Sand Act, The Essential Commodities Act എന്നിവ പ്രകാരവും പിടിച്ചെടുക്കുന്ന വാഹനങ്ങൾ കേസ് തീർപ്പുകല്പി ക്കുന്നതുവരെയും ചിലപ്പോൾ അതിനുശേഷവും വിവിധ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡരുകിലും സൂക്ഷിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പിടിച്ചെടുത്ത വാഹനങ്ങളുടെ കാര്യം വേഗത്തിൽ തീർപ്പാക്കുന്ന തിനായി ചീഫ് സെക്രട്ടറി ചെയർമാനായി 17-4-2012-ൽ ഗവൺമെന്റ് ഒരു കമ്മിറ്റി ഫോം ചെയ്തു. പോലീസ് സ്റ്റേഷനുപുറമേ എക്സൈസ് ഓഫീസു കളിലും റവന്യൂ ഓഫീസുകളിലും വണ്ടികൾ കിടക്കുന്നുണ്ട്. 6-6-2014 വരെ 37,914 വാഹനങ്ങൾ സംസ്ഥാനത്താകെ പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്ന് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ഇപ്പോൾ വീണ്ടും 28,888 വാഹനങ്ങളാണ് അവശേഷിക്കുന്നത്. അതിൽ 6666 വാഹനങ്ങൾ ഡിസ്പോസ് ചെയ്യാൻ സാധിക്കുന്ന നിലയിലുള്ളതാണ്. അതിനുവേണ്ടിയുള്ള നടപടികൾ വേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

അതുപോലെ, എക്സൈസ് ഡിപ്പാർട്ടുമെന്റിലും റവന്യൂ ഡിപ്പാർട്ടു മെന്റിലുമുള്ള, മറ്റ് നിയമ തടസ്സങ്ങളൊന്നുമില്ലാത്ത വാഹനങ്ങളും എത്രയും വേഗം ലേലം ചെയ്യുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞകാര്യം നിശ്ചയമായും ഗവൺമെന്റ് പരിശോധിക്കും. ഇതിന്റെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് കുറേക്കൂടി വേഗത്തിൽ ഡിസ്പോസ് ചെയ്യാൻ പറ്റുമോ എന്നകാര്യം പരിശോധിക്കും. വാഹനങ്ങൾ കെട്ടിക്കിടന്ന് നശിച്ചുപോകുന്നുണ്ട്. അതിലുപരി ഓഫീസുകളിൽ ഇത്തരം വാഹനങ്ങൾ സൂക്ഷിക്കുക എന്നുപറയുന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. കൂടാതെ ഇതൊരു നാഷണൽ വേസ്റ്റുകൂടിയാവുകയാണ്. അതുകൊണ്ട് അതിന് പരിഹാരമുണ്ടാക്കാനുള്ള നടപടികൾ ആലോചിക്കും.

LIBRARY ARCHIVES Kerala Legislative Assembly

## 2. ആർ.ഡി.ഒ. യുടെ ദുരൂഹമരണം

ശ്രീ. വി. ശിവൻകുട്ടി: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. ജൂൺ മാസം 20-ാം തീയതി 3.30-ന് തിരുവനന്തപുരം പ്രകൃതി ദുരന്തനിവാരണ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനും മുൻ തിരുവനന്തപുരം ആർ.ഡി.ഒ.-യും ലാൻഡ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറും ആയിരുന്ന എം. പ്രസന്നകുമാർ നൂറനാട് കെ.സി.എം. ആശുപത്രിയിലെ കുളിമുറിയിൽ ടൗവ്വൽബാറിൽ ഉടുത്തിരുന്ന മുണ്ട് കീറി ആ തുണി കഷണത്തിൽ കെട്ടിത്തൂങ്ങി മരിച്ചതായി 20-6-2014-ന് വൈകുന്നേരം 4.15-ന് ബന്ധുക്കൾക്ക് വിവരം ലഭിച്ചു. 8-6-2014-നാണ് അദ്ദേഹത്തെ ആ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സംഭവം അറിഞ്ഞ് പോലീസ് ആശുപത്രിയിൽ എത്തിയപ്പോൾ അദ്ദേഹത്തെ കട്ടിലിൽ കിടത്തിയിരിക്കുകയാണ് ചെയ്തിരുന്നത്. അദ്ദേഹത്തിന് ഏകദേശം ആറടി പൊക്കവും 100 കിലോ തൂക്കവുമുണ്ട്. ഒരു കുളിമുറിയിലെ ടൗവ്വൽതൂക്കുന്ന ചെറിയ ബാറിൽ അഞ്ച് കിലോ ഭാരമുള്ള സാധനം തൂക്കിയിട്ടാൽ അത് ഇളകി വീഴുന്നതാണ്. ഒരു ഡെപ്യൂട്ടി കളക്ടറായ അദ്ദേഹം അങ്ങനെ തൂങ്ങിയതാണെന്നുണ്ടെങ്കിൽ അധികാരികൾ രണ്ടുകാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഒന്ന്, ഒരു ആർ.ഡി.ഒ. ആയിരുന്ന അദ്ദേഹം തൂങ്ങി മരിച്ചുപോയിട്ടുണ്ടെങ്കിൽ അവിടുത്തെ ആർ.ഡി.ഒ.യും പോലീസ് ഉദ്യോഗസ്ഥരും ബന്ധുക്കളും വന്നതിനുശേഷംമാത്രമേ മൃതദേഹം ടൗവ്വൽബാറിൽനിന്ന് അഴിച്ചിറക്കാൻ പാടുള്ളായിരുന്നു. രണ്ട്, ജീവൻ അവശേഷിച്ചിട്ടുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോകണമായിരുന്നു. ഇതുരണ്ടും ബന്ധപ്പെട്ട ആൾക്കാർ ചെയ്യുന്നതിന് തയ്യാറായിട്ടില്ല.

കളമശ്ശേരി ഭൂമി തട്ടിപ്പുകേസ്സിലും കടകംപള്ളി ഭൂമി തട്ടിപ്പുകേസ്സിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അന്വേഷണത്തിലൊക്കെ അദ്ദേഹത്തെ മൂന്ന് പ്രാവശ്യം സി.ബി.ഐ. ചോദ്യം ചെയ്തിരിക്കുകയാണ്. ഈ ചോദ്യം ചെയ്ത അവസരത്തിൽ സംസ്ഥാനത്തെ പല ഉന്നതരുടേയും പേര് അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിനെതിരെ വിജിലൻസ് കേസ്സും നിലനിൽക്കുകയാണ്. പഞ്ഞടിപ്പാലം ഭൂമി തട്ടിപ്പുകേസ് സർക്കാരിന്റെതന്നെ ഉറക്കംകെടുത്തിയ സംഭവമാണ്, അതുമായി ബന്ധപ്പെട്ട് പല മന്ത്രിമാരുടെയും സലീംരാജ് പോലുള്ള ആൾക്കാരുടേയും ഉറക്കം കെടുത്തിയ വിഷയമാണ്. നിരവധി വിവരങ്ങൾ അന്വേഷണവുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞിരിക്കുകയാണ്. കഴിഞ്ഞദിവസം ഞാനും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായരും ആ വീട് സന്ദർശിക്കുവാൻ തയ്യാറായി. ആ വീട്ടുകാർ പറയുന്നത്, ഈ ആശുപത്രിയിൽ നിരന്തരമായ പീഡനമായിരുന്നുവെന്നാണ്. ഒരുപക്ഷേ പോലീസ് തന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ കാര്യം അങ്ങ് പറയുമായിരിക്കാം. നമ്മുടെ കൈകൊണ്ട് കഴുത്തിന്റെ രണ്ടുവശത്തും ഒന്നമർത്തി 15 മിനിട്ടുനേരം പിടിച്ചിരുന്നാൽ ആള് മരിക്കും, പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ തൂങ്ങിമരിച്ചുവെന്ന റിപ്പോർട്ട് തന്നെ വരും എന്ന കാര്യത്തിൽ സംശയമില്ല.

മി. ചെയർമാൻ: ശ്രീ. വി. ശിവൻകുട്ടി, മൂന്ന് മിനിറ്റായി, പ്ലീസ്..... കൺക്ലൂഡ്..... എല്ലാം പ്രധാനപ്പെട്ടതാണ്, ഇന്ന് ഒരുപാട് പ്രധാനപ്പെട്ട സബ്ജക്ടുകളുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഒരു മിനിറ്റുകൂടി, നൂറ് കിലോതൂക്കമുള്ള, ആറടിയോളം എന്നെക്കാൾ പൊക്കമുള്ള ഒരാൾ ടൗവ്വലിടുന്ന ബാറിൽ ഒരു തുണിക്കഷണത്തിൽ തൂങ്ങിനിൽക്കുക എന്നുപറഞ്ഞാൽ, ഇതെന്താ വെള്ളരിക്കാപ്പട്ടണമാണോ? കേട്ടിട്ട് ഒന്നുമല്ല എന്നുപറയാൻ; അയാൾ ഭൂമി തട്ടിപ്പ് കേസ്സിലെ പ്രതിയാണ്, ആരോ അയാളെ കൊന്നതാണ്. ആരെയൊക്കെയോ രക്ഷിക്കുന്നതിനുവേണ്ടി ആശുപത്രിയെ പ്രയോജനപ്പെടുത്തി അയാളെ കൊന്നതാണ്. അയാളുടെ ഭാര്യ ജയന്തി, മക്കളായ ആർഷ, ആര്യ ഇവർ മൂന്നുപേരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കും കത്ത് കൊടുത്തിരിക്കുകയാണ്. ആ കത്തിൽ പറയുന്നത്, 'എന്റെ ഭർത്താവ് എം. പ്രസന്നകുമാർ തിരുവനന്തപുരം കളക്ടറേറ്റിലെ ഡെപ്യൂട്ടി കളക്ടറായി ജോലി നോക്കിവരികയാണ്. ഭർത്താവിന് മദ്യപാന ശീലമുള്ളതിനാൽ അത് ഒഴിവാക്കുന്നതിനുവേണ്ടി ആലപ്പുഴ ജില്ലയിലെ നൂറനാട് കെ.സി.എം. ഹോസ്പിറ്റലിൽ 8-6-2014-ൽ അഡ്മിറ്റുചെയ്തിരുന്നു. 20-6-2014-ൽ ആശുപത്രിയിൽനിന്നും ആള് തൂങ്ങിമരിച്ച വിവരം അറിയിച്ചു.'

മി. ചെയർമാൻ: ബഹുമാനപ്പെട്ട ശിവൻകുട്ടി അഞ്ച് മിനിട്ടായി, സബ്മിഷനാണ്, പരമാവധി രണ്ടുമിനിട്ടാണ് നൽകുക. പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഒരുമിനിട്ടു കൂടി. 'എപ്പോഴാണെന്ന് അന്വേഷിച്ചപ്പോൾ 3.30-ന് ആണെന്നുപറഞ്ഞു. എന്റെ ഭർത്താവ് ആത്മഹത്യ ചെയ്തുവെന്ന് ഒരിക്കലും എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല' എന്നാണ് കത്തിൽ പറയുന്നത്. അസ്വസ്ഥനാകേണ്ട സർ.

മി. ചെയർമാൻ: ചെയറിനല്ല അസ്വസ്ഥത, സമയം കുറവാണ്. പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. വി. ശിവൻകുട്ടി: സർ, 'ഞാനും എന്റെ മക്കളും ഈ മരണത്തിൽ ദുരൂഹതയുള്ളതായി കാണുകയാണ്. ആയതിനാൽ ഈ മരണത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണമെന്നാണ്' അതിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് കടകംപള്ളി ഭൂമിതട്ടിപ്പിനെ സംബന്ധിച്ചും കളമശ്ശേരി ഭൂമി തട്ടിപ്പിനെ സംബന്ധിച്ചും ഇപ്പോൾ സി.ബി.ഐ. അന്വേഷിക്കുകയാണ്. ഈ ഭൂമി തട്ടിപ്പ് കേസ്സിലെ പ്രതികളെ രക്ഷിക്കുന്നതിനുവേണ്ടി പ്രസന്നകുമാറിനെ കൊല ചെയ്തതാണ്, അതിന് യാതൊരു തർക്കവുമില്ല. അതുകൊണ്ട് ഇപ്പോൾ സി.ബി.ഐ. നടത്തുന്ന അന്വേഷണത്തിൽ ഈ കൊലപാതകവുംകൂടി ഉൾപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടറായിരുന്ന, തിരുവനന്തപുരം കല്ലറ പഞ്ചായത്ത് 15-ാം വാർഡിൽ മിതൃമ്മല ദേശം പി. ജെ. നിവാസിൽ മാധവൻ

LIBRARY ARCHIVES Kerala Legislative Assembly

മകൻ പ്രസന്നകുമാർ, 54 വയസ്സ്, നൂറനാട് കെ.സി.എം. ഡീ-അഡിക്ഷൻ സെന്ററിൽ 8-6-2014-ന് അഡ്മിറ്റായി ചികിത്സിച്ചുവരവേ 20-6-2014 -ന് ആശുപത്രി മുറിക്കുള്ളിലെ കക്കൂസ്സിൽ തൂങ്ങി മരിച്ചതായി കാണപ്പെട്ടു. ഈ കാര്യത്തിൽ പ്രസന്നകുമാറിന്റെ സഹോദരൻ രാജേന്ദ്രന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ നൂറനാട് പോലീസ് Cr.P.C. 174 -ാം വകുപ്പ്പ്രകാരം ക്രൈം 813/2014 ആയി കേസ് രജിസ്റ്റർ ചെയ്തു. ചെങ്ങന്നൂർ ആർ. ഡി. ഒ. ഇൻക്വസ്റ്റ് നടത്തി. ഇൻക്വസ്റ്റ് വേളയിൽ പ്രസന്നകുമാറിന്റെ മരണത്തിൽ സംശയമുണ്ടെന്ന് ബന്ധുക്കൾ മൊഴി നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം മെഡിക്കൽകോളേജിലെ ഫോറൻസിക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ. ബൽറാമിന്റെ നേതൃത്വത്തിൽ പോസ്റ്റുമോർട്ടം നടത്തി. ഡോക്ടറെ കണ്ട് ചോദിച്ചതിൽ death due to hanging എന്നും ആന്തരികാവയവങ്ങളുടെ പരിശോധനയ്ക്കുശേഷമേ അന്തിമ അഭിപ്രായം പറയുവാൻ കഴിയുകയുള്ളൂ എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. നൂറനാട് പോലീസ് സബ് ഇൻസ്പെക്ടർ കേസ്സിന്റെ അന്വേഷണം നടത്തിവരുന്നു. മരണം സംബന്ധിച്ച് ബന്ധുക്കൾ പരാതി ഉന്നയിച്ച സാഹചര്യത്തിൽ ഈ കേസ്സിന്റെ തുടരന്വേഷണം ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത പ്രാപ്തനായ ഒരുദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കടകംപള്ളി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി കളക്ടറായിരുന്ന പ്രസന്നകുമാറിനെ വിജിലൻസ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്തിട്ടില്ല. കളമശ്ശേരി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ആറുമാസം മുൻപ് എറണാകുളം വിജിലൻസ് ഡിവൈ.എസ്.പി. പ്രസന്നകുമാറിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

### 3 കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിൽ 26-4-2013-ലുണ്ടായ കനത്ത വേനൽമഴയിലും ശക്തമായ കാറ്റിലും വൻതോതിൽ കൃഷിനാശം സംഭവിക്കുകയുണ്ടായി. പ്രസ്തുത പ്രദേശങ്ങൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സന്ദർശിച്ച് നാശനഷ്ടങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ടതാണ്. ഇതുസംബന്ധിച്ച് 12-6-2013, 6-1-2014 എന്നീ തീയതികളിൽ ഈ സഭയിൽ സബ്മിഷൻ അവതരിപ്പിക്കുകയും ചാല ദുരന്തത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ മാതൃകയിൽ സ്പെഷ്യൽ പാക്കേജിൽപ്പെടുത്തി പ്രദേശത്തെ 3253 കർഷകർക്ക് ധനസഹായമായി 11,39,84,000 (പതിനൊന്ന് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി എൺപത്തി നാലായിരം) രൂപ നൽകുമെന്ന് സഭയിൽ ഉറപ്പുനൽകുകയും ചെയ്തതാണ്. എന്നാൽ സംഭവം നടന്ന് ഒരുവർഷം കഴിഞ്ഞിട്ടും കർഷകർക്ക് ഇതുവരെ നഷ്ടപരിഹാരം ലഭിക്കുകയോ സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് അടിയന്തരമായ സഹായം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കാസർഗോഡ് ജില്ലയിലെ പതിനേഴ് പഞ്ചായത്തുകളിലും രണ്ട് മുനിസിപ്പാലിറ്റികളും ഉൾപ്പെടെയുള്ള പ്രദേശങ്ങളിലാണ് 26-4-2013-ലെ കൊടുങ്കാറ്റിലും മഴയിലും നാശനഷ്ടം സംഭവിച്ചത്. ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

സംഭവസ്ഥലം സന്ദർശിക്കുകയും ഇക്കാര്യങ്ങളെപ്പറ്റി പരസ്യമായി മാധ്യമങ്ങളോട് സംസാരിക്കുകയും ഇതുസംബന്ധിച്ച് രണ്ടുതവണ നിയമസഭയിൽ ഉറപ്പ് നൽകുകയും ചെയ്തെങ്കിലും നാളിതുവരെ നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന വിനയപൂർവ്വമായ അഭ്യർത്ഥനയാണുള്ളത്. ഇതിനെല്ലാം പുറമെ നഷ്ടപരിഹാരത്തുക വിതരണം ചെയ്യാനുള്ള തീയതി ഉൾപ്പെടെ ഒന്നു രണ്ടുതവണ തീരുമാനിച്ചതാണ്. എന്നിട്ട് നാളിതുവരെ ആ നഷ്ടപരിഹാരം കൃഷിക്കാർക്ക് ലഭ്യമായിട്ടില്ല. അവർ വലിയ കഷ്ടതയിലാണ്. 11 കോടി രൂപയുടെ നാശനഷ്ടമാണ് അവിടെ സംഭവിച്ചത്. അതുകൊണ്ട് അവിടത്തെ കർഷകർക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധ ഇക്കാര്യത്തിൽ പ്രത്യേകമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണയും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ അടിയന്തര പ്രാധാന്യമുള്ളതും ഗൗരവമുള്ളതുമായ വിഷയമാണ്. 26-4-2013-ലാണ് കാസർഗോഡ് ജില്ലയിൽ വീശിയടിച്ച ചുഴലിക്കൊടുങ്കാറ്റുമൂലം മടിക്കൈ, കിനാനൂർ, കരിന്തളം, പനത്തടി, ബളാൽ, തൃക്കരിപ്പൂർ, ചെറുവത്തൂർ, കയ്യൂർ-ചീമേനി, കള്ളാർ, പടന്ന, കോടോം ബേളൂർ, ഈസ്റ്റ് എളേരി, വലിയപറമ്പ, പുല്ലൂർ പെരിയ, പിലിക്കോട് എന്നീ പതിനാല് പഞ്ചായത്തുകളിൽ ഉണ്ടായ കൃഷി നാശത്തിന് കണ്ണൂർ ചാല ഗ്യാസ് ടാങ്കർ ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച വിളകൾക്ക് അനുവദിച്ചതുപോലെ നഷ്ടപരിഹാരത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന് കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ സംഭവസ്ഥലം കൃഷി ഉദ്യോഗസ്ഥരും എം.എൽ.എ.മാരും പഞ്ചായത്ത് ഓഫീസർമാരടക്കം സന്ദർശിച്ചിരുന്നു. ഇതുപ്രകാരം ചുഴലിക്കാറ്റിൽ നാശം സംഭവിച്ച വാഴ, തെങ്ങ്, റബ്ബർ, കവുങ്ങ്, കുരുമുളക്, കശുമാവ് എന്നീ വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 11,39,84,000 (പതിനൊന്ന് കോടി മുപ്പത്തിയൊൻപത് ലക്ഷത്തി എൺപത്തിനാലായിരം) രൂപയുടെ പ്രൊപ്പോസൽ നൽകുകയും അത് അനുവദിക്കുകയും ചെയ്തു. 2012 ജൂലൈ മാസത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ ഇതുപോലൊരു സംഭവമുണ്ടായതിനെത്തുടർന്ന് കൃഷി ഡയറക്ടർ ഒരു പ്രൊപ്പോസൽ കൊടുക്കുകയും നഷ്ടപരിഹാരത്തുക അനുവദിക്കുകയും കഴിഞ്ഞ മേയ് മാസത്തിൽ അത് വിതരണം ചെയ്യുകയും ചെയ്തു. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് റവന്യൂ വകുപ്പിന്റെ പരിധിയിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. ഈ സാഹചര്യത്തിൽ കൃഷി ഡയറക്ടറോട് മേൽപ്പറഞ്ഞ ശുപാർശയിന്മേൽ റവന്യൂവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് 12-9-2012-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കണമെന്നും കൂടുതൽ കേന്ദ്രസഹായത്തിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടെന്നും

എന്നാൽ ആയത് ലഭിച്ചാലും ടി ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ ധനസഹായം അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്നും ടി ധനസഹായം അപര്യാപ്തമാണെന്ന് കാണുന്ന പക്ഷം കൃഷിനാശത്തിന് പ്രത്യേക നഷ്ടപരിഹാര പാക്കേജ് അനുവദിക്കുന്നതിന് കൃഷിവകുപ്പിന് നേരിട്ട് നടപടികൾ സ്വീകരിക്കാവുന്നതാണെന്നുമാണ് അറിയിച്ചത്. കൃഷി ഡയറക്ടറുടെ പ്രൊപ്പോസൽ പ്രകാരം സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി കൂടുതൽ തുക നഷ്ടപരിഹാരത്തിനായി നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. പക്ഷെ, സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്നതിന് കാലതാമസം നേരിട്ടു. പ്രസ്തുത നഷ്ടപരിഹാരത്തുക രണ്ട് മാസത്തിനകം, അതായത് ആഗസ്റ്റ് 16-ാം തീയതി, കർഷകദിനത്തിനുമുമ്പ് ലഭ്യമാക്കുന്നതാണ്. കൂടാതെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ മാനദണ്ഡപ്രകാരമുള്ള പ്രസ്തുത കർഷകർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള 1,50,09,910 (ഒരു കോടി അൻപത് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി പത്ത്) രൂപയുടെ ക്ലെയിം കാസർഗോഡ് ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. ആ തുക ഒരാശ്വാസമെന്ന നിലയിൽ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

### 4. മൃതദേഹം വിട്ടുകിട്ടുന്നതിലെ തടസ്സം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ മൃതശരീരങ്ങൾ വിട്ടുകൊടുക്കുന്നതിൽ ചില നിയന്ത്രണങ്ങൾ ഉണ്ടാക്കിയതായി അനാട്ടമി-ഫോറൻസിക് മേധാവികളുടെ ഒരു നോട്ടീസ് അടുത്തയിടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയുണ്ടായി. അതുപ്രകാരം വർക്കിംഗ് ഡേയ്സിൽ രാവിലെ 9 മണിക്കുമുമ്പും വൈകുന്നേരം 4 മണിക്കുശേഷവും അവധി ദിവസങ്ങളിൽ പരിപൂർണ്ണമായും മൃതശരീരങ്ങൾ വിട്ടുകൊടുക്കുന്നതല്ല എന്ന നോട്ടീസാണ് അവിടെ വച്ചിട്ടുള്ളത്. ഇതനുസരിച്ച് മൃതദേഹം കിട്ടണമെങ്കിൽ 9 മണിക്കും നാലുമണിക്കുമിടയിൽ ചെല്ലണം. അവധി ദിവസങ്ങളിൽ കിട്ടില്ല. അവിടത്തെ ശീതീകരണമുറി തകരാറിലാണ്. രണ്ടുംമൂന്നും ദിവസം മൃതശരീരവും കാത്ത് നാട്ടിലും അന്യസംസ്ഥാനങ്ങളിലുമുള്ള ആളുകൾ അവിടെ നിൽക്കേണ്ട സ്ഥിതിയിലാണ്. എന്റെ അറിവ് ശരിയാണെങ്കിൽ നിയമപ്രകാരം പ്രിൻസിപ്പലിന്റെ ഒരു ഉത്തരവുപ്രകാരം നാളിതുവരെ നടന്ന സമ്പ്രദായമനുസരിച്ച് ഏതുസമയത്തും ഐഡന്റിറ്റി കാണിച്ചാൽ മൃതദേഹം വിട്ടുകൊടുക്കാമെന്നാണ്. പക്ഷെ, പ്രിൻസിപ്പലിന്റെ ആ ഉത്തരവിന് വിരുദ്ധമായി അനാട്ടമി-ഫോറൻസിക് ഡിപ്പാർട്ടുമെന്റ് മേധാവികൾ ഇങ്ങനെയൊരു നോട്ടീസ് പതിച്ചത് അവിടത്തെ ജനങ്ങളുടെ ഇടയിൽ വ്യാപക പ്രതിഷേധവും ആശങ്കയും ഉളവാക്കിയിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. എന്നാൽ ഇങ്ങനെയൊന്നുമില്ലെന്നമട്ടിൽ കണ്ണടപ്പിക്കത്തക്കവിധത്തിലുള്ള നോട്ടാണ് അദ്ദേഹത്തിന് കിട്ടിയത്. വീണ്ടും ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം വീണ്ടും കാര്യങ്ങൾ അന്വേഷിച്ചു, ഇപ്പോൾ മന്ത്രിക്ക് ബോദ്ധ്യമായെന്ന് ഞാൻ വിചാരിക്കുന്നു. ഇക്കാര്യത്തിൽ കർശനമായ നടപടി വേണമെന്ന് ആവശ്യപ്പെടുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് മോർച്ചറിയിൽ 26-3-2014 മുതൽ ഫോറൻസിക് മെഡിസിൻ മേധാവിയുടെ പൂർണ്ണനിയന്ത്രണത്തിൽ മൃതദേഹം സൂക്ഷിക്കുന്നതും വിട്ടുകൊടുക്കുന്നതും സുഗമമാക്കുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഉത്തരവ് നൽകിയിട്ടുണ്ട്. ഫോറൻസിക് മെഡിസിനിലെ 4 ക്ലീനർമാർ രാവിലെ 9 മണിമുതൽ വൈകുന്നേരം 4 മണിവരെയും ഇവർക്കുപുറമെ മറ്റ് 4 ക്ലീനർമാർ റൊട്ടേഷനിൽ 24 മണിക്കൂറും കോൾഡ്റൂമിൽ മൃതദേഹം സ്വീകരിക്കാനും മെഡിക്കോ-ലീഗൽ കേസല്ലാത്തവ വിട്ടുകൊടുക്കുവാനുംവേണ്ടി പ്രവർത്തിച്ചുവരുന്നുണ്ട്. തിരിച്ചറിയൽ രേഖ, ഡോക്ടർ അഥവാ പോലീസ് സബ് ഇൻസ്പെക്ടർ മൃതദേഹം വിട്ടുകൊടുക്കാൻ അനുവദിച്ച രേഖ എന്നിവ ഹാജരാക്കിയാൽ ദിവസത്തിലെ ഏതുസമയവും 12 മൃതദേഹംവരെ സ്വീകരിക്കാനും വിട്ടുകൊടുക്കാനും നിലവിൽ സംവിധാനമുണ്ട്. 24 മണിക്കൂറും മേൽപ്പറഞ്ഞ സംവിധാനം തുടരുന്നതിന് പ്രിൻസിപ്പലിന് കർശനമായ നിർദ്ദേശം നൽകുന്നതാണ്. പ്രിൻസിപ്പലിന്റെ തീരുമാനത്തിന് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം അന്വേഷിച്ച് കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

## 5. കക്കോടി പി.എച്ച്.സി.യെ സി.എച്ച്.സി.ആയി ഉയർത്തൽ

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിയോജകമണ്ഡലം പുനഃസംഘടന യ്ക്കുശേഷം ഇപ്പോൾ എന്റെ മണ്ഡലത്തിലെ സി.എച്ച്.സി. നിലനിൽക്കുന്നത് മറ്റ് പഞ്ചായത്തുകളിൽനിന്നും 20 കി. മീ. ദൂരെയാണ്. കുരുവട്ടൂർ, കക്കോടി, ചേളന്നൂർ, നന്മണ്ട, കാക്കൂർ പഞ്ചായത്തുകളിലെ ഒരു രോഗിക്ക് ഈ സി.എച്ച്.സി.യിൽ എത്തിച്ചേരണമെങ്കിൽ 4 ബസ്സുകളിലെങ്കിലും കയറിയാൽ മാത്രമേ അവിടെ എത്തുകയുള്ളൂ. മണ്ഡലം പുനഃസംഘടിപ്പിച്ചപ്പോഴുണ്ടായ അപാകതയിലാണ് ഇങ്ങനെ സംഭവിച്ചത്. അതിനുപരിഹാരമായി ഞങ്ങൾ ഗവൺമെന്റിനുമുമ്പാകെ അഭ്യർത്ഥിച്ചത്, കക്കോടി ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക എന്നുള്ളതാണ്. അതിനാവശ്യമായ ഭൂമി യഥേഷ്ടം ആ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കൈവശം ഇപ്പോൾ ഇരിപ്പുണ്ട്. അവിടത്തെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക പ്രശ്നങ്ങളുണ്ടെങ്കിൽ എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച്, ഗവൺമെന്റുമായി സഹകരിച്ച് അത് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഞാൻ തയ്യാറാണ്. അതുകൊണ്ട് ഇപ്പോഴത്തെ അശാസ്ത്രീയമായ പുനർവിഭജനം മൂലമുണ്ടായിട്ടുള്ള പ്രയാസങ്ങളിൽനിന്നും രോഗികളെ രക്ഷിക്കാനായി ഈ പ്രൈമറി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കക്കോടി പി.എച്ച്.സി. കോഴിക്കോട് നഗരത്തിൽ നിന്നും ഏകദേശം 10 കി.മീ. ദൂരത്തിൽ ചേളന്നൂർ ബ്ലോക്കിലെ കക്കോടി ഗ്രാമപഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. ഇവിടത്തെ ശരാശരി പ്രതിദിന ഒ. പി. 300 മുതൽ 350 വരെയാണ്. ഏകദേശം 98 സെന്റ് സ്ഥലത്ത് ഒറ്റക്കെട്ടിടത്തിലാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്. ഈ കെട്ടിടത്തിലെ നിലവിലുള്ള മുറികളിൽ ഓഫീസ്, ഫാർമസി, പാരന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ്, പ്രതിരോധ കുത്തിവയ്പ്പിനുള്ള സ്ഥലം മുതലായവ പ്രവർത്തിക്കുന്നു. എന്നാൽ കിടത്തിച്ചികിത്സ സൗകര്യം, ലാബ്, എക്സ്-റേ യൂണിറ്റ്, ക്വാർട്ടേഴ്സുകൾ തുടങ്ങിയ സൗകര്യങ്ങളില്ല. ഈ ആരോഗ്യകേന്ദ്രത്തിന് 10 കി.മീ. ചുറ്റളവിലായി കോഴിക്കോട് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തലക്കുളത്തൂർ സി.എച്ച്.സി. എന്നിവയും 13 കി.മീ. ദൂരത്തിൽ നരിക്കുനി സി.എച്ച്.സി.യും പ്രവർത്തിക്കുന്നുണ്ട്. കക്കോടി പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി ഉയർത്തുന്ന പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ, അടിസ്ഥാനസൗകര്യം ഒരുക്കുന്ന മുറയ്ക്ക് ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

### 6. സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ ഗവൺമെന്റ് ആശുപത്രിയെ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തിയിട്ട് വർഷങ്ങൾ കഴിഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലാണ് ഈ ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയത്. ജില്ലാ ആശുപത്രിയാണെങ്കിലും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേണാണ് ഇവിടെ നിലനിൽക്കുന്നത്. ധാരാളം ഇൻപേഷ്യന്റ്-ഔട്ട്പേഷ്യന്റ് രോഗികൾ ദിവസംതോറും എത്തുന്ന ആശുപത്രിയാണിത്. ജീവനക്കാരുടെ അഭാവംകൊണ്ട് ഇവിടെവരുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യം ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ അടിയന്തരമായി ആലുവ ജില്ലാ ആശുപത്രിക്ക് ജില്ലാ ആശുപത്രിയുടെ നിലവാരത്തിലുള്ള സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും കുറവുകൊണ്ട് രോഗികൾ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർന്നപ്പോൾ സ്വാഭാവികമായും ഓരോ ദിവസം കഴിയുംതോറും അവിടത്തെ രോഗികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എത്രയുംവേഗം കുറവുള്ള സ്റ്റാഫിനെ നിയമിച്ചുതരാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആലുവ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെ 24-1-2011-നാണ് ജില്ലാ ആശുപത്രിയായി ഉയർത്തിയത്. ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 217 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ആലുവ മുനിസിപ്പാലിറ്റി അനുവദിച്ച 10 കിടക്കകളുള്ള കെട്ടിടവും ഇവിടെയുണ്ട്. ഈ ആശുപത്രിയുടെ ശരാശരി ഒ.പി. 630-ഉം ഐ.പി. 206-ഉം ആണ്. എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ഹീമോഫീലിയാ ചികിത്സാ കേന്ദ്രം, ആർത്രോസ്കോപ്പിക് കീഹോൾ സർജറി യൂണിറ്റ്, സ്പോർട്സ് മെഡിസിൻ, ഓപ്പറേഷൻ തീയേറ്റർ, ന്യൂബോൺ ഐ.സി. യൂണിറ്റ് എന്നിവ ഇവിടെ മാതൃകാപരമായി പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രിയിൽ 28 ഡോക്ടർമാർ ഉൾപ്പെടെ 162 ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. രണ്ട് ഡോക്ടർമാർ ഉൾപ്പെടെ 17 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ്, ഡെർമറ്റോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ തസ്തികകളിലെ ഒഴിവുകളിലേക്ക് അഡ്ഹോക് വ്യവസ്ഥയിൽ 2 ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. വകുപ്പിലെ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഈ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവുള്ള തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് ഒഴിവുകളിലെ തസ്തികകളെല്ലാം സ്ഥാനക്കയറ്റം മുഖേനയും ജില്ലാതല നിയമനം മുഖേനയും എത്രയുംവേഗം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നതനുസരിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

### 7. രാത്രികാലങ്ങളിൽ ബസ് സർവ്വീസ്

ശ്രീ. ബെന്നി ബെഹനാൻ: സർ, എറണാകുളം ജില്ലയുടെ ആസ്ഥാനമാണ് തൃക്കാക്കര. ഇപ്പോൾ എറണാകുളം പട്ടണത്തിന്റെ വളർച്ച തൃക്കാക്കര ഭാഗത്ത് നടന്നുകൊണ്ടിരിക്കുകയാണ്. അവിടെയാണ് ഇൻഫോപാർക്കും സ്മാർട്ട് സിറ്റിയുമൊക്കെ വരുന്നത്. ആയിരക്കണക്കിനാളുകൾ ഇന്ന് താമസസ്ഥലം കണ്ടെത്തുന്നത് തൃക്കാക്കരയിലാണ്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, ജില്ലാ ആസ്ഥാനമായ തൃക്കാക്കരയിൽനിന്നും രാത്രി 8 മണിക്കുശേഷം ബസ് സർവ്വീസില്ല. ഇൻഫോപാർക്കിലും സ്മാർട്ട് സിറ്റി പരിസരത്തുമൊക്കെ ആയിരക്കണക്കിന് ജീവനക്കാരാണ് രാത്രികാലങ്ങളിൽ പണിയെടുക്കുന്നത്. അതുകൊണ്ട് കാക്കനാട് പ്രദേശത്തുനിന്നും കൊച്ചിയിലേക്കും അതുപോലെ കിഴക്കൻ മേഖലയിലേക്കും രാത്രി 8.30-നുശേഷം 10 മണിവരെ കെ.എസ്.ആർ.ടി.സി. ബസും പ്രൈവറ്റ് ബസും ഓടിക്കണം. കൊച്ചി പ്രദേശത്ത് പൊതുവെയുള്ള ഗതാഗതക്കുരുക്കും യാത്രാക്ലേശവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞദിവസം ബഹുമാന്യനായ കെ. ശിവദാസൻ നായർ പത്തനംതിട്ടയിൽനിന്നും കിഴക്കൻ ഏരിയയിലേക്ക് ബസ് ഓടിക്കണമെന്ന് പറഞ്ഞപ്പോൾ വളരെ അനുഭാവപൂർവ്വം പരിഗണിച്ച അങ്ങ് കേരളത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള, ജനത്തിരക്കുള്ള കാക്കനാട് പ്രദേശത്തുനിന്നും രാത്രി 8 മണിക്കുശേഷം ബസ്സുകളില്ലാത്തതിന്റെ അവസ്ഥ കണക്കിലെടുത്ത് പ്രൈവറ്റ് ബസും കെ.എസ്.ആർ.ടി.സി. ബസും അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ പറഞ്ഞ കാര്യത്തോട് ഗവൺമെന്റ് വളരെ പോസിറ്റീവായ നിലപാടാണെടുക്കുന്നത്. എറണാകുളം ജില്ലയുടെ ആസ്ഥാനമായ കാക്കനാടിനോട് ചേർന്ന പ്രദേശത്ത് സ്പെഷ്യൽ എക്കണോമിക് സോൺ, ഇൻഫോ പാർക്ക് എന്നീ സ്ഥാപനങ്ങളും മറ്റ് സർക്കാർ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ എക്കണോമിക് സോൺ സ്ഥിതിചെയ്യുന്ന പ്രദേശത്തുകൂടി ഇപ്പോൾത്തന്നെ രാത്രി 9 മണിവരെ കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. എന്നാൽ സ്പെഷ്യൽ എക്കണോമിക് സോണിൽ ഇൻഫോപാർക്ക് സ്ഥിതിചെയ്യുന്ന പ്രദേശത്ത് രാത്രി 7 മണി കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി. ബസ് ഇല്ല. ഇവിടെ നമുക്ക് രണ്ട് നിലപാടെടുക്കാം. ഒന്നാമതായി, അവിടെ മതിയായ യാത്രക്കാരുണ്ടായിരിക്കണം. ഇന്നത്തെ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി അങ്ങേയ്ക്കറിയാം. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. അതുകൊണ്ട് കളക്ഷൻ ഉറപ്പാക്കണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. മതിയായ രൂപത്തിലുള്ള കളക്ഷൻ കിട്ടുകയാണെങ്കിൽ നമുക്ക് അവിടെ ബസ് ഓടിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. രണ്ടാമതായി, എനിക്ക് ഡിപ്പാർട്ടുമെന്റിൽനിന്ന് കിട്ടിയിട്ടുള്ള വിവരം ഇൻഫോപാർക്കിലും മറ്റും ജോലി ചെയ്യുന്ന എല്ലാ ആളുകളും സ്വന്തം വണ്ടിയിൽ വരുന്നുവെന്നാണ്. ശ്രീ. ബെന്നി ബെഹനാൻ തീർച്ചയായും നല്ലൊരു ജനപ്രതിനിധിയാണ്. അങ്ങ് വളരെ നല്ല രൂപത്തിൽ ഈ കാര്യങ്ങളൊക്കെ പ്രസന്റ് ചെയ്യുന്നതാണ്. അതുകൊണ്ട് ഒന്നാമതായി ഇൻഫോപാർക്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്ന് ലഭിക്കുന്ന കളക്ഷൻ ഉറപ്പാക്കുക. രണ്ട്, ഇൻഫോപാർക്കിലേക്ക് ജീവനക്കാർക്ക് പോകുന്നതിനു വേണ്ടി വേണമെങ്കിൽ പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് കൊടുക്കാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണ്. അപ്പോൾ അവിടത്തെ ജീവനക്കാർക്ക് പോകാം. അങ്ങനെ വന്നാൽ ഒരു ഗുണമുണ്ട്. കമ്പനി പണം മുടക്കും. ജീവനക്കാർക്ക് കുറച്ച് കൺസഷനോടുകൂടിത്തന്നെ പോകാനും സാധിക്കും.

ശ്രീ. ബെന്നി ബെഹനാൻ: .......(തടസ്സം)...........

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി സമയമില്ല. പ്ലീസ്.... പ്ലീസ്....ബഹുമാനപ്പെട്ട മന്ത്രി ദയവായി മറുപടി പൂർത്തിയാക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമുക്ക് ചെയ്യാവുന്ന രൂപത്തിലുള്ള സഹായം ചെയ്യാം. കൊച്ചിയിലെ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും കൊച്ചിയിലും പരിസരപ്രദേശത്തുമുള്ള ജനപ്രതിനിധികളടക്കമുള്ള എല്ലാവരേയും കൂട്ടിച്ചേർത്ത് ഒരു കോമൺലൈൻ എടുത്ത് ഇക്കാര്യത്തിൽ ഒരു ചർച്ച നടത്താം. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

## 8. ബോട്ട് സർവ്വീസ് പുനരാരംഭിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, തൃക്കരിപ്പൂർ, പയ്യന്നൂർ മണ്ഡലങ്ങളിലായി പരന്നുകിടക്കുന്ന ഒരു വലിയ ജലാശയമാണ്

11.00 AM

കവ്വായി കായൽ. തെക്കേക്കാട്, വടക്കേക്കാട്, ഇടയിലെക്കാട്, മാടക്കാൽ തുടങ്ങിയ ദ്വീപുകളും 24 കിലോമീറ്റർ കരയിലും കായലിനുമിടയിലായി നീണ്ടുകിടക്കുന്ന വലിയപറമ്പ് എന്ന പ്രദേശവും ഉൾക്കൊള്ളുന്ന ഈ പ്രദേശത്തെ ജനങ്ങൾ പ്രധാനമായും യാത്രയ്ക്കുവേണ്ടി ആശ്രയിച്ചിരുന്നത് കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സർവ്വീസ് നടത്തിയിരുന്ന കൊറ്റി-കോട്ടപ്പുറം ജലപാതയിലെ വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിന്റെ ബോട്ട് സർവ്വീസിനെയായിരുന്നു. അവയെല്ലാം ഇപ്പോൾ കരയിൽ കയറ്റിവച്ചിരിക്കുകയാണ്. ജനങ്ങളുടെ യാത്ര ദുഷ്കരമായിരിക്കുകയാണ്. ഇതിന്റെ കേന്ദ്ര ഓഫീസ് ആലപ്പുഴയിലാണ്. അവിടെ നിരവധി തവണ ഫോൺചെയ്ത് പറയുകയും ഓൾ പാർട്ടി ഡെലിഗേഷന് വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്തെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഇതിനൊരു പരിഹാരം കാണണം. ആലപ്പുഴയിലുള്ള ഉദ്യോഗസ്ഥർക്ക് എന്റെ നാട്ടിലെ ജനങ്ങളുടെ പ്രയാസങ്ങളൊന്നും മനസ്സിലാകുകയില്ല. ബഹുമാനപ്പെട്ട മന്ത്രി ശക്തമായി ഇടപെട്ടാൽ മാത്രമേ ഇവരുടെ കണ്ണ് തുറപ്പിക്കാൻ കഴിയുകയുള്ളൂ. അവിടെ ആകെ 10 കിലോമീറ്ററാണ് വാഹനയോഗ്യമായ റോഡുള്ളത്. അങ്ങ് അവിടെ വന്നിട്ടുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ഒരിക്കൽ ശ്രീ. ആര്യാടൻ മുഹമ്മദ് അവിടെവന്ന് ആ ജലാശയംകണ്ട് പേടിച്ച് തിരിച്ചു വന്നിട്ടുള്ള അനുഭവം രണ്ടുദിവസംമുമ്പ് എന്നോട് പറയുകയുണ്ടായി. അത്രയും ദുർഘടമായ ഒരു പ്രദേശമാണത്. അവിടെ വന്നിട്ടുള്ള പല നേതാക്കന്മാർക്കും അങ്ങോട്ട് കടക്കാനാവാതെ തിരിച്ചുപോകേണ്ടിവന്ന അനുഭവമുണ്ട്. നാലുകോടി രൂപ ചെലവിട്ട് അവിടെയൊരുപാലം നിർമ്മിച്ചിരുന്നു. മനോഹരമായ ഒരു തൂക്കുപാലമായിരുന്നു, രണ്ടുമാസംകൊണ്ട് ആ പാലം തകർന്നുവീണു. അതിനെക്കുറിച്ച് അന്വേഷണം നടക്കുന്നുവെന്നാണ് റവന്യൂ വകുപ്പുമന്ത്രി പറയുന്നത്, അദ്ദേഹമാണത് ഉദ്ഘാടനം ചെയ്തത്.

അതുപോലെ അവിടെ വേറൊരു പാലത്തിന്റെ പണി പകുതിയാക്കി വച്ചിരിക്കുകയാണ്. തൂക്കുപാലം തകർന്നുവീണതുകൊണ്ട് അതിന്റെ പണിയും നടക്കുന്നില്ല. 1980-ൽ ഇ. കെ. നായനാർ ഗവൺമെന്റ് തുടങ്ങിയതാണ്. ആ ഗവൺമെന്റ് പോയപ്പോൾ പണിനിലച്ചു, വീണ്ടും നായനാർ ഗവൺമെന്റ് വന്നപ്പോൾ അത് തുടങ്ങി. ഇപ്പോൾ വീണ്ടും നിലച്ചിരിക്കുകയാണ്. ഇങ്ങനെ ആ പ്രദേശത്തെ ഇരുപത്തയ്യായിരത്തോളം വരുന്ന ജനങ്ങളെ അങ്ങേയറ്റം കഷ്ടപ്പെടുത്തുന്ന ഒരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. പണി പൂർത്തീകരിച്ചാൽ ബോട്ട് വെള്ളത്തിലിറക്കാൻ കഴിയും. കോടിക്കണക്കിന് രൂപയുടെ ബോട്ടാണ് നശിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിച്ച് ജനങ്ങളെ യാത്രാദുരിതത്തിൽനിന്ന് രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ പൊതുവികാരത്തോട് ഞാൻ യോജിക്കുകയാണ്. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ മേഖലാ കാര്യാലയവും സ്റ്റേഷൻ ഓഫീസും കണ്ണൂർ ജില്ലയിലെ കൊറ്റിയത്തുനിന്ന് 17-2-2003-ൽ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ കടവിൽ ആരംഭിക്കുകയും അവിടെനിന്നും ഐ.ടി.-കൊറ്റി-കോട്ടപ്പുറം റൂട്ടിലും ഐ.ടി.-പടന്ന-കൊറ്റി റൂട്ടിലും രണ്ട് സർവ്വീസുകൾ നടത്തിവരികയും ചെയ്യുന്നു. കൂടാതെ 22-9-2004-ൽ ഐ.ടി. തയ്യിൽ സൗത്ത് -മാവിലേടം കടപ്പുറം റൂട്ടിൽ മൂന്നാമതായി ഒരു സർവ്വീസുംകൂടി താൽക്കാലികമായി വകുപ്പ് ആരംഭിച്ചു വെങ്കിലും യാത്രക്കാർ ഗണ്യമായി കുറയുകയും മതിയായ വരുമാനം ലഭിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഏകദേശം രണ്ടുവർഷത്തിനു ശേഷം 10-8-2006 മുതൽ ടി സർവ്വീസ് തുടർന്ന് നടത്താൻ സാധിച്ചില്ല. നിലവിൽ 2010-ൽ ഓരിക്കടവ്-മാവിലേടം പാലം ഗതാഗതത്തിന് തുറന്നുകൊടുത്തതുവഴി യാത്രക്കാരുടെ മറ്റ് യാത്രാസൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇത് എനിക്ക് ഡിപ്പാർട്ടുമെന്റിൽനിന്ന് തന്നിട്ടുള്ള വിവരങ്ങളാണ്. അങ്ങ് ഇവിടെ പറഞ്ഞകാര്യം, കുറച്ചുകൂടി വ്യത്യസ്തമാണ്. അവിടെ 25000-ത്തോളം ആളുകൾ ഒരു തുരുത്തുപോലുള്ള സ്ഥലത്ത് ജീവിക്കുന്നു. അവർക്ക് പുറംലോകത്തേക്ക് കടന്നുപോകുന്നതിന് മാർഗമില്ല. അതിനൊരു കണക്ടിവിറ്റിയുണ്ടാക്കണമെന്ന് അങ്ങ് പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഓരി-മാവിലേടം കടപ്പുറംപാലം പണിയുന്നതുമായി ബന്ധപ്പെട്ട് പുഴയ്ക്ക് കുറുകേ ബണ്ട് കെട്ടിയതിനാൽ വകുപ്പിന് 1-4-2007 മുതൽ മാവിലേടം മുതൽ കോട്ടപ്പുറം വരെയുള്ള സർവ്വീസ് നിർത്തിവയ്ക്കേണ്ടിവന്നു. ആയതിന് പകരമായി മേൽപ്പടി പ്രദേശത്തെ ജനപ്രതിനിധികളുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് കൊറ്റി-കോട്ടപ്പുറം സർവ്വീസ്, കൊറ്റി-മാവിലേടം കടപ്പുറമായി സർവ്വീസ് നടത്തിവരുന്നു. ഇപ്പോൾ രണ്ട് സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. ഈ നിയമസഭാ സമ്മേളനം തീരുന്നതിനുമുമ്പ് അങ്ങയെയും വാട്ടർ ട്രാൻസ്പോർട്ടിന്റെ ആളുകളെയുംകൂടി വിളിച്ച് ഇതിനെക്കുറിച്ച് കൂട്ടായ ചർച്ച നടത്താം. അവിടത്തെ യാത്രാപ്രശ്നത്തോട് പോസിറ്റീവായിട്ടാണ് പ്രതികരിക്കേണ്ടത്. ഈ പ്രശ്നം ചർച്ചനടത്തി പരിഹരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

### 9. സരയു ടൂറിസം പദ്ധതി

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ നിയോജകമണ്ഡലത്തിലെ താന്ന്യം പഞ്ചായത്തിൽ 5-8-2012-ന് സരയു ടൂറിസം പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ നിർവ്വഹിച്ചു. ഈ പദ്ധതിയുടെ നിർമ്മാണം ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഇപ്പോഴും മുടങ്ങിക്കിടക്കുകയാണ്. 15-2-2013-ന് 1447/2012/സി.എ/എ.എം.എ.എസ്.ആർ. നമ്പർ ഫയൽ പ്രകാരം കോമ്പീറ്റന്റ് അതോറിറ്റി, കേരള, തൃശ്ശൂർ ഡി.ടി.പി.സി. ചെയർമാന് കത്തയച്ച് ആവശ്യപ്പെട്ട ആറിനം രേഖകൾ 16 മാസങ്ങൾക്കുശേഷവും നൽകിയിട്ടില്ലെന്നാണ്

അറിയുന്നത്. ഈ ഗുരുതരമായ കൃത്യവിലോപം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കുവാൻവേണ്ട സത്വരനടപടികൾ സ്വീകരിച്ച് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, തൃപ്രയാർ ശ്രീരാമക്ഷേത്രത്തിന് സമീപത്തുകൂടി കടന്നുപോകുന്ന നദിയുടെ തീരപ്രദേശത്തിന്റെ നവീകരണവും സംരക്ഷണവുമാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. 30-8-2010-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം സരയൂതീരം ടൂറിസം പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. 12-5-2012-ൽ അതിന്റെ ഉദ്ഘാടനവും നടത്തുകയുണ്ടായി. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആർക്കിയോളജി വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. ഈ വകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭിക്കാനുള്ള അപേക്ഷ എല്ലാ രേഖകളും സഹിതം നൽകാൻ ഡി.ടി.പി.സി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് ഫോറം 1-ൽ അപേക്ഷയോടൊപ്പം പ്രോജക്ടിന്റെ വിശദമായ പ്ലാൻ, ഗൂഗിൾ മാപ്, പ്രോജക്ട് സൈറ്റിന്റെ ഫോട്ടോകൾ, പ്രോജക്ട് സൈറ്റും തൃപ്രയാർ ക്ഷേത്രവും തമ്മിലുള്ള ദൂരം രേഖപ്പെടുത്തുന്ന രൂപരേഖ, ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന സാക്ഷ്യപത്രം എന്നീ രേഖകളാണ് നൽകേണ്ടത്. ഇതിൽ പ്രോജക്ട് സൈറ്റും തൃപ്രയാർ ക്ഷേത്രവും തമ്മിലുള്ള ദൂരം രേഖപ്പെടുത്തുന്ന രൂപരേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന സാക്ഷ്യപത്രവും റവന്യൂ വകുപ്പിൽനിന്നുമാണ് ലഭിക്കേണ്ടത്. ഇത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതാനും ദിവസങ്ങൾക്കുള്ളിൽ അവ ലഭിക്കുമെന്നും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അറിയിച്ചിട്ടുണ്ട്. അവ ലഭിച്ചശേഷം ബാക്കിയെല്ലാ രേഖകളും സഹിതം ഉടൻതന്നെ ആർക്കിയോളജി വകുപ്പിന് അപേക്ഷ നൽകി ആ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അനുമതി ലഭിച്ചാലുടൻതന്നെ സരയുപദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### 10. വൃദ്ധജനങ്ങളുടെ പുനരധിവാസം

ശ്രീ. എം. പി. വിൻസെന്റ്: സർ, ഞാൻ വളരെ ഗൗരവതരമായ ഒരു സാമൂഹ്യ പ്രശ്നമാണ് ഈ സഭയുടെ മുമ്പിൽ കൊണ്ടുവരുന്നത്. വൃദ്ധജനങ്ങളുടെ പുനരധിവാസവും സംരക്ഷണവും വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. വൃദ്ധജനങ്ങൾ അനാഥരായി ബസ് സ്റ്റാൻഡിലും മറ്റ് പ്രാന്ത പ്രദേശങ്ങളിലുമൊക്കെ കിടക്കുന്നതും ആരാലും ശ്രദ്ധിക്കപ്പെടാതെ മരണപ്പെടുന്നതുമായ സംഭവങ്ങൾ ഏതുദിവസത്തെ പത്രമെടുത്ത് പരിശോധിച്ചാലും ആ പത്രങ്ങളുടെയൊക്കെ പ്രധാനപ്പെട്ട കോളത്തിൽ കാണുന്ന ഒരു വാർത്തയാണ്. ഈ അടുത്ത കാലത്ത് തൃശ്ശൂരിലെ കുട്ടനെല്ലൂർ പാലത്തിനു താഴെ അനാഥരായ നിലയിൽ ഒരു വൃദ്ധ മാതാവിനെയും പിതാവിനെയും കണ്ടെത്തിയ വാർത്ത മനോരമ ചാനലിൽ കാണുകയുണ്ടായി. ഇതുപോലെയുള്ള വാർത്തകൾ എല്ലാ ചാനലിലും സ്ഥിരം വന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മക്കൾക്കെല്ലാം സ്വന്തം ഭൂമി ഭാഗംവച്ചുകൊടുത്ത് അവസാനം അനാഥരായ ആ വൃദ്ധജനങ്ങൾ കുട്ടനെല്ലൂർ പാലത്തിനുതാഴെ കിടക്കുന്ന അവസ്ഥ എന്നെ വല്ലാതെ വേദനപ്പെടുത്തുകയുണ്ടായി. ഈ വാർത്തയുടെ അടിസ്ഥാനത്തിലാണ് ഗൗരവപൂർണ്ണമായ ഈ വിഷയം ഇവിടെ അവതരിപ്പിക്കാൻ ഞാൻ മുതിരുന്നത്.

ശാസ്ത്രപുരോഗതിയും വൈദ്യശാസ്ത്രത്തിന്റെ വിജയവും ആയുർദൈർഘ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. അധികം വൈകാതെതന്നെ കേരളത്തിൽ വൃദ്ധൻമാരുടെ ജനസംഖ്യ 25 ശതമാനം കടക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. വൃദ്ധജനങ്ങൾ അനുഭവിക്കുന്ന വെല്ലുവിളികൾ പലതാണ്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടാൻ അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽവന്ന മാറ്റവും അണുകുടുംബങ്ങളുടെ വളർച്ചയും വൃദ്ധജനങ്ങളെ കുറച്ചൊന്നുമല്ല ഒറ്റപ്പെടുത്തിയിരിക്കുന്നത്. വൃദ്ധജനങ്ങളെ വരുംകാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കണം. അവരുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തണം. അവർക്കു വേണ്ടി പ്രത്യേക നിയമങ്ങൾ കൊണ്ടുവരണം. തെരുവിൽ ഒരച്ഛനും അമ്മയും ഇനി ഉപേക്ഷിക്കപ്പെടരുത്. നമ്മുടെ സർക്കാർ അവർക്ക് കൈത്താങ്ങാകണം. ഇക്കാര്യത്തിൽ ദീർഘവീക്ഷണത്തോടെയുള്ള സമീപനം ഉണ്ടാകേണ്ടതുണ്ട്. കുട്ടികൾ മുതൽ സമൂഹത്തിലെ മുഴുവൻ ജനങ്ങളുടെയിടയിലും ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന രീതിയിലുള്ള ബോധവൽക്കരണം അടിയന്തരമായി നടത്തണം. അതിനൊരു പഠനപദ്ധതി നടപ്പിലാക്കണം. നാളെയുടെ നൻമയ്ക്കായി ഇന്നുമുതൽ പ്രയത്നിച്ചാൽ മാത്രമേ വിജയിക്കാൻ കഴിയുകയുള്ളൂ. നമ്മെ കഷ്ടപ്പെട്ട് വളർത്തിയ മാതാപിതാക്കൾക്ക് സംരക്ഷണം നൽകാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ ഈ സമൂഹത്തിൽ നാം ഒറ്റപ്പെട്ടവരായി മാറും. അതിനൊരു വിരാമമുണ്ടാകാൻ സർക്കാരിന്റെ ഭാഗത്തുനിന്നും സാമൂഹ്യക്ഷേമ വകുപ്പിന്റെ ഭാഗത്തുനിന്നും ഒരു തീരുമാനമുണ്ടാകണമെന്ന പൊതുവായ വിഷയമാണ് ഞാൻ ഈ സഭയുടെ മുമ്പിൽ ഉന്നയിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, അറുപത് വയസ്സിനുമേൽ പ്രായമുള്ളവരുടെ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായിക്കണ്ട് അവർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകി, അവരുടെ ആരോഗ്യ-സാമ്പത്തിക-സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത് സർക്കാരിന്റെ കടമയായി കണക്കാക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് ഒരു നയരേഖ എന്ന നിലയിൽ വയോജനനയം 2006 പരിഷ്കരിച്ച് മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള നയമായി 2013-ൽ പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ, മുതിർന്നവരുടെ ക്ഷേമപദ്ധതികൾ രൂപീകരിക്കുന്നതിന് ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മുതിർന്ന പൗരന്മാരുടെ ക്ഷേമകാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. ആരോഗ്യമേഖലയിലുള്ള പ്രവർത്തനങ്ങൾ, മുതിർന്ന



LIBRARY ARCHIVES Kerala Legislative Assembly

പൗരന്മാരുടെ നേർക്കുള്ള ശാരീരിക-മാനസിക അതിക്രമങ്ങൾ തടയുക, ഓൾഡ് ഏജ് ഹോമുകളുടെ സേവനം മെച്ചപ്പെടുത്തുക, നിയമസഹായം ലഭ്യമാക്കുക, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനായുള്ള നിയമത്തിന്റെ കാര്യക്ഷമമായ നടത്തിപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. വൃദ്ധസദനങ്ങളിൽ ഒരു അന്തേവാസിക്ക് പ്രതിമാസം 750 രൂപ നിരക്കിൽ ഭക്ഷണത്തിനും 300 രൂപ നിരക്കിൽ മരുന്നിനും വർഷത്തിൽ ഒരുതവണ 1,000 രൂപ വസ്ത്രത്തിനും അനുവദിക്കുന്നുണ്ട്. മുതിർന്ന പൗരന്മാർക്കുള്ള ആരോഗ്യ പരിപാലനത്തിനായി ആരോഗ്യ ഇൻഷ്വറൻസ് പരിപാടി, ആശുപത്രികളിൽ ചികിത്സയ്ക്കായി ദീർഘനേരം ചെലവഴിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളും നിശ്ചിത ദിവസങ്ങളിൽ സൗകര്യപ്രദമായ സമയവും ഏർപ്പെടുത്തുന്നതും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുവരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മുതിർന്ന പൗരന്മാർക്ക് ചികിത്സാ സൗകര്യം നൽകുന്നതുമാണ്. മുതിർന്ന പൗരന്മാർക്ക് പ്രത്യേക ക്യൂ ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷ നല്കുന്നതിനും അവരുടെ ദൈനംദിനജീവിതം സുഗമമാക്കുന്നതിനും ലക്ഷ്യമിട്ട് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 'വയോമിത്രം' എന്ന പദ്ധതി സംസ്ഥാനത്ത് എല്ലാ കോർപ്പറേഷനുകളിലും 32 മുനിസിപ്പാലിറ്റികളിലും വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തി 'വയോമിത്രം' പദ്ധതി എല്ലാ മുനിസിപ്പാലിറ്റികളിലേക്കും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ മുതിർന്നവരുടെ സംഖ്യ 2001-ൽ 9.79 ശതമാനമായിരുന്നു. ഈ നിരക്ക് 2011-ൽ 12.8 ശതമാനമായിട്ടുണ്ട്. 2021 ആകുമ്പോഴും 15.63 ശതമാനമാകുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കേരളം ഒരു ഓൾഡ് ഏജ് സൊസൈറ്റിയായി മാറിക്കഴിഞ്ഞിരിക്കുന്നു എന്ന വസ്തുതകൂടി ഇവിടെ പറയേണ്ടിവരും. നയത്തിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ആരോഗ്യവും കുടുംബക്ഷേമവും പൊതുവിദ്യാഭ്യാസം, തൊഴിലും പുനരധിവാസവും, ധനകാര്യം, തദ്ദേശസ്വയംഭരണം, ആഭ്യന്തരം എന്നീ വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിവരികയാണ്. അത് സർക്കാർ പരിശോധിക്കുന്നു. സാധാരണ നയങ്ങൾ പ്രഖ്യാപിച്ചാൽ നയമായിത്തന്നെ നിൽക്കുകയാണ് പതിവ്. പക്ഷേ, ഈ പ്രാവശ്യം മുതിർന്ന പൗരന്മാരുടെ നയം നടപ്പിലാക്കുന്നതിനായി ഒരു ആക്ഷൻപ്ലാനുണ്ടാക്കി. ഓരോ വകുപ്പിലും സീനിയർ സിറ്റിസൺസ് കമ്പോണന്റ് അവരുടെ പ്ലാനിൽത്തന്നെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തുവരികയാണ്. ഇന്ത്യയിൽ ഏറ്റവും അധികം പെൻഷൻ-ക്ഷേമനിധി പദ്ധതികളുള്ളത് കേരളത്തിലാണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഇന്ത്യാ ഗവൺമെന്റിന്റെ ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി. 80 വയസ്സ്

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയായാൽ 1,100 രൂപയും 60 വയസ്സിന് മുകളിലുള്ള മറ്റുള്ളവർക്ക് 500 രൂപയും നിരക്കിൽ പ്രതിമാസം വാർദ്ധക്യകാല പെൻഷൻ നൽകിവരുന്നുണ്ട്. വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ സാമൂഹ്യനീതി വകുപ്പ് പ്രതിജ്ഞാബദ്ധമായി നിലകൊള്ളുമെന്ന് ഒരിക്കൽകൂടി ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

## 11. ജാതി-സാമ്പത്തിക സർവ്വേ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഈ വിഷയം സബ്മിഷനായിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇത് ശ്രദ്ധ ക്ഷണിക്കലായി അവതരിപ്പിക്കേണ്ട അത്രയും പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളത്തിൽ ഒരു സാമൂഹ്യ-സാമ്പത്തിക-ജാതി സർവ്വേ നടന്നിരുന്നു. 2012-ലാണ് ആ സർവ്വേ നടന്നത്. കഴിഞ്ഞ മേയ്-ജൂൺ മാസങ്ങളിലായി എല്ലാ ഗ്രാമസഭകളും വിളിച്ച് അവിടെ ഈ സർവ്വേ റിപ്പോർട്ട് അവതരിപ്പിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ഉന്നയിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെയും മുനിസിപ്പാലിറ്റി സെക്രട്ടറിമാരെയും വകുപ്പിൽനിന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് മെമ്പർമാർ നേതൃത്വം കൊടുത്തുകൊണ്ട് ഗ്രാമസഭകൾ വിളിച്ചു ചേർക്കുകയും കുറെയധികം ആളുകൾ അതിൽ പങ്കെടുക്കുകയും ചെയ്തു. സർവ്വേ റിപ്പോർട്ടിൽ നിറയെ അബദ്ധങ്ങളാണുള്ളത്. പലരുടെയും ജാതിയും വരുമാനവുമെല്ലാം മാറിയിട്ടുണ്ട്. വരുമാനം തിരുത്തണമെങ്കിൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്നാണ് അന്ന് പറഞ്ഞത്. എന്നാൽ കോഴിക്കോട് ജില്ലയിൽ വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് കൊടുക്കാൻ തയ്യാറാകുന്നില്ല. ഈ കാര്യത്തിന് വരുമാനസർട്ടിഫിക്കറ്റ് കൊടുക്കരുതെന്ന് കളക്ടറുടെ നിർദ്ദേശമുണ്ടെന്നാണ് പറയുന്നത്. അവിടത്തെ ജനങ്ങൾ വലിയ വിഷമത്തിലാണ്. കാരണം, ഈ സർവ്വേയുടെ അടിസ്ഥാനത്തിലാണ് ഇനി എ.പി.എൽ./ബി.പി.എൽ. ലിസ്റ്റ് വരാൻ പോകുന്നതെന്ന ധാരണയുണ്ട്. ഇതിന്റെ ഫലം അനുഭവിക്കേണ്ടിവരുന്നത് എല്ലാ പാർട്ടിയിലുംപെട്ട സാധാരണ പഞ്ചായത്ത് മെമ്പർമാരാണ്. പഞ്ചായത്താണ് എ.പി.എൽ./ ബി.പി.എൽ. കാർഡുകൾ കൊണ്ടുവന്നതെന്നും അതുകൊണ്ടാണ് കുറേപ്പേർ എ.പി.എൽ.-ഉം കുറേപ്പേർ ബി.പി.എൽ.-ഉം ആയിപ്പോയതെന്നുമുള്ള ആക്ഷേപം നേരത്തെ ഉയർന്നുവന്നിരുന്നു. അതുപോലെ, ഭാവിയിൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുന്നതിനും പെൻഷൻ, ജാതി സർട്ടിഫിക്കറ്റ്, ഇതെല്ലാം കിട്ടുന്നതിനുമുള്ള മാനദണ്ഡമായെടുക്കുന്നത് ഗ്രാമസഭകളിൽവച്ച് അംഗീകരിക്കുന്ന ഈ സർവ്വേ റിപ്പോർട്ടാണെന്നുള്ള ധാരണയാണ് ജനങ്ങൾക്കുള്ളത്. അതുകൊണ്ട് ഇതിന്റെയെല്ലാം കുറ്റം കേരളത്തിലെ ആയിരക്കണക്കിന് പഞ്ചായത്ത് മെമ്പർമാർക്ക് ഏൽക്കേണ്ടിവന്നിരിക്കുന്നു.

മറ്റൊരുകാര്യം, തിരുത്തൽ ഫോം അച്ചടിച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശം ഡിപ്പാർട്ട്മെന്റ് കൊടുത്തിരുന്നില്ല. ചില സ്ഥലങ്ങളിൽ പഞ്ചായത്ത് മെമ്പർമാർ സ്വന്തം ചെലവിൽ തിരുത്തൽ ഫോം നൽകി. ഓരോ കുടുംബത്തിനും വെവ്വേറെ ഫോമല്ല നൽകിയത്. ഒരു ഫോമിന്റെ മറുവശത്തായാണ് അടുത്ത ഫോം പ്രിന്റ് ചെയ്തിരുന്നത്. അതുകൊണ്ട്, ഫോമിൽ എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

തിരുത്തൽ വരുത്തുന്നതിനായി വേറെ ഏതെങ്കിലും ഓഫീസർക്ക് നൽകണമെങ്കിൽ അത് മുറിച്ചുകൊടുക്കാൻ കഴിയില്ല. അങ്ങനെ ധാരാളം അപാകതകൾ ഇക്കാര്യത്തിലുണ്ട്. കഴിഞ്ഞ മാസം 25 ആയിരുന്നു തിരുത്തൽ വരുത്തുന്നതിനുള്ള അവസാന തീയതി. അത് ഈ മാസം 30-ാം തീയതിവരെ നീട്ടിയിട്ടുണ്ട്. എന്നാൽ ഈ സമയപരിധിക്കുള്ളിൽ തിരുത്തൽ വരുത്തുക എന്നത് അത്ര എളുപ്പമല്ല. അതുകൊണ്ട് ഈ അപാകതകളെല്ലാം പരിഹരിച്ച്, ജനങ്ങൾക്ക് ശരിയായ വിവരങ്ങൾ ലഭ്യമാകുന്ന വിധത്തിൽ സാമൂഹ്യ-സാമ്പത്തിക-ജാതി സർവ്വേ കാര്യക്ഷമവും സത്യസന്ധവും ആക്കുന്നതിന് ഡിപ്പാർട്ടുമെന്റും ഗവൺമെന്റും ഇടപെടണമെന്നും ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് പഞ്ചായത്ത് മെമ്പർമാരെ ഒഴിവാക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട കെ. കുഞ്ഞമ്മത് മാസ്റ്റർ പറഞ്ഞകാര്യങ്ങളെല്ലാം സത്യമാണ്. 12-ാം പഞ്ചവത്സര പദ്ധതിയോടനുബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട പ്രകാരമാണ് വികസന-ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്താനും തദ്വാര നഗര-ഗ്രാമ വികസനത്തിന് നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും പുതിയ കേന്ദ്ര പദ്ധതികൾ ആവിഷ്കരിക്കുന്നതിനുംവേണ്ടി ഈ സാമൂഹ്യ-സാമ്പത്തിക സർവ്വേ ഇവിടെ നടത്തിയത്. കേരളത്തിൽ 2012 ഏപ്രിൽ മാസം 10-ാം തീയതി ആരംഭിച്ച് 2012 ആഗസ്റ്റ് മാസത്തിലാണ് സർവ്വേ പൂർത്തീകരിച്ചത്. 2011-ലെ ദേശീയ ജനസംഖ്യാ സെൻസസ് പ്രകാരം തയ്യാറാക്കിയ, 600-700 വ്യക്തികളുള്ള 100-125 വീടുകൾ ഉൾപ്പെടുന്ന ഒരു എന്യൂമറേഷൻ ബ്ലോക്കിലെ ലഭ്യമായ ഓരോ കുടുംബത്തെയും സംബന്ധിച്ച വിവരങ്ങളോടൊപ്പം അവരുടെ ജാതിയും സാമ്പത്തിക നിലവാരവും സംബന്ധിച്ച വിവരങ്ങളും അധികമായി ശേഖരിച്ച് തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിന്റെ കരട് ലിസ്റ്റ് 19-5-2014-ൽ കേരളത്തിൽ പ്രസിദ്ധീകരിച്ചു. മതവും ജാതിയും സംബന്ധിച്ച വിവരങ്ങളൊഴികെ ഒരു കുടുംബത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ലിസ്റ്റിൽ ലഭ്യമാണ്. പ്രസിദ്ധീകരിച്ച ദിവസംമുതൽതന്നെ ലിസ്റ്റിലുള്ള ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ, ഈ ലിസ്റ്റ് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഈ സഭയിലെ എം.എൽ.എ. മാരും പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരും പല പരാതികളും ഉന്നയിക്കുന്നുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ സർവ്വേയെ സംബന്ധിച്ച ആക്ഷേപങ്ങൾ സ്വീകരിക്കാനുള്ള അവസാന ദിവസം, നേരത്തെ ജൂൺ മാസം 8-ാം തീയതിയായിരുന്നത് പിന്നീട് 17-ാം തീയതിയും ഇപ്പോൾ ജൂൺ 30-ാം തീയതിയും ആക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ജൂൺ 30 ആയാലും പരിഹാരമുണ്ടാക്കാൻ സാധിക്കില്ല. ഏതായാലും അങ്ങ് ആവശ്യപ്പെട്ടതിനാൽ സമയപരിധി ഓഗസ്റ്റ് 30 വരെ നീട്ടുന്നതാണ്. ലിസ്റ്റ് തയ്യാറാക്കിയതിൽ എവിടെയോ വലിയ പാകപ്പിഴ സംഭവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ വീടുകളിൽപോകാതെ എവിടെയെങ്കിലും ഇരുന്ന്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കിയതാണോ എന്ന സംശയമുണ്ട്. പലയിടത്തും വാർഡുകൾ മാറി വന്നിട്ടുണ്ട്, പഞ്ചായത്തുകൾ മാറിവന്നിട്ടുണ്ട്. ഈ ലിസ്റ്റ് കറക്ട് ചെയ്യുന്നതിനായി പഞ്ചായത്ത് അസോസിയേഷനുമായി ആലോചിച്ച് ഒരു പ്രായോഗിക നിർദ്ദേശം സമർപ്പിക്കുവാൻ എൽ.എസ്.ജി.ഡി. സെക്രട്ടറി ശ്രീ. രാജൻ ഖൊബ്രഗഡെയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കും. ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന ഒരു കാര്യവും ഈ സർക്കാർ ചെയ്യില്ലെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

### 12. നന്ദികേശ ശില്പഗ്രാമം

ശ്രീ. ആർ. രാജേഷ്: സർ, എന്റെ മണ്ഡലത്തിലെ നൂറനാടിനെ നന്ദികേശ ശില്പഗ്രാമമായി പ്രഖ്യാപിക്കുകയും നൂറനാട്-പടനിലം ശില്പ പൈതൃക കേന്ദ്രമായി അംഗീകരിക്കുകയും ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിലെതന്നെ ഏറ്റവും വൈവിദ്ധ്യമാർന്ന കൃഷിരീതികളാലും കാർഷിക മേഖലയുമായി ബന്ധപ്പെട്ട ആഘോഷങ്ങളാലും സമ്പന്നമാണ് ഓണാട്ടുകര. അവിടത്തെ മാത്രം സവിശേഷതയും പ്രത്യേകതയുമാണ് കെട്ടുകാഴ്ചകൾ. ഓരോ ഗ്രാമപ്രദേശത്തിന്റേയും കൂട്ടായ്മയുടേയും സാഹോദര്യത്തിന്റേയും ജാതിമത സൗഹാർദ്ദങ്ങളുടേയും പ്രതീകമാണ് ഈ കെട്ടുകാഴ്ചകൾ. ഇതിൽ ഏറ്റവും പ്രധാനമാണ് നന്ദികേശ ശില്പങ്ങൾ. നൂറനാട്, ചുനക്കര ഗ്രാമങ്ങൾ നന്ദികേശ ശില്പ നിർമ്മാണത്തിന്റെ കേന്ദ്രങ്ങളാണ്. ലോകപ്രശസ്തനായ, അടുത്ത സമയത്ത് അന്തരിച്ച ചുനക്കര കെ. ആർ. രാജനെപ്പോലെയുള്ള അതിപ്രശസ്തരായ ആളുകൾ ഈ രംഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ളവരാണ്. പതിനായിരക്കണക്കിന് ആളുകളുടെ കൂട്ടായ്മയാണ് നന്ദികേശ ശില്പനിർമ്മാണത്തിൽ ഉണ്ടാകുന്നത്. അതുകൊണ്ട് ഈ ഗ്രാമത്തെ നന്ദികേശ ശില്പ ഗ്രാമമായി പ്രഖ്യാപിക്കണമെന്നും നൂറനാട് പടനിലത്തെ ശില്പ പൈതൃക കേന്ദ്രമായി അംഗീകരിക്കണമെന്നും അതിന് സാംസ്കാരിക വകുപ്പിന്റെ സഹായം ഉണ്ടാകണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ശ്രീ. ആർ. രാജേഷ് ആവശ്യപ്പെട്ടത് നൂറനാടിനെ നന്ദികേശ ശില്പഗ്രാമമായി പ്രഖ്യാപിക്കണമെന്നാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, ക്ഷേത്രാചാരങ്ങളുടെ ഭാഗമായി കെട്ടുകാഴ്ചകൾ നടത്തുന്ന ഒരു പൈതൃക ഗ്രാമമാണ് നൂറനാട്. നൂറ്റാണ്ടുകളായി ഉൽസവങ്ങളോടൊപ്പം ബന്ധപ്പെട്ടുനില്ക്കുന്ന പൈതൃക കലാരൂപങ്ങളുടെ കലാഭംഗിയും തനിമയും ചോർന്നുപോകാതെ ഡോക്യുമെന്റ് ചെയ്യുന്നതിനും അത്തരം കലാരൂപങ്ങളുടേയും കലാകാരന്മാരുടേയും ഡാറ്റാബേസ് തയ്യാറാക്കുന്നതിനുമായി കേരള സംസ്കാരത്തിന്റെ 'വ്യാപനം' എന്ന പദ്ധതിയിൽ നൂറനാടിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമമായി അംഗീകരിക്കുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### 13. ഭവനനിർമ്മാണത്തിന് യോഗ്യമാക്കൽ

ശ്രീ. ജോസഫ് വാഴക്കൻ: സർ, 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ അനുവദിച്ച ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് ഭവനനിർമ്മാണത്തിന് യോഗ്യമാക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. കഴിഞ്ഞ വർഷം സർക്കാർ നടപ്പിലാക്കിയ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയില്ലാത്തവർക്ക് മൂന്നുസെന്റ് സ്ഥലംവീതം അനുവദിച്ച് പട്ടയം നൽകിയിരുന്നു. ഇങ്ങനെ ഭൂമി ലഭിച്ചവർക്ക് തങ്ങൾക്ക് കിട്ടിയ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതുസംബന്ധിച്ച് ഒരറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല. ഈ മരങ്ങൾ ആര് മുറിക്കും ഇതിനുള്ള അനുമതി ആര് നൽകുമെന്നതിനെ കുറിച്ചൊന്നും യാതൊരു വ്യക്തതയും ഇതുവരെ ലഭിച്ചിട്ടില്ല. അതുകാരണം ഒരു വർഷമായിട്ടും ഇപ്രകാരം ലഭിച്ച ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് കഴിയാത്ത നിരവധി ആളുകളുണ്ട്. എന്റെ നിയോജകമണ്ഡലമായ മൂവാറ്റുപുഴയിലെ ആവോലി ഗ്രാമപഞ്ചായത്തിൽ മിച്ചഭൂമിയായി കണ്ടെത്തി പിടിച്ചെടുത്ത ഭൂമിയിൽ 374 പേർക്ക് മൂന്നുസെന്റ് സ്ഥലംവീതം അനുവദിച്ചിരുന്നു. എന്നാൽ വൃക്ഷനിബിഡമായ ഈ ഭൂമിയിൽ സ്വന്തമായി വീട് വയ്ക്കുന്നതിനു വേണ്ടി മുന്നോട്ടുവന്നിട്ടുള്ള അനവധി ആളുകൾക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിന് റവന്യൂ അധികൃതരിൽനിന്നും അനുമതി ലഭിക്കാത്തതിനെത്തുടർന്ന് ഇതുവരെയും വീടുപണി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഗവൺമെന്റിൽനിന്ന് ഇതുസംബന്ധിച്ച് നിർദ്ദേശം ലഭിച്ചിട്ടില്ല എന്നാണ് റവന്യൂ അധികൃതർ പറയുന്നത്. നിരവധി ആളുകൾക്ക് സ്വന്തമായി ഭൂമി ലഭിച്ചിട്ടും വീട് വയ്ക്കാൻ കഴിയാത്ത ഗൗരവമായ സാഹചര്യം സംജാതമായിരിക്കുന്നു. ഭൂമി ലഭിച്ചവർക്ക് വീട് വയ്ക്കുന്നതിനായി മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതോടൊപ്പം അവരവർക്ക് കിട്ടിയ പട്ടയ ഭൂമിയിൽ നിൽക്കുന്ന മരങ്ങളുടെ വില, വീടുവയ്ക്കുന്നതിനുവേണ്ടി അവർക്കുതന്നെ അനുവദിക്കാൻ കഴിയുമോ; ഒരു ഭവന നിർമ്മാണ പദ്ധതി ഇക്കാര്യത്തിൽ തയ്യാറാക്കുന്നുണ്ടോ എന്നതു സംബന്ധിച്ചുകൂടി വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിലുൾപ്പെടുത്തി ഭൂമി ലഭിച്ചവർക്ക് വീട് നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേക്കായി മരം മുറിക്കുന്നതുസംബന്ധിച്ച വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂവാറ്റുപുഴയിലെ ആവോലി ഗ്രാമപഞ്ചായത്തിൽ മൂന്നുസെന്റ് ഭൂമി ലഭിച്ച ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിന് സൗകര്യപ്പെടുന്ന വിധത്തിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ എറണാകുളം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് പ്രത്യേക നിർദ്ദേശം നൽകിയിരിക്കുകയാണ്.

### 14. കെട്ടിട നിർമ്മാണത്തിന് സ്ഥലം അനുവദിക്കൽ

ശ്രീ. ജെയിംസ് മാത്യു: സർ, 2009-ൽ ആരംഭിച്ച ഗവൺമെന്റ് ഐ.റ്റി.ഐ.-ആണ് കുറുമാത്തൂർ ഗവൺമെന്റ് ഐ.റ്റി.ഐ. സ്ഥലമില്ലാത്തതുമൂലം സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിയാതെവരികയും പഞ്ചായത്തുവക വ്യവസായ എസ്റ്റേറ്റിൽ താൽക്കാലികമായി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ചുവർഷമായി റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തും മുൻ എം.എൽ.എ.-യും ഇപ്പോൾ ഞാനും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെയും സ്ഥലം കിട്ടിയിട്ടില്ല. മുമ്പ് ഇതിന്റെ കെട്ടിട നിർമ്മാണത്തിനായി എം. എൽ.എ. ഫണ്ട് വകയിരുത്തിയിരുന്നു. എന്നാൽ ആ പണം വിനിയോഗിക്കാൻ കഴിയാതെ മറ്റാവശ്യത്തിന് വിനിയോഗിക്കേണ്ട അവസ്ഥയുണ്ടായി. ഇപ്പോൾ ഐ.റ്റി.ഐ.-യുടെ പ്രവർത്തനം തുടർന്നുനടത്താൻ പറ്റാത്ത വിധത്തിലുള്ള നിർദ്ദേശവും വന്നിരിക്കുകയാണ്. അടിയന്തരമായി സ്ഥലം വിട്ടുകിട്ടുന്നില്ലെങ്കിൽ ഈ വർഷം മുതൽ ഐ.റ്റി.ഐ.-യിൽ പുതിയതായി പ്രവേശനം അനുവദിക്കേണ്ടതില്ല എന്നാണ് 2014 ജനുവരി 30-ാം തീയതി ലഭിച്ച നിർദ്ദേശം. നാട്ടുകാരുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി അനുവദിച്ച പ്രസ്തുത ഗവൺമെന്റ് ഐ.റ്റി.ഐ. കഴിഞ്ഞ അഞ്ചുവർഷക്കാലമായി വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. മാത്രമല്ല, മെക്കാനിക്ക്-അഗ്രികൾച്ചറൽ മെഷിനറി എന്ന ട്രേഡ് ചെങ്ങന്നൂർ ഐ.റ്റി.ഐ.-യിലും കുറുമാത്തൂർ ഐ.റ്റി. ഐ.-യിലും മാത്രമാണ് കേരളത്തിൽ നിലവിലുള്ളത്. ഇക്കാലത്ത് ഏറ്റവും പ്രസക്തമായ, വളരെ ആവശ്യകതയുള്ള ഒരു ട്രേഡിൽ പരിശീലനം നൽകുന്ന ഐ.റ്റി.ഐ.-ക്ക് സ്വന്തമായി സ്ഥലമില്ലാത്തതുമൂലം ഈ വർഷം മുതൽ പ്രവേശനം നിഷേധിക്കുന്ന ഒരവസ്ഥയാണുള്ളത്. ഈ സ്ഥിതി പരിഗണിച്ച് അടിയന്തര പ്രാധാന്യത്തോടുകൂടി സ്ഥലം അനുവദിക്കണം. റസിഡൻഷ്യൽ ഐ.റ്റി.ഐ.- ആയതുകൊണ്ട് 15 ഏക്കർ സ്ഥലം ആവശ്യപ്പെട്ടാണ് ഫയൽ നീങ്ങിയത്. ബഹുമാനപ്പെട്ട മന്ത്രിയെ നേരിൽ കണ്ടപ്പോൾ, ഭൂരഹിത കേരളം പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ ഇത്രയും സ്ഥലം അനുവദിക്കാൻ പ്രയാസമാണെന്ന് പറയുകയും അത് മൂന്ന് ഏക്കറായി ചുരുക്കുകയും ചെയ്തു. ദയവായി മൂന്നേക്കർ സ്ഥലമെങ്കിലും അനുവദിച്ച് ഐ.റ്റി.ഐ. നിലനിർത്തുന്നതിനാവശ്യമായ സാഹചര്യമൊരുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ അംശം പൂനംദേശത്ത് റീസർവ്വേ നമ്പർ 1/1-ൽ എ(2)-ൽപ്പെട്ട 15 ഏക്കർ മിച്ചഭൂമി റസിഡൻഷ്യൽ ഐ.റ്റി.ഐ സ്ഥാപിക്കുന്നതിന് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് 2006-ൽ അപേക്ഷ നൽകിയിരുന്നു. പ്രസ്തുത മിച്ചഭൂമിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നിശ്ചയിക്കുന്ന കമ്പോളവില അടയ്ക്കുവാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിരുന്നു. ആയതിൻപ്രകാരം, സെന്റ് ഒന്നിന് 13,000 രൂപ നിരക്കിൽ 15 ഏക്കർ ഭൂമിക്ക് ഒരുകോടി 95 ലക്ഷം രൂപ കമ്പോളവില ഈടാക്കി വ്യവസ്ഥകൾക്ക് വിധേയമായി കൈമാറുന്നതിന് തടസ്സമില്ലെന്ന് നിയമ വകുപ്പ് അറിയിച്ചിരുന്നതായി ലാന്റ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ നിശ്ചയിച്ച വില അടയ്ക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിവില്ലാത്തതിനാൽ പ്രസ്തുത സ്ഥലം 99 വർഷത്തേക്ക് പാട്ടത്തിന് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് പിന്നീട് ആവശ്യപ്പെട്ടുവെങ്കിലും കമ്പോളവില അടയ്ക്കുവാൻ ഗ്രാമപഞ്ചായത്ത് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലം സീറോ ലാന്റ്ലെസ്സ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. സ്വന്തം കെട്ടിടമില്ലാതെ തുടർന്നു പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന് ഐ.റ്റി.ഐ. ഡയറക്ടർ രേഖാമൂലം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഐ.റ്റി.ഐ.-ക്ക് സ്വന്തം കെട്ടിടം പണിത് അംഗീകാരം നഷ്ടപ്പെടാത്ത അവസ്ഥയൊരുക്കാൻ ചുരുങ്ങിയത് 3 ഏക്കർ സ്ഥലമെങ്കിലും ലഭ്യമാക്കണമെന്ന എം.എൽ.എ.-യുടെ ആവശ്യത്തിന്മേൽ ലാന്റ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കി തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് അറിയിക്കുന്നു.

## V മേശപ്പുറത്ത് വച്ച കടലാസുകൾ

[ചട്ടം 47(2) പ്രകാരമുള്ളത്]

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 7625 നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2.. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 2065, ഒൻപതാം സമ്മേളനത്തിലെ 4983, പത്താം സമ്മേളനത്തിലെ 5119 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

LIBRARY ARCHIVES Kerala Legislative Assembly

# VI ധനകാര്യം

## 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, താങ്കൾക്ക് വാഹന നികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-15 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയവും

ഊർജ്ജവകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, താങ്കൾക്ക് വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-15 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയവും അവതരിപ്പിക്കാവുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-15 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014-15

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3-2-2014-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം(രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVI | വാഹന നികുതികൾ | 29,72,66,000 | .... | 59,45,33,000 | ... | 59,45,33,000 |
| IX | വനം | 157,80,08,000 | 21,82,34,000 | 315,60,16,000 | 43,64,67,000 | 359,24,83,000 |
| XXXIV | ഗതാഗതം | 19,52,36,000 | 201,35,18,000 | 39,04,71,000 | 402,70,37,000 | 441,75,08,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 42,33,67,000 | 12,60,00,000 | 84,67,33,000 | 25,20,00,000 | 109,87,33,000 |

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, വാഹന നികുതികൾ എന്ന IX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,45,33,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സ്വയംതൊഴിൽ എന്ന നിലയിൽ വൻ പലിശയ്ക്ക് ബാങ്ക് വായ്പയെടുത്ത് ഓട്ടോ, ടാക്സി, പിക് അപ് തുടങ്ങിയ വാഹനങ്ങൾ വാങ്ങി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മോട്ടോർ വാഹന നികുതി വർദ്ധനവുമൂലമുണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ട് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, വാഹന നികുതികൾ എന്ന IX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,45,33,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (മോട്ടോർ വ്യവസായം പ്രതിസന്ധി നേരിടുന്നതായും നികുതിവർദ്ധന അമിതമാണെന്നും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV-വനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. ഹംസ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 359,24,83,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (വനം കേസ്സുകളിൽ സർക്കാരിനുവേണ്ടി ഹാജരാകുന്നതിനായി ഭരണഘടനാ വിദഗ്ദ്ധരായ സീനിയർ അഭിഭാഷകരെയോ പരിസ്ഥിതി വൈദഗ്ദ്ധ്യമുള്ള ഹൈക്കോടതി അഭിഭാഷകരെയോ ഏൽപ്പിക്കാത്തതായി

പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 359,24,83,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (റൈറേഞ്ച് മേഖലയിൽ അധികൃതരുടെ സഹായത്തോടെ വലിയ തോതിൽ വനംകൊള്ള നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI-ഗതാഗതം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ദാസൻ: സർ, ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 441,75,08,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നാല് വർഷത്തെ വാറന്റ് പാസ്സുകൾ കെ.എസ്.ആർ.ടി.സി. ആസ്ഥാനത്ത് കെട്ടിക്കിടക്കുന്നതുമൂലം കെ.എസ്.ആർ.ടി. സി.-ക്ക് കനത്ത സാമ്പത്തിക നഷ്ടം സംഭവിച്ചതായി പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: സർ, ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 441,75,08,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (വാഹന നികുതിയുടെപേരിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX-വൈദ്യുത പദ്ധതികൾ

### സൂചിക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എം. ഹംസ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ എന്ന ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 109,87,33,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ എന്ന ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 109,87,33,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

**ചർച്ച**

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ ഈ നാല് ധനാഭ്യർത്ഥന കളെയും എതിർക്കുകയാണ്. ഇപ്പോൾ കേരളം ഒരു വലിയ പ്രതിസന്ധിയെ നേരിടുകയാണ്. എല്ലാ മേഖലകളിലും ഈ പ്രതിസന്ധി നമ്മളെ ബാധിക്കാൻ പോകുകയാണ്. വൈദ്യുതി ഇല്ലെങ്കിൽ ഒരു വികസനവും നടക്കാൻ പോകുന്നില്ല എന്ന് എല്ലാവർക്കും അറിയാം. 'അതിവേഗം ബഹുദൂരം', 'എമർജിംഗ് കേരള'യും ഒക്കെ വാക്കിലൊതുങ്ങുമെന്നല്ലാതെ ഒരു പ്രവൃത്തിയിലേക്കും കടക്കാൻ കഴിയില്ല. വൈദ്യുതി കുറവിന്റെ പ്രതിസന്ധി, വൈദ്യുതിക്കുറവിന്റെ മാത്രം പ്രശ്നത്താൽ രൂപപ്പെട്ട ഒന്നല്ല. 200 മുതൽ 400 മെഗാവാട്ട് വരെയുള്ള വൈദ്യുതികുറവുകൾ മാനേജ് ചെയ്യാൻ കഴിയുന്നതാണെന്ന് മുന് ഈ വകുപ്പ് കൈകാര്യം ചെയ്ത ആളുകൾക്കും സാധാരണ ഗതിയിൽ അറിയുന്ന ആളു കൾക്കുമൊക്കെ അറിയാവുന്നതാണ്. ഇപ്പോഴത്തെ പ്രശ്നം പ്ലാനിംഗിന്റെ പിശ കാണ്, ഭരണപരമായ, കഴിവുകേടിന്റെ പ്രശ്നമാണ്. പ്ലാനിംഗിലുണ്ടായ തകരാ റാണ് ഇന്നത്തെ ഒരു അവസ്ഥയിലേക്ക് നമ്മളെ എത്തിച്ചത്. 2013-ലെ ആഡിറ്റ് റിപ്പോർട്ടിൽ, വൈദ്യുതി വാങ്ങി വിറ്റതിന്റെ ഒരു കണക്കു നോക്കി യാൽ ഏതാണ്ട് കാര്യങ്ങൾ നമുക്ക് മനസ്സിലാകും. 2008-09-ൽ വൈദ്യുതി വാങ്ങി വിറ്റപ്പോൾ 38 കോടി 51 ലക്ഷം രൂപ ലാഭമുണ്ടായി. 2009-10-ൽ വൈദ്യുതി വാങ്ങി വിറ്റപ്പോൾ 30 കോടി 60 ലക്ഷം രൂപ ലാഭമുണ്ടായി. 2010-11-ലെ കണക്ക് നോക്കിയാൽ 63 കോടി 7 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. അങ്ങനെ കൂട്ടിയാൽ എൽ.ഡി.എഫ്-ന്റെ ഭരണകാലം (മൂന്നുകൊല്ലം) വൈദ്യുതി വാങ്ങി വിറ്റതിന്റെ കണക്ക് പരിശോധിച്ചപ്പോൾ ആറു കോടി രൂപ ലാഭമുണ്ടായി. 2011-12-ൽ വൈദ്യുതി വാങ്ങി വിറ്റപ്പോൾ (യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത്) 473 കോടി 37 ലക്ഷം രൂപയുടെ നഷ്ടമാണുണ്ടായത്. 2012-13-ൽ വൈദ്യുതി വാങ്ങി വിറ്റപ്പോൾ 805 കോടി 51 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. മൂന്നു കൊല്ലം എൽ.ഡി.എഫ്. ഭരിച്ച സമയത്ത് വൈദ്യുതി വാങ്ങി വിറ്റവകയിൽ 6 കോടി രൂപയുടെ ലാഭവും രണ്ടു കൊല്ലം മാത്രം യു. ഡി.എഫ്. ഭരിച്ചപ്പോൾ വൈദ്യുതി വാങ്ങി വിറ്റവകയിൽ 1272 കോടി 84 ലക്ഷം രൂപയുടെ നഷ്ടവുമുണ്ടായി. കെടുകാര്യസ്ഥതയുടെ വിശദീകരണം എന്നല്ലാതെ വേറെ എന്താണ് പറയേണ്ടത്? ഈ ഒരു കണക്കുമാത്രം നോക്കി യാൽ മതിയാകും. ഈ കണക്ക് വേറെയാരും ഉണ്ടാക്കിയതല്ല, ആഡിറ്റ് റിപ്പോർട്ടിന്റെ കണക്കാണ്. അതനുസരിച്ച് ഈ പ്രതിസന്ധി മുഴുവൻ എന്തു കൊണ്ട് ഉണ്ടായി എന്ന കാര്യം മനസ്സിലാക്കാം. ആഡിറ്റിലുള്ളത് കണ്ടെ ത്തിയതിനുപുറമേ, മേൽപ്പറഞ്ഞ അപ്പെൻഡികകളിൽ വിശദീകരിച്ച പ്രകാരം കണ്ടെത്തിയ അപര്യാപ്തതകളുടെയും ക്രമക്കേടുകളുടെയും ഫലമായി 610 കോടി 98 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി പറയുന്നു. വൈദ്യുതിയുടെ കുറവും മറ്റു കാര്യങ്ങളുമല്ല. 2011-12-ലെ റെഗുലേറ്ററി കമ്മീഷന്റെ റിപ്പോർട്ടിൽ ഇക്കാര്യം കൃത്യമായി പറയുന്നുണ്ട്. അതിൽ പറയുന്നത്, 'The present situation is the result of lack of short term, medium term planning by K.S.E.B. K.S.E.B. did not make any serious effort to foresee such delays and propose any contingency plan on a war footing' എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രധാനപ്പെട്ട എഫർട്ടും ഇതിനുമുകളിൽ എടുക്കുകയുണ്ടായില്ല. ഇതിനേക്കാളും രൂക്ഷമായ പ്രതിസന്ധികളൊക്കെ ഇതിനുമുമ്പും വൈദ്യുതി ബോർഡ് അഭിമുഖീകരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ പ്രതിസന്ധിയുണ്ടായത് എൽ.ഡി.എഫ്.-ന്റെ കാലത്താണ്. കേന്ദ്ര വിഹിതം 14,000 മെഗാവാട്ട് വൈദ്യുതി തരേണ്ട സ്ഥാനത്ത് രാഷ്ട്രീയ വൈരാഗ്യം വച്ച് 650 കോടി മെഗാവാട്ടായി വെട്ടിക്കുറച്ചു. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ ജലവൈദ്യുത പദ്ധതികൾ പൊട്ടിത്തെറിച്ചു. ഒന്നരവർഷം വൈദ്യുതി ഉണ്ടാക്കാനായില്ല. ശബരി, മൂഴിയാർ എന്നീ പദ്ധതികളും പൊട്ടിത്തെറിച്ചു. ഇടുക്കിയിലെ ബട്ടർഫ്ളൈ വാൽവിന് ലീക്കുണ്ടായി. മൂന്നുകൊല്ലം കടുത്ത വരൾച്ചയുണ്ടായി. പവർകട്ട് ഉണ്ടാകും, ലോഡ് ഷെഡ്ഡിംഗ് ഉണ്ടാകും എന്ന് എല്ലാവരും പറഞ്ഞു. പക്ഷേ പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഉണ്ടായില്ല. കുറച്ചുമാസങ്ങളിൽ ചെറിയ ഒരു ലോഡ് ഷെഡ്ഡിംഗ് ഉണ്ടായി. മഴക്കാലത്ത് ഒരിക്കലും ഇത്തരം രൂക്ഷമായ പ്രതിസന്ധിയെ അഭിമുഖീകരിച്ച സമയത്തും ലോഡ് ഷെഡ്ഡിംഗ് ഉണ്ടായില്ല. ഇന്നത്തെപ്പോലെ അന്നും ലോകകപ്പ് ഫുട്ബോൾ മത്സരമുണ്ടായി. ലോകകപ്പ് മത്സര സമയത്ത് കറണ്ട് കട്ട് ഉണ്ടാകില്ല എന്ന് ഉറപ്പിച്ചുപറയാൻ അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. കറണ്ടിന്റെ ലഭ്യതയനുസരിച്ച്, മഴ പെയ്താൽ, മഴ പെയ്തില്ലെങ്കിൽ എനിക്ക് ഉറപ്പിച്ചു പറയാൻ പറ്റില്ല എന്ന അർത്ഥത്തിലാണ് ഇന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി മറുപടി പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ പ്രതിസന്ധിയെല്ലാം ഉണ്ടായപ്പോൾ അതിനെ അതിജീവിച്ചു എന്നുമാത്രമല്ല 3500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആ കാലഘട്ടത്തിൽ നടന്നില്ലേ? നമുക്ക് എല്ലാവർക്കും അത് അറിയാവുന്നതല്ലേ? 85 നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. ഒരു മണ്ഡലത്തിൽ ശരാശരി ഒരു കോടി രൂപയ്ക്കും ഒന്നരക്കോടി രൂപയ്ക്കുമിടയിൽ ചെലവഴിച്ചു. വൈദ്യുതി ലഭിക്കാത്ത ആളുകളോട് വൈദ്യുതി കണക്ഷൻ ആവശ്യമുണ്ടോയെന്ന് അന്വേഷിച്ച് കണക്ഷൻ ലഭ്യമാക്കി. 8 പോസ്റ്റുകൾവരെ സൗജന്യമായി സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി. എന്റെ മണ്ഡലത്തിൽ 5 പോസ്റ്റുകൾവരെ സൗജന്യമായി സ്ഥാപിച്ച് കണക്ഷൻ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കെ. സി. ജോസഫിന്റെ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 10 കോടി രൂപയാണ് ചെലവഴിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 40 വർഷം എം.എൽ.എ ആയിരുന്നിട്ടും പുതുപ്പള്ളിയിൽ 60 ശതമാനം വൈദ്യുതീകരണം മാത്രമേ നടന്നിരുന്നുള്ളൂ. അവിടെ 100 ശതമാനം വൈദ്യുതീകരണം നടത്തിയത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണ സമയത്താണ്. എല്ലാവരുടെയും പേരുകൾ എടുത്തു പറയുന്നില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. തോമസ് ഉണ്ണിയാടൻ...., അദ്ദേഹം സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പേരിൽ അമേരിക്കയിൽ പോയി അവാർഡുപോലും വാങ്ങിയിരുന്നു. ഇവിടെ മുമ്പും പ്രതിസന്ധികളുണ്ടായപ്പോൾ ആ പ്രതിസന്ധികളെ അതിജീവിച്ചു എന്നുമാത്രമല്ല 3,500 കോടിയോളം രൂപയുടെ വികസന പ്രവർത്തനങ്ങളും ആ

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടങ്ങളിൽ നടപ്പിലാക്കാൻ കഴിഞ്ഞു. 2001-2006-ൽ യു.ഡി.എഫ്-ന്റെ കാലത്ത് 21.7 ലക്ഷം കണക്ഷൻ കൊടുത്തപ്പോൾ എൽ.ഡി.എഫ്-ന്റെ കാലത്ത് 22.13 ലക്ഷം കണക്ഷൻ കൊടുത്തു. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 11 കെ.വി ലൈൻ 4776 കിലോമീറ്റർ വലിച്ചപ്പോൾ പ്രതിസന്ധി നിറഞ്ഞ എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് 11 കെ. വി. ലൈൻ 13525 കിലോ മീറ്റർ വലിച്ചു. യു.ഡി.എഫ് 6755 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചപ്പോൾ എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് 20199 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. യു.ഡി.എഫ്-ന്റെ കാലത്ത് എൽ.ടി ലൈൻ 25968 കിലോമീറ്ററാണ് വലിച്ച തെങ്കിൽ എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് 37515 കിലോമീറ്റർ എൽ.ടി ലൈൻ വലിച്ചു. സബ്സ്റ്റേഷനുകൾ 85 ഉണ്ടായിരുന്നത് 97 ആയും സെക്ഷൻ ഓഫീസുകൾ 87 ഉണ്ടായിരുന്നത് 95 ആയും ഉല്പാദനം 26.5 മെഗാവാട്ട് ആയിരുന്നത് 208 മെഗാവാട്ടായും എൽ.ഡി.എഫ്-ന്റെ കാലത്ത് വർദ്ധിച്ചു. 4 ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. ഇത് ചെറിയ നേട്ടമാണോ? വൈദ്യുതിയുടെ കുറവാണോ യഥാർത്ഥ പ്രശ്നം. മാനേജ്മെന്റിൽ ഉണ്ടായ തകരാർ ഒരു സംസ്ഥാനത്തെയാകെ പുറകോട്ട് വലിക്കുകയാണ്. മിക്കവാറും എല്ലാ കാര്യത്തിലും യു.ഡി.എഫ്-നെ പിന്തുണയ്ക്കുകയും എൽ.ഡി.എഫ്-നെ എതിർക്കുകയും ചെയ്തിരുന്ന മലയാള മനോരമ പത്രം അന്ന് പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിൽ ശ്രീ. എ. കെ. ബാലനെക്കുറിച്ച് 'നാടുണർത്തുന്ന പ്രകാശമന്ത്രം' എന്നാണ് എഴുതിയിരിക്കുന്നത്. മലയാള മനോരമ പത്രമാണ് ഇത് എഴുതിയതെന്ന കാര്യം അങ്ങ് മറക്കരുത്. അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എ. കെ ബാലനെ അങ്ങേയറ്റം പ്രശംസിച്ചുകൊണ്ട് ഒരു മുഖപ്രസംഗം അന്ന് എഴുതിയിരുന്നു. മാതൃഭൂമി പത്രം 'വൈദ്യുതി ബോർഡ് കണക്കുകൾ കമ്മീഷൻ ക്രമീകരിച്ചു, വൈദ്യുതി ബോർഡ് ലാഭത്തിൽ, നിരക്കുവർദ്ധന ഭീഷണി ഒഴിവായി' എന്നാണ് എഴുതിയത്. ഈ സന്ദർഭത്തിലും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ നമുക്ക് സാധിക്കുമായിരുന്നു, ആ രീതിയിൽ ഇത് കൈകാര്യം ചെയ്യാത്തതിന്റെ ഫലമാണ് നമ്മൾ ഇപ്പോൾ അനുഭവിക്കുന്നത് എന്ന് പറയാൻവേണ്ടിയാണ് ഞാൻ ഇത് സൂചിപ്പിച്ചത്. എൽ.ഡി.എഫ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി മേഖലയിലുണ്ടായിരുന്ന പൊതുകടം 4500 കോടി രൂപ ആയിരുന്നു. 2011-ൽ എൽ.ഡി.എഫ് അധികാരമൊഴിയുമ്പോൾ അത് 1200 കോടി രൂപയാക്കി കുറച്ചിരുന്നു. ഇതെല്ലാം പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകളാണ്. എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് വൈദ്യുതി മേഖല ഓരോ വർഷവും ലാഭത്തിലേക്ക് കടന്നു. 5 വർഷത്തെ എൽ.ഡി.എഫ് ഭരണകാലത്ത് പ്രതിസന്ധികളുണ്ടായിട്ടും വികസന പ്രവർത്തനങ്ങളൊക്കെ നടത്തിയിട്ടും ഒരു രൂപയുടെ പോലും താരിഫ് വർദ്ധനയുണ്ടായിട്ടില്ല. പുറത്തുനിന്ന് വാങ്ങുന്നതിന് ചെറിയൊരു സർചാർജ് കുറച്ചു കാലത്തേയ്ക്ക് വയ്ക്കുക മാത്രമാണ് ചെയ്തത്. എൽ.ഡി.എഫ്-ന്റെ കാലത്ത് വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകിയിരുന്നുവെങ്കിൽ ഇപ്പോൾ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവരും ഒരു പോസ്റ്റിന് 11000 രൂപയാണ് അടയ്ക്കേണ്ടത്. എൽ.ഡി.എഫ്-ന്റെ കാലത്ത് ഫിക്സഡ് ചാർജ് ഇല്ലായിരുന്നു. ഇപ്പോൾ സിംഗിൾ ഫേസ് 40 രൂപ, ത്രീ ഫേസ് 60

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രൂപ, മീറ്റർ മാറ്റാൻ 450 രൂപ എന്നിങ്ങനെ നൽകണം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇതുവരെ വന്ന താരിഫ് വർദ്ധനയുടെ ആകെ കണക്ക് ഏകദേശം 2,500 കോടി രൂപയാണ്. മന്ത്രിയുടെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും പരിഗണനയിലിരിക്കുന്നതുകൂടി വന്നാൽ അടുത്ത രണ്ട് വർഷത്തിനുള്ളിൽ വരാനിരിക്കുന്നത് 1,500 കോടി രൂപയുടെ താരിഫ് വർദ്ധനയാണ്. അപ്പോൾ എങ്ങനെയാണ് രണ്ട് കാഴ്ചപ്പാടുകൾ തമ്മിലുള്ള വ്യത്യാസമെന്ന് മനസ്സിലാകും. വൈദ്യുതി പുറത്തുനിന്ന് വാങ്ങിയാലും കേന്ദ്രം നൽകുന്നതായാലും ഇവിടേയ്ക്ക് കൊണ്ടുവരാൻ ട്രാൻസ്മിഷൻ ലൈൻ വേണം. അതിന്റെ പ്രവർത്തനങ്ങൾ കേരളത്തിന്റെ ഭാവിയുമായി ബന്ധപ്പെട്ടതാണ്. കൂടംകുളം പദ്ധതിപ്രകാരമുള്ള വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ലൈനിന്റെ പണി എൽ.ഡി.എഫ്.-ന്റെ കാലത്ത് ആവേശത്തോടുകൂടി ആരംഭിക്കുകയും പൂർത്തീകരിക്കാൻ ശ്രമിക്കുകയും ചെയ്തു. പുതുപ്പള്ളി മണ്ഡലത്തിൽ ലൈനിന്റെ പണി ആരംഭിച്ചപ്പോൾ റബ്ബർ മരങ്ങൾ പോകുമെന്ന് പറഞ്ഞ് ലൈൻ വലിക്കുന്നപണി സ്തംഭിച്ചു. അത് ഭാവി കേരളത്തിന്റെ ഊർജ്ജവാതിൽ അടയ്ക്കുകയാണ് ചെയ്തത്. ഗവൺമെന്റിന് എന്തെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തി അക്കാര്യം പരിഹരിക്കുന്നതിന് കഴിഞ്ഞോ? പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (PGCIL) എന്ന നവരത്ന കമ്പനി പോലും നമുക്കെതിരായില്ലേ? ലൈനെല്ലാം തമിഴ്നാടിന് കൊടുത്തില്ലേ? 25 വർഷത്തേക്ക് അവിടെനിന്ന് വൈദ്യുതി ലഭിച്ചാലും കൊണ്ടുവരുന്നതിന് ഈ പവർ ലൈൻ പൂർത്തിയാക്കാതെ എന്ത് മാർഗ്ഗമാണുള്ളത്? ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും പരിശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടായോ? സെൻട്രൽ റെഗുലേഷൻ അതോറിറ്റിയിൽ നമ്മൾ കേസ് ഫയൽ ചെയ്തു. 'വൈദ്യുതി ഉപഗ്രഹംവഴി കൊണ്ടുവരാൻ പറ്റില്ലെന്ന്' പറഞ്ഞ് അവർ നമ്മളെ കളിയാക്കുകയാണുണ്ടായത്. അത് വാസ്തവമല്ലേ; ഇക്കാര്യത്തിൽ സീരിയസ്സായുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടായോ? ഈ ഗവൺമെന്റിന്റെ ആസൂത്രണമില്ലായ്മയാണ് എല്ലാം തകർത്തത്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ്, ഒരു മുതിർന്ന അംഗമെന്ന നിലയിൽ എനിക്ക് അങ്ങയോട് വളരെ സ്നേഹവും ബഹുമാനവും ഉണ്ട്. വേണമെങ്കിൽ എനിക്ക് അങ്ങയെ മെഴുകുതിരികളുടെയും ഇൻവെർട്ടർ കമ്പനികളുടെയും ജനറേറ്റർ കമ്പനികളുടെയും ഏജന്റ് എന്ന് വിളിച്ച് ആക്ഷേപിക്കാം. പക്ഷേ ഞാനത് ചെയ്യുന്നില്ല. ഞാൻ അങ്ങനെ വിളിച്ചാൽ ഈ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നവരാരും എന്നെ കുറ്റം പറയില്ല. കാരണം അങ്ങനെയാണ് കഴിഞ്ഞ മൂന്ന് വർഷം കടന്നുപോയത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പ്രോജക്ട് 676 പ്രഖ്യാപിച്ചിട്ടുണ്ട്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എമർജിംഗ് കേരളയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. പ്രോജക്ട് 676 ആയാലും എമർജിംഗ് കേരളയായാലും വൈദ്യുതിയില്ലാതെ എന്തെങ്കിലും നടക്കുമോ? വൈദ്യുതിയില്ലാതെ കേരളത്തിലേക്ക് എന്തെങ്കിലും വികസനം വരുമോ? വൈദ്യുതി ഉത്പാദിപ്പിക്കാനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചോ? ബഹുമാനപ്പെട്ട പി. സി. ജോർജ് സൈലന്റ് വാലി വേണമെങ്കിൽ കൊണ്ടുവരണോ എന്നാണ് പറഞ്ഞത്. വൈദ്യുതി ആവശ്യമാണെന്നും അത് ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കണമെന്നും എല്ലാവർക്കും

അറിയാം. പക്ഷേ ആ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കാൻവേണ്ടി ഒരു പരിശ്രമവും നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. വൈദ്യുതിയില്ലാതെ ഒരു വികസനവും നമ്മുടെ നാട്ടിൽ നടപ്പാക്കാൻ കഴിയില്ല. അതിന്റെയൊക്കെവഴി അടച്ചതിന്റെ എല്ലാ ക്രെഡിറ്റും നിങ്ങൾക്കാണ്. വ്യവസായ വികസനത്തിന്റെ ധാരാളം പദ്ധതികൾ ആവിഷ്കരിച്ച ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇക്കാര്യത്തിൽ പ്രതികരിക്കണം. ഇങ്ങനെ നമ്മൾ മുന്നോട്ട് പോയാൽ കേരളത്തിൽ ഒരു പെട്ടിക്കടപോലും തുടങ്ങാൻ കഴിയില്ലെന്ന് ഞാൻ ഉറപ്പിച്ച് പറയുകയാണ്. നിങ്ങൾക്ക് ഒരു കാഴ്ചപ്പാടില്ല, എല്ലാം സ്വകാര്യവൽക്കരിക്കാനുള്ള ഭ്രാന്താണ് കാണിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, അങ്ങ് എൽ.ഡി.എഫ്. ഭരണകാലത്ത് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലന്റെയും ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെയും പ്രവർത്തനങ്ങളുടെ താരതമ്യപഠനം നടത്തുകയാണല്ലോ. എൽ.ഡി.എഫ്. ഭരണകാലത്ത് വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. എ. കെ. ബാലന്റെ നിറം കറുപ്പും മനസ്സും ബുദ്ധിയും വെളുത്തതുമായതുകൊണ്ട് ഇന്നത്തെപ്പോലെ ഇരുട്ട് പരന്നില്ല. പക്ഷേ ശ്രീ. ആര്യാടൻ മുഹമ്മദ് കാഴ്ചയിൽ വെളുത്തിരിക്കുന്നുവെങ്കിലും മനസ്സും പ്രവർത്തിയും കറുത്തതുകൊണ്ടാണ് സദാ ഇരുട്ട് പരക്കുന്നത്. ഫെയ്സ്ബുക്ക് പോസ്റ്റിംഗിൽ 'ആര്യാടൻജി തീപ്പെട്ടിയുണ്ടോ ഒരു മെഴുകുതിരി കത്തിക്കാൻ' എന്ന പോസ്റ്റിംഗ് ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ഇതൊന്നും ശ്രദ്ധയിൽപ്പെടേണ്ട കാര്യങ്ങളല്ല.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, എനിക്ക് അദ്ദേഹം പറഞ്ഞതിനോട് യോജിപ്പില്ല. കറുപ്പ് മോശവും വെളുപ്പ് നല്ലതുമാണെന്ന അഭിപ്രായം ലോകത്താർക്കും ഇല്ല, എനിക്കുമില്ല. അദ്ദേഹം പറഞ്ഞത് തമാശയ്ക്കാണെന്ന കാര്യം എനിക്കറിയാം. ഞാൻ ദീർഘിപ്പിക്കുന്നില്ല. 2003-ൽ വൈദ്യുതി മേഖലയിലുൾപ്പെടെ നിങ്ങൾ കൊണ്ടുവന്ന നിയമങ്ങളൊക്കെ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ളതാണ്. അതെല്ലാം നാടിനെ പുറകിലേക്ക് പിടിച്ചുവലിക്കുമെന്നകാര്യത്തിൽ എനിക്കൊരു സംശയവുമില്ല. വനത്തെ സംബന്ധിച്ച് എനിക്കുശേഷം സംസാരിക്കുന്നവർ പറയും. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ പറയുന്നത് മറ്റൊരു വിഷയമാണ്.

കേരളത്തിൽ ആനത്തൊഴിലാളികളൊഴികെ എല്ലാവർക്കും ക്ഷേമനിധിയുണ്ട്. ആനത്തൊഴിലാളി യൂണിയന്റെ ഭാരവാഹി എന്ന നിലയിൽ ഇക്കാര്യം ഞാൻ സബ്മിഷനായി ഉന്നയിച്ചിരുന്നു. അന്നത്തെ തൊഴിൽവകുപ്പുമന്ത്രി പറഞ്ഞത് എണ്ണം കുറവായതിനാൽ പ്രത്യേക ക്ഷേമനിധി സാധ്യമല്ല, ഷോപ്പ് എംപ്ലോയീസിന്റെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താമെന്നാണ്. പക്ഷേ പിന്നീട് ഒരു നടപടിയും ഇക്കാര്യത്തിൽ ഉണ്ടായില്ല. കേരള സ്റ്റേറ്റ് എലിഫന്റ് വെൽഫയർ ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ച് പത്രത്തിൽ വായിച്ചിരുന്നു. ആനപ്രേമികളുടെ നാടായ കേരളത്തിൽ അത്തരത്തിലൊരു ബോർഡ്



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത് നല്ല കാര്യമാണ്; ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. കേരളത്തിൽ ആനകളുടെയും പാപ്പാന്മാരുടെയുംകാര്യം കഷ്ടമാണ്. പാപ്പാന്മാർക്ക് പെൻഷൻ പദ്ധതി ആസൂത്രണം ചെയ്യണം. 'ആനച്ചോറ് കൊലച്ചോറ്' എന്നാണ് പൊതുവിൽ പറയുന്നത്. എപ്പോൾ വേണമെങ്കിലും ആന ഇടഞ്ഞ് പാപ്പാന്മാരുടെ ജീവിതം തകരാം. ആ സാഹചര്യത്തിൽ പാപ്പാന്മാർക്കും അവരുടെ കുടുംബത്തിനും സുരക്ഷിതമാകുന്ന ഇടപെടലുണ്ടാകണം. ആന ഉടമകളും ഉത്സവകമ്മിറ്റികളും ചെറിയ തുകയെടുത്താൽ കേരളത്തിൽ ഇത് സാദ്ധ്യമാകാവുന്നതേയുള്ളൂ. യഥാർത്ഥത്തിൽ കേരളത്തിൽ ഇപ്പോൾ 600-ൽ താഴെ ആനകളാണുളളത്. കഴിഞ്ഞ ജനുവരി മാസം മുതൽ ജൂൺ മാസം വരെ 14 ആനകളും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 150 ആനകളുമാണ് ചരിഞ്ഞത്. ആനകൾക്ക് ചികിത്സിക്കാൻ ഒരു ആശുപത്രിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ആനകളെ ചികിത്സിക്കാൻ ഒരു ആശുപത്രി തുടങ്ങണമെന്നും അത് കുന്ദംകുളത്ത് തുടങ്ങണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ അഭ്യർത്ഥന വെറും പ്രാദേശികവാദമല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ ആനകളെ എഴുന്നള്ളിക്കുന്ന ക്ഷേത്രങ്ങളുള്ള സ്ഥലം കുന്ദംകുളമാണ്. ഹിന്ദു, ക്രസ്ത്യൻ, മുസ്ലീം തുടങ്ങി ഏത് വിഭാഗക്കാരുടെ ഉത്സവത്തിനായാലും ശരാശരി 60, 70, 80, 90, 100, 110 ആനകളെയാണ് എഴുന്നള്ളിക്കുന്നത്. മാത്രമല്ല, ഏറ്റവും കൂടുതൽ ആനകൾ ഉള്ളതും ആ പ്രദേശത്താണ്. ആനകൾക്ക് ആശുപത്രി തുടങ്ങുന്നതിനുള്ള സ്ഥലം അവിടെ കണ്ടെത്താം. ആനകൾ ചരിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ആനകളുടെ നിശ്ചിത അനുപാതം നിലനിർത്തുന്നതിന് ശ്രമിക്കണം. കോടനാട്, കോന്നി, മുത്തങ്ങ, കോട്ടൂർ തുടങ്ങിയ ആനപരിപാലന കേന്ദ്രങ്ങളിലെ ആനകളുടെ ചികിത്സയെ സംബന്ധിച്ചും ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : യെസ്.... പ്ലീസ് .....കൺക്ലൂഡ്....

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, രണ്ട് മിനിട്ടുകൂടി.

മി. സ്പീക്കർ : രണ്ട് മിനിട്ട് കൂടിയാകുമ്പോൾ എത്ര മിനിട്ടാണ് അധികം വേണ്ടത്. ഇപ്പോൾത്തന്നെ അഞ്ച് മിനിട്ടായി. അവസാനിപ്പിക്കൂ.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, വാഹന നികുതിയുടെ കാര്യംകൂടി പറയണമെന്നാണ് കരുതിയത്.

മി. സ്പീക്കർ : അത് നേരത്തേ പറയണമായിരുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ എല്ലാവരും വല്ലാത്ത ഒരു അവസ്ഥയിലും നമ്മളെല്ലാവരും അതിൽ ബോധവാന്മാരുമാണ്. വോട്ട് ചെയ്തതിനുള്ള മറുപടി പ്രതിരോധ, റെയിൽവേ, മേഖലയിലെല്ലാം നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ വലിയ ആപത്തിലേക്ക് പോവുകയാണ്. ആ വിപത്തിനെ നമുക്ക് ഒരുമിച്ച്

നേരിടേണ്ടതുണ്ട്. ഭരണപക്ഷത്തുള്ള ബഹുമാന്യനായ എം. ഉമ്മർ, എനിക്ക് വളരെ ഇഷ്ടപ്പെട്ട എം.എൽ.എ. യാണ്. അദ്ദേഹം കഴിഞ്ഞ ദിവസം ഇവിടെയൊരു പ്രസംഗം നടത്തി. ആ പ്രസംഗത്തിൽ, എൽ.ഡി.എഫ്.-ന് ധാരാളം ഉപദേശങ്ങൾ തന്നു. ആ ഉപദേശങ്ങൾ എൽ.ഡി.എഫ്.-ന് തന്നത് അദ്ദേഹത്തിന്റെ നല്ല മനസ്സാണ്. ഇടതുപക്ഷത്തിന് എന്തെങ്കിലും പിശക് പറ്റിയിട്ടുണ്ടെങ്കിൽ ആ പിശക് തിരുത്തി, ശക്തിയാർജ്ജിച്ച് വരണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. കാരണം ഇടതുപക്ഷം ശക്തിയാർജ്ജിച്ച് വന്നെങ്കിൽ മാത്രമേ രാജ്യത്തിന് രക്ഷയുള്ളൂ.

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി, ഞാൻ മൈക്ക് ഓഫാക്കും.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, അതേസമയം ഭരണപക്ഷത്തുള്ള ആളുകളെ ഉപദേശിച്ചതേയില്ല. അവർ നന്നായി വരില്ലെന്ന് ശ്രീ. എം. ഉമ്മറിന് നല്ലതുപോലെ അറിയാവുന്നതുകൊണ്ടായിരിക്കാം അവരെ ഉപദേശിക്കാതിരുന്നത്. .........(തടസ്സം)....... ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളായ ഗതാഗതം, വനം-പരിസ്ഥിതി, വൈദ്യുതി എന്നിവയാണ് ഇന്നിവിടെ ചർച്ച ചെയ്യുന്നത്. 'ദൈവത്തിന്റെ സ്വന്തം നാട്' ആയ കേരളം ഇന്ന് കാണുന്നരീതിയിൽ നിലനിൽക്കുന്നതിൽ വളരെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്നാണ് വനവും പരിസ്ഥിതിയും. വികസനത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങൾ അട്ടിമറിക്കപ്പെടരുത്. നമ്മുടെ നാട്ടിൽ വികസനം വേണം. എന്നാൽ ആരും വികസന വിരോധികളാകാൻ പാടില്ല, അങ്ങനെ ആകുന്നവരുമല്ല. ഏതെങ്കിലും രീതിയിലുള്ള തീവ്രവാദമോ, മൗലികവാദമോ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ ഉണ്ടാകാനും പാടില്ല. ഇവിടെ വീടും റോഡും കെട്ടിടങ്ങളും പാലങ്ങളും വേണം. അനിവാര്യമാണെങ്കിൽ വിമാനത്താവളങ്ങളും വേണം. ഇതെല്ലാം വികസനത്തിന്റെ ഭാഗമാണ്. കഴിഞ്ഞ തലമുറകൾ നമുക്കുവേണ്ടി കരുതിവച്ച മഹാ കരുതൽധനം സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് നമുക്ക് വേണ്ടത്. വികസനം ഇന്നത്തേയ്ക്ക് വേണ്ടിയാണെങ്കിൽ പരിസ്ഥിതി സംരക്ഷണം നാളേയ്ക്കും വരുംതലമുറയ്ക്കും വേണ്ടിയാണെന്നാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി കേരള ജനതയോട് പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ വനംവകുപ്പ് കൂടുതൽ ശക്തിപ്പെടുത്തണം. വനംവകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തണം. അതുപോലെ പാട്ടക്കരാർ ലംഘിച്ചതും കാലാവധി കഴിഞ്ഞതുമായ മുഴുവൻ വനഭൂമിയും അടിയന്തരമായി സർക്കാർ ഏറ്റെടുക്കാനുള്ള നടപടി ഉണ്ടാകണം. സർക്കാരിലേക്ക് ഏറ്റെടുക്കാൻ ഉത്തരവായതിനുശേഷവും വർഷങ്ങളായി പല ഭൂമികളിൽനിന്നും സ്വകാര്യ വ്യക്തികൾ ആദായം പറ്റിവരികയാണ്. ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ അനന്തമായി നീട്ടിക്കൊണ്ട്

പോകുന്നത് ഖേദകരമാണ്. കീഴ്ക്കോടതികളിലേയും ഹൈക്കോടതികളിലേയും കേസ്സുകൾ വേണ്ടവിധം സർക്കാർ അഭിഭാഷകർ കൈകാര്യം ചെയ്യാത്തതാണ് മുഖ്യകാരണങ്ങളിൽ ഒന്നെന്ന വിമർശനം സമൂഹത്തിലുണ്ട്. സമയബന്ധിതമായി കേസ്സുകൾ തീർക്കുവാനും ഗവൺമെന്റിലേക്ക് വരേണ്ട ഭൂമി ഗവൺമെന്റിലേക്ക് വരുന്നതിനുംവേണ്ടി വനംവകുപ്പ്, സുപ്രീം കോടതിയിലേയും ഹൈക്കോടതിയിലേയും കേസ്സുകൾ സംബന്ധിച്ച് പ്രത്യേക കർമ്മപദ്ധതി നിർബന്ധമായും ആവിഷ്കരിക്കണം.

നെല്ലിയാമ്പതിയിലെ പാട്ടക്കരാർ ലംഘിച്ച വനഭൂമികൾ തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ ഹൈക്കോടതിയിൽ കൈകാര്യം ചെയ്യുന്നതിൽ സുപ്രീം കോടതിയിലെ വിഷയ വിദഗ്ദ്ധരായ അഭിഭാഷകരെ നിയമിക്കണം. കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ടകാര്യങ്ങൾ നമുക്ക് എല്ലാവർക്കും അറിയാം. നെല്ലിയാമ്പതിയിലെ 880 ഏക്കറിൽ അധികം വനഭൂമി അനധികൃതമായും വ്യാജരേഖ ചമച്ചും കരുണ പ്ലാന്റേഷൻ എന്ന സ്വകാര്യ തോട്ടക്കാർ കൈവശപ്പെടുത്തിയിരിക്കുകയാണ്. സമയബന്ധിതമായി കേസ്സുകൾ നടത്താത്തതിനാലും കേസ് നടത്തിപ്പിൽ 1990 മുതൽ വീഴ്ചകൾ വരുത്തിയതിനാലും പ്രസ്തുത വനഭൂമി സ്വകാര്യ തോട്ടക്കാർ തുടർന്നും കൈവശപ്പെടുത്തിയിരിക്കുകയാണ്. സമഗ്രമായ അന്വേഷണം ആവശ്യപ്പെട്ട് 2011-ൽ കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ച് സമഗ്രമായ അന്വേഷണം നടത്താനും ഒരു പ്രത്യേക ടീം രൂപീകരിക്കണമെന്നുമായിരുന്നു ആ റിപ്പോർട്ടിലെ ആവശ്യം. അതനുസരിച്ച് ഈ സർക്കാർ വനം, റവന്യൂ, നിയമം, പോലീസ്, സർവ്വേ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ പ്രത്യേക സംഘത്തിനെ നിയോഗിക്കുകയും ചെയ്തു. എന്നാൽ എ.പി.സി.സി.എഫ്.-ന്റെ റിപ്പോർട്ടിൽ അക്കമിട്ട് പറയുന്ന തിരിമറികളും രേഖകളിലെ തട്ടിപ്പുകളും വേണ്ടവിധം പരിശോധിക്കാതെ പ്രസ്തുത കമ്മിറ്റിയിലെ വനംവകുപ്പ് ഉദ്യോഗസ്ഥർ കോടിക്കണക്കിന് രൂപ വിലവരുന്ന വനഭൂമി തോട്ടക്കാർക്ക് നികുതി അടച്ച് സ്വന്തമാക്കാൻ കൂട്ടുനിന്നുവെന്നുള്ളത് ആക്ഷേപമാണ്. ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിക്ക് രേഖാമൂലം എഴുതിനൽകിയതാണ്. ഈ വിഷയത്തിൽ, ഉദ്യോഗസ്ഥർക്ക് ശരിയായ നിയമോപദേശം നൽകി, സർക്കാർ താൽപ്പര്യം സംരക്ഷിക്കേണ്ട അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, പ്രസ്തുത എ.പി.സി.സി.എഫ്.-ന്റെ റിപ്പോർട്ടിലെ വസ്തുതകൾ അവഗണിച്ച് വനഭൂമി കയ്യേറ്റക്കാർക്ക് വിട്ടുനൽകണമെന്ന ഉപദേശമാണ് നൽകിയത്. നേരത്തെ സർക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിവ്യൂ ഹർജിയിൽ, ഈ വനഭൂമിയിന്മേൽ ആർക്കും നിയമപ്രകാരമുള്ള ഒരു അവകാശവും ഇല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീം കോടതിയിലും 2009-ൽ വനംവകുപ്പ് ഇതേ നിലപാടാണ് സ്വീകരിച്ചത്. നേരത്തെയുള്ള മുഴുവൻ നിലപാടുകളും അട്ടിമറിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് നൽകിയ നിയമോപദേശം മറയാക്കിയാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ 880 ഏക്കർ വനഭൂമി കരുണ പ്ലാന്റേഷന് നൽകിയത്. ഇതിൽ ഭരണതലത്തിലെ ഏറ്റവും ഉന്നതരായ ഉദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ന്മാർപോലും ഇടപെട്ടിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത വനഭൂമി സംരക്ഷിക്കാനും തിരിച്ചെടുക്കാനും അട്ടിമറി അന്വേഷിക്കാനും ഒരു ഉന്നതതല അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. സർക്കാരിന് സത്യസന്ധതയുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെ എനിക്ക് ഇക്കാര്യത്തിൽ വിശ്വാസവുമുണ്ട്; അദ്ദേഹത്തിന് ഇക്കാര്യത്തിൽ ഒരു കാഴ്ചപ്പാടുണ്ട്. ഇത് ഗവൺമെന്റ് ഭൂമിയായി നിലനിർത്തേണ്ടതാണെന്ന് അദ്ദേഹത്തിന് 100 ശതമാനം ബോദ്ധ്യമുണ്ട്. ആ ആത്മാർത്ഥതയെ പരിപൂർണ്ണമായും അഭിനന്ദിക്കാനും അംഗീകരിക്കാനും തയ്യാറാണ്. എന്നാൽ, നികുതി അടയ്ക്കാൻ ചെല്ലുമ്പോൾ, തഹസീൽദാർ മുഴുവൻ ഭൂമിയും പോക്കുവരവ് ചെയ്തുകൊടുക്കുകയാണ്. 880 ഏക്കർ വനഭൂമിയാണ് ഇങ്ങനെ നഷ്ടപ്പെടുന്നത്.

ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ഒന്നുരണ്ട് ചോദ്യങ്ങൾ ചോദിക്കുകയാണ്. കരുണ എസ്റ്റേറ്റിന്റെ 1889, 1920, 1944 എന്നീ വർഷങ്ങളിലെ പാട്ടക്കരാറുകളിലെ പ്ലാനുകൾ, അപ്പീലിനൊപ്പം സമർപ്പിച്ചിട്ടുള്ള പ്ലാനും തമ്മിൽ ഒത്തുനോക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയവ അടിയന്തരമായി പരിശോധിച്ചാൽ മാത്രമേ വസ്തുതകൾ വെളിപ്പെടുകയുള്ളൂ. രണ്ടാമത്തെ എന്റെ അഭ്യർത്ഥന, 1944-ലെ പാട്ടക്കരാറിൽ മുതലമട വില്ലേജിലാണ് ഈ ഭൂമിയെന്ന് കാണിച്ചിട്ടുണ്ട്. ആയത് 1979-ലെ പാട്ടക്കരാറിൽ പയിലൂർ വില്ലേജിൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുപ്രീം കോടതിയുടെ കേസ്സിൽ സമാന്തരത്തിലുള്ള ഈ ഭിന്നത നിലനിൽക്കുകയാണ്.

ഈ കേസ്സിന്റെ മേൽ നടപടി സർക്കാരിന് ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പരിശോധിക്കണം. എന്റെ മൂന്നാമത്തെ അഭ്യർത്ഥന, വേങ്ങനാട് കോവിലകം രാജാവിന്റെ

12.00 NOON]

നിര്യാണത്തെത്തുടർന്ന് ആശ്രിതർ ഭാഗപത്രം ചെയ്യുന്നതിനായി കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. പിന്നെ എങ്ങനെയാണ് 1969-ൽ റിസീവർ ഭരണത്തിലുള്ള ഈ ഭൂമി കേസ് വിധിയാകുന്നതിനുമുമ്പ് വിറ്റത്? അതും വനം വകുപ്പ് പരിശോധിക്കണം.

നാലാമത്തെ അഭ്യർത്ഥന, 2000-ലും 2009-ലും ഏത് സാഹചര്യത്തിലാണ് സർക്കാർ ഈ കേസിന് അപ്പീൽ നൽകിയത്? അഞ്ചാമതായി, അന്നത്തെ എ.ജി. മാരുടെ റിപ്പോർട്ടുകൾ എന്തായിരുന്നു; ഏത് സാഹചര്യത്തിലാണ് ഈ റിപ്പോർട്ടുകൾ ഇപ്പോഴത്തെ എ.ജി. മാറ്റിയെഴുതി നൽകിയത്? ഇതും ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി നിർബന്ധമായും പരിശോധിക്കണം. ഇക്കാര്യത്തിൽ 2011-ൽ കോഴിക്കോട് എ.പി.സി.സി.എഫ്. വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി കൂടിയൊന്ന് നിർബന്ധമായും പരിശോധിക്കണം. ആറാമതായി, ഈ റിപ്പോർട്ടുകളെല്ലാം തള്ളിക്കളയാൻ ഏത് തെളിവുകളാണ് പുതിയതായി ഇപ്പോൾ ലഭിച്ചതെന്നുകൂടി അങ്ങ് നിർബന്ധമായും പരിശോധിക്കണം. ഈ സമീപനം നെല്ലിയാമ്പതിയിലെ മറ്റെല്ലാ കേസ്സുകളിലും സർക്കാരിന് എതിരാകാനിടയുണ്ട്. ഏഴാമതായി, കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട കേസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

എ.ജി. നൽകിയ ഉപദേശപ്രകാരമാണെങ്കിൽ കരുണാ എസ്റ്റേറ്റ് സ്വകാര്യ കമ്പനിക്ക് നികുതിയടയ്ക്കാനും കൈവശരേഖ കൊടുക്കാനും തീരുമാനിച്ചാൽ അത് നെല്ലിയാമ്പതിയിലെ മുഴുവൻ എസ്റ്റേറ്റുകളെയും ബാധിക്കും; അത് നമ്മുടെ കൈയിൽനിന്ന് പോകും. അതിനുള്ള സാഹചര്യം ഒരുകാരണവശാലും ഉണ്ടാക്കരുതെന്ന് ഞാൻ പറയുകയാണ്.

അതുപോലെതന്നെ, തൃശ്ശൂർ ജില്ലയിലെ അയ്യായിരം ഏക്കറോളം വരുന്ന മുപ്ലിവാലി എസ്റ്റേറ്റ് പാട്ടക്കാലാവധി അവസാനിച്ചിട്ടും പാട്ടക്കരാർ ലംഘിച്ചു കൊണ്ട് ഹാരിസൺ മലയാളം എന്ന കമ്പനിയുടെ കൈവശമാണിരിക്കുന്നത്. ആ ഭൂമി വനംവകുപ്പിന് വനഭൂമിയായി വരേണ്ടതാണ്. ഈ എസ്റ്റേറ്റുകളിലെ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽവന്ന സർക്കാർ അഭിഭാഷകരുടെ കഴിവില്ലായ്മയും വീഴ്ചയുംമൂലം ഇതുവരെയും ഈ എസ്റ്റേറ്റ് സർക്കാരിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. പാട്ടക്കാലാവധി അവസാനിച്ചു, പാട്ടക്കരാർ ലംഘിച്ചിട്ടും ഈ അയ്യായിരം ഏക്കർ ഭൂമി നമുക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അതുകൂടി നിർബന്ധമായും പരിശോധിക്കണം.

അതുപോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ് പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള നിയമം. ഈ നിയമപ്രകാരം ഖനനമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങാതെയുള്ള നിയമലംഘനങ്ങൾ നടക്കുന്നത് വ്യാപകമാകുകയാണ്. പരിസ്ഥിതി നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ക്രിമിനൽ കേസെടുക്കാനുള്ള നിയമം 1986-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടും കേരളത്തിൽ നാളിതുവരെയായി ഒരാൾക്കെതിരായിപ്പോലും കേസെടുത്തതായി കാണുന്നില്ല. പരിസ്ഥിതി നമുക്കേറ്റവും അനിവാര്യമാണെന്ന് നമ്മളെല്ലാവരും ആവർത്തിച്ചുപറയാറുണ്ട്. പരിസ്ഥിതി ദിനത്തിൽ നമ്മൾ മരങ്ങൾ നടുകയും എല്ലാവരും ഒത്തുചേരുകയും ചെയ്യും. എന്നിട്ടും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കേണ്ട ബന്ധപ്പെട്ട വകുപ്പ് അത് ചെയ്യുന്നുണ്ടോ; പരിസ്ഥിതി സംരക്ഷിക്കേണ്ട വകുപ്പും അതിനുവേണ്ടിയുള്ള ഉദ്യോഗസ്ഥന്മാരും പരിസ്ഥിതി സംരക്ഷിക്കുന്നതിനുപകരം പരിസ്ഥിതിയെ ധ്വംസനംചെയ്യുന്നതിൽ കൂട്ടുനിൽക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. പരിസ്ഥിതി വകുപ്പിന്റെ തലപ്പത്തുള്ള ഉദ്യോഗസ്ഥർ പരിസ്ഥിതി സംരക്ഷിക്കുന്നുണ്ടോ; ആത്മാർത്ഥത പുലർത്തുന്നവരെയല്ല, അല്ലാത്തവരെ, തുറന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പരിസ്ഥിതി വകുപ്പിന്റെ തലപ്പത്തിരിക്കുന്നവരിൽ പലരും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പോലുമില്ലാത്തവരാണ്. ഇപ്പോൾ ഇരിക്കുന്ന ഡയറക്ടർ, ഞാൻ വ്യക്തിപരമായി പറയുകയാണെന്ന് കരുതരുത്, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ നേരത്തെയും പറഞ്ഞിരുന്നു, **** എന്ന ഉദ്യോഗസ്ഥന്റെ യോഗ്യതയുടെ മാനദണ്ഡമെന്താണ്; അദ്ദേഹത്തിന് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളില്ലായെന്ന് തെളിയിക്കാൻ കഴിയും. ഖനനത്തെ സംബന്ധിച്ച് റിസോർട്ട് മാഫിയകൾക്ക് ഗുണകരമാകുന്ന രീതിയിലാണ് ഈ ഉദ്യോഗസ്ഥൻ വഴിവിട്ട തീരുമാനങ്ങളെടുത്തിരി

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. ഞാൻ മാത്രമല്ല, മാധ്യമങ്ങളെല്ലാം ഈ വിഷയം റിപ്പോർട്ട് ചെയ്തതാണ്. അതുപോലെ പരിസ്ഥിതി വകുപ്പ് സെക്രട്ടറിയാരാണ്; അഡീഷണൽ ചീഫ് സെക്രട്ടറി ****അദ്ദേഹത്തിന് ഇതിനോട് യാതൊരു ആത്മാർത്ഥതയും പ്രതിബദ്ധതയുമില്ലായെന്ന കാര്യം അങ്ങേയ്ക്കുതന്നെ അറിയാമല്ലോ. അദ്ദേഹമൊരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനാണ്, കൂടാതെ അഡീഷണൽ ചീഫ് സെക്രട്ടറിയുമാണ്. പരിസ്ഥിതി സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട പരിസ്ഥിതി വകുപ്പ് സെക്രട്ടറിയും അതുപോലെ ഡയറക്ടറും ഇതിനർഹരായ ആളുകളാണോ? അവർ ആത്മാർത്ഥതയുള്ളവരാണോ? കാരണം, കേരളത്തിലെ ഭാവിതലമുറയ്ക്കുവേണ്ടി ഈ കരുതൽധനം സംരക്ഷിക്കപ്പെടേണ്ടതാണ്. അവിടെയാണ് നമ്മുടെ മുഖ്യമന്ത്രിയുടെ വാക്കിന്റെ പ്രാധാന്യം വർദ്ധിക്കുന്നത്. പരിസ്ഥിതി സംരക്ഷണമെന്നത് നാളെയുടെ ആവശ്യമാണെന്ന് നമ്മുടെ മുഖ്യമന്ത്രി ആവർത്തിച്ചുപറയുന്നുണ്ട്. മുഖ്യമന്ത്രി ഇവിടെ പ്രകടിപ്പിച്ച വികാരം പരിപൂർണ്ണമായും ഈ വകുപ്പ് ഉൾക്കൊള്ളണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്തരത്തിൽ ഈ പരിസ്ഥിതി വകുപ്പിന് യോഗ്യരല്ലാത്ത ആളുകളെ ഇതിൽനിന്നും നിർബന്ധമായും നീക്കംചെയ്യണം. ഇത്തരം കളങ്കിതരായ ഉദ്യോഗസ്ഥരെ, അനുമതികൾ കൊടുക്കേണ്ട പല പ്രധാനപ്പെട്ട സ്ഥലത്തുനിന്നും നിർബന്ധമായും മാറ്റണം. അതിനുവേണ്ടിയുള്ള നടപടികൾ നിർബന്ധമായും സ്വീകരിക്കണം.

അതോടൊപ്പംതന്നെ, വളരെ പ്രധാനപ്പെട്ടവയാണ് ജലസംരക്ഷണ നിയമവും വായുസംരക്ഷണ നിയമവും. ഇവയെല്ലാം പലപ്പോഴും കടലാസ്സുകളിൽ മാത്രമായി മാറുകയാണ്. ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ സ്ഥിരമായി നിരീക്ഷിക്കുവാനും ശക്തമായ നടപടികൾ കൈക്കൊള്ളുവാനും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ഒരു പരിസ്ഥിതി അവലോകന സമിതി രൂപീകരിച്ചാൽ വളരെ ഗുണകരമാകും. പശ്ചിമഘട്ടത്തിൽ നിരവധി അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതുമൂലം വൻ ആഘാതമാണ് പരിസ്ഥിതിക്കുണ്ടാകുന്നത്. സർക്കാരിനും പൊതുസമൂഹത്തിനും വൻ സാമ്പത്തിക നഷ്ടവും ഈ അനധികൃതമായ ക്വാറികൾമൂലം ഉണ്ടാവുകയാണ്. ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവരുൾപ്പെടുന്ന പരിസ്ഥിതി സമിതി ഇതുമായി ബന്ധപ്പെട്ട ഒരു റിപ്പോർട്ട് കഴിഞ്ഞ ദിവസം ഈ സഭയിൽ സമർപ്പിക്കുകയുണ്ടായി. സമിതി ഈ റിപ്പോർട്ടിൽ കൃത്യമായും അനധികൃതമായ ക്വാറികളെ സംബന്ധിച്ച് പറയുന്നുണ്ട്. അനധികൃതമായ ക്വാറികളെ സംബന്ധിച്ചൊരു സമഗ്ര അന്വേഷണം നടത്തണം. ഗോവയിൽ ഇതുപോലെയുള്ള അനധികൃത ഖനനത്തിനെതിരായ ശക്തമായ നിലപാടുണ്ടായി. ഷാ കമ്മീഷൻ അങ്ങനെയാണ് രൂപംകൊണ്ടത്. ഗോവയിൽ നടന്ന അനധികൃത ഖനനത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന് ഷാ കമ്മീഷനെ നിയമിച്ചതുപോലെ കേരളത്തിലും അനധികൃതമായ ക്വാറികളെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഷാ കമ്മീഷൻ മാതൃകയിൽ ഒരു കമ്മീഷനെ നിയമിക്കാൻ അങ്ങ് തയ്യാറാകണം.

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ആദിവാസികൾക്ക് നൽകുവാനായി സംസ്ഥാന സർക്കാർ പ്രത്യേകം കേന്ദ്രസർക്കാരിൽനിന്നും അനുമതി വാങ്ങിയ ഭൂമി അവർക്കു തന്നെ നൽകുന്നതിനുവേണ്ടിയുള്ള അടിയന്തരമായ നടപടി സ്വീകരിക്കണം. 1977 കട്ട് ഓഫ് ഡേറ്റായി പട്ടയം നൽകുന്നതിനുവേണ്ടി തീരുമാനിക്കുകയുണ്ടായി. ഇപ്പോൾ അതിന്റെ നടപടികൾ പൂർത്തിയായിയെങ്കിലും വനംവകുപ്പിൽ പല തടസ്സങ്ങളും പറഞ്ഞ്, പട്ടയം കൊടുക്കുന്നില്ല, 1977-ൽ കട്ട് ഓഫ് ഡേറ്റ്വച്ച് പട്ടയം കൊടുക്കാൻ തീരുമാനിച്ച ആളുകൾക്കെല്ലാം പട്ടയ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. റവന്യൂ വകുപ്പും വനംവകുപ്പുംകൂടി ചേർന്നാൽ മാത്രമേ ഈ പട്ടയം സമയബന്ധിതമായി കൊടുക്കുവാൻ സാധിക്കുകയുള്ളൂ. മാറിമാറിവന്ന മുഴുവൻ ഗവൺമെന്റുകളും പട്ടയം ഇന്നുകൊടുക്കും നാളെ കൊടുക്കും എന്നുപറയുകയുണ്ടായി. 13,000-ത്തോളം ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കൊണ്ടുവന്ന ഇ.എഫ്.എൽ...

ശ്രീ. സാജു പോൾ: സർ, പോയിന്റ് ഓഫ് ഓർഡർ.........

മി. സ്പീക്കർ: യെസ്, പോയിന്റ് ഓഫ് ഓർഡർ.. ഏതാണ് പോയിന്റ്?

ശ്രീ. സാജു പോൾ: സർ, റൂൾ 284 (9)-ൽ മുൻകൂർ നോട്ടീസ് സ്പീക്കർക്കും അതിന്റെ പകർപ്പ് ബന്ധപ്പെട്ട മന്ത്രിക്കും നൽകാതെ സംസാരത്തിൽ സർക്കാർ ഉദ്യോഗസ്ഥരെ പേരെടുത്ത് പരാമർശിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ശ്രീ. റ്റി. എൻ. പ്രതാപൻ നിരവധി ഉദ്യോഗസ്ഥരെക്കുറിച്ച് ഇവിടെ പരാമർശിച്ചത് ശരിയല്ല, എനിക്ക് ഈ ഉദ്യോഗസ്ഥരെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളതെങ്കിലും സഭയുടെ ചട്ടത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ അത് ഓർഡറിലാണോയെന്ന് പരിശോധിക്കണം.

മി. സ്പീക്കർ: ചട്ടത്തിന്റെ പുതിയ ഭേദഗതിയിൽ അങ്ങനെ പറഞ്ഞിട്ടുണ്ട്. അതൊഴിവാക്കേണ്ടതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ അതൊഴിവാക്കുന്നു. ഞാൻ പറയേണ്ടത് പറഞ്ഞു, ഒഴിവാക്കാൻ പറഞ്ഞപ്പോൾ ഒഴിവാക്കി. ഞാനെന്താണ് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും മനസ്സിലായി. ഞാൻ സ്പീക്കർ പറഞ്ഞത് അനുസരിച്ചു.

ശ്രീ. സാജു പോൾ: സർ, മാധ്യമങ്ങളിൽ ഇപ്പോൾ ലൈവായിട്ടുതന്നെ ഫ്ളാഷ് ന്യൂസ് നൽകുന്നതുകൊണ്ട് പലപ്പോഴും സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നകാര്യങ്ങൾപോലും മാധ്യമങ്ങളിൽ വരികയാണ്. സഭയിൽ നടത്തിയ ചട്ടവിരുദ്ധമായ പ്രസ്താവനകൾ പ്രസിദ്ധീകരിക്കരുതെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേകമായ നിർദ്ദേശം നൽകണം.

മി. സ്പീക്കർ: ചെയർ പറയുന്നതിനുമുമ്പുതന്നെ അത് പോയിക്കഴിഞ്ഞു. ഇത്, നിങ്ങൾ രണ്ടുകൂട്ടരിൽ ആരും പാലിക്കുന്ന ഒരുകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇപ്പോഴെങ്കിലും അതുപറഞ്ഞത് നന്നായി. ഇനിമുതൽ നമ്മുടെ സഭയിലങ്ങനെ വരുമല്ലോ.

ശ്രീ. സാജുപോൾ: സർ, നിരവധി ഉദ്യോഗസ്ഥരെ സംബന്ധിച്ച് ആക്ഷേപങ്ങളുണ്ടാകാം, അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. ഒരുപക്ഷേ അവർ ഗ്യാലറിയിലുണ്ടാകാം, ഇല്ലാതിരിക്കാം. സഭയിൽ പ്രതികരിക്കാനോ മറുപടി പറയാനോ സാധിക്കാത്ത സാഹചര്യത്തിൽ അങ്ങനെയുള്ള ആളുകളെ സംബന്ധിച്ച് കൃത്യമായ നോട്ടീസ് നൽകിക്കൊണ്ടല്ലാതെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ : ശ്രീ. സാജുപോൾ പറഞ്ഞത് ശരിയാണ്. ഉദ്യോഗസ്ഥന്മാരെ മാത്രമല്ല, ഇവിടെ ഹാജരില്ലാത്ത എത്രയോ രാഷ്ട്രീയ നേതാക്കന്മാരെ കുറിച്ചുതന്നെ വളരെ നിലവാരം കുറഞ്ഞ വാക്കുകൾ ഉപയോഗിച്ച് സംസാരിക്കാറുണ്ട്. ഇതൊക്കെ ഒഴിവാക്കുന്നത് നല്ലതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, അങ്ങയുടെ ഈ റൂളിംഗ് സമ്മതിക്കുന്നു. നമ്മുടെ നിയമസഭയിലെ പ്രതിപക്ഷനേതാവുൾപ്പെടെയുള്ള മുഴുവൻ അംഗങ്ങളും ഇത് പാലിക്കപ്പെടുന്നത് നല്ലകാര്യമാണ്. പേരല്ലേ ഒഴിവാക്കേണ്ടതുള്ളൂ, സ്ഥാനപ്പേര് പറയാമല്ലോ. 13,000-ഓളം ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കൊണ്ടുവന്ന ഇ.എഫ്.എൽ. ആക്ട് ലക്ഷ്യം പൂർത്തീകരിച്ചതിനാൽ തുടർന്നുള്ള വിജ്ഞാപനങ്ങൾ അവസാനിപ്പിച്ചുകൊണ്ട് നിയമഭേദഗതി കൊണ്ടുവരണം. മേൽ സംഗതിയുടെ കാര്യത്തിൽ വനം-പരിസ്ഥിതി വകുപ്പ് ഇത് നടപ്പിലാക്കുന്നതിന് മതിയായ തുക നൽകണം. അതുകൊണ്ട് വന സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും തെറ്റിദ്ധരിക്കപ്പെടുന്ന രീതിയിലുള്ളതാകാൻ പാടില്ല. നമ്മുടെ നാട്ടിൽ എല്ലാ വികസനങ്ങളും നടക്കണം. വികസനങ്ങളോടൊപ്പംതന്നെ ഇവ സംരക്ഷിച്ചുകൊണ്ടുള്ള വികസനം തന്നെയായിരിക്കണം വേണ്ടത്. അതിനുവേണ്ടി പ്രത്യേകമായ പരിഗണനയാണ് വനം വകുപ്പിൽനിന്നും ഉണ്ടാകേണ്ടത്. തീരപരിപാലനനിയമം വനം പരിസ്ഥിതി വകുപ്പിന്റെ കീഴിൽ വരുന്നതാണ്. നമ്മുടെ നാട്ടിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടലോരത്തും കായലോരത്തും ഒരു കുടിൽപോലും വയ്ക്കാൻ കഴിയുന്നില്ല. എന്നാൽ തീരപരിപാലന നിയമം ലംഘിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വലിയ ഫ്ളാറ്റുകളും കെട്ടിടങ്ങളും ഉണ്ടാക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പ് (കോർപ്പറേഷനും മുനിസിപ്പാലിറ്റിയും പഞ്ചായത്തും അടക്കം) സി. ആർ. ഇസഡ്. അനുമതി പിന്നീട് വാങ്ങിയാൽ മതി എന്നുപറഞ്ഞ് ബിൽഡിംഗ് പെർമിറ്റ് കൊടുക്കുകയാണ്. അത് നിർബന്ധമായും തടയണം. സി.ആർ.ഇസഡ്. പെർമിഷനില്ലാതെ ഒരു ബിൽഡിംഗും നിർമ്മിക്കാൻ അനുമതി കൊടുക്കരുത്. സി.ആർ.ഇസഡ്. പെർമിഷനുള്ള സ്ഥലത്ത് ബിൽഡിംഗ് പണിയട്ടെ. പാവപ്പെട്ടവന് ഒരു നിയമവും സമ്പന്നന് വേറൊരു നിയമവും ഒരിക്കലും പാടില്ല. നിയമം എല്ലാപേർക്കും തുല്യമാണ് എന്ന രീതിയിൽ കാര്യങ്ങൾ കൊണ്ടുവരണം. സി.ആർ.ഇസഡ്. ഇംപ്ലിമെന്റ് ചെയ്യപ്പെടുന്നതിൽ വൻകിട ആളുകൾക്ക് കൊടുക്കുന്ന വളഞ്ഞവഴിയെക്കുറിച്ച് അങ്ങ് പരിശോധിക്കണം.



LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി പൂർണ്ണമായും വനത്തിന്റെയും പരിസ്ഥിതിയുടെയും കാര്യത്തിൽ നിന്നുകൊണ്ടുതന്നെയാണ് സംസാരിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ വളരെ പോസിറ്റീവായിട്ടുള്ള തീരുമാനമുണ്ടാകണം. കേരളത്തിലെ വനവും പാരിസ്ഥിതികമായ സാഹചര്യങ്ങളും സംരക്ഷിക്കപ്പെടണം. കരുണ എസ്റ്റേറ്റിന്റെയും നെല്ലിയാമ്പതിയുടെയും കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. പല കേസ്സുകളും വാദം പൂർത്തിയായിട്ടും എ.ജി. യുടെ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്. സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും കേസുകളുടെ നടത്തിപ്പിന് ഒരു മോണിറ്ററിംഗ് സംവിധാനം നിർബന്ധമായും ഉണ്ടാക്കണം.

ഗതാഗതത്തെക്കുറിച്ച് രണ്ട് വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സ്വകാര്യ ബസ്സുകൾ ഉൾപ്പെടെയുള്ള മുഴുവൻ ബസ്സുകളിലും ഡോർ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. കൊച്ചിയിലുള്ള ബസ്സുകളിൽ ഡോർ ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നതായി മനസ്സിലായി. ട്രാൻസ്പോർട്ടിന് എല്ലാ സ്ഥലത്തും സർവ്വീസ് കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ജനങ്ങൾ ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കാനുള്ള മാർഗ്ഗമുണ്ടാക്കണം. ഗതാഗത സൗകര്യം വർദ്ധിക്കുകയെന്നത് പരിഷ്കൃത സമൂഹത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സാറിനോട് ഒരു അഭ്യർത്ഥനയുണ്ട്. കൊടുങ്ങല്ലൂരിലെ പൊയ്യയിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നകാര്യം പരിഗണിക്കണം. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ഒരു തീരദേശ പ്രദേശമാണ് കൊടുങ്ങല്ലൂരിലെ പൊയ്യയെന്ന കായലോരഗ്രാമം. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലെ പൊയ്യയിലുള്ള ആളുകൾ എറണാകുളം ജില്ലയിലെ പറവൂർ നിയോജക മണ്ഡലത്തിലെ സെക്ഷൻ ഓഫീസിൽ പോയാണ് അവരുടെ വൈദ്യുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഒരു പ്രത്യേക പരിഗണന നൽകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. കെ.എസ്.ആർ.ടി.സി. യെക്കുറിച്ച് ഓർക്കുമ്പോൾ ഒരു കഥയാണ് എന്റെ മനസ്സിൽ ആദ്യം വരുന്നത്. ഹസ്തിനപുരിയിലെ രാജാവായ ശന്തനുവിന് സത്യവതിയിൽ പിറന്നവരാണ് ചിത്രാംഗദനും വിചിത്രവീരനും. ചിത്രാംഗദന്റെ മരണശേഷം തന്റെ കുലത്തിന് വംശനാശം സംഭവിക്കാതിരിക്കാൻ വിചിത്രവീരനെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ച ഭീഷ്മർ അംബ, അംബിക, അംബാലിക എന്നീ മൂന്നുപേരെ തട്ടിക്കൊണ്ടുവന്നു. ഭീഷ്മർ കൊണ്ടുവന്നതുപോലെ നമ്മുടെ അഭിനവ ഭീഷ്മരായിട്ടുള്ള ശ്രീ. ഉമ്മൻ ചാണ്ടി കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താൻ വേണ്ടി അഭിനവ അംബ, അംബിക, അംബാലികമാരായിട്ടുള്ള ശ്രീ. വി. എസ്. ശിവകുമാറിനെയും ശ്രീ. ആര്യാടൻ മുഹമ്മദിനെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിരിക്കുകയാണ് ഇവിടെ വിചിത്രവീരൻ എന്നത് കെഎസ്ആർടിസിയാണ്. അംബ, അംബിക, അംബാലിക എന്നിവരിൽ അംബയെ നേരത്തെതന്നെ പറഞ്ഞുവിട്ടു. പിന്നീട് ബാക്കി രണ്ടുപേരും പരിശ്രമിച്ചിട്ടും ആ കുലം രക്ഷപ്പെട്ടില്ല. രക്ഷപ്പെട്ടില്ലെന്നുമാത്രമല്ല വിചിത്ര വീരൻ മരിക്കുകയും ചെയ്തു. ഇവിടെയും അതുപോലെയാണ് സംഭവിച്ചത്. കെ.എസ്.ആർ.ടി.സി. മരിച്ചുകൊണ്ടിരിക്കുകയാണ്. പിന്നീട് ആ കുലത്തെ രക്ഷപ്പെടുത്തിയത് വേദവ്യാസനാണ്. ഇവിടെ എൽ.ഡി.എഫ്. വന്നാൽ മാത്രമെ കെ.എസ്.ആർ.ടി.സി. രക്ഷപ്പെടുകയുള്ളുവെന്നുപറയാനാണ് ഞാനിതിവിടെ സൂചിപ്പിച്ചത്. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. യെ രക്ഷപ്പെടുത്താൻ വേണ്ടി ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തു. എന്തുകൊണ്ട് യു.ഡി.എഫ്. ഗവണ്മെന്റിന് ചെയ്യാൻ കഴിഞ്ഞില്ല? കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താൻ, ട്രാൻസ്പോർട്ട് കോർപ്പറേഷനെ രക്ഷപ്പെടുത്താൻ, പെൻഷൻകാർക്ക് പെൻഷൻ കൊടുക്കാൻ അന്ന് ഈ വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിമാർ സ്വകാര്യ വണ്ടികളോടുന്ന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കി ധാരാളം കളക്ഷനുണ്ടാക്കി. അതുപോലെതന്നെ പെൻഷൻ കൊടുക്കുന്നതിനാവശ്യമായ പണം കണ്ടെത്തുന്നതിന് തിരുവനന്തപുരത്ത് തമ്പാനൂരും തിരുവല്ലയിലും അങ്കമാലിയിലും കോഴിക്കോടും ട്രാൻസ്പോർട്ട് സ്റ്റാൻഡുകളിൽ ഷോപ്പിംഗ് കോംപ്ലക്സ് കൊണ്ടുവന്ന് രക്ഷപ്പെടുത്താനുള്ള ശ്രമം നടത്തി. ഇപ്പോൾ തിരുവനന്തപുരത്തെ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ഈ ഗവണ്മെന്റിന് അതിനെ പ്രായോഗികമായി കൊണ്ടുപോകാൻ കഴിയുന്നില്ല. എന്തുകൊണ്ട് ഈ ഗവണ്മെന്റിന് ആ മാതൃക കാണിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്തിക്കൂടാ? ഒരുപാട് റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ ഓടി ലാഭം കൊയ്യുന്നുണ്ട്. അവിടെഎന്തുകൊണ്ട് കെ.എസ്.ആർ. ടി.സി. ബസ്സുകൾ നിരത്തിലിറക്കിക്കൂടാ? ഇവിടെയിപ്പോൾ പെൻഷൻ കൊടുക്കാതെ കുടിശ്ശികയാണ്. ആ പെൻഷൻ എന്തുകൊണ്ട് ഗവണ്മെന്റ് ഏറ്റെടുക്കുന്നില്ല?

കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് പറയുമ്പോൾ എന്റെ മണ്ഡലമായ അടൂരുമായി ബന്ധപ്പെട്ട് ഞാനൊരു ചോദ്യം സഭയിൽ ചോദിച്ചു. കേരളത്തിലെ 140 മണ്ഡലങ്ങളിലും ബസ്സ് സർവ്വീസ് കൊടുത്ത ലിസ്റ്റ് എന്റെ കയ്യിലുണ്ട്. അതിൽ ഞാൻ ആവശ്യപ്പെടാതെ, കത്തുകൊടുക്കാതെ ലിസ്റ്റിൽ എഴുതിയിരിക്കുന്നത് ചിറ്റയം ഗോപകുമാർ എം.എൽ.എ. ആവശ്യപ്പെട്ടതുകൊണ്ട് ബസ് അനുവദിച്ചുവെന്നാണ്. അത് എന്റെ മണ്ഡലത്തിലല്ല. മാവേലിക്കര മണ്ഡലത്തിൽ ശ്രീ. ആർ. രാജേഷ് ആവശ്യപ്പെട്ട ഒരു ബസ് പന്തളത്തു നിന്നും ആരംഭിച്ചുപോകുന്നുണ്ട്. അത് എന്റെ പേരിലാണെന്ന് എഴുതിയിരിക്കുന്നു. ഉദ്യോഗസ്ഥൻമാർ കൊടുക്കുന്ന തെറ്റായ വിവരങ്ങൾ മന്ത്രി പരിശോധിക്കാതെ തരുന്നത് ശരിയല്ല. ഉദ്യോഗസ്ഥൻമാർ തരുന്ന വിവരങ്ങൾ ശരിയാണോ എന്നുകൂടി പരിശോധിക്കണം. ഞാൻ ആവശ്യപ്പെട്ട രണ്ട് റൂട്ടും ശ്രീ. ആര്യാടൻ മുഹമ്മദ് അനുവദിച്ചിരുന്നു. രണ്ടും ഇതുവരെ കിട്ടിയില്ല. ഒന്ന്, പന്തളം ക്ഷേത്രത്തിൽനിന്ന് ആരംഭിച്ച് അടൂർ-കുണ്ടറവഴി പെരുമൺ

ദേവീക്ഷേത്രത്തിലേക്ക് പോകുന്ന ബസ്സാണ്. മറ്റൊന്ന്, അടൂരിൽനിന്ന് ആരംഭിച്ച് കൊട്ടാരക്കരവഴി തിരുവനന്തപുരത്തേയ്ക്ക് പോകുന്ന ബസ്സാണ്. ഇവിടെ ഞാൻ ചോദിച്ച രണ്ടുബസ്സും കിട്ടിയില്ല. ഞാൻ ചോദിക്കാത്തത് അനുവദിച്ചുവെന്നുപറയുന്നു. ഇതാണോ ശരിയായ നയം.

മറ്റൊരുപ്രധാനപ്പെട്ടകാര്യം, മോട്ടോർ വാഹന വകുപ്പിൽ മന്ത്രിയും ഉദ്യോഗസ്ഥരും തമ്മിൽ ആശയവിനിമയം ഉണ്ടോ എന്നെനിക്കറിയില്ല. നികുതി വർദ്ധനയുമായി ബന്ധപ്പെട്ട വിഷയത്തിൽ അക്കാര്യം നമ്മൾ കണ്ടതാണ്. നികുതി അടയ്ക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി 25 എന്ന തീയതി പറഞ്ഞു, ഉദ്യോഗസ്ഥർ അത് പറ്റില്ലെന്ന് പറഞ്ഞു. മന്ത്രി വീണ്ടും ആവർത്തിച്ചു. മന്ത്രിയെ വിശ്വസിച്ച് പണമടയ്ക്കാൻ ചെന്നവർക്ക് പത്ത് ശതമാനം പിഴ അധികം അടയ്ക്കേണ്ടി വന്നു. മറ്റൊരു പ്രധാനപ്പെട്ടകാര്യം, നേരത്തെ ശ്രീ. റ്റി. എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചകാര്യം, ഞാൻ ആരുടെയും പേര് പറയുന്നില്ല. മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ സിസ്റ്റം സൂപ്പർവൈസർ തസ്തികയിലേക്ക് ഒരു നിയമനം നടന്നു. ആ നിയമനത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ ആവശ്യപ്പെട്ടിരുന്ന യോഗ്യത പ്രായം 40 വയസ്സും ബി.ടെക് കമ്പ്യൂട്ടർ സയൻസിൽ ബിരുദവുമായിരുന്നു. എന്നാൽ ബി. ടെക് ഇല്ലാത്ത ആളെയാണ് നിയമിച്ചത്. മെട്രോ മനോരമയിൽ വാർത്ത വന്നതാണ്. ആരാണ് നിയമിച്ചത്? ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇതിനെ സംബന്ധിച്ച് വാർത്ത വന്നപ്പോൾ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും ഇത് അന്വേഷിക്കണമെന്ന് കാണിച്ച് നിവേദനം കൊടുത്തിരുന്നു. ഇതേവരെ അന്വേഷണം നടന്നിട്ടില്ല. ആ ഉദ്യോഗസ്ഥനെ ആരാണ് നിയമിച്ചത്? ട്രാൻസ്പോർട്ട് കമ്മീഷണറാണോ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറാണോ? ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടാണോ? അങ്ങനെയാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടില്ലെങ്കിൽ അത് സംബന്ധിച്ച് അന്വേഷിക്കണം. അനധികൃതമായി നടത്തിയ നിയമനം പിൻവലിച്ച് അതിനുത്തരവാദിയായ ആളുകളെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകണം. ഇത്തരത്തിൽ മോട്ടോർ വാഹന വകുപ്പിനെ നാഥനില്ലാകളരിയായി മാറ്റുന്ന സമിതി അവസാനിപ്പിക്കണം.

നികുതിയുമായി ബന്ധപ്പെട്ടകാര്യം പലരും സൂചിപ്പിച്ചു. പാവപ്പെട്ട ചെറുപ്പക്കാർ സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നടത്തുവാൻ കെട്ടുതാലി പണയം വച്ച് ബാങ്ക് വായ്പയെടുത്ത് കൊള്ളപ്പലിശയ്ക്ക് പണം വാങ്ങിയാണ് ഓട്ടോറിക്ഷയും ജീപ്പും ടാക്സിയും മറ്റ് ചെറിയ വാഹനങ്ങളും നിരത്തിലിറക്കുന്നത്. അവരെ ദ്രോഹിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഓട്ടോറിക്ഷയെ ഒഴിവാക്കിയതുപോലെ മറ്റ് വാഹനങ്ങളെക്കൂടി ഒഴിവാക്കി അവരെക്കൂടി പരിഗണിക്കുന്ന നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ ലോകമെങ്ങും വനവർഷമായി ആചരിക്കുകയാണ്. ഈ അവസരത്തിൽ കേരളത്തിലെ വനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നകാര്യത്തിൽ യു.ഡി.എഫ്. സർക്കാർ പരാജയപ്പെട്ടിരിക്കുകയാണെന്നാണ് ശ്രീ. റ്റി. എൻ. പ്രതാപൻകൂടി പറഞ്ഞപ്പോൾ ബോദ്ധ്യമാകുന്നത്. നെല്ലിയാമ്പതി വിഷയത്തിൽ ശ്രീ. റ്റി. എൻ. പ്രതാപന്റെയും ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെയും ശ്രീ. പി. സി. ജോർജിന്റെയും അഭിപ്രായം സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്? വനം വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ അഭിപ്രായമെന്താണ്? അതിനെ സംബന്ധിച്ച് അന്വേഷിക്കുകയും ആവശ്യമായ തീരുമാനമെടുക്കുകയും ചെയ്യുമോ? നമ്മുടെ കാടുകൾ സംരക്ഷിക്കപ്പെടണ്ടേ? കണ്ടൽകാടുകൾ നിറഞ്ഞ ചതുപ്പ് മേഖലയിലാണ് പല മത്സ്യങ്ങളും മുട്ടയിടുന്നത്. ആ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിലും വലിയ സംഭാവന നൽകുന്ന കണ്ടൽ വനങ്ങൾ ഇന്ന് വ്യാപകമായി മണ്ണിട്ട് നികത്തുകയാണ്. കാട്ടുതീ, വനംകൊള്ള എന്നിവ തടയുന്നതിന് ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ മുഖമുദ്ര. അദ്ദേഹത്തിന്റെ മറ്റ് വകുപ്പുകളിലേക്ക് ഞാൻ കടക്കുന്നില്ല.

വൈദ്യുത മേഖലയിൽ ഫലപ്രദമായ നേട്ടങ്ങളുടെ കാലമായിരുന്നു കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലം. ഊർജ്ജ ഉൽപ്പാദനം, പ്രസരണ-വിതരണ രംഗത്തെ അത്ഭുതകരമായ നേട്ടം, സാമ്പത്തികനില മെച്ചപ്പെടുത്തൽ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, ജനകീയ അദാലത്ത്, ഉപഭോക്തൃ സംതൃപ്തി, രണ്ട് ശമ്പള പരിഷ്കരണം, 85 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുത പദ്ധതി, 4 ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുത പദ്ധതി തുടങ്ങിയ നേട്ടങ്ങൾ, പവർ എക്സലൻസ് അവാർഡ്, ഊർജ്ജ സംരക്ഷണ അവാർഡ്, കാര്യക്ഷമതാ അവാർഡ് എന്നിങ്ങനെ മൂന്ന് അവാർഡുകൾ തുടങ്ങിയവ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ഈ മൂന്ന് വർഷം കൊണ്ട് വൈദ്യുത മേഖലയിൽ എന്തെങ്കിലും നേട്ടമുണ്ടായെന്ന് അവകാശപ്പെടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഉൽപ്പാദന നഷ്ടമല്ലേയുള്ളത്; ഒരു യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചുവെന്ന് പറയാൻ കഴിയുമോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പവർകട്ട് ഇല്ലായിരുന്നു. തോന്നുമ്പോൾ കറണ്ട് പോകില്ലായിരുന്നു. പാവപ്പെട്ട ആളുകൾക്ക് പണമടയ്ക്കാതെ പോസ്റ്റ് സ്ഥാപിച്ച് ലൈൻവലിച്ച് നൽകുമായിരുന്നു. ഇന്നത്തെ സ്ഥിതിയിൽ പോസ്റ്റ് സ്ഥാപിക്കണമെങ്കിൽ പാവപ്പെട്ടവൻ പണം നൽകണം. സമ്പൂർണ്ണ വൈദ്യുത പദ്ധതി ഇല്ലാതായിരിക്കുന്നു. കറണ്ടില്ലാതെ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ. ഭക്ഷണത്തിലെ കലോറി പോലെയാണ് മനുഷ്യ ജീവിതത്തിന് ഊർജ്ജവും ശക്തിയും പകരുന്ന വൈദ്യുതി. ഭക്ഷ്യക്ഷാമം പോലെ വൈദ്യുതി ക്ഷാമവും ഒരു സാമൂഹ്യപ്രശ്നമാണ്. കേരളത്തിൽ ലോഡ്ഷെഡ്ഡിംഗും പവർകട്ടും സ്ഥിരം പ്രതിഭാസമായി മാറിയിരിക്കുകയാണ്. മണ്ണെണ്ണ വിളക്കിലേക്കും മെഴുകുതിരിയിലേക്കും മടങ്ങേണ്ടി വന്നിരിക്കുന്നു. കള്ളൻമാർ പതിയിരിക്കുന്ന നിരത്തിൽപ്പോലും തെരുവുവിളക്കുകൾ കത്തുന്നില്ല. പവർകട്ട്മൂലം വ്യവസായമേഖല ശവപ്പറമ്പായിരിക്കുകയാണ്. നീതിസാരത്തിൽ പറഞ്ഞിരിക്കുന്നത് ഈ ഗവൺമെന്റിനെ ഉദ്ദേശിച്ചാണോ എന്ന് ഞാൻ ആശങ്കപ്പെടുകയാണ്. തേളിന് വാലിൻമേൽ വിഷം, ഈച്ചയ്ക്ക് തലയിൽ

LIBRARY ARCHIVES Kerala Legislative Assembly

വിഷം, സർപ്പത്തിന് പല്ലിൻമേൽ വിഷം, ദുഷ്ടർക്ക് സർവ്വാംഗം വിഷം. ഇതെല്ലാം ചേർന്നതാണ് ഈ ഗവൺമെന്റെന്നുള്ളതുകൊണ്ട് ഞാൻ ശക്തമായി ഈ ഡിമാന്റിനെ എതിർക്കുകയാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ ദിവസം സഭയിൽ പരിപക്വമായ ഒരു ശബ്ദം കേട്ടു. കെ.എസ്.ആർ.ടി.സി. യുടെ കാര്യത്തിൽ നമ്മുടെ പരിണിതപ്രജ്ഞനായ ധനകാര്യ വകുപ്പുമന്ത്രിക്കുള്ള ആശങ്കയും ഉത്കണ്ഠയും വ്യക്തമാക്കുന്ന ശബ്ദമാണ് കേട്ടത്. അത് ഈ സഭ ഉൾക്കൊള്ളുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.യെ സമഗ്രമായ ഒരു പദ്ധതിയിലൂടെ പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ നടപടികൾ എടുക്കേണ്ടത് നമ്മുടെ ആവശ്യമാണ്. സഞ്ചിത കടംകൊണ്ട് ഭാരം ചുമക്കുന്ന ഈ കോർപ്പറേഷനെ സ്വാഭാവികമായും കടത്തിന്റെ കണക്കു പറഞ്ഞാണ് നമ്മൾ അവഗണിക്കാറുള്ളത്. ഈ സ്ഥാപനത്തിന്റെ പിന്നിൽ വലിയ ഒരു ആശയമുണ്ട്. മോട്ടോർ വാഹന ആക്ടിൽ ഭേദഗതി വരുത്തി റൂട്ട് ദേശസാൽക്കരിച്ചത് നമ്മുടെ ജനങ്ങൾക്ക് സേവനം ഉറപ്പു വരുത്താനാണ്. 1950-ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ആക്ട് കൊണ്ടുവന്നതും ഈ ലക്ഷ്യത്തോടെയാണ്. നമ്മുടെ ഗ്രാമങ്ങളിൽ ചില നഗരപ്രാന്തങ്ങളിൽപ്പോലും സ്വകാര്യ ഏജൻസികൾ സർവ്വീസ് നടത്താൻ വിസമ്മതം പ്രകടിപ്പിക്കുന്നിടത്ത് സ്റ്റേറ്റിന്റെ ബാധ്യതയെന്ന നിലയ്ക്കാണ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ കാണേണ്ടത്. നമ്മുടെ സാധാരണക്കാരായ ജനങ്ങൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, സർക്കാർജീവനക്കാർ അങ്ങനെ കൂട്ടമായി സഞ്ചരിക്കേണ്ടി വരുന്ന ധാരാളം വിഭാഗങ്ങളുണ്ട്. അവർക്ക് സൗകര്യം ചെയ്തുകൊടുക്കേണ്ടത് ഉത്തരവാദിത്വബോധമുള്ള ഒരു സർക്കാരിന്റെ ബാധ്യത മാത്രമാണ്. മഹത്തായ സേവന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് വേണം ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രകടിപ്പിച്ച വികാരത്തിനനുസൃതമായി കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടത്. 2006 അടിസ്ഥാന വർഷമായി എടുക്കുകയാണെങ്കിൽ കാറുകളും ഇരുചക്ര വാഹനങ്ങളും ഇരട്ടി ഉത്പ്പാദിപ്പിക്കപ്പെടുകയാണ്, മാർക്കറ്റ് ചെയ്യപ്പെടുകയാണ്. പാരിസ്ഥിതികമായ പ്രശ്നം ഇത് സൃഷ്ടിക്കുന്നു. കൂടാതെ വിലകൂടിയ പെട്രോളിയം ഉൽപ്പന്നങ്ങൾ ധാരാളമായി ഉപയോഗിക്കേണ്ടിയും വരുന്നു. ജനസാന്ദ്രത കൂടിയ കേരളത്തിൽ ധാരാളം റോഡുകൾ പണിയാൻ ബുദ്ധിമുട്ടാണ്. സ്വാഭാവികമായും വാഹനപ്പെരുപ്പം തടയേണ്ടത് ആവശ്യമാണ്. ഈ സംസ്ഥാനത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കാൻ നമ്മെക്കൊണ്ട് ആകുന്നത് ചെയ്യണം. അതുകൊണ്ട് പൊതുമേഖലയിലെ ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വളരെ നന്നായി കൊണ്ടുപോകാൻ നമുക്ക് കഴിയേണ്ടതുണ്ട്. സ്മാർട്ട് ബാങ്കിംഗ് വന്നപ്പോൾ ലോൺ ഒഴുകുകയാണ്. ഇരുചക്രവാഹനങ്ങളും കാറുകളും ധാരാളമായി നമ്മുടെ ജനങ്ങൾ വാങ്ങിക്കൂട്ടുന്നു. വ്യവസായ വാണിജ്യ രംഗങ്ങളിൽ വന്ന ഉദാരവത്കരണം ഇതിന്റെ ഭാഗമാണ്. നമ്മുടെ നാട്ടിൽ വാഹനപ്പെരുപ്പം ഉണ്ടാകുന്നത് നല്ലൊരു കാഴ്ചയായി കാണാൻ കഴിയില്ല. സാധാരണക്കാരായ ആളുകൾ ഇടത്തട്ടുകാരായി മാറിയപ്പോൾ വാഹനകമ്പം എങ്ങനെയാണ് വന്നത്? ഈ വിഭാഗ

ത്തിന്റെ താത്പര്യം നമ്മൾ ഉൾക്കൊണ്ടില്ല. പഴഞ്ചൻ വാഹനങ്ങൾ തെരുവീഥിയിലൂടെ ഒഴുകുമ്പോൾ നമ്മുടെ തലമുറയ്ക്ക് അതുൾക്കൊള്ളാൻ കഴിയില്ല. അതുകൊണ്ട് ആധുനിക സ്വഭാവമുള്ള വാഹനങ്ങളും സഞ്ചാരയോഗ്യമായ വാഹനങ്ങളും നിരത്തിൽ വരണം. നമ്മുടെ യുവതലമുറയെ ആകർഷിക്കാൻ കഴിയുന്ന രീതിയിൽ വാഹനങ്ങൾ ആധുനികവത്ക്കരിക്കണം, സർവ്വീസിലെ പിഴവ് പരിഹരിക്കണം, ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണം. അങ്ങനെ ചെയ്താൽ മാത്രമേ സ്വന്തം വാഹനത്തിലേക്ക് തിരിയുന്ന ആളുകളെ പൊതുമേഖലയിലേക്ക് കൊണ്ടുവരാൻ കഴിയൂ. ഇവിടെ മൂന്ന് നാല് അടിസ്ഥാന പ്രശ്നങ്ങളുണ്ട്. പൊതുജനതാത്പര്യം മുൻനിർത്തിയാണ് നമ്മൾ ഇതൊക്കെ ചെയ്യുന്നതെങ്കിലും മാനേജ്മെന്റിന്റെ കാര്യത്തിൽ പ്രൊഫഷണലിസം വേണം. ആധുനിക സമീപനംവേണം. നമ്മുടെ കോർപ്പറേഷൻ ആ രംഗത്ത് പുതിയ ഒരു ചുവട് വച്ചിട്ടുണ്ടെന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. അത് കാര്യക്ഷമമായും സമഗ്രമായും മുന്നോട്ട് കൊണ്ടുപോകാൻ നടപടികൾ ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. നമുക്കൊരുപാട് അനുകൂല ഘടകങ്ങളുണ്ട്. (1) കേരളത്തിലുടനീളം നഗര മദ്ധ്യത്തിലാണ് നമുക്ക് ധാരാളം സ്വത്തുക്കൾ ഉള്ളത്. (2) റൂട്ട് മൊണോപ്പൊളി നമ്മുടെ കൈയിലാണ് (3) ഈ സർക്കാരിന്റെ മേൽവിലാസം ഈ കോർപ്പറേഷന്റെ കൂടെയുണ്ട്. നഗരമദ്ധ്യങ്ങളിലുള്ള ഭൂസ്വത്ത് വ്യാപാര സമുച്ചയങ്ങൾ പണിയാൻ ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷനുമായും മറ്റും സഹകരിച്ച് കൂടുതൽ പദ്ധതികൾ നടപ്പാക്കണം. ഈ അനുകൂല ഘടകങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു മാനേജ്മെന്റ് വേണം. അവിടെ റീസ്ട്രക്ചറിംഗല്ലാതെ മാർഗ്ഗമില്ല. ഓർഗനൈസേഷനിലും ഫൈനാൻഷ്യൽ രംഗത്തും ഓപ്പറേഷൻ രംഗത്തും റീസ്ട്രക്ചറിംഗ് വേണം. നമ്മൾ സാധാരണ പറയാറുണ്ട്, adaptability to environment. അതാതുകാലത്തെ പരിസ്ഥിതിക്കനുസൃതമായി മാനേജ്മെന്റിൽ മാറ്റംവരുത്തിയാൽ മാത്രമേ ഇതുകൊണ്ടുവരാൻ കഴിയുകയുള്ളൂ. സത്യത്തിൽ റെഗുലേഷൻമാത്രം പോരാ, കോമ്പറ്റീഷനാണ് ഉണ്ടാകേണ്ടത്. നമുക്കെല്ലാവർക്കും അതറിയാം. പുതിയ മാനേജ്മെന്റിന്റെ ഒരു നയമാണ്. റെഗുലേഷൻ വേണം; പക്ഷേ കോമ്പറ്റീഷന് സജ്ജമായ, ക്ഷമതകൊണ്ട് അംഗീകരിക്കപ്പെടുന്ന രീതിയിൽ ഈ സ്ഥാപനത്തെ മാറ്റിയെടുക്കേണ്ടതുണ്ട്. ഷെഡ്യൂൾ തയ്യാറാക്കുന്നതിലെല്ലാം അതുണ്ടാകണം. ഈ നഷ്ടക്കണക്ക് പറഞ്ഞ് കോർപ്പറേഷനെ പിന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുന്നത് ശരിയല്ല. ഇവിടെ കൊമേഴ്സ്യൽ റൂട്ടും നോൺ-കൊമേഴ്സ്യൽ റൂട്ടുമുണ്ട്. രണ്ടും രണ്ടായി കാണണം. നോൺ-കൊമേഴ്സ്യൽ റൂട്ട് ഒഴിവാക്കാൻ കഴിയില്ല. വെളുപ്പിനും രാത്രിയിലും ജനങ്ങൾ അധികമില്ലാത്ത സമയങ്ങളിലും വാഹനം ഓടിക്കേണ്ടിവരും. നോൺ കൊമേഴ്സ്യൽ റൂട്ടിന്റെ കാര്യത്തിൽ കോർപ്പറേഷന് സബ്സിഡി കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

ഈ ഗവൺമെന്റ് അടുത്തകാലത്ത് രണ്ടുകാര്യങ്ങൾ ചെയ്തു, ഒന്ന്. റോഡുകൾ വികസിപ്പിക്കുക, നല്ല റോഡുകളാക്കുക. അതിന് ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ 1,000 കോടി രൂപ കൂടി നീക്കിവച്ചു. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മെച്ചം നമ്മൾ അനുഭവിക്കുന്നു. തടയണകൾ പണിയണമെന്ന നിർദ്ദേശം വന്നു. അതിനായി 108 കോടി രൂപ മാറ്റിവച്ചു. കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ സമഗ്രമായ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കോർപ്പറേഷനെ റീ-വാമ്പ് ചെയ്യാനാവശ്യമായ നടപടികളുണ്ടാകണം. ഇവിടത്തെ ജീവനക്കാരെ, തൊഴിലാളികളെ ഒരിക്കലും അവഗണിക്കരുത്. തൊഴിലാളികൾ രാപ്പകൽ കഠിനാദ്ധ്വാനം ചെയ്യുന്നുണ്ട്. കുറച്ചാളുകൾ മറിച്ചുമുണ്ടാകും. പെർഫോർമൻസ് ഓഡിറ്റ് വേണം. പണിയെടുക്കാത്തവർക്കെതിരെ നടപടിയും വേണം. സത്യത്തിൽ ഏത് നയപരമായ തീരുമാനമെടുത്താലും ഉദ്യോഗസ്ഥരെയും ജീവനക്കാരെയും വിശ്വാസത്തിലെടുത്ത് മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അവരും ഈ സമൂഹത്തിന്റെ ഭാഗമാണ്. തൊഴിലാളികൾക്ക് പെൻഷൻ കിട്ടുമെന്ന് ഉറപ്പ് വരുത്തിയേ മതിയാകൂ. നേരത്തെ പറഞ്ഞതുപോലെ പെൻഷൻ കൊടുക്കാൻ സെപ്പറേറ്റ് ഫണ്ട് എന്ന ആശയം പ്രായോഗികമല്ല എന്ന് എനിക്കറിയാം. ഇവരുടെ പെൻഷൻ തുക നേരത്തെ പറഞ്ഞ സ്കീമിൽപ്പെടുത്തി സർക്കാരിന് പെൻഷൻ കൊടുക്കാമെങ്കിൽ, കോർപ്പറേഷൻ നഷ്ടക്കച്ചവടത്തിലാണെന്ന് പറഞ്ഞ് ഏറെക്കാലം മുന്നോട്ടുപോകേണ്ട ഗതികേട് വരില്ല എന്ന് വ്യക്തമാണ്. അതുകൊണ്ട് കോർപ്പറേഷന്റെ കാര്യത്തിൽ ഒരു പ്രധാനപ്പെട്ട നിർദ്ദേശം, സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന ലാഭം പുതിയ ബസ് വാങ്ങാനായിരിക്കണം. ഏതാണ്ട് 75 ശതമാനത്തോളം ഇന്ധനത്തിനും കൂലിക്കും പെൻഷനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് നോൺ-ഓപ്പറേഷണൽ സർവ്വീസസ് ധാരാളമായി നടത്താൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ഈ സമഗ്രമായ പദ്ധതിയുടെ ഭാഗമായി ആലോചിക്കണം. സ്വകാര്യ മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ പെറവ് 40 ശതമാനം കൂടുതലാണെന്ന് ലോക ബാങ്ക് പറഞ്ഞിട്ടുണ്ട്. ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം അതുപോലെയാണ്. നല്ലൊരു വർക്ക്സ്റ്റഡി ഇതിന്റെ ഭാഗമായുണ്ടാകണം. യൂറോപ്യൻ സ്റ്റാന്റേർഡൊന്നും ഇവിടെ കൊണ്ടുവരാൻ കഴിയില്ല. പക്ഷേ 40 ശതമാനം എന്നുള്ളത് പരമാവധി താഴെ കൊണ്ടുവരണം. ബസ് ജീവനക്കാരുടെ അനുപാതം പരമാവധി കുറച്ചുകൊണ്ടുവരണം. ഫ്ളീറ്റ് യൂട്ടിലൈസേഷൻ ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണെന്ന് സി.& എ.ജി. റിപ്പോർട്ടിൽ പറയുന്നുണ്ട്. അത് മാറ്റിയെടുക്കണം. ഇന്ധനക്ഷമതയുടെ കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുവെന്നാണ് എ.ഐ.എ. പറയുന്നത്. ഒരു കണക്ക് ഞാൻ പറയാം, 2004 മുതൽ 2009 വരെ 339.55 കോടി രൂപ ഇന്ധനക്ഷമതയില്ലാത്തതുകൊണ്ട് നഷ്ടപ്പെട്ടുപ്പോയി. ഒരിക്കൽ ഒരു പരീക്ഷണം നടത്തി, ടയറിന്റെകാര്യത്തിൽ ഈ ബുദ്ധിമുട്ടുണ്ടായിരുന്നു. ഓടുന്ന കിലോമീറ്ററിൽ എങ്ങനെയാണ് മാറ്റം വരുത്തിയത്, കർശനമായ നടപടികൾ സ്വീകരിച്ചു. ഇന്ന് സാമാന്യം ഭേദപ്പെട്ട രീതിയിലാണ് ടയറിന്റെ ഉപയോഗം നടക്കുന്നത്. അതുപോലെ ഇന്ധനക്ഷമത കൊണ്ടുവരുന്നതിനു വേണ്ടി അടിയന്തരമായ നടപടികൾ സ്വീകരിക്കണം.

എനിക്ക് പെട്ടെന്ന് തോന്നിയ ചില ആശയങ്ങൾമാത്രം ഇവിടെ പ്രകടിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഒന്ന്, ഇന്റർ-ഡിസ്ട്രിക്ട് ബസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

എ. സി. അടക്കം പുതിയതാക്കണം; ഠൗൺ ബസ്സുകളിലും അങ്ങനെ ഒരു മാറ്റം കൊണ്ടുവരണം. മറ്റൊരു നിർദ്ദേശം, കെ.ടി.ഡി.സി.-യുമായി സഹകരിച്ച് ടൂറിസം രംഗത്ത് നമുക്ക് എന്തുകൊണ്ട് വാഹനങ്ങൾ വാടകയ്ക്ക് കൊടുത്തുകൂടാ? കെ.ടി.ഡി.സി. തീർത്ഥാടന യാത്രകൾ, വിവാഹം, വിനോദയാത്ര എന്നിവയ്ക്കെല്ലാം ധാരാളം വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നുണ്ട്. അത്തരം യാത്രകൾക്ക് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വാഹനങ്ങൾ വാടകയ്ക്ക് കൊടുക്കാൻ കഴിയുന്ന രീതിയിൽ എന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കണം. സംസ്ഥാനം മുഴുവൻ സർവ്വീസ് നടത്തുന്നതുകൊണ്ട് എന്തുകൊണ്ട് കൊറിയർ സർവ്വീസും പാഴ്സൽ സർവ്വീസും ആരംഭിച്ചുകൂടാ? ഈ രണ്ടുകാര്യങ്ങൾ നമ്മൾ ആലോചിക്കേണ്ടതാണ്. അങ്ങനെ നോൺ-ഓപ്പറേഷണൽ എക്സ്പെൻഡിച്ചർ മീറ്റ് ചെയ്യാൻ മറ്റ് സർവ്വീസുകൾ തുടങ്ങി ട്രാൻസ്പോർട്ട് കോർപ്പറേഷനെ വിജയത്തിലേക്ക് കൊണ്ടുവരാൻ പൊതുമേഖല എന്ന ആശയത്തോട് നമുക്കൊരിക്കലും പിന്തിരിഞ്ഞുനിൽക്കാൻ കഴിയില്ല. പൊതുമേഖലയെ കഴിയുന്നിടത്തോളം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ നയം. ഈ സർക്കാർ ആ രംഗത്ത് പ്രതിജ്ഞാബദ്ധമാണെന്ന് പുതിയ കോളേജുകൾ നൽകിയപ്പോൾ മനസ്സിലായി. പൊതുമേഖല ഒരിക്കലും നശിക്കരുത്.

എനിക്ക് കിട്ടിയ കണക്കുകൾ ശരിയാണെങ്കിൽ കേരളത്തിൽ ആകെ 13 ശതമാനം ബസ്സുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ അങ്ങനെയല്ല. അത് പെട്ടെന്ന് വർദ്ധിപ്പിക്കാൻ കഴിയില്ല. എന്നാലും എന്റെ അഭിപ്രായം, 40 ശതമാനം സർവ്വീസുകളെങ്കിലും ട്രാൻസ്പോർട്ട് കോർപ്പറേഷന് നടത്താൻ കഴിയുന്ന രീതിയിലുള്ള നടപടികളുണ്ടാകണം. ഇതെല്ലാം ചേർത്ത് സമഗ്രമായ വീക്ഷണമുള്ള ഒരു പ്രൊഫഷണൽ മാനേജ്മെന്റ് വരണം. അതിന്റെ ഭാഗമായി പണ്ട് ഇവിടെയൊരു വിഭജനത്തെക്കുറിച്ച് പറഞ്ഞു. ആ വിഭജനത്തെക്കുറിച്ച് ആധികാരികമായി പറയാൻ ഞാൻ ആളല്ല. അത് ഗുണകരമാണെങ്കിൽ നടപ്പാക്കണം.

പക്ഷേ എന്റെ ചോദ്യം, നമ്മുടെ കോർപ്പറേഷനുകൾ നഗരസ്വത്തുക്കളുടെ വില പുനർനിർണ്ണയിക്കേണ്ടതില്ലേ? മാർക്കറ്റ് വില നിശ്ചയിക്കേണ്ടതില്ലേ? പഴയ വില വച്ചാണോ നമ്മുടെ കണക്കുബുക്കുകൾ നിലനിർത്തേണ്ടത്? എറണാകുളത്തെ പ്രോപ്പർട്ടിയുടെ വില എത്രയാണ്? കോഴിക്കോട്ടെ വില എത്രയാണ്? പുതിയ മാർക്കറ്റ് വിലയനുസരിച്ച് ഇതിന്റെ വില പുനർനിർണ്ണയിക്കണം. അസറ്റ് രജിസ്റ്ററുണ്ടാക്കണം. ഈ പുതിയ കണക്കിന്റെ അടിസ്ഥാനത്തിൽ ഹഡ്കോയിൽ നിന്നാണെങ്കിലും കിട്ടാവുന്ന മറ്റ് ഏജൻസികളിൽ നിന്നാണെങ്കിലും ഫണ്ട് ശേഖരിക്കണം. സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ഫൈനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം നല്ലതാണ്. ഫൈനാൻസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾകൂടി ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു നടപടിയാണ് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ളത്. ഇന്ത്യയിൽ റെയിൽവേക്കുള്ള സ്ഥാനം പോലെ കേരളത്തിൽ അനന്തപുരിയിൽ കെ.എസ്.ആർ.ടി.സി. മാത്രമല്ലേയുള്ളൂ. അത് നടത്താൻ കഴിയുന്ന ഒരു



LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റും കോർപ്പറേഷനും ഇവിടെയുണ്ട് എന്ന് തെളിയിക്കണം. അതുകൊണ്ട് ഇന്നത്തെ 13-15 ശതമാനം സർവ്വീസ് എന്നത് കുറഞ്ഞത് 50 ശതമാനം ആയിരിക്കണം ലക്ഷ്യം; 40 ശതമാനമെങ്കിലുമാക്കാൻ കഴിയുന്നവിധത്തിൽ സമഗ്രമായ ഒരു പദ്ധതിക്ക് ഈ കോർപ്പറേഷൻ നേതൃത്വം കൊടുക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതിനുള്ള പ്രാർത്ഥന യോടുകൂടി ഈ ധനാഭ്യർത്ഥനകളെ മുഴുവൻ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മോൻസ് ജോസഫ്]

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. അതിനുള്ള പ്രധാനകാരണം ഈ രണ്ട് മന്ത്രിമാർ കൈകാര്യം ചെയ്യുന്ന, വനം, ഗതാഗതം, വൈദ്യുതി തുടങ്ങിയ മൂന്ന് വകുപ്പുകൾ ആര് വിചാരിച്ചാലും നന്നാക്കാനാകില്ലെന്ന് വിശ്വസിക്കുന്നവരായതുകൊണ്ടാണ്. അവരത് പലതവണ സഭയ്ക്കകത്തും പുറത്തും പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. അങ്ങനെയുള്ള മന്ത്രിമാർ അവതരിപ്പിക്കുന്ന ധനാഭ്യർത്ഥനകൾ പാസ്സാക്കിക്കൊടുക്കുന്നത് എന്തിനുവേണ്ടിയാണെന്ന കാര്യം ഈ സഭയിലുള്ളവരെല്ലാവരും ഗൗരവത്തിൽ ആലോചിക്കണം. കാട്ടുതീയും അതിവർഷവും കൊള്ളയുംമൂലം വനവും വനസമ്പത്തും നശിച്ചുകൊണ്ടിരിക്കുകയാണ്. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അവിടെ നിന്നുമാറ്റി വനവാസത്തിന് അയച്ചതിനുശേഷം അദ്ദേഹത്തിന്റെ കയ്യിലുള്ള വകുപ്പിനെ തിളക്കമുള്ള വകുപ്പാക്കി മാറ്റുന്നതിനുള്ള ഒരു ശ്രമവും കാണുന്നില്ല. അദ്ദേഹത്തിന് എന്ത് പറ്റിയെന്നുള്ളത് എനിക്കറിയില്ല. വനവിഭവങ്ങളുടെ കൊള്ള ഇപ്പോൾ വ്യാപകമാണ്.

കഴിഞ്ഞദിവസം 16-ാം തീയതി നിയമസഭയിൽ ശ്രീമതി ജമീലാ പ്രകാശം ഉന്നയിച്ച ചോദ്യത്തിന്, 2013-ൽ 12 ചന്ദനക്കടത്ത് കേസ്സുകളിലായി 222 കി.ഗ്രാം ചന്ദനം പിടിച്ചുവെന്ന മറുപടിയാണ് ലഭിച്ചത്. ആ കേസ്സുകളിൽ രണ്ടെണ്ണം മാത്രമാണ് കോടതിയിൽ എത്തിയിട്ടുള്ളത്. അതുപോലെ 2014-ൽ 59 കി.ഗ്രാം ചന്ദനം പിടിച്ചപ്പോഴും രണ്ട് കേസ്സുകൾ മാത്രമാണ് കോടതിയിൽ എത്തിയിട്ടുള്ളത്. ഈ കേസ്സുകളിലെ പ്രതികളെല്ലാംതന്നെ ശിക്ഷിക്കപ്പെടാതെ പോവുകയോ അട്ടിമറിക്കപ്പെടുകയോ ആണ് ചെയ്യുന്നത്. വനവിസ്തൃതിയുടെ ശരാശരി വർദ്ധിച്ചിട്ടുണ്ടെന്ന അവകാശവാദമാണ് എല്ലാകാലത്തും വനം വകുപ്പുമന്ത്രിമാർ നമ്മുടെ മുമ്പിൽ വയ്ക്കുന്ന കണക്ക്. വനവിസ്തൃതിയെ സാരമായി ബാധിക്കത്തക്ക രീതിയിൽ മൂവായിരത്തിലധികം ഏക്കർ ഭൂമിയാണ് വയനാട് മേഖലയിൽ കത്തിനശിച്ചത്. അതുപോലെ, മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള കോടതി വിധി. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് 142 അടിയായി ഉയർത്തിയാൽ 568 ഹെക്ടർ വനഭൂമിയും ആയിരക്കണക്കിന് ജനങ്ങളും അവിടത്തെ പാരിസ്ഥിതിക ബാലൻസുമാണ് നശിച്ച് ഇല്ലാതായി പോകുന്നത്. വനവിസ്തൃതിയെയും പാരിസ്ഥിതിക

LIBRARY ARCHIVES Kerala Legislative Assembly

സന്തുലിതാവസ്ഥയെയും കാര്യമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ വനം വകുപ്പ് എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയതായി നമുക്കാർക്കും കാണാൻ കഴിയുന്നില്ല. കാട്ടുതീയുമായി ബന്ധപ്പെട്ട് വിവിധ വാരികകളും പത്രങ്ങളും റിപ്പോർട്ടുകൾ പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. മാതൃഭൂമി വാരിക കൊണ്ടുവന്ന ലേഖന പരമ്പരയിൽ കാട് കത്തുന്നതല്ല കത്തിക്കുന്നതാണെന്ന ആരോപണമാണ് ഉന്നയിച്ചിട്ടു ള്ളത്. ആ ആരോപണത്തിൽ വസ്തുതയുണ്ടോ; എന്തെങ്കിലും അടിസ്ഥാനമുണ്ടോയെന്ന് ഇതുവരെയും ആരും അന്വേഷിച്ചിട്ടില്ല. കാട് കത്തുന്നതല്ല കത്തിക്കുന്നതാണെന്നാണ് അതിൽ പറയുന്നത്. കാട് കത്തിക്കുന്നത് എന്തിനാണ്? അതിൽ പല തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ടോ? അതൊന്നും വായിക്കാനുള്ള സമയം ഞാൻ എടുക്കുന്നില്ല. നമ്മുടെ വനം-പരിസ്ഥിതി മേഖലയുമായി ബന്ധപ്പെട്ട് താൽപ്പര്യം പ്രകടിപ്പിക്കുന്ന ആളുകൾപോലും വനം കത്തിക്കുന്നതിനെതിരെയും അതിലടങ്ങിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചും സംസാരിക്കുന്നില്ല. വയനാട്ടിലെ കാട്ടുതീയെക്കുറിച്ച് അന്വേഷിക്കാൻ ക്രൈംബ്രാഞ്ച് ശുപാർശ നടത്തിയിട്ടും അക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. വയനാട്ടിലെ തീയ്ക്ക് പിന്നിൽ കുടിപ്പകയെന്ന പേരിലാണ് പിന്നീടൊരു വാർത്ത പുറത്തു വന്നിട്ടുള്ളത്. ഈ വാർത്തകളൊക്കെ നാമെല്ലാം വായിക്കുന്നതുപോലെ ബഹുമാനപ്പെട്ട മന്ത്രിയും വായിക്കുന്നുണ്ടാകും. എന്നിട്ടും വനവിസ്തൃതി സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? വയനാടിനോട് ചേർന്നു കിടക്കുന്ന ബന്തിപ്പൂർ മേഖലയിൽ മൂവായിരം ഹെക്ടർ കാടാണ് കത്തിനശിച്ചത്.

വന്യജീവി സംരക്ഷണത്തെക്കുറിച്ച് നേരത്തെ സംസാരിച്ച അംഗങ്ങൾ ആനകളുടെയും മൃഗങ്ങളുടെയും വർദ്ധനവിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അത് ശരിയായ കാര്യമാണ്. പക്ഷേ, വന്യജീവികളുടെ അക്രമംമൂലം നഷ്ടം സംഭവിക്കുന്ന കൃഷിക്കാരുടെ രോദനം ഈ സഭയിൽ പലപ്പോഴായി ഉയർന്നു വന്നിട്ടുള്ളതാണ്. ആ രോദനം ശ്രദ്ധിക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? കാട്ടുതീ പടരാതിരിക്കാൻ ഫയർ ലൈനും വന്യമൃഗങ്ങളുടെ അക്രമങ്ങൾ തടയുന്നതിനുവേണ്ടി ജണ്ടകൾ ഇടുകയും വേലികൾ കെട്ടുകയും വേലിക്കുതന്നെ വൈദ്യുതി വേലികൾ കെട്ടുകയും ചെയ്യുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതിനുള്ള നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? ഇക്കാര്യത്തിൽ കാലോചിതമായ പരിഷ്കാരം ഗവൺമെന്റ് ആലോചിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്. ഈ രംഗങ്ങളിലൊന്നുംതന്നെ വനം-പരിസ്ഥിതി മന്ത്രാലയത്തിനും ഗവൺമെന്റിനും ഒരുകാര്യവും ചെയ്യാൻ കഴിയുന്നില്ലായെന്നുള്ളതാണ് കാണാൻ കഴിയുന്നത്. അത്തരമൊരു സാഹചര്യം ഒഴിവാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഒരു യൂണിറ്റ് വൈദ്യുതിപോലും നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുന്നില്ല. അതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ നേരത്തേ ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പ്രതീക്ഷയ്ക്ക് വകനൽകുന്ന എന്തെങ്കിലും ഒരു പദ്ധതിയെക്കുറിച്ച് പ്രതീക്ഷാ

LIBRARY ARCHIVES Kerala Legislative Assembly

നിർഭരമായി സംസാരിക്കാൻ കഴിയുന്നതിനുപകരം കേരളം ഇരുട്ടിലേക്ക് നീങ്ങുകയാണെന്ന തരത്തിലുള്ള ആശങ്ക പടർത്താൻ കഴിയുന്ന വിധത്തിലാണ് കാര്യങ്ങൾ നടക്കുന്നതും മന്ത്രിമാർ പ്രസ്താവനകൾ ഇറക്കുന്നതും. ഇതൊരു ഗവൺമെന്റിന് ഭൂഷണമാണെന്ന് കരുതുന്നുണ്ടോ?

കാസർഗോഡ് ചീമേനി പ്രദേശത്ത് താപവൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപ്പര്യമുണ്ടെന്ന് എനിക്കറിയാം. താൽപ്പര്യമുണ്ടെന്ന് മന്ത്രി ഇങ്ങനെ ഭാവിക്കുകയും സഭയിൽ അങ്ങനെ പറയുകയും ചെയ്തതുകൊണ്ട് കാര്യമുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് സമവായത്തിൽ എത്തിക്കാൻ നാളിതുവരെയായി എന്തൊക്കെ നടപടികളാണ് ചെയ്തിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞതായോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായിട്ടുള്ള അനുഭവമോ നമുക്കാർക്കും ഉണ്ടായിട്ടില്ല. വാഗ്ദാനങ്ങൾ പാലിക്കണമെന്ന് ആവശ്യപ്പെടാൻ എനിക്കറിയില്ല. 4,500 കോടി രൂപയുടെ കടബാധ്യതയാണ് ഇലക്ട്രിസിറ്റി ബോർഡിനുള്ളത്. അറിടെയൊരു പരിശോധന വേണം. വൈദ്യുതി ബോർഡിന്റെ നഷ്ടം സംബന്ധിച്ചും കണക്കുകളെ സംബന്ധിച്ചും ബോർഡും മന്ത്രിമാരും കാര്യങ്ങൾ പറയുമ്പോൾ ഈ കണക്കുകൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻപോലും അംഗീകരിക്കുന്നില്ല. എവിടെയാണ് പൊരുത്തക്കേട്? അങ്ങനെ വരുമ്പോൾ മാനേജ്മെന്റിൽ, പ്ലാനിംഗിൽ, നടത്തിപ്പിൽ അങ്ങനെ എല്ലാ കാര്യത്തിലും പൊരുത്തക്കേടുകളുടെ കൂമ്പാരമായി ഈ ബോർഡിന്റെ പ്രവർത്തനത്തെ പുറത്തുനിൽക്കുന്നവർക്ക് കാണേണ്ടിവരില്ലേ? ആ ഒരു സംശയം മാത്രമേ ഇവിടെ ഉന്നയിക്കുന്നുള്ളൂ. വൈദ്യുതി ബോർഡിന്റെ കീഴിലുള്ള സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ബോർഡിന് എന്തെങ്കിലും ധാരണയുണ്ടോ? എന്റെ മണ്ഡലത്തിൽ 12 ഏക്കറോളം വരുന്ന സ്ഥലം വൈദ്യുതി ബോർഡിന്റെ കീഴിലുണ്ട്. ഗവൺമെന്റിന്റെ പ്രതിനിധിയെന്ന നിലയിൽ വൈദ്യുതി വകുപ്പുമന്ത്രി അവിടെ വന്നിരുന്നു. അവിടത്തെ ജനങ്ങൾക്ക് അദ്ദേഹം നൽകിയ വാഗ്ദാനം എന്താണെന്ന് ഞാൻ ഇവിടെ പറയുന്നില്ല. മൂന്ന് കൊല്ലം ആകാറായിട്ടും അവിടെ ഒന്നും സംഭവിച്ചിട്ടില്ലെന്ന് ഖേദപൂർവ്വം പറയേണ്ടി വരുന്നതിൽ എനിക്ക് അതിയായ സങ്കടമുണ്ടെന്ന് മാത്രമേ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ.

ഗതാഗത മേഖലയെക്കുറിച്ച് കഴിഞ്ഞതവണ സഭയിൽ സബ്മിഷൻ ഉയർന്നുവരികയുണ്ടായി. മലബാറിലെ ട്രെയിൻ യാത്രക്കാർ അനുഭവിക്കുന്ന ദുരിതം എത്രമാത്രമാണെന്നുള്ള കാര്യത്തെ സംബന്ധിച്ച് ഇന്നും സഭയിൽ ഉന്നയിക്കുകയുണ്ടായി. ആ ദുരിതം അവസാനിപ്പിക്കുന്നതിന് സബർബൻ ട്രെയിനുകൾ ഓടിക്കണമെന്ന നിർദ്ദേശമാണ് കഴിഞ്ഞ ദിവസം ഇവിടെയുണ്ടായത്. അതിന് വമ്പിച്ച സാമ്പത്തിക ബാധ്യത വരുമെന്നാണ് പറയുന്നത്. ഇപ്പോൾ കാസർഗോഡുനിന്ന് തിരുവനന്തപുരംവരെ ഓടിക്കൊണ്ടിരിക്കുന്ന മലബാർ എക്സ്പ്രസ്സിനും മാവേലി എക്സ്പ്രസ്സിനും ഇടയിൽ അടിയന്തരമായി ഒരു പുതിയ ട്രെയിൻ വേണമെന്ന ആവശ്യമാണ് ഉന്നയിക്കേണ്ടത്. ഈ മാസം 27-ാം തീയതി എം.പി.-മാരുടെ യോഗം ഇവിടെ വിളിച്ചുകൂട്ടിയിട്ടുണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മനസ്സിലാക്കുന്നത്. ആ യോഗത്തിൽ ഈ പ്രശ്നം ഉന്നയിക്കുകയും പുതിയ ഗവൺമെന്റിനെ സമീപിക്കുകയും ചെയ്യണം. ശ്രീ. സദാനന്ദ ഗൗഡ യാണ് ഇപ്പോഴത്തെ റെയിൽവേ മന്ത്രി. അദ്ദേഹം മംഗലാപുരത്തുകാരനാണ്. അദ്ദേഹം ചിലപ്പോൾ കേരളീയരോട് താൽപ്പര്യം കാണിച്ചുവെന്നിരിക്കാം. ഈ സൗകര്യം ഉപയോഗപ്പെടുത്തണം. നമുക്ക് എപ്പോഴും ശുഭപ്രതീക്ഷയാണ് നല്ലത്. മോശം അർത്ഥത്തിൽ നമുക്ക് ആരെയും കാണേണ്ടതില്ല. ശുഭപ്രതീക്ഷയോടു കൂടിയാണ് ഞാൻ ഇക്കാര്യങ്ങൾ സമർപ്പിക്കുന്നത്. ഇത്തരം കാര്യങ്ങളിലൊക്കെ അനങ്ങാപ്പാറ നയം സ്വീകരിക്കുകയും ശുഭപ്രതീക്ഷയില്ലാതെ പ്രവർത്തിക്കു കയും ചെയ്യുന്ന ഭരണകൂടത്തിന്റെ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. റ്റി. യു. കുരുവിള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഈ ഗവൺമെന്റിന്റെ പ്രവർത്തനം നാം വിലയിരുത്തുമ്പോൾ വികസനവും കരുതലുമെന്ന പ്രഖ്യാപിത മുദ്രാവാക്യം കാര്യമായി നടപ്പാക്കിയെന്ന് നമുക്ക് കാണാൻ കഴിയും. എല്ലാ മേഖലയിലും അതിവേഗം വികസനവും സമയം നിശ്ചയിച്ചുള്ള കേരളത്തിന്റെ സ്വപ്നപദ്ധതിയുടെ പൂർത്തീകരണവും കേരളീയർക്കാകെ പ്രതീക്ഷയാണ്. എല്ലാ വിഭാഗങ്ങൾക്കും കാരുണ്യം വർഷിപ്പിച്ച ഒരു സർക്കാരാണ് ഇതെന്ന് പറയുവാൻ അഭിമാനമുണ്ട്. പാവപ്പെട്ടവർക്ക് ചികിത്സാസഹായങ്ങളും സാമൂഹ്യക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ച് കൊടുത്ത ഗവൺമെന്റാണിത്. ഇന്ത്യയിലെ വനമേഖലയുടെ വിസ്തീർണ്ണത്തിൽ ശതമാനക്കണക്കിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പരിസ്ഥിതിയെ സംരക്ഷിക്കുന്നതോടൊപ്പം കർഷകരെയും മലയോര ജനതയെയും സംരക്ഷി ക്കുവാൻ ധീരമായ നടപടി സ്വീകരിച്ച ഒരു സർക്കാരാണിത്. സംസ്ഥാന സർക്കാർ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടത്തിയ ഫീൽഡ് വെരിഫിക്കേഷനിലൂടെ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഉയർത്തിയ ആശങ്കകൾ ഒരളവുവരെ കുറയ്ക്കുവാൻ സഹായിച്ചു. മലയോര ജനതയുടെ ആശങ്കകൾ പൂർണ്ണമായും പരിഹരിക്കാൻ കൂടുതൽ നടപടികൾ ഉണ്ടാകേണ്ട തുണ്ട്. കാട്ടുമൃഗങ്ങളിൽനിന്നും കൃഷിയെയും കൃഷിക്കാരെയും രക്ഷിക്കാൻ ഒട്ടനവധി നടപടികൾ സ്വീകരിച്ചു. ഇനിയും കുറെക്കൂടി ശക്തമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. കോതമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കാട്ടുമൃഗശല്യം കൊണ്ട് 4 ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഒരുവർഷംമുമ്പ് ഒരു അദ്ധ്യാപികയെ കാട്ടാന ചവിട്ടി ക്കൊന്ന സംഭവം എല്ലാവരെയും വേദനിപ്പിച്ച ഒന്നായിരുന്നു. അവരുടെ കുടുംബത്തിന് ധനസഹായവും ആശ്രിത നിയമനവും നൽകാമെന്ന് സർക്കാർ തീരുമാനിച്ചെങ്കിലും അവരുടെ ആശ്രിതർക്ക് ഇതുവരെയും ജോലി നൽകിയിട്ടില്ല. ഇത് ജനങ്ങളുടെ വിശ്വാസത്തെ തകർക്കുന്ന സംഭവമാണ്. വനംവകുപ്പിന്റെ നിരുത്തരവാദിത്തം സർക്കാർ ഉത്തരവ് കാറ്റിൽ പറപ്പിക്കുന്ന ഒന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

കോതമംഗലം തടി ഡിപ്പോ മാറ്റുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയുംകൂടി എടുത്ത തീരുമാനപ്രകാരം സർക്കാർ ഉത്തരവ് ഇറക്കിയിട്ടും അതിന് പുല്ലുവില കൽപ്പിക്കാതെ ലീസിന് കൊടുത്ത് വീണ്ടും തടിയിറക്കുകയാണ് വനംവകുപ്പ്. രണ്ടുവർഷം മുമ്പ് തടി ഡിപ്പോ നിർത്തണമെന്ന് തീരുമാനമെടുത്തതാണ്. എന്നാൽ അതവഗണിച്ച് ചിലരെക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അനാവശ്യമായി കേസുകൾ കൊടുപ്പിച്ച് ഗവൺമെന്റ് ഉത്തരവിനെ തുരങ്കം വയ്ക്കുകയാണ്. ഹൈക്കോടതിപോലും തടി ഡിപ്പോ മാറ്റണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. അതിന്റെ പേപ്പർ കട്ടിംഗ് എന്റെ കൈവശമുണ്ട്. സമയമില്ലാത്തതിനാൽ ഞാനത് വായിക്കുന്നില്ല. കൂടാതെ ഈ സ്ഥലം റവന്യൂ പുറമ്പോക്കാണെന്നും ഇത് ഫോറസ്റ്റ് ലാന്റായി ഡിക്ലയർ ചെയ്തിട്ടില്ലായെന്നും നിയമസഭയിൽ വനംവകുപ്പിൽനിന്നും 13-02-2013-ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 09-06-2014-ന് വീണ്ടും അതിന് വിരുദ്ധമായ ഒരു നിലപാടാണ് വനം വകുപ്പ് സ്വീകരിച്ചത്. കോടതിയിൽ കേസ്സുണ്ടെന്ന് പറഞ്ഞാണ് തന്നിരുന്നത്. യഥാർത്ഥത്തിൽ കോടതിയിൽ ഇപ്പോൾ കേസ്സില്ല. കോടതി അത് തള്ളിയിരിക്കുകയാണ്. ഇത് ഗവൺമെന്റി നോടും ജനത്തോടുമുള്ള വെല്ലുവിളിയാണ്. ഇത് ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. കുട്ടമ്പുഴ പഞ്ചായത്തിലെ വാര്യക്കുടി, കുഞ്ചിപ്പാറ തുടങ്ങിയ ആദിവാസി കുടികളിൽനിന്നും 218 ആദിവാസി കുടുംബങ്ങൾ കാട്ടുമൃഗങ്ങളുടെ ആക്രമണം നിമിത്തം അവരുടെ കൃഷിസ്ഥലങ്ങൾ ഉപേക്ഷിച്ച് കഴിഞ്ഞ 4 വർഷമായി കണ്ടംപാറ എന്ന പുഴയോരത്താണ് താമസം. പലപ്രാവശ്യം മന്ത്രിമാരും കളക്ടറുമൊക്കെ ഇടപെട്ട് ഇവരെ പുനരധിവസിപ്പിക്കാൻ തീരുമാനിച്ചെങ്കിലും ഇതുവരെ അതിനൊരു നടപടിയുമുണ്ടായിട്ടില്ല. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം വനത്തിൽ താമസിക്കുന്ന ആദിവാസികൾക്ക് പ്രൊട്ടക്ഷന് അവകാശമുള്ളതാണ്. ഫോറസ്റ്റിന്റെ ഉൾഭാഗത്തുനിന്നും ഒരറ്റത്തേക്ക് മാറ്റിത്താമസിപ്പിക്കുന്നത് ഡൈവർഷനല്ല. എന്നാൽ ഇത് ഡൈവർഷനാണെന്നും ഇതിന് പ്രത്യേക വാല്യുവേഷൻ കൊടുക്കണമെന്നും പറഞ്ഞ് പട്ടികവർഗ്ഗവകുപ്പിനോട് കോടികൾ അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. വനംവകുപ്പ് അനാവശ്യമായി താമസം വരുത്തിയതുമാണ്. കോടതിപോലും ഇത് ശരിയല്ലെന്ന് ഈയിടെ പറഞ്ഞിട്ടുണ്ട്. ആദിവാസികൾക്ക് പ്രൊട്ടക്ഷനുണ്ടെന്നും ഉദ്യോഗസ്ഥൻമാർ ആദിവാസികളെ ഉപദ്രവിക്കുന്ന നടപടി അവസാനിപ്പിക്കണമെന്നും എത്രയും വേഗം ഇത് പുനഃപരിശോധിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. മണിമുണ്ടംചാൽ റോഡരികിൽ ആദിവാസികൾ ഉപയോഗിച്ചുവരുന്ന ബസ്സ്റ്റോപ്പിന്റെ ഒരു ഭാഗം ഫോറസ്റ്റ് ലാന്റാണെന്ന് പറഞ്ഞ് പൊളിച്ചുമാറ്റുവാൻ ശ്രമിക്കുകയാണ്. അത് നിർത്തലാക്കണം. റവന്യൂ വകുപ്പും വനം വകുപ്പുംകൂടി വെരിഫിക്കേഷൻ നടത്തിയ സ്ഥലത്തിന്റെ ലിസ്റ്റ് ഒപ്പിടുന്നതിന് മലയാറ്റൂർ ഡി.എഫ്.ഒ.-ക്ക് വച്ചപ്പോൾ അദ്ദേഹത്തിന് സ്ഥലംമാറ്റം വന്നതുകൊണ്ട് ഒപ്പിടാതിരുന്ന കാരണത്താൽ ആ ലിസ്റ്റ് വെരിഫിക്കേഷൻ ലിസ്റ്റ് അല്ലെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് കൃഷിക്കാർക്ക് 1971-ന് മുമ്പുള്ള സ്ഥലത്തിന് പട്ടയം കൊടുത്തിട്ടില്ല. ഇതിനൊരുപരിഹാരം കാണണം.

ഇക്കോ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു സർക്കാരാണിത്. ഏഷ്യയിലെ ഏറ്റവും വലിയ തേക്ക് നിൽക്കുന്ന ഇടമലയാർ പ്രദേശത്ത് രാജാക്കന്മാരുടെ ആസ്ഥാനമായിരുന്ന ചേലമല, മുനിയറ തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഏറ്റവും മനോഹരമായ ഇക്കോ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കണം. ബ്രിട്ടീഷുകാരുടെ കാലത്ത് ആലുവയിൽനിന്നും മൂന്നാറിലേക്കുള്ള രാജപാതയായിരുന്നു ഇപ്പോൾ പി.ഡബ്ല്യു.ഡി. രേഖക ളിൽക്കിടക്കുന്ന കോതമംഗലം-ചെമ്മീൻകുത്ത് കെ.പി.റോഡ്. ഒരേ ഗ്രേഡിൽ തീർത്തതും വാഹനങ്ങൾ ഓടിക്കൊണ്ടിരുന്നതുമായ റോഡിലെ കരിത്തിരി ഭാഗം ഇടിഞ്ഞുപോകുകയും റോഡ് വഴിതിരിച്ച് വിടുകയുമായിരുന്നു. കോതമംഗലത്തുനിന്ന് നേര്യമംഗലംവഴി മൂന്നാറിലേക്ക് പുതിയ റോഡ് വെട്ടി. ഇതിപ്പോൾ എൻ.എച്ച്.-49 ആയിരിക്കുകയാണ്. മണ്ണിടിച്ചിൽ കാരണം ഈ റോഡ് പലപ്പോഴും സഞ്ചാരയോഗ്യമല്ലാതെ വരികയാണ്. ഇതിന് പരിഹാര മെന്നുള്ളരീതിയിൽ പഴയറോഡ് പുനഃസ്ഥാപിക്കണം. ഇപ്പോൾ പഴയ റോഡിൽക്കൂടി ലോറികളും വാഹനങ്ങളും ഓടിക്കൊണ്ടിരിക്കുകയാണ്. ഈ റോഡ് നന്നാക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് സമ്മതിക്കുന്നില്ല. ഇപ്പോൾ ഒരു കോടിരൂപ അതിന് അനുവദിച്ചിട്ടുണ്ട്. അത് 100 ലിങ്ക്സ് വീതിയുള്ള റോഡാണ്. അതുകൊണ്ട് അതിന്റെ തടസ്സം നീക്കണം. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതിന്റെ തടസ്സങ്ങൾ മാറ്റിത്തരാമെന്ന് സമ്മതിച്ചതാണ്. ഇപ്പോഴും വനംവകുപ്പ് അതിന് അനുവാദം തരുന്നില്ല.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ചിരിക്കുന്ന സമയം അതിക്രമിച്ചി രിക്കുകയാണ്.

ശ്രീ. റ്റി. യു. കുരുവിള: സർ, മലയാറ്റൂരിലേക്കുള്ള റോഡ് പൂർണ്ണമായും ടാർ ചെയ്തിരിക്കുകയാണ്. മലയാറ്റൂർ തീർത്ഥാടകർക്കും ടൂറിസ്റ്റുകൾക്കും സഞ്ചാരയോഗ്യമായ ഈ റോഡ് മലയാറ്റൂർ പെരുന്നാളിനു മാത്രമാണ് തുറന്നു കൊടുക്കുന്നത്. മറ്റ് സമയങ്ങളിൽ ടൂറിസ്റ്റുകാരെ തടയുന്നത് അവസാനിപ്പിക്കണം. നിലവിൽ ലോറി ഉൾപ്പെടെയുള്ള വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്ന ആദിവാസികളുടെ റോഡുകൾ വാഹന സൗകര്യത്തിനായി മെറ്റൽ ചെയ്യുന്ന തിനോ കോൺക്രീറ്റ് ചെയ്യുന്നതിനോ വനംവകുപ്പ് സമ്മതിക്കുന്നില്ല. ഇത് ആദിവാസികളോട് ചെയ്യുന്ന ക്രൂരതയാണ്. ഇതും അവസാനിപ്പിക്കണം. കാട്ടുമൃഗങ്ങളുടെ ശല്യം കാരണം ആളുകൾക്ക് ഒറ്റയ്ക്ക് നടന്നുപോകാൻ നിർവ്വാഹമില്ല. ഈ റോഡ് നന്നാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തട്ടേക്കാട് പക്ഷി കേന്ദ്രത്തിലെ മാൻ തുടങ്ങിയ മൃഗങ്ങളെ തുറന്നുവിട്ട് കൃഷിക്കാരുടെ കൃഷിസ്ഥലങ്ങൾ നശിപ്പിക്കുന്നു. ഇക്കാര്യം വകുപ്പുമന്ത്രി യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സബ്ജക്ട് കമ്മിറ്റി അവിടെ ഒരു സന്ദർശനം നടത്താമെന്ന് പറഞ്ഞിരുന്നു. അത് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന രണ്ടര ഏക്കർ സ്ഥലം വ്യക്തികളും മുനിസിപ്പാലിറ്റിയും വിട്ടുകൊടുത്ത സ്ഥലമാണ്. അവിടെ ഇപ്പോൾ യാതൊരു സൗകര്യങ്ങളുമില്ല. ഇവിടെ സൗകര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി പതിനൊന്നര ലക്ഷംരൂപ എം.എൽ.എ. ഫണ്ടിൽനിന്നും ഞാൻ കൊടുത്തു. നാല് വർഷമായിട്ടും ഇതുവരെ സഫലമായിട്ടില്ല. ഇപ്പോൾ വീണ്ടും 75 ലക്ഷം രൂപ അസറ്റ് ഫണ്ടിൽനിന്ന് കൊടുത്തിട്ടുണ്ട്. എത്രയുംവേഗം അത് സൗകര്യപ്രദമാക്കിത്തീർക്കണം. കോതമംഗലത്തുനിന്നും വേളാങ്കണ്ണിക്കുണ്ടായിരുന്ന ബസ് പുന:സ്ഥാപിക്കണം. അതുപോലെ ബാംഗ്ലൂരിലേക്കും ഒരു ബസ് റൂട്ട് അനുവദിക്കണം. ടാക്സി വാഹനങ്ങളുടെ ടാക്സ് ഒരുവർഷം 1,200 രൂപയായിരുന്നത് ഇപ്പോൾ ക്ഷേമനിധി ടാക്സും മറ്റും ചേർത്ത് 20,000 രൂപയാക്കി. ഇതൊരു വലിയ അനീതിയാണ്. അത് പരിഹരിക്കണം. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഭൂതത്താൻ കെട്ടിൽ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് ടെണ്ടർ വിളിച്ചിരുന്നു. അതിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണം. വൈദ്യുതി വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വൈദ്യുതി ലഭിക്കുമെന്ന് ഉറപ്പ് നൽകിയിരിക്കെ ആദിവാസി കേന്ദ്രമായ കോതമംഗലം - കുട്ടമ്പുഴ പഞ്ചായത്ത്, മണികണ്ഠൻ ചാലിലേക്ക് വൈദ്യുതി എത്തിച്ചിരുന്നു. എന്നാൽ അവിടെ പണം അടച്ചിട്ടും വൈദ്യുതി കണക്ഷൻ കൊടുക്കാൻ വനം വകുപ്പ് സമ്മതിക്കുന്നില്ല.

മി. ചെയർമാൻ: അങ്ങ് ചുരുക്കുക.

ശ്രീ. റ്റി. യു. കുരുവിള: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അവിടെ വന്നപ്പോൾ ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ട് ഇന്നും അത് അനുവദിച്ചിട്ടുമില്ല. ഇതിന് ഒരു പരിഹാരം കണ്ടെത്തിയേ മതിയാകൂ. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നിട്ട് മൂന്നുവർഷം പൂർത്തീകരിച്ചു. മൂന്നുവർഷം

1.00 PM

കൊണ്ട് കേരളത്തിലെ വിവിധ മേഖലകൾ വികസനോന്മുഖമാക്കി ജനപക്ഷത്തുനിന്ന് പ്രവർത്തിച്ച ഒരു ഗവൺമെന്റാണിത്. കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടി സാർ നടത്തിയ രണ്ട് ജനസമ്പർക്ക പരിപാടികൾ കേരളത്തിലെ ചെറുതും വലുതുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി അതുമായി ബന്ധപ്പെട്ട് വനമേഖലയിൽ താമസിക്കുന്ന ഒട്ടനവധി പാവപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ പ്രയാസങ്ങളും സങ്കടങ്ങളും തുറന്നുപറയുന്നതിനുവേണ്ടിയുള്ള ഒരു വേദിയാക്കി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. ഈ സർക്കാരിനെതിരെ ഇടതുപക്ഷ ജനാധിപത്യമുന്നണി പല സമരങ്ങളും കൊണ്ടുവന്നെങ്കിൽപ്പോലും അത് പാതിവഴിയിൽവച്ച് ഒഴിവാക്കേണ്ട ഒരു സാഹചര്യമുണ്ടായി. മാത്രമല്ല, കേരളത്തിലെ കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി ആരോഗ്യമേഖല, വിദ്യാഭ്യാസമേഖല തുടങ്ങിയ മേഖലകളിൽ ജനങ്ങൾ ആഗ്രഹിക്കുന്ന ജനങ്ങളുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനമേഖലയിൽ താമസിക്കുന്ന കർഷകർക്ക് ഏറെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഞാൻ വനമേഖലയിൽ താമസിക്കുന്ന ഒരു വ്യക്തിയാണ്. കഴിഞ്ഞകാലങ്ങളിൽ വനമേഖലകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചുകഴിഞ്ഞാൽ ഒരു തവണയാണ് ആ കുടുംബത്തിന് ധനസഹായം ലഭിച്ചിരുന്നത്. ആദ്യം ആയിരം രൂപയുടെ കൃഷി നാശവും നാളെ രണ്ടായിരം രൂപയുടെ കൃഷി നാശവും ഉണ്ടായാൽ ആദ്യദിവസത്തെ ആയിരം രൂപയാണ് ഇപ്പോൾ ലഭിക്കുന്നത്. രണ്ടായിരം രൂപ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ മൂന്നുതവണ നഷ്ടപരിഹാരം കൊടുക്കുന്നതിന് തീരുമാനമെടുത്തു. വനമേഖലയിൽ താമസിക്കുന്ന കർഷകരും കർഷകത്തൊഴിലാളികളുമൊക്കെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നുണ്ട്. അങ്ങനെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണിക്ക് കേരളത്തിൽ വൻവിജയം കൈവരിക്കാൻ സാധിച്ചത്. ഇതിൽ ഇനിയും മാറ്റങ്ങളുണ്ടാകണം.

ഇടുക്കി, വയനാട് പോലുള്ള ജില്ലകളിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിക്കുമ്പോൾ ആവശ്യമായ ധനസഹായം ഒന്നും രണ്ടും മൂന്നും തവണകൾ ആക്കാതെ ആ ഘട്ടങ്ങളിൽത്തന്നെ കൊടുക്കാനുള്ള തീരുമാനം നടപ്പാക്കണമെന്ന് ഗവൺമെന്റിന് മുമ്പാകെ നിർദ്ദേശം വയ്ക്കുകയാണ്.

ശ്രീ. റ്റി. യു. കുരുവിള ഇവിടെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ സാമ്പത്തികവർഷത്തിൽ, ഞാൻ എം.എൽ.എ. ആയതിനുശേഷം സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ ആനയും കാട്ടുപോത്തും ആക്രമിച്ച് 9 മരണങ്ങളുണ്ടായി. ഫോറസ്റ്റിൽ വാച്ചറായി പണിയെടുത്ത് തിരിച്ചുവരുന്ന സമയത്ത് വാസുവിനെ ഉൾവനത്തിൽവച്ച് ആന കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ കഷ്ടത്തിലാണ്. മുത്തങ്ങയിൽ ആനപ്പന്തിയിൽ ജോലി ചെയ്യുന്ന രണ്ട് വാച്ചർമാരെ മൃഗീയമായി ആന കൊലപ്പെടുത്തി. അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ, വന്യമൃഗങ്ങൾ കൊലപ്പെടുത്തിയവരുടെ കുടുംബങ്ങൾക്ക് 3 ലക്ഷം രൂപയും ഇൻഷുറൻസിൽ നിന്ന് ഒരു ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു ലക്ഷം രൂപയും ചേർത്ത് ആകെ 5 ലക്ഷം രൂപ കൊടുക്കുന്നുണ്ട്. ഇവിടെ കൊല്ലപ്പെട്ടതൊക്കെ കുടുംബനാഥന്മാരാണ്. കേന്ദ്രത്തിന്റെ അനുമതി വാങ്ങി 10 ലക്ഷം രൂപവരെ ഗവൺമെന്റ് ആ കുടുംബത്തിന് കൊടുത്താൽ മാത്രമേ അവർക്ക് കുടുംബജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഫോറസ്റ്റ് ഉദ്യോഗസ്ഥരും ജനങ്ങളുമായുള്ള സംഘർഷങ്ങൾ എപ്പോഴും കാണാൻ കഴിയുന്നു. കാട്ടിൽ അപകടങ്ങൾ സംഭവിച്ചുകഴിഞ്ഞാൽ ഈ സംഘർഷങ്ങൾ ഒഴിവാക്കണമെങ്കിൽ



LIBRARY ARCHIVES Kerala Legislative Assembly

വനത്തെയും ജനവാസത്തെയും വേർതിരിച്ചുകൊണ്ടുള്ള ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കണം. ആനക്കിടങ്ങുകൾ കുഴിക്കുന്നുണ്ട്; ഫെൻസിംഗ് നടത്തുന്നുണ്ട്; നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്; എന്നാൽ കൽമതിലുകൾ നിർമ്മിച്ചുകൊണ്ട് ജനത്തെയും വനത്തെയും വേർതിരിക്കുന്ന ഒരു സമീപനം, വളരെ പെട്ടെന്ന് കഴിയില്ലെങ്കിൽപ്പോലും ക്രമാതീതമായി ആ പദ്ധതി കൊണ്ടുവന്ന് സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കൽമതിലുകൾക്ക് ഊന്നൽ കൊടുത്തിട്ടുണ്ട്. വനമേഖലകളിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫെൻസിംഗിനും ഡ്രെയിനേജിനുമായി കാലാകാലം മെയിന്റനൻസും മറ്റുള്ള സംവിധാനങ്ങളിൽക്കൂടി കോടികൾ ചെലവഴിക്കേണ്ടിവരുന്നു. അതുകൊണ്ട് കൽമതിലുകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഇവിടെ സൂചിപ്പിക്കുവാനുള്ളത്.

അതോടൊപ്പം വനത്തിനുള്ളിൽ പട്ടികവർഗ്ഗക്കാർ താമസിക്കുന്നുണ്ട്. വയനാട് ജില്ലയിൽത്തന്നെ 14 സെറ്റിൽമെന്റ് ഏരിയകളിൽനിന്നും കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി 80 കോടി രൂപയുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി സമർപ്പിച്ച് 3 സെറ്റിൽമെന്റ് ഏരിയകൾ പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞു. ഇനിയും ഒരുപാട് കുടുംബങ്ങൾ വനത്തിനകത്തുണ്ട്. അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യങ്ങൾ ഉണ്ടാകണം. മാത്രമല്ല, സ്വയംസന്നദ്ധ പുനരധിവാസമെന്നുപറയുമ്പോൾ അവർ സ്വയം വനത്തിൽനിന്ന് ഇറങ്ങിപ്പോകേണ്ട ഒരു സാഹചര്യമാണുണ്ടാകുന്നത്. കഴിഞ്ഞദിവസങ്ങളിൽ വയനാട്ടിൽ പത്രങ്ങളിൽ ഒരു വാർത്താവന്നു. കേന്ദ്ര വനാവകാശ നിയമമനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് വനത്തിനുള്ളിൽ താമസിക്കാം, അവർക്ക് സംരക്ഷണം കൊടുക്കണം, അവരെ നിർബന്ധപൂർവ്വം പുറത്തുകൊണ്ടുവരരുത്. ഈ വാർത്ത സംബന്ധിച്ച് ഇന്നലെ ചാനലിൽ ചർച്ചയുമുണ്ടായിരുന്നു. ആദിവാസികളെ വനത്തിൽ നിന്ന് പുറത്തേയ്ക്ക് കൊണ്ടുവരാൻ നിർബന്ധിക്കുകയാണ്. അവർ പറയുന്നു, 'ഞങ്ങൾ വനത്തിന്റെ മക്കളാണ്, ഞങ്ങൾ വനത്തിലാണ് താമസിക്കുവാൻ ആഗ്രഹിക്കുന്നത്, ഞങ്ങളെ നിർബന്ധപൂർവ്വം പുറത്തുകൊണ്ടുപോകരുത്' എന്ന് പറഞ്ഞപ്പോൾ 'മാവോയിസ്റ്റ് ബന്ധങ്ങളുണ്ടെന്ന് കോടതിയിൽ ഞങ്ങൾ ധരിപ്പിക്കുമെന്ന് പട്ടികവർഗ്ഗ കുടുംബങ്ങളിൽച്ചെന്ന് ഭീഷണിപ്പെടുത്തുകയാണ്' എന്നാണ് അവർ പറയുന്നത്. ആ സാഹചര്യം ഒഴിവാക്കണം. വനത്തിൽ നിന്ന് പ്രയാസങ്ങൾ നേരിടുമ്പോൾ അവർ സ്വാഭാവികമായി പുറത്തുവരും. അത്തരത്തിലുള്ള നടപടികളിൽനിന്നും പിന്മാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വൈദ്യുതിയുമായി ബന്ധപ്പെട്ട് ആർ.ജി.ജി.വൈ. പദ്ധതികൾ കേരളത്തിൽ നടപ്പാക്കുമ്പോൾ വനത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കാൻ കഴിയുന്നില്ല. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തടസ്സം പറയുകയാണ്. അതിന് എസ്റ്റിമേറ്റ് എടുക്കുമ്പോഴും ഭരണാനുമതി കൊടുക്കുമ്പോഴും

ടെക്നിക്കൽ സാങ്ഷൻ കൊടുക്കുമ്പോഴും എതിർപ്പുകളൊന്നുമില്ല. എന്നാൽ അതിന്റെ ഇംപ്ലിമെന്റിംഗ് സ്റ്റേജിലെത്തുമ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ തടസ്സം നിൽക്കുകയാണ്. വൈദ്യുതി വകുപ്പും വനംവകുപ്പും ഇടപെട്ടു കഴിഞ്ഞാൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് ഈ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുള്ള സാഹചര്യങ്ങളുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റ് കാര്യങ്ങളൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല.

പ്രധാനപ്പെട്ട മറ്റൊരു കാര്യം സൂചിപ്പിക്കാം. മുത്തങ്ങ വൈൽഡ് ലൈഫ് സാങ്ച്വറി ഇക്കോടൂറിസം മേഖലയിലാണ്. വയനാട് ഇക്കോ ടൂറിസം മേഖലയിൽനിന്നും ഒരു വർഷം 9 കോടി രൂപയാണ് ലഭിക്കുന്നത്. അതിൽ ഒന്നരക്കോടി രൂപ മറ്റു ജില്ലകളിലേക്ക് മാറ്റുകയാണ്. ടൂറിസവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന തുക ആ ജില്ലയിൽത്തന്നെ വനമേഖലകളിൽ സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉപയോഗിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്.

അതുപോലെ ട്രാൻസ്പോർട്ട് മേഖലയിൽ കഴിഞ്ഞ കുറേ കാലങ്ങളായി വയനാട് ജില്ലയിലെ ഡി.റ്റി. ഓഫീസ് പ്രവർത്തിക്കുന്നത് സുൽത്താൻ ബത്തേരിയിലാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. കഴിഞ്ഞ ദിവസം അറിയാൻ കഴിഞ്ഞത് ഡി.റ്റി. ഓഫീസ് ബത്തേരിയിലും ഡി.റ്റി.ഒ.യെ പോസ്റ്റ് ചെയ്തത് കൽപ്പറ്റയിലുമാണെന്നാണ്. കഴിഞ്ഞ 9 വർഷങ്ങളായി ഡി.റ്റി.ഒ ഇല്ലാത്ത ഓഫീസിൽ ഡി.റ്റി.ഒ.-യെ പോസ്റ്റ് ചെയ്തത് ഈ ഗവൺമെന്റാണ്. അതുകൊണ്ട് സുൽത്താൻബത്തേരിയിലെ ഡി.റ്റി. ഓഫീസിലേക്ക് ഡി.റ്റി.ഒ. യെ പോസ്റ്റ് ചെയ്തുകൊണ്ടുള്ള പ്രവർത്തനവുമായി മുന്നോട്ടു പോകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

"എന്റ് തണിയും ഇന്ത സ്വാതന്ത്ര്യ ദാഹം
എന്റ് മടിയും ഇന്ത സ്വാതന്ത്ര്യ മോഹം"

ഇത് ഭാരതീയാർ ഈ സമൂഹത്തിന് നൽകിയ സന്ദേശമാണ്. ഭരണ സ്വാധീനമില്ലാതെ സാമൂഹികനീതിബോധത്തിൽ ജീവിക്കുവാനുള്ള ഉപാധി തടസ്സമില്ലാതെ എന്നാണോ ലഭ്യമാവുക അന്നാണ് സ്വാതന്ത്ര്യജീവിതം എല്ലാവർക്കും ഒരുപോലെയാവുന്നത്. ഇവിടെ ഉദ്യോഗസ്ഥർ തമ്മിലുള്ള പ്രയാസങ്ങളും പ്രശ്നങ്ങളുമെല്ലാം എല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ വളരെ ഉയർന്ന ഘട്ടത്തിലേക്ക് കടന്നിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരിലുമുണ്ട് നല്ല ആളുകൾ. നല്ല വാക്കുകൾ നമ്മൾ വല്ലപ്പോഴും ഉപയോഗിക്കുന്നതുപോലെയാണ് നല്ലവരും വളരെ ചുരുങ്ങിയ നമ്പരിൽ ഒതുങ്ങുന്നത്. ഇപ്പോൾ മന്ത്രിമാരെയും ഭരണക്കാരെയും എങ്ങനെ സ്വാധീനിച്ച് നല്ല സ്ഥാനമാനങ്ങളിൽ എത്താമെന്ന ചിന്തയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥർ നിൽക്കുന്നത്. അതുകൊണ്ടുതന്നെ ഭരണം എല്ലാവർക്കും ഉപയോഗപ്പെടുന്നതാവില്ല എന്ന് ഭരണപക്ഷത്തുനിന്നുപോലും ചർച്ചയിൽ പങ്കെടുത്തവരുടെ വാക്കുകളിൽ നിന്ന് നമുക്ക് ബോധ്യമാവും. ആദ്യഘട്ടത്തിൽ അവരെല്ലാം പിന്താങ്ങുന്നുവെന്ന് പറഞ്ഞാലും അവസാനം ഈ ഭരണം ഇതുപോലെ പോയാൽ പോര എന്നുള്ള സൂചനയാണ് ചർച്ചയിലൂടെ വരുന്നത് എന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. മന്ത്രിമാർക്ക് മറുപടി പറയുവാൻ കിട്ടുന്ന അവസരം മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ അവർ അർഹരാണ് എന്നുള്ള നിലയിൽ വസ്തുതകൾ പറയുകയും നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതിനു പകരം സഭയെ ബോധ്യപ്പെടുത്തുക അല്ലെങ്കിൽ വരുന്നവരെ ബോധ്യപ്പെടുത്തുക എന്നുള്ള നിലയിലുള്ള സമീപനങ്ങളിൽ നിന്നും ബഹുമാനപ്പെട്ട മന്ത്രിമാർ മാറണം എന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് ആദ്യമായി വയ്ക്കാനുള്ളത്. കഴിഞ്ഞ സഭയിലും ചർച്ചയിലൂടെ ഞാൻ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അത് ആവർത്തിക്കേണ്ട ഗതികേട് ഈ സന്ദർഭത്തിൽ ഉണ്ടാകുന്നുവെന്നുള്ളതാണ് ഇതിന്റെ ആദ്യഘട്ടമായി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത്.

വനത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം 2000 കോടി രൂപയുടെ ചന്ദനത്തടികളാണ് നമ്മുടെ കാടുകളിൽനിന്നും മോഷണം പോയിട്ടുള്ളത് എന്നാണ് പത്രമാധ്യമങ്ങളിലൂടെയും സർക്കാരിന്റെ റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ചന്ദനത്തടി മോഷണം പോകുന്നുവെന്ന് ചൂണ്ടിക്കാണിച്ചാൽ ചൂണ്ടിക്കാണിക്കുന്നവരെ വിമർശിക്കുന്നതോടൊപ്പം അവരുടെ പേരിൽ കേസ്സെടുക്കുകയും ചെയ്യുന്ന ഗവൺമെന്റും ഉദ്യോഗസ്ഥരുമാണ് ഇപ്പോഴുള്ളത്. ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറിയിൽ അസിസ്റ്റന്റ് വാർഡൻ നായാട്ടിന് കൂട്ടു നിൽക്കുന്നുവെന്നുള്ളതിന് ഒന്നോ രണ്ടോ ഇൻസിഡന്റ് മാത്രമല്ല, മൂന്നുനാല് നായാട്ടുകൾ തുടർന്നും നടത്തിക്കൊണ്ടിരിക്കുന്നുവെന്നതിന് തെളിവാണ്. ഇക്കാര്യങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.

ഇടമലക്കുടി ഒരു ആദിവാസി ട്രൈബൽ പഞ്ചായത്താണ്. തൈ നടുന്നതിനുവേണ്ടി ഒന്നരക്കോടി രൂപ അവർക്ക് അനുവദിച്ചു. അതുമുഴുവൻ കൊള്ളയടിച്ചതുമായി ബന്ധപ്പെട്ട് ഡി.എഫ്.ഒ. ഉൾപ്പെടെയുള്ള ആളുകളെ സസ്പെന്റ് ചെയ്തു. ആ കേസ്സിന്റെ നടപടികളുടെ ഭാഗമായി തുക പിടിക്കുന്നതിനെ സംബന്ധിച്ചോ ക്രിമിനൽ ആക്ടിവിറ്റീസ് സംബന്ധിച്ചോ എന്തെങ്കിലും നടപടിയെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? ജനങ്ങളെ ബോധ്യപ്പെടുത്താൻവേണ്ടി ആദ്യമെന്തെങ്കിലും തുടക്കം കുറിക്കുന്നുവെന്നുള്ളതൊഴിച്ചാൽ അതിനുശേഷമുള്ള നടപടികളിലേക്ക് കടക്കുന്നില്ല എന്നുള്ളതാണ് പ്രത്യേകത.

കൃഷിനാശത്തെപ്പറ്റി ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വില്ലേജ് ആഫീസറുടെ റിപ്പോർട്ടും കൃഷി ആഫീസറുടെ റിപ്പോർട്ടും കഴിഞ്ഞാണ് തുക അനുവദിക്കുന്നത്. ഒരു റേഞ്ച് ഓഫീസർക്ക് എൻജിനീയറുടെ മുഴുവൻ ജോലിയും ചെയ്യുവാനുള്ള അവകാശം

നിയമപരമായി ഉണ്ടെങ്കിൽ കൃഷിക്കാരന്റെ കൃഷി നശിക്കുന്ന സന്ദർഭത്തിൽ അതിന്റെ തോത് എത്രയാണെന്ന് തിട്ടപ്പെടുത്തി ആ തുക അനുവദിച്ചു കൊടുക്കുന്നതിന് നിയമഭേദഗതിയിൽ അല്ലെങ്കിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ എന്തുകൊണ്ട് ചെയ്യാൻ സാധിക്കുന്നില്ല? അത് ആലോചിക്കുകയും നടപടിയെടുക്കുകയും വേണം. അങ്ങ് വളരെ നല്ല നിലയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മന്ത്രിയാണെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

ഇവിടെ ഹരിത എം.എൽ.എ.-മാർ രണ്ടുപേരുണ്ട്. അവർ വളരെ വ്യക്തമായി പറഞ്ഞെങ്കിലും ആവശ്യപ്പെട്ടില്ല. ഹരിത എംഎൽ.എ.-മാർ അഞ്ചുപേർ ഉണ്ടായിരുന്നത് രണ്ടുപേരായി ചുരുങ്ങിയെന്നു തോന്നുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്തിട്ടുള്ള നടപടി ഈ ഗവൺമെന്റ് പിൻവലിക്കുക എന്നുള്ള ഉദ്ദേശ്യത്തോടെയാണ് ഈ നടപടി എടുത്തിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഡി.എഫ്.ഒ. ആയിട്ടുള്ള ആൾ 28-4-2014-ൽ ഒരു ഉത്തരവിറക്കി. ഏകദേശം 800 ഏക്കർ വരുന്ന സ്വകാര്യ മേഖലയ്ക്ക് ഏറ്റെടുത്ത ഭൂമി എങ്ങനെയാണ് തിരിച്ച് കൊടുക്കുവാൻ ഗൂഢാലോചന നടത്തിയത് എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോധ്യപ്പെടാൻ സാധിച്ചില്ല എന്നുപറയുന്നതിനോട് യോജിക്കാൻ കഴിയുമോ? മറയൂരിൽ ശിക്ഷിക്കപ്പെട്ടവരെപ്പോലെ കോളനിയിൽ താമസിക്കുന്ന പത്ത് വീട്ടിലെ ആളുകളെ ഇ.എഫ്.എൽ.-ന്റെ പരിധിയിൽ ഉൾപ്പെടുത്തി അവരെ ശിക്ഷിക്കപ്പെട്ട തടവുകാരെപ്പോലെ വച്ചിരിക്കുന്ന സാഹചര്യത്തിൽ, അവർക്കൊരു നീതിയും പാലക്കാട്ട് മറ്റൊരു നീതിയുമായി 800 ഏക്കർ ഭൂമി ഒരു സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കുവാൻ അങ്ങേയ്ക്ക് എങ്ങനെയാണ് സാധിച്ചത്? അതുസംബന്ധിച്ച് വിശദീകരണത്തിന്റെ ഒരു ആവശ്യവുമില്ലല്ലോ? ഒരു ഗവൺമെന്റ് സ്വീകരിച്ച നിലപാട് നിങ്ങൾക്ക് തുടർന്നുകൊണ്ടുപോകുവാൻ സാധിക്കുമോ? അല്ലെങ്കിൽ അവർക്ക് ഭൂമി തിരിച്ച് കൊടുക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്നതിന്റെ പിന്നിലുള്ള താല്പര്യമെന്താണ്? വളരെ വ്യക്തമായ നിലപാട് പറഞ്ഞുകൊടുക്കാൻ സാധിക്കുന്നുണ്ടോ എന്നുള്ളതിനാണ് ഇവിടത്തെ പ്രസക്തി. അതുകൊണ്ട് 492, 493, 494 എന്നീ സർവ്വേ നമ്പരുകളിലുള്ള നിലപാടിനെ തിരുത്തി വീണ്ടും സർവ്വേ കൊണ്ടുവരികയും അതിന്റെ അതിർത്തി തിട്ടപ്പെടുത്തുകയും ചെയ്യുവാൻ ആഗ്രഹിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഗവൺമെന്റ് ഭൂമി സംരക്ഷിക്കുവാനല്ല സ്വാധീനമുള്ള യാളുകൾക്ക് വാരിക്കോരി കൊടുക്കുവാനും നിയമ ലംഘനം നടത്തുവാനും ആഗ്രഹിക്കുന്നു എന്നുള്ളതിന്റെ ഒരു വ്യക്തതയാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടുതന്നെ ഇതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായം പറയുമ്പോൾ വ്യക്തമായ നിലപാട് പറയണം. അതിന്റെ നടപടികൾ പറയണം. അതിലെ റിപ്പോർട്ടിനെ സംബന്ധിച്ചോ വിശദീകരണങ്ങളെ സംബന്ധിച്ചോ ഞങ്ങളിവിടെ കേൾക്കാൻ ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ചിന്നക്കനാൽ പോലുള്ള മേഖലകളിൽ 13 ആദിവാസികൾക്ക് സ്ഥലം കൊടുത്തിരുന്നു. ആദിവാസികളുടെ പട്ടയ ഭൂമിയിൽ ആന കയറി ചവിട്ടിക്കൊന്ന 13 പേരും ചത്തോട്ടെ എന്ന് ആഗ്രഹിക്കുന്ന വനപാലകരാണ്, അത് ഇപ്പോഴും തുടരുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് വളരെ വ്യക്തതയോടുകൂടി വനംകൊള്ള തടയുവാനും വനഭൂമി സംരക്ഷിക്കുവാനും സാധാരണക്കാർ കുരുക്കിൽപ്പെട്ടിട്ടുള്ള ഇ.എഫ്.എൽ പരിധിയിൽനിന്നും അവരെ രക്ഷപ്പെടുത്തുവാനും വന്യമൃഗങ്ങളിൽനിന്ന് കൃഷിയെയും ജനങ്ങളെയും സംരക്ഷിക്കാനുമുള്ള നിലപാടെടുക്കുന്നതിൽ ഈ ഗവൺമെന്റിന് വീഴ്ചപറ്റിയിട്ടുണ്ട്. അതു തിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ശ്രീ. എ. കെ. ബാലൻ വൈദ്യുതിമന്ത്രിയായിരുന്ന 1993 കാലഘട്ടം മുതൽ പരിശോധിച്ചാൽ നമുക്കറിയാം, 1993-ലെയും 2000-2005-ലെയും 2011 മുതലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെയും കാലത്താണ് പവർകട്ടും ലോഡ്ഷെഡ്ഡിംഗും തുടരുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എൽ.ഡി.എഫ്. വരുമ്പോൾ മാത്രമാണ് അതിനൊരു മാറ്റം വരുന്നതും വൈദ്യുതി ലഭ്യമാവുന്നതും. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് മുതിർന്ന അംഗമാണ്, ബഹുമാന്യനാണ്, ശേഷിയുള്ള ആളാണ്, എല്ലാം അറിയുന്ന ആളാണ്. എന്തുകൊണ്ടാണ് അങ്ങേക്ക് അങ്ങയുടെ വകുപ്പിൽ ജോലി ചെയ്യുന്ന, മന്ത്രി ആഫീസിലിരിക്കുന്ന ആളുകളെപ്പോലും നിയന്ത്രിക്കാൻ കഴിയാത്തത്? ഡി.ഡി.സി-യിലേക്ക് ഒരു ഉദ്യോഗസ്ഥനെ ക്ഷണിച്ചാൽ വരാൻ സാധിക്കില്ല എന്ന് ഉത്തരവിലൂടെയോ സർക്കുലറിലൂടെയോ അറിയിക്കുന്ന ഉദ്യോഗസ്ഥന്റെ സ്ഥിതിയെന്താണെന്ന് മനസ്സിലാക്കണം. ഇത് അങ്ങ് അറിഞ്ഞുകൊണ്ടാണോ? ഡി.ഡി.സി. ആവശ്യപ്പെടുമ്പോൾ ഒരു ഉദ്യോഗസ്ഥൻ വരില്ല എന്ന് കത്ത് അയയ്ക്കുവാനുള്ള ധൈര്യം കാണിക്കുന്നത് അങ്ങയുടെ ഓഫീസിൽ നിന്നാണെന്ന് ഓർക്കണം. മൂന്ന് കൊല്ലമായി ഓരോ ദിവസവും നടക്കുന്ന കാര്യങ്ങൾ നിയന്ത്രണാതീതമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാത്രവുമല്ല, ചോദ്യം ചോദിച്ചാൽ അങ്ങയുടെ ഓഫീസിൽനിന്ന് മറുപടി കിട്ടാത്ത സാഹചര്യവുമുണ്ട്.

ഇവിടെ പി.പി.പി-യെ സംബന്ധിച്ചും മിഷൻ 676 സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ അങ്ങയുടെ വകുപ്പിന്റെ കീഴിൽ ഐ.പി.പി.യാണ് നടപ്പിലാക്കുന്നതെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരുപക്ഷെ അങ്ങ് അറിഞ്ഞിട്ടുണ്ടാവില്ല. മാട്ടുപ്പെട്ടിയുൾപ്പെടെ പല പ്രദേശത്തും പേറാട്ടവുകൾ നടത്തുന്നു. അങ്ങനെ ക്യാച്ച്മെന്റ് ഏരിയയിൽ കരാർ ഒപ്പിടാനുള്ള അവകാശം ആര് കൊടുത്തു? അതിന് നിയമവ്യവസ്ഥയോ ബോർഡ് തീരുമാനമോ സർക്കാർ കൊടുത്തിട്ടുണ്ടോ? എങ്കിൽ അത് വ്യക്തമാക്കണം. എന്തെങ്കിലും ബോധ്യപ്പെടുത്തിയാലൊന്നും പോരെന്ന് ആഗ്രഹിക്കുന്നയാളാണ് ഞാൻ. അങ്ങയുടെ നല്ല മനസ്സിന്റെ പിറകിൽ നിന്നുകൊണ്ട് കൊള്ളയടിക്കുന്ന ഒരു കൂട്ടം ആളുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹൈറഡൽ ടൂറിസത്തിൽ 21 ആളുകളെ നിയമിച്ചതിൽ 11 ആളുകളും മൂന്നാറിലാണ്. അവർക്ക് ഇപ്പോഴും മാസപ്പടിയുണ്ട്. ഒരു ജോലിയും ചെയ്യേണ്ട, എന്തിനാണ് അവരെ നിയമിച്ചത്?. അവർക്ക് കൊടുക്കുന്ന ശമ്പളത്തിൽ പകുതി വാങ്ങിക്കുന്ന ഡയറക്ടർ ഉൾപ്പെടെയുള്ള ആളുകളെ സംബന്ധിച്ച് അന്വേഷിക്കണം. ഇതുവരെ എന്റെ മണ്ഡലത്തിൽ നേരിൽ കാണാൻ കഴിഞ്ഞിട്ടില്ലാത്ത ആളാണ് ഹൈറഡൽ ടൂറിസത്തിലെ ഡയറക്ടർ. അങ്ങയോട് ഞാൻ ഇക്കാര്യം പറഞ്ഞു. ഡി.ഡി.സി. ആവശ്യപ്പെട്ടിട്ടും അദ്ദേഹം വന്നില്ല. ഇലക്ട്രിസിറ്റി ബോർഡിൽ ഡയറക്ടറാകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലുള്ള ആളുകളെ കിട്ടാഞ്ഞിട്ടാണോ? അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ആളിനെ എന്തും ചെയ്യാമെന്നാണോ? എന്താണ് അതിന്റെ പിറകിലുള്ള താൽപ്പര്യം? ഇത്തരത്തിൽ പൊതു താൽപ്പര്യം സംരക്ഷിക്കേണ്ട സാഹചര്യത്തിൽ നിന്നും മടങ്ങിപ്പോകുന്നു എന്നുള്ളതിന്റെ ഉദാഹരണമാണ് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിച്ചത്. മിഷൻ 676, പി.പി.പി മോഡൽ എന്നിവ ഇവിടെ തുടക്കം കുറിക്കുന്നതിനുമുൻപ് ഐ.പി.പി മോഡൽ അങ്ങയുടെ വകുപ്പിൽ നടപ്പിലായത് സംബന്ധിച്ച് അങ്ങ് അന്വേഷിക്കണമെന്ന് മാത്രം വളരെ ചുരുക്കത്തിൽ പറയാൻ ആഗ്രഹിക്കുന്നു. മാത്രമല്ല, ശ്രീ. എ. കെ. ബാലൻ ഈ വകുപ്പ് കൈകാര്യം ചെയ്ത സന്ദർഭത്തിൽ വളരെ നന്നായി പ്രചാരണം ചെയ്തു. വൈദ്യുതി എങ്ങനെ ഉപയോഗിക്കണം എന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങളുണ്ടായിരുന്നു. അത് ഈ ഗവൺമെന്റിനും സ്വീകരിക്കാവുന്നതാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ട്രേഡ് യൂണിയനുകളുടെ ആഹ്വാനപ്രകാരം ജൂലൈ 1, 2 തീയതികളിൽ സംസ്ഥാന വ്യാപകമായി മോട്ടോർ വാഹന തൊഴിലാളികൾ പണിമുടക്കുന്നുണ്ട്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, അങ്ങ് മൂന്നാർ പ്രദേശം ഉൾപ്പെട്ട മേഖലയിലെ എം.എൽ.എ. ആണ്. മൂന്നാറിന് ആ പേരുണ്ടാകാൻ മൂന്ന് ആറ് വേണം. അവിടെ ആറില്ലല്ലോ? അങ്ങ് അതിനെപ്പറ്റി ഒന്നും മിണ്ടാതെ വെറുതേ ഇലക്ട്രിസിറ്റിയെപ്പറ്റി വർത്തമാനം പറഞ്ഞിട്ട് കാര്യമുണ്ടോ? അഞ്ച് കൊല്ലം ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. എ. കെ. ബാലനും മൂന്ന് കൊല്ലം ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. ആര്യാടൻ മുഹമ്മദിനെയും തമ്മിൽ താരതമ്യം ചെയ്തിട്ട് എന്ത് കിട്ടാനാണ്?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ശ്രീ. എ. കെ. ബാലനെക്കാളും അനുഭവസമ്പത്തുള്ളയാളാണ് ഇപ്പോഴത്തെ മന്ത്രി. അദ്ദേഹത്തിന് എന്തും ചെയ്യാൻ ഇനിയും രണ്ട് കൊല്ലമുണ്ട്. മൂന്നാറിൽ വലിയ ഹോട്ടലുകളും റിസോർട്ടുകളുമൊന്നുമില്ല. കോട്ടയത്തും എറണാകുളത്തുമുള്ള ഉന്നതരായ ആളുകൾക്ക് മാത്രമേ കെട്ടിടങ്ങളുള്ളൂ. നമുക്ക് വേണമെങ്കിൽ ഭരണ-പ്രതിപക്ഷ എം.എൽ.എ.മാരെക്കൊണ്ട് ഒരു ജോയിന്റ് വേരിഫിക്കേഷൻ നടത്താം. അവിടെയല്ലാത്തവർ വിട്ടിട്ട് പോകുമോ? ഞങ്ങൾക്ക് ബഹുനില കെട്ടിടങ്ങളുണ്ടെങ്കിൽ ഞങ്ങൾ മാറ്റാൻ തയ്യാറാണ്. അങ്ങ് അതിന് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ തയ്യാറാണെന്ന് മാത്രമല്ല എന്തെങ്കിലും ഉണ്ടെങ്കിൽ അത് പൊളിക്കാൻ നിങ്ങളെ ഏൽപ്പിക്കും. നിങ്ങളുടെ പാർട്ടി ഓഫീസ് എങ്ങനെയാണ് ഇരിക്കുന്നത്? ആ പാർട്ടി ഓഫീസ് പട്ടയ ഭൂമിയിലാണോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ അങ്ങയുടെ കൂടെ കൂടാം. പരിശോധിക്കാം എന്ന് പറഞ്ഞല്ലോ. പൊളിക്കലിലേക്ക് നമ്മൾ ഇല്ല, പക്ഷേ ഒരു കാര്യം പറയാം. ഇതെല്ലാം പറയുമ്പോഴും എന്തുകൊണ്ടാണ് കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച് നിയമമുണ്ടാക്കാത്തത്.? യൂക്കാലിപ്റ്റസ് മരങ്ങൾ അവിടെ നിന്നും മാറ്റണം എന്നുള്ളത് സംബന്ധിച്ച് എന്താണ് നിയമമുണ്ടാക്കാത്തത്? ഇത്തരത്തിൽ ഒരുപാട് കാര്യങ്ങളുണ്ട്. മൂന്നാറിന്റെ ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞാൽ തീരില്ല. മൂന്നാറിലെ ഹൈഡൽ ടൂറിസത്തെയും കെട്ടിട നിർമ്മാണത്തെയും ആദിവാസികളെയും ചന്ദനത്തെയും സംബന്ധിക്കുന്ന കാര്യങ്ങളാണ് പറഞ്ഞത്. അങ്ങ് ശ്രദ്ധിച്ചില്ല. മോട്ടോർ വാഹന തൊഴിലാളികളുടെ സമരത്തിൽ ആറ് ഡിമാന്റുകളാണ് അവർ വച്ചിരിക്കുന്നത്. എല്ലാ ട്രേഡ് യൂണിയനുകളും ഒത്തുചേരുന്നുണ്ട്. ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ നിലപാട് ഉണ്ടാകണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തിയായി എതിർത്തുകൊണ്ട് നിർത്തുകയാണ്.

ശ്രീ. റ്റി. പി. സജീന്ദ്രൻ സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഒരു തെരഞ്ഞെടുപ്പിന് ശേഷമാണ് അസംബ്ലി ചേരുന്നത്. മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ സമരത്തെത്തുടർന്ന് ഡിമാന്റ് ചർച്ച ചെയ്യാതെ പാസ്സാക്കേണ്ട സാഹചര്യമാണ് കഴിഞ്ഞ പ്രാവശ്യം ഈ അസംബ്ലിയിൽ ഉണ്ടായിരുന്നത്. എന്നാൽ, സമരം പരിഹാസ്യമായ രീതിയിൽ പിൻവലിക്കേണ്ടി വന്നു. മുഖ്യമന്ത്രി രാജിവച്ചതുമില്ല. ശ്രീ. എം. എ. ബേബി ഒഴികെയുള്ളവർ ഇന്ന് സഭയിൽ പങ്കെടുക്കുകയും സഭ നല്ല ചർച്ചയിലൂടെ മുന്നോട്ട് പോകുകയും ചെയ്യുകയാണ്. കാര്യങ്ങൾ അറിഞ്ഞ് സമരം അവസാനിപ്പിച്ച പ്രതിപക്ഷത്തെയും സഭയുമായി സഹകരിക്കുന്ന മുഴുവൻ അംഗങ്ങളെയും പ്രത്യേകം നന്ദിയോടുകൂടി ഈ സമയം ഓർക്കുകയാണ്. ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് പ്രതീക്ഷിച്ചപോലെ മുന്നേറാനായില്ല. പ്രതീക്ഷിക്കാത്ത തോൽവിയാണ് തെരഞ്ഞെടുപ്പിലുണ്ടായത്. ഞങ്ങൾ തെറ്റുകൾ തിരുത്തി മടങ്ങി വരാനുള്ള തയ്യാറെടുപ്പിലാണ്. ഞങ്ങൾ ഇതിനുമുൻപും തോറ്റിട്ടുണ്ട്. ഞങ്ങളുടെ നേതാവ് ഇന്ദിരാഗാന്ധി ഒരു തെരഞ്ഞെടുപ്പിൽ തോൽക്കുകയുണ്ടായി. അന്നൊക്കെ ഞങ്ങൾ തെറ്റുകൾ തിരുത്തി ജനപക്ഷത്തോടൊപ്പം നിന്ന് തിരിച്ചുവരികയാണുണ്ടായത്.

പക്ഷെ എൽ.ഡി.എഫ്-ന്റെ കാര്യമെടുത്താൽ എങ്ങനെയാണ്? പശ്ചിമ ബംഗാളിലെ വൻ പരാജയത്തിനുശേഷം നിങ്ങൾക്ക് ഏതെങ്കിലും തെരഞ്ഞെടുപ്പിൽ തിരിച്ചുവരാൻ സാധിച്ചോ? അതുപോലെതന്നെ കേരളത്തിലെ സ്ഥിതി എടുത്തുനോക്കിയാൽ എറണാകുളം, ആലപ്പുഴ, കണ്ണൂർ ഉപതെരഞ്ഞെടുപ്പുകൾ, പഞ്ചായത്ത് തെരഞ്ഞെടുപ്പ്, പാർലമെന്റ് തെരഞ്ഞെടുപ്പ്,

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം അസംബ്ലി തെരഞ്ഞെടുപ്പ്, നെയ്യാറ്റിൻകര, പിറവം ഉപതെരഞ്ഞെടുപ്പുകൾ, അതിനുശേഷം വീണ്ടും പാർലമെന്റ് തെരഞ്ഞെടുപ്പ്. ഈ തെരഞ്ഞെടുപ്പുകളിലൊന്നിലും നിങ്ങൾക്ക് തിരിച്ചുവരാൻ കഴിഞ്ഞിട്ടില്ല. ഒരു പുനർ വിചിന്തനം നടത്തേണ്ട രാഷ്ട്രീയ സാഹചര്യമാണ് നിങ്ങൾക്കുള്ളത്. ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുമ്പോഴെല്ലാം എൽ.ഡി.എഫ്.-ന്റെ അവകാശവാദം മൂന്നാം മുന്നണി എന്നുള്ളതായിരുന്നു. മൂന്നാംമുന്നണി എന്ന് പറയുന്നത് ബി.ജെ.പി.-യെയും കോൺഗ്രസ്സിനെയും മാറ്റി നിർത്തി ഈ രണ്ട് സംവിധാനങ്ങളുമില്ലാതെ ഒരു ഗവൺമെന്റ് അധികാരത്തിൽ വരും എന്നുള്ളതാണ് എന്ന് ശ്രീ. പ്രകാശ് കാരാട്ട് അടക്കം ഇവിടെ പറഞ്ഞുകൊണ്ടിരുന്നു. ഇന്ത്യയിലെ ജനങ്ങൾ അത് വെറും തമാശയായിട്ടാണ് കണ്ടിരുന്നത്. ഒരു ചൊല്ലുണ്ട് 'ഊമൻ പ്രസംഗിക്കും പൊട്ടൻ കേൾക്കും' അതുപോലെയാണ് മൂന്നാം മുന്നണിയെപ്പറ്റി എന്ന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇന്ത്യയിൽ പറഞ്ഞു നടന്നിരുന്നത്. ഇപ്പോൾ ഇടതുപക്ഷത്തിന് കിട്ടിയ എട്ടു സീറ്റും പലരുടേയും ഔദാര്യം കൊണ്ടു കിട്ടിയതാണ്. അല്ലാതെ ഇവരുടെ ശക്തി കൊണ്ട് കേരളത്തിൽ കിട്ടിയതല്ല. കണ്ണൂർ-കാസർഗോഡ് സീറ്റുകളിൽ നിങ്ങൾ എങ്ങനെയാണ് വിജയിച്ചത്? കള്ളവോട്ട് സംസ്കാരത്തിന്റെ ബലത്തിൽ ഈ രണ്ടു നിയോജക മണ്ഡലത്തിലും ഇക്കാലമത്രയും സി.പി.ഐ (എം)-ന് ജയിക്കുവാൻ കഴിഞ്ഞു. ഒരു കാലത്ത് എ.കെ.ജി., ഇ.എം.എസ്, നായനാർ ഇവരെയൊക്കെ മുന്നിൽ നിർത്തിയായിരുന്നു തെരഞ്ഞെടുപ്പിൽ പ്രചരണങ്ങൾ നടത്തിയിരുന്നത്. ഇവരൊക്കെ വരുമ്പോൾ വൻ ജനാവലിയുണ്ടാകുമായിരുന്നു. അവരെ മുന്നിൽ നിർത്തി നിങ്ങൾ വോട്ടു ചോദിച്ചു. പക്ഷെ ഇന്നിപ്പോൾ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ സിനിമാ നടിമാരെയും നടന്മാരെയും മിമിക്രിക്കാരെയുമെല്ലാം രംഗത്തിറക്കി തെരഞ്ഞെടുപ്പിൽ ആൾക്കൂട്ടമുണ്ടാക്കാനും വോട്ട് പിടിക്കാനുമുള്ള സാഹചര്യത്തിലേക്ക് സി.പി.ഐ (എം) എത്തി നിൽക്കുകയല്ലേ? ഇരുപത് സീറ്റിൽ യു.ഡി.എഫ്. മത്സരിച്ചത് പാർട്ടിയുടെയും മുന്നണിയുടെയും ലേബലിൽ അവരവരുടെ ഔദ്യോഗിക ചിഹ്നത്തിലായിരുന്നു. ആറ് സീറ്റിൽ എൽ.ഡി.എഫ് മത്സരിച്ചല്ലോ. അവർ മത്സരിച്ചത് കുടത്തിലും കലത്തിലും കറിച്ചട്ടിയിലുമായിരുന്നു. ഇടുക്കിയിലാണെങ്കിൽ 'എമ്പ്രാന്റെ വിളക്കത്ത് വാര്യന്റെ അത്താഴം' എന്ന് പറഞ്ഞ സ്ഥിതിയായിരുന്നു. ഗാഡ്ഗിലിന്റെയും കസ്തൂരി രംഗന്റെയും വിളക്കത്തിരുന്ന് സി.പി.ഐ (എം) അത്താഴം കഴിച്ചത് നമ്മൾ കണ്ടു. കഴിഞ്ഞ ദിവസം ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. എളമരം കരീമിന്റെയും പ്രസംഗം ഇവിടെ കേൾക്കുകയുണ്ടായി. ശ്രീ. കോടിയേരി ബാലകൃഷ്ണനാണെങ്കിൽ കേരളത്തിൽ നടക്കുന്ന കൊലപാതകങ്ങളുടേയും അക്രമങ്ങളുടേയും പോലീസ് തേർവാഴ്ചയുടെയും കഥകളാണ് ഓരോന്നോരോന്നായി വിവരിച്ചത്. പാർട്ടിക്കാരെ കള്ളക്കേസിൽ കുടുക്കുന്നതിനെക്കുറിച്ചായിരുന്നു ശ്രീ. എളമരം കരീമിന്റെ പ്രസംഗവും ധാർമ്മിക രോഷവും. ഇടക്കാലത്ത് ഒരു കേസ് വാദിക്കുവാൻ വേണ്ടി ജനങ്ങളുടെയും മാധ്യമങ്ങളുടെയും മുമ്പിൽ സി.പി.ഐ. (എം) ഇറക്കിയത് ശ്രീ. എളമരം കരീമിനെയായിരുന്നു. ശ്രീ. എളമരം കരീം എല്ലാ ദിവസവും മാധ്യമപ്രവർത്തകരുടെ മുന്നിൽ വന്ന് പറയും, ഈ കേസുമായി



LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് എന്താണ് ബന്ധം? ഞങ്ങൾക്കൊരു ബന്ധവുമില്ല, ചോദ്യവും ഉത്തരവും അദ്ദേഹം തന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്. സി.പി.ഐ.(എം)-നെ മനപ്പൂർവ്വം നശിപ്പിക്കാൻവേണ്ടി പോലീസ് എടുത്ത കള്ളക്കേസ്സാണെന്നാണ് അന്ന് അദ്ദേഹം എല്ലാ മീഡിയകളോടും പറഞ്ഞുകൊണ്ടിരുന്നത്. വെള്ളിയാഴ്ച ഉച്ചയ്ക്ക് ജുമാ നമസ്കാരത്തിനായി മുസ്ലീം സഹോദരങ്ങൾ പള്ളിയിലേക്ക് പോകുമ്പോൾ കിർമാണി മനോജിനെയും കൊടി സുനിയെയും കാണാൻ വേണ്ടി വിയ്യൂർ ജയിലിലേക്കാണ് ശ്രീ. എളമരം കരീം പോയത്. പാർട്ടിക്ക് ഒരു ബന്ധവുമില്ലാതെ ശിക്ഷിക്കപ്പെട്ട പ്രതികളെ ജയിലിൽ ഒരു കൊതുക് കടിച്ചെന്ന് അറിഞ്ഞാൽ ആ പ്രതികളെ ചൊറിഞ്ഞുകൊടുക്കാൻ വേണ്ടി പോളിറ്റ് ബ്യൂറോ മെമ്പർമാരും സി. സി. മെമ്പർമാരും ജയിലിന്റെ മുൻപിൽ ക്യൂ നിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കൂടുതൽ രാഷ്ട്രീയ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല.

ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സാറിനെ അഭിനന്ദിക്കുകയാണ്. കാരണം മഴ വേണ്ടത്ര ലഭിക്കാതിരുന്നിട്ടും ഡാമിൽ ആവശ്യത്തിന് നീരൊഴുക്ക് ഇല്ലാതിരുന്നിട്ടും മലയാളിയെ ഇരുട്ടിലേക്ക് തള്ളിവിടാതെ ക്രിയാത്മകമായ ഇടപെടൽ കൊണ്ട് വൈദ്യുതി വിതരണ രംഗം ആരോപണങ്ങളില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് സാർ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ആർ.എസ്.ബി.വൈ പദ്ധതിപ്രകാരം 30-9-2014-ന് മുൻപ് സാർവ്വത്രികമായ വൈദ്യുതീകരണം കേരളത്തിൽ നടപ്പിലാക്കി പൂർത്തീകരിക്കുവാൻ അങ്ങ് എടുക്കുന്ന നടപടികൾ സ്വാഗതാർഹമാണ്.

മലബാറിൽ, പാലക്കാടൊഴികെയുള്ള ജില്ലകളിൽ ഏകദേശം വൈദ്യുതീകരണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ഡിമാന്റ് ഏകദേശം 3800 മെഗാവാട്ടാണ്. എന്നാൽ ഇപ്പോൾ നമ്മുടെ ജലവൈദ്യുത പദ്ധതികളിൽനിന്നും കേവലം 1700 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉല്പാദിപ്പിക്കുന്നത്. കേന്ദ്രത്തിലെ, ജനറേഷൻ സെൻട്രൽ സ്കീമിൽ (സി.ജി.എസ്.) നിന്നും ഏകദേശം 1100 ഓളം മെഗാ വാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്. എന്നാൽ 900-ത്തോളം മെഗാവാട്ട് കുറവാണ് നമുക്ക് ഉല്പാദിപ്പിക്കാൻ കഴിയുന്നത്. കായംകുളം എൻ.ടി.പി.സി., ബ്രഹ്മപുരം ബി.എസ്.ഇ.എസ്., ബ്രഹ്മപുരത്തെ കെ.എസ്.ഇ.ബി.യുടെ ഡീസൽ പ്ലാന്റ് എന്നിവിടങ്ങളിൽനിന്നെല്ലാംകൂടി ഏകദേശം 400 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ലഭിക്കുന്നത്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന പവറിന് 13 രൂപ മുതൽ 16 രൂപ വരെ ഉൽപ്പാദനച്ചെലവ് വേണ്ടിവരുന്നു. ഇതുകൊണ്ടും തികയാതെ വരുമ്പോഴാണ് സ്വകാര്യമേഖലയിൽ നിന്നും അധിക വിലകൊടുത്ത് പവർ കൊണ്ടുവരാനുള്ള സംവിധാനം ഏർപ്പെടുത്തുന്നത്. എന്നാൽ ഇതുകൊണ്ടുവരാൻ കോറിഡോർ ലഭിക്കാതെ പോകുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ തടസ്സം. ഇതുമൂലം അങ്ങ് മുക്കാൽ മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി. ഇപ്പോൾ കേരളം ഒഴികെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ നാലും അഞ്ചും മണിക്കൂർ ലോഡ് ഷെഡ്ഡിംഗാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പക്ഷേ ഇത്രയും പ്രതിസന്ധിയും ബുദ്ധിമുട്ടും ഉണ്ടായിട്ടും അങ്ങ് ലോഡ് ഷെഡ്ഡിംഗ് മുക്കാൽ

LIBRARY ARCHIVES Kerala Legislative Assembly

മണിക്കൂർ ആയി പിടിച്ചുനിർത്തിയത് വലിയ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് പവർ ഹൈവേ പൂർത്തീകരിച്ചാൽ മാത്രമേ ഇതിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂ. ഇടമൺ-കൊച്ചിയിലെയും മൈസൂർ-അഴീക്കോടിലെയും 400 കെ.വി. ലൈൻ പൂർത്തിയാക്കാതെ ഇത് സഫലമാക്കാൻ കഴിയില്ല. ഇതിനായി ഇലക്ട്രിസിറ്റി ബോർഡും ഗവൺമെന്റും അടിയന്തര നടപടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുകയാണ്. ലൈനിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തുവാൻ ബോർഡ് പ്രത്യേകം ശ്രദ്ധിക്കണം. കാറ്റും ഇടിമിന്നലും വന്നാൽ പലസ്ഥലങ്ങളിലും ലൈൻ തകരാറിലാകുകയും ജനം ഇരുട്ടിലാകുകയും ചെയ്യുന്നു. ഇന്ത്യയിൽ കൂടുതൽ വനപ്രദേശവും ഗ്രീൻ കവറേജും ഉള്ള സംസ്ഥാനം കേരളമാണ്. അതുകൊണ്ട് പ്രധാന സ്ഥലങ്ങളിലെല്ലാം അണ്ടർഗ്രൗണ്ട് കേബിളിംഗ് നടത്തിയാൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയൂ. ഇക്കാര്യത്തിൽ ബോർഡ് മുൻകൈ എടുത്ത് ഒരു പ്രത്യേക പദ്ധതി രൂപീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇപ്പോൾ 43 പട്ടണങ്ങളിൽ ആർ.എ.പി.ഡി.ആർ.പി എന്ന പേരിൽ ഒരു പുതിയ പദ്ധതി നടക്കുന്നുണ്ടെങ്കിലും അതിൽ അണ്ടർ ഗ്രൗണ്ട് കേബിളിനുള്ള പ്രൊവിഷൻ ഇല്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് അണ്ടർ ഗ്രൗണ്ട് കേബിളിനുള്ള പ്രൊവിഷൻ വരുന്ന രീതിയിൽ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം കെ.എസ്.ഇ.ബി. ഗൗരവമായി ആലോചിക്കണം. വനപ്രദേശവും ഗ്രീൻ കവറേജും ഉള്ള സ്ഥലങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിൾ പദ്ധതി നടപ്പിലാക്കിയാൽ പ്രസരണനഷ്ടം ഉൾപ്പെടെയുള്ള വൈദ്യുതി ലാഭിക്കാൻ നമുക്ക് കഴിയും എന്നതാണ് ഏറ്റവും വലിയ നേട്ടം. ലൈനിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുവാൻ ബോർഡ് പ്രത്യേകം ശ്രദ്ധിക്കണം. 25000-ന് മുകളിൽ ഉപഭോക്താക്കളുള്ള പല സ്ഥലങ്ങളിലും പരാതികൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കുന്നതിനാവശ്യമായ ജീവനക്കാരില്ലാത്തതിനാൽ നിരവധി പ്രശ്നങ്ങളും പരാതികളും ഉണ്ടാകുന്നുണ്ട്. അങ്ങ് മന്ത്രിയായതിനുശേഷം നമ്മുടെ സംസ്ഥാനത്ത് പുതിയതായി സെക്ഷൻ ഓഫീസുകൾ സ്ഥാപിച്ച് കുറേ പ്രശ്നങ്ങൾ പരിഹരിച്ചുവെങ്കിലും നിരവധി സ്ഥലങ്ങളിൽ ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് കാര്യങ്ങൾകൂടി ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബ്രഹ്മപുരത്തെ ഡീസൽ പവർ പ്ലാന്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഡീസലിന് വിലവർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ പ്ലാന്റിൽ നിന്ന് ഡീസൽ ഉപയോഗിച്ച് പവർ ഉല്പാദിപ്പിക്കുന്നത് ചെലവേറിയ സംവിധാനമായി മാറുന്നു. ഇവിടെ എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ ഏകദേശം 400 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. കൊച്ചിൻ റിഫൈനറിയുടെ എൽ.എൻ.ജി. ലൈൻ ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റെ സമീപത്തുകൂടിയാണ് പോകുന്നത്. അതുകൊണ്ട് എൽ.എൻ.ജി. കൊണ്ടുവരുന്നതിന് പ്രത്യേക ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ആവശ്യമില്ലാത്തതിനാൽ അതുവഴി വളരെയധികം തുക നമുക്ക് ലാഭിക്കാൻ കഴിയും. ബ്രഹ്മപുരത്തെ എൽ.എൻ.ജി. ഉപയോഗിച്ച് പുതിയ പ്ലാന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറി കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് 20,000 കോടി രൂപയുടെ ഒരു പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. അതിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്ലാന്റിന്റെ പ്രവർത്തനമാരംഭിക്കുമ്പോൾ അവിടെനിന്ന് ഉല്പാദിപ്പിക്കുന്ന പെറ്റ്കോക്ക് എന്ന ബൈപ്രോഡക്ട് ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. കൊച്ചിൻ റിഫൈനറിയോട് ചേർന്നാണ് എഫ്.എ.സി.റ്റി. യുടെ 1600 ഓളം ഏക്കർ സ്ഥലം യാതൊരു ഉപയോഗവുമില്ലാതെ കിടക്കുന്നത്. അതിൽനിന്ന് കെ.എസ്.ഇ.ബി. 150 ഏക്കർ പാട്ടത്തിനോ അല്ലെങ്കിൽ വിലയ്ക്കോ വാങ്ങി അവിടെ ഒരു പുതിയ പ്ലാന്റ് സ്ഥാപിച്ചാൽ പെറ്റ്കോക്ക് ഉപയോഗിച്ച് 500 മെഗാവാട്ടിൽ കുറയാത്ത രീതിയിലുള്ള പവർ ഉല്പാദിപ്പിക്കാൻ കഴിയും. ഇപ്പോഴത്തെ സ്ഥിതി വച്ച് 2015-ഓടുകൂടി പെറ്റ്കോക്കിന്റെ പ്രൊഡക്ഷന് വേണ്ടിയുള്ള അസംസ്കൃത വസ്തു ലഭിക്കുകയും അതുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയാണെങ്കിൽ അതിന് ട്രാൻസ്പോർട്ട് ചാർജ്ജ് വരുന്നില്ല, തന്നെയുമല്ല ഒരു യൂണിറ്റ് വൈദ്യുതി ഏകദേശം 6 രൂപ മുടക്കിൽ ഉല്പാദിപ്പിക്കാനും കഴിയും. അതുകൊണ്ട് പെറ്റ്കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള യൂണിറ്റിന്റെ പ്രവർത്തനമാരംഭിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വനവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയക്കുറവുമൂലം കൂടുതൽ വിവരങ്ങളിലേക്ക് പോകുന്നില്ല. അടുത്ത കാലത്ത് വനവുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വരുന്ന വാർത്ത മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം കേരളത്തിലെ വനങ്ങളിൽ കാണുന്നുവെന്നുള്ളതാണ്. മാവോയിസ്റ്റുകൾ വനത്തിലുണ്ടെന്നും അവരെ ആദിവാസികൾ കണ്ടുവെന്നുമാണ് പറയുന്നത്. ഈ ആദിവാസികളോട് മാവോയിസ്റ്റുകൾ പ്രധാനമായും ആവശ്യപ്പെട്ടത് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കണമെന്നാണ്. മാവോയിസ്റ്റുകളുമായി ഏറ്റുമുട്ടി രക്തച്ചൊരിച്ചിലില്ലാതെ നമ്മുടെ വനത്തിൽനിന്നും അവരെ ഒഴിവാക്കാനുള്ള മാർഗ്ഗം വനം വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചിത്രം ആദിവാസികളുടെ കയ്യിൽ കൊടുത്തിട്ട് - ഇദ്ദേഹമാണ് ഇപ്പോൾ വനം വകുപ്പുമന്ത്രി-എന്ന് മാവോയിസ്റ്റുകളെ അറിയിക്കുക മാത്രമാണ് ചെയ്യേണ്ടത്. അങ്ങനെ കൊടുത്താൽ മാവോയിസ്റ്റുകൾ ഒന്നുകിൽ ആയുധം വച്ച് കീഴടങ്ങുകയോ അല്ലെങ്കിൽ കർണ്ണാടക വനത്തിലേക്ക് പോവുകയോ ചെയ്യും. കാരണം കീർമാണി മനോജിനേയും കൊടി സുനിയേയും വനത്തിൽ കയറി പിടിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് വനം വകുപ്പുമന്ത്രി എന്നറിയുമ്പോൾ തീർച്ചയായും മാവോയിസ്റ്റുകൾ വനത്തിൽ നിന്നും പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ]

ശ്രീ. കെ. രാജു: സർ, തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. വി. പി. സജീന്ദ്രൻ എന്താണ് ഉദ്ദേശിച്ചതെന്ന് എനിക്ക് മനസിലാകുന്നില്ല. അദ്ദേഹത്തിന്റെ നേതാവായ നമ്മുടെ വനം വകുപ്പുമന്ത്രിയുടെ ചിത്രം വനത്തിനുള്ളിൽ വിതരണം ചെയ്താൽ മാവോയിസ്റ്റുകളെല്ലാം ഓടിപ്പോകുമെന്നുള്ള ഒരു പുതിയ തത്വമാണ് ഇവിടെ അവതരിപ്പിച്ചത്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചിത്രം നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അച്ചടിച്ച് ഒട്ടിച്ചാൽ സാമൂഹ്യവിരുദ്ധൻമാരും കള്ളന്മാരും പീഡനക്കാരും ഒളിച്ചോടും. അതുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രൻ അദ്ദേഹത്തോട് ആവശ്യമായ നിർദ്ദേശം നൽകുകയും താങ്കളുടെ പാർട്ടിക്കാർ ഈ ചിത്രം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതും നന്നായിരിക്കും. ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇന്ത്യയിലൊട്ടാകെ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണെന്നതിനെ സംബന്ധിച്ച് ശ്രീ. വി. പി. സജീന്ദ്രൻ ഒന്നും മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ ധാരണ ഇപ്പോഴും രാഹുൽ ഗാന്ധി നേതാവും ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയുമായി തുടരുകയാണെന്നും പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് കോൺഗ്രസ്സിനാണ് ഏറ്റവും കൂടുതൽ സീറ്റ് കിട്ടിയതെന്നുമുള്ള മട്ടിലാണ് ഇവിടെ കാര്യങ്ങൾ പറഞ്ഞത്. ശ്രീ. സജീന്ദ്രന് എന്താണ് സംഭവിച്ചതെന്ന് എനിക്ക് പിടികിട്ടുന്നില്ല. അത് വിശദീകരിക്കാനൊന്നും എനിക്ക് സമയമില്ലാത്തതുകൊണ്ട് ഞാൻ കാര്യത്തിലേക്ക് കടക്കുകയാണ്.

മോട്ടോർ വാഹന വകുപ്പ് കൊള്ളക്കാരെപ്പോലെ കാര്യങ്ങൾ നിർവ്വഹിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തുന്നു. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് ശ്രദ്ധിക്കണം. ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുള്ള നികുതികൾ അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. മോട്ടോർ സൈക്കിളിന് 35 രൂപ ത്രൈമാസ നികുതി. അതിൽ വർദ്ധനവ് വരുത്തിയെന്നുമാത്രമല്ല 5 വർഷത്തേക്ക് 900 രൂപ ഒരുമിച്ച് അടയ്ക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. ഇതേ രീതിയിൽ ആട്ടോറിക്ഷക്കുണ്ടായിരുന്ന നികുതി പിൻവലിച്ചുവെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. സാധാരണ അംബാസിഡർ ടാക്സിക്ക് 1,040 രൂപ പ്രതിവർഷം നികുതി അടച്ചിരുന്ന സ്ഥാനത്ത് 1,400 രൂപയായി വർദ്ധിപ്പിച്ച് 5 വർഷത്തേയ്ക്കുള്ള നികുതി 7,000 രൂപ ഒരുമിച്ച് അടയ്ക്കണം. അംബാസിഡർ ടാക്സി ഓടിക്കുന്ന ടാക്സി ഡ്രൈവർമാരിൽ പലരും ഉപജീവനത്തിനാണ് കാർ ഉപയോഗിക്കുന്നത്. ഇവർ ഒന്നിച്ച് 7,000 രൂപ അടയ്ക്കണമെന്നുള്ള നിബന്ധന, സത്യത്തിൽ അവരുടെമേൽ ഇതിനേക്കാൾ വലിയ ഭാരം അടിച്ചേൽപ്പിക്കാനുണ്ടോ? ഇതിന്റെയൊക്കെ പരിണിതഫലമായി ജൂലൈ 1, 2 തീയതികളിൽ എല്ലാസംഘടനകളും ചേർന്നുകൊണ്ട് ചക്രസ്തംഭനസമരം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങയുടെ നേതൃത്വത്തിലുള്ള പാർട്ടിയുടെ സംഘടനയും ഉണ്ടെന്ന് തോന്നുന്നു. ഈ സന്ദർഭത്തിലെങ്കിലും അങ്ങ് ഇടപെട്ട് വമ്പിച്ച തോതിലുള്ള നികുതി ഒഴിവാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഒരുകാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ടൂറിസ്റ്റ് ബസുകൾക്ക് സീറ്റ് ഒന്നിന് 1,300 രൂപയായിരുന്നത് 8,400 രൂപയായി വർദ്ധിപ്പിച്ചു. ഈ വർദ്ധന അന്തർ-സംസ്ഥാന ടൂറിസ്റ്റ് ബസ്സുകൾക്കും ബാധകമായി. ഇതെല്ലാം യഥാർത്ഥത്തിൽ വൻകിട ടൂറിസ്റ്റ് ബസ്സുകളുടെ ഉടമകളിൽനിന്ന് എടുത്തുകൊടുക്കുന്നുവെന്നാണോ നമ്മുടെ ഗവൺമെന്റ് ധരിക്കുന്നത്? ഒരു സീറ്റിന് 8,400 രൂപയായി നികുതി വർദ്ധിപ്പിച്ചാൽ ടൂറിസത്തിന്റെ തകർച്ചയാണ് ഇതുമൂലം വന്നുഭവിക്കുന്നത്. ടൂറിസവുമായി ബന്ധപ്പെട്ട് യാത്ര ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകളുടെ കയ്യിൽ നിന്നായിരിക്കും ബസ്സുടമകൾ ഈ ഫീസ് ഈടാക്കുന്നത് എന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടോ? അങ്ങനെ ഒരു കൊള്ള നടത്തുന്ന സമീപനത്തിലേക്ക് മോട്ടോർ വാഹന നികുതി ഏർപ്പെടുത്തിക്കൊണ്ടുപോകുന്നത് ശരിയല്ല. അതിന് കർശനമായിട്ടുള്ള തടയിടണം.

വാഹനങ്ങളുടെ നികുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുവാൻ പാടുള്ളതല്ല എന്നാണ് അങ്ങയുടെ വകുപ്പിൽനിന്നും ഇറക്കിയിട്ടുള്ള ഒരു സർക്കുലറിൽ പറയുന്നത്. അങ്ങ് ലാ ഗ്രാഡ്യുവേറ്റ് അല്ലേ? ഇൻഷ്വറൻസ് വേണ്ട എന്നാണ് ഈ പറയുന്നതിന്റെ അർത്ഥം. വാഹനങ്ങളുടെ നികുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുവാൻ പാടില്ല എന്ന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം ഇറക്കിയ സർക്കുലറിൽ പറയുന്നു. എന്താണ് നമ്മൾ പഠിച്ചിട്ടുള്ളത്? ഇപ്പോൾ എന്താണ് നടക്കുന്നത്? വാഹനം റോഡിൽ ഇറക്കണമെങ്കിൽ ഇൻഷ്വറൻസ് എടുത്തതിനുശേഷം മാത്രമേ പാടുള്ളൂ എന്നുള്ളതാണ് വാഹന നിയമം. അതിന് വിരുദ്ധമായിട്ടുള്ള സർക്കുലർ അല്ലേ ഇറക്കിയിട്ടുള്ളത്? ഇതാണ് അങ്ങയുടെ വകുപ്പിൽ നടക്കുന്ന സംഗതികൾ.

വനമേഖലയിൽ താമസിക്കുന്ന ഒരാൾ എന്ന രീതിയിൽ അങ്ങ് കൈകാര്യം ചെയ്യുന്ന വനം വകുപ്പിനെക്കുറിച്ച് ചില കാര്യങ്ങൾകൂടി സൂചിപ്പിക്കട്ടെ. ഇവിടെ ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞുനിർത്തിയ ചില വിഷയത്തെ സംബന്ധിച്ച് അങ്ങ് ഒരു പരിശോധന നടത്തണം. നെല്ലിയാമ്പതിയിലെ കരുണാ പ്ലാന്റേഷൻ സ്വകാര്യ ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു കൊടുക്കാൻ വനം വകുപ്പിന്റെ അനുമതി ഉണ്ടായിട്ടുണ്ടോ? അങ്ങ് അതിനെ സംബന്ധിച്ച് വ്യക്തമായ ഉത്തരം നിയമസഭയിൽ പറയണം. നെന്മാറ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ, പേരൊന്നും പറയുന്നില്ല; പേര് പറയരുതെന്ന് സ്പീക്കർ നേരത്തേ ഇവിടെ റൂളിംഗ് നൽകി. നെന്മാറ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ നൽകിയ എൻ.ഒ.സി.-യുടെ കോപ്പി എന്റെ കൈവശമുണ്ട്. ഒരു ചോദ്യത്തിനുത്തരമായി അങ്ങയുടെ വകുപ്പുതന്നെ നൽകിയിട്ടുള്ളതാണ്. 314 ഹെക്ടർ സ്ഥലത്തിന് കരം സ്വീകരിക്കുന്നതിന് തടസ്സമില്ല എന്നാണ് നെന്മാറ ഫോറസ്റ്റ് ഡിവിഷൻ ഓഫീസറുടെ സി2/8521/12, തീയതി 28-4-2014 നമ്പർ കത്ത് പ്രകാരം ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചിരിക്കുന്നത്. വനം വകുപ്പിന് ആക്ഷേപമില്ല. ഇത്രയും ഹെക്ടർ സ്ഥലം ഇന്ന ആളിന്റേതാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന കമ്പനിയുടേതാണ്, ഇന്ന ആളിന് കൊടുക്കുന്നതിന് തടസ്സമല്ലായെന്ന് എഴുതി അറിയിച്ചിരിക്കുകയാണ്. വനം വകുപ്പ് സ്വീകരിച്ച നിലപാടിൽ ഒരു മാറ്റം കാണുന്നു. നേരത്തേ വനം വകുപ്പ് അത്തരം ഒരു നിലപാട് അല്ലല്ലോ സ്വീകരിച്ചിരുന്നത്. എന്തുകൊണ്ട് ആ നിലപാടിൽ മാറ്റം വന്നിരിക്കുന്നുവെന്ന് എക്സ്പ്ലെയിൻ ചെയ്യാനുള്ള ഉത്തരവാദിത്വം വനം വകുപ്പിനുണ്ട്; അതിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിക്കുമുണ്ട്. മന്ത്രിക്ക് ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് എന്തെങ്കിലും അഴിമതിയുണ്ട് എന്ന ഒരു ആരോപണവും ഞാൻ ഉന്നയിക്കുന്നില്ല. പക്ഷേ ഉദ്യോഗസ്ഥർ അടക്കം നടത്തിയിട്ടുള്ള ഗൂഢാലോചനയുടെ ഫലമായി ഹെക്ടർ കണക്കിന് സർക്കാരിന്റെ കൈവശമുള്ള വനഭൂമിയാണ് ഇന്നിപ്പോൾ സ്വകാര്യ വ്യക്തികൾക്ക് കരം അടയ്ക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തതെന്ന കാര്യത്തിൽ തർക്കമില്ല. അതാണ് അങ്ങയുടെ പാർട്ടിക്കാരനായ ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ സൂചിപ്പിച്ചത്. അങ്ങയുടെ മുന്നണിയിലെതന്നെ മറ്റൊരു എം.എൽ.എ. ആയിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാർ പരസ്യ പ്രസ്താവന നടത്തിയതെല്ലാം അതിനെക്കുറിച്ചാണ്. ഈ വിഷയത്തെക്കുറിച്ച് ഒരു സമഗ്രമായ അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറുണ്ടോ? ശ്രീ. പി. സി. ജോർജ് ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്തുവന്ന് ഇരിക്കുന്നതുതന്നെ ഇക്കാര്യം ചെവിയിൽ പറയാനാണ് എന്നത് ഇവിടെയുള്ള എല്ലാവർക്കും അറിയാം; അദ്ദേഹം എടുത്ത നിലപാടറിയാം. അതുപോലെതന്നെ നേരത്തേ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാർ എടുത്ത നിലപാടും ഈ സഭയിലെ അംഗങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ അങ്ങ് തയ്യാറാകണം എന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്.

വനംവകുപ്പുമായി ബന്ധപ്പെടുത്തി വനാതിർത്തിയിൽ കഴിയുന്ന പാവപ്പെട്ടവരായ കൃഷിക്കാരെക്കുറിച്ചാണ് എനിക്ക് കൂടുതലായി പറയാനുള്ളത്. വനമേഖലയിലെ ഒരു ജനപ്രതിനിധി എന്നുള്ള രീതിയിൽ മിക്കവാറും ദിവസങ്ങളിൽ എനിക്ക് ടെലിഫോൺ വരുന്നത് ആട്, കിടാരികൾ മുതലായ അവരുടെ വളർത്തുമൃഗങ്ങളെ പുലിയിറങ്ങി പിടിച്ചുകൊണ്ടുപോകുന്നു, ആന ഇറങ്ങി കൃഷികളെല്ലാം നശിപ്പിക്കുന്നു എന്നാണ്. ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ എന്നീ പഞ്ചായത്തുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാവുന്നതാണ്. ഇതിനൊരു പരിഹാരം വേണ്ടേ? ഞാൻ ഈ നിയമസഭയിൽ വന്നനാൾ മുതൽ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഇതുസംബന്ധിച്ച് യു.ഡി.എഫ്. ഗവൺമെന്റ് ഒരു ഉത്തരവിറക്കി. വന്യജീവിയെ, അതായത് പന്നിയെ വെടിവയ്ക്കുന്നതിന് അനുവാദം കൊടുക്കുന്നുവെന്ന ഒരു ഉത്തരവ് ഈ ഗവൺമെന്റ് ഇറക്കിയിട്ട് രണ്ടുവർഷം കഴിഞ്ഞു. ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, ആ ഉത്തരവിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ ഏതെങ്കിലും കൃഷിക്കാരൻ അല്ലെങ്കിൽ ഒരു വ്യക്തി ഈ ഉത്തരവിന്റെ ഗുണഫലം പറ്റിക്കൊണ്ട് ഏതെങ്കിലും വന്യജീവിയെ വെടിവച്ചിട്ടുണ്ടോ? അവരുടെ കൃഷിയിടം ആക്രമിച്ചാൽ വെടിവയ്ക്കാനുള്ള അനുവാദം കൊടുക്കുന്ന തരത്തിലുള്ള ഒരു ഉത്തരവ് ആണെന്നുള്ള നിലയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രചരിപ്പിക്കുന്നത്. വളരെ അപ്രായോഗികമായ ഒരുത്തരവാണ് എന്ന് ഞാൻ പറയാതെതന്നെ ബഹുമാനപ്പെട്ട ചെയറിലിരിക്കുന്ന അങ്ങേയ്ക്കും അറിയാമല്ലോ?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. രാജു: സർ, ശ്രീ. റ്റി. യു. കുരുവിള ഇവിടെ പലപ്രാവശ്യം പറഞ്ഞതാണ്. ഇതുവരെ ആ ഉത്തരവ് ഉപയോഗിക്കാൻ ആരും തയ്യാറായിട്ടില്ല, അത് സാധിക്കുകയുമില്ല. ആ ഉത്തരവിന് ഭേദഗതി വരുത്തണം. പ്രായോഗിക നിലയിലുള്ള ഭേദഗതി വരുത്താൻ തയ്യാറാകണം. നമ്മുടെ സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിറ്റി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം യഥാർത്ഥത്തിൽ ഏകോപിപ്പിക്കാൻ വേണ്ട നടപടികൾ നടക്കുന്നുണ്ടോ; റോഡ് സുരക്ഷാ ഫണ്ട് ഇനത്തിൽ എത്ര രൂപയാണ് റോഡ് സുരക്ഷാ അതോറിറ്റിക്ക് ഓരോ വർഷവും ലഭിക്കുന്നത്. സെസ്സ് ഇനത്തിലും കോമ്പൗണ്ടിംഗ് ഫീ ഇനത്തിലും ലഭിക്കുന്ന ഫണ്ട് വളരെ കൂടുതലാണ്, പക്ഷേ അതിന്റെ വിഹിതം യഥാർത്ഥത്തിൽ റോഡ് സുരക്ഷാ സംവിധാനത്തിനുവേണ്ടി അതോറിറ്റിക്ക് ലഭിക്കുന്നില്ല. വളരെ കുറച്ച് തുകമാത്രമേ ലഭിക്കുന്നുള്ളൂ. അതുകൊണ്ട് എന്താണ് പ്രശ്നം എന്ന് ചോദിച്ചാൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ടുള്ള ഏർപ്പാടുകൾക്ക് അതോറിറ്റിക്ക് കാര്യമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഗവൺമെന്റ് നല്കേണ്ട റോഡ് സുരക്ഷാ ഫണ്ട് വളരെ കുറച്ചു മാത്രമേ ലഭിക്കുന്നുള്ളൂ. 84 കോടിരൂപ വരുമാനമുള്ളിടത്ത് 15 കോടിരൂപയാണ് റോഡ് സുരക്ഷാ ഫണ്ടിനുവേണ്ടി കൈമാറ്റം ചെയ്തിട്ടുള്ളത്. ബാക്കി സർക്കാരിന്റെ കയ്യിലിരിക്കുകയാണ്.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മാണിസാർ രാവിലെ സഭയിൽ ഉണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹം പോയെങ്കിലും മറ്റുമന്ത്രിമാരുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. എം.എൽ.എ. മാർക്ക് നിശ്ചയിച്ചിട്ടുള്ള അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ടുകൊണ്ട് 3-6-2014-ൽ ഒരു സർക്കുലർ ഇറങ്ങിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട ചെയറും ബഹുമാനപ്പെട്ട മന്ത്രിമാരും അതുപോലെ എല്ലാ എം.എൽ.എ.മാരും ഒന്ന് പരിശോധിക്കണം. അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് വരുന്ന തുക...

മി. ചെയർമാൻ: ഇന്നത്തെ ചർച്ച അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് വരുന്ന കാര്യമല്ല.

ശ്രീ. കെ. രാജു: സർ, അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് വരുന്ന തുക അനുവദിച്ച് നൽകുന്നതിനാവശ്യമായ ഫണ്ട് ഇല്ലെങ്കിൽ അത് നേരെ അങ്ങ് പറഞ്ഞാൽ പോരേ; ഇവിടെ അത് നടക്കരുത് എന്നുള്ള ഒരുദ്ദേശ്യത്തോടുകൂടി ഇത്തരം ഒരു സർക്കുലർ ഇറക്കുന്നത് ശരിയാണോ?

മി. ചെയർമാൻ: നേരത്തേ ക്ലിയർ ചെയ്തതാണ്. ഇന്നത്തെ ചർച്ചയുമായി ബന്ധപ്പെട്ട് വരുന്നതല്ല. അങ്ങ് കൺക്ലൂഡ് ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു: സർ, ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഇത് എല്ലാവരെയും ബാധിക്കുന്ന വിഷയമാണ്.

മി. ചെയർമാൻ: പ്ലീസ്...അങ്ങ് കൺക്ലൂഡ് ചെയ്യണം..

ശ്രീ. കെ. രാജു: സർ, അങ്ങ് തന്നെ ഈ വിഷയത്തിലിടപെടണം. ഈ സർക്കുലർ അടിയന്തരമായി ഭേദഗതി ചെയ്യുന്നില്ലെങ്കിൽ അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതി വരും. എൽ.എസ്.ജി.ഡി. യിലെ എഞ്ചിനീയർമാർക്ക് മാത്രമാണ് ഇത് വിനിയോഗിക്കാനുള്ള അധികാരം കൊടുക്കുന്നത്. വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റ്, പി.ഡബ്ല്യു.ഡി.യോ മറ്റോ ഈ ഫണ്ട് വിനിയോഗിക്കണമെങ്കിൽ പഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കി, ആ റെസല്യൂഷന്റെ അടിസ്ഥാനത്തിൽ പുതിയ സ്പെഷ്യൽ ഓർഡർ വാങ്ങി ചെയ്യണം എന്ന് കാണിക്കുന്നതാണ് ഈ സർക്കുലർ. ഇത് അടിയന്തരമായി പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇവിടെയുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ ബഹുമാനപ്പെട്ട മാണി സാറുമായി ആലോചിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ 4 ധനാഭ്യർത്ഥനകളെയും പിൻതാങ്ങുകയാണ്. "ആരാകിലെന്ത് മിഴിയുള്ളവർ നോക്കിനിൽക്കാം" എന്ന കവിവാക്യം പോലെയായിരുന്നു കഴിഞ്ഞ മൂന്ന് വർഷക്കാലം കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ട് പോയത്. ആ വികസന പ്രവർത്തനങ്ങളെക്കുറിച്ചെല്ലാം പറയുന്നതിന് ആകെ നാല് വകുപ്പുകളും നാല് മിനിട്ടും മാത്രം ബാക്കിയുള്ളപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം വനത്തിലോട്ട് കയറാനോ വൈദ്യുത കമ്പിയിൽ പിടിക്കാനോ ഉള്ള യാതൊരു മാർഗ്ഗവും ഇല്ലാത്ത അവസ്ഥയിലാണ്. അതുകൊണ്ട് അങ്ങയുടെ വലിയൊരു ആനുകൂല്യം മാത്രമേ ഒന്ന് രണ്ട് കാര്യങ്ങൾ പറയുന്നതിന് എനിക്ക് മുമ്പിലുള്ളൂവെന്ന് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: യേസ്...... യേസ്.......

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് കാക്കിയുമായിട്ടുള്ള പ്രണയം വളരെ കൂടുതൽ ആണെന്ന് തോന്നുന്നു. അദ്ദേഹം വകുപ്പുമാറിയാലും കാക്കിയോടുള്ള പ്രണയം വിട്ടുമാറുന്നില്ല എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഏതായാലും കാക്കി - കാട്ടിലെ കാക്കിയാണെങ്കിലും നാട്ടിലെ കാക്കിയാണെങ്കിലും തന്നെ ഏൽപ്പിക്കുന്ന കാര്യങ്ങൾ വളരെ ഭംഗിയായും കാര്യക്ഷമമായും മുമ്പോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞ കാലഘട്ടങ്ങളിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. നമ്മുടെ വനത്തെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് ഏറെ സംസാരിക്കുവാനുള്ള വിഷയമാണെങ്കിൽപ്പോലും ഒന്ന്, രണ്ട് കാര്യങ്ങൾ മാത്രമാണ് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. ഫലപ്രദമായ വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി നമ്മുടെ വന്യമൃഗങ്ങളുടെ എണ്ണം



LIBRARY ARCHIVES Kerala Legislative Assembly

ക്രമാതീതമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. 112 കടുവകളും ആറായിരത്തിലധികം ആനകളും ഉള്ളതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുപോലെതന്നെ ഒരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ നാട്ടാനകളുടെ എണ്ണം കഴിഞ്ഞ മൂന്ന് വർഷക്കാലമായി കുറഞ്ഞു വരുന്നു എന്നുള്ളതാണ്. 700-ൽപ്പരം നാട്ടാനകൾ ഉണ്ടായിരുന്നത് 300-ഓളമായി കുറഞ്ഞുവരുന്ന ഒരു അവസ്ഥയുണ്ട്. അടുത്തകാലത്തായി കാണുന്ന വലിയൊരു പ്രത്യേകത, മഴക്കാലത്ത് ഇടിമിന്നലേറ്റ് നാട്ടാനകൾ ചരിയുന്ന സാഹചര്യം. ഇത് വളരെ ഗൗരവമായിത്തന്നെ കാണേണ്ട ഒരു വിഷയമാണ്. പ്രത്യേകിച്ച് ഇരുമ്പ് ചങ്ങലകൾ ആനകളുടെ ജീവന് വലിയ ഭീഷണിയായി മാറുന്ന ഒരു സാഹചര്യമുണ്ട്. അതിന് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. അതോടൊപ്പംതന്നെ നാട്ടാനകളുടെ പരിചരണവുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് പറയുമ്പോൾ, അതിലൊരു പ്രധാനപ്പെട്ട വിഷയം, സത്യത്തിൽ ഇന്ന് നാട്ടാനകളുടെ പരിശീലകന്മാരായുള്ള ആനപ്പാപ്പാൻമാർക്ക് യാതൊരു പരിശീലനവും ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഒന്നോ രണ്ടോ ദിവസം മാത്രം കൊടുക്കുന്ന ട്രെയിനിംഗിന്റെ അടിസ്ഥാനത്തിൽ ഒരു വന്യമൃഗമായ ആനയെ കൊണ്ടു നടക്കുക എന്നു പറയുന്നത് ആനയുടെ ജീവന് മാത്രമല്ല, ആനക്കാരന്റെയും ജീവന് ഭീഷണിയാകുന്ന സാഹചര്യം ഉണ്ട്. അങ്ങേയ്ക്കറിയാം, ആയുർവ്വേദത്തിൽ ആനയെ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേകമായ ചില നിബന്ധനകൾ സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് വനം വകുപ്പിന്റെ നേതൃത്വത്തിൽ ആനപ്പാപ്പാൻമാരെ പരിശീലിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു ട്രെയിനിംഗ് സ്കൂൾ ആരംഭിക്കണമെന്നുള്ളതാണ് എനിക്ക് പ്രധാനമായും സൂചിപ്പിക്കാനുള്ളത്. മാത്രമല്ല, ആന വളരെ സത്യമുള്ള ഒരു ജീവിയാണ്. മുന്നറിയിപ്പില്ലാതെ അത് ആരെയും ഉപദ്രവിക്കാറില്ല. പക്ഷെ ആനയുടെ മർമ്മങ്ങൾ അറിയാൻ വയ്യാത്ത ആളുകൾ ആനയുമായി ഇടപെടുമ്പോഴാണ് ആന പലപ്പോഴും അതിന്റെ വന്യ സ്വഭാവം കാണിക്കാറുള്ളത്. ആന അതിന്റെ പാപ്പാനെന്ന് പറയുന്ന ചട്ടക്കാരനെ തിരിച്ചറിയുന്നത് അതിന്റെ ഗന്ധംകൊണ്ടും ശബ്ദംകൊണ്ടുമാണ്. ഒരു ആനയ്ക്ക് അതിന്റെ ചട്ടക്കാരന്റെ ഗന്ധം അഞ്ച് വർഷംവരെ തിരിച്ചറിയാൻ കഴിയുമെന്നാണ് ആനയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ പലപ്പോഴും ഓർക്കാറുള്ള ഒരു കാര്യമുണ്ട്, ഈ നിയമസഭകളും പാർലമെന്റുമൊക്കെ അതിന്റെ കാലാവധി അഞ്ച് വർഷമായി പരിമിതപ്പെടുത്തിയതിന്റെ പിന്നിൽ ഇതായിരിക്കും കാര്യമെന്ന്. കാരണം, ആളുകളുമായുള്ള ഗന്ധം അഞ്ച് വർഷം വരെയാണ് സാധാരണ ഗതിയിൽ നിലനിൽക്കാൻ സാദ്ധ്യതയുള്ളത് എന്നതുകൊണ്ടായിരിക്കാം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, മാതംഗലീല എന്ന് പറയുന്ന ആനശാസ്ത്രം ഉണ്ട്. വളരെയേറെ ശ്ലോകങ്ങളുണ്ട് മാതംഗലീലയിൽ. അങ്ങനെയാണെങ്കിൽ അഞ്ചുവർഷം ഗന്ധത്തിന്റെ അടിസ്ഥാനത്തിൽ ആനക്കാരനെ ആന ഉപദ്രവിക്കില്ല. ആനക്കറിയാം, മർമ്മമറിയാം. അതിന്റെ പേരിലാണ് നമ്മുടെ നിയമസഭയൊക്കെ ഇങ്ങനെ ആയതെങ്കിൽ അഞ്ച് കൊല്ലം കഴിഞ്ഞ് വീണ്ടും എം.എൽ.എ. ആകുന്നവർ ആനയുടെ ഗന്ധം നിലനിർത്തുന്നവ

LIBRARY ARCHIVES Kerala Legislative Assembly

രാണോ എന്നെനിക്ക് സംശയമുണ്ട്. അപ്പോൾ ഈ തോൽക്കുന്നവരോ; തോൽക്കുന്നവർ ആനഗന്ധം ഇല്ലാത്തവരാണോ? ഗന്ധമില്ലാത്തവർ തോൽക്കുകയും ഗന്ധമുള്ളവർ ജയിക്കുകയും ചെയ്യുകയാണോ കേരളത്തിൽ? അതുകൂടി അങ്ങ് പറയേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ആനകളെ സംബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥങ്ങളിലൊന്നാണ് മാതംഗലീല. ഹസ്തായുർവ്വേദമെന്ന് പറയുന്ന വളരെ പ്രശസ്തമായ, ഏതാണ്ട് പന്തീരായിരത്തോളം ശ്ലോകങ്ങളുള്ള ആനശാസ്ത്രം തന്നെയുണ്ട്. അതിൽനിന്നാണ് ഇതൊക്കെ ഡെവലപ് ചെയ്തത്. ഏതായാലും ആനയും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങൾക്ക് ചരിത്രാതീത കാലംതൊട്ടുള്ള വലിയൊരു ബന്ധമാണുള്ളത്. അതുകൊണ്ട് തീർച്ചയായും ജനാധിപത്യക്രമത്തിലും ഇത്തരം കാര്യങ്ങൾ കടന്നുകൂടിയതാകാം. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, കാട്ടിലുള്ള ഏറ്റവും മിടുക്കരായ ആനകളെയാണ് നാട്ടിലേക്ക് പിടിച്ചുകൊണ്ടുവരുന്നത്. ഗുരുവായൂർ കേശവൻ, ഗുരുവായൂർ പത്മനാഭൻ എന്നൊക്കെ പറയുന്ന കേരളത്തിലെ ഏറെ തലയെടുപ്പുള്ള ആനകൾ കാട്ടിൽ നിന്ന് പോന്നു കഴിഞ്ഞാൽപ്പിന്നെ ശേഷിക്കുന്നതിൽ ആ തലമുറയിൽപ്പെട്ടവരില്ല. ഏതാണ്ട് ആറായിരത്തിൽപ്പരം ആനകൾ നമ്മുടെ കാട്ടിലുണ്ടെങ്കിലും അതിൽ പകുതിയും മോഴകളും പിടിയാനകളും ആണ്. വളരെ മിടുക്കരായ ആനകളുടെ എണ്ണം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. അടുത്തകാലത്തുള്ള ഒരു പഠന റിപ്പോർട്ടിൽ 2050-ൽ ഏഷ്യൻ എലിഫെന്റ്സ് ഇല്ലാതായിത്തീരുമെന്ന് സൂചിപ്പിക്കുന്നു. സഹ്യപർവ്വതത്തിലെ വളരെ പ്രധാനപ്പെട്ട നമ്മുടെ ജീൻ പൂളിൽ നിന്ന് ആനകളെ പിടിച്ചുകൊണ്ടുവരുമ്പോൾ അതിന്റെ സ്പേം കളക്ട് ചെയ്ത് വളരെ മിടുക്കരായ ആനകളുടെ ഒരു പുതിയ തലമുറ സൃഷ്ടിക്കാൻ വേണ്ടിയുള്ള ശ്രമം ഉണ്ടായില്ലെങ്കിൽ 2050-ൽ കേരളത്തിലെ ഏറ്റവും സുന്ദരന്മാരായ ആനകളുടെ വംശം അറ്റുപോകുമെന്നുള്ള ഒരു വലിയ ഗൗരവമായ വിഷയം തീർച്ചയായും പരിഗണിക്കണമെന്നുകൂടി ഈയവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ കുട്ടികൾക്കിടയിലെ പക്ഷി നിരീക്ഷണമാണ്. അതൊരു നല്ല പ്രവർത്തനമായി അങ്ങയുടെ വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. സലിം അലിയെപ്പോലെയും സി. ആർ. നീലകണ്ഠനെപ്പോലെയുമൊക്കെ പക്ഷി നിരീക്ഷണരംഗത്ത് പ്രവർത്തിച്ചയാളുകളെ ഈ സന്ദർഭത്തിൽ ഓർക്കാതിരിക്കാൻ കഴിയില്ല. അതോടൊപ്പംതന്നെ ഇതുമായി ബന്ധപ്പെട്ട് ഒരു പ്രധാനപ്പെട്ട കാര്യം, കേരളത്തിലെ എല്ലാ ജില്ലകളിലും എല്ലാ പക്ഷികളും ഇല്ലായെന്നുള്ളതാണ്. കേരളത്തിന്റെതന്നെ സ്വന്തം പക്ഷിയായ മലമുഴക്കി വേഴാമ്പൽ, ഞാനും അങ്ങയും താമസിക്കുന്ന കോട്ടയം ജില്ലയിൽ ഇല്ലായെന്നുള്ളതാണ് വാസ്തവം. അപ്പോൾ കോട്ടയം ജില്ലയിലെ കുട്ടികൾക്ക് ഈ പക്ഷിയുടെ ചിത്രം കൊടുത്തുകഴിഞ്ഞാൽ ഒരിക്കലും അവർക്കതിനെ കാണാൻ കഴിയുകയില്ല. അതുകൊണ്ട് ഓരോ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിലുമുള്ള പ്രധാനപ്പെട്ട പക്ഷികൾ ഏതൊക്കെയാണ് എന്നത് ജില്ലകളുടെ അടിസ്ഥാനത്തിൽ അതിനെ വേർതിരിച്ച് കാണിച്ചുകൊടുക്കാൻ കഴിഞ്ഞാൽ അത് നല്ലയൊരു സംരംഭമായി മാറും. ബഹുമാനപ്പെട്ട റോഷി അഗസ്റ്റിന്റെ മണ്ഡലമായ ഇടുക്കിയിലും മറ്റുമുള്ള നീലഗിരി, വെള്ളക്കുഴി എന്നൊക്കെ പ്പറയുന്ന പ്രത്യേകതരം പക്ഷികൾ അവിടെ മാത്രമുള്ളതാണ്. ഇതെല്ലാംകൂടി പഠിപ്പിക്കാൻ പോകുന്നതിനേക്കാളേറെ കുട്ടികൾ നിരീക്ഷണം നടത്തുമ്പോൾ അവർക്ക് അവയെ കാണാൻ കഴിഞ്ഞില്ലെങ്കിൽപ്പിന്നെ ആ പ്രവർത്തനം കൊണ്ട് വലിയ പ്രയോജനമില്ല. അതോടൊപ്പംതന്നെയാണ് അങ്ങാടിക്കുരുവി കളുടെ കാര്യം, അവയെക്കുറിച്ച് കഴിഞ്ഞ ദിവസം വളരെ വിശദമായി പത്രങ്ങളിൽ വന്നതാണ്. അതിനുവേണ്ടിയുള്ള വലിയ സംരക്ഷണമുണ്ട്. എന്നാലും എനിക്ക് സൂചിപ്പിക്കാനുള്ള ഒരുകാര്യം, നമ്മുടെ നാട്ടിൻ പുറങ്ങളിൽ ഒരുകാലത്ത് ഉണ്ടായിരുന്ന അങ്ങാടിക്കുരുവികളെ സംരക്ഷിക്കാൻ ത്രിതല പഞ്ചായത്തുകളെയൊക്കെ കൂട്ടിച്ചേർത്തുകൊണ്ടുള്ള ജനകീയമായ ഒരു കൂട്ടായ്മ, വളരെ ഗൗരവ മായ ഒരു ഇടപെടൽ ഇക്കാര്യത്തിലുണ്ടാവണം.

അതുപോലെതന്നെയാണ് പാതിരാമണൽ. ഇത് റവന്യൂ വകുപ്പിന്റെ യാണോ അതോ വനം വകുപ്പിന്റെയാണോ എന്നുപോലും അറിയുകയില്ല. അത് ആരുടേതാണെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. പക്ഷെ ഒരു കാര്യമുണ്ട്. ലോകത്തിലെ ഒൻപത് റാംസർസൈറ്റുകളിൽ ഒന്നാണ് പാതിരാമണലെന്നുള്ള കാര്യം വളരെ ശ്രദ്ധേയമാണ്.

മി. ചെയർമാൻ: ഡോ. എൻ. ജയരാജ്, അങ്ങ് നാല് മിനിട്ട് കൂടുതൽ എടുത്തുകഴിഞ്ഞു.

ഡോ. എൻ. ജയരാജ്: സർ, ഒരു മിനിട്ടുകൂടി. കടലും കായലും ചതുപ്പുമെല്ലാം ഒത്തുചേരുന്ന അപൂർവ്വമായ ഒരു വലിയ ബയോഡൈവേഴ്സിറ്റി പ്രദേശമാണ് പാതിരാമണൽ. വനംവകുപ്പ് ആ സ്ഥലം ഏറ്റെടുക്കണം. ഇന്നവിടം സാമൂഹ്യവിരുദ്ധന്മാരുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ സമയമില്ല. അതുകൊണ്ട് അത് വനം വകുപ്പ് ഏറ്റെടുത്ത് ഇൻഡ്യയിലെതന്നെ ഒരു റാംസർ സൈറ്റായ, ലോകത്തിലെതന്നെ അപൂർവ്വമായ പാതിരാമണൽ പ്രദേശം സംരക്ഷിക്കണ മെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിലെ 140 കിലോമീറ്ററിനുമുകളിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസുകൾ ഇന്ന് കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് സർവ്വീസ് നടത്താൻ തീരുമാനമെടുത്തിട്ടുള്ളതായി അറിയുന്നു. ഏതാണ്ട് നൂറോളം ബസുകൾ ഇപ്പോൾത്തന്നെ സർവ്വീസ് നിർത്തിക്കഴിഞ്ഞു. ഇതുമൂലം കേരളത്തിലെ ഉൾപ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നിന്നുപോകുകയും വളരെയധികം നഷ്ടത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കു കയുമാണ്. കെ.എസ്.ആർ.ടി.സി.ക്ക് ആ ഭാഗത്തെ യാത്രാക്ലേശം പരിഹരിക്കാൻ പറ്റാതെവരികയും യാത്രക്കാർ ദുരിതത്തിലാവുകയും ചെയ്യുന്ന സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തരമായി ഇക്കാര്യത്തിൽ നടപടിയുണ്ടാവണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 9-5-2006 വരെ പെർമിറ്റ് ലഭിച്ചിട്ടുള്ള സ്വകാര്യ ബസുകൾ നിലനിർത്തുന്നതിനുവേണ്ടി 2006-ൽ ഇറക്കിയിട്ടുള്ള ഒരു നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നു. പക്ഷെ, മറ്റൊരു ഗവൺമെന്റ് വന്നപ്പോൾ ആ ഉത്തരവ് പിൻവലിക്കുകയാണുണ്ടായത്. ഇന്ന് കോടതിയുടെ മുന്നിൽ ഈ വിഷയം ഉണ്ടെങ്കിൽപ്പോലും ബഹുമാനപ്പെട്ട സിംഗിൾ ബഞ്ചിന്റെ വിധിയനുസരിച്ച് ഗവൺമെന്റിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്നാണ്. പ്രത്യേകിച്ച് ഉൾനാടൻ ഗതാഗതത്തിന് യാത്രക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ തീരുമാനം പുനഃപരിശോധിച്ചുകൊണ്ട് 2006-ലെ ഉത്തരവ് വീണ്ടും പുനഃസ്ഥാപിക്കാൻ അങ്ങ് നടപടിയെടുക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രവർത്തനങ്ങളെ ഒരിക്കൽക്കൂടി ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ നിറുത്തുകയാണ്. ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി പിന്തുണയ്ക്കുന്നു. പരിണിത പ്രജ്ഞരായ, പ്രഗത്ഭമതികളായ

2.00 PM] രണ്ട് മന്ത്രിമാരുടെ വകുപ്പുകളിന്മേൽ നടക്കുന്ന ഈ ധനാഭ്യർത്ഥന ചർച്ചകളിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഒരുപാട് മാറ്റങ്ങൾ വനം വകുപ്പിനും അതുപോലെതന്നെ ഗതാഗത വകുപ്പിനുമൊക്കെ ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് എല്ലാവർക്കുമറിയാം. പക്ഷേ അതിനെയൊക്കെ തമസ്കരിച്ചുകൊണ്ടുള്ള പ്രസംഗങ്ങളാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുണ്ടായത്. ദൈവം നമുക്ക് വായ തന്നിട്ടുള്ളത് ഭക്ഷണം കഴിക്കാൻ വേണ്ടി മാത്രമല്ല. അതിൽനിന്ന് നല്ല ചില കാര്യങ്ങൾകൂടി പുറത്തു വരണമെന്നാണ് നാമെല്ലാവരും ആഗ്രഹിക്കുന്നത്. ഇങ്ങനെ സത്യങ്ങളെ തമസ്കരിച്ചുകൊണ്ട് അസത്യങ്ങൾമാത്രം പറയുന്നതിന് വായ ഉപയോഗിക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ ചില മെമ്പർമാരുടെ ധാരണ സഭയിൽ അസത്യം പറയുന്നതിനും കാന്റീനിൽ പോയി വടകഴിക്കാനും മാത്രമുള്ളതാണ് വായ എന്നാണ്. അത് തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

നഗര വനവൽക്കരണ പദ്ധതി നഗര പ്രദേശങ്ങളിലെ താപനം കുറയ്ക്കുന്നതിനും വായു മലിനീകരണം കുറയ്ക്കുന്നതിനും നഗരവാസികൾക്ക് തണൽ നൽകുന്നതിനും നഗരത്തിന്റെ ഹരിതഭംഗി കൂട്ടുന്നതിനും ആഗോള താപനത്തിന്റെ ദുഷ്യഫലങ്ങൾ കുറയ്ക്കുന്നതിനും വൃക്ഷങ്ങളിൽ നിന്നുള്ള ഇക്കോളജിക്കൽ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒരുപാട് സഹായിച്ചിട്ടുണ്ട്. മരങ്ങൾ നട്ടു പിടിപ്പിക്കുന്നതിന്റെ ആവശ്യകത, പരിസ്ഥിതി ബോധവൽക്കരണം, ആഗോള താപനം മൂലമുള്ള ദോഷഫലങ്ങൾ എന്നിവയെ പ്പറ്റി പൊതുജനങ്ങളിൽ, പ്രത്യേകിച്ച് നഗരവാസികളിൽ അവബോധം വളർത്തുന്നതിനും ശീലമാക്കുന്നതിനും സ്ഥിരം പദ്ധതികൾ വേണമെന്നതാണ്

എനിക്ക് മുമ്പോട്ടു വയ്ക്കാനുള്ള ഒരു നിർദ്ദേശം. അതുപോലെതന്നെ വൃക്ഷത്തൈകൾ എല്ലായിടങ്ങളിലും നടുവാനുള്ള ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

വന്യജീവികളാലുണ്ടാകുന്ന കൃഷി നാശത്തെക്കുറിച്ചാണ് ഈ സഭയിൽ പറയപ്പോഴും പല മെമ്പർമാരും പരിഭവപ്പെടാറുള്ളത്. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. വനം കയ്യേറ്റം തടയാനുള്ള പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ഒരു ഡി. എഫ്. ഒ. അനുവദിച്ചിട്ടുണ്ട്. കുറെ വർഷങ്ങളായി കാസർഗോഡ് ജില്ലയിലെ ആളുകളുടെ ആവശ്യമായിരുന്നു ഇത്. കാസർഗോഡ് ജില്ലയിലെ ആളുകൾ പലപ്പോഴും ഡി. എഫ്. ഒ. യുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കണ്ണൂർ ജില്ലയെ ആയിരുന്നു ആശ്രയിച്ചിരുന്നത്. ആ അവസ്ഥയ്ക്ക് അറുതിവരുത്തിക്കൊണ്ട് കാസർഗോഡ് ജില്ലയ്ക്ക് സ്വന്തമായി ഇപ്പോൾ ഒരു ഡി. എഫ്. ഒ. ഉണ്ടായിരിക്കുന്നു. അതിന്റെ പണി പൂർത്തിയായി. പ്രിയപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകളെ അതിന്റെ ഉത്ഘാടനത്തിനുവേണ്ടി കാസർഗോഡ് ജില്ലയിലെ ജനങ്ങൾ കാത്തിരിക്കുകയാണ്. ഡി.എഫ്.ഒ. കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതുപോലെതന്നെ 'എന്റെ മരം', 'നമ്മുടെ മരം' എന്നിങ്ങനെ വിവിധ സ്കീമുകൾക്ക് വൻ തുക നമ്മൾ ചെലവഴിക്കുന്നുണ്ട്. ആ പദ്ധതികൾ ലക്ഷ്യം നേടുന്നുണ്ടോഎന്ന് പിന്നീട് നമുക്കാർക്കും ചിന്തയില്ല. അതേക്കുറിച്ചുള്ള ഒരു പരിശോധന ആവശ്യമാണ്. അതുപോലെതന്നെ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ മറ്റു ജില്ലകളിൽ ഉള്ളതുപോലെ ഫോറസ്റ്റ് സ്റ്റേഷനുകൾ ഇല്ല. ആ കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രി കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, വനപ്രദേശത്തുകൂടി കടന്നുപോകുന്ന റോഡുകളുടെ ശോചനീയാവസ്ഥയാണ്. ആ റോഡുകൾ റിപ്പെയർ ചെയ്യുന്നതിന് വനം വകുപ്പിൽനിന്ന് മിക്കപ്പോഴും പെർമിഷൻ കിട്ടാറില്ല. അത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യമാണ്. ആ കാര്യം കൂടി നമ്മുടെ എല്ലാവരുടേയും സജീവ പരിഗണനയ്ക്ക് വിഷയമാകേണ്ടതാണ്. വനപ്രദേശത്തുകൂടി കടന്നുപോകുന്ന വൈദ്യുതി ലൈനുകളിൽ മരമോ മരത്തിന്റെ ശിഖരങ്ങളോ വീണാൽ അത് മുറിച്ചു മാറ്റാനുള്ള പെർമിഷൻ വനം വകുപ്പ് അധികൃതർ നൽകാറില്ല. അതുകൊണ്ടാണ് പലയിടങ്ങളിലും വൈദ്യുതി തടസ്സം നിരന്തരമായി അനുഭവപ്പെടാറുള്ളത്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരുടെയും അടിയന്തര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണിത്. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കിയാൽ മാത്രമേ കെ. എസ്. ആർ. ടി. സി-യെ ലാഭകരമായി കൊണ്ടുപോകാൻ സാധിക്കുകയുള്ളു. കൂടുതൽ മേഖലകളിലേക്ക് സർവ്വീസ് ഏർപ്പെടുത്തണം. 500 ബസ്സുകളാണ് നാം കൂടുതലായി ഇറക്കുന്നതെങ്കിൽ 250 ബസ്സുകൾ പഴയ ബസ്സുകളെ റീപ്ലേസ് ചെയ്യുന്നതിനും

250 എണ്ണം പുതിയ മേഖലയിലേക്ക് സർവ്വീസ് നടത്തുവാനുമാണ് ശ്രദ്ധിക്കേണ്ട താണെന്നാണ് എനിക്ക് പറയാനുള്ളത്. കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് കണ്ടതാണ്. അതിന് പരിഹാരം കാണുവാൻ അദ്ദേഹം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്ന് മനസ്സിലാക്കുന്നു. മംഗലാപുരത്തേക്ക് കൂടുതൽ നല്ല ബസ്സുകൾ സർവ്വീസ് നടത്തണം. അതുപോലെതന്നെ കാസർഗോഡുനിന്ന് മുംബൈയി ലേക്ക് കെ. എസ്. ആർ. ടി. സി-യുടെ ഒരു സർവ്വീസ് ആരംഭിക്കണം. വളരെ സാധ്യതയുള്ള ഒരു റൂട്ടാണ് അതെന്ന് നമുക്കെല്ലാവർക്കുമറിയാം. ആ കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന്, വനം കയ്യേറ്റം സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഗുരുതരമായ പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയുടെ കാര്യത്തിലൊന്നും നമുക്ക് വ്യക്തതയില്ല. പാട്ടഭൂമി തുണ്ടു തുണ്ടാക്കി വിൽപ്പന നടത്താൻ ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥർ തീർച്ചയായും നമ്മുടെ സംസ്ഥാനത്തിന് ഒരു ശാപമാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഹാരിസൺ മലയാളം പ്ലാന്റേഷൻ പാട്ടത്തിനെടുത്ത ഭൂമി കൈമാറ്റം ചെയ്തത് സംബന്ധിച്ച ആരോപണങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനുപുറമേ അവർ കയ്യേറിയ ഭൂമി കണ്ടെത്തിയിട്ടും തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നത് നമ്മെ സംബന്ധിച്ചിടത്തോളം നാണക്കേടാണ്. മറ്റൊന്ന് എനിക്ക് സൂചിപ്പിക്കാ നുള്ളത്, 1500 സി.സി.-ക്ക് മുകളിലുള്ള ടാക്സികൾക്ക് 2 വർഷത്തേക്ക് 12,500 രൂപയാണ് ഇപ്പോൾ ടാക്സ് അടയ്ക്കേണ്ടത്. 1500 സി. സി.-ക്ക് താഴെ 5 വർഷത്തേക്ക് 8000 രൂപയാണ്, മുമ്പ് ഇത് 1360 രൂപയായിരുന്നു. ടാക്സി ഡ്രൈവർമാരെയും ഉടമകളെയും സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നൊരു കാര്യമാണിത്. 6 വർഷമായി കെ.എസ്.ആർ.ടി.സി-യിൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. ഇതും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ, ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ബാഡ്ജ് ലഭ്യമാകണമെങ്കിൽ 8-ാം ക്ലാസ് യോഗ്യത നിർബന്ധമാക്കിയിരിക്കുകയാണ്. ടാക്സി ഡ്രൈവർമാർക്ക് എസ്.എസ്. എൽ. സി. പാസ്സായാൽ മാത്രമേ ബാഡ്ജ് കൊടുക്കുകയുള്ളൂ. ഈ രണ്ട് കാര്യവും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്.

നമ്മുടെ സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി വളരെ ആത്മാർത്ഥമായ, നിസ്വാർത്ഥ മായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സാങ്കേതിക പഠനം അനുസരിച്ച് സംസ്ഥാനത്ത് കാറ്റിൽനിന്നും 705 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതി നുള്ള സാധ്യത കണക്കാക്കിയിട്ടുണ്ടെന്നാണ് സർക്കാർ പറയുന്നത്. കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് 6-1-2014-ന് സർക്കാർ 82 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനത്തിനായി എൻ.എച്ച്.പി.സി-യുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച്

ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ കൂടുതൽ വിശദീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. സ്വകാര്യ സംരംഭകരെ ഈ മേഖലയിൽ കൂടുതലായി പങ്കെടുപ്പിക്കേണ്ടത് ആവശ്യമാണ്. അതുപോലെതന്നെ കേന്ദ്രത്തിന് സമർപ്പിക്കപ്പെട്ടതും, മുടങ്ങിക്കിടക്കുന്നതുമായ സംസ്ഥാനത്തെ വൈദ്യുത പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. പൂയംകുട്ടി ജലവൈദ്യുത പദ്ധതി, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി, അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി, കാരപ്പാറ-കുരിയാർകുറ്റി വിവിധോദ്ദേശ്യ പദ്ധതി, പാത്രക്കടവ് ജലവൈദ്യുത പദ്ധതി എന്നിവ പ്രാവർത്തികമാക്കാൻ ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഊർജ്ജവകുപ്പു മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദും കാട്ടിയ താൽപ്പര്യം അഭിനന്ദനീയമാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിയേയും നിരവധി തവണ നേരിട്ടുകണ്ട് ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്ത കാര്യം ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധി ഒരളവുവരെ പരിഹരിക്കാൻ കഴിയുന്ന ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനമുണ്ടാക്കാൻ നാമെല്ലാവരും ഒറ്റക്കെട്ടായി പൊരുതേണ്ടത് ആവശ്യമാണ്. കാസർഗോഡ് ജില്ലയിൽ നിന്നുള്ള ജനപ്രതിനിധി എന്ന നിലയിൽ ചീമേനി പദ്ധതിയെക്കുറിച്ച് പരാമർശിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണെന്ന് ഞാൻ കരുതുകയാണ്. കൽക്കരി ഉപയോഗിച്ചുള്ള ഈ പദ്ധതി വടക്കൻ കേരളത്തിലെ അതീവ ഗുരുതര വൈദ്യുതി പ്രശ്നം പരിഹരിക്കാൻ സഹായിക്കുന്നതാണെന്ന് വൈദ്യുതി ബോർഡ് വൃത്തങ്ങൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ കടലാസ്സിൽ നിന്ന് കാര്യങ്ങളിലേക്ക് ഒന്നും നീങ്ങിയിട്ടില്ല എന്ന് നാം ഈ അവസരത്തിൽ ഓർക്കേണ്ടതാണ്. ചില എതിർപ്പുകൾ ഇക്കാര്യത്തിലുണ്ട് എന്ന് നമുക്കെല്ലാവർക്കും അറിയാം. തദ്ദേശവാസികളുടെ തെറ്റിദ്ധാരണ നീക്കം ചെയ്യാൻ സാധിക്കണം. തായ്‌വാനിലാണ് ലോകത്തിലെ ഏറ്റവും വലിയ കോൾ ഫയേർഡ് പവർ സ്റ്റേഷനുള്ളത്. ഫ്രാൻസിലെ Richmond Power station, ഐസ്‌ലാന്റിലെ Geothermal Power Station എന്നിവയും വലിയ പവർ സ്റ്റേഷനുകളാണ്. പതിനേഴ് കോൾ ബേസ്ഡ് പവർ സ്റ്റേഷനുള്ള എൻ.ടി.പി.സി. ആണ് നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ തെർമ്മൽ പവർ ജനറേറ്റിംഗ് കമ്പനി. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ സബ്ജക്ട് കമ്മിറ്റിയിലെ ഞാനടക്കമുള്ള അംഗങ്ങൾ ഡൽഹിയിൽ എൻ.ടി.പി.സി-യുടെ പവർ സ്റ്റേഷനുകൾ സന്ദർശിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികളേയും അതുപോലെതന്നെ മറ്റ് രാഷ്ട്രീയ പാർട്ടി പ്രതിനിധികളേയും ഡൽഹിയിൽ കൊണ്ടുപോയി ആ പ്ലാന്റുകളൊക്കെ കാണിച്ച് അവരുടെ തെറ്റിദ്ധാരണകൾ നീക്കം ചെയ്യാൻ ശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനത്തിന് ശേഷം ആ കാര്യത്തിലൊരു തീരുമാനമെടുക്കുമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് ആ കാര്യത്തിൽ എന്തെങ്കിലും തെറ്റിദ്ധാരണകളുണ്ടെങ്കിൽ അവയൊക്കെ നീക്കി ചീമേനി പ്ലാന്റ് യാഥാർത്ഥ്യമാക്കാൻ ആത്മാർത്ഥമായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമം നടത്തണമെന്നതാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുപോലെതന്നെ ന്യൂക്ലിയർ പവർ സ്റ്റേഷനുകളേക്കാൾ കുറഞ്ഞ ചെലവിൽ കാറ്റാടികൾ ഉപയോഗിച്ചും സൗരോർജ്ജം ഉപയോഗിച്ചും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ശാസ്ത്രീയ നടപടികളെക്കുറിച്ച് നാം കൂടുതൽ സജീവമായി ചിന്തിക്കേണ്ടതുണ്ട്. ഓരോ പഞ്ചായത്തിനും ആവശ്യമായ വൈദ്യുതി അവിടങ്ങളിലുള്ള ചെറിയ നദികളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. 70 ശതമാനം വെള്ളം പല കാരണങ്ങളാൽ നമുക്ക് ഉപയോഗിക്കുവാൻ കഴിയുന്നില്ല. വളരെ ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന സങ്കേതമാണ് അതുകൊണ്ട് നാം പാഴാക്കുന്നത്. ഡാമുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക ബാധ്യതകളും പുതിയ റിസർവ്വോയറുകൾ ഉണ്ടാക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും എല്ലാം ഇതിന് കാരണമാകാം. പക്ഷേ വെള്ളം പാഴായിപ്പോകുമ്പോൾ നാം ലോഡ് ഷെഡ്ഡിങ്ങിന്റെ തിക്തഫലം അനുഭവിക്കേണ്ടി വരുന്നു. പാഴായിപ്പോകുന്ന വെള്ളത്തിന്റെ ഒരു ഭാഗമെങ്കിലും ഡൈവർട്ടുചെയ്ത് നിലവിലെ ഡാമുകളിൽ എത്തിക്കാനാകുമോ എന്നതിനെക്കുറിച്ച് നാം പരിശോധിക്കേണ്ടതുണ്ട്. കാസർഗോഡ് ജില്ലയിൽ കേരളത്തിലെ മറ്റു ജില്ലകളിലൊന്നുമില്ലാത്തവിധമുള്ള ഊർജ്ജ പ്രതിസന്ധിയും പവർ കട്ടുമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെയധികം ആത്മാർത്ഥമായ താല്പര്യമെടുത്തിട്ടുണ്ട്. അവിടുത്തെ വൈദ്യുതി പ്രതിസന്ധി, ഇടയ്ക്കിടയ്ക്കുണ്ടാകുന്ന പവർകട്ട് അതേക്കുറിച്ചെല്ലാം ആലോചിച്ച് പരിഹാരം കാണുന്നതിനുവേണ്ടി രണ്ടുമൂന്ന് ദിവസംമുൻപ് ജില്ലയിലെ എല്ലാ എം.എൽ.എ മാരേയും വിളിച്ച് കാസർഗോഡ് ജില്ലയ്ക്കുവേണ്ടി മാത്രമായി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. ഒരു ശാശ്വതമായ പരിഹാരം ഉണ്ടാകുമെന്നുതന്നെയാണ് എല്ലാവരുടേയും പ്രതീക്ഷ. കാസർഗോഡ് നഗരത്തിൽ മൂന്നു കോടി രൂപ ചെലവഴിച്ച് അണ്ടർഗ്രൗണ്ട് കേബിളിംഗ് നടത്തിയിരുന്നു. അത് ഇതുവരെ കമ്മീഷൻ ചെയ്യാൻ പറ്റിയിട്ടില്ല. ബി.എസ്.എൻ.എൽ കേരള സർക്കിളിന്റെ ജനറൽ മാനേജരുമായി ചർച്ച ചെയ്ത് ഈ പ്രശ്നം പരിഹരിക്കുവാനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രി നടത്തിവരികയാണ്. ഇത്രമാത്രം താൽപ്പര്യം ബഹുമാനപ്പെട്ട മന്ത്രിമാർ കാണിക്കുമ്പോഴും അതൊക്കെ നിസ്സാരവൽക്കരിക്കുന്ന ഒരു സമീപനം ശരിയല്ല എന്നാണ് പ്രതിപക്ഷത്തോട് എനിക്ക് പറയുവാനുള്ളത്. വിപ്ലവമെന്നാൽ അകത്തളങ്ങളിൽ നാമെടുക്കേണ്ട ഉന്നതമായ ജീവിത ബോധമാണെന്ന തിരിച്ചറിവ് നമ്മുടെ വിപ്ലവ പാർട്ടികൾക്ക് ഇപ്പോൾ നഷ്ടമായിരിക്കുകയാണ്. സ്വയം പരിഷ്കരിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും മാത്രമേ ജീവിതത്തേയും ലോകത്തേയും പരിഷ്കരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന ബാലപാഠം പ്രതിപക്ഷത്തുള്ള ചില ആളുകൾ മറന്നുപോകുന്നു എന്നാണ് എനിക്കവരുടെ നിലപാടുകൾ കാണുമ്പോൾ തോന്നിപ്പോകുന്നത്. അതുകൊണ്ട് സ്വന്തം മാറ്റത്തെക്കുറിച്ച് അറിയാതെപോവുകയും മറ്റുള്ളവരെ നാറിയെന്നും, പരനാറിയെന്നും, ശുംഭനെന്നും, ശുനകനെന്നും വിളിച്ച് സ്വയം അപഹാസ്യരായി മാറുകയും ചെയ്യരുതെന്നാണ് എനിക്കവരോട് അഭ്യർത്ഥിക്കാനുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

ഭരണപക്ഷത്തെ അംഗബലം 72 ആയിരുന്നത് 74-ഉം 76-ഉം ഒക്കെ എത്തിയെങ്കിൽ അതിനു കാരണം, ജനപക്ഷത്തെന്ന് വീമ്പിളക്കുന്ന പാർട്ടികളുടെ ജനാധിപത്യബോധമില്ലായ്മയും മാനവികതയുടെ വികാസവുമാണ് എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഒരു സംശയം എനിക്കുണ്ട്; പ്രതിപക്ഷത്തെ ചില ആളുകൾ ആ സംശയം നിവാരണം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതുവരെ നമ്മളൊക്കെ കരുതിയത് പി.ബി, സി.സി എന്നൊക്കെ പറയുന്നത് വലിയ മുന്തിയ സാധനങ്ങളാണെന്നാണ്. ഇപ്പോൾ പി.ബി.ക്കും സി.സിക്കും ഒരു വിലയുമില്ല. കാരണം, പി.ബി താക്കീത് ചെയ്തിട്ടും സി.സി. താക്കീത് ചെയ്തിട്ടും നമ്മുടെ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയിൽ വന്നില്ല. അവസാനം *** രംഗപ്രവേശം ചെയ്തു- പി.കെ.എസ്. കണ്ണൂരിൽ ഒരു പത്രസമ്മേളനം നടത്തി, ഉടൻ സഭയിൽ പോകണം അല്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാകുമെന്ന് നമ്മുടെ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടു പറഞ്ഞു. പി. കെ. എസ്. എന്നാൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പത്രസമ്മേളനത്തിൽ പറഞ്ഞപ്പോഴാണ് പിറ്റേദിവസം നമ്മുടെ മുൻ വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ വന്നത്. സി.സി. ക്കും പി.ബി. ക്കുമൊന്നും ഇപ്പോൾ വിലയില്ലേ? ..........(ബഹളം) ...........

ശ്രീമതി കെ. കെ. ലതിക: സർ, സഭയിലില്ലാത്ത ഒരാളെക്കുറിച്ച് മോശമായി സംസാരിക്കുന്നത് ശരിയാണോ?

മി. ചെയർമാൻ: ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിന്റെ സ്റ്റേറ്റുമെന്റിനെക്കുറിച്ചാണ് പറഞ്ഞത്. മോശമായിട്ട് ഒന്നും പറഞ്ഞിട്ടില്ല. ശ്രീമതി ടീച്ചർ പറഞ്ഞ, പത്രത്തിൽ വന്ന ഒരു സ്റ്റേറ്റുമെന്റ് മെൻഷൻചെയ്തു എന്നേയുള്ളൂ. മോശമായി വേറൊന്നും പറഞ്ഞില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാനവർക്ക് പ്രാധാന്യം നൽകിയതാണ്. പി.ബി.യെക്കാളും സി.സി.യെക്കാളും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിന് പാർട്ടിയിൽ വിലയുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അവരുടെ പ്രാധാന്യം ഈ സഭയിൽ ചൂണ്ടിക്കാട്ടിയതാണ്. അല്ലാതെ അവരെ ഇകഴ്ത്താൻ ഞാൻ ശ്രമിച്ചിട്ടില്ല, അവരെക്കുറിച്ച് മോശമായൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. രാജു എബ്രഹാം: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിനെക്കുറിച്ച് പറഞ്ഞത് ബഹുമാനത്തോടെയല്ല, *** എന്നാണ് വിശേഷിപ്പിച്ചത്.

മി. ചെയർമാൻ: മോശമായ പരാമർശങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അത് രേഖയിൽനിന്നും നീക്കം ചെയ്യും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ആരെയും ഇകഴ്ത്താനോ, അപമാനിക്കാനോ ശ്രമിച്ചിട്ടില്ല. പി.കെ.എസ് എന്ന പദവി കൂടി സി.പി.ഐ(എം).ൽ ഉണ്ടായോ എന്ന സംശയനിവാരണത്തിനുവേണ്ടിയാണ് ആ

***ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവു പ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ഇവിടെ സൂചിപ്പിച്ചത്. ഈ രണ്ട് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. ഈ മന്ത്രിമാർക്ക് കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുവാൻ സാധിക്കട്ടെ എന്നുകൂടി ആശംസിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ജനങ്ങളർപ്പിച്ച വിശ്വാസം സാർത്ഥകമാക്കിക്കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ ജൈത്രയാത്ര മൂന്നാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. ഭരണത്തിന്റെ സദ്ഫലങ്ങൾ സമസ്ത ജനവിഭാഗങ്ങൾക്കും പ്രാപ്യമാക്കാൻ ജാഗ്രതയോടെ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഊർജ്ജമേഖലയുടെ കാര്യമെടുത്താൽ, പിന്നിട്ട വർഷങ്ങളിൽ നിരവധി നേട്ടങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു എന്ന് കാണാൻ സാധിക്കും. ഊർജ്ജമേഖല പ്രതിസന്ധിയിലാണെങ്കിലും അതിനെ അതിജീവിക്കുവാനുള്ള പരിശ്രമങ്ങളിലാണ് ഈ വകുപ്പ്. ഫലപ്രദമായ എനർജി മാനേജ്മെന്റിലൂടെ ജനങ്ങളിൽ അമിതഭാരമടിച്ചേൽപ്പിക്കാതെ കഴിഞ്ഞ മൂന്ന് വർഷക്കാലം ഊർജ്ജവകുപ്പിനെ നയിച്ച ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനെ ഞാൻ അഭിനന്ദിക്കുന്നു. വൈദ്യുതിയുടെ ലഭ്യതയും ഉപഭോഗവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്ന സാഹചര്യങ്ങൾ വളരെ ഗൗരവമായി കണ്ടുകൊണ്ടാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ഏതാണ്ട് 772 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് നമ്മുടെ സംസ്ഥാനം നേരിടുന്നുണ്ട്. ആ പ്രതിസന്ധിയുടെ നടുവിലും വൈദ്യുതി സ്വയം പര്യാപ്തത ലക്ഷ്യം വച്ചുകൊണ്ടുള്ള വകുപ്പിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെ കാര്യമെടുത്താൽ, കോർപ്പറേഷനെ തകർച്ചയിൽനിന്ന് കരകയറ്റി, ലാഭത്തിന്റെ പാതയിൽ എത്തിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിലൂടെയാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ മുന്നോട്ടുപോകുന്നത്. അദ്ദേഹത്തെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇടുക്കിയുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ, ഇടുക്കിയുടെ ജീവശ്വാസം എന്നുപറയുന്നത് അവിടത്തെ പട്ടയമാണ്. പട്ടയപ്രശ്നം പരിഹരിക്കുന്നതിന് ഈ രണ്ട് വകുപ്പുകളുടെയും സഹകരണം പ്രത്യേകിച്ച് കെ.എസ്. ഇ.ബി യുടെ പദ്ധതി പ്രദേശങ്ങളിലും ഫോറസ്റ്റുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലും തീർച്ചയായും ആവശ്യമാണ്. പട്ടയം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ, വളരെ ദയാപൂർവ്വമായ നടപടികൾ സ്വീകരിച്ച് ഇടുക്കിയിൽ ഭൂമി കൈവശമുള്ള കർഷകന് പട്ടയം കൊടുക്കുന്നതിനുള്ള സാഹചര്യങ്ങൾ സംജാതമാക്കാൻ ഇരുവകുപ്പുകളുടെയും മന്ത്രിമാർ വളരെ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന കാര്യവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ മിനിസ്റ്ററായിരിക്കുമ്പോൾ അത്തരം കാര്യങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് എന്ന കാര്യവും ഏറെ സന്തോഷത്തോടെ ഞാനോർക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ, ഇടുക്കിയുടെ ഗതാഗത പ്രശ്നങ്ങളും ബാധകമാണ്. ചില റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങളിലും കുടിവെള്ള സ്രോതസ്സുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുള്ള ചെറിയതടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കിയിൽ നിന്ന് തൊടുപുഴയിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട വഴിയാണ് ഇടുക്കി-ഉടുമ്പന്നൂർ റോഡ്. അതിന്റെ മണിയാർകുടി മുതൽ കൈതപ്പാറ വരെയുള്ള ഭാഗം വനത്തിലൂടെയാണ്. ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനാണ് ആ റോഡ് നിർമ്മിച്ചിട്ടുള്ളത്. ഇപ്പോൾ അവിടെ നിർമ്മാണ പ്രവർത്തനം നടത്താൻ ബുദ്ധിമുട്ടുണ്ട്. ആ റോഡിന്റെ നിർമ്മാണം ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻതന്നെ നടത്തുന്നതിനായി അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും ഒരു കോടി രൂപ നൽകിയിട്ടുണ്ട്. എത്രയുംവേഗം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിലവിൽ ഇടുക്കിയിൽ ഡി.എഫ്.ഒ. ഇല്ല, കോട്ടയം ഡി.എഫ്.ഒ. യുടെ കീഴിലാണ് ഇടുക്കിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. വനസംരക്ഷണത്തിനും ഇതര കാര്യങ്ങൾക്കും നേതൃത്വം വഹിക്കുവാൻ ഇടുക്കി കേന്ദ്രീകരിച്ച് ഒരു ഡി.എഫ്.ഒ ഉണ്ടാകുന്നതിനായി ശ്രമിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. കെ.എസ്.ആർ.ടി.സി യുടെ രണ്ട് ഡിപ്പോകളാണ് എന്റെ മണ്ഡലത്തിലുള്ളത്. ആ രണ്ട് ഡിപ്പോകളും ലാഭകരമാണ്, പക്ഷെ പുതിയ ബസ്സുകളില്ല. പഴയ ബസ്സുകൾ ഹൈറേഞ്ചിൽ സർവ്വീസ് നടത്തുന്നത് അപകടകരമാണ്. കാലാവസ്ഥ മാറുന്നതുകൊണ്ടും, കുത്തനെയുള്ള കയറ്റവും വളവുമൊക്കെയുള്ളതുകൊണ്ടും പഴയ ബസ്സുകൾ മാറ്റി ഹൈറേഞ്ചിലേക്ക് പുതിയ വാഹനങ്ങൾ നൽകുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ഇടുക്കിയിൽ ഹൈഡൽ ടൂറിസത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. അതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് കഴിഞ്ഞ ബഡ്ജറ്റിൽ വടക്കേപ്പുഴ ഹൈഡൽ ടൂറിസം പദ്ധതിക്ക് ആവശ്യമായ സാഹചര്യങ്ങൾ രൂപപ്പെട്ട് വന്നിരിക്കുന്നത്. ഗവൺമെന്റിന്റെ പ്രത്യേക ഉത്തരവിലൂടെ, എല്ലാ വർഷവും ഓണം, ക്രിസ്തുമസ് ദിവസങ്ങളിൽ ആർച്ച് ഡാം സന്ദർശകർക്ക് തുറന്നു കൊടുത്തിട്ടുണ്ട്. റിമോട്ട് ടൂറിസത്തിന്റെ സാധ്യതകൾ വർദ്ധിച്ചുവരികയാണ്. ഇടുക്കി ആർച്ച് ഡാം സന്ദർശകർക്കുവേണ്ടി Saturdays, Sundays & Holidays എന്ന നിലയിൽ ഒരു പ്രോജക്ട് രൂപപ്പെടുത്തി ടൂറിസം സാധ്യതകൾ കൂടുതൽ ഫലപ്രദമാക്കുവാനും ഇടുക്കിയിലേക്ക് കൂടുതൽ സഞ്ചാരികൾ എത്തുന്നതിനായി പരിശ്രമിക്കണമെന്നും അതിനുവേണ്ട സൗകര്യമൊരുക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഇടുക്കിയിൽ ചെറിയ കാരണങ്ങൾകൊണ്ട് പട്ടയം നൽകുന്നത് തടസ്സപ്പെട്ടിരിക്കുന്നു. അവിടത്തെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും 1-1-1977-ന് മുൻപ് കൈവശമുള്ള ഭൂമിക്ക് മുഴുവൻ കൈവശക്കാർക്കും പട്ടയം കൊടുക്കുന്നതിനും കഴിയണം. കുടിവെള്ള പദ്ധതികൾക്കുവേണ്ടി ഡാം സോഴ്സായി കണ്ടുകൊണ്ടുള്ള പദ്ധതികൾ വരുമ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും കെ.എസ്.ഇ.ബി യുടേയും സഹകരണം ആവശ്യമാണ്. കല്യാണത്തണ്ട് കുടിവെള്ള പദ്ധതി ആവിഷ്കരിച്ചാൽ എന്റെ നിയോജക മണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. യുടേയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും പൂർണ്ണ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഈ രണ്ട് വകുപ്പുകളുടെയും മന്ത്രിമാർ അവരവരുടെ വകുപ്പുകളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ

നടത്തി മുന്നോട്ടുപോവുകയാണ്. ഗവൺമെന്റിന്റെ മുഖഛായയ്ക്ക് അത് വലിയ നേട്ടമാകും. ഏറ്റവും ഫലപ്രദമായ രീതിയിൽ ഈ വകുപ്പുകൾ മുന്നോട്ടുപോകട്ടെ എന്നാശംസിച്ചുകൊണ്ട്, ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ ഗവൺമെന്റുകൾ മാറിമാറി വരാറുണ്ട്. അങ്ങനെ മാറിവരുന്ന ഗവൺമെന്റുകളുടെ നയപരിപാടികളനുസരിച്ച് പല മേഖലകൾക്കും പ്രയാസമോ ഗുണമോ ലഭിക്കും. ചിലപ്പോൾ പെൻഷൻ നിർത്തലാക്കുകയോ ശമ്പളപരിഷ്കരണം നീട്ടിക്കൊണ്ടുപോവുകയോ മോട്ടോർ വാഹനങ്ങളുടെ നികുതി വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിലൂടെ ഓരോ വിഭാഗം ജനങ്ങളെ അത് ബാധിക്കുകയും ചെയ്യും. എന്നാൽ, കേരളത്തിലെ 3,33,00,000 ജനങ്ങളെയും ബാധിക്കുന്ന, എല്ലാവർക്കും അനുഭവവേദ്യമാകുന്ന ഒരു മേഖലയാണ് വൈദ്യുതി മേഖല. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിഞ്ഞ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന കാലഘട്ടം മുതൽ കേരളത്തിലെ സ്ഥിതിവിശേഷം പരിശോധിക്കുകയാണെങ്കിൽ അക്കാര്യം പ്രകടമായി മനസ്സിലാക്കാൻ സാധിക്കും. അതിനായി ഒരുപാട് പ്രാവശ്യം പറഞ്ഞു തഴമ്പിച്ച അൽപ്പം ചരിത്രംകൂടി പറയേണ്ടിവരും. 1996-ൽ നായനാർ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ മൂന്നര മണിക്കൂർ ലോഡ് ഷെഡ്ഡിംഗായിരുന്നു. ചെറുകിട വ്യവസായങ്ങളിൽ ഉൾപ്പെടെ 100 ശതമാനവും പവർ കട്ടായിരുന്ന ഒരവസ്ഥ. ചെറുതും വലുതുമായ എല്ലാ പട്ടണങ്ങളിലും മിക്ക കടകളുടെയും മുമ്പിൽ ഇപ്പോൾ ചെറിയ ജനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതിക്ഷാമം രൂക്ഷമായിരുന്ന ആ കാലഘട്ടത്തിലാണ് ഈ ജനറേറ്ററുകൾ വന്നത്. കാരണം വൈകുന്നേരം ഏഴ് മണികഴിഞ്ഞാൽ വൈദ്യുതി ഉപയോഗിക്കാൻ കച്ചവടസ്ഥാപനങ്ങൾക്ക് അവകാശമില്ലായിരുന്നു. ആരെങ്കിലും ഉപയോഗിച്ചാൽ പോലീസ്/കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്മാർ വന്ന് വൈദ്യുതി കട്ട് ചെയ്യുന്നൊരു കാലമുണ്ടായിരുന്നു. 1996-ൽ നായനാർ ഗവൺമെന്റ് അധികാരത്തിൽ വന്നു. സഖാവ് പിണറായി വിജയൻ വൈദ്യുതി വകുപ്പുമന്ത്രിയായപ്പോൾ നാടിന്റെ സമ്പദ്ഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന വൈദ്യുതി രംഗത്ത് മാറ്റങ്ങൾ വരുത്താൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള പരിപാടികൾ ആവിഷ്കരിച്ചു. അതിന്റെ ഫലമായി അത്ഭുതകരമായ മാറ്റങ്ങളായിരുന്നു ഇവിടെ ഉണ്ടായത്. 1997 നവംബർ 1-ാം തീയതി, അതായത് കേരളത്തിന്റെ 40-ാം പിറവി ദിനത്തിൽ ലോഡ് ഷെഡ്ഡിംഗും പവർകട്ടുമില്ലാത്ത സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു. സ്ഥിതി മാറി വന്നത് എങ്ങനെയാണ്? ഇന്നത്തെപ്പോലെ അനങ്ങാതിരുന്നില്ല. അന്ന് ഇന്നത്തെപ്പോലെ കോറിഡോറില്ല. ബംഗാൾ അന്ന് വൈദ്യുതി മിച്ച സംസ്ഥാനമാണ്. ഭരണകക്ഷിയംഗങ്ങൾ ഇപ്പോൾ ഒരുപാട് കുറ്റം പറയുന്ന ബംഗാൾ രക്തം കൊടുത്തുപോലും പദ്ധതിയുണ്ടാക്കി വൈദ്യുതി മിച്ച സംസ്ഥാനമാക്കി. ബംഗാളിൽ നിന്നും കേരളത്തിന് വൈദ്യുതി തരാൻ അവർ തയ്യാറായപ്പോൾ കൊണ്ടുവരാനുള്ള അസൗകര്യമായിരുന്നു പ്രധാന പ്രശ്നം. അതിനായി എന്താണ് ചെയ്തത്? ബംഗാളിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഒറീസയിലേക്കും അവിടെനിന്ന് ആന്ധ്രയിലേക്കും പിന്നീട് തമിഴ്നാട്ടിലേക്കും അവിടെനിന്ന് കേരളത്തിലേക്കും വാങ്ങി, ആ ഘട്ടത്തിൽ കേരളത്തിന്റെ വൈദ്യുതി പ്രശ്നം പരിഹരിച്ചു. അതുപോലെതന്നെ 1996-2001 കാലഘട്ടത്തിൽ കേരളത്തിൽ 1088 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു. ഇതെല്ലാം രേഖയിലുള്ളതാണ്. എന്നാൽ, 2001-2006 കാലഘട്ടത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നപ്പോൾ 21.5 മെഗാവാട്ട് വൈദ്യുതി മാത്രമാണ് അധികമായി ഉൽപ്പാദിപ്പിച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ 1088 മെഗാവാട്ട് വൈദ്യുതിയും യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് 21.5 മെഗാവാട്ട് വൈദ്യുതിയുമാണ് കൂടുതലായി ഉൽപ്പാദിപ്പിച്ചത്. ഈ അന്തരം എല്ലാവർക്കും മനസ്സിലാകുന്നതാണ്. അന്ന് ആരൊക്കെയായിരുന്നു മന്ത്രിമാർ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മാറുന്നതുപോലെ അന്നും മന്ത്രിമാർ മാറിക്കൊണ്ടിരിക്കുമായിരുന്നു. അന്ന് ഈ വകുപ്പ് ആദ്യം കൈകാര്യം ചെയ്തത് കടവൂർ ശിവദാസനും പിന്നീട് ശ്രീ. കെ. മുരളീധരനും അതു കഴിഞ്ഞ് ശ്രീ. ആര്യാടൻ മുഹമ്മദുമായിരുന്നു. മൂന്ന് മന്ത്രിമാർ മാറിമാറി ഭരിച്ചിട്ടും യാതൊരു മാറ്റവും വരുത്താൻ സാധിച്ചില്ലെന്നു മാത്രമല്ല, 2002 മുതൽ വീണ്ടും ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയും അത് 2005 നവംബർവരെ തുടരുകയും ചെയ്തു. 2006-ൽ വീണ്ടും എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരികയും ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയുമായി. അന്നുമിന്നും, ഊണിലും ഉറക്കത്തിലും വൈദ്യുതിയെ കുറിച്ച് മാത്രം കൂടുതലായി ചിന്തിക്കുകയും നൊമ്പരപ്പെടുകയും ആശങ്കപ്പെടുകയും ചെയ്യുന്ന ഒരു മന്ത്രിയാണ് ശ്രീ. എ. കെ. ബാലൻ. അദ്ദേഹം ഈ വകുപ്പിന്റെ അധികാരം ഏറ്റെടുത്തതോടെ എല്ലാ മേഖലയിലും മാറ്റം വന്നു. അന്ന് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വൈദ്യുതി ഉൽപ്പാദന കേന്ദ്രം ഇടുക്കിയായിരുന്നു. കക്കയം രണ്ടാമത്തെ പ്രധാനകേന്ദ്രമായി മാറി. നൂറ്റിമൂന്നേമുക്കാൽ മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു. ഇത് നിങ്ങളുടെ കാലത്തും ചെയ്യാൻ കഴിയുന്നതായിരുന്നു. കക്കയത്തുള്ള 100 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചത് എങ്ങനെയായിരുന്നു? അന്ന് ബാണാസുരസാഗറിൽ നിന്നുള്ള വെള്ളം പെൻസ്റ്റോക്ക് പൈപ്പ് വഴി കക്കയത്തെത്തിച്ചാണ് വൈദ്യുതി ഉൽപ്പാദിപ്പിച്ചത്. അന്ന് ആ പൈപ്പിടുന്നതിന് തർക്കമുണ്ടായി. കാരണം, പഴയകാലത്ത് വനം വകുപ്പിന്റെ സ്ഥലം ധാരാളം ആളുകൾ പട്ടയമില്ലാതെ കൈവശം വച്ചിരുന്നു. അങ്ങനെ വരുമ്പോൾ വെള്ളം കൊണ്ടുവരുന്ന പെൻസ്റ്റോക്ക് പൈപ്പിടേണ്ടത് ഈ തർക്കഭൂമിയിലൂടെയാണ്. ഈ വിഷയത്തിൽ അന്നത്തെ വകുപ്പുമന്ത്രിമാരായ ശ്രീ. ആര്യാടൻ മുഹമ്മദോ ശ്രീ. കെ. മുരളീധരനോ ആരും ഇടപെട്ടില്ല. ഗവൺമെന്റ് മാറിവന്നപ്പോൾ പെൻസ്റ്റോക്ക് പൈപ്പിടേണ്ട സ്ഥലം ഗവൺമെന്റ് ഏറ്റെടുത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചു. അങ്ങനെ 2003-മുതൽ മുടങ്ങിക്കിടന്ന ആ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചു. അങ്ങനെയൊക്കെയാണ് അന്ന് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചത്. ഇപ്പോഴും ബാണാസുരസാഗർ വലിയൊരു പ്രശ്നം തന്നെയാണ്. അതിനെ സംബന്ധിച്ച് കർണ്ണാടകയിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാട്ടിലുമൊക്കെ തർക്കമുണ്ട്. ഇന്ന് തമിഴ്നാട് കബനി നദിയിലുള്ള വെള്ളം കടത്തിക്കൊണ്ട് പോകാൻ ശ്രമിക്കുകയാണ്. കേരളം വളരെ നിർവ്വികാരതയോടുകൂടിയ സമീപനമാണ് ഇതിന്മേൽ എടുക്കുന്നത്. എന്തായിരിക്കും അതിന്റെ ഫലം. ആ വെള്ളം കേരളത്തിന് ലഭിച്ചില്ലെങ്കിൽ ബാണാസുരസാഗറിലെ വെള്ളം പെൻസ്റ്റോക്ക് പൈപ്പ് വഴി കക്കയത്തെത്തിയില്ലെങ്കിൽ ഈ 100 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവില്ല. അതുമാത്രമല്ല, ആ വെള്ളം പെരുവണ്ണാമൂഴി റിസർവ്വോയറിൽ എത്തിയില്ലെങ്കിൽ ജപ്പാൻ കുടിവെള്ള പദ്ധതി തടസ്സപ്പെടും. അതിനായി കോടിക്കണക്കിന് ലിറ്റർ വെള്ളം വേണം. അതിന് വെള്ളമുണ്ടാവില്ല. ഇപ്പോൾ ബാണാസുര സാഗറിൽ നിന്നും വരുന്ന വെള്ളം കൊണ്ടാണ് പെരുവണ്ണാമൂഴി വേനൽക്കാലത്തുപോലും നിറഞ്ഞുനിൽക്കുന്നത്. അതിനുമുമ്പ് പെരുവണ്ണാമുഴി റിസർവ്വോയറിന്റെ അടിഭാഗം ഉണങ്ങിവരണ്ട് കിടക്കുന്നത് അതുവഴി പോകുന്നവർക്ക് കാണാമായിരുന്നു. അക്കാര്യങ്ങളിലെല്ലാം ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്.

അതുപോലെ അന്ന് ടെണ്ടർ ചെയ്ത വർക്കുകൾ പോലും ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തയ്യാറാകുന്നില്ല. ഉദാഹരണമായി കക്കയം സ്മാൾ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് നാല് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതാണ്. ശ്രീ. എ. കെ. ബാലന്റെ കാലഘട്ടത്തിൽ ടെണ്ടർ ചെയ്തതാണല്ലോ; മൂന്നുവർഷവും ഒരുമാസവുമായല്ലോ? ഇന്നുവരെ താങ്കളുടെ ഡിപ്പാർട്ടുമെന്റ് തിരിഞ്ഞുനോക്കിയിട്ടില്ല. നാല് മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതിനായി ടെണ്ടർ ചെയ്ത വർക്ക് തുടങ്ങുന്നതിന് എന്ത് പ്രയാസമാണുള്ളത്? അതുപോലെ തന്നെ പെരുവണ്ണാമൂഴിയിലെ ഡാം II, രണ്ട് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്. അതിന്റെ ഡി.പി.ആർ. എല്ലാം അംഗീകരിച്ചതാണ്. ഡി.പി.ആർ. അംഗീകരിച്ച് എ.എസ്. നൽകിക്കഴിഞ്ഞാൽ പിന്നെ അത് ടെണ്ടർ ചെയ്താൽ പോരേ? അതിനൊന്നും മറ്റ് യാതൊരുവിധ തടസ്സങ്ങളുമില്ലല്ലോ? എന്നാൽ, ഇതിന്റെയൊന്നും പണി തുടങ്ങാത്തതിന് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് മാത്രമാണ് കുറ്റക്കാരനെന്നൊന്നും ഞങ്ങൾ പറയുന്നില്ല. ഇത് ഗവൺമെന്റിന്റെ ഒരു നയമാണ്. ഞാൻ ശ്രീ. ആര്യാടൻ മുഹമ്മദിനോട് ചോദിക്കുന്നു, 62 ചെറുകിട വൈദ്യുതപദ്ധതികൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കാൻ വേണ്ടിയുള്ള ഏതെങ്കിലും ഗൂഢലക്ഷ്യമുണ്ടോ?. ആധികാരികമായി വസ്തുതകൾ അറിയാനോ അത് കണ്ടെത്താനോ കഴിവുള്ളവരല്ല ഞങ്ങളിൽ പലരും. അങ്ങനെ വിൽക്കില്ലെന്ന് വിശ്വസിക്കാൻ കഴിയുന്ന ആളുകളല്ല പ്രതിപക്ഷത്തിരിക്കുന്നവർ. ആകാശവും ഭൂമിയും പാതാളവും വിറ്റ അനുയായികളും ആ ഭരണത്തിന്റെ കൂടെനിന്ന ആളുകളുമാണല്ലോ? അതുകൊണ്ട് കേരളത്തിന്റെ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യവത്കരിച്ചാലൊന്നും അത്ഭുതപ്പെടേണ്ടതില്ല.

ഇനി പ്രസരണനഷ്ടത്തിന്റെ കാര്യം നോക്കാം. കേരളത്തിൽ പ്രസരണനഷ്ടം 14.5 ശതമാനമായിരുന്നു. ഇപ്പോൾ അത് 15.18 ശതമാനമായി വർദ്ധിച്ചു. അതായത് 0.68 ശതമാനം പ്രസരണനഷ്ടം കൂടി. പ്രസരണനഷ്ടം കൂടിയാൽ

എത്രയാണ് നഷ്ടം വരുന്നത്? കേരളത്തിൽ ഒരു വർഷം ഉപയോഗിക്കുന്നത് 2200 കോടി യൂണിറ്റ് വൈദ്യുതിയാണ്. 2200 കോടി യൂണിറ്റിന്റെ 0.68 ശതമാനമെന്നുപറഞ്ഞാൽ ഏകദേശം 15 കോടി യൂണിറ്റ് വരും. ഇതിൽ ചില്ലറ വ്യത്യാസമേ ഉണ്ടാകുകയുള്ളൂ. ആ 15 കോടി യൂണിറ്റിൽ ഒരു യൂണിറ്റിന് 5 രൂപ വച്ച് കൂട്ടിയാൽ എത്ര വരും? 75 കോടി രൂപ. അത്രയും നമുക്ക് നഷ്ടമാണ്. ആ നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും ജാഗ്രത കാണിക്കണ്ടേ? അതൊന്നും ചെയ്തില്ല. നഷ്ടത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ഒരു റിക്കാർഡ് തന്നെ സൃഷ്ടിക്കുന്നുണ്ടോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കാര്യങ്ങൾ ഒന്നുകൂടി വ്യക്തമാകാനായി, നേരത്തെ ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞ കാര്യം ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണ്. 2011-2012-ൽ 473 കോടി രൂപയും 2012-2013-ൽ 805 കോടി രൂപയും കൂടി ആകെ 1278 കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. കൂടാതെ കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയ ഇനത്തിൽ 244 കോടി രൂപയുടെ നഷ്ടവും വന്നിട്ടുണ്ട്. എന്നാൽ, എൽ.ഡി.എഫ്.-ന്റെ കാലത്ത്, 2008-2009 കാലഘട്ടത്തിൽ 38 കോടി രൂപയും 2009-2010-ൽ 30 കോടി രൂപയുടെ ലാഭവുമാണ് വന്നിരിക്കുന്നത്. അതെങ്ങനെയാണ് വരുന്നത്? വൈദ്യുതി വാങ്ങി വിറ്റാൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് ലാഭവും യു.ഡി.എഫ്.-ന്റെ കാലത്ത് നഷ്ടവും വരുന്ന വിദ്യയെന്താണെന്നുള്ള കാര്യം മനസ്സിലാകുന്നില്ല. ഈ കണക്കിനെല്ലാം രേഖയുള്ളതാണ്. 2012-2013-ൽ വൈദ്യുതി വാങ്ങാനായി ചെലവഴിച്ച തുക ഇപ്പോൾ വൈദ്യുതിയിലുള്ള വരുമാനത്തിന്റെ 62 ശതമാനമാണ്. എന്നാൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് അത് 56, 53, 54, 55 ശതമാനമാണ്. എന്തിനാണ് അധികം പണമുപയോഗിക്കേണ്ടിവരുന്നത്? ഇങ്ങനെയുള്ള കുത്തഴിഞ്ഞ സ്ഥിതി എല്ലായിടത്തുമുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, വൈദ്യുതി മേഖലയിൽ ആകെ ഒരു ഉടച്ചുവാർക്കലിന് തയ്യാറാകണം. കാരണം, ഇത് കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്.

അടുത്തതായി ഗതാഗതവകുപ്പിനെക്കുറിച്ചാണ് പറയാനുള്ളത്. ഗതഗത വകുപ്പ് എന്നുപറഞ്ഞാൽ സാധാരണഗതിയിൽ നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട് - 'കേന്ദ്രം കേരളത്തെ അവഗണിക്കുന്നു. കേരളം മലബാറിനെ അവഗണിക്കുന്നു'. എന്തായാലും ഈ അവഗണന അവസാനിപ്പിക്കണം. പ്രത്യേകിച്ച്, കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിലെ അവഗണന അവസാനിപ്പിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ രംഗത്ത് മാറ്റം വന്നിരുന്നു. തിരുവനന്തപുരത്ത് 'അനന്തപുരി' എന്നപേരിലും മലബാറിൽ 'മലബാർ' എന്നപേരിലുമുള്ള ബസ് കോഴിക്കോടുനിന്ന് കിഴക്കൻ മലയോരത്തേക്ക് ചെയിൻ സർവ്വീസ് നടത്തിയിരുന്നു. അക്കാലത്തെ കണക്കെടുത്ത് പരിശോധിച്ചാൽ എത്ര വലിയ ലാഭമായിരുന്നു കിട്ടിയിരുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. അന്ന് ആളുകൾ 'മലബാറി'നുവേണ്ടി കാത്തുനിൽക്കുമായിരുന്നു. നിങ്ങൾ എന്തുചെയ്തു? പടിപടിയായി പൊളിച്ച് തീർത്തില്ലേ? ആ മേഖലയിൽ ഇന്ന് കേരളത്തിലെ ഒരു വലിയ സമ്പന്നന്റെ ബസ് ഓടുന്നുണ്ട്. ആളിന്റെ പേരൊന്നുംപറഞ്ഞ് ഇവിടെ കുഴപ്പമുണ്ടാക്കുന്നില്ല. അതിന് റൂളിംഗ് വരും.

അയാളുടെ ബസ് തന്നെയാണ് ഓടുന്നത്. വേണമെങ്കിൽ പരിശോധിച്ചുനോക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലാഭമുണ്ടാക്കാനായി കെ.എസ്.ആർ.ടി.സി.-യിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത്? നിങ്ങൾ കോഴിക്കോട് കെ.എസ്.ആർ.ടി.സി.-യിൽ പോയി നോക്കാറില്ലേ? അവിടെ കണ്ടാൽ എന്തൊരു ഭംഗിയാണ്! അതെല്ലാം ഉത്ഘാടനം ചെയ്യാനുള്ള ഭാഗ്യം നിങ്ങൾക്കാണ്. അത് ആയിക്കോട്ടെ, എന്തായാലും അതൊന്ന് ഫലപ്രദമായി നടപ്പാക്കിക്കഴിഞ്ഞാൽ നന്നായിരുന്നു. പൊന്നുംവിലയ്ക്ക് കിട്ടിയ സ്ഥലമല്ലേ? ഇതെല്ലാം ചെയ്തിട്ട് ലാഭമുണ്ടാക്കാനായി ശ്രമിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ടാക്സിന്റെ കാര്യമെടുത്താൽ, വണ്ടികളുടെ ടാക്സ് കൂട്ടിയത് കഴിഞ്ഞ യു.പി.എ. സർക്കാരോ ഇപ്പോഴത്തെ എൻ.ഡി.എ. സർക്കാരോ അല്ല, അത് നിങ്ങൾ തന്നെയാണല്ലോ? നേരത്തെ ശ്രീ. കെ. രാജു അതിന്റെ കണക്ക് പറഞ്ഞില്ലേ? ജൂലൈ 1, 2 തീയതികളിൽ കേരളത്തിൽ 'ചക്രസ്തംഭനം' നടത്തുകയാണ്. എന്തിനാണ്? സി.ഐ.റ്റി.യു., ഐ.എൻ.റ്റി.യു.സി., എ.ഐ.റ്റി.യു.സി., എച്ച്.എം.എസ്., ബി.എം.എസ്., യു.റ്റി.യു.സി., എസ്.റ്റി.യു. തുടങ്ങിയ 8 ട്രേഡ് യൂണിയനുകളാണ് ഇതിൽ പങ്കെടുക്കുന്നത്. കേരളത്തിൽ 1,12,00,000 വീടുകളിലായി മൂന്നരക്കോടി ജനങ്ങളാണുള്ളത്. അവരുടെ വാഹനങ്ങൾ എല്ലാം കൂടി 87 ലക്ഷം. ചില്ലറ വ്യത്യാസമുണ്ടാകും. ഒന്നര വീടിന് ഒരു വാഹനം. ഒന്നര വീട് എന്നുപറഞ്ഞാൽ കണക്ക് ശരിയാകില്ല, ഗണിതം ശരിയാക്കാൻ വേണ്ടി 3 വീടിന് 2 വാഹനം എന്നുപറയാം. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ മൂന്നര ആളുകൾക്ക് ഒരു വാഹനം, അല്ലെങ്കിൽ 7 ആളുകൾക്ക് 2 വാഹനം. ആ തരത്തിൽ വാഹനമുണ്ട്. എല്ലാവരെയും ബാധിക്കുന്ന കാര്യമല്ലേ; അതിന് ഈ തരത്തിൽ ടാക്സ് കൂട്ടേണ്ടതുണ്ടോ? മുമ്പ് ഓട്ടോറിക്ഷക്കാർ സമരം ചെയ്തപ്പോൾ മുഖ്യമന്ത്രി ഇടപെട്ട് അവരുടെ വാഹന ടാക്സ് കുറച്ചുകൊടുത്തു. എന്നാലും ടാക്സിനെ ഈ അവസ്ഥയിലേക്ക് എത്തിക്കേണ്ടതുണ്ടോ? ചെങ്കല്ല് കൊണ്ടുവരുന്ന പിക്കപ്പ് വാനിനെല്ലാം വില വർദ്ധിക്കുന്ന രൂപത്തിലേക്ക് എത്തിച്ചേർന്നു.

വനത്തെക്കുറിച്ചാണ് അടുത്തതായി പറയാനുള്ളത്. ചില ലീഗുകാർ സംസാരിക്കുന്നതുപോലെ, നിങ്ങൾ വന്നപ്പോൾ ആനയ്ക്കെന്തോ ഒരു വല്ലാത്ത 'മുഷ്ക്' കൂടിയിട്ടുണ്ട്. ആന നാട്ടിലെ ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്നതിനെ ഉദ്ദേശിച്ചാണ് 'മുഷ്ക്' കൂടിയെന്നുപറഞ്ഞത്. ഇടുക്കിയിൽ നിന്നും കാസർഗോഡ് നിന്നും മറ്റെല്ലാ സ്ഥലത്തുനിന്നും ആന ഇറങ്ങുന്നതിനെക്കുറിച്ച് പറഞ്ഞു. പേരാമ്പ്ര ടൗണിന്റെ 2 കിലോമീറ്റർ അപ്പുറംവരെ ആന ഇറങ്ങി. അവിടത്തെ ജനങ്ങളാകെ ഭീതിയിലാണ്. പണ്ടൊക്കെ ആനകൾ പശ്ചിമഘട്ടത്തിന്റെ അപ്പുറത്ത് നിൽക്കുമായിരുന്നു. ഇന്ന് ഫെൻസിംഗ് നിർമ്മിക്കുന്നതിനായി പത്ത് പൈസ ചെലവ് ചെയ്യുന്നുണ്ടോ? ആനകളെ തടയുന്നതിനായി സോളാർ ഫെൻസിംഗും കിടങ്ങുകളുമുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ കിടങ്ങ് കുഴിക്കാമെന്ന് പറഞ്ഞു. ഒരു കിടങ്ങുപോലും കുഴിക്കാനുള്ള അനുവാദം കിട്ടിയില്ല, ഫെൻസിംഗും ചെയ്തിട്ടില്ല. ആനയും വലിയ സമർത്ഥമായിട്ടാണ് പെരുമാറുന്നത്. ആന മാത്രമല്ല നമ്മുടെ നാട്ടിലുള്ള എല്ലാ ജീവികളും

1313/2015

LIBRARY ARCHIVES Kerala Legislative Assembly

പഴയതുപോലെയല്ല. നാട്ടിൽ ഇപ്പോൾ കോഴിയെ പിടിക്കുന്നത് കുറുക്കനെല്ല. പണ്ട് കോഴിയെ പിടിക്കുന്നത് കുറുക്കനായിരുന്നു. ഇപ്പോൾ കോഴിയെ പിടിക്കുന്നത് നായകളാണ്. നായകൾ കൂട്ടംകൂട്ടമായി വന്ന് കോഴികളെ പിടിക്കുകയാണ്. ഫെൻസിംഗ് കുറെക്കൂടി ഫലപ്രദമായി ചെയ്തില്ലെങ്കിൽ ശരിയാകില്ല. ആനകൾ വലിയ തെങ്ങുകളെയല്ല, കായ്ച്ചുതുടങ്ങുന്ന തെങ്ങുകളെയാണ് നശിപ്പിക്കുന്നത്. അത് വല്ലാത്ത വേദനയാണ്. അവയെ നശിപ്പിക്കുന്നത് കുട്ടികളെ കൊല്ലുന്നതുപോലെയാണ്. ഒരു തെങ്ങ് കായ്ക്കുന്ന രൂപത്തിലേക്ക് വളർത്തിക്കൊണ്ടുവരാനായി എന്ത് സമയമെടുക്കും. അതിനെയെല്ലാം തകർത്തിരിക്കുകയാണ്. പന്നികളെ ഓടിക്കുന്ന വിദ്യ അറിയാമല്ലോ? ഒരു പന്നിയെ വെടിവയ്ക്കണമെങ്കിൽ ആദ്യമായി, അത് കാട്ടുപന്നിയാണെങ്കിൽ പെർമിഷൻ വാങ്ങണം, ഗർഭം ഉണ്ടോ, കുട്ടി മുഴയ്ക്കുന്നുണ്ടോ എന്ന് നോക്കണം. മുഴയ്ക്കുന്നുണ്ടെങ്കിൽ വെടിവയ്ക്കരുത്. മനുഷ്യർക്ക് സ്കാനിംഗ് നടത്തുന്നതുപോലെ ഇവിടെ പറ്റില്ലല്ലോ?

മി. ചെയർമാൻ: അങ്ങ് 5 മിനിറ്റ് കൂടുതലെടുത്തു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ഞാൻ അധികം സമയമെടുക്കുന്ന ആളല്ല. കുറച്ച് രാഷ്ട്രീയം പറഞ്ഞില്ലെങ്കിൽ അത് മോശമല്ലേ? ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം ഭരണപക്ഷത്തുള്ളവർ വല്ലാതെ ഊറ്റംകൊള്ളുന്നുണ്ട്. സാധാരണയായും വസ്തുനിഷ്ഠമായും പറഞ്ഞാൽ, 2009-നേക്കാൾ 10 കോടി വോട്ട് ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വർദ്ധിച്ചു. കോൺഗ്രസ്സിന് എത്രയാണ്? ഒന്നരക്കോടി വോട്ട് 2009-നേക്കാൾ കുറഞ്ഞതെന്താണെന്നുള്ള കാര്യം ആലോചിക്കണ്ടേ? 10 കോടി വോട്ട് വർദ്ധിച്ചപ്പോൾ ആനുപാതികമായി കിട്ടാനുള്ളതല്ലേ? കിട്ടിയില്ലെന്നുമാത്രമല്ല, 2009-ൽ കിട്ടിയതിനേക്കാൾ ഒന്നരക്കോടി വോട്ട് കുറഞ്ഞു. 2009-ൽ 28.55 ശതമാനം വോട്ടു കിട്ടിയത് ഇപ്പോൾ 19.6 ശതമാനമായി കുറഞ്ഞു. എന്തൊരു തകർച്ചയാണ്! കേരളത്തിലെ 179 മണ്ഡലങ്ങളിൽ കെട്ടിവച്ച കാശും പോയി. ഞങ്ങൾ ഇൻഡ്യാ രാജ്യത്ത് ലോകാവസാനംവരെ ഭരിക്കാമെന്നൊന്നും ഏറ്റവരല്ലല്ലോ; ഞങ്ങൾ ഈ ജനാധിപത്യത്തിൽ പങ്കെടുക്കുന്നത് തൊഴിലാളി വർഗ്ഗത്തെ സംഘടിപ്പിക്കുക എന്ന നിലയ്ക്കാണ്. ഞങ്ങൾ അവസാനംവരെ ഇവിടെ നിൽക്കാമെന്നൊന്നും വിചാരിച്ച് ഇരിക്കുന്നവരല്ല. നിങ്ങൾ അങ്ങനെയല്ല. 179 മണ്ഡലങ്ങൾക്ക് കെട്ടിവച്ച പണം കിട്ടാത്ത ഒരു പാർട്ടിയായി കോൺഗ്രസ്സ് മാറി. ബംഗാളിൽ നിങ്ങൾക്ക് 4 സീറ്റ് കിട്ടിയപ്പോൾ ഞങ്ങൾക്ക് രണ്ടേ കിട്ടിയുള്ളൂ. എന്താണ് കാര്യം? ബംഗാളിലെ 42 സീറ്റുകളിൽ 35 സീറ്റുകളിലും നിങ്ങൾക്ക് കെട്ടിവച്ച കാശ് കിട്ടിയില്ല. 1972-ൽ സിദ്ധാർത്ഥ് ശങ്കർ റോയിയുടെ 'ഗർജ്ജിക്കുന്ന സിംഹ'മെന്നുപറയുന്ന ആ മണ്ണിൽ 35 സീറ്റുകളിൽ കെട്ടിവച്ചപണം ലഭിച്ചില്ല. ഞങ്ങൾക്ക് 42 സീറ്റുകളിലും കെട്ടിവച്ച പണം കിട്ടുകയും 2 സീറ്റുകളിൽ ജയിക്കുകയും ചെയ്തു. ഞങ്ങൾക്ക് പരാജയം സംഭവിച്ചാലും തിരിച്ചുവരും. അതുകൊണ്ട് നിങ്ങൾ ആ തരത്തിൽ ഊറ്റംകൊള്ളേണ്ടതില്ല. നാട് മാറുന്നുണ്ട്. ആ മാറ്റത്തെ നിങ്ങൾ കാണണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദിനോട് ഒന്നേ എനിക്ക് പറയാനുള്ളൂ, അങ്ങ് പഴയ ഊർജ്ജസ്വലനായ ആര്യാടനാകണം. ചില സംഭവമൊക്കെ നടന്നതിൽ ദുഃഖിച്ചതുകൊണ്ടൊന്നും കാര്യമില്ല. അശോകവനിയിൽ സീത ഇരിക്കുന്നതു പോലെയാണ് ഇപ്പോൾ ശ്രീ. ആര്യാടന്റെ അവസ്ഥ. 'രവിപോയി മറഞ്ഞതും സ്വയംഭുവനൻ ചന്ദ്രികയാൽ നിറഞ്ഞതും അവനീശ്വരിയെയോർത്തതില്ല പോന്നാൽ ഇവിടെ എത്താനിരിപ്പതും'. ആ തരത്തിലുള്ള സമീപനം ആര്യാടൻ എടുക്കരുത്. വളരെ സജീവമായി വൈദ്യുതിമേഖലയുടെ ഉത്തേജനത്തിനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകണമെന്ന് പറഞ്ഞു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററും ശ്രീ. കെ. രാജുവും ഞങ്ങളെ നോക്കി ചില കാര്യങ്ങളൊക്കെ സംസാരിച്ചു. നിങ്ങൾ ഇപ്പോൾ ഭരണത്തി ലൊന്നുമില്ല എന്നുള്ളത് അറിഞ്ഞുകൊണ്ടുവേണം സംസാരിക്കാനെന്നാണ് ശ്രീ. വി. പി. സജീന്ദ്രനെ ശ്രീ. കെ. രാജു ഉപദേശിച്ചത്. 37 വർഷം അധികാരത്തിലിരുന്ന ബംഗാളിൽ രണ്ടുസീറ്റ് കിട്ടി, ബാക്കിയുള്ള സ്ഥലത്തെല്ലാം കെട്ടിവച്ച കാശ് പോക്കറ്റിലുണ്ടെന്ന് പറഞ്ഞുകൊണ്ട് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററും മേനിനടിക്കുകയാണ് ചെയ്തത്. 'അന്യന്റെ കണ്ണിലെ കരട് എടുക്കുന്നതിനുമുമ്പ് സ്വന്തം കണ്ണിലെ കോലെടുക്കുന്നതായി രിക്കും നല്ലത്' എന്ന് ശ്രീ. കുഞ്ഞമ്മത് മാസ്റ്ററേയും, ശ്രീ. കെ. രാജുറിനെയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന രണ്ടുവകുപ്പുകളാണ് കെ.എസ്.ആർ.ടി.സി.-യും വൈദ്യുതിയും. ഇടതുമുന്നണിയുടെ ഭരണ കാലത്ത് കറണ്ടിന്റെ ഉൽപ്പാദനം ധാരാളം വർദ്ധിപ്പിച്ചു. യു.ഡി.എഫ്. വരുമ്പോൾ ആ ഉൽപ്പാദനം വർദ്ധിക്കുന്നില്ല. ഞങ്ങൾ ഇത്ര ഇത്രയൊക്കെ ഉദ്ഘാടനം ചെയ്തുവെന്നൊക്കെ ഇവിടെ സ്ഥിരമായി പറയാറുണ്ട്. ഉദ്ഘാടനം ചെയ്യാനുള്ള ഭാഗ്യം നിങ്ങൾക്കും തുടങ്ങാനുള്ള ദൗത്യം ഞങ്ങൾക്കുമാണ്. ഒരു വർഷംകൊണ്ടും രണ്ടുവർഷംകൊണ്ടും മൂന്നുവർഷംകൊണ്ടും ഒരു വൈദ്യുത പദ്ധതി ആരംഭിച്ച് പ്രൊഡക്ഷൻ ആരംഭിക്കാൻ കഴിയില്ലല്ലോ. അതുകൊണ്ടാണ് ശ്രീ. എ. കെ. ബാലൻ അധികാരത്തിൽവന്ന് ഒരു വർഷത്തിനുള്ളിൽ വൈദ്യുത പദ്ധതികളുടെ ഉദ്ഘാടനം ചെയ്യാൻ അവസരമുണ്ടായത്. അത് അദ്ദേഹം തുടങ്ങിയതാണോ? അല്ലല്ലോ. ഉദ്ഘാടനം ചെയ്തുവെന്നുള്ളതു മാത്രമാണ് കാര്യമെന്ന് സൂചിപ്പിക്കുന്നത് ശരിയല്ല. വൈദ്യുതിയുടെ ലാഭനഷ്ട കണക്കുകളുടെ കാര്യം പറഞ്ഞു. മഴയെ ആശ്രയിച്ചാണ് ഇപ്പോഴും നമ്മുടെ വൈദ്യുതി ഉൽപ്പാദനം നിലനിൽക്കുന്നത്. മഴ കുറഞ്ഞാൽ നമുക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങിക്കണം. അപ്പോൾ മാർക്കറ്റിലെ വൈദ്യുതി യുടെ വിലയനുസരിച്ച് നമുക്ക് ചെലവഴിക്കേണ്ടിവരും. അങ്ങനെവരുമ്പോൾ നഷ്ടം വരും. അതിനകത്ത് യാതൊരു സംശയവുമില്ല. ഇപ്രാവശ്യം നമുക്ക് മഴ കുറഞ്ഞു. മഴ കുറഞ്ഞ കാലഘട്ടത്തിൽ പുറത്തുനിന്ന് വൈദ്യുതി

വാങ്ങേണ്ടിവരുന്നു. ഈ നിലയിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ല. നമുക്ക് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കണം. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്, പരിസ്ഥിതിക്കാർ പറയുന്നതുമാത്രം കേട്ടുകൊണ്ട് നമുക്ക് മാറിനിൽക്കാൻ കഴിയുമോ? അവർ പറയുന്നത് കേൾക്കണ്ടായെന്നു ഞാൻ പറയുന്നില്ല. അതിരപ്പിള്ളി പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾ നമുക്ക് ആരംഭിക്കാൻ കഴിയണം. ആരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മൾ വീണ്ടും ഇരുട്ടിലാകും. ആ നഷ്ടത്തിന്റെ കണക്കുകൾ അങ്ങേ വശത്തുനിന്നും ഇങ്ങേ വശത്തുനിന്നും പറഞ്ഞുകൊണ്ടിരിക്കുകയേയുള്ളൂ. 700-ലേറെ മെഗാവാട്ട് വൈദ്യുതി കാറ്റിൽനിന്ന് ഉൽപ്പാദിപ്പിക്കാമെന്ന് കണ്ടെത്തി. പക്ഷേ നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് 35 മെഗാവാട്ട് മാത്രമാണ്. നമുക്ക് എങ്ങനെയാണ് മുന്നോട്ടുപോകാൻ കഴിയുന്നത്? കൂടംകുളത്തുനിന്നുള്ള പുനലൂർ - മടക്കത്തറ ലൈൻ ഇതുവരെയും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പുതുപ്പള്ളിയിൽ കയറിയപ്പോഴാണ് കുഴപ്പമെന്ന് പറഞ്ഞു. അവിടെ മാത്രമല്ല കുഴപ്പം. എന്റെ നിയോജകമണ്ഡലത്തിലും കോന്നി, റാന്നി എന്നീ നിയോജകമണ്ഡലങ്ങളിലും കുഴപ്പമുണ്ടായി. അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അന്നത്തെ ഗവൺമെന്റ്, ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ പരിശ്രമമുണ്ടായി. അദ്ദേഹം നന്നായി പരിശ്രമിച്ചു, പക്ഷേ അതിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഇതിനായി എത്ര കോൺഫറൻസുകൾ കൂടി? കൂടിയ നഷ്ടപരിഹാരം കൊടുക്കാമെന്ന് പറഞ്ഞു. പക്ഷേ ഇതുവരെയും നമുക്ക് ലൈൻ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഓരോരോ കാരണങ്ങൾകൊണ്ട് വൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ കഴിയുന്നില്ല. കൂടംകുളത്തുനിന്നും വൈദ്യുതി ആവശ്യപ്പെട്ട് സമരത്തിനുപോയ ആളുകൾ ഇവിടെയുണ്ട്. പകുതിക്കുവച്ച് ആ സമരം നിർത്തേണ്ടിവന്നു. അങ്ങോട്ട് കയറാൻ പറ്റിയില്ല. അവിടെ എത്തിയില്ല. പേരിനും പ്രശസ്തിക്കുംവേണ്ടി പദ്ധതികളെ എതിർക്കുകയാണ്. ഈ പദ്ധതികൾ ആരംഭിച്ചാൽ മാത്രമേ നമുക്ക് വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുകയുള്ളൂ. അതിനുവേണ്ടിയുള്ള പരിശ്രമമുണ്ടാകണമെന്നാണ് എനിക്ക് വൈദ്യുതിയെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. അതുപോലെ കെ.എസ്.ആർ.ടി.സി. ഓരോ ദിവസവും നഷ്ടത്തിലേക്കാണ് പോകുന്നത്. പ്രതിമാസം 244 കോടി രൂപയുടെ ചെലവ്, 150 കോടി രൂപയുടെ വരുമാനം, 94 കോടി രൂപ നഷ്ടം. ഓരോ മാസവും 94 കോടി രൂപയുടെ നഷ്ടം സഹിക്കുന്ന ഏത് സ്ഥാപനത്തിന് മുന്നോട്ടു പോകാൻ കഴിയും? ഒരു സ്ഥാപനത്തിനും മുന്നോട്ടുപോകാൻ കഴിയില്ല. എൽ.ഡി.എഫ്. ഭരിച്ചാലും യു.ഡി.എഫ്. ഭരിച്ചാലും അങ്ങനെയാണ്. ഈ നഷ്ടം നമുക്ക് കുറച്ചുകൊണ്ടുവരണ്ടേ. ചെക്കിംഗ് ഇൻസ്പെക്ടേഴ്സ് റോഡിലിറങ്ങിയപ്പോൾ വരുമാനം കൂടിയെന്ന് കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടു. അപ്പോൾ എന്തുകൊണ്ട് ഈ ചെക്കിംഗ് ഇൻസ്പെക്ടർമാർ ഇത്രയുംകാലം ചെക്ക് ചെയ്യാൻ പോയില്ല? അവരുടെ ജോലി എന്തായിരുന്നു? ചെക്കിംഗ് ഇൻസ്പെക്ടർമാർ ചെന്നാൽ വരുമാനത്തിൽ 65 ലക്ഷം രൂപയുടെ വ്യത്യാസം വരുമായിരുന്നെങ്കിൽ അവിടെ ചോർച്ചയുണ്ടല്ലോ. ആ ചോർച്ച

LIBRARY ARCHIVES Kerala Legislative Assembly

നിർത്തുന്നതിന് എന്ത് നടപടിയാണ് നമ്മൾ സ്വീകരിക്കുന്നത്? എല്ലാ കാലത്തും കെ.എസ്.ആർ.ടി.സി.-യിൽ ചോർച്ചയുണ്ട്. കെ.എസ്.ആർ.ടി.സി.-യും പ്രൈവറ്റ് ബസും ഓടുന്ന റൂട്ടുകളിൽ പ്രൈവറ്റ് ബസ്സിന്റെ പുറകെ മാത്രമേ പോകൂവെന്ന നിർബന്ധബുദ്ധി എന്തിനാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്? ഇത് നമുക്ക് ലാഭത്തിൽ കൊണ്ടുവരണ്ടേ? ലാഭത്തിൽ കൊണ്ടുവരണമെങ്കിൽ മാനേജുമെന്റും തൊഴിലാളികളും വിചാരിക്കണം. എല്ലാവരും വിചാരിക്കാതെ എങ്ങനെ ലാഭത്തിൽ കൊണ്ടുവരാൻ കഴിയും? പക്ഷേ അതിനുവേണ്ടിയുള്ള ഒരു പരിശ്രമം അങ്ങ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു. തീർച്ചയായും അത് നല്ല കാര്യമാണ്. അത് ആ നിലയിൽത്തന്നെ പോകട്ടെ. 2,700 കോടി രൂപ സഞ്ചിത നഷ്ടമാണ്. അത്തരത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തെ കരകയറ്റണം. പ്രത്യേകിച്ചും ശക്തമായ തൊഴിലാളി യൂണിയനുകളുള്ള കെ.എസ്.ആർ.ടി.സി.-യിൽ റീ-വൈറ്റലൈസേഷൻ പാക്കേജ് വളരെ ശ്രമകരമായ ഒന്നാണ്. അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് റീ-വൈറ്റലൈസേഷൻ പാക്കേജ് നടപ്പിലാക്കണം. ഇപ്പോൾ 1,300 കോടി രൂപയാണ് കെ.ടി.ഡി.എഫ്.സി.-ക്ക് കൊടുക്കാനുള്ളത്. 1,300 കോടി രൂപയ്ക്ക് 14.5 ശതമാനം പലിശയ്ക്ക് എത്ര ലക്ഷം രൂപ ഓരോ മാസവും കൊടുക്കേണ്ടി വരും? നമുക്ക് കുറഞ്ഞ പലിശയ്ക്ക് പണം കടമെടുക്കാൻ കഴിയണം. അങ്ങ് എൽ.ഐ.സി.-യുമായി സംസാരിച്ച്, 10 ശതമാനം പലിശയ്ക്ക് എൽ.ഐ.സി., കെ.ടി.ഡി.എഫ്.സി.-യുടെ ലോൺ ടേക്ക് ഓവർ ചെയ്യാമെന്ന് പറയുന്നു. തീർച്ചയായും അത് നല്ല കാര്യമാണ്. പക്ഷേ ടേക്ക് ഓവർ ചെയ്യുമ്പോൾ അഞ്ചുവർഷം 14.5 ശതമാനം പലിശ കൊടുക്കുന്നതിന് തുല്യമായി 15 വർഷത്തേക്ക് 10 ശതമാനത്തിന് എമൗണ്ട് കൊടുക്കേണ്ടി വരുമോയെന്നുള്ളതിനെ സംബന്ധിച്ച് നെഗോഷ്യേറ്റ് ചെയ്യണം. ഇത് ലാഭകരമാണോ അല്ലയോ എന്നുള്ളത് തീർച്ചയായും നോക്കണം. മറ്റ് ഏജൻസികളുമായി ബന്ധപ്പെടണം. ഏതെല്ലാം വഴികളിൽ കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക ചോർച്ച നടക്കുന്നുവെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായിത്തന്നെ അങ്ങ് പരിശോധിക്കണം. ചോർച്ചകൾ തടഞ്ഞ് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമമുണ്ടാകണം. റീ-വൈറ്റലൈസേഷൻ പാക്കേജിനകത്ത് ഒരു കാര്യം സൂചിപ്പിച്ചിരിക്കുന്നത് പ്രതിഷേധാർഹമാണ്. പെൻഷൻ കൊടുക്കുന്നതിനുവേണ്ടി പ്രത്യേകമായൊരു സെസ് ഏർപ്പെടുത്താൻ പോകുന്നു എന്നത് തീർച്ചയായും ജനങ്ങളുടെമേൽ ചാർജ്ജ് വർദ്ധനയ്ക്ക് ഇടയാക്കുന്നതും ഇതിന്റെ പാപഭാരം ജനങ്ങളുടെമേൽ ഏൽപ്പിക്കുന്ന ഒരു നടപടിയുമാണ്. അത് തീർച്ചയായും ഉപേക്ഷിക്കണമെന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ സൂചിപ്പിച്ച പുഷ്-ബാക്ക് സീറ്റുള്ള വാഹനങ്ങളുടെ ടാക്സ് വർദ്ധന, പുഷ്-ബാക്ക് സീറ്റുള്ള ടെമ്പോ ട്രാവലറിനുപോലും ബാധകമാണ്. പഴയ കാറുകൾക്ക് അഞ്ചു വർഷം ഒരുമിച്ച് ടാക്സ് അടയ്ക്കണമെന്നു പറയുന്നത് ശരിയല്ല. കാരണം പഴയ കാറുകൾ എത്ര നാൾ നിലനിൽക്കുമെന്ന് പറയാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ തീരുമാനം പിൻവലിക്കണം. ശരിയായ രീതിയിലല്ല ടാക്സേഷനെന്നു ഞാൻ അങ്ങയോട് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് വനം-പരിസ്ഥിതി മന്ത്രികൂടിയാണ്. ആറന്മുള വിമാനത്താവള പദ്ധതിയിൽ നിന്ന് ഗവൺമെന്റ് പിൻവാങ്ങുന്നു എന്നുള്ളതിനെ സംബന്ധിച്ച അങ്ങയുടെ പ്രസ്താവനയെ കഴിഞ്ഞ ദിവസം ശ്രീ. മുല്ലക്കര രത്നാകരൻ അഭിനന്ദിക്കുന്നതായിട്ടാണ് കണ്ടത്. കഴിഞ്ഞ ദിവസം പ്രസംഗിച്ചപ്പോൾ ഇടയ്ക്കിടയ്ക്ക് ആറന്മുള എന്ന് ശ്രീ. സാജുപോളും സംസാരിക്കുന്നതുകേട്ടു. ഗവൺമെന്റ് ഇതിൽ നിന്നും പിന്മാറാനായി തീരുമാനിച്ചിട്ടുണ്ടോ? എൻവയോൺമെന്റ് ക്ലിയറൻസ് ഗ്രീൻ ട്രിബ്യൂണൽ ചെന്നൈ കോടതി തള്ളിക്കളഞ്ഞപ്പോൾ, എൻവയോൺമെന്റ് ക്ലിയറൻസ് കൊണ്ടുവരാനുള്ള ബാദ്ധ്യത കമ്പനിക്കാണെന്നാണ് ഗവൺമെന്റ് അഭിപ്രായപ്പെട്ടത്. ശ്രീ. പി. സി. ജോർജ് അത് പ്രൈവറ്റ് വിമാനത്താവളമെന്ന് പറഞ്ഞു. അപ്പോൾ ബോംബെ വിമാനത്താവളവും ഡൽഹി വിമാനത്താവളവും ബാംഗ്ലൂർ വിമാനത്താവളവും ഹൈദ്രാബാദ് വിമാനത്താവളവുമൊക്കെ പ്രൈവറ്റ് വിമാനത്താവളങ്ങളാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തെക്കുറിച്ച് സമയമുണ്ടെങ്കിൽ പറയാം. അതുകൊണ്ട് ഈ വിമാനത്താവളത്തിന് എൻവയോൺമെന്റ് ക്ലിയറൻസ് റദ്ദു ചെയ്തു. എൻവയോൺമെന്റ് ക്ലിയറൻസ് കൊണ്ടുവരേണ്ട ബാദ്ധ്യത കമ്പനിക്കാണ്. അതു കൊണ്ടുവന്നു കഴിഞ്ഞാൽ ഗവൺമെന്റ് ഇതുവരെ എടുത്തിരുന്ന നിലപാട് അതുമായി സഹകരിക്കുക എന്നുള്ളതാണ്. ആ നിലയിൽ മുന്നോട്ടുപോകണം എന്നാണ് അവിടത്തെ ജനപ്രതിനിധി എന്നുള്ള നിലയിൽ എന്റെ അഭിപ്രായം. ഇതിനെക്കുറിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തും സൂചിപ്പിച്ചതാണ്. കഴിഞ്ഞ നിയമസഭയിൽ ഈ വിമാനത്താവള പദ്ധതിയുമായി ഞങ്ങൾ മുന്നോട്ടുപോകും, അതു പറഞ്ഞു കൊണ്ടുതന്നെ ഞങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് പറഞ്ഞതാണ്. ഞങ്ങൾ അതുതന്നെ പറഞ്ഞുകൊണ്ട് തെരഞ്ഞെടുപ്പിൽ മത്സരിച്ചു. ഞങ്ങൾ മത്സരിച്ചു കഴിഞ്ഞപ്പോൾ ആറന്മുള നിയോജകമണ്ഡലത്തിൽ 11,500 വോട്ടിന്റെ ഭൂരിപക്ഷവും, ശ്രീ. കെ. രാജുവിന്റെ നിയോജകമണ്ഡലമായ റാന്നിയിൽ 9000 വോട്ടിന്റെയും, ശ്രീ. മാത്യു ടി. തോമസിന്റെ നിയോജക മണ്ഡലത്തിൽ 13000 വോട്ടിന്റെയും മെജോറിറ്റി ലഭിച്ചു. ഈ വിമാനത്താവളം വരുന്നു എന്നു പറയുന്ന പ്രദേശത്തെ ബൂത്തുകളിൽ അഞ്ചു ബൂത്തുകളിൽ യുഡിഎഫ്-നും നാല് ബൂത്തുകളിൽ ബി.ജെ.പി.-ക്കും മൂന്ന് ബൂത്തുകളിൽ മാർക്സിസ്റ്റ് പാർട്ടിക്കും ഭൂരിപക്ഷമുണ്ട്. ഞങ്ങൾക്ക് ഇതിനകത്ത് സംശയമില്ല. ഭരണപക്ഷത്തുള്ളവർക്കും പ്രതിപക്ഷത്തുള്ളവർക്കും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. അത് പറയുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. ഈ വിഷയം തെരഞ്ഞെടുപ്പിൽ ഉന്നയിക്കുമെന്ന് പറഞ്ഞപ്പോൾ എന്റെ ഒരു യുവസുഹൃത്ത് ആന്റോ ആന്റണിയോട് ഇത്രയും ദേഷ്യമോ എന്നാണ് ചോദിച്ചത്. ഒരു ദേഷ്യവുമില്ലെന്ന് ഇപ്പോൾ ബോദ്ധ്യമായില്ലേ? ഇവിടെ അന്നവും വെള്ളവും എന്നു പറഞ്ഞ് ഒപ്പിട്ടതിനുശേഷം 74 എം.എൽ.എ. മാർ ഈ വിമാനത്താവളത്തിനെതിരാണെന്ന് പറഞ്ഞ് അത് നിവേദനമാക്കിയത് ശരിയാണോ? ഈ യാഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യങ്ങളല്ല എന്നു പറഞ്ഞുകൊണ്ട് മുന്നോട്ടു പോകാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വിമാനത്താവള സമരം യഥാർത്ഥത്തിൽ സംഘ്പരിവാറിന്റെ ഒരു അജണ്ടയായിരുന്നു. ഈ സമരത്തിൽ ചേർന്നതുകൊണ്ട് സി.പി.ഐ.(എം).-ന്റെ 13,800 വോട്ട് ബി.ജെ.പി.-ക്ക് ലഭിച്ചു. എന്നാൽ, ആറന്മുളയിലും പത്തനംതിട്ടയിലും അവർ പിന്നോട്ട് പോയി എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ ശിവദാസൻ നായർ : സർ, അത് ശരിയാണ്. ചെളവന്നൂരിലെ ഡി.എൽ.എഫ് ഫ്ളാറ്റ് സമുച്ചയത്തെ സംബന്ധിച്ച് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ഉന്നയിച്ചിരുന്നു. ഇതിന് അനുമതി കൊടുത്തതും പണി തീർത്തതുമൊക്കെ എൽ. ഡി. എഫ്- ആയിരുന്നു. അന്ന് കൊച്ചിൻ കോർപ്പറേഷൻ അവരുടെതായിരുന്നു. ഇപ്പോൾ എന്തോ കുഴപ്പം കാണിച്ചു എന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഞങ്ങളുടെ മുഖത്തു നോക്കി പറയുകയാണ്. പാറ്റൂരിലെ ഫ്ളാറ്റിന് അനുമതി കൊടുത്തതിനെ സംബന്ധിച്ചും ഇവിടെ ചിലർ ചില കാര്യങ്ങളുന്നയിക്കുന്നുണ്ട്. എന്നാണ് അതിന് അനുമതി കൊടുത്തത്? അന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഭരിച്ചിരുന്നത് എൽ.ഡി.എഫ്.-ആയിരുന്നു. അവരാണ് ഫ്ളാറ്റ് നിർമ്മിക്കാൻ അനുമതി കൊടുത്തത്. എന്നിട്ട് ഞങ്ങളുടെ മുഖത്തു നോക്കി ഞങ്ങൾ എന്തോ കുഴപ്പമുണ്ടാക്കിയെന്ന് പറയുന്നു. എയർപോർട്ടിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. 18 അനുമതികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തു. ഞങ്ങൾ കുഴപ്പമൊന്നും കാണിക്കുന്നില്ല എന്നുമാത്രമല്ല ഞങ്ങൾ ഒരു കുഴപ്പം കാണിക്കാനും ഉദ്ദേശിക്കുന്നില്ല. പരിസ്ഥിതി എല്ലായിടത്തും ഉണ്ടാകണം. കണ്ണൂർ എയർപോർട്ട് വരുന്നതിന് എനിക്ക് വിരോധമൊന്നുമില്ല. വരണം എന്നുതന്നെയാണ് എന്റെ ആഗ്രഹം. മെട്രോ മനോരമയിലെ വാർത്തയാണ്. ഒരു വലിയ കുന്ന് അത് ഇടിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ കുഴപ്പമുണ്ടാക്കാൻ പറയുന്നതല്ല. കാരണം മനോരമയും അതൊരു നല്ല കാര്യമായിട്ടാണ് ചിത്രീകരിച്ചത്. മൂർക്കപ്പറമ്പിൽ നീക്കുന്നത് 2.16 കോടി ഘനമീറ്റർ മണ്ണാണ്. ഇതുവേണമെന്നാണ് എന്റെ അഭിപ്രായം. ഇത് വേണ്ടെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ, അവിടെ പരിസ്ഥിതി കൊള്ളാം, ഇവിടെ പരിസ്ഥിതി മോശമെന്നു പറയുന്ന ആ ഒരു ലോജിക്, അത് ശരിയാണോ? നെടുമ്പാശ്ശേരി എയർപോർട്ടിനെ സംബന്ധിച്ച് അവരുടെ ഒഫിഷ്യൽ വെബ്സൈറ്റിലുള്ളത് ഇങ്ങനെയാണ്. An area of 10,253 acres of land was repaired for the Project which belong to 3,824 land owners and 822 households, who vigorously oppose land acquisition with the active support of local leaders cutting across party lines. Three temples and two Churches were to be demolished. Four major roads, three high tension lines and even a river needed to be re-aligned to facilitate construction for the run way.

ഇന്നലെ ശ്രീ. മുല്ലക്കര രത്നാകരൻ ഒരു കോഴിത്തോട് നികത്തിയത് മാറ്റാൻവേണ്ടി ഹൈക്കോടതി പറഞ്ഞിരിക്കുന്നു എന്ന് ഇവിടെ വളരെ വാശിയോടുകൂടി പറയുന്നതു കേട്ടു. കോഴിത്തോട് അടച്ചപ്പോൾ മന്ത്രി

ആരായിരുന്നു? മന്ത്രി ശ്രീ. മുല്ലക്കര രത്നാകരനായിരുന്നു. അന്ന് ശ്രീ. മുല്ലക്കര രത്നാകരൻ ഇതൊന്നും കണ്ടില്ല. റവന്യൂ വകുപ്പും ഒന്നും പറഞ്ഞില്ല. റവന്യൂ പുറമ്പോക്കിലാണ് ഈ തോട് വരുന്നത്. അന്ന് അവിടത്തെ എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് കരുതുന്നു.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....അങ്ങ് ആറു മിനിട്ട് അധികമെടുത്തു.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നത് എൻവയോൺമെന്റ്സ് ക്ലിയറൻസ് കൊണ്ടുവരേണ്ടത് കമ്പനിയുടെ ജോലിയാണ്. അത് ഗവൺമെന്റിന്റെ ജോലിയല്ല. പക്ഷേ, അനാവശ്യമായ തർക്കങ്ങളുന്നയിച്ച് ഇല്ലാത്ത പരിസ്ഥിതി പ്രശ്നങ്ങളുന്നയിച്ച് ഒരു പദ്ധതിയെ അട്ടിമറിച്ച് ജില്ലയിലെ ജനങ്ങളുടെ ആഗ്രഹത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് ശരിയോ തെറ്റോ എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം.

കേരളത്തിലെ വിമാനയാത്ര ആഡംബരമല്ല. മറിച്ച് ഇന്നിന്റെ ആവശ്യമാണ്. ഉദാരവത്ക്കരണവും ആഗോള സാമ്പത്തികനിലയിലെ മാറ്റങ്ങളും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിമാന യാത്രക്കാരുടെ എണ്ണത്തിൽ കേരളത്തെ വളരെയധികം മുന്നിൽ എത്തിച്ചിരിക്കുകയാണ്. ഒരു കാര്യംകൂടി സൂചിപ്പിക്കുന്നു. അന്താരാഷ്ട്ര വിമാനയാത്രികരുടെ എണ്ണത്തിൽ നെടുമ്പാശ്ശേരിയുടെ സ്ഥാനം രാജ്യത്ത് നാലാമതും കോഴിക്കോട് ഏഴാമതും തിരുവനന്തപുരം എട്ടാമതുമാണ്. ഇത് ഇന്ത്യയിലെ സ്ഥിതിയാണ്. ഇന്ത്യയിലെ തിരക്കേറിയ വിമാനത്താവളങ്ങളുടെ പട്ടികയിൽ നെടുമ്പാശ്ശേരി ഏഴാം സ്ഥാനത്താണ്. തിരുവനന്തപുരം 11-ാം സ്ഥാനത്തും കോഴിക്കോട് പന്ത്രണ്ടാം സ്ഥാനത്തുമാണ്. കേരളത്തിൽ ഇന്നിന്റെ ആവശ്യം തന്നെയാണ് ആറന്മുള എയർപോർട്ട്. അതിനെ അനാവശ്യമായ തർക്കങ്ങളുന്നയിച്ച് അട്ടിമറിക്കാൻ, അതാരംഭിച്ച, അതിനുവേണ്ടി എല്ലാ ഉത്തരവുകളും പുറപ്പെടുവിച്ച, അതിനെ എല്ലാ തരത്തിലും സഹായിച്ച ആളുകൾതന്നെ പരിശ്രമിക്കുന്നത് ശരിയല്ല എന്ന് അവരെ ഓർമിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

പരിസ്ഥിതി വാദം എന്നുപറഞ്ഞാൽ വാസ്തവ വിരുദ്ധവും സത്യവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കലല്ല. യാഥാർത്ഥ്യങ്ങളെ ജനങ്ങൾക്കു മുമ്പാകെ കൊണ്ടുവരികയാണ് അവരുടെ ഉദ്ദേശ്യം. അതുപക്ഷേ ദൗർഭാഗ്യവശാൽ ആറന്മുളയിൽ നിർവ്വഹിക്കുന്നില്ല എന്ന് പറയേണ്ടിവരും. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ ഒരു ഭാഗത്തെ ഖണ്ഡിച്ച് ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ ഇവിടെ സൂചിപ്പിച്ചു.

3.00 PM] 2003-2005 കാലഘട്ടത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന അവസാന നാളുകളിലും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയ സമയത്തുമായാണ് കോഴിത്തോട് ഉൾപ്പെടെ ആറന്മുളയിലെ 90 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

പാടശേഖരങ്ങളും നികത്തിയത്. അദ്ദേഹത്തിന്റെ വീടിനുമുന്നിലുള്ള സംഭവമാണ്. എന്തുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത് എന്നെനിക്കറിയില്ല. അതുസംബന്ധിച്ച് ക്രിമിനൽ ഉൾപ്പെടെ ആറേഴ് കേസ്സുകൾ കോടതിയിൽ നിലനിൽക്കുന്നുമുണ്ട്. പിന്നെ ആറന്മുള വിമാനത്താവളത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ അത് അടഞ്ഞ അദ്ധ്യായമാണ്. ഇവിടെ ചർച്ച ചെയ്ത് വിലപ്പെട്ട സമയം കളയേണ്ടതുണ്ടോ എന്നെനിക്കറിയില്ല. ഞാൻ വിഷയത്തിലേക്ക് വരികയാണ്.

ഇവിടെ ഇരുഭാഗത്തുമുള്ള അംഗങ്ങൾ ഉന്നയിച്ച ഒരു പ്രശ്നമാണ് വാഹന നികുതി വർദ്ധനവ്. ഇന്ത്യയിലിത്രയും നികുതി വർദ്ധനവ് മറ്റൊരു സ്ഥലത്തുമില്ല. അതിന് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചു. കാസർഗോഡ്-മംഗലാപുരം സീറ്റൊന്നിന് 660 രൂപയാണ് നിരക്ക്. ടൂറിസ്റ്റ് ബസ്സിൽ ഒരു വിവാഹപ്പാർട്ടിക്ക് പോകണമെന്നുണ്ടെങ്കിൽ സർച്ചാർജ്ജുൾപ്പെടെ 30,854 രൂപയാണ് കൊടുക്കേണ്ടിവരുന്നത്. ബസ്സിന്റെ ഒരു ദിവസത്തെ വാടക 7000 രൂപ മുതൽ 10,000 വരെ മാത്രമേയുള്ളൂ. സർച്ചാർജ്ജും നികുതിയുംകൂടി വരുമ്പോഴാണ് വാടകയുടെ മൂന്നിരട്ടിയിലേറെ പെർമിറ്റിനു വേണ്ടി നൽകേണ്ടിവരുന്നത്. ജീപ്പ്, ഇന്നോവ, ടവേര എന്നീ വാഹനങ്ങൾക്ക് രണ്ടുവർഷത്തെ നികുതി 1040 രൂപയായിരുന്നതിൽനിന്നും 12000 രൂപയായി ഉയർത്തിയിരിക്കുകയാണ്. ടെമ്പോ ട്രാവലറിന്റെയും പുഷ് ബാക്കിന്റെയും കാര്യം ഇവിടെ പറഞ്ഞു. ഒരു ടൺ ചരക്ക് കൊണ്ടുപോകാൻ കഴിയുന്ന പിക്-അപ്പ് വാനുകളുടെ നികുതി 880 രൂപയിൽനിന്നും 4400 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുപോലെ ഒന്നര ടൺ കൊണ്ടുപോകാൻ കഴിയുന്ന ചരക്കുവാഹനങ്ങളുടെ നിരക്ക് 550 രൂപയിൽനിന്നും 11000 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഈ നിലയിലുള്ള നികുതി വർദ്ധനവ് രാജ്യത്തൊരിടത്തും ഉണ്ടായിട്ടില്ല. ഇതിനോടൊപ്പമാണ് ഇൻഷ്വറൻസ് പ്രീമിയം വർദ്ധിപ്പിച്ചിരിക്കുന്നത്. 2011-ൽ പ്രൈവറ്റ് കാറിന് 2875 രൂപയായിരുന്നു പ്രീമിയമെങ്കിൽ ഇപ്പോഴത് 4259 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഓട്ടോറിക്ഷയുടെ ഇൻഷ്വറൻസ് പ്രീമിയം 3102 രൂപയായി വർദ്ധിപ്പിച്ചു. 14665 രൂപയായിട്ടാണ് ഗുഡ്സ് വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം വർദ്ധിപ്പിച്ചിരിക്കുന്നത്. ലോറി, ബസ് എന്നീ വാഹനങ്ങൾക്ക് 15000 രൂപയ്ക്കുമുകളിലാണ് പ്രീമിയം അടയ്ക്കേണ്ടത്. ടാക്സി കാറുകൾക്ക് 12807 രൂപയായി ഇൻഷ്വറൻസ് പ്രീമിയം വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുപോലെ സ്പെയർ പാർട്ട്സിന്റെ വില ഇരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. സ്വാഭാവിക റബ്ബറിന്റെ വില താഴോട്ടുപോകുമ്പോഴും ടയറിന്റേയും ട്യൂബിന്റേയും വില ഇരട്ടിയാകുന്നു. ഇങ്ങനെ വളരെ ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നതുകൊണ്ടാണ് നാളെ (24-6-2014) കേരളത്തിലെ എല്ലാ ജോയിന്റ് ആർ.ടി. ഓഫീസുകളിലേക്കും ആർ.ടി. ഓഫീസുകളിലേക്കും പതിനായിരക്കണക്കിന് മോട്ടോർ തൊഴിലാളികൾ മാർച്ച് നടത്തുന്നത്. അതോടൊപ്പംതന്നെ നിയമസഭയിലേക്കും ഇവർ മാർച്ച് നടത്തുന്നുണ്ട്. ഇതിൽ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ല. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., ബി.എം.എസ്., എച്ച്.എം.എസ്., കെ.ടി.യു.സി., ടി.യു.സി., യു.ടി.യു.സി.,



LIBRARY ARCHIVES Kerala Legislative Assembly

എസ്.റ്റി.യു. തുടങ്ങി എല്ലാ ട്രേഡ് യൂണിയനുകളും മാർച്ചിൽ പങ്കെടുക്കുന്നുണ്ട്. ഇവിടെ 68 ലക്ഷം മോട്ടോർ വാഹനങ്ങളുണ്ടെങ്കിൽ ഏതാണ്ട് 30 ലക്ഷത്തോളം തൊഴിലാളികളുമുണ്ട്. ഈ മുപ്പതുലക്ഷത്തോളം തൊഴിലാളികൾ നാളത്തെ മാർച്ചിനുപുറമെ ജൂലൈ 1, 2 തീയതികളിൽ 48 മണിക്കൂർ ചക്രസ്തംഭന സമരവും നടത്തുകയാണ്. ഇത് ഗവൺമെന്റിന്റെ തെറ്റ് തിരുത്തുന്നതിനു വേണ്ടിയുള്ള സമരങ്ങളാണ്. 24-ാം തീയതി നടത്തുന്ന മാർച്ചിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും ഇടപെട്ട് ചർച്ച നടത്തി അന്യായമായ ഈ കൊടുംകൊള്ള അവസാനിപ്പിക്കാൻ തയ്യാറാകണം. അനീതിയാണ് കാണിക്കുന്നത്. മോട്ടോർ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു സ്ഥാപനം കെ.എസ്. ആർ. ടി.സി.-യാണ്. കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികൾ 6 ദിവസമായി റിലേ സമരം നടത്തുകയാണ്. അവർക്ക് ഇനിയും ഒന്നര മാസത്തെ പെൻഷൻ കുടിശ്ശിക ലഭിക്കാനുണ്ട്. എൽ.ഐ.സി.-ക്കുപകരമായി എസ്.ബി.റ്റി. പെൻഷൻ രംഗത്തേക്ക് വരുമെന്നു പറയുന്നു. കെ.എസ്.ഇ.ബി.-യിൽ കടപ്പത്രം ഇറക്കിക്കൊണ്ടുള്ള ഒരു മോഡലുണ്ട്. ആ മോഡൽ കെ.എസ്.ആർ.ടി.സി.-ക്കും പിന്തുടരാൻ കഴിയുന്നതാണ്. ഇവിടെ സ്വകാര്യ മേഖലയിൽ ധാരാളം ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടായിരുന്നു. അതുസംബന്ധിച്ച് ഗവൺമെന്റ് ഓർഡിനൻസ് ഇറക്കി, അതിപ്പോൾ ഏതാണ്ട് ഇല്ലാതായ അവസ്ഥയിലാണ്. ഏതാണ്ട് 241 സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല. അത് നിർത്തലാക്കിയ മുറയ്ക്ക് ആ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. 30 സർവ്വീസുകൾ ആരംഭിച്ചു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അറിഞ്ഞോ എന്നറിയില്ല, വീണ്ടും സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കാനുള്ള നീക്കം നടക്കുന്നതായി അറിഞ്ഞു. സ്വകാര്യ ബസ്സുടമകൾ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി അനുമതി നിഷേധിച്ചു. പക്ഷേ പുറംവാതിലിലൂടെ ഈ ആളുകൾക്ക് വീണ്ടും പെർമിറ്റ് നൽകുന്ന സമീപനം വളരെ മോശമാണ് എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ട്രാൻസ്പോർട്ട് കമ്മീഷണറെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ഇപ്പോൾ 'പുലി പോയി എലി' വന്നു. ഐ.പി.എസ്. പോയിട്ട് എസ്.എസ്.എൽ.സി. പാസ്സായ ആളാണിപ്പോൾ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ചുമതല വഹിക്കുന്നതെന്നാണ് ഇന്നൊരു പത്രം പറഞ്ഞിരിക്കുന്നത്. ശരിയാണോ എന്നറിയില്ല. എന്തായാലും 'ഏത് വിരുന്നുകാരൻ വന്നാലും പൂവൻകോഴിക്ക് കഷ്ടകാലം' എന്നുപറഞ്ഞതുപോലെയാണ്, ഏത് ട്രാൻസ്പോർട്ട് കമ്മീഷണർ വന്നാലും വാഹനങ്ങളുടെ പുറത്തുകയറുക എന്നതാണ് അവരുടെ ജോലി. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ഗോപിനാഥ് മുണ്ടെ അപകടത്തിൽ മരിച്ചു. അതിൽ നമുക്കെല്ലാം സങ്കടമുണ്ട്. അദ്ദേഹം മരിച്ചപ്പോൾ ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത വിധത്തിൽ പിൻസീറ്റിലിരുന്ന് യാത്ര ചെയ്യുന്നവർക്കും സീറ്റ്ബെൽറ്റ് നിർബന്ധമാക്കിക്കൊണ്ട് ഒരു നിയമം കൊണ്ടുവന്നു. പുറകിലെ സീറ്റ് ബെൽറ്റ് ഇഷ്ടമുള്ളവർക്ക് ഉപയോഗിക്കാം. മറ്റൊരു സ്ഥലത്ത് രണ്ടാളുകൾ ബസ്സിൽനിന്നും വീണുമരിച്ചപ്പോൾ എല്ലാ ബസ്സുകളിലും വോൾവോ ബസ്സിന്റെ മോഡലിൽ വാതിലുകൾ നിർമ്മിക്കണമെന്ന് പറഞ്ഞു. രാജീവ് ഗാന്ധി

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി ആയിരിക്കുമ്പോൾ കൊണ്ടുവന്ന 1989-ലെ മോട്ടോർ ആക്ടിൽ 3 മിനിറ്റാണ് രണ്ട് ബസ്സുകൾ തമ്മിലുള്ള ദൈർഘ്യമായി പറഞ്ഞിരിക്കുന്നത്. വോൾവോ മോഡൽ വാതിൽ തുറക്കണമെങ്കിൽ 3 മിനിറ്റ് വേണം. വാതിലടയ്ക്കാനും 3 മിനിറ്റ് വേണം. അപ്പോൾ ഓരോ സ്റ്റോപ്പിലും 6 മിനിറ്റ് പോകും. ഇത്തരത്തിലുള്ള ഭ്രാന്തൻ തീരുമാനങ്ങൾ കൊണ്ടുവന്നതുകൊണ്ട് മോട്ടോർ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമോ? ഒരിക്കലുമില്ല. അപ്പോൾ ശാസ്ത്രീയമായ തീരുമാനങ്ങളാണ് ഇവിടെ കൊണ്ടുവരേണ്ടത് എന്നുള്ളതാണ് എന്റെ അഭിപ്രായം.

ഇപ്പോൾ കേരളത്തിലെ സർക്കാരിന്റെ ഖജനാവ് നിറയ്ക്കുന്നത് വഴിയോരങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 637 ക്യാമറകളാണ്. 8283 കി.മീ. വേഗതയിൽ പോയതിന് ഞാൻ 300 രൂപവച്ച് 13 പെറ്റി അടച്ചു. 8 പെറ്റിയുടെ നോട്ടീസ് വീട്ടിലുണ്ട്. ജയിലിൽ പോകേണ്ടിവന്നാലും അടയ്ക്കുന്നില്ല എന്നു തീരുമാനിച്ചിരിക്കുകയാണ്. ഓവർസ്പീഡ് വേണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. പക്ഷേ ഇതുസംബന്ധിച്ച് വളരെ ശാസ്ത്രീയമായ തീരുമാനങ്ങളെടുക്കണം. പുതിയതായി നിർമ്മിച്ചിരിക്കുന്ന നല്ല റോഡുകളിൽ മറ്റ് രാജ്യങ്ങളിൽ അനുവദിക്കപ്പെട്ടിരിക്കുന്ന സ്പീഡ് അനുവദിക്കുന്ന നടപടിയാണുണ്ടാകേണ്ടത്. അത്തരം കാര്യങ്ങളെക്കുറിച്ച് ഗതാഗത വകുപ്പ് ശാസ്ത്രീയമായി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നേരത്തെ ഗതാഗതത്തെപ്പറ്റി നമ്മൾ മറ്റൊരു മന്ത്രിയോടാണ് പറഞ്ഞിരുന്നത്. ഇപ്പോൾ വേറൊരു മന്ത്രിയോടാണ് പറയുന്നത്. അദ്ദേഹം നടപടിയെടുക്കാൻ കഴിവുള്ള ഒരാളാണ്. പക്ഷേ നടപടിയെടുത്തുവരുമ്പോൾ അദ്ദേഹത്തിന്റെ വകുപ്പ് മാറും. ഈയൊരു സ്ഥിതിയാണുള്ളത്. അപ്പോൾ ഏത് മന്ത്രിയോട് എങ്ങനെ പറയണമെന്ന് നമുക്കറിയാൻ പാടില്ലാത്ത അവസ്ഥയാണുള്ളത്.

വൈദ്യുതിയെ സംബന്ധിച്ച് ഇവിടെ എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടു എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഇനി ഭരണം രണ്ടുവർഷമുണ്ട്. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് വളരെ സീനിയറും തെറ്റുതിരുത്തി കാര്യങ്ങൾ പരിഹരിച്ചുകൊണ്ടുപോകാൻ കഴിവുള്ള ആളുമാണ്. പക്ഷെ നമ്മുടെ പ്രോജക്ടുകൾ ആരംഭിക്കണം. എന്റെ മണ്ഡലത്തിലെ പെരുനാട് 4 മെഗാവാട്ട് വൈദ്യുതി പദ്ധതി മാത്രമാണ് ആകെ ആരംഭിച്ചത്. ഇതുസംബന്ധിച്ച് ചോദ്യമായി ഉന്നയിച്ചപ്പോൾ സ്വകാര്യ സംരംഭം തുടങ്ങാൻ കഴിയും, എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു എന്നാണ് പറഞ്ഞത്. എന്നാൽ, ഈ പ്രോജക്ട് മൂന്നുവർഷമായി ഇഴയുകയാണ്. ഒരു പ്രോജക്ട് തുടങ്ങാൻ നമുക്ക് കഴിയുന്നില്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് തുടങ്ങിയ പള്ളിവാസൽ ജലവൈദ്യുതി പദ്ധതിയുടെ പണി ആരംഭിച്ചു, നിർത്തിവച്ചു. ചെങ്കുളം ആഗ്മെന്റേഷന്റെ പണി ആരംഭിച്ചു, നിർത്തിവച്ചു. തോട്ടിയാർ 40 മെഗാവാട്ടിന്റെ പണി ആരംഭിച്ചു, നിർത്തിവച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാത്തൻകോട്

LIBRARY ARCHIVES Kerala Legislative Assembly

7 മെഗാവാട്ടിന്റെ പണി ആരംഭിച്ചത് അതുപോലെതന്നെ നിൽക്കുന്നു. വിലങ്ങാട് 6 മെഗാവാട്ടിന്റെ പണി 2012 ജൂൺ മാസത്തിൽ തീരേണ്ടതാണ്. 2015 ആയാലും അത് തീരില്ല. ബാരാപോൾ 2015-16 ആകുമ്പോൾ പണി തീർന്നാൽ മഹാഭാഗ്യം. ആനക്കയം 30 മെഗാവാട്ട്, കക്കയം 4 മെഗാവാട്ട് എന്നീ പ്രോജക്ടുകൾ എൽ.ഡി.എഫ്.-ന്റെ കാലത്ത് ടെണ്ടർ ചെയ്യുകയും ഫൈനലൈസ് ചെയ്തതുമാണ്, പക്ഷേ, പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് കൽക്കരി നൽകുന്ന പെർമിഷൻ പിൻവലിച്ചു. പക്ഷേ ഛത്തീസ്ഗഢ് ഗവൺമെന്റ് കോടതിയിൽ പോകുകയും അനുമതി വാങ്ങിക്കുകയും ചെയ്തു. നമ്മുടെ ഗവൺമെന്റ് വൈതരണിയിലെ കൽക്കരിപ്പാടം മടക്കിക്കിട്ടാനുള്ള നടപടിയിലേക്ക് പോകുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു കാര്യം. അതോടൊപ്പം തന്നെ വൈദ്യുതി ബോർഡിന് ഗവൺമെന്റ് കൊടുക്കും എന്നുപറഞ്ഞ ഗ്രാന്റ് 650 കോടി രൂപയാണ്. കൊടുത്തത് വെറും 75 കോടി രൂപയാണ്. വൈദ്യുതി ബോർഡിനെ പ്രതിസന്ധിയിലാക്കാൻ സർക്കാർ തന്നെ മുൻകയ്യെടുക്കുന്നു. അതാണ് ഏറ്റവും നാണംകെട്ട ഒരു കാര്യം. സ്പെഷ്യൽ അലോക്കേഷൻസ് മുൻകൂട്ടി കൊടുക്കണമെന്നാണ്, ആ നിലയിലുള്ള ഒരു സഹായവും വൈദ്യുതി ബോർഡിന് കൊടുക്കുന്നില്ല എന്നുള്ളതും നമുക്ക് കാണാൻ കഴിയും. ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 65-ൽ അത് വളരെ വ്യക്തമായി പറയുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്താനുള്ള ഉപകരണങ്ങളും മറ്റും കൊടുക്കാൻ കഴിയണം. ഇതുമൂലം ധാരാളം അപകടങ്ങൾ വർദ്ധിക്കുന്നു എന്ന് നമുക്ക് കാണാൻ കഴിയും.

വനംവകുപ്പിനെ സംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഒരു പോയിന്റ് മാത്രമേ പറയാൻ ഉദ്ദേശിക്കുന്നുള്ളു. Man and Animal Conflict. അതാണ് ഇന്ന് ജനങ്ങളും വനവും വനംവകുപ്പും തമ്മിലുള്ള പ്രധാനപ്രശ്നം. ഇത് പരിഹരിക്കാനുള്ള ക്രിയാത്മകമായ നടപടികളുണ്ടാകണം. റാന്നി ടൗണിൽ പന്നിയിറങ്ങി ആയുർവേദ ആശുപത്രി അടിച്ചുതകർത്തു. ഈ നിലയിൽ കാര്യങ്ങൾ പോയാൽ എങ്ങനെയാണ്? വനം വകുപ്പിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിൽ ഞാനും ഒരു അംഗമാണ്. മൂന്നുവർഷം മുമ്പ് കമ്മിറ്റിയിൽ പറഞ്ഞ ഒരു വിഷയമാണ്. വനത്തിനുള്ളിൽ നിന്ന് മൃഗങ്ങൾ പുറത്തിറങ്ങാതിരിക്കണമെന്നുണ്ടെങ്കിൽ വനത്തിനുള്ളിൽ തീറ്റയുണ്ടാകണം. അന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ വനം വകുപ്പുമന്ത്രിയായിരുന്നു. ആ നിർദ്ദേശം ചർച്ച ചെയ്ത സമയത്ത് ഒരു തീരുമാനംപോലും എടുത്തിട്ടില്ല. ഗൗരവമായി കാര്യങ്ങൾ കാണാൻ കഴിയുന്നില്ല എന്നുള്ളതാണ് വനം വകുപ്പിന് സംഭവിച്ചിരിക്കുന്ന വീഴ്ച. പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് പോകുന്ന വഴിയിൽ വനം വകുപ്പിന്റെ പൊളിഞ്ഞുവീഴാറായ രണ്ട് ഷെഡ്ഡുകളുണ്ട്. അവിടെ തീർത്ഥാടകർക്ക് വിശ്രമിക്കാനുള്ള കേന്ദ്രമായി ഒരു ഇന്റർപ്രട്ടേഷൻ സെന്റർ നിർമ്മിക്കുന്നതിനായി വനം വകുപ്പിന് എ.ഡി.എഫ്.-ൽ നിന്ന് പണം കൊടുക്കാമെന്ന് എം.എൽ.എ. പറഞ്ഞിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വനം വകുപ്പിന് കൊടുത്തിട്ട് മൂന്നു വർഷമായി. ഒരു നടപടിയും ഉണ്ടായില്ല. ഇങ്ങനെ ഉറക്കം

LIBRARY ARCHIVES Kerala Legislative Assembly

തൂങ്ങുന്ന ഒരു വകുപ്പായി വനം വകുപ്പിനെ നമ്മൾ കാണുന്നത് വളരെ ദയനീയമായ ഒരു കാഴ്ചയാണ്. അതുകൊണ്ട് അടിയന്തരമായി ആ നടപടി മാറ്റണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വനം വകുപ്പിനെ സംബന്ധിച്ചിടത്തോളം വളരെ ക്രിയാത്മകമായ നടപടികളുമായി മുന്നോട്ടുപോകണം. രാജ്യത്ത് തന്നെ വനത്തിന്റെ വിസ്തൃതി ഏറ്റവും കൂടിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ആ വലിയ നേട്ടം ഇല്ലാതാകുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ പോകുന്നു.

ഒരു കാര്യവുംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം വി. പി. സജീന്ദ്രൻ വളരെ ആവേശത്തോടെയാണ് സി.പി.ഐ. (എം)-നേയും ഇടതുപക്ഷ മുന്നണിയേയുമെല്ലാം കുറ്റപ്പെടുത്തിയത്. സി.പി.ഐ. (എം) ഒരു വലിയ പാർട്ടിയല്ല; ഇടതുപക്ഷ ജനാധിപത്യ മുന്നണി വലിയൊരു മുന്നണിയുമല്ല. പക്ഷേ ഒരു കാര്യം ബഹുമാനപ്പെട്ട അംഗവും അദ്ദേഹത്തെ പിന്താങ്ങിയ മറ്റ് അംഗങ്ങളും മനസ്സിലാക്കേണ്ടത് ഇടതുപക്ഷ മുന്നണിക്ക് രണ്ട് സീറ്റ് കിട്ടുമെന്നാണ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടന്ന എക്സിറ്റ് പോളിൽ രാജ്യത്തിലെ പ്രമുഖ ചാനലുകൾ പറഞ്ഞത്. സി.എൻ.എൻ., ഐ.ബി.എൻ., ടൈംസ് എന്നീ പ്രമുഖ ചാനലുകളും അത് ഏറ്റുപിടിച്ചുകൊണ്ട് മറ്റുചാനലുകളും പറഞ്ഞു. മലയാളത്തിലെ ചില ചാനലുകളും അതൊന്ന് ആവർത്തിക്കാൻ നോക്കി. പക്ഷേ ഞങ്ങൾ നാല് സീറ്റിൽ നിന്നും എട്ട് സീറ്റായി. സീറ്റിന്റെ എണ്ണം വർദ്ധിപ്പിച്ചു. ഇവിടത്തെ പ്രസംഗങ്ങളും പ്രചരണങ്ങളുമൊക്കെ കേട്ടാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞ തവണ നാല് സീറ്റ് ഉണ്ടായിരുന്നത് ഇത്തവണ ഏതാണ്ട് ഒരു സീറ്റ് കഷ്ടിച്ച് ജയിച്ചു എന്ന മട്ടിലാണ്. ഇത് എന്തുപോക്കാണ്? ഇങ്ങനെ പറയുന്നതിനൊക്കെ തൊലിക്കട്ടി വേണ്ടേ? നാല് സീറ്റ് എട്ടു സീറ്റായി വർദ്ധിച്ചുവെന്ന് പറഞ്ഞാൽ ഇരട്ടിയായി വർദ്ധിക്കുകയാണ്. അത് തമസ്കരിക്കുക എന്നുപറഞ്ഞാൽ എന്ത് താൽപ്പര്യമാണ് നിങ്ങൾക്ക് ഉള്ളത്? എനിക്ക് തോന്നുന്നത് ഇവിടെ ബഹുമാനപ്പെട്ട കെ. രാജു സൂചിപ്പിച്ചതു പോലെ ശ്രീ. വി. പി. സജീന്ദ്രന് എന്തുപറ്റിയെന്ന് എനിക്കറിയില്ല. ശ്രീ. വി. പി. സജീന്ദ്രൻ ഇന്നലെ ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ രാഹുൽ ഗാന്ധി പ്രധാനമന്ത്രിയായി, തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങുന്ന രംഗമാണ് കണ്ടത്. കട്ടിലിൽ നിന്ന് എഴുന്നേറ്റ് താഴെ വീണു. താഴെ വീണതിന്റെ ക്ഷീണം അദ്ദേഹം അസംബ്ലിയിൽ വന്ന് തീർക്കാൻ ഞങ്ങളുടെ മണ്ടയ്ക്ക് കയറേണ്ട വല്ല കാര്യവുമുണ്ടോ? കാറിന്റെ മുകളിൽ കയറിയതിന്റെ പ്രതിഫലനമാണ് കട്ടിലിൽ നിന്നും വീണത്.

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ വി. പി. സജീന്ദ്രൻ രാഹുൽ ഗാന്ധിയെ മാത്രമല്ല, ടി. എച്ച്. മുസ്തഫയെ എപ്പോഴും സ്വപ്നം കാണുകയാണ്. 'കുന്നത്തുനാടിന്റെ മുത്ത്' എന്ന് അറിയപ്പെടുന്ന ടി. എച്ച്. മുസ്തഫയെ കോൺഗ്രസ്സിൽനിന്നും പുറത്താക്കിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, കോൺഗ്രസ്സ് ഒരു മതനിരപേക്ഷ പാർട്ടിയെന്ന നിലയിൽ ഞങ്ങൾക്ക് വലിയ ബഹുമാനമാണുള്ളത്. വർഗ്ഗീയ ശക്തികളെ മാറ്റി നിർത്തുക എന്ന ദീർഘമായ ലക്ഷ്യത്തോടുകൂടിയാണ് ഞങ്ങൾ ഒന്നാം യു.പി.എ. ഗവൺമെന്റിന് പിന്തുണകൊടുത്തത്. രണ്ടാം യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഞങ്ങളുടെ പിന്തുണ വേണ്ട. ആന കരിമ്പിൻകാട്ടിൽ കയറിയതുപോലെ അമ്മയും മക്കളും മരുമക്കളുമെല്ലാം ആ കരിമ്പിൻ കാട്ടിൽക്കയറി നക്കിത്തുടച്ച് രാജ്യത്തിന്റെ സ്വർണ്ണവും പണവുമെല്ലാം വിദേശ ബാങ്കുകളിൽ കൊണ്ടിട്ടു.

തെരഞ്ഞെടുപ്പിൽ 44 സീറ്റ് കിട്ടിയത് അത്ഭുതമാണ്. ബഹുമാനപ്പെട്ട എ. കെ. ആന്റണി 2001-ൽ മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹം പ്രസംഗിച്ചു, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇനി 100 വർഷത്തേക്ക് അധികാരത്തിൽ വരില്ല എന്ന്. ശ്രീ. എ. കെ. ആന്റണിയുടെ വാക്കുകൾ അന്വർത്ഥമാകുമോ എന്നൊരു ഭയമാണ് കോൺഗ്രസ്സിനെപ്പറ്റി ചിന്തിക്കുമ്പോൾ ഞങ്ങൾക്കുള്ളത്. ആ നൂറുവർഷം കോൺഗ്രസ്സ് അധികാരത്തിനപ്പുറത്തേക്ക് പോകാൻ പാടില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം കോൺഗ്രസ്സ് ഒരു മതേതര പാർട്ടിയാണ് എന്നുള്ള നിലയിലാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ചേട്ടന്റെ അനിയൻ കോന്തക്കുറുപ്പ് എന്ന് പറഞ്ഞതുപോലെ തന്നെയാണ് നരേന്ദ്രമോദി ഗവൺമെന്റും. അദ്ദേഹത്തിന്റെ അധികാരം എല്ലാം വിറ്റുതുലച്ച് വില വർദ്ധിപ്പിച്ച് നാടിനെ കുട്ടിച്ചോറാക്കാനുള്ള ഒരു ജൈത്രയാത്രയിൽ പോകുകയാണ്. ഇതുസംബന്ധിച്ച് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ഭരണമുണ്ടോ? ഞാൻ പുറകിലോട്ടൊന്നും പോകുന്നില്ല. കേരളത്തിലെ ഭരണത്തിന്റെ നട്ടെല്ലാണ് ഐ.എ.എസ്. ഉദ്യോഗസ്ഥർ. അവർ തമ്മിലുള്ള തമ്മിലടി ഇപ്പോൾ പെരുവഴിയിലെത്തിയിരിക്കുകയാണ്. തിരുവനന്തപുരത്തെ സ്വിവറേജ് ലൈനിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ പറഞ്ഞു, ഞങ്ങളാണ് അത് ചെയ്തത് എന്ന്, അല്ല. അത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുമുണ്ട്. സ്വിവറേജ് ലൈൻ കടന്നുപോകുന്ന ആ സ്ഥലം പുറമ്പോക്ക് തീറെഴുതി കൊടുത്തിരിക്കുകയാണ്. അതിന്റെ പുറകിൽ കേവലം ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ മാത്രമാണോ; ഞങ്ങൾ വിശ്വസിക്കുന്നില്ല. അതിന്റെ പുറകിൽ ഈ ഭരണത്തിന്റെ നേതൃത്വം കൊടുക്കുന്ന ആളുകളൊക്കെ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശ്വസിക്കുന്ന ആളുകളാണ് ഞങ്ങൾ. ഇത്തരം ഒരു പ്രശ്നം വരുമ്പോൾ എന്താണ് ഗവൺമെന്റ് ചെയ്യേണ്ടത്? ഗവൺമെന്റ് ഈ പ്രശ്നത്തിൽ ഇടപെടണം; ആ പ്രശ്നം ചർച്ച ചെയ്യണം. എങ്ങനെയാണ് ഈ പ്രശ്നം ഉണ്ടായത്? ശ്രീ. രാജേഷ് ദിവാൻ എന്ന ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ കാര്യം വന്നപ്പോൾ എന്താണ് ഉണ്ടായത്? ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് പി. ആർ. എഴുതാൻ ബുക്ക് കിട്ടിയില്ല. അദ്ദേഹത്തിനെ ബൈപാസ് ചെയ്തുകൊണ്ട് മുഖ്യമന്ത്രിയുടെ അടുത്തേയ്ക്ക് ബുക്ക് പോകുകയാണ്. എന്തു ഭരണമാണ്? അപ്പോഴാണ് ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥ പറയുന്നത് ഇനി മന്ത്രിമാരൊന്നും പി. ആർ. എഴുതേണ്ട, മന്ത്രിമാർക്ക് എഴുതാനുള്ള യോഗ്യതയില്ലായെന്ന്. ഇത് കേരളത്തിന് എന്തു നാണക്കേടാണ്, എത്ര അപമാന

കരമാണ്. ഈ നിലയിൽ കാര്യങ്ങൾ പോകുമ്പോൾ, ബ്രസീലിനുവേണ്ടിയും അർജന്റീനയ്ക്കു വേണ്ടിയും ഫുട്ബോൾ ഫാൻസുകാർ കൂടുന്നുണ്ട്. ബ്രസീലിനും അർജന്റീനക്കും വേണ്ടി ഫുട്ബോൾ ഫാൻസുകൾ കൂടുന്നതു പോലെ ഇവിടെയുള്ള ഐ.എ.എസ്. കാർക്കു വേണ്ടി മന്ത്രിമാർ കൂട്ടു നിൽക്കുകയാണ്. ഒരു ഭാഗത്ത് മുഖ്യമന്ത്രിയും കുറേ മന്ത്രിമാരും മറുഭാഗത്ത് കുറേ മന്ത്രിമാർ. ഇത് അപമാനകരമാണ്. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് കേരളത്തിലെ ഭരണം സ്തംഭിച്ചിരിക്കുന്നു എന്ന്. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഇപ്പോൾ കാണുന്നത്. ഈ ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിക്കാൻ ഈ സർക്കാരിന് അർഹതയില്ല എന്നുള്ളതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ 16 ബഹുമാനപ്പെട്ട അംഗങ്ങളാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. ഞാൻ ഈ അംഗങ്ങളോട് നന്ദി പറയുന്നു. അവർ നടത്തിയ പോസിറ്റീവായിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ഗവൺമെന്റ് അംഗീകരിക്കാൻ കഴിയുന്നത്ര അംഗീകരിക്കുകയും അതോടൊപ്പം വിമർശനങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു. കാരണം ജനാധിപത്യത്തിൽ വിമർശനത്തിന് നല്ലൊരു പങ്കുണ്ട്. ഈ ഗവൺമെന്റിന് വിമർശനങ്ങളോട് അസഹിഷ്ണുതയോടുകൂടിയ സമീപനമില്ല. നമ്മളെടുക്കുന്ന പൊതുസമീപനവും അതുതന്നെയായിരിക്കും. അതുകൊണ്ട് ആ നിർദ്ദേശങ്ങളോടെല്ലാം പോസിറ്റീവായി പ്രതികരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ആനത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നും അതോടൊപ്പം ആനകളുടെ ചികിത്സയ്ക്കായി ആശുപത്രി വേണമെന്നും ബഹുമാനപ്പെട്ട ബാബു. എം. പാലിശ്ശേരി സൂചിപ്പിച്ചിരുന്നു. ഗവൺമെന്റ് ഇക്കാര്യങ്ങൾ പോസിറ്റീവായി ആലോചിക്കുന്നുണ്ട്. ഇപ്പോൾ ആനപാപ്പാൻമാർക്ക് നൽകുന്ന ട്രെയിനിംഗ് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കാം. ഇതിനോടകം 300-ളം ആനപാപ്പാൻമാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളെല്ലാം ഞാൻ അംഗീകരിക്കുകയാണ്. ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു ഉദ്യോഗസ്ഥനെ മോട്ടോർ വാഹന വകുപ്പിൽ നിയമിച്ചത് അറിഞ്ഞിട്ടില്ലേ എന്ന് ചോദിക്കുകയുണ്ടായി. ആ ഉദ്യോഗസ്ഥനെ താൽക്കാലികമായി നിയമിച്ചതാണ്. ആ തസ്തികയ്ക്കാവശ്യമായ ക്വാളിഫിക്കേഷനോടുകൂടിയ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനായി പത്രപരസ്യം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ഇടയ്ക്കൊരു സ്റ്റോപ്പ് ഗ്യാപ്പ് അറേഞ്ച്മെന്റ് എന്ന നിലയിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചതാണ്. അതായിരിക്കാം ഇവിടെ സൂചിപ്പിച്ചതെന്ന് എനിക്ക് തോന്നുന്നു. ഏതായാലും ഇക്കാര്യം പോസിറ്റീവായ നിലയിൽത്തന്നെ ഗവൺമെന്റ് എടുക്കുകയാണ്. അങ്ങ് ആ ഡീറ്റെയിൽസ് എനിക്ക് തന്നാൽ അതുകൂടി പരിശോധിക്കാം. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനായി ഗവൺമെന്റ് ചില നടപടികളെടുത്തുവരികയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒരു പാക്കേജ്

തന്നെയാണ്. കെ.എസ്.ആർ.ടി.സി. 1965 - ൽ ആരംഭിച്ച ഒരു കോർപ്പറേഷനാണ്. പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ ഇത്രയധികം ജീവനക്കാരുള്ള ഒരു സ്ഥാപനം കേരള ഗവൺമെന്റിനു കീഴിൽ വേറെയില്ല. എംപാനൽ ജീവനക്കാരുൾപ്പെടെ 40,000 ജീവനക്കാർ കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്യുകയും 37,000 ആളുകൾക്ക് പെൻഷൻ നൽകുകയും ചെയ്യുന്നുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ എക്സ്ചെക്കറിൽനിന്ന് കൊടുക്കേണ്ടിവരുന്നത് ഏകദേശം 77000-ത്തോളം ആളുകൾക്കാവശ്യമായ തുകയാണ്. കെ.എസ്.ആർ.ടി.സി. യുടെ വരുമാനം എത്രയാണെന്ന് ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ സൂചിപ്പിച്ചു. ഈ വരുമാനത്തിൽനിന്നുവേണം ഇതൊക്കെ കണ്ടെത്താൻ. കെ.എസ്.ആർ.ടി. സി.-യെ ശാശ്വതമായി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തമാക്കണമെന്നതാണ് ഈ പാക്കേജ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായി സംസാരിച്ചിരുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ പ്രമുഖമായിട്ടുള്ളത് നാഷണലൈസ്ഡ് ബാങ്കുകളാണ്. ആ ബാങ്കുകളുമായി സംസാരിച്ച് ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് അവരുമായി നെഗോഷ്യേറ്റ് ചെയ്ത് പെൻഷൻ കൊടുക്കാൻ കഴിയുമോ എന്നുള്ള അവസാന തീരുമാനത്തിലേക്ക് വരികയാണ്. തൊഴിലാളി യൂണിയനുകളുമായിട്ടാണ് ഈ ചർച്ചകൾ തുടങ്ങിയത്. റെക്കഗ്നൈസ്ഡ് യൂണിയനുകളും രജിസ്റ്റേർഡ് യൂണിയനുകളുമായി സംസാരിച്ചു. ഈ നിലപാടിനോട് ഏകദേശം അവർ യോജിക്കുകയാണ്. ഗവൺമെന്റിന് ഗ്രീൻ സിഗ്നൽ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോവുകയാണ്. ഇതിലുള്ള നല്ല നിർദ്ദേശങ്ങളെടുത്ത് നന്നായി കൊണ്ടുപോകുന്നതിനുള്ള പരിശ്രമമാണ് നടക്കുന്നത്. ഏത് ഓപ്പറേഷൻ നടന്നാലും കുറച്ച് രക്തം നഷ്ടപ്പെടും. അതുകൊണ്ട് എല്ലാം സൗഹൃദമാകും എന്ന നിലപാട് ഭരണകക്ഷിയിലെയും പ്രതിപക്ഷത്തെയും ആളുകൾ സ്വീകരിക്കില്ല എന്ന് ഞാൻ കരുതുന്നു. പക്ഷേ നമുക്കൊരു ലക്ഷ്യമുണ്ട്. കേരളത്തിൽ പതിറ്റാണ്ടുകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ പൊതുമേഖലാ സ്ഥാപനത്തെ ബ്രേക്ക് ഈവൻ ആക്കുന്നതിനുള്ള നടപടിയോട് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും പ്രതികരിക്കുമെന്ന് തന്നെയാണ് എന്റെ വിശ്വാസം. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

വനംവകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് മറുപടി പറയുന്നതിന് മുമ്പായി ഗവൺമെന്റ് നടപ്പാക്കാൻ പോകുന്ന ചില കർമ്മപദ്ധതികളെക്കുറിച്ച് സൂചിപ്പിക്കുകയാണ്. ഞങ്ങൾക്കിനി 676 ദിവസങ്ങൾ എന്ന് പ്രഖ്യാപിച്ചെങ്കിലും യഥാർത്ഥത്തിൽ അതിൽനിന്നും കുറെ ദിവസങ്ങൾകൂടി നഷ്ടമായി. അവശേഷിക്കുന്ന ദിവസങ്ങളുടെ അടിസ്ഥാനത്തിൽ ചില കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയെന്നതാണ് വനം വകുപ്പിൽ ചെയ്തിട്ടുള്ളത്. 100, 200, 300, 400, 500, 600 ദിവസങ്ങൾ കൊണ്ട് ചെയ്യാൻ കഴിയുന്ന പദ്ധതികളുടെ ടൈംടേബിളുണ്ടാക്കി അതെല്ലാം പരിശോധിച്ച് അതാത് മാസത്തിൽ ആ പദ്ധതികളുടെ പ്രോഗ്രസ് വിലയിരുത്തി മുന്നോട്ട് പോകുക എന്നതാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ എല്ലാവിഭാഗത്തിൽപ്പെട്ട ആളുകളും പരിസ്ഥിതിയെക്കുറിച്ച് പറഞ്ഞിരുന്നു. ഹരിതശ്രീ പദ്ധതിയെന്ന

LIBRARY ARCHIVES Kerala Legislative Assembly

മാസ് മൂവ്മെന്റ് കേരളത്തിൽ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയുണ്ടാവണമെന്നുള്ള ആഗ്രഹമാണ് ഗവൺമെന്റിനുള്ളത്. പരിസ്ഥിതി എന്ന് പ്രസംഗത്തിൽ മാത്രം പറഞ്ഞാൽ പോര, ജനങ്ങളെ പരിസ്ഥിതിയുമായി ബന്ധിപ്പിക്കാൻ നമുക്ക് കഴിയണം. അതിനായി ഒരു പരീക്ഷണം നടത്തിയത് വിജയകരമായിരുന്നു. ആ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലൊട്ടാകെ 10 ലക്ഷം ആളുകളെ സംഘടിപ്പിച്ച് വൃക്ഷസ്നേഹികളായി അവരെ മാറ്റുകയും അവർ ഓരോ വൃക്ഷത്തൈ നടുകയും വേണം. 10 ലക്ഷംപേരെയാണ് ഇതിൽ ഉദ്ദേശിച്ചിരുന്നതെങ്കിലും 20 ലക്ഷം ആളുകൾ ഇതിൽ പങ്കെടുത്തു. ഞങ്ങൾ ആഗ്രഹിച്ചതിനേക്കാൾ ഇരട്ടി വിജയമുണ്ടായി എന്ന് ഞാൻ അഭിമാനത്തോടെ അനുസ്മരിക്കുന്നു. ഈ സഭയിലുള്ള അംഗങ്ങളോട് നന്ദിയും രേഖപ്പെടുത്തുന്നു. കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങി ത്രിതല പഞ്ചായത്ത് സമിതിയിൽപ്പെട്ട ആളുകൾക്ക് എല്ലാവർക്കും നേരിട്ട് കത്തയച്ചു. അവരുടേത് പോസിറ്റീവായ പ്രതികരണമായിരുന്നു. അതിൽ രാഷ്ട്രീയമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ പച്ചപ്പ് നിലനിർത്തുന്നതിനുവേണ്ടിയുള്ള നടപടിയിൽ വളരെ പോസിറ്റീവായ നിലപാടാണ് അവരെല്ലാം സ്വീകരിച്ചത്. അത് കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പരിശ്രമം നടത്തുകയാണ്.

എക്കോ കേഡറ്റുകളുടെ രൂപീകരണമുണ്ടാകും. കുട്ടിവനം പദ്ധതി രൂപപ്പെടുത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുകയാണ്. അച്ചടി ദൃശ്യ മാധ്യമ പ്രവർത്തകർക്കും ഫോട്ടോഗ്രാഫർമാർക്കും അവാർഡ് നൽകിക്കൊണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള മറ്റൊരു നടപടിയും സ്വീകരിക്കുകയാണ്. പാലക്കാട് ജില്ലയിലെ പറമ്പിക്കുളം ടൈഗർ റിസർവ്വിൽ ആദിവാസി വിഭാഗത്തിനുവേണ്ടിയുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുകയാണ്. ഇടുക്കിയിലെ പെരിയാർ ടൈഗർ റിസർവ്വിലും തേക്കടിയിലെ വൈൽഡ് ലൈഫ് ഇന്റർപ്രട്ടേഷൻ സെന്റർ, ആർട്ട് ഗ്യാലറി, ഇൻഫർമേഷൻ-കം-ടിക്കറ്റിംഗ് സെന്റർ, വൈൽഡ് ലൈഫ് മ്യൂസിയം, ഓൺ ലൈൻ ടിക്കറ്റ് ബുക്കിംഗ് തുടങ്ങി കുറെ പുതിയ പദ്ധതികൾകൂടി ആരംഭിക്കുകയാണ്. കൊല്ലം ജില്ലയിലെ ശെന്തുരുണി വന്യജീവി സങ്കേതത്തിലെ എക്കോ ടൂറിസം പദ്ധതി, പത്തനംതിട്ട ജില്ലയിൽ കോന്നിയിലെ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ, കുമ്മന്നൂർ പാലം തുടങ്ങിയവയും ഈ പദ്ധതികളിൽ ഉൾപ്പെടുന്നവയാണ്. കേരളത്തിലെ ജനസമൂഹത്തെ എക്കോ ഫ്രണ്ട്ലിയായി മാറ്റുന്നതിനാണ് ഈ പദ്ധതികളെല്ലാം നടപ്പാക്കുന്നത്. 300 മുതൽ 400 വരെ ദിവസത്തിനുള്ളിൽ അരിപ്പയിൽ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിന്റെ ഉദ്ഘാടനം നടക്കും. 250 ആദിവാസി ഊരുകളിൽ വികസന പ്രവർത്തനം നടത്തുന്നതിനായി 'ഊരിനുണർവ്, കാടിനുണർവ്' എന്ന പുതിയ പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്. 400 മുതൽ 500 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം നിർവഹിക്കും. ഇതുപോലുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സമൂഹത്തിലെ ബന്ധപ്പെട്ട ആളുകളുടെ സഹായസഹകരണത്തോടെ ഈ പദ്ധതികളെല്ലാം നടത്തണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

ചന്ദനമരങ്ങളുടെ മോഷണം വർദ്ധിച്ചിരിക്കുന്നതായി വിമർശന രൂപത്തിൽ ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞു. 2006 മുതൽ 2014 വരെയുള്ള കണക്കുകൾ എന്റെ കയ്യിലുണ്ട്. 2006-ൽ 79 കേസ്സുകളും 109 ചന്ദന മരങ്ങളുടെ നഷ്ടവുമുണ്ടായി. 2010-ൽ 61-കേസ്സുകളും 68 മരങ്ങളുടെ നഷ്ടവുമായി മാറി. 2013-ൽ 12 കേസ്സുകളും 9 മരങ്ങളുടെ നഷ്ടവുമാണ് ഉണ്ടായിട്ടുള്ളത്. 2014 വർഷം പൂർത്തിയാകാത്തതുകൊണ്ട്, കണക്ക് പൂർണ്ണ മായും വന്നിട്ടില്ല. ഈ തോത് കുറഞ്ഞുവന്നുവെന്നുള്ളത് കേരളത്തിന്റെ ഏറ്റവും വലിയ ഗുണമായി കാണുകയാണ്. 2004-ലെ ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിൽ വനംവകുപ്പ് കൈകാര്യം ചെയ്യാൻ ഹ്രസ്വമായ കാലം ലഭിച്ചിരുന്നു. ഇന്ന് അവിടെ കാണുന്ന 4 ഫോറസ്ട്രേഷനും ആവശ്യമായ ഫെൻസിംഗും മറ്റ് ക്രമീകരണങ്ങളും ആ സമയത്ത് നടത്തിയത് ഞാൻ ഓർക്കുകയാണ്. പിന്നീട് വന്ന ഗവൺമെന്റും അത് നന്നായി തുടർന്നുപോന്നു. അതുകൊണ്ടാണ് കേസ്സുകളുടെയും മരംമോഷണത്തിന്റെയും തോത് കുറയ്ക്കാൻ സാധിച്ചത്. ഏതായാലും കേരളത്തെ സംബന്ധിച്ചിടത്തോളം അതൊരു നല്ല നീക്കമാണെന്ന് തന്നെയാണ് ഞാൻ വിചാരിക്കുന്നത്. അതോ ടൊപ്പം വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശം ഫലപ്രദമായി നേരിടുന്ന തിന് വേണ്ടിയുള്ള ചില നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്.

13 ഇന കർമ്മ പരിപാടികളാണ് ഇതുസംബന്ധിച്ച് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്. 13 ഇന കർമ്മ പരിപാടികളുടെ അടിസ്ഥാനത്തിൽ വൈദ്യുത കമ്പിവേലി ഏകദേശം 800 കിലോമീറ്ററും ആനപ്രതിരോധ കിടങ്ങുകൾ 530 കിലോമീറ്ററും ആനപ്രതിരോധ ഭിത്തി 30 കിലോമീറ്ററും ലിങ് ഫെൻസിംഗ് 0.45 കിലോ മീറ്ററും കയ്യാല 4 കിലോമീറ്ററും ജൈവവേലി 4 കിലോമീറ്ററും കെട്ടിക്കഴിഞ്ഞു. ജൈവവേലിയുടെ കാര്യത്തിൽ ഗവൺമെന്റ് ഒരു കാര്യം കൂടി ചെയ്യുന്നുണ്ട്. ശ്രീലങ്കൻ മോഡലിൽ, പ്രത്യേകിച്ച് വേലി കെട്ടാതെ പന നട്ട് ആനയുൾപ്പെടെയുള്ള മൃഗങ്ങൾ പുറത്തിറങ്ങാത്ത വിധത്തിൽ ജൈവഫെൻസിംഗ് ഉണ്ടാക്കുകയെന്നുള്ളതാണ ത്. സബ്ജക്ട് കമ്മിറ്റിയിൽ ഇതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചു. ഈ പ്രൊപ്പോസലുമായി മുന്നോട്ട് നീങ്ങണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ പൊതുവായ അഭിപ്രായത്തോട് അംഗങ്ങളും ഗവൺമെന്റും യോജിച്ചു.

ശ്രീ. റ്റി. എൻ. പ്രതാപൻ, എം.എൽ.എ. സംസാരിച്ചപ്പോൾ ഇ.എഫ്.എൽ- നെക്കുറിച്ചുള്ള കാര്യം പറഞ്ഞു. ഇ.എഫ്.എൽ.- നെ സംബന്ധിക്കുന്ന കേസ് കോടതിയിൽ വരാൻ പോകുന്നതേയുള്ളൂ. ഹൈക്കോടതിയിൽ ഈ മാസം 30-ാം തീയതി കേസ് എടുക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. സുപ്രീംകോടതി യിലെ സീനിയർ അഭിഭാഷകനെ കൊണ്ടുവരുന്നതിനുള്ള ഉത്തരവ് ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഫയലിൽ ഒപ്പിട്ടിട്ടുണ്ട്. കോടതിയിലെ കേസ് ഇവിടെ വാദിച്ചാൽ തീരില്ല. സുപ്രീം കോടതിയിൽ നിന്നും സീനിയർ അഭിഭാഷകനെ കൊണ്ടുവരണമെന്നുള്ളതായി രുന്നു പൊതുവെയുള്ള ആവശ്യം. ആ ആവശ്യത്തോട് ഗവൺമെന്റ് പൂർണ്ണ മായും സഹകരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഹൈക്കോടതിയിൽ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

അഭിഭാഷകനെ നിയമിക്കുന്നതിനുള്ള ഗവൺമെന്റ് ഓർഡറും ഇറക്കിയിട്ടുണ്ട്. അതും ഞാൻ ഇക്കൂട്ടത്തിൽ വയ്ക്കുകയാണ്. നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് സംബന്ധിച്ച് വിമർശന രൂപത്തിൽ സംസാരിക്കുകയുണ്ടായി. ആ വിമർശനത്തിലെ അന്തഃസത്ത പൂർണ്ണമായും ഞാൻ ഉൾക്കൊള്ളുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ഭൂമി നഷ്ടപ്പെടരുത്, അന്യാധീനപ്പെടരുത് എന്നുള്ള ആഗ്രഹത്തോടുകൂടി നടത്തിയ വിമർശനമായിട്ടാണ് ഞാൻ അതിനെ കാണുന്നത്. കരുണ പ്ലാന്റേഷനിലെ സീതാർക്കുണ്ട് എസ്റ്റേറ്റാണ് ഇവിടെ പരാമർശിക്കപ്പെട്ടത്. ശ്രീ. എ. കെ. ബാലന് അതിനെക്കുറിച്ച് അറിയാം. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയെ തുടർന്ന് 1994-ൽ ഉടമസ്ഥർക്ക് റെസ്റ്റോർ ചെയ്തതാണ് ഈ സ്ഥലം. 919 ഏക്കർ വിസ്തീർണ്ണമുണ്ടായിരുന്ന ഈ എസ്റ്റേറ്റിൽ സർക്കാരിന് അവകാശമുണ്ടായിരുന്ന നിക്ഷിപ്ത വനമായ 84 ഏക്കർ സ്ഥലം ഒഴിവാക്കിയാണ് റെസ്റ്റോർ ചെയ്തിട്ടുള്ളത്. സർക്കാർ 2000-ൽ ഒരു റിവ്യൂ പെറ്റീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചെങ്കിലും അത് അനുവദിക്കുകയുണ്ടായില്ല. തുടർന്ന് സുപ്രീം കോടതിയിൽ നൽകിയ എസ്.എൽ.പി. യും കാലതാമസം വന്നതുകൊണ്ട് അനുവദിച്ചില്ല. ഞാൻ ഫയലുകൾ പരിശോധിച്ചു, 18 വർഷത്തെ കാലതാമസമാണ് വന്നിട്ടുള്ളത്. കേരളത്തിലെ എത്രയോ നദികളിലൂടെ എത്രയോ വെള്ളം ഒഴുകിപ്പോയിട്ടുണ്ടാകും. സീതാർക്കുണ്ട് എസ്റ്റേറ്റിലെ ഏകദേശം 350 ഏക്കർ സ്ഥലത്തെ സംബന്ധിച്ച് വനം വകുപ്പും എസ്റ്റേറ്റ് ഉടമയും തമ്മിൽ മിസലേനിയസ് അപ്പീലിൽ തർക്കമുണ്ടായിരുന്നില്ല. അവശേഷിക്കുന്ന ഭൂമി രേഖയിൽ വനമായി കിടന്നതിനാൽ വനംവകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ 2007-ൽ നടന്ന റീ-സർവ്വേക്കുശേഷം റവന്യൂ അധികൃതർ ലാന്റ് ടാക്സ് സ്വീകരിക്കാൻ വിസമ്മതിച്ചതിനെത്തുടർന്ന് വനംവകുപ്പിൽനിന്നും എൻ.ഒ.സി. ലഭിക്കുന്നതിന് അപേക്ഷിച്ചു. ഇത്തരംകാര്യങ്ങൾ തീരുമാനിക്കുന്നതിന്, 2-1-2013-ൽ 6 വകുപ്പുകളിലുള്ള 8 ഉദ്യോഗസ്ഥന്മാർ അംഗങ്ങളായ കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി അംഗങ്ങളുടെ പേര് എന്റെ കയ്യിലുണ്ട്. ഞാൻ വായിക്കാം.

(i) The Additional Principal Chief Conservator of Forests (Chairman) (Regional North), Kozhikode.

(ii) Chief Conservator of Forests (Eastern Circle) Convener

(iii) District Police Chief of concerned District (Member)

(iv) District Government Pleader, Palakkad/Malappuram (Member)

(v) Deputy Collector, Land Reforms, concerned Districts (Member)

(vi) Divisional Forest Officer of concerned divisions (Member)

(vii) District Survey Superintendent of concerned District (Member)

(viii) District Registrar of concerned District (Member)

LIBRARY ARCHIVES Kerala Legislative Assembly

ഈ കമ്മിറ്റിക്ക് കൊടുത്തിട്ടുള്ള ടേംസ് ഓഫ് റഫറൻസിൽ 8 എണ്ണമാണ് പറഞ്ഞിട്ടുള്ളത്.

1. Boundary consolidation
2. Demarcation and consolidation of boundaries post 1-1-1977 encroachment subject to eviction
3. Eviction of encroachment
4. NOC for registration of land in villages where forests occur.തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഈ ടേംസ് ഓഫ് റഫറൻസിൽ തീരുമാനമെടുക്കാൻ 6 വകുപ്പുകളിൽപ്പെട്ട 8 അംഗങ്ങളെ അന്ന് നിയോഗിച്ചു. അതിന്റെ ഗവൺമെന്റ് ഓർഡർ എന്റെ കയ്യിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 21-03-2014 ഉച്ചയ്ക്കുശേഷം 2.30 -നാണ് യോഗം ചേർന്നത്. ആ യോഗത്തിലെടുത്ത ചില തീരുമാനങ്ങളുടെ പ്രമുഖഭാഗം മാത്രം ഞാൻ വായിക്കാം. Hence, the Committee authorised District Survey Superintendent to conduct field verification within 10 days and report the findings to D.F.O., Nemmara. On receipt of certification from the District Survey Superintendent and concurrence from District Government Pleader, the Committee authorised the D.F.O., Nemmara to give recommendation to Tahasildar for collecting tax from M/s. Karuna Plantations upon verification of facts and records at his level and to his satisfaction. കമ്മിറ്റിയിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലുംപ്പെട്ട ആളുകളുണ്ടായിരുന്നു. ആ ഡിപ്പാർട്ടുമെന്റുകളെക്കുറിച്ചെല്ലാം ഞാൻ വായിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുത്തു. അതിനുശേഷം ഇത് ശരിയാണോയെന്ന് അറിയുന്നതിനുവേണ്ടിയുള്ള ലീഗൽ ഒപ്പീനിയൻ എന്റെ കൈവശമുണ്ട്. So, my conclusion is that M/s. Karuna Plantations may be permitted to remit property tax with regard to the extent shown in bit No.1, 3, 4, 5, 7 & 9 in the sketch prepared by the Assistant Director of Survey,............... ഇങ്ങനെയാണത് വന്നിട്ടുള്ളത്. If any anomalies are found in future, the officials are free to take necessary action against M/s Karuna Plantations. Regarding the issue pertaining to Survey No. 494, it can be settled by way of appropriate proceedings before the competent forum having jurisdiction in accordance with law. ലീഗൽ ഒപ്പീനിയൻ ഇതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, രാവിലെ ചോദ്യോത്തര വേളയിൽ ഈ കാര്യം ചർച്ചയ്ക്ക് വന്ന സമയം, ഇതൊരു ഇരുതലമൂർച്ചയുള്ള പ്രശ്നമാണെന്ന് ഞാൻ പറഞ്ഞിരുന്നു. നെല്ലിയാമ്പതിയിലെ 52 എസ്റ്റേറ്റുകളിലായി കിടക്കുന്ന 10,000 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട നിരവധി കേസ്സുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. കരുണ എസ്റ്റേറ്റും അതിന്റെ ഭാഗമാണ്. ബഹുമാനപ്പെട്ട മന്ത്രി ലാന്റ് ടാക്സ് വാങ്ങാൻ ഇപ്പോൾ അനുമതി കൊടുക്കുമ്പോൾ, സുപ്രീംകോടതിയിലിരിക്കുന്ന ഒരു കേസ്സുമായി ബന്ധപ്പെട്ട് അന്വേഷിക്കാൻ വേണ്ടിയാണ് നിങ്ങളെ ചുമതലപ്പെടുത്തിയത്. 8 അംഗങ്ങളുള്ള കമ്മീഷൻ റിപ്പോർട്ട് സുപ്രീംകോടതിയിൽ കൊടുത്ത്, സുപ്രീംകോടതിയുടെ അനുവാദത്തിന്റെ ഭാഗമായി ലാന്റ് ടാക്സ് വാങ്ങിയാൽ പ്രശ്നമില്ല. അല്ലാത്തിടത്തോളംകാലം ഇത് വാങ്ങുന്നത് ശരിയല്ല. ശ്രീ. സി. പി. മുഹമ്മദ് അംഗമായിട്ടുള്ള പരിസ്ഥിതി കമ്മിറ്റിയും 2004-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയും വനമാണെന്ന് പറഞ്ഞ ഭൂമിയാണ്. 1950-ലെ നിയമപ്രകാരം ഇത് വനമാണ്. അങ്ങനെയുള്ള ഒരു ഭൂമിയുടെ ടാക്സ് വാങ്ങുകയെന്ന് പറയുന്നത് ശരിയായ നടപടിയല്ല. പാട്ടവ്യവസ്ഥയ്ക്ക് എതിരായിട്ടാണ് നാളിതുവരെ പ്രവർത്തിച്ചത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഇക്കാര്യങ്ങളെല്ലാം ചിന്തിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഇവിടെ പറഞ്ഞകാര്യങ്ങൾ മുഖവിലയ്ക്ക് എടുക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഈ ഡോക്യുമെന്റുകളെല്ലാം മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഈ പതിമൂന്നാം കേരള നിയമസഭ അധികാരത്തിൽ വന്നശേഷമുള്ള അങ്ങ് മൂന്നാമത്തെയോ നാലാമത്തെയോ വനംവകുപ്പുമന്ത്രിയാണെന്നു തോന്നുന്നു. നെല്ലിയാമ്പതി, കരുണാ എസ്റ്റേറ്റ് എന്നൊക്കെ അന്നുമുതൽക്കേ കേൾക്കുന്നതാണ്. ഒരു കമ്മിറ്റിയും രൂപീകരിച്ചു. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ വനമുള്ള ഒരു മണ്ഡലമാണ് എന്റെ മണ്ഡലം. ധാരാളം ഭൂമി അവിടെയുണ്ട്. ഈ മ്മിറ്റിയുടെ പരിധിയിൽ അതുവല്ലതും വരുമോ? അങ്ങ് പറഞ്ഞ ലീഗൽ ഒപ്പിനിയൻ ഏതാണ്, ആരുടെ ലീഗൽ ഒപ്പിനിയൻ ആണ്; ഇതൊക്കെ വിശദമായി അറിഞ്ഞാൽ നന്നായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാലാമത്തെ ആളല്ല, നാൽപ്പതാമത്തെ ആളായാലും ശരി, തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു ലൈനുണ്ട്, അത് നേരിന്റെ വഴിയാണ്. ആ വഴിക്കങ്ങനെ പോകും. അങ്ങേക്ക് എന്നെ വ്യക്തിപരമായി നന്നായി അറിയാമല്ലോ. ........ (ബഹളം) ................ഇവിടെ, ഞാനിതൊന്നു വായിച്ചോട്ടെ,

മി. സ്പീക്കർ: യെസ്, ..........യെസ്............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാനൊന്ന് ദയവായി വായിച്ചോട്ടെ, ഈ പറഞ്ഞ രീതിയിലാണ് കാര്യങ്ങൾ നിൽക്കുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും ഞാൻ ഈ റിക്കോർഡ്സ്കൂടി പരിശോധിക്കുന്നതിനുള്ള കാരണം ശ്രീ. റ്റി. എൻ. പ്രതാപൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുകയും മുഖ്യമന്ത്രി അത് മാർക്ക് ചെയ്ത് എനിക്ക് തരികയും ചെയ്തിരുന്നു. ആ കത്ത് കിട്ടിയപ്പോൾ ഇക്കാര്യങ്ങളെല്ലാം വളരെ സീരിയസ്സായി പരിശോധിക്കണമെന്ന് എനിക്കുംകൂടി വ്യക്തിപരമായി തോന്നിയതിന്റെ യടിസ്ഥാനത്തിലാണ് എല്ലാം പരിശോധിച്ചത്. ഈ കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞതുപോലെ കറക്ടായി നിൽക്കുന്നുവെങ്കിലും ഇതിനെക്കുറിച്ച് പുറത്തൊരു ചർച്ച വന്നതുകൊണ്ട് നമ്മുടെ 3 പ്രമുഖരായ ഐ.എഫ്.എസ്. ഓഫീസർമാരെ നിയോഗിച്ച് ഇക്കാര്യം അന്വേഷിക്കാൻ തീരുമാനിച്ചു. അതിനാണ് ശ്രീ. വി. ഗോപിനാഥിന്റെ നേതൃത്വത്തിൽ ശ്രീ. സുരേന്ദ്രനാഥും അതോടൊപ്പം ഫോറസ്റ്റ് വിജിലൻസിന്റെ ചാർജ്ജുള്ള ശ്രീ. സി. എസ്. യാലക്കിയെയും ഇതുസംബന്ധിച്ചുള്ള അന്വേഷണത്തിനായി നിയോഗിച്ചത്. ഇനി അവർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കട്ടെ. ആ അന്വേഷണ റിപ്പോർട്ട് കിട്ടുമ്പോൾ നമുക്ക് എല്ലാ കാര്യങ്ങളും മനസ്സിലാകുമല്ലോ. പക്ഷെ അന്വേഷണ റിപ്പോർട്ട് ഇപ്പോൾ എന്റെ കയ്യിൽ എത്തിയിട്ടില്ലെങ്കിലും ഈ കാര്യത്തെക്കുറിച്ച് ഞാൻ പരാമർശിക്കാതെ പോയാൽ എന്റെ ഭാഗത്തൊരു dereliction of duty ഉണ്ടാകും. അതൊഴിവാക്കാൻ ഞാൻ ഇക്കാര്യം സഭയെ അറിയിച്ചുവെന്നുമാത്രമേയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രി വായിച്ച ഡോക്യുമെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ പ്രശ്നമില്ലല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്ക് ഒരു ഡോക്യുമെന്റും മേശപ്പുറത്ത് വയ്ക്കുന്നതിന് കുഴപ്പമില്ല. ഈ ഡോക്യുമെന്റെല്ലാം ഗവൺമെന്റിന്റെ ഡോക്യുമെന്റാണ്, വിവരാവകാശം അനുസരിച്ച് ആര് ചോദിച്ചാലും ഈ ഡോക്യുമെന്റ് അവർക്കെല്ലാം കിട്ടാൻ അർഹതപ്പെട്ടതാണ്, അതുകൊണ്ട് ഒരു വിരോധവുമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രീ. റ്റി. എൻ. പ്രതാപൻ കൊടുത്തിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്ന കരുണാ എസ്റ്റേറ്റിന്റെ കാര്യത്തിൽ എൻ.ഒ.സി. കൊടുക്കുന്നതിന് വനംവകുപ്പിലെ സി.സി.എഫ്. റാങ്കിലെതന്നെ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടുന്ന ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി പരിശോധിച്ചതിനുശേഷം മാത്രമെ എൻ.ഒ.സി. കൊടുക്കാൻ പാടുള്ളൂ യെന്ന് പറയുമ്പോൾ ഇക്കാര്യം അന്വേഷിക്കാൻ വളരെ പ്രമുഖരായ ഉദ്യോഗസ്ഥരെ നിയമിച്ചുവെന്ന് അങ്ങ് പറഞ്ഞു, അത്തരം ഉദ്യോഗസ്ഥർ ഈ സർവ്വീസിലുള്ളപ്പോൾ അവർ ആരോടുമാലോചിക്കാതെ സ്വന്തംനിലയ്ക്ക് ഒരു ഡി.എഫ്.ഒ.യ്ക്ക് ഇത്തരത്തിലൊരു എൻ.ഒ.സി. കൊടുക്കാൻ അധികാരമുണ്ടോ? പാലക്കാട് ഒലവക്കോട് റെയിൽവേ സ്റ്റേഷന് സമീപം പാവപ്പെട്ട കുറെയാളുകൾ താമസിക്കുന്നുണ്ട്. പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിൽ ഇവിടെയുണ്ട്. റെയിൽവേ സ്റ്റേഷന് സമീപത്ത് വീടുവച്ചു താമസിക്കുന്ന പാവപ്പെട്ടയാളുകൾക്ക് ഒരു എൻ.ഒ.സി. നൽകാൻ ഡി.എഫ്.ഒ.മാരും സി.സി.എഫ്.കാരും മടികാണിക്കുന്നു. പക്ഷെ, ഒരു മുതലാളിക്ക് എൻ.ഒ.സി. നൽകാൻ ഈ ഉദോഗസ്ഥൻ വ്യഗ്രത കാണിച്ചതെന്തെന്ന് അന്വേഷിക്കാൻ അങ്ങ് തയ്യാറാണോ? അതാണ് അന്വേഷിക്കേണ്ടത്. ആ വ്യഗ്രതയിൽ

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് സംശയമുണ്ട്. ഞാൻ ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രിയാണ്. ഈ ഉദ്യോഗസ്ഥൻ പലരെയും സഹായിക്കാമെന്നു പറഞ്ഞ് ഇദ്ദേഹത്തിന്റെ ഉയർന്ന ഉദ്യോഗസ്ഥൻ സത്യസന്ധനായതുകൊണ്ട് അദ്ദേഹത്തെ സ്ഥലം മാറ്റുന്നതിനുവേണ്ടി ഇവിടെ സമ്മർദ്ദം നടന്നിട്ടുണ്ട്. അങ്ങ് ഈ ഉദ്യോഗസ്ഥനെക്കുറിച്ച് അന്വേഷിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ പോയിന്റുകൂടി അന്വേഷണത്തിന് വിടുന്നു. അതുംകൂടി അന്വേഷിക്കട്ടെ. ....(ബഹളം)... ഞാൻ പറയുന്നു, ഈ നിയമസഭയ്ക്ക് മുമ്പിലെല്ലാ കാര്യങ്ങളും ട്രാൻസ്പരന്റായി നിൽക്കണം. ...... (ബഹളം)...........

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ബഹളമുണ്ടാക്കേണ്ട കാര്യമെന്താണ്; ഇതെല്ലാം അന്വേഷിക്കട്ടെ. .... (ബഹളം)...........

മി. സ്പീക്കർ: യെസ്.......യെസ്......

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി തോട്ടങ്ങളെ സംബന്ധിച്ച കാര്യങ്ങൾ സി.ബി.ഐ. അന്വേഷണത്തിന് വിട്ടതുപോലുള്ള വളരെ ശക്തമായ നിലപാടെടുത്തു. അദ്ദേഹത്തിന്റെ തീരുമാനമനുസരിച്ച് സി.ബി.ഐ. ഈ കേസ് അന്വേഷിക്കുകയാണ്. അവിടെ സി.ബി.ഐ.യുടെ മുമ്പിൽ ഈ ഉദ്യോഗസ്ഥന്റെ നിലാപാടെന്താണെന്നുകൂടി അങ്ങ് മേലുദ്യോഗസ്ഥന്മാരെക്കൊണ്ട് അന്വേഷിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്കറിയില്ലേ ഈ വകുപ്പ് എന്റെ കൈയിൽ കിട്ടിയിട്ട് എത്ര ദിവസമായിയെന്ന്? അങ്ങല്ലേ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്? അങ്ങേയ്ക്ക് ഇതെല്ലാം അറിയാവുന്നതല്ലേ. .... (ബഹളം) 8 പേരുള്ള കമ്മിറ്റിയെ നിയോഗിച്ച് കമ്മിറ്റിയെടുത്ത തീരുമാനവും വന്ന് ആ തീരുമാനം ഞാൻ വായിച്ചതല്ലേയുള്ളൂ.. (ബഹളം)... പ്രതിപക്ഷത്തുനിന്ന് ശ്രീ. എളമരം കരീം സൂചിപ്പിച്ചതുപോലെ ഞാൻ ഈ പേപ്പറുകളെല്ലാം മേശപ്പുറത്ത് വയ്ക്കുകയാണ്. ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ അദ്ദേഹം ഉന്നയിച്ച വിഷയം കൂടി അന്വേഷണസംഘം അന്വേഷിക്കട്ടെ. മാത്രമല്ല, ഇതിനേക്കാളുപരിയായി വേറെ എന്തെങ്കിലും കാര്യമുണ്ടെങ്കിൽ ആ കാര്യംകൂടി അന്വേഷിക്കുന്നതിനുവേണ്ടി അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്യുകയാണ്. ആർക്കുവേണമെങ്കിലും ആ അന്വേഷണ സംഘത്തിനുമുമ്പിൽ കാര്യങ്ങൾ പറയാവുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇക്കാര്യത്തിൽ ഒരു കാര്യം സത്യമാണ്, അങ്ങയുടെ കൈകൾ പരിശുദ്ധമാണ്. അതു ബോദ്ധ്യമായി... (ബഹളം)... നിങ്ങൾ ബഹളം വച്ചിട്ട് കാര്യമുണ്ടോ; ചോദ്യം ചോദിക്കാൻ എനിക്കവകാശമില്ലേ? ഇതുസംബന്ധമായി ഈ സഭയിൽ മറ്റംഗങ്ങൾക്കും ചില സ്വാതന്ത്ര്യമുണ്ട്. എഴുതിത്തരുന്ന എല്ലാ കാര്യങ്ങളും ഈ അന്വേഷണത്തിന്റെ പരിധിയിൽപ്പെടുത്താൻ അങ്ങ് തയ്യാറാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എളമരം കരീം, അങ്ങേക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എളമരം കരീം: സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞതു പോലെയാണെങ്കിൽ ഇതിനുമുമ്പുള്ള മന്ത്രിമാരുടെ കൈകൾ ശുദ്ധമല്ലായെന്ന് അർത്ഥം വരുന്നുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കണ്ടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മളങ്ങനെ അർത്ഥവും ദുരർത്ഥവും കണ്ടുപിടിക്കേണ്ട കാര്യമില്ല. നമുക്ക് ഫാക്ട് ഫൈൻഡിംഗല്ലേ വേണ്ടത്. ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതും ഈ അന്വേഷണ സംഘം അന്വേഷിച്ചോട്ടെ. അവർക്ക് സ്വതന്ത്രമായ രൂപത്തിൽ അധികാരം നൽകുകയാണ്. അവരെല്ലാം പരിശോധിച്ചോട്ടെ, അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കിട്ടട്ടെ. എനിക്ക് ഇതുമാത്രമാണ് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. എനിക്ക് ഇത്രയും കാര്യങ്ങൾ മാത്രമെ പറയാനുള്ളൂ. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ നിർദ്ദേശിച്ച പല കാര്യങ്ങളേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. അതേ അവസരത്തിൽ പവർ ഇല്ലാതെപോയാലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഇരുഭാഗത്തുനിന്നും സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പ്രധാനമായും ഉന്നയിച്ച ചില കാര്യങ്ങളെക്കുറിച്ച് ഒരു കാര്യം ഞാൻ ആദ്യമേ പറയാം. ഇന്ന് നമ്മുടെ ഡിമാന്റ് കൂടിക്കൂടി വരികയാണ്. 2008-ൽ നമ്മുടെ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. അന്ന് 26-6-2008-ലുള്ള ബോർഡ് ഓർഡർ വച്ചുകൊണ്ട് 27-6-2008 മുതൽ 12-6-2009 വരെ ഒരു വർഷക്കാലം ലോഡ്ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. അന്ന് മഴ കുറച്ച് കുറവായിരുന്നു. അതുകൊണ്ട് ലോഡ് ഷെഡ്ഡിംഗ് ഉണ്ടായി. പക്ഷെ അതിനെക്കാൾ വലിയ പ്രയാസമാണ് ഇപ്പോൾ കാണുന്നത്. അന്ന് വേണമെങ്കിൽ കുറേക്കൂടി പവർ വാങ്ങാമായിരുന്നു. ഞാൻ കുറ്റപ്പെടുത്തുകയല്ല, അങ്ങനെ ചെയ്താൽ വലിയ നഷ്ടത്തിലേക്ക് പോകും. മറ്റ് പല കാര്യങ്ങളുമൊക്കെ ആലോചിക്കും. ടോട്ടൽ റവന്യൂവിന്റെ 71.8 ശതമാനമാണ് പവർ പർച്ചേസ് ചെയ്യാൻവേണ്ടി 2009-ൽ ചെലവാക്കിയത്. അതേയവസരത്തിൽ 2012-13- ൽ റവന്യൂവിന്റെ 101.38 ശതമാനം ചെലവാക്കി. എന്നു പറഞ്ഞാൽ ടോട്ടൽ റവന്യൂവിനെക്കാൾ കൂടുതൽ ചെലവിടേണ്ടിവന്നു. ഇതാണ് ഈ ലോഡ് ഷെഡ്ഡിംഗിന് കാരണം. അല്ലാതെ ഇന്നുള്ള ഉദ്യോഗസ്ഥരുടെ കുഴപ്പം കൊണ്ടല്ല എന്ന് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അന്നുള്ള ചെയർമാനും മറ്റ് ആളുകളും കഴിവുള്ളവരായിരുന്നു. ഇന്നത്തെ ചെയർമാനും മറ്റ് ആളുകളും ഒട്ടും കഴിവ് കുറഞ്ഞവരല്ല എന്ന കാര്യവും ഞാൻ വ്യക്തമാക്കുകയാണ്. അതുകൊണ്ട് കുറേയൊക്കെ കാര്യങ്ങൾ നടത്തിയിട്ടുമുണ്ട്. ഒരു കാര്യം നമ്മൾ കാണേണ്ടത്, 2008-09-ലെ ആകെ ഡിമാന്റ്

LIBRARY ARCHIVES Kerala Legislative Assembly

15,923 മില്യൺ യൂണിറ്റാണ്. അതേയവസരത്തിൽ 2012-13-ലെ ഡിമാന്റ് എന്നുപറയുന്നത് 19,879 മില്യൺ യൂണിറ്റാണ്. അതുകൊണ്ടാണ് ഈ പറയുന്ന പ്രശ്നങ്ങളുണ്ടായത്. അത് മനസ്സിലാക്കണം. അല്ലാതെ മാനേജ്മെന്റിന്റെ കുഴപ്പമാണ് എന്നു പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല. അതേ സമയം നമ്മൾ കാണേണ്ട ഒരു കാര്യം, power purchase including BDPP and KDPP എല്ലാംകൂടി അന്ന് 9483 മില്യൺ യൂണിറ്റാണ്. എന്നിട്ടും ഒരു വർഷക്കാലം അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. 2012-13-ൽ 15049.70 മില്യൺ യൂണിറ്റ് ഞങ്ങൾ ഇവിടെനിന്നും വാങ്ങി. അത് അന്നും അവയിലബിൾ ആയിരുന്നു, എന്നിട്ടും നിങ്ങൾ വാങ്ങിയില്ല. അത് എന്തു കൊണ്ട് വാങ്ങിയില്ലയെന്ന് ഞാൻ ചോദിക്കുന്നില്ല. എന്നെ കുറ്റപ്പെടുത്തിയതു പോലെ ഞാൻ കുറ്റപ്പെടുത്തുന്നുമില്ല. അങ്ങനെ വാങ്ങിയിരുന്നുവെങ്കിൽ ഇന്ന് വലിയ നഷ്ടത്തിലേക്ക് നീങ്ങുമായിരുന്നു. ഇതാണ് വസ്തുത. അതേയ വസരത്തിൽ 2008-09-ൽ കായംകുളത്തുനിന്നും വാങ്ങിയത് 949.43 മില്യൺ യൂണിറ്റാണ്. എന്നാൽ 2012-13-ൽ ഞങ്ങൾ വാങ്ങിയത് 1517 മില്യൺ യൂണിറ്റാണ്. ഇത് അന്നും അവയിലബിളായിരുന്നു. എന്തുകൊണ്ട് നിങ്ങൾ വാങ്ങിയില്ലയെന്നു ഞാൻ ചോദിക്കുന്നില്ല.

ശ്രീ. ഇ. പി. ജയരാജൻ : സർ, കാലഘട്ടം കഴിയുമ്പോൾ ആവശ്യം കൂടുകയില്ലേ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മെമ്പർ ഒരുകാര്യം മനസ്സിലാക്കണം. അന്ന് ഇത് അവയിലബിളായിരുന്നു, എന്നിട്ടും അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് നടത്തി. അത് നടത്താതെ നിവൃത്തിയില്ലായിരുന്നു. അല്ലെങ്കിൽ ബോർഡ് ഭയങ്കര നഷ്ടത്തിലേക്ക് പോകുമായിരുന്നു. ആ മാനേജ്മെന്റിനെ ഞാൻ എതിർക്കുന്നില്ല. അതിനെക്കാൾ ഗുരുതരമായ അവസ്ഥയാണ് ഇന്ന് എന്നുള്ളകാര്യം മാത്രം ഞാൻ പറയുന്നു. 2008-09-ൽ ഇവിടെ ലോഡ് ഷെഡ്ഡിംഗ് നടത്തിയ കാലത്ത് കായംകുളത്തുനിന്ന് വൈദ്യുതി വാങ്ങാൻ 347.61 കോടി രൂപയാണ് ചെലവാക്കിയത്. എന്നാൽ 2012-13-ൽ കായംകുളത്തുനിന്ന് വൈദ്യുതി വാങ്ങാൻ ഞങ്ങൾ 1517.60 കോടി രൂപ ചെലവാക്കി. ഇവിടെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻവേണ്ടി കൂടുതൽ ചെലവിടുകയും കൂടുതൽ വാങ്ങുകയും ചെയ്തു എന്നുള്ളത് നഷ്ടത്തിനും റവന്യൂ ഗ്യാപ്പ് കൂടാനും ഇടയായി എന്നുള്ളതാണ് സത്യം. 2012-13-ൽ 7764 കോടി രൂപ പവർ പർച്ചേസിനുവേണ്ടി ചെലവാക്കി. അതാണ് 101.38 ശതമാനമെന്ന് ഞാൻ പറഞ്ഞത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് 2008-09-ൽ 3832 കോടി രൂപയാണ് പവർ പർച്ചേസ് ചെയ്യാൻവേണ്ടി നിങ്ങൾ അന്ന് ചെലവാക്കിയത്. അതേയവസരത്തിൽ 7764 കോടി രൂപയാണ് ഞങ്ങൾ ചെലവാക്കിയത്. എന്നുപറഞ്ഞാൽ 2008-09-ൽ നിങ്ങൾ ചെലവാക്കിയതിനെക്കാൾ 3932 കോടി രൂപ കൂടുതൽ ഞങ്ങൾ ചെലവാക്കി. അതുകൊണ്ട് കടബാധ്യത കൂടി, റവന്യൂ ഗ്യാപ്പ് കൂടി. ഇത് സ്വാഭാവികമല്ലേ. പക്ഷെ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചു. അതിനുപറ്റിയ നല്ലൊരു മാനേജ്മെന്റ് നമുക്കുണ്ടായി എന്നുള്ളതാണ് വസ്തുത.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ഈ പറയുന്നതൊക്കെ കേരള സ്റ്റേറ്റ് ഇലക്ട്രസിറ്റി റെഗുലേറ്ററി കമ്മീഷനെയും എ.ജി.യേയും ബോധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ എ.ജി.യുടെ സ്ട്രിക്ച്ചേഴ്സും അതുപോലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ സ്ട്രിക്ച്ചേഴ്സും ഗവണ്മെന്റിന് എതിരായിട്ടുള്ളത് നിങ്ങൾക്ക് മാറ്റിയെടുക്കാൻ കഴിയുമായിരുന്നില്ലേ? രണ്ടുപ്രാവശ്യം കേരള സ്റ്റേറ്റ് ഇലക്ട്രസിറ്റി റെഗുലേറ്ററി കമ്മീഷൻ തെറ്റായ രൂപത്തിലുള്ള പ്ലാനിംഗിന്റെയും മാനേജ്മെന്റിൽവന്ന പിശകിന്റെയും ഭാഗമാണ് എന്ന സ്ട്രിക്ച്ചേഴ്സ് വന്നു. ഇപ്പോൾ എ.ജി.യുടെ റിപ്പോർട്ടും വന്നു. അത് ബഹുമാനപ്പെട്ട മന്ത്രി കണ്ടിട്ടുണ്ടാവുമല്ലോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ അത് പറയാൻ പോവുകയായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതിന് നന്ദി. ഒരുകാര്യം അങ്ങ് മനസ്സിലാക്കണം. ഇതിനുമുമ്പുള്ള ഗവണ്മെന്റിന്റെ കാലത്തും പലതും കട്ട് ചെയ്യാൻ റഗുലേറ്ററി കമ്മീഷൻ പറഞ്ഞിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കൂടുതലാണ്. അത് വെട്ടിക്കുറയ്ക്കാൻ കഴിയുമോ? 5 വർഷം അങ്ങ് ഈ സ്ഥാനത്ത് ഇരുന്നതാണല്ലോ. അവിടെ അഡ്മിനിസ്ട്രേഷൻ കോസ്റ്റ് വെട്ടിക്കുറയ്ക്കണം, 25 ശതമാനത്തോളം കട്ട് ചെയ്തുകൊണ്ടാണ് റെഗുലേറ്ററി കമ്മീഷൻ എ.ആർ.ആർ. അംഗീകരിച്ചത്. അത് അങ്ങേയ്ക്ക് അംഗീകരിക്കാൻ സാധിക്കുമോ? ഈ ഗവണ്മെന്റ് നിലനിൽക്കുന്ന കാലത്തോളം ജീവനക്കാരന്റെ ഒരു പൈസപോലും കട്ട് ചെയ്യാൻ കൂട്ടുനിൽക്കില്ല എന്നുള്ള കാര്യം ഞാൻ പറയുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങയുടെ കാലഘട്ടത്തിൽ ജീവനക്കാർക്ക് ഒരൊറ്റ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലത്ത് ശമ്പള പരിഷ്കരണം നടപ്പാക്കിയെന്ന് തെളിഞ്ഞാൽ ഞാൻ ഈ സ്ഥാനം രാജിവയ്ക്കാം. അല്ലെങ്കിൽ താങ്കൾ രാജിവയ്ക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കഴിഞ്ഞ പ്രാവശ്യം ഞാൻ ശമ്പള പരിഷ്കരണം നടപ്പാക്കി എന്നുമാത്രമല്ല അവർ അതിൽ ഹാപ്പിയുമാണ്. അതിനുപുറമെ ..................(ബഹളം).......................

കഴിഞ്ഞ പ്രാവശ്യം ശ്രീ. എ. കെ. ബാലനുണ്ടാക്കിയ എഗ്രിമെന്റിന്റെ കാലത്ത് മുഴുവൻ ജോലി ചെയ്തതും ഞാനാണ്. അവസാനം എഗ്രിമെന്റായത്

4.00 PM] അദ്ദേഹത്തിന്റെ കാലത്തും. ബഹുമാനപ്പെട്ട ബാലൻ ഈ സഭയിൽ റോങ്ങയാളാണ്. രാജിവയ്ക്കാൻ ഞങ്ങൾ സമ്മതിക്കില്ല. പ്ലാനിംഗിന്റെ തകരാറും കെടുകാര്യസ്ഥതയുമാണെന്ന് ഇവിടെ പ്രസംഗിച്ചവരൊക്കെ പറഞ്ഞു. സി. ആന്റ്. എ. ജി പറഞ്ഞുവെന്ന് ശ്രീ. എ. കെ. ബാലനും പറയുന്നു. ഏതുകാലത്തെ കാര്യത്തെക്കുറിച്ചാണ് സി. ആന്റ് എ. ജി. പറഞ്ഞത് ശ്രീ. എ. കെ. ബാലൻ? സി. ആന്റ് എ. ജി പറഞ്ഞത്, 2008-09 മുതൽ 2012-13 വരെയുള്ള കാലയളവിലെ 240.21 മെഗാവാട്ട് വൈദ്യുതിയെക്കുറിച്ചാണ്. അഞ്ച് വർഷത്തെ റിവ്യൂ ആണ്. അതിൽ മൂന്ന് വർഷം താങ്കളുടേതാണ്. ഇതെന്താണ് സർ....... നോ... ....(ബഹളം)......

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിക്കട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പ്ലാനിംഗിനെക്കുറിച്ച് ഇവിടെ വളരെ ക്ലിയറായി പറഞ്ഞുവെന്ന് മാത്രമല്ല സി.ആന്റ് എ. ജി. പറഞ്ഞ ബാക്കി കാര്യങ്ങൾ കൂടി ഞാൻ പറയാം. Table 3.1.8 - Detailts of per unit cost of power purchased. ഞാൻ കുറ്റപ്പെടുത്തുകയല്ല. അങ്ങനെയൊരു വില വന്നു. അതിൽ ഒരു അഴിമതിയുണ്ടെന്ന് ഞാൻ പറയുന്നില്ല. 2008-09-ൽ ട്രേയിഡേഴ്സിന്റെ കയ്യിൽ നിന്ന് നിങ്ങൾ പർച്ചേസ് ചെയ്തതെത്രയാണ്? ഒരു യൂണിറ്റിന് 7.73 രൂപ. 2012-13-ൽ ഞങ്ങൾ പർച്ചേസ് ചെയ്തത് 6.17 രൂപയ്ക്കായിരുന്നു. ഇത് കെടുകാര്യസ്ഥതയാണോ? സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടാണ്. സി. ആന്റ് എ.ജി. പ്ലാനിംഗിനെക്കുറിച്ചാണ് പറഞ്ഞത്. 2005-ൽ ആണ് കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിലുള്ള കോമ്പറ്റീറ്റീവ് ടെണ്ടർ വിളിക്കാനും അത് കേസ് വൺ ബിഡ് ആക്കി നടത്താനും തീരുമാനിച്ചത്. 2006-07-ൽ ഗുജറാത്ത്, ബീഹാർ കൂടാതെ പല സംസ്ഥാനങ്ങളും അത് ചെയ്തു. എന്നാൽ നമുക്ക് ചെയ്യാൻ കഴിഞ്ഞില്ല. കേസ് വൺ ബിഡ്-ന്റെ ഗൈഡ്‌ലൈൻ വന്നശേഷം നമുക്കുവേണമെങ്കിൽ 2006-07-ൽ ലോംഗ്ടേമായി ടെണ്ടർ വിളിക്കാമായിരുന്നു. നമ്മൾ വിളിച്ചില്ല. എന്താണ് കാരണമെന്ന് എനിക്കറിയില്ല. അതുകഴിഞ്ഞ് 2009-ൽ നിങ്ങൾ കേസ് വൺ ബിഡ് അനുസരിച്ച് അഞ്ചുകൊല്ലത്തേയ്ക്ക് ടെണ്ടർ വിളിച്ചു. കേസ് വൺ ബിഡ് കേന്ദ്രത്തിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് വിളിക്കേണ്ടത് മൂന്ന് തരമാണ്, (1) ഷോർട്ട് ടേം - മൂന്നുമാസം വരെ (2) മീഡിയം ടേം - മൂന്നു മാസം മുതൽ മൂന്നുകൊല്ലം വരെ. (3) 12 വർഷത്തിനുമുകളിൽ വന്നാലേ അത് ലോംഗ്ടേം ആകൂ. നിങ്ങൾ വിളിച്ചത് അഞ്ചു വർഷത്തേയ്ക്കാണ്. അത് പ്രായോഗികമായില്ല. അതിനുശേഷം നിങ്ങൾ ടെണ്ടർ വിളിക്കുന്നത് 2011 ഏപ്രിൽ മാസത്തിലാണ്. അഞ്ചുകൊല്ലം കടന്നുപോയി. അതാണ് പ്ലാനിംഗിന്റെ ദോഷമെന്നാണ് സി. ആന്റ് എ. ജി പറഞ്ഞത്. 2011 ഏപ്രിൽ മാസം നിങ്ങളാണ് കേരളം ഭരിക്കുന്നത്. അന്നാണ് ടെണ്ടർ ചെയ്തത്. ഞങ്ങൾ വരുന്നത് മേയ് മാസത്തിലാണ്. അത് ബഹുമാനപ്പെട്ട എ. കെ. ബാലന്റെ കഴിവുകുറവുകൊണ്ടാണെന്ന് ഒരിക്കലും പറയില്ല. അങ്ങ് എന്നെക്കാൾ കഴിവുള്ളയാളാണ്. അതിൽ സംശയമില്ല. എന്നാൽ അന്നത്തെ ഉദ്യോഗസ്ഥർ പ്രഗത്ഭന്മാരായിരുന്നു. വളരെ പ്രാഗത്ഭ്യമുള്ളവരായിരുന്നു. അന്നത്തെ ചെയർമാനും പ്രഗത്ഭനായിരുന്നു. ഒട്ടും പ്രാഗത്ഭ്യക്കുറവ് ഇന്നത്തെ ചെയർമാനും മെമ്പർമാർക്കുമില്ല. അതുകൊണ്ട് ഈ രൂപത്തിൽ അവർ ഇത് മാനേജ് ചെയ്ത് കൊണ്ടുവന്നു എന്നത് മനസ്സിലാക്കണം. കൂടുതൽ തുക ചെലവിട്ട് ഇത് വാങ്ങി ജനങ്ങൾക്ക് കൊടുത്തു. അതിന്റെ റവന്യൂ ഗ്യാപ്പ് വളരെ കൂടേണ്ടതായിരുന്നു. കുറഞ്ഞിട്ടില്ല, കൂടിയിട്ടുണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ താങ്കളുടെ 2008-09-ലെ കണക്ക് വച്ച് നോക്കിയാൽ ഇതൊട്ടും കൂടുതലല്ല. പ്ലാനിംഗിന്റെ തകരാർ ഇവിടെയാണ് സംഭവിച്ചത്. ഇത് അഞ്ചുകൊല്ലത്തെ റിപ്പോർട്ടാണ്. ഞങ്ങൾ അധികാരത്തിൽ വന്നു. നിങ്ങളുടെ ആദ്യത്തെ ടെൻഡർ ഗൈഡ്‌ലൈനിന് വിരുദ്ധമായതുകൊണ്ട് നടപ്പാക്കാൻ സാധിച്ചില്ല. എന്നിട്ടും നിങ്ങൾ ടെണ്ടർ വിളിച്ചത് എന്നേയ്ക്കാണ്?

LIBRARY ARCHIVES Kerala Legislative Assembly

2011 ഏപ്രിൽ മാസത്തിലാണ്. അന്നും നിങ്ങൾക്ക് നടപ്പാക്കാനുദ്ദേശമില്ല. അത് ശരിയായില്ല, ഇതിന് പ്രോപ്പറായ പ്ലാനിംഗുണ്ടായില്ല എന്നാണ് സി. ആന്റ് എ.ജി പറഞ്ഞിരിക്കുന്നത്. അത് ഞങ്ങളുടെ കാലത്തല്ലല്ലോ. അങ്ങോട്ടു മിങ്ങോട്ടും പറയാം. കുറച്ചൊക്കെ ഞങ്ങളുടെ ഭാഗത്തും അബദ്ധങ്ങൾ പറ്റിക്കാണും. അതിനെല്ലാം നിങ്ങളുടേത് സ്വർഗ്ഗീയമായിരുന്നു എന്നുള്ള വാദം താങ്കൾ പറഞ്ഞില്ല. ചിലരൊക്കെ ഇവിടെ പറഞ്ഞു.

ഇന്ന് ഇന്ററപ്ഷൻ കൂടുന്നു. 3700-3800 മെഗാവാട്ട് വൈദ്യുതി നമുക്ക് വേണം. 1700-1800 മെഗാവാട്ട് വൈദ്യുതിയേ ഉത്പ്പാദിപ്പിക്കാൻ കഴിയുകയുള്ളൂ. നിങ്ങൾ അന്ന് ലോഡ്ഷെഡ്ഡിംഗ് നടത്തിയത് 3-4 സ്ഥലങ്ങളിൽ പ്രോബ്ലം വന്നതുകൊണ്ടും സെന്ററിൽ സി.ജി.എസ്.-ൽനിന്ന് കിട്ടുന്നത് കുറഞ്ഞതു കൊണ്ടുമാണ്. അവിടെയും ഇതുപോലെ തന്നെ മെഷീൻ കേടുപാടുകളും കാര്യങ്ങളുമുണ്ടായി. ഇപ്രാവശ്യവും അതുതന്നെ സംഭവിച്ചു. അതേ അവസര ത്തിൽ അന്ന് ഫുട്ബോളിന് ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയെന്ന് ഇവിടെ പറയുന്നതുകേട്ടു. ഫുട്ബോളിന് മാത്രമല്ല 27-ാം തീയതി മുതൽ ലോഡ്ഷെ ഡ്ഡിംഗ് പിൻവലിക്കുകയാണ്. കായംകുളത്തു നിന്ന് വലിയ വിലകൊടുത്ത് വൈദ്യുതി വാങ്ങുകയാണ്. ഇനി മഴകൂടി കിട്ടണം. ഇല്ലെങ്കിൽ നിവൃത്തി യൊന്നുമില്ല. പ്രാർത്ഥിക്കാൻ ശ്രീ. എ. കെ. ബാലനും ഞാനുമൊന്നും തയ്യാറാവില്ലല്ലോ. എല്ലാവരുടേയും സഹായം വേണം. ഇന്ററപ്ഷൻ കൂടുന്നു. അത് ഞാൻ സമ്മതിക്കുന്നു. അതാണ് ആളുകൾ അനധികൃത ലോഡ് ഷെഡ്ഡിംഗെന്ന് പറയുന്നത്. അങ്ങനെയൊന്നുമില്ല. പ്രഖ്യാപിച്ചതേയുള്ളൂ. പക്ഷെ എപ്പോഴും തകരാറാകും. അതിനുള്ള കാരണം ഫോറസ്റ്റിൽക്കൂടിയാണ് നമ്മുടെ പല ലൈനും വരുന്നത്. ബഹുമാനപ്പെട്ട എ. കെ. ബാലന് അത് നല്ലതുപോലെ അറിയാമല്ലോ. അവിടെ ലൈനിൽ മരങ്ങളുടെ കൊമ്പ് വീഴുന്നു. അതിനുപുറമേ കമ്പിയുടെ പുറത്ത് വീഴാൻ സാദ്ധ്യതയുള്ളതും വീണു കൊണ്ടിരിക്കുന്നതുമായ മരക്കൊമ്പുകൾ മുറിക്കാനുള്ള ഒരു സൗകര്യ മുണ്ടാക്കുന്നതിന് എല്ലാവരും സഹായിക്കണം. നമ്മുടെ ജീവനക്കാരിൽ ബഹുഭൂരിപക്ഷവും വളരെ ആത്മാർത്ഥതയുള്ളവരാണ്. അവർ പല ജാതിയും രാഷ്ട്രീയവുമൊക്കെയുള്ളവരാണെങ്കിലും ആത്മാർത്ഥമായി പണി ചെയ്യുന്നവരാണ്. അർദ്ധരാത്രിവരെയിറങ്ങി ജോലി ചെയ്യുന്നവരാണ്. അത് നമ്മൾ കാണണം. കഴിഞ്ഞ വർഷത്തിനു മുമ്പുള്ള ബക്രീദിന്റെ തലേ ദിവസം രാത്രി ഭയങ്കര മഴയിൽ പവർ കട്ടായി. പവറില്ലാതെ പോയാ ലുള്ള ബുദ്ധിമുട്ട് അറിയാവുന്നതുകൊണ്ട് ശിവദാസൻ എന്ന അരീക്കോടിലെ ലൈൻമാൻ കത്തിയുമെടുത്ത് ജോലിക്കിറങ്ങി. കിണറ്റിനു മീതെ വീണുകിട ക്കുന്ന മരക്കൊമ്പ് കിണറ്റിന്റെ പടവിൽ കയറിനിന്നാണ് വെട്ടിയത്. അയാൾ വീണു, അയാളുടെ ജീവൻതന്നെ നഷ്ടപ്പെട്ടു. അങ്ങനെയുള്ള ജീവനക്കാരുള്ള സ്ഥാപനമാണ്. അതിനാൽ അവരുമായി സഹകരിക്കണം. ടച്ചിംഗ് ചെയ്യുമ്പോൾ കല്ലെറിഞ്ഞാൽ എന്തുചെയ്യാൻ സാധിക്കും? രണ്ടു കാര്യം കൂടി പറയാനുണ്ട്. ഒന്ന്, ടച്ചിംഗിന്റെയെല്ലാം ഫലമായി മെമ്പർമാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്, ധാരാളം ഫോൺ കോളുകൾ അവർക്കും എനിക്കും വരുന്നുണ്ട്. അതിനൊരു പരിഹാരം വേണം. അതിനുവേണ്ടി ഞാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്കീമുണ്ടാക്കുന്നു. ആ സ്കീമിൽ എം.എൽ.എ. ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ജില്ലാ പഞ്ചായത്ത് മെമ്പർ, അസംബ്ലിയിൽ പ്രാതിനിധ്യമുള്ള എല്ലാ പാർട്ടികളുടെയും, അഖിലേന്ത്യാ പാർട്ടിയായ ബി.ജെ.പി.-യുടെയും ഓരോ പ്രതിനിധികൾ എന്നിവരുണ്ടാകും. ആ കമ്മിറ്റിക്ക് ഒരു വർഷം 10 ലക്ഷം രൂപ നൽകും. എന്റെ റിക്വസ്റ്റ്, 10 ലക്ഷം രൂപ നൽകുമ്പോൾ മെമ്പർമാർ അവരുടെ എം.എൽ.എ. ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപ അതിലേക്ക് മാറ്റിവച്ചാൽ വലിയ ഉപകാരമായിരിക്കും എന്നാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, അതിന് സാങ്ഷൻ നൽകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിന് സാങ്ഷൻ വാങ്ങിക്കാം. പഞ്ചായത്തുകൾ ഓരോ ലക്ഷം, മുനിസിപ്പാലിറ്റികൾ രണ്ടു ലക്ഷം, കോർപ്പറേഷൻ ഏരിയയാണെങ്കിൽ മൂന്നുലക്ഷം രൂപ നീക്കിവച്ചാൽ ഏകദേശം 20-25 ലക്ഷം രൂപ ലഭിക്കും. ആ കമ്മിറ്റിയുടെ കൺവീനർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരിക്കും. ചെയർമാൻ പറയുന്ന സമയങ്ങളിൽ മീറ്റിംഗ് വിളിച്ചു കൂട്ടണം. എവിടെയെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ, പെട്ടെന്ന് ചെയ്ത് തീർക്കേണ്ടതാണെങ്കിൽ ഉടനെ ചെയ്യാനുള്ള നടപടികൾ അവർക്ക് കൈക്കൊള്ളാൻ സാധിക്കും. അതിന് മീറ്റിംഗ് കൂടേണ്ട. ഒരു പഞ്ചായത്തിലാണ് സംഭവിച്ചതെങ്കിൽ ആ പഞ്ചായത്ത് പ്രസിഡന്റ് എം.എൽ.എ.-യെ സമീപിച്ചാൽ എം.എൽ.എ.-യും പഞ്ചായത്ത് പ്രസിഡന്റും കൺവീനറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ആലോചിച്ച് ഉടനെതന്നെ അത് ചെയ്യാനുള്ള നടപടി അവർക്ക് കൈക്കൊള്ളാം. ആ വർക്ക് ചെയ്യുന്നത് കെ.എസ്.ഇ.ബി. ആയിരിക്കും. ആ കമ്മിറ്റി ടച്ചിംഗും ബാക്കിയുള്ള കാര്യങ്ങളിലും ശ്രദ്ധപതിപ്പിച്ചാൽ വലിയ ഉപകാരമായിരിക്കും.

മറ്റൊരു പദ്ധതി, വൈദ്യുതി ലൈൻ ഷോക്കേൽക്കുന്ന രീതിയിലുള്ള ആക്സിഡന്റിൽ മരണപ്പെട്ടുകഴിഞ്ഞാൽ 2010 വരെ 50,000 രൂപ വരെ നൽകുമായിരുന്നു. 2010-ൽ ശ്രീ. എ. കെ. ബാലൻ അത് ഒരു ലക്ഷം രൂപയാക്കി മാറ്റി. അതൊന്നും ഞാൻ ചെറുതായി കാണുന്നില്ല. ഇന്നത്തെ സ്ഥിതിക്ക് അതൊക്കെ തുച്ഛമായ സംഖ്യയാണ്. ഞാനും കഴിഞ്ഞ പ്രാവശ്യം മന്ത്രിയായപ്പോൾ ഒരു ലക്ഷം രൂപ തന്നെയാണ് കൊടുത്തത്. എന്നാൽ ആളുകൾ കോടതിയിലേക്ക് പോകുകയാണ്. അഞ്ചും ആറും വർഷങ്ങൾ കഴിഞ്ഞാണ് വിധി വരുന്നത്. ചില പാവങ്ങൾക്ക് കോടതിയിൽ പോകാനും കഴിയില്ല. അതുകൊണ്ട് അങ്ങനെ മരിക്കുന്നയാളുകൾക്ക് ഉടനടി അഞ്ചു ലക്ഷം രൂപ നൽകാനുള്ള തീരുമാനം കൈക്കൊള്ളും. എന്നുമാത്രമല്ല, നമ്മുടെ നാട്ടിൽ 1855-ലെ The Fatal Accidents Act ആണ് നിലവിലുള്ളത്. ആ ആക്ട് വളരെ പഴഞ്ചനാണ്. അതുകൊണ്ട് ഒരു പുതിയ നിയമം നിർമ്മിച്ച് ഇതിൽ വ്യവസ്ഥയുണ്ടാക്കിക്കൊണ്ട് ഈ നഷ്ടപരിഹാരം കൊടുക്കാനുള്ള ഏർപ്പാട് ചെയ്യും. അതുവരെ ഇനി ഫ്യൂച്ചറിൽ ഇത് സംഭവിക്കുന്ന ആളുകൾക്ക്, മുമ്പ് സംഭവിച്ചവർക്കല്ല, 5 ലക്ഷം രൂപവരെ

LIBRARY ARCHIVES Kerala Legislative Assembly

ഉടനെ നൽകും. പക്ഷേ, ഈ 5 ലക്ഷം രൂപ കൈപ്പറ്റുന്നവർ കോടതിയിലോ മറ്റു നടപടികളിലേക്കോ പോകില്ലെന്നുള്ള അണ്ടർടേക്കിംഗ് നൽകണം. കോടതിയിൽ പോകാത്ത ആളുകൾക്ക് 5 ലക്ഷം രൂപ കൊടുക്കാൻ തയ്യാറാണ്. ഇതിനെല്ലാം പുറമെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം എന്ന സ്കീം നടപ്പാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ എ.പി.ഡി.ആർ.പി. സ്കീം നടപ്പാക്കിക്കഴിഞ്ഞു. ഇപ്പോൾ 43 മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കൂടി 6 എ.പി.ഡി.ആർ.പി. സ്കീമുകളുണ്ട്. പക്ഷേ പുതിയ ചില മുനിസിപ്പാലിറ്റികൾ, എ.പി.ഡി.ആർ.പി. സ്കീമിൽ വന്നിട്ടില്ല. എ.പി.ഡി.ആർ.പി. സ്കീമിൽവരാത്ത മുനിസിപ്പാലിറ്റികളുടെ പവർ ഇംപ്രൂവ്മെന്റിനുവേണ്ടി 5 ലക്ഷം രൂപവരെ നൽകും. അതിനുപുറമെ എ.പി.ഡി.ആർ.പി. കവർ ചെയ്യാത്ത 12 മുനിസിപ്പാലിറ്റികളുണ്ട്. ആ മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി നൽകും. ഇതുപോലെയുള്ള കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. മെമ്പർമാർ പറഞ്ഞ പല അഭിപ്രായങ്ങളുമുണ്ട്. അതിനോരോന്നിനും മറുപടി പറയാൻ സമയക്കുറവുള്ളതുകൊണ്ട് കഴിയില്ല. മെമ്പർമാർ നിർദ്ദേശിച്ചതിൽ പെട്ടെന്ന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്യും. അതിൽ ചെയ്യാനുള്ളത് പരമാവധി ചെയ്യും.

ഇവിടെ പീമേനി പദ്ധതിയുടെ കാര്യം പറഞ്ഞു. അത് വളരെ പ്രധാനപ്പെട്ടതാണ്. ഞാനും സബ്ജക്ട് കമ്മിറ്റി അംഗങ്ങളുമെല്ലാം സന്ദർശനം നടത്തിയതാണ്. യാതൊരു ബുദ്ധിമുട്ടുമില്ലാതെ ചെയ്യാൻ സാധിക്കുമെന്നാണ് വിശ്വാസം. അതുകൊണ്ട് ഞങ്ങൾ അന്ന് തീരുമാനിച്ചതുപോലെ അസംബ്ലി കഴിഞ്ഞാൽ ആ പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, എം.എൽ.എ.-മാർ, എല്ലാ രാഷ്ട്രീയപാർട്ടികളിൽ നിന്നുള്ള ഓരോ പ്രതിനിധികളെയും കൂട്ടി ഈ സ്ഥലങ്ങൾ, ഇതിന് യാതൊരു അപകടവുമില്ലാതെ യു.പി.-യിലും ഡൽഹിയിലുമൊക്കെ നടക്കുന്ന പ്രോജക്ടുകൾ കാണിച്ചുകൊടുത്ത് അവരെ ബോദ്ധ്യപ്പെടുത്തി അത് നടത്താൻ ശ്രമിക്കും. ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞ ഒരു കാര്യമുണ്ടായിരുന്നു. 12 ഏക്കർ സ്ഥലമുണ്ട്. യാതൊരു സംശയവും ബഹുമാനപ്പെട്ട മെമ്പർക്ക് വേണ്ട, അടിയന്തരമായി ഈ വർഷം തന്നെ അവിടെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാനുള്ള ഏർപ്പാട് ചെയ്യും. അതിനുശേഷം അവിടെ ഒരു സബ്സ്റ്റേഷനുമുണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കും.

ഇവിടെ പട്ടയത്തിന്റെ കാര്യം ചൂണ്ടിക്കാണിച്ചു. പ്രോജക്ട് ഏരിയയിൽ പ്രയാസമില്ലാത്തവിധം പട്ടയം കൊടുക്കാനുള്ള നടപടി കൈക്കൊള്ളും. പ്രോജക്ട് ഏരിയയ്ക്ക് എന്തെങ്കിലും പ്രയാസമുണ്ടാകുന്ന പക്ഷം അത് പ്രോജക്ടിന്റെയും ഡാമിന്റെയുമൊക്കെ സേഫ്റ്റി നോക്കിക്കൊണ്ടുമാത്രമേ ചെയ്യാൻ കഴിയുകയുള്ളു. എന്നാലും പരമാവധി ഇക്കാര്യങ്ങൾ ചെയ്യും. നല്ല നിർദ്ദേശങ്ങൾ രണ്ടുഭാഗത്തുനിന്നും പറഞ്ഞിട്ടുണ്ട്. അത് ഞാൻ സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഞാൻ ഉന്നയിച്ച പ്രശ്നങ്ങൾക്ക് മറുപടി പറഞ്ഞില്ല. കറണ്ട് പോകുന്നതിന്റെ ഉത്തരവാദിത്വംകൂടി എം.എൽ.എ.-മാരുടെ മേൽ വയ്ക്കുകയാണ്. ഇതൊരിക്കലും ശരിയല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ആ ഭാഗത്തും ഈ ഭാഗത്തുമുള്ള എം.എൽ.എ.-മാർക്ക് അത് വേണ്ട എന്നാണെങ്കിൽ യാതൊരു നിർബന്ധവുമില്ല. അങ്ങനെയാണെങ്കിൽ ഏത് എം.എൽ.എ.-യ്ക്കാണോ ആവശ്യം അവിടെ കൊടുക്കാം. ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ്, ശ്രീ. ബാബു. എം. പാലിശ്ശേരി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. സി. മമ്മൂട്ടി

36. ശ്രീ. കെ. എം. മാണി

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. സി. മോയിൻകുട്ടി

39. ശ്രീ. മോൻസ് ജോസഫ്

40. ശ്രീ. സി. പി. മുഹമ്മദ്

41. ശ്രീ. ആര്യാടൻ മുഹമ്മദ്

42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

43. ഡോ. എം. കെ. മുനീർ

44. ശ്രീ. കെ. മുരളീധരൻ

45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

46. ശ്രീ. ഉമ്മൻ ചാണ്ടി

47. ശ്രീ. അടൂർ പ്രകാശ്

48. ശ്രീ. റ്റി. എൻ. പ്രതാപൻ

49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

51. ശ്രീ. രമേശ് ചെന്നിത്തല

52. ശ്രീ. പാലോട് രവി

53. ശ്രീ. റോഷി അഗസ്റ്റിൻ

54. ശ്രീ. വി. പി. സജീന്ദ്രൻ

55. ശ്രീ. എൻ. ശക്തൻ

56. ശ്രീ. വി. ഡി. സതീശൻ

57. ശ്രീ. ഷാഫി പറമ്പിൽ

58. ശ്രീ. കെ. എം. ഷാജി

59. ശ്രീ. എൻ. ഷംസുദ്ദീൻ

60. ശ്രീ. ആർ. സെൽവരാജ്

61. ശ്രീ. ഷിബു ബേബി ജോൺ



LIBRARY ARCHIVES Kerala Legislative Assembly

62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. റി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീ. എം. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. റി. ചെന്താമരാക്ഷൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ

16. ശ്രീമതി ജമീലാ പ്രകാശം
17. ശ്രീ. ജെയിംസ് മാത്യു
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. പ്രൊഫ. സി. രവീന്ദ്രനാഥ്
42. ശ്രീ. സാജു പോൾ

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീമതി കെ. എസ്. സലീഖ

44. ശ്രീ. എസ്. ശർമ്മ

45. ശ്രീ. വി. ശശി

46. ശ്രീ. എ. കെ. ശശീന്ദ്രൻ

47. ശ്രീ. ബി. സത്യൻ

48. ശ്രീ. വി. ശിവൻകുട്ടി

49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

50. ശ്രീ. ജി. സുധാകരൻ

51. ശ്രീ. വി. എസ്. സുനിൽ കുമാർ

52. ഡോ. ടി. എം. തോമസ് ഐസക്

53. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 53

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ, ശ്രീ. പുരുഷൻ കടലുണ്ടി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

LIBRARY ARCHIVES Kerala Legislative Assembly

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്യുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

55. ശ്രീ. എൻ. ശക്തൻ

56. ശ്രീ. വി. ഡി. സതീശൻ

57. ശ്രീ. ഷാഫി പറമ്പിൽ

58. ശ്രീ. കെ. എം. ഷാജി

59. ശ്രീ. എൻ. ഷംസുദ്ദീൻ

60. ശ്രീ. ആർ. സെൽവരാജ്

61. ശ്രീ. ഷിബു ബേബി ജോൺ

62. ശ്രീ. കെ. ശിവദാസൻ നായർ

63. ശ്രീ. വി. എസ്. ശിവകുമാർ

64. ശ്രീ. സണ്ണി ജോസഫ്

65. ശ്രീ. സി. എഫ്. തോമസ്

66. ശ്രീ. തോമസ് ഉണ്ണിയാടൻ

67. ശ്രീ. പി. ഉബൈദുള്ള

68. ശ്രീ. എം. ഉമ്മർ

69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

70. ശ്രീ. എം. എ. വാഹീദ്

71. ശ്രീ. എം. പി. വിൻസെന്റ്

72. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീമതി പി. അയിഷാ പോറ്റി

3. ശ്രീ. എ. എം. ആരിഫ്

4. ശ്രീ. ബാബു എം. പാലിശ്ശേരി

5. ശ്രീ. എം. എ. ബേബി

6. ശ്രീ. എ. കെ. ബാലൻ

7. ശ്രീ. എം. ചന്ദ്രൻ

8. ശ്രീ. ഇ. ചന്ദ്രശേഖരൻ

9. ശ്രീ. വി. ചെന്താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. കെ. ദാസൻ

11. ശ്രീ. ബി. ഡി. ദേവസ്സി

12. ശ്രീമതി ഗീതാ ഗോപി

13. ശ്രീ. ചിറ്റയം ഗോപകുമാർ

14. ശ്രീ. പി. കെ. ഗുരുദാസൻ

15. ശ്രീ. എം. ഹംസ

16. ശ്രീമതി ജമീലാ പ്രകാശം

17. ശ്രീ. ജെയിംസ് മാത്യു

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. കെ. കെ. ജയചന്ദ്രൻ

20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. ഇ. പി. ജയരാജൻ

22. ശ്രീ. ജോസ് തെറ്റയിൽ

23. ശ്രീ. എളമരം കരീം

24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

29. ശ്രീമതി കെ. കെ. ലതിക

30. ശ്രീ. സി. കെ. നാണു

31. ശ്രീ. കെ. കെ. നാരായണൻ

32. ശ്രീ. എ. പ്രദീപ്കുമാർ

33. ശ്രീ. പുരുഷൻ കടലുണ്ടി

34. ശ്രീ. കെ. രാധാകൃഷ്ണൻ

35. ശ്രീ. പി. റ്റി. എ. റഹീം

36. ശ്രീ. എസ്. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീ. ആർ. രാജേഷ്

38. ശ്രീ. റ്റി. വി. രാജേഷ്

39. ശ്രീ. കെ. രാജു

40. ശ്രീ. രാജു എബ്രഹാം

41. പ്രൊഫ. സി. രവീന്ദ്രനാഥ്

42. ശ്രീ. സാജു പോൾ

43. ശ്രീമതി കെ. എസ്. സലീഖ

44. ശ്രീ. എസ്. ശർമ്മ

45. ശ്രീ. വി. ശശി

46. ശ്രീ. എ. കെ. ശശീന്ദ്രൻ

47. ശ്രീ. ബി. സത്യൻ

48. ശ്രീ. വി. ശിവൻകുട്ടി

49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

50. ശ്രീ. ജി. സുധാകരൻ

51. ശ്രീ. വി. എസ്. സുനിൽ കുമാർ

52. ഡോ. ടി. എം. തോമസ് ഐസക്

53. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 53

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ, ശ്രീ. എം. ഹംസ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

20. ശ്രീ. കെ. ബി. ഗണേഷ് കുമാർ

21. ശ്രീ. എ. റ്റി. ജോർജ്

22. ശ്രീ. പി. സി. ജോർജ്

23. ശ്രീ. ഹൈബി ഈഡൻ

24. കുമാരി പി. കെ. ജയലക്ഷ്മി

25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. സി. ജോസഫ്

27. ശ്രീ. പി. ജെ. ജോസഫ്

28. ശ്രീ. ജോസഫ് വാഴക്കൻ

29. ശ്രീ. വർക്കല കഹാർ

30. ശ്രീ. കെ. എൻ. എ. ഖാദർ

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. കോവൂർ കുഞ്ഞുമോൻ

33. ശ്രീ. ലൂഡി ലൂയിസ്

34. ശ്രീ. പി. എ. മാധവൻ

35. ശ്രീ. സി. മമ്മൂട്ടി

36. ശ്രീ. കെ. എം. മാണി

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. സി. മോയിൻകുട്ടി

39. ശ്രീ. മോൻസ് ജോസഫ്

40. ശ്രീ. സി. പി. മുഹമ്മദ്

41. ശ്രീ. ആര്യാടൻ മുഹമ്മദ്

42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

43. ഡോ. എം. കെ. മുനീർ

44. ശ്രീ. കെ. മുരളീധരൻ

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി. സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീ. എം. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. വി. ചെന്താമരാക്ഷൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീമതി ജമീലാ പ്രകാശം
17. ശ്രീ. ജെയിംസ് മാത്യു
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ



LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

29. ശ്രീമതി കെ. കെ. ലതിക

30. ശ്രീ. സി. കെ. നാണു

31. ശ്രീ. കെ. കെ. നാരായണൻ

32. ശ്രീ. എ. പ്രദീപ്കുമാർ

33. ശ്രീ. പുരുഷൻ കടലുണ്ടി

34. ശ്രീ. കെ. രാധാകൃഷ്ണൻ

35. ശ്രീ. പി. റ്റി. എ. റഹീം

36. ശ്രീ. എസ്. രാജേന്ദ്രൻ

37. ശ്രീ. ആർ. രാജേഷ്

38. ശ്രീ. റ്റി. വി. രാജേഷ്

39. ശ്രീ. കെ. രാജു

40. ശ്രീ. രാജു എബ്രഹാം

41. പ്രൊഫ. സി. രവീന്ദ്രനാഥ്

42. ശ്രീ. സാജു പോൾ

43. ശ്രീമതി കെ. എസ്. സലീഖ

44. ശ്രീ. എസ്. ശർമ്മ

45. ശ്രീ. വി. ശശി

46. ശ്രീ. എ. കെ. ശശീന്ദ്രൻ

47. ശ്രീ. ബി. സത്യൻ

48. ശ്രീ. വി. ശിവൻകുട്ടി

49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

50. ശ്രീ. ജി. സുധാകരൻ

51. ശ്രീ. വി. എസ്. സുനിൽ കുമാർ

LIBRARY ARCHIVES Kerala Legislative Assembly

52. ഡോ. ടി. എം. തോമസ് ഐസക്

53. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 53

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ, ശ്രീ. സി. കൃഷ്ണൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. പി. ബി. അബ്ദുൾ റസാക്

4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ



LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ

LIBRARY ARCHIVES Kerala Legislative Assembly

30. ശ്രീ. കെ. എൻ. എ. ഖാദർ

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. കോവൂർ കുഞ്ഞുമോൻ

33. ശ്രീ. ലൂഡി ലൂയിസ്

34. ശ്രീ. പി. എ. മാധവൻ

35. ശ്രീ. സി. മമ്മൂട്ടി

36. ശ്രീ. കെ. എം. മാണി

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. സി. മോയിൻകുട്ടി

39. ശ്രീ. മോൻസ് ജോസഫ്

40. ശ്രീ. സി. പി. മുഹമ്മദ്

41. ശ്രീ. ആര്യാടൻ മുഹമ്മദ്

42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

43. ഡോ. എം. കെ. മുനീർ

44. ശ്രീ. കെ. മുരളീധരൻ

45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

46. ശ്രീ. ഉമ്മൻ ചാണ്ടി

47. ശ്രീ. അടൂർ പ്രകാശ്

48. ശ്രീ. റ്റി. എൻ. പ്രതാപൻ

49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

51. ശ്രീ. രമേശ് ചെന്നിത്തല

52. ശ്രീ. പാലോട് രവി

LIBRARY ARCHIVES Kerala Legislative Assembly

53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി. സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. ബാബു എം. പാലിശ്ശേരി

5. ശ്രീ. എം. എ. ബേബി

6. ശ്രീ. എ. കെ. ബാലൻ

7. ശ്രീ. എം. ചന്ദ്രൻ

8. ശ്രീ. ഇ. ചന്ദ്രശേഖരൻ

9. ശ്രീ. വി. ചെന്താമരാക്ഷൻ

10. ശ്രീ. കെ. ദാസൻ

11. ശ്രീ. ബി. ഡി. ദേവസ്സി

12. ശ്രീമതി ഗീതാ ഗോപി

13. ശ്രീ. ചിറ്റയം ഗോപകുമാർ

14. ശ്രീ. പി. കെ. ഗുരുദാസൻ

15. ശ്രീ. എം. ഹംസ

16. ശ്രീമതി ജമീലാ പ്രകാശം

17. ശ്രീ. ജെയിംസ് മാത്യു

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. കെ. കെ. ജയചന്ദ്രൻ

20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. ഇ. പി. ജയരാജൻ

22. ശ്രീ. ജോസ് തെറ്റയിൽ

23. ശ്രീ. എളമരം കരീം

24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കോടിയേരി കോട് എൻ. കൃഷ്ണൻ നായർ

26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. പ്രൊഫ. സി. രവീന്ദ്രനാഥ്
42. ശ്രീ. സാജു പോൾ
43. ശ്രീമതി കെ. എസ്. സലീഖ
44. ശ്രീ. എസ്. ശർമ്മ
45. ശ്രീ. വി. ശശി
46. ശ്രീ. എ. കെ. ശശീന്ദ്രൻ
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽ കുമാർ
52. ഡോ. ടി. എം. തോമസ് ഐസക്
53. ശ്രീ. കെ. വി. വിജയദാസ്

LIBRARY ARCHIVES Kerala Legislative Assembly

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 53

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ മാസം 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.24-ന് പിരിഞ്ഞു.)

---

LIBRARY ARCHIVES Kerala Legislative Assembly